

## മാർ അപ്രേം
# പ്രസംഗങ്ങൾ

‘ സഭാപിതാക്കന്മാർ ഉജ്ജ്വലപ്രകാശം ലഭിച്ച ദൈവശാസ്ത്രജ്ഞന്മാരാണ്. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾ ഉയർത്തിപ്പിടിക്കാൻ അവർ സർവാത്മനാ ശ്രദ്ധിച്ചു. ജനങ്ങളോടു അവികലമായി ദൈവവചനം പ്രസംഗിക്കാനും അവരുടെ ക്രൈസ്തവ ജീവിതത്തിന് അവ ഉപയുക്തമാക്കാനും പരിശ്രമിച്ച അജപാലകരാണവർ. അപ്പസ്തോലിക പ്രസംഗത്തിന് നിശ്ചിത രൂപഭാവങ്ങൾ നൽകാൻ ശ്രമിച്ച ആദ്യവ്യക്തികളാണവർ. അജപാലകർ എന്ന നിലയിൽ സുവിശേഷസന്ദേശം ചുറ്റുപാടുമുള്ള മനുഷ്യർക്കു മനസ്സിലാകത്തക്ക രീതിയിൽ വിവരിച്ചു കൊടുക്കാൻ പിതാക്കന്മാർ തത്രപ്പെട്ടു. വേദപാഠം, ദൈവശാസ്ത്രം, വി. ഗ്രന്ഥം, ലിറ്റർജി, അജപാലനജോലികൾ എന്നിവയെല്ലാം ഒന്നിച്ചു പോകുന്നവയായിരുന്നു; വെറും ബൗദ്ധികതലത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അവരുടെ പ്രവർത്തനം; പിന്നെയോ, സമ്പൂർണ വ്യക്തിയെ ഉന്നംവച്ചുകൊണ്ടുള്ളതായിരുന്നു.’

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ

OIRSI
PUBLICATIONS
Vadavathoor
P.B. No. 10,
Kottayam

മാർ അപ്രേം - പ്രസംഗങ്ങൾ (വാല്യം-2)

ജി. ചേടിയത്ത്

OIRSI
336

ജി. ചേടിയത്ത്

# മാർ അപ്രേം പ്രസംഗങ്ങൾ
## (വാല്യം-2)

കോട്ടയം
2011

ജി. ചേടിയത്ത്

മാർ അപ്രേം

# പ്രസംഗങ്ങൾ

(വാല്യം-2)

OIRSI
No. 336

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2011

**G.CHEDIATH, MAR APREM, Prasangangal (Vol.II)** *(E.Beck, Sermones-II,III,IV)*

A Publication of the Oriental Institute of Religious Studies, P. B. No.10. Vadavathoor, Kottayam, 686010. Kerala. India.

© G.Chediath, 2011

Printed at : Bethany Press, Kalathipady, Kottayam - 686010
Ph. 0481 - 2571355

Price : 100/-

ISBN : 978-81-88456-61-1



# ഉള്ളടക്കം

ആമുഖം 4

മാർ അപ്രേം 8

**പ്രസംഗങ്ങൾ**

**I. E.Beck, Sermones: വാല്യം-2 9**

1. നിനിവെ, യോനാ 9
2. അനുതാപം 51
   - അനുബന്ധം -1 64
   - അനുബന്ധം -2 65
3. ഓശാനപ്പെരുന്നാൾ 65
4. പാപിനിയുടെ അനുതാപം 85
   - അനുബന്ധം -1 93, 95
   - അനുബന്ധം -2 94, 96

**II. E.Beck, Sermones: വാല്യം-3 97**

1. ദൈവഭയം, അന്ത്യം 97
2. മന്ത്രവാദം, ക്ഷുദ്രപ്രയോഗം 112
3. അന്ത്യം, ന്യായവിധി, പരേതർ 127
4. കർത്താവിന്റെ രണ്ടാംവരവ്, ന്യായവിധി 134
   - അനുബന്ധം -1 151
   - അനുബന്ധം -2 154
   - അനുബന്ധം -3 156
   - അനുബന്ധം -4 156
   - അനുബന്ധം -5 157
   - അനുബന്ധം -6 158
5. അന്ത്യകാല സംഭവങ്ങൾ 158

**III. E.Beck, Sermones: വാല്യം-4 169**

1. ഏകാന്തവാസികൾ 169
2. താപസ്സർക്കുള്ള ഉപദേശം 185
3. ഏകാന്തവാസികൾക്കുള്ള കത്ത് 197
4. മാർ അപ്രേമിന്റെ മരണപത്രിക 213

**IV. ദൈവജനനിയെപ്പറ്റി രണ്ടു പ്രസംഗങ്ങൾ 232**

പ്രസംഗം - 1 232
- അനുബന്ധം 248

പ്രസംഗം - 2 250

Bibliography 254

മാർ അപ്രേമിന്റെ മലയാളത്തിലുള്ള കൃതികൾ 255

# ആമുഖം

മാർ അപ്രേമിന്റെ “പ്രസംഗങ്ങൾ” എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന രണ്ടാമത്തെ വാല്യമാണിത്. എഡ്മണ്ഡ് ബെക്കിന്റെ “സെർമോണെസ്” രണ്ട്, മൂന്ന്, നാല് വാല്യങ്ങളുടെ വിവർത്തനമാണിത്. ഇതിൽ 11 പ്രസംഗങ്ങളും ഒരു കത്തും ഒരു മരണപത്രികയുമുണ്ട്. വാല്യം 2-ൽ നാലും, വാല്യം 3-ൽ അഞ്ചും, വാല്യം 4-ൽ രണ്ടും പ്രസംഗങ്ങളുണ്ട്. “പ്രസംഗങ്ങൾ-1” പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണവിഭാഗത്തിലൂടെ 2010-ൽ തന്നെ പ്രസിദ്ധീകരിച്ചു (OIRSI-326). പൊതുവെ പറഞ്ഞാൽ, “സെർമോണെസ്” എന്ന വിഭാഗത്തിൽ പെടുന്ന ഈ രേഖകളുടെ കർതൃത്വത്തെപ്പറ്റി സംശയിക്കുന്ന പണ്ഡിതന്മാരുണ്ട്. അതായത്, ഈ പ്രസംഗങ്ങൾ ഇന്നത്തെ രീതിയിൽ പിൽക്കാലത്ത് ആരൊക്കെയോ തയാറാക്കിയതാണ്. ഇവയിലെ പല ആശയങ്ങളും മാർ അപ്രേമിൽ നിന്ന് എടുത്തിട്ടുള്ളവയായിരിക്കാം. ഇവ ക്രോഡീകരിച്ചവർക്ക് മാർ അപ്രേമിന്റെ കൃതികൾ സുജ്ഞാതമായിരുന്നു. ഇവയുടെ ഉള്ളടക്കം പൂർണമായി അപ്രേമിൽ നിന്നല്ലെന്നു സാരം. പദ്യരൂപത്തിലാണ് ഈ പ്രസംഗങ്ങൾ. അതുപോലെ ദൈവജനനിയെപ്പറ്റി രണ്ടു പ്രസംഗങ്ങൾ കൂടി ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയും മാർ അപ്രേമിന്റേതല്ല എന്നു കരുതപ്പെടുന്നു.

1. യോനായെപ്പറ്റിയും നിനിവെക്കാരുടെ അനുതാപത്തെപ്പറ്റിയും: യോനായുടെ പുസ്തകത്തെ ആധാരമാക്കിയുള്ള ഒരു നീണ്ട പ്രസംഗമാണിത്. യോനായിലെ കഥാതന്തു ഭാവനാസമ്പന്നമായി വിപുലീകരിച്ചിരിക്കുന്നു. മാർ അപ്രേമിന്റെ മറ്റു കൃതികളിലെ ഭാഗങ്ങളുമായി ഇതിലെ പല ഭാഗങ്ങൾക്കും സാമ്യമുണ്ട്.

2. അനുതാപത്തിനുള്ള ആഹ്വാനം: പാപത്തെ ഭയക്കാനും അനുതപിക്കാനുമുള്ള ശക്തമായ ആഹ്വാനമാണ് ഈ പ്രസംഗം. അപ്പൊക്കലിപ്റ്റിക് സാഹിത്യശൈലിയാണിതിന്. അത്തരം സാഹിത്യത്തിൽ കാണുന്ന മരണാനന്തര ഭീകരതയെ കുറിച്ചുള്ള വിവരണത്തെ വെല്ലുന്ന വിധമാണ് ഇതിലെ വിവരണം. ഉത്ഥാനാനന്തരം പാപികൾക്കുള്ള ദയനീയാവസ്ഥ വളരെ നാടകീയമായി അവതരിപ്പിച്ചിരിക്കുന്നു. പത്രോസിന്റെ വെളിപാട്, പൗലോസിന്റെ വെളിപാട് എന്നീ അപ്പോക്രിഫൽ സാഹിത്യങ്ങളിൽ കാണുന്ന നരകാഗ്നിവിവരണത്തെക്കാൾ ശക്തമായ അവതരണമാണ് ഇതിലുള്ളത്. ഇത്തരം വിവരണങ്ങളുടെ ലക്ഷ്യം അനുതാപം ജനിപ്പിക്കുക എന്നതാണ്. അതായത് പ്രബോധക പ്രധാനമാണവ. ഒരുപക്ഷേ പുരാതന അപ്പോകലിപ്റ്റിക് സാഹിത്യവുമായി പരിചയമുള്ള എഴുത്തുകാരൻ ആയിരിക്കാം ഇതിന്റെ കർത്താവ്. ദരിദ്രരോടും വിധവകളോടും അനാഥരോടും കരുണ കാണിക്കാതെ സ്വാർഥരായി ജീവിക്കുന്ന ധനവാന്മാരെയും പൊങ്ങച്ചം കാട്ടുന്ന സ്ത്രീകളുടെ ആഡംബരഭ്രമത്തെയും നിശ്ശിതമായി കുറ്റപ്പെടുത്തുന്നു.

3. ഓശാനപ്പെരുന്നാളിനെപ്പറ്റി: ഓശാനപ്പെരുന്നാളിനു വേണ്ടി തയാറാക്കിയ ഒരു പ്രസംഗമാണിത്. ഇത് ഈ രൂപത്തിൽ മാർ അപ്രേമിൽ നിന്നാണെന്നു പറയാൻ പണ്ഡിതന്മാർ മടിക്കുന്നു. ഇതിന്റെ മൂലരൂപം ഒരുപക്ഷേ പുരാതനമാകാം. എന്നാൽ കാലാകാലങ്ങളിൽ ഈ പ്രസംഗം മോടിപിടിപ്പിച്ച് വിപുലപ്പെടുത്തിയിട്ടുണ്ട്.

4. പാപിനിയുടെ അനുതാപം: തിരുലിഖിതത്തിലെ ഒരു സംഭവത്തെ ആധാരമാക്കി തയാറാക്കിയതാണിത്. നമ്മുടെ കർത്താവ് ഫരിസേയനായ ശീമോന്റെ വീട്ടിൽ ഭക്ഷണത്തിന് എത്തിയപ്പോൾ ഒരു പാപിനി കർത്താവിന്റെ പക്കലെത്തുകയും കണ്ണീരിൽ അവിടുത്തെ പാദം കഴുകി തലമുടികൊണ്ട് തുടച്ച് തൈലം പൂശുകയും ചെയ്ത സംഭവത്തിലെ ചില കാര്യങ്ങൾ വിപുലപ്പെടുത്തിയിരിക്കുന്നു. ഇതിൽ പാപിനിയും സാത്താനും തമ്മിലും പാപിനിയും കച്ചവടക്കാരനും തമ്മിലും പാപിനിയും ശീമോനും തമ്മിലുമുള്ള സംഭാഷണങ്ങൾ കാണാം. ഇതിന്റെ സാരസത്ത അപ്രേമിൽ നിന്നാകാം. ഇപ്പോഴുള്ള രൂപം പിൽക്കാല വർണനയാകാം.

ഈ നാല് പ്രസംഗങ്ങൾ എഡ്മണ്ഡ് ബെക്ക് വാല്യം-2 ആയിട്ടാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ബെക്കിന്റെ വാല്യം-3 ൽ അഞ്ച് പ്രസംഗങ്ങളുണ്ട്. അവയെപ്പറ്റിയുള്ള വിവരണം താഴെ കൊടുക്കുന്നു. ഈ അഞ്ചു പ്രസംഗങ്ങളും മൊത്തത്തിൽ അന്ത്യവിധിയെപ്പറ്റിയാണ്.

5. ദൈവഭയത്തെപ്പറ്റിയും അന്ത്യവിധിയെപ്പറ്റിയും: ദൈവഭയമുള്ളവന് സൃഷ്ടികളെ ഭയക്കേണ്ടിവരില്ല. പാപത്തെ ഭയക്കാത്തവൻ അന്ത്യവിധിയിൽ ഭീകരന്യായവിധിയെ അഭിമുഖീകരിക്കേണ്ടിവരും. ഈ കൃതി അപ്രേമിന്റേതല്ല, ഒരു പിൽക്കാല സൃഷ്ടിയാണ്.

6. മന്ത്രവാദം, ക്ഷുദ്രപ്രയോഗം ആദിയായവയിൽ മുഴുകിയ മനുഷ്യരെപ്പറ്റി: ജനങ്ങളും വൈദികരും ഒരുപോലെ വഴിതെറ്റിയവരായി. അന്ത്യത്തെപ്പറ്റി ആരും ചിന്തിക്കുന്നില്ല എന്നു തുടങ്ങിയ ചർച്ചകളാണിതിലുള്ളത്. ഇതിന്റെയും കർത്താവ് മാർ അപ്രേമല്ല. എന്നാൽ ഇത് തയാറാക്കിയ പിൽക്കാല കർത്താവിന് അപ്രേമിന്റെ കൃതികളുമായി പരിചയമുള്ളതായി തോന്നുന്നു.

7. അന്ത്യം, ന്യായവിധി, പരേതർ എന്നിവയെപ്പറ്റി: മാർ അപ്രേം

സംസാരിക്കുന്നതായി ഏകവചനത്തിൽ തുടങ്ങുന്നു. എന്നാൽ ഇതൊരു സാഹിത്യരൂപം മാത്രം.

8. കർത്താവിന്റെ രണ്ടാംവരവും ന്യായവിധിയും: ഇതിൽ മാർ അപ്രേമിന്റെ പല ആശയങ്ങളും ദൃശ്യമാണെങ്കിലും, ഇന്നത്തെ രൂപം അപ്രേമിൽ നിന്നല്ല. കർത്താവ് ന്യായവിധിക്കണയുമ്പോൾ പാപികൾക്ക് ദുരിതം. അതുകൊണ്ട് ഇപ്പോൾ തന്നെ അനുതപിക്കാനും പാപത്തിൽ നിന്ന് അകലാനും കർതൃ കാരുണ്യം പ്രാപിക്കാനും ആഹ്വാനം ചെയ്യുന്നു. വിവിധ ദൃഷ്ടാന്തങ്ങളിലൂടെ ഇത് വ്യക്തമാക്കുന്നു. സ്ത്രീകളുടെ വസ്ത്രാലങ്കാരപ്പകിട്ടും ആഭരണഭ്രമവും പ്രത്യേകം എടുത്തുകാട്ടുന്നു. അതുകൊണ്ട് സത്കർമങ്ങൾ ചെയ്യാൻ രേഖ ക്രിസ്ത്യാനികളെ ക്ഷണിക്കുന്നു. കർത്താവിന്റെ രണ്ടാം വരവിൽ നീതിമാന്മാർക്കുള്ള സൗഭാഗ്യവും വിവരിക്കുന്നു. സാത്താനോട് പോരാടിയ നീതിമാന്മാരെപ്പോലെ പോരാട്ടം നടത്തി വിജയിക്കാൻ രേഖ ഉപദേശിക്കുന്നു.

9. അന്ത്യകാലസംഭവങ്ങൾ: അപ്പോക്കലിപ്റ്റിക് സാഹിത്യ രീതിയിലാണ് ഇതെഴുതിയിരിക്കുന്നത്. എഴുതിയ ആൾ മാർ അപ്രേമിൽ ആരോപിച്ചിരിക്കുന്നു. ഏഴാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നടന്ന സംഭവങ്ങളാണ് ആദ്യപ്രതിപാദ്യ വിഷയം. അതായത്, പേർഷ്യാക്കാർ റോമൻ പ്രദേശങ്ങൾ കടന്നാക്രമിച്ചതും പിന്നീട് ഹെറാക്ലിയസ് ചക്രവർത്തിയുടെ നേതൃത്വത്തിൽ പേർഷ്യാക്കാരെ റോമാക്കാർ പരാജയപ്പെടുത്തിയതും. തുടർന്ന് ഏഴാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ നടന്ന സംഭവങ്ങൾ വിവരിക്കുന്നു: അറബി മുസ്ലീങ്ങളുടെ കടന്നാക്രമണവും അവരുടെ നികുതിപിരിവും മേൽക്കോയ്മയും. പിന്നീട് ഹൂണരുടെ ആക്രമണം ചർച്ച ചെയ്യുന്നു. അവയെല്ലാം അന്ത്യകാല സംഭവങ്ങളായി അവതരിപ്പിക്കുന്നു.

ബെക്കിന്റെ നാലാം വാല്യത്തിൽ രണ്ടു പ്രസംഗങ്ങളുണ്ട്:

10. ഏകാന്തവാസികളെ കുറിച്ച്: ഈ പ്രസംഗം മാർ അപ്രേമിന്റേതല്ല. ഇതൊരു പിൽക്കാല രചനയാണ്. ഏകാന്തജീവിതക്കാരായ താപസ്സരെ കുറിച്ചാണിത്. അവർക്കുള്ള ഉപദേശമാണ് ഉള്ളടക്കം. ക്രൂശിതനെ അനുഗമിക്കലാണ് മരുഭൂമിയിലെ ഏകാന്തജീവിതം. അവിടെ താപസ്സർക്ക് ദൈവികസഹായം ലഭിക്കുന്നു. ലോകത്തിലേക്ക് തിരികെ പോകാനുള്ള പ്രലോഭനത്തിനെതിരെ ജാഗരൂകരായിരിക്കാൻ ഉപദേശിക്കുന്നു. സന്ന്യാസിയുടെ ഏറ്റവും വലിയ സമ്പത്ത് സംശുദ്ധതയാണ്. അത് നശിപ്പിക്കാൻ സാത്താൻ എല്ലാ വലകളും വിരിക്കും. അതുകൊണ്ട് ഏകാന്തവാസികൾ സദാ ജാഗരൂകരായിരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

11. ഏകാന്തവാസികളെക്കുറിച്ച് : മാർ അപ്രേമിന്റെ കൃതികൾ പരിചയമുള്ള ഏതോ പിൽക്കാല എഴുത്തുകാരൻ രചിച്ച് അപ്രേമിൽ ആരോപിച്ചിരിക്കുന്നു. താപസ്സരായ സന്ന്യാസികൾക്കുള്ള ഉപദേശമാണുള്ളടക്കം.

തുടർന്നുള്ള രണ്ടു രേഖകൾ വ്യത്യസ്ത സാഹിത്യരൂപത്തിൽപെടുന്നവയാണ്. ഒന്നൊരു കത്തും മറ്റതൊരു മരണപത്രികയും.

12. ഏകാന്തവാസികൾക്കുള്ള കത്ത്: കത്തിന്റെ രൂപത്തിലുള്ള ഈ രേഖയും മാർ അപ്രേമിൽ നിന്നല്ല. ഏകാന്തവാസികളെ ശക്തിപ്പെടുത്താൻ വിവിധ തിരുലിഖിത ദൃഷ്ടാന്തങ്ങൾ അവതരിപ്പിച്ച് വിശദീകരിക്കുന്നു. ലോത്തിന്റെ ഭാര്യയുടെ ദൃഷ്ടാന്തം, ജോബിൽ നിന്നുള്ള ഭാഗങ്ങൾ, ദാവീദിന്റെ പരാമർശങ്ങൾ തുടങ്ങി പലപല വിശദീകരണങ്ങളിലൂടെയും ദൃഷ്ടാന്തങ്ങളിലൂടെയും ഏകാന്തവാസികളെ ബലപ്പെടുത്താൻ ശ്രമിക്കുന്നു.

13. മാർ അപ്രേമിന്റെ മരണപത്രിക: ഈ രേഖയും മാർ അപ്രേമിൽ നിന്നല്ലെന്നാണ് പലരും കരുതുന്നത്. ഈ രേഖയെ ആധാരമാക്കി പല പഠനങ്ങളും നടന്നിട്ടുണ്ട്.

14. ദൈവജനനിയെപ്പറ്റിയുള്ള രണ്ടു പ്രസംഗങ്ങൾ യാക്കോബിന്റെ പ്രാരംഭ സുവിശേഷം എന്ന അപ്പൊക്രീഫൽ ഗ്രന്ഥത്തിന്റെ ചുവടുപിടിച്ച് എഴുതിയിട്ടുള്ളതാണ്.

ദൈവകൃപയാൽ ഇതിനോടകം മാർ അപ്രേമിന്റെ പതിനഞ്ച് കൃതികൾ പതിനൊന്നു വാല്യങ്ങളിലായി ഞാൻ പ്രസിദ്ധീകരിച്ചു. ഇത് പന്ത്രണ്ടാം വാല്യമാണ്. ഈ വാല്യത്തിൽ പതിനഞ്ച് രേഖകളുണ്ട്. എന്നാൽ ഈ സമാഹാരത്തിലെ രേഖകൾ മാർ അപ്രേമിന്റെ തൂലികയിൽ നിന്നു വന്നവയല്ലെന്നു കരുതപ്പെടുന്നു. എന്നാൽ അപ്രേമിന്റേതായിട്ടാണ് ഇവ അറിയപ്പെടുന്നത്.

"ഉറവിടങ്ങളിലേക്ക് മടങ്ങുക" എന്ന ആഹ്വാനമാണല്ലോ രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകിയിരിക്കുന്നത്. സുറിയാനി സഭകളെ സംബന്ധിച്ച് മാർ അപ്രേമിന്റെ കൃതികൾ ദൈവശാസ്ത്രത്തിന്റെ നല്ലൊരുറവിടമാണ്.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ച എല്ലാവരെയും നന്ദിപൂർവം ഓർക്കുന്നു. ഇത് പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയ പ്രസിദ്ധീകരണം ഡയറക്ടർ ബ. മേക്കാട്ടുകുന്നേൽ അച്ചനും സഹപ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ ലേഔട്ട് ഭംഗിയായി നിർവഹിച്ച ഷാനിക്കും ബഥനിപ്രസിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. സന്തോഷസമേതം ഇത് സഹൃദയ സമക്ഷം സമർപ്പിക്കുന്നു.

ജി.ചേടിയത്ത്

കാതലിക് ബിഷപ്പ്സ് ഹൗസ്,
സെന്റ് പീറ്റേഴ്സ് ജംഗ്ഷൻ,
പത്തനംതിട്ട. 689645.
ജനുവരി 9, 2011.

# മാർ അപ്രേം (306-373)

മാർ അപ്രേം മെസൊപ്പൊട്ടേമിയായിലെ നിസിബിസ് പട്ടണത്തിലോ, അതിനടുത്തോ ആണ് ജനിച്ചത്. ബാല്യം മുതൽ അദ്ദേഹത്തിന്റെ വിശ്വാസപരിശീലനം നിസിബിസിലെ മാർ യാക്കോബിന്റെ (303-338) കീഴിലായിരുന്നു. അദ്ദേഹം അപ്രേമിനെ ഡീക്കനാക്കി, നിസിബിസിലെ മതപഠനശാലയിൽ 326-നോടടുത്ത് പ്രധാനാധ്യാപകനായി നിയമിച്ചു. ബൈബിൾ വ്യാഖ്യാനമായിരുന്നു മുഖ്യജോലി. മാർ യാക്കോബിന്റെ പിൻഗാമികളായ മാർ ബാബോവായ് (338-350), മാർ വൊളൊഗേസ് (350-361), മാർ അബ്രഹാം (361-?) എന്നീ മെത്രാന്മാരുടെ കീഴിലാണ് മാർ അപ്രേം പ്രവർത്തിച്ചത്. പേർഷ്യൻ രാജാവായ ഷപ്പൂർ രണ്ടാമൻ (309-379) 338,346,350 എന്നീ വർഷങ്ങളിൽ നിസിബിസ് ആക്രമിച്ചു. പേർഷ്യൻ സൈന്യം മൂന്നു തവണയും പരാജയപ്പെട്ട് പിന്മാറി. എന്നാൽ 363-ലെ റോമൻ പരാജയത്തിനുശേഷം റോമാക്കാർ പേർഷ്യാക്കാർക്ക് നിസിബിസ് വിട്ടുകൊടുത്തു. മാർ അപ്രേം ഉൾപ്പെടെയുള്ള ക്രിസ്ത്യാനികളെല്ലാം തദവസരം എഡേസ്സായിലേക്ക് കുടിയേറി. ക്രി.വ. 371/2-ൽ പട്ടിണിയും പകർച്ചവ്യാധിയും പിടിപെട്ട് എഡേസ്സയിൽ അനേകർ മരിച്ചു. അപ്പോൾ സേവനസന്നദ്ധനായി മാർ അപ്രേം മുന്നോട്ടിറങ്ങി. കഷ്ടപ്പാടുകൾ നിറഞ്ഞ ഈ സാമുഹ്യസേവനം അദ്ദേഹത്തിന്റെ ആരോഗ്യം തകർത്തു. 373 ജൂൺ 9-ന് അദ്ദേഹം മരിച്ചു.

സുറിയാനി സഭയിലെ ഏറ്റവും വലിയ സഭാപിതാവ്, സുപ്രസിദ്ധ പട്രിസ്റ്റിക് കവി, ആരാധനക്രമത്തോട് വിശ്വസ്തത കാട്ടിയ വ്യക്തി, എല്ലാവർക്കും കാരുണ്യം വർഷിച്ച ഡീക്കൻ എന്നീ നിലകളിൽ മാർ അപ്രേം പ്രശസ്തനാണ്. കത്തോലിക്കാസഭ 1920-ൽ അദ്ദേഹത്തെ സാർവത്രിക സഭാമൽപ്പാൻ എന്നു വിളിച്ചു. 'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന മാർ അപ്രേം നിരവധി വിഷയങ്ങളെപ്പറ്റി വളരെയധികം എഴുതി. തനിഗദ്യം (തുർഗാമാ), ഗദ്യപദ്യമിശ്രിതം (മെമ്രാ), പദ്യം (മദ്റാശാ) എന്നീ ഭാഷാരൂപങ്ങൾ അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ മിക്ക കൃതികളും പദ്യരൂപത്തിലാണ്. ഇവിടെ വിവർത്തനം ചെയ്തിരിക്കുന്ന പ്രസംഗങ്ങൾ രണ്ടാമത്തെ ഗണത്തിൽ പെടുന്നവയാണ്. മാർ അപ്രേമിനെപ്പറ്റി കുടുതലറിയാൻ: ജി. ചേടിയത്ത്, *സുറിയാനിസഭാസാഹിത്യം,* തിരുവനന്തപുരം, 2008, പേജ്, 8-32 കാണുക.

# മാർ അപ്രേം - പ്രസംഗങ്ങൾ

**(മെമ്രാകൾ)**

## വാല്യം-2

## 1

### നിനിവെയെയും യോനായെയും കുറിച്ച് ഭാഗ്യവാനായ മാർ അപ്രേമിന്റെ ഒന്നാമത്തെ പ്രസംഗം

**യോനാ, കടൽ, നിനിവെ**

1. ഇതാ, നിനിവെയിൽ അഗ്രചർമികളുടെ ഇടയിൽ യോനാ പ്രസംഗിച്ചു. സുശക്തമായ നഗരത്തിലേക്ക് അയാൾ കടന്ന് ഭീതിജനകമായ വാക്കുകൾ കൊണ്ട് സംഭ്രമിപ്പിച്ചു.

5. എബ്രായന്റെ പ്രസംഗം വഴി വിജാതിയ ജനതയുടെ നഗരം ദുഃഖത്തിലാണ്ടു. കടലിൽ നിന്ന് ഉയർന്നുവന്ന യോനാ നിമിത്തം കടലിനെപ്പോലെ നഗരം ഇളകിമറിഞ്ഞു.

9. കടലിലെ തിരമാലകൾപോലെ അവിടേക്ക് പ്രളയം ഉയർന്നു. യോനാ കടലിലേക്കിറങ്ങി, അത് ഇളകിമറിഞ്ഞു. അവൻ കരയ്ക്കു കയറി, അതിനെ പരിഭ്രമത്തിലാഴ്ത്തി.

13. അവൻ യാത്ര ചെയ്തപ്പോൾ കടൽ ഗർജിച്ചു. അവൻ പ്രസംഗിച്ചപ്പോൾ കര പ്രകമ്പനം കൊണ്ടു. പ്രാർഥനവഴി കടലും അനുതാപം വഴി കരയും ശാന്തമായി.

17. അവൻ തിമിംഗലത്തിന്റെ ഉള്ളിൽ വച്ചും നിനിവേക്കാർ തങ്ങളുടെ മഹാനഗരത്തിലും പ്രാർഥിച്ചു. പ്രാർഥന യോനായെയും നിലവിളി നിനിവെക്കാരെയും രക്ഷിച്ചു.

21. യോനാ ദൈവത്തിൽ നിന്നും നിനിവെക്കാർ സംശുദ്ധതയിൽ നിന്നും ഓടിയകന്നു. നീതി ഇരുകൂട്ടരെയും കടക്കാരായി കരുതി.

25. രണ്ടുകൂട്ടരും അനുതാപകർമങ്ങൾ അനുഷ്ഠിച്ചു. രണ്ടുകൂട്ടരും രക്ഷിക്കപ്പെട്ടു. യോനായെ കടലിലും നിനിവെക്കാരെ കരയിലും അനുതാപം സംരക്ഷിച്ചു.

29. അനുതാപികൾ രക്ഷിക്കപ്പെടുന്നത് ഉചിതമാണെന്ന് യോനാ മനസ്സിലാക്കി. എന്തുകൊണ്ടെന്നാൽ ദൈവികകൃപ അവനെത്തന്നെ പാപികൾക്ക് ഒരു മാതൃകയാക്കി അവനു നൽകി.

33. അവൻ കടലിൽ നിന്ന് വലിച്ചെടുക്കപ്പെട്ടതുപോലെ, താണു കിടന്ന നഗരത്തെ യോനാ വലിച്ചെടുക്കണമായിരുന്നു. കടലിൽ നിന്നു വന്ന യോനാ നിമിത്തം നിനിവെ എന്ന തടാകം ഇളകിമറിഞ്ഞു.

**നിനിവെയിൽ യോനായുടെ സന്ദേശത്തിന്റെ പ്രതികരണം**

37. നീതിമാനായ യോനാ തന്റെ വായ് തുറന്നു, നിനിവെ അതു കേട്ട് അനുതപിച്ചു. ഒരു എബ്രായപ്രസംഗകൻ നഗരത്തെ മുഴുവൻ ഇളക്കിമറിച്ചു.

41. അവൻ വായ് മലർക്കെ തുറന്ന് മഹാദുരിതം എന്നുച്ചരിക്കുകയും ശ്രോതാക്കൾക്ക് മരണവിധി പകരുകയും ചെയ്തു. മല്ലന്മാരുടെ നഗരത്തിലേക്ക് ബലഹീനനായ പ്രസംഗകൻ കടന്നുചെന്നു.

45. അവന്റെ സ്വരം രാജാക്കന്മാരുടെ ഹൃദയം കീറിമുറിച്ചു. അവരുടെ നഗരം അവരുടെമേൽ നിപതിക്കുമെന്ന് അവൻ വിളിച്ചുപറഞ്ഞു. നിരാശ നിറഞ്ഞ ഒരൊറ്റ വചനത്താൽ ക്രോധവിധിയുടെ പാനപാത്രം അവൻ അവർക്കു കുടിക്കാൻ കൊടുത്തു.

49. രാജാക്കന്മാർ അവനെ ശ്രവിച്ച് വിനീതരായി; അവർ തങ്ങളുടെ കിരീടങ്ങൾ മാറ്റിവച്ച് തങ്ങളെത്തന്നെ താഴ്ത്തി. പ്രഭുക്കന്മാർ അവനെ ശ്രവിച്ച് പരിഭ്രാന്തരായി. ആഡംബര വസ്ത്രങ്ങൾക്കു പകരം അവർ അനുതാപവസ്ത്രം ധരിച്ചു.

53. ബഹുമാന്യ വൃദ്ധജനങ്ങൾ അവനെ ശ്രവിച്ച് ചാരംകൊണ്ട് തങ്ങളുടെ തലകൾ മൂടി. ധനികർ അവനെ ശ്രവിച്ച് തങ്ങളുടെ നിക്ഷേപങ്ങൾ പാവപ്പെട്ടവർക്കായി തുറന്നുകൊടുത്തു.

57. കടം കൊടുത്തവർ അവനെ ശ്രവിച്ച് കടപ്പത്രത്തോടുകൂടെ ദാനധർമവും നടത്തി. കടം വാങ്ങിയവർ നീതിപൂർവം കടം വാങ്ങിയവ തിരികെ കൊടുക്കാൻ ശ്രദ്ധിച്ചു.



61. കടം വാങ്ങിയവർ തിരികെ കൊടുത്തു, കടം കൊടുത്തവർ കടത്തിൽ ഇളവു വരുത്തി. എന്തുകൊണ്ടെന്നാൽ എല്ലാവരും തങ്ങളുടെ ലാഭം കൊണ്ട് നീതിപൂർവം പ്രവർത്തിക്കാൻ തൽപ്പരരായിരുന്നു.

65. കബളിപ്പിക്കാൻ തന്ത്രപൂർവം ഉദ്യമിച്ച ആരും അവിടെ ഉണ്ടായിരുന്നില്ല. എങ്ങനെ തന്റെ സ്വന്തം ആത്മാവിനെ നേടാനാകുമെന്ന് ചിന്തിച്ച് എല്ലാവരും നീതിപൂർവമുള്ള പോരാട്ടത്തിൽ ഏർപ്പെട്ടു.

69. കള്ളന്മാരും യോനായെ ശ്രവിച്ചു. തങ്ങൾ അപഹരിച്ചവ അവർ ഉടമസ്ഥർക്കു തിരിച്ചു നൽകി. മോഷ്ടിക്കപ്പെട്ട വസ്തുക്കളുടെ ഉടമസ്ഥർ അവ അവഗണിക്കുകയും മോഷ്ടാക്കളോട് ക്ഷമിക്കുകയും ചെയ്തു.

73. ഓരോരുത്തരും താന്താങ്ങളെത്തന്നെ വിധിക്കുകയും തങ്ങളുടെ സഖികളെ പരിഗണിക്കുകയും ചെയ്തു. എല്ലാവരും തങ്ങളെത്തന്നെ വിധിച്ചതിനാൽ ആരും അയൽക്കാരെ വിധിച്ചില്ല.

77. ക്രോധവിധി എല്ലാവരെയും ശിക്ഷ വിധിച്ചതിനാൽ, എല്ലാവരും തങ്ങളെത്തന്നെ ശിക്ഷ വിധിച്ചു. അവനെ കൊലപാതകികൾ ശ്രവിച്ച് കുറ്റം ഏറ്റുപറഞ്ഞു. എന്തുകൊണ്ടെന്നാൽ ന്യായാധിപന്റെ മുമ്പിലുള്ള ഭയത്തെ അവർ നിന്ദിച്ചു.

81. ന്യായാധിപന്മാർ അതുകേട്ട് ശിക്ഷിക്കാതെ വിട്ടുകളഞ്ഞു.ക്രോധവിധി അവരെ നിശ്ശബ്ദരാക്കി. തങ്ങൾ നീതിപൂർവം വിധിക്കപ്പെടാതിരിക്കാൻ, ഒരിക്കൽ കൂടിപ്പോലും നീതിപൂർവം വിധിക്കാൻ അവർ ആഗ്രഹിച്ചില്ല.

85. രക്ഷ കൊയ്തെടുക്കാൻ എല്ലാവരും കാരുണ്യം വിതച്ചു. പാപികൾ യോനായെ ശ്രവിക്കുകയും പാപങ്ങൾ ഏറ്റുപറയുകയും ചെയ്തു.

89. മ്ലേച്ഛനഗരം അവനെ ശ്രവിച്ച് മ്ലേച്ഛത നീക്കിക്കളഞ്ഞു. കർത്താക്കന്മാർ അവനെ ശ്രവിച്ച് അടിമകൾക്ക് വിടുതൽ പ്രഖ്യാപിച്ചു.

93. അടിമകൾ നീതിപൂർവം അവനെ ശ്രവിച്ച് തങ്ങളുടെ കർത്താക്കന്മാരോട് കൂടുതൽ ബഹുമാനത്തോടെ പെരുമാറി. കുലീനവനിതകളുടെ ഗർവ് അനുതാപവസ്ത്രത്തിലൂടെ യോനായുടെ സ്വരം വിനീതമാക്കി.

**തന്റെ സ്വന്തം ജനത്തിന്റെ അനുതാപ മനോഭാവരാഹിത്യത്തെപ്പറ്റി പ്രസംഗകന്റെ വിലാപം**

97. ഇവിടെ സത്യമായും അനുതാപമുണ്ടായി. കാരണം, അഹന്തയുള്ള സ്ത്രീകൾ തന്നെയും താഴ്മ ധരിച്ചു. ഈ അനുതാപത്തിന്റെ മുമ്പിൽ നമ്മുടേത് വെറുമൊരു സ്വപ്നം മാത്രം!

101. ഇവരുടെ നിലവിളിയുടെ മുമ്പിൽ നമ്മുടേത് വെറുമൊരു നിഴൽ മാത്രം. ഇവരുടെ താഴ്മയുടെ മുമ്പിൽ നമ്മുടേത് താഴ്മയുടെ ഭാവം മാത്രം.

105. നമ്മുടെ ഈ ഉപവാസത്തിൽ കടങ്ങൾ ക്ഷമിക്കപ്പെട്ടത് കുറച്ചു മാത്രമേയുള്ളു. നിനിവെക്കാർ ദാനം ചെയ്തു. കുറഞ്ഞപക്ഷം കീഴമർത്തപ്പെട്ടവരെ അവരുടെ നിലവിളിയിൽ നിന്നു നാം വിടുവിക്കേണ്ടതായിരുന്നു.

109. നിനിവെക്കാർ അടിമകളെ സ്വതന്ത്രരാക്കി. സ്വതന്ത്രരേ, നിങ്ങൾ കാരുണ്യം കാട്ടുവിൻ.

**പ്രവാചകന്റെ ഭീഷണിയും അതിന്റെ സൗഖ്യദായക പ്രവർത്തനവും**

111. കടങ്ങൾ നിറഞ്ഞ ആ നഗരത്തിലേക്ക് യോനാ അയക്കപ്പെട്ടപ്പോൾ, നീതി അവനെ സുസജ്ജനാക്കി ഭയജന്യമായ വാക്കുകളോടെ അയച്ചു. അവൻ മുറിവുകൾ കീറിത്തുടച്ച് ശക്തിയേറിയ മരുന്നുകൾ പ്രയോഗിച്ചു.

117. മുറിവുകൾ നിറഞ്ഞ നഗരത്തിലേക്ക് ഭീതിജനക വൈദ്യനായി അവൻ അയക്കപ്പെട്ടു. അവൻ തന്റെ മരുന്നുകൾ അവരെ തുറന്നു കാണിച്ചു. അവ ഭീതിജനകവും രൂക്ഷവുമായിരുന്നു.

121. ഈ വ്യവസ്ഥയിലാണ് ദൈവികകൃപ അവനെ അയച്ചത്: അവൻ നഗരത്തെ നശിപ്പിക്കാൻ പാടില്ല. പിന്നെയോ, അതിനെ സുഖപ്പെടുത്തണം.

125. ഞെരുക്കം അനുഭവിക്കുന്നവർ സ്വന്തമായി ചുറ്റും സഹായം തേടട്ടെ എന്നു കാണിക്കാൻ, അനുതപിക്കണമെന്ന് നഗരവാസികളോട് പ്രസംഗകൻ പറഞ്ഞില്ല.

129. അവർ എത്രമാത്രം കതകിൽ മുട്ടണമെന്ന് വ്യക്തമാക്കാൻ, അവൻ അവരുടെ മുമ്പിൽ കവാടം അടച്ചു. യോനാ പ്രഖ്യാപിച്ച ശിക്ഷാവിധി റദ്ദുചെയ്യപ്പെടുന്നതിന് അവനോടൊപ്പം അവർ പരിശ്രമിച്ചു.

133. ദൈവത്തെ നിരപ്പാക്കാൻ അനുതാപം എത്രമാത്രം ആവശ്യമാണെന്നും തന്റെ തീക്ഷ്ണതയാൽ അനുതാപി കാരുണ്യം കണ്ടെത്തുന്നതിന് ദൈവത്തെ എത്രമാത്രം നിർബന്ധിക്കുന്നെന്നും അതിലൂടെ കാണിക്കാൻ അവൻ ആഗ്രഹിച്ചു.

137. പാപരോഗം നിർബന്ധത്താൽ ഉള്ളതല്ല. പിന്നെയോ, സ്വതന്ത്രേച്ഛയുടെ ഒരു സംഗതിയാണ്. വാൾ കൊണ്ടെന്നപോലെ ഭീകരസ്വരം ബാഹ്യമായി ഭയപ്പെടുത്തി. അതുവഴി ധിക്കാരി ഭീതിയിലൂടെ തന്റെ പാപങ്ങളിൽ നിന്ന് സുഖപ്പെടുന്നതിനായിരുന്നു അത്.

143. സുഖപ്പെടുത്താൻ വന്ന വൈദ്യൻ രോഗിയെ വാൾ കാണിച്ചു. നഗരം അവനെ കണ്ടു വിറച്ചു. കാരണം, ഒരു ആരാച്ചാരെപ്പോലെ അവൻ അവിടെ നിന്നു. ഭയന്ന് താഴെവീണ രോഗി അനുതാപിയായി വേഗത്തിൽ എഴുന്നേറ്റു.

149. യോനായുടെ സ്വരം വാൾ പോലെ ആയിരുന്നു. ചികിൽസ ഏൽക്കാത്ത മുറിവുകൾ അത് അറത്തുകീറി. അവൻ ഒരു വൈദ്യനായിരുന്നു. മറ്റു വൈദ്യന്മാരുടെ മരുന്നുകളേക്കാൾ മെച്ചമായി സുഖപ്പെടുത്തുന്നതായിരുന്നു അവന്റെ മരുന്ന്.



153. ഈ വൈദ്യൻ പ്രേരിപ്പിച്ച് സുഖപ്പെടുത്തി; യോനാ പ്രഘോഷിച്ച് സുഖപ്പെടുത്തി. അവൻ കടുത്ത ശാസ്സനകൊണ്ട് ബുദ്ധിപൂർവം കൈകാര്യം ചെയ്തു.

157. തന്റെ സന്ദർശനത്താൽ രോഗികളെ ഭയപ്പെടുത്തിയ വൈദ്യനായിരുന്നു അവൻ. ക്രോധദണ്ഡ് ദർശിക്കാനായി രോഗി തന്റെ കിടക്ക ഉപേക്ഷിച്ചു.

161. കാമാർത്തിയാൽ രോഗഗ്രസ്തരായവർ സൗഖ്യം പ്രാപിച്ചു. എല്ലാവരും തങ്ങളുടെ കാമാർത്തി നിയന്ത്രിച്ചു. ഓരോരുത്തരും താന്താങ്ങളുടെ വൈദ്യന്മാരായി.

165. രാജാവ് വിരുന്നും പ്രഭുക്കന്മാർ വിരുന്നു സൽക്കാരങ്ങളും നിർത്തിവച്ചു. ശിശുക്കൾ മുലപ്പാലിൽ നിന്ന് ഒഴിഞ്ഞു നിൽക്കുമ്പോൾ, ആരാണ് സ്വാദിഷ്ടഭോജനം കാംക്ഷിക്കുക!

169. മൃഗങ്ങൾക്ക് ആരും വെള്ളം കൊടുത്തില്ല. പിന്നെ ആരാണ് വീഞ്ഞു കുടിക്കുക! രാജാവ് അനുതാപവസ്ത്രം ധരിക്കുമ്പോൾ ആരാണ് ആഡംബരവസ്ത്രം ധരിക്കുക!

173. അശുദ്ധ വേശ്യകൾ ജിതേന്ദ്രിയരായി തീരുമ്പോൾ, ആരാണ് വൈവാഹികബന്ധത്തെപ്പറ്റി ചിന്തിക്കുക! ഉല്ലാസശീലർ തന്നെ സംഭീതരാകുമ്പോൾ, ആരാണ് കളിയും ചിരിയുമായി നടക്കുക!

177. സന്തുഷ്ടഭാവക്കാർ കരയുമ്പോൾ ആരെയാണ് ഫലിതം ചിരിപ്പിക്കുന്നത്! കള്ളന്മാർ ദാനധർമം നടത്തുമ്പോൾ, ആരാണ് തന്റെ അയൽക്കാരനെ കബളിപ്പിക്കുന്നത്!

181. നഗരം മുഴുവൻ വിറയ്ക്കുമ്പോൾ ആരാണ് അവിടെ തന്റെ ഭവനം കാക്കുക! സ്വർണം അവിടെ വഴിയിൽ എറിയപ്പെട്ടു കിടന്നു. എന്നാൽ ആരും മോഷ്ടിച്ചില്ല. നിക്ഷേപങ്ങൾ തുറന്നു കിടന്നു, എന്നാൽ ആരും കൊള്ളയടിച്ചില്ല.

185. പ്രണയബന്ധിതർ കണ്ണടക്കം പാലിക്കാത്ത ശീലത്തിൽ നിന്ന് തങ്ങളുടെ നയനങ്ങളകറ്റി. കാഴ്ചക്കാർ വീഴാതിരിക്കാൻ സ്ത്രീകൾ തങ്ങളുടെ സൗന്ദര്യം വിരൂപമാക്കി.

**ശിക്ഷയുടെയും അനുതാപത്തിന്റെയും പരസ്പരബന്ധം**

189. മറ്റുള്ളവർ വീഴുമ്പോൾ തങ്ങൾ രക്ഷപെടുകയില്ലെന്നും ഇത് എല്ലാവരുടെയും നാശമായിരിക്കുമെന്നും അവർക്ക് ബോധ്യമായി.

193. നഗരവാസികളുടെ അനുതാപത്തിന് സൗന്ദര്യവതികൾ തടസ്സമുണ്ടാക്കിയില്ല. അനുതാപികൾ തങ്ങൾക്കുവേണ്ടി കൂടിയാണ് ദുഃഖിക്കുന്നതെന്ന് അവർക്ക് ബോധ്യപ്പെട്ടു.

197. നിനിവെക്കാർ അനുതാപത്തിലൂടെ പരസ്പരം സുഖപ്പെടുത്തുകയും സുഖമാകുകയും ചെയ്തു. ആരും തന്റെ അയൽക്കാരെ വഴിപിഴപ്പിച്ചില്ല. കാരണം, എല്ലാവരും പാപത്തെ ആട്ടിയോടിച്ചു.

201. ഓരോരുത്തരും താന്താങ്ങളുടെ അയൽക്കാരനെ പ്രാർഥനയിലേക്കും അപേക്ഷയിലേക്കും നയിച്ചു. നഗരം മുഴുവൻ ഒരേയൊരു ശരീരത്തിലെ അനുതാപിയെപ്പോലെ ആയിത്തീർന്നു.

205. ആദ്യം പാപം ചെയ്യാതിരിക്കാൻ ഓരോരുത്തരും പൂർണമായി ശ്രദ്ധിച്ചു. തന്റെ അവയവത്തോടുകൂടി മാത്രമേ നീതീകരിക്കപ്പെടുകയുള്ളെന്ന് ഓരോരുത്തരും മറ്റുള്ളവരെ പഠിപ്പിച്ചു.

209. ആരും തന്റെ സ്വന്തം രക്ഷയ്ക്കുവേണ്ടി മാത്രം അവിടെ പ്രാർഥിച്ചില്ല. അവയവങ്ങളെപ്പോലെ അവർ ഏകയോഗമായി വർത്തിച്ചു. കാരണം, എല്ലാവരും പരസ്പരം പ്രാർഥിച്ചു.

213. ഏകശരീരമെന്നപോലെ നാശത്തെ സംബന്ധിച്ച് നഗരം മുഴുവനും വിളംബരം ചെയ്തു. അവരുടെ ഇടയിലെ നീതിമാന്മാരും പാപികളോടൊപ്പം മാത്രമേ രക്ഷിക്കപ്പെടാൻ കഴിഞ്ഞുള്ളു. എന്തുകൊണ്ടെന്നാൽ നല്ലവരും ദുഷ്ടരും അവയവങ്ങളെപ്പോലെ പരസ്പരം ബന്ധിതരായിരുന്നു. ഒന്നിച്ചുള്ള രക്ഷയ്ക്കുവേണ്ടി നീതിമാന്മാർ പാപികൾക്കുവേണ്ടി അപേക്ഷിച്ചു. പാപരഹിതരെ ശ്രവിക്കാനായി പാപികൾ അവർക്കുവേണ്ടി പ്രാർത്ഥിച്ചു. ഒന്നിച്ചുള്ള സൗഖ്യത്തിനായി അവരുടെ ഇടയിലെ നീതിമാന്മാർ നീതിരഹിതർക്കുവേണ്ടി പ്രാർഥിച്ചു. നീതിമാന്മാരുടെ പ്രാർഥന കേൾക്കപ്പെടാൻ നീതിരഹിതർ പ്രാർഥിച്ചു.

**കുട്ടികൾ, വൃദ്ധർ, യുവാക്കൾ, താപസ്സർ, അമ്മമാർ**

227. കുട്ടികളുടെ ഹൃദയസ്പർശിയായ നിലവിളി നഗരത്തെ മുഴുവൻ കരയിച്ചു. കുട്ടികളുടെ സ്വരമുയർന്നു. അത് ഹൃദയത്തെയും ആന്തരാവയവങ്ങളെയും ഇളക്കി. വൃദ്ധന്മാർ ചാരം കൊണ്ട് വിരൂപരായി. വൃദ്ധകൾ പാറിപ്പറക്കുന്ന മുടിയോടുകൂടെ നിലത്തുകിടന്നു. നരച്ച ബഹുമാന്യതലകൾ ദുഃഖത്തിലും വേദനയിലും ആണ്ടു. തങ്ങളുടെ വൃദ്ധമാതാപിതാക്കളെ കണ്ട് യുവാക്കൾ കൂടുതൽ ഉച്ചത്തിൽ നിലവിളിച്ചു. തങ്ങളുടെ വാർധക്യത്തിലെ വിശിഷ്ട താങ്ങായ യുവാക്കളെക്കുറിച്ച് വൃദ്ധർ കരഞ്ഞു. തങ്ങളും ഉടൻ തന്നെ സംസ്കരിക്കപ്പെടും എന്നതിനാൽ കല്ലറയിലേക്ക് വഹിക്കുന്നവരും വഹിക്കപ്പെടേണ്ടവരും നിലവിളിക്കാൻ ആഗ്രഹിച്ചു.



241. അവിവാഹിതരായ സ്ത്രീപുരുഷന്മാരുടെ സമൂഹതലവന്മാർ പ്രാർഥിച്ചുകൊണ്ട് തങ്ങളുടെ മുടി വലിച്ചുപറിച്ചു. ഒരമ്മ നടുവിലും അവളുടെ വത്സലർ അവളുടെ ചുറ്റിലും നിന്നു. മരണത്തിൽ നിന്ന് അവരെ രക്ഷിക്കാൻ ആഗ്രഹിച്ചുകൊണ്ട് അവൾ നിലവിളിച്ചും തന്റെ വസ്ത്രത്തിന്റെ അറ്റം കൂട്ടിപ്പിടിച്ചും നിന്നു. വിക്ഷോഭജനകമായ ഒച്ചയുടെ മുമ്പിൽ ശിശു അമ്മയുടെ മടിയിൽ അഭയം തേടി. ക്രോധവിധിയുടെ ഒച്ചകേട്ട്, മുല കുടിക്കുന്ന ശിശു വളർത്തമ്മയുടെ മടിയിൽ ഒളിച്ചു.

**നിശ്ചയിക്കപ്പെട്ട നാഴിക കഴിഞ്ഞു; കുട്ടികളുടെ ആകാംക്ഷാഭരിതമായ ചോദ്യം; അബ്രഹാമിന്റെയും ഇസഹാക്കിന്റെയും മാതൃകയിൽ മാതാപിതാക്കളുടെ മറുപടി**

251. പകലായി, രാത്രിയായി; യോനാ പറഞ്ഞ ദിനങ്ങൾ അവർ എണ്ണിക്കൊണ്ടിരുന്നു.

253. കടന്നുപോയതും ബാക്കിയുള്ളതുമായ ദിവസങ്ങൾ അവർ എണ്ണിക്കൊണ്ടിരുന്നു. ഒരുദിനം കഴിഞ്ഞു, ജീവിതത്തിൽ ഒരംശം കടന്നുപോയെന്ന് അവർ വിലപിച്ചു.

257. ദിവസം കുറഞ്ഞതോടൊപ്പം ആത്മാവും വാടിത്തളർന്നു. കുട്ടികൾ കരഞ്ഞുകൊണ്ട് തങ്ങളുടെ പിതാക്കന്മാരോട് ഇപ്രകാരം ചോദിച്ചു: പിതാക്കന്മാരേ, ആ എബ്രായൻ നമുക്കു നിശ്ചയിച്ച ദിവസങ്ങളിൽ ഇനിയും എത്രയെണ്ണം അവശേഷിക്കുന്നെന്ന് ഞങ്ങളോടു പറഞ്ഞാലും. അവന്റെ നിർദേശാനുസൃതം നാം ജീവനോടെ പാതാളത്തിലേക്ക് പോകേണ്ട നാഴിക എപ്പോഴാണ്? ഈ മനോഹരനഗരം തകർന്നടിയുന്ന ദിനം ഏതാണ്? നാം മേലിൽ കാണപ്പെടാതിരിക്കുന്ന അന്ത്യദിനം ഏതാണ്? നമുക്കെല്ലാം മരണത്തിന്റെ തലചുറ്റൽ ഉണ്ടാക്കുന്ന നാഴിക ഏതാണ്? നമ്മുടെ അസ്തമയത്തെപ്പറ്റിയുള്ള വാർത്ത ധര മുഴുവൻ പ്രചരിക്കുകയും നിരീക്ഷകർ കടന്നുപോകുകയും ജനങ്ങളുടെ മേൽ നിപതിച്ച നഗരം കാണുകയും ചെയ്യുന്ന ദിനമേതാണ്?

277. തങ്ങളുടെ മക്കളുടെ അധരങ്ങളിൽ നിന്ന് പിതാക്കന്മാർ ഈ വാക്കുകൾ കേട്ടപ്പോൾ, ചുടുകണ്ണുനീർ അവരുടെ മക്കളുടെമേൽ കുടുകുടാ ചൊരിയുകയും പറഞ്ഞവരുടെയും കേട്ടവരുടെയും ഹൃദയം ഒരുപോലെ വാടുകയും ചെയ്തു. തേങ്ങൽ നിമിത്തം പിതാക്കന്മാർക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല.

285. കാരണം, കൊടിയ ദുഃഖം നിമിത്തം വാക്കുകൾ പുറത്തേക്കു വന്നില്ല. തങ്ങളുടെ വത്സലരുടെ കരച്ചിൽ കൊണ്ട് അവരുടെ നാവിറങ്ങിപ്പോയി.

289. തങ്ങളുടെ കുട്ടികളെ കൂടുതൽ ദുഃഖിപ്പിക്കാതിരിക്കാനും നിശ്ചിതദിവസത്തിനു മുമ്പുതന്നെ വേദന കൊണ്ട് മരിക്കാതിരിക്കാനും കുട്ടികളുടെ ചോദ്യങ്ങൾക്ക് ബുദ്ധിപൂർവം ആശ്വാസപ്രദമായ മറുപടി നൽകാനും, പിതാക്കന്മാർ കരച്ചിൽ നിർത്തി, കണ്ണീർ തുടച്ചു, തങ്ങളുടെ വാത്സല്യം നിയന്ത്രിച്ചു.

297. പ്രവാചക വചനാനുസൃതം ആ ദിവസം അടുത്തെത്തിയിരിക്കുന്നെന്ന് തങ്ങളുടെ കുഞ്ഞുങ്ങളോട് സത്യം തുറന്നുപറയാൻ അവർ ഭയപ്പെട്ടു.

301. അബ്രഹാമിനെപ്പോലെ ഒരു പ്രവചനം കൊണ്ട് അവർ തങ്ങളുടെ കുട്ടികളെ സമാശ്വസിപ്പിച്ചു. "എവിടെയാണ് അർപ്പണത്തിനുള്ള ആട്"? എന്ന് അർപ്പണത്തെപ്പറ്റി ഇസഹാക്ക് ആരാഞ്ഞു (ഉൽപ്പ.22,7).

305. ആ മൂകമായ ആടിനെപ്പറ്റി സംസാരശക്തിയുള്ള ആട് ആരാഞ്ഞു: നീയാണ് ആ അർപ്പിത കുഞ്ഞാട് എന്ന് അബ്രഹാം തന്റെ മകനോട് തുറന്നടിച്ചില്ല. അവൻ കരഞ്ഞുകൊണ്ട് മറുപടി പറയാതിരിക്കാനും അതു തന്റെ അർപ്പണത്തിൽ കളങ്കമായി തീരാതിരിക്കാനുമായിരുന്നു അത്.

311. തന്റെ കത്തി വലിച്ചൂരുന്നതിനു മുമ്പ് അവൻ തന്റെ ഏകജാതനെ അനുനയിപ്പിച്ച് വരിഞ്ഞുകെട്ടി.

313. തന്റെ പ്രത്യുത്തരം താങ്ങാൻ തന്റെ പുത്രന് ത്രാണിയില്ലെന്ന് അബ്രഹാം കണ്ടു. തന്റെ മകനോട് നുണ പറയാനും അവൻ ഇഷ്ടപ്പെട്ടില്ല. തന്റെ അർപ്പണം വഞ്ചനാത്മകമാകാതിരിക്കാൻ, നിശ്ശബ്ദനായിരിക്കാനോ, ഈ വേദനയ്ക്ക് ഒരു വിശദീകരണം നൽകാതിരിക്കാനോ അവനു കഴിഞ്ഞില്ല. തന്റെ പുത്രനെ വശത്താക്കാൻ അബ്രഹാം ഒരു പോംവഴി കണ്ടു.

321. പ്രകടമായതിൽ നിന്നുള്ള ഒളിച്ചോട്ടത്തിന് അവൻ നിഗൂഢമായ ഒരു പ്രതീകം പ്രവചിച്ചു. അവൻ ചോദിച്ചത് വെളിപ്പെടുത്താതെ, ദൃശ്യസത്യം അവനു കാട്ടിക്കൊടുത്തു.

325. നീയാണത് എന്നു പറയാൻ അവൻ ഭയപ്പെട്ടു. മറ്റൊന്നായിരിക്കുമെന്ന് അവൻ അവനോട് പ്രവചിച്ചു. അവനായിരിക്കുമെന്ന് അവൻ കരുതി. അവനായിരിക്കയില്ലെന്ന് അവൻ പ്രവചിച്ചു.

329. അബ്രഹാമിന്റെ ഹൃദയത്തേക്കാൾ അവന്റെ നാവ് അതറിഞ്ഞു. ഹൃദയത്തിൽ നിന്ന് വായ്ക്ക് അറിവു കിട്ടി. ഹൃദയം വായിൽ നിന്നു പഠിച്ചു. പ്രവാചകനാകാൻ അവന്റെ നാവിനേക്കാൾ അവന്റെ ബോധം അറിവുള്ളതായി നിലനിന്നു. വിവേകം നൽകിയ അവന്റെ ബോധം നാവിൽ നിന്ന് തിരികെ സ്വീകരിച്ചു.



337. ''ഞങ്ങൾ, ഞാനും പൈതലും കയറിപ്പോകുന്നു; ഞങ്ങൾ വീണ്ടും നിങ്ങളുടെ പക്കലേക്ക് തിരികെ വരും" എന്ന് അബ്രഹാം തന്റെ ദാസരോടു പറഞ്ഞു (ഉൽപ്പ. 22,5). അവരെ കബളിപ്പിക്കാനും പ്രവചിക്കാനും അവൻ ആഗ്രഹിച്ചു. സത്യത്തിനുവേണ്ടി പോരാടിയ അവൻ ഒരു നുണയൻ ആയിരുന്നില്ല. സഹായിക്കാൻ അവൻ ഒരു പോംവഴി ചിന്തിച്ചതിനാൽ, അവന്റെ വാക്ക് പ്രവചനമായിരുന്നു.

345. തങ്ങളുടെ മക്കളെ ശാന്തരാക്കാൻ നിനിവെക്കാരും ഒഴികഴിവ് പ്രയോഗിച്ചുകൊണ്ട് തങ്ങളുടെ മക്കളോട് കണ്ണീരോടുകൂടെ ഇപ്രകാരം പറയാൻ തുടങ്ങി: ദൈവം നല്ലവനും ശാന്തശീലനുമാണ്. താൻ സൃഷ്ടിച്ച തന്റെ ച്ഛായ അവിടുന്ന് തകർക്കില്ല. ഒരു പ്രതിച്ഛായ ഉണ്ടാക്കുന്ന ശിൽപ്പി ശ്രദ്ധാപൂർവം അത് സംരക്ഷിക്കുന്നു. അപ്പോൾ നല്ലവൻ തന്റെ ജീവനുള്ളതും സംസാരശക്തിയുള്ളതുമായ ച്ഛായയെ എത്രയധികമായി സംരക്ഷിക്കും! ഓ, കുഞ്ഞുങ്ങളേ, നമ്മുടെ നഗരം നശിപ്പിക്കപ്പെടുകയില്ല. നമ്മുടെ നാട് തകർക്കപ്പെടുകയില്ല. നഗരത്തകർച്ചാഭീഷണിയിലൂടെ അവൻ നമ്മെ അനുതാപത്തിനു ക്ഷണിക്കുന്നു; ഭീകരമായ ക്രോധവിധിയുടെ അറിയിപ്പിലൂടെ പാപരാഹിത്യത്തിലേക്കു നാം മടങ്ങാൻ അവൻ ആഗ്രഹിക്കുന്നു.

361. പ്രിയ കുഞ്ഞുങ്ങളേ, നിങ്ങൾക്കു തന്നെയും എത്രയെത്ര പ്രാവശ്യം ഞങ്ങളിൽ നിന്ന് അടി കിട്ടിയിട്ടുണ്ട്! എത്ര പ്രാവശ്യം നിങ്ങളുടെ കുറ്റങ്ങൾക്ക് ഞങ്ങൾ നിങ്ങളെ ശിക്ഷിക്കുകയും ആ അടികൾ നിങ്ങൾക്ക് പ്രയോജനപ്രദം ആയിത്തീരുകയും ചെയ്തിട്ടുണ്ട്! നിങ്ങളെ നശിപ്പിക്കാൻ ക്രോധത്താലല്ല ഞങ്ങൾ ആ വടികൾ ഉയർത്തിയത്. നിങ്ങൾ തെറ്റിപ്പോകുമ്പോൾ ഞങ്ങൾ ശിക്ഷിച്ചു. നിങ്ങൾ അതു തിരിച്ചറിഞ്ഞതിനാൽ, ഞങ്ങൾ സന്തോഷിക്കുന്നു. സ്നേഹം കൊണ്ടാണ് ഞങ്ങൾ ഭീഷണിപ്പെടുത്തുന്നതെന്ന് നിങ്ങൾ തന്നെ മനസ്സിലാക്കിയിട്ടുണ്ടല്ലോ. കരുണ കൊണ്ടാണ് നിങ്ങളെ ശിക്ഷിക്കുന്നതെന്ന് നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടല്ലോ.

373. പ്രബോധനം നിങ്ങളുടെ സഹായത്തിനാണ്. അതിലൂടെ നിങ്ങൾ അവകാശികളായി. നിങ്ങളുടെ അടിയുടെ വേദന സന്തോഷത്താൽ നിറയപ്പെട്ടു. അടിയുടെ ദുഃഖം സുഖത്തിനുള്ള നിക്ഷേപമായി. നിങ്ങളുടെ വേദന മാറി പൂർണമായി നന്മയ്ക്കായിത്തീർന്നു.

381. അതുകൊണ്ട് വത്സലരേ, നമ്മെ പഠിപ്പിക്കുന്ന ആ പിതാവ് നമ്മെ സഹായിക്കാനായി നമുക്ക് ശിക്ഷണം നൽകുന്നെന്ന് നിങ്ങളുടെ അടികളുടെ തെളിവിൽ നിന്ന് പഠിക്കുകയും നിങ്ങളുടെ പിതാക്കന്മാരുടെ ബുദ്ധിപൂർവകമായ വടിയിൽ നിന്ന് തിരിച്ചറിയുകയും ചെയ്യുവിൻ. നിങ്ങളെ ശിക്ഷിച്ചു നേടുന്നതിനും വേദനകളിലൂടെ നിങ്ങളെ സഹായിക്കുന്നതിനും നിങ്ങളുടെ പിതാക്കന്മാരായ ഞങ്ങൾ കുറ്റപ്പെടുത്തലിലൂടെ നിങ്ങളെ

വളർത്തുന്നതുപോലെ, ഭയപ്പെടുത്താനും പഠിപ്പിക്കാനുമാണ് തന്റെ വടി ക്രോധവിധിയിൽ ഉയരുന്നത്.

393. നല്ലവനും ശാന്തശീലനുമായ ദൈവം ഭീഷണിയിലൂടെ നമ്മെ വളർത്തുന്നതിനും തന്റെ കൃപയിലൂടെ നമ്മെ രക്ഷിക്കുന്നതിനും തന്റെ കരുണയുടെ നിക്ഷേപം നമ്മുടെമേൽ ചൊരിയുന്നതിനും ആഗ്രഹിക്കുന്നു. തന്റെ വടിയിൽ തന്റെ സ്നേഹം തിരിച്ചറിയുന്നതിനും തന്റെ ശിക്ഷയിൽ തന്റെ നിക്ഷേപം നമുക്കായി തുറക്കുന്നതിനും അവിടുന്ന് ഇടയാക്കുന്നു. ഞങ്ങൾ സ്നേഹത്താലാണ് നിങ്ങളെ ശിക്ഷിക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലായാൽ, ദൈവം സ്നേഹത്താലല്ല നമ്മെ പരിശീലിപ്പിക്കുന്നതെന്ന് എങ്ങനെ വിശ്വസിക്കാൻ കഴിയും!

403. ഞങ്ങളുടെ ഈ ശിക്ഷണം നിങ്ങൾക്ക് ഒരു കണ്ണാടി ആയിരിക്കട്ടെ. അതിൽ ദൈവിക കാരുണ്യത്തിന്റെയും തന്റെ കൃപയുടെയും ആ ശിക്ഷണം നിങ്ങൾ കാണണം. വത്സലരേ, ദൈവം തന്റെ കാരുണ്യത്തിൽ മനുഷ്യരെ സ്നേഹിക്കുന്നതുപോലെ, നിങ്ങളെ സ്നേഹിക്കാൻ ഞങ്ങൾക്ക് കഴിവില്ല. അവിടുത്തേക്ക് നമ്മോടുള്ള സ്നേഹത്തേക്കാൾ വളരെ ചെറുതാണ് ഞങ്ങൾക്ക് നിങ്ങളോടുള്ള സ്നേഹം.

413. അവിടുത്തെ ശിക്ഷണം ശക്തമാണെങ്കിൽ, അതിനേക്കാൾ ശക്തമാണ് അവിടുത്തെ കൃപ. കാരണം, അവന്റെ പ്രഹരത്തിൽ മനുഷ്യർക്ക് സമ്മാനം വച്ചിരിക്കുന്നു. ദുഃഖിതരായ കുഞ്ഞുങ്ങളേ, സമാധാനപ്പെടുവിൻ. വേഗം നിങ്ങളുടെ കരച്ചിൽ നിർത്തുവിൻ. ഭീതി നമ്മെ വിട്ടുമാറും. ക്രോധവിധി നമ്മെ ഒഴിഞ്ഞുപോകും. നഗരം വേഗത്തിൽ സാന്ത്വനപ്പെടും. നാട് വീണ്ടും സന്തുഷ്ടമാകും. തന്റെ മക്കളായ നിങ്ങൾക്ക് ശിക്ഷണം ലഭിച്ചതിൽ, വളർത്തുന്നയാൾ സന്തോഷിക്കും.

**രക്ഷയ്ക്കുള്ള പ്രതീക്ഷ ഉണ്ടെങ്കിലും രാജാവും ജനങ്ങളും അനുതാപത്തിൽ ഉറച്ചുനിന്നു.**

425. ഇങ്ങനെയും തത്തുല്യമായും നിനിവെക്കാർ തങ്ങളുടെ വത്സല മക്കളോടു പറഞ്ഞു. അവരെ സാന്ത്വനപ്പെടുത്താൻ ആഗ്രഹിച്ചതിനാൽ, ശാന്തിയെപ്പറ്റി അവർ പ്രവചിച്ചു. അവർ പെട്ടെന്ന് അനുതാപികളായി തീർന്നതിനാൽ, സത്യസന്ധരെപ്പോലെ അവർ പ്രവചിച്ചു. അനുതാപം പ്രവൃത്തികളിലും പ്രവചനം സത്യത്തിലും നടന്നു.

437. എന്നാൽ ഇപ്രകാരം സംസാരിച്ചെങ്കിലും അവർ കരച്ചിൽ നിർത്തിയില്ല. അവർ ഇപ്രകാരം തങ്ങളുടെ കുഞ്ഞുങ്ങളെ സാന്ത്വനപ്പെടുത്തിയെങ്കിലും, ദുഃഖാചരണം നിർത്തിയില്ല. ഭയം ഉപവാസത്തെയും ആകാംക്ഷ പ്രാർഥനയെയും ശക്തിപ്പെടുത്തി. അവർ ബുദ്ധിപൂർവം നിരീക്ഷിച്ചു: നീതിമാന്മാർ അനുതാപത്തിൽ നിന്ന് മാറി നിൽക്കുന്നില്ലെങ്കിൽ, പാപികൾ എത്രയധികമായി അനുതപിക്കണം! അന്ത്യം വാതിൽക്കൽ നിന്നതിനാൽ, രാജാവ് മുന്നോട്ട് കടന്നുവന്ന് തന്നെത്തന്നെ കാട്ടി. അവന്റെ അനുതാപവസ്ത്രം കണ്ട് നഗരം സംഭ്രമിച്ചു.



445. ക്രോധവിധിയിൽ പട്ടുവസ്ത്രം ധരിക്കാൻ അത്യുന്നതന്റെ മുമ്പിൽ അവൻ ഭയപ്പെട്ടു. നഗരം മുഴുവൻ ദുഃഖാർത്തയായിരിക്കുന്നതിൽ രാജാവും വിലപിച്ചു. രാജാവിന്റെ ശിരസ്സിൽ പൂഴി കണ്ടതിനാൽ അവന്റെ മുമ്പിൽ നഗരം കരഞ്ഞു. ജനം തങ്ങളുടെ അനുതാപവസ്ത്രത്തിൽ പൂർണമായി കറുത്തിരുന്നതിനാൽ, അവരുടെ ദർശനത്തിൽ രാജാവും കരഞ്ഞു.

453. നഗരം മുഴുവൻ കരഞ്ഞു; തലയിട്ടടിച്ച് കരയാനായി ഭിത്തികളിലെ കല്ലുകൾ കൊണ്ടുവന്നു. ഇങ്ങനെ ആര് പ്രാർഥിച്ചിട്ടുണ്ട്! ഇങ്ങനെ ആര് നിലവിളിച്ചിട്ടുണ്ട്! ഇങ്ങനെ ആര് തങ്ങളെത്തന്നെ താഴ്ത്തിയിട്ടുണ്ട്! ഇങ്ങനെ ആര് നിലത്തുവീണു കിടന്നിട്ടുണ്ട്! ഇങ്ങനെയാര് തങ്ങളുടെ രഹസ്യവും പരസ്യവുമായ മ്ലേച്ഛത ഉരിഞ്ഞുകളഞ്ഞിട്ടുണ്ട്!സ്വന്തം അവയവങ്ങൾ പോലുള്ള സുഖാസ്വാദനങ്ങൾ ഇങ്ങനെ ആര് വെട്ടി ദൂരെ എറിഞ്ഞിട്ടുണ്ട്! ഇങ്ങനെയാര് ഒരു പ്രസംഗകന്റെ സ്വരംകേട്ട് പാപങ്ങളെപ്രതി ഹൃദയം തകർത്തിട്ടുണ്ട്!

465. വെറുമൊരു മനുഷ്യന്റെ വായിൽ നിന്നുള്ള വാക്കു കേട്ട് ആരുടെ മനസ്സിലാണ് ഭീതിയുണർന്നത്? ഒരു ബലഹീന മനുഷ്യന്റെ സ്വരത്തിന്റെ വെളിച്ചത്തിൽ ആർക്കാണ് മരണഭീതി ഉണ്ടായത്? അനുതാപത്തിൽ ആരുടെ നയനങ്ങൾക്കു മുമ്പിലാണ് ദൈവികചിത്രം സജീവമായി കടന്നുവന്നത്? ദൈവം തന്റെ അദൃശ്യവാൾ ഊരിയപ്പോൾ ആരാണ് നീതിമാനായ ദൈവത്തെ ദർശിച്ചത്?

473. ഒന്നിച്ച് കരഞ്ഞു നിലവിളിച്ച ഒരു മഹാനഗരത്തെ ആര് കണ്ടിട്ടുണ്ട്? കുട്ടികളുടെ കരച്ചിലും പിഴിച്ചിലും ആർക്കു സഹിക്കാൻ കഴിയും? തന്റെ ജീവിതം ഇനിയും കുറച്ചു മാത്രമേയുള്ളു എന്ന്, നീണ്ട ജീവിതം കാംക്ഷിച്ചവർ കണ്ടു. വീണ്ടും, വൃദ്ധരുടെ നിലവിളി താങ്ങാൻ ആർക്കു കഴിയും?

481. നഗരം നശിപ്പിക്കപ്പെടാൻ പോകുന്നെന്ന്, കല്ലറയെയും കല്ലറയിലേക്ക് നയിക്കുന്നവരെയും കാത്തിരുന്നവർ കേട്ടു. യുവാക്കളുടെ ഉച്ചത്തിലുള്ള കരച്ചിൽ ആർക്കു സഹിക്കാൻ കഴിയും? തങ്ങളുടെ വിവാഹാഘോഷത്തിനു ശേഷം കാണപ്പെട്ടവർ തങ്ങളുടെ മരണത്തിനായി ക്ഷണിക്കപ്പെട്ടു. ദമ്പതികളുടെ നിലവിളിശബ്ദം ആർക്കു സഹിക്കാൻ കഴിയും?

489. തങ്ങളുടെ മണവറയിൽ ഇരുന്നവർ ധരയിലെ കല്ലറയിലേക്കു ക്ഷണിക്കപ്പെട്ടു. കരഞ്ഞ രാജാവിന്റെ മുമ്പിൽ കണ്ണീർ വാർക്കാതിരിക്കാൻ

ആർക്കു കഴിയും? അവൻ തന്റെ രാജകീയാരമനയിൽ വരുന്നതിനു പകരം പാതാളത്തിലേക്ക് താണുപോകാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു. ജീവനുള്ളവരുടെ ഇടയിൽ രാജാവായിരുന്നവൻ മൃതരുടെ ഇടയിൽ പൂഴിയായി തീരണം.

497. തന്റെ ബഹുമാന്യ വാഹനത്തിനു പകരം തന്റെ നഗരം നശിച്ചുപോകും എന്നാണ് അവൻ കേട്ടത്. തന്റെ സമൃദ്ധ ഭക്ഷണത്തിനു പകരം മരണം തന്നെ വിഴുങ്ങും എന്നാണ് അവൻ കേട്ടത്. തന്റെ കിടക്കയിലേക്കല്ല, പിന്നെയോ, ക്രോധവിധിയുടെ അഗാധത്തിലേക്കാണ് അവൻ ക്ഷണിക്കപ്പെടുക. ജീവിതമധ്യത്തിൽ രാജാവിനും നഗരത്തിനും പെട്ടെന്ന് മരണത്തിനുള്ള ക്ഷണമുണ്ടായി.

**രാജാവ് തന്റെ പടയാളികളോട് അനുതാപകർമങ്ങൾ ചെയ്യാൻ കൽപ്പിക്കുന്നു**

505. രാജാവ് തന്റെ സൈന്യാധിപന്മാരെ വിളിച്ചു; അവൻ അവരെ പ്രതിയും അവർ അവനെ പ്രതിയും കരഞ്ഞു. എത്രയെത്ര യുദ്ധങ്ങളിൽ അവർ വിജയകിരീടം സ്വീകരിച്ചെന്ന് രാജാവ് അവരോട് വിവരിച്ചു. എത്രയെത്ര യുദ്ധങ്ങളിൽ അവർ വിജയിച്ചെന്നും അവൻ അനുസ്മരിച്ചു. സഹായകനും രക്ഷകനുമാകാൻ ഇപ്പോൾ കഴിയാത്തതിനാൽ അവൻ ധൈര്യമറ്റവനും ചെറിയവനുമായി.

513. അവൻ അവരോട് സംസാരിക്കാൻ തുടങ്ങി: എന്റെ വത്സലരേ, നമ്മുടെ പതിവനുസരിച്ചും നമുക്ക് കീർത്തിയുണ്ടാകുവാൻ നമ്മുടെ ഇച്ഛ അനുസരിച്ചും ഒരു യുദ്ധത്തിനു പുറപ്പെട്ട് വിജയിക്കുകയല്ല ഇപ്പോൾ ആവശ്യമായിരിക്കുന്നത്. അസ്സീറിയാക്കാരുടെ ഗംഭീരധ്വനിയുടെ മുമ്പിൽ മല്ലന്മാർപോലും വിറയ്ക്കുന്നു. നാം അനേകരെ തോൽപ്പിച്ചു, എന്നാൽ ഇപ്പോൾ ഒറ്റയൊരു എബ്രായൻ നമ്മെ കീഴടക്കിയിരിക്കുന്നു.

521. നമ്മുടെ സ്വരത്തിൽ രാജാക്കന്മാർ വിറച്ചു, എന്നാൽ ഇപ്പോൾ അവന്റെ സ്വരം നമ്മെ സംഭ്രമിപ്പിച്ചു. നാം അനേകം നഗരങ്ങൾ തരിപ്പണമാക്കി; എന്നാൽ നമ്മുടെ സ്വന്തം നഗരത്തിൽ അവൻ നമ്മെ കീഴടക്കിയിരിക്കുന്നു. പരാക്രമികളുടെ മാതാവായ നിനിവെ ഒരു ബലഹീനന്റെ മുമ്പിൽ ഭയന്നു വിറച്ചു. തന്റെ ഗുഹയിൽ സിംഹം എബ്രായന്റെ മുമ്പിൽ വിറച്ചു. സൃഷ്ടിയിൽ അസ്സീറിയാ ആർപ്പുവിളിച്ചു. എന്നാൽ ഇപ്പോൾ യോനായുടെ സ്വരം ആർക്കുന്നു. അങ്ങനെ നിംറോദിന്റെ ധീരരായ പിൻഗാമികൾ വളരെ താഴ്ത്തപ്പെട്ടു.

533. രാജാവ് തന്റെ ബലിഷ്ഠരായ സേനാനായകന്മാർക്ക് നല്ലൊരുപദേശം നൽകി: എന്റെ വത്സലരേ, നാമിപ്പോൾ ഭഗ്നാശയരാകരുതെന്ന് ഞാൻ നിങ്ങൾക്ക് ഉപദേശം തരുന്നു. നാം ഭീരുക്കളെപ്പോലെ താഴെ വീണുപോകാതിരിക്കാൻ, മല്ലന്മാരെപ്പോലെ നമുക്കു പോരാടാം. പോരാട്ടത്തിൽ ധീരനായി കാണപ്പെടുന്നവൻ മരിക്കുമ്പോൾ മല്ലനായി മരിക്കുന്നു. അവൻ ജീവിച്ചാൽ വിജയിയായി ജീവിക്കുന്നു, മരണമാണെങ്കിൽ, പ്രശസ്തമായ മരണം; ജീവിതമാണെങ്കിൽ വിജയിയായ ജീവിതം.



545. തന്റെ ധൈര്യംകൊണ്ട് ഇരട്ടിനേട്ടം ജേതാവിന് ഒരുക്കിവച്ചിരിക്കുന്നു; അതുപോലെ നിദ്രകൊള്ളുന്നവന് ഇരട്ടിദുഃഖം അവകാശമാകും. കാരണം, അവന്റെ മരണം പൂർണമായി അപമാനമാണ്. അവന്റെ ജീവിതം കുപ്രസിദ്ധവും. അങ്ങനെ നമ്മെത്തന്നെ ഉത്തേജിപ്പിക്കാനും വിജയിക്കാനും നമുക്ക് ധൈര്യശാലികളായി ആയുധം ധരിക്കാം.

553. കാരണം, നമുക്ക് കഴിവില്ലാതിരുന്നിട്ടും ധൈര്യശാലികൾ എന്ന പേരിന് നാം അവകാശികളായി. നീതിയോടൊപ്പം കൃപയും ദൈവസമക്ഷമുണ്ടെന്ന് നമ്മുടെ പിതാക്കന്മാരുടെ പുരാതന പാരമ്പര്യത്തിൽ നിന്ന് നാം കേട്ടിരിക്കുന്നു. തന്റെ നീതിയിൽ അവിടുന്ന് ഭീഷണിപ്പെടുത്തുന്നു; തന്റെ കൃപയിൽ അവിടുന്ന് കാരുണ്യം കാട്ടുന്നു.

561. നാം അവിടുത്തെ നീതിയോട് അനുരഞ്ജനപ്പെടുന്നു. എന്നാൽ അവിടുത്തെ കൃപയെ നാം വളരെ കൂടുതലായി ബഹുമാനിക്കുന്നു. കാരണം, അവിടുത്തെ നീതി അനുരഞ്ജനപ്പെട്ടു കഴിയുമ്പോൾ, അവിടുത്തെ കൃപ നമ്മെ സഹായിക്കുന്നു. അവിടുത്തെ നീതി രോഷാകുലമായതിനാൽ, നമ്മുടെ നിലവിളിയെ കുറ്റപ്പെടുത്തേണ്ടതില്ല. അവിടുന്ന് അനുരഞ്ജനപ്പെട്ടില്ലെങ്കിൽ, നമ്മുടെ പ്രാർഥനയ്ക്ക് ശാസനയില്ല. നീതിക്കും കൃപയ്ക്കുമിടയിൽ അനുതാപത്തിന് ഒരനീതിയും അനുഭവപ്പെടുന്നില്ല. നമ്മെ മാടിവിളിക്കുന്ന നവപോരാട്ടത്തിന് ഒരു പുതിയ ആയുധം നമുക്കുണ്ടാക്കാം. എന്റെ വത്സലരേ, ഇതൊരദൃശ്യ കൊലയാണ്. അതിനായി നമുക്കൊരദൃശ്യായുധം പിടിക്കാം.

**രാജാവ് ജലപ്രളയത്തെ ദൃഷ്ടാന്തമായി കാട്ടുന്നു**

575. സൃഷ്ടിയിൽ സത്യം പ്രഘോഷിച്ച നമ്മുടെ പൂർവപിതാക്കന്മാരിൽ നിന്നു നാം കേട്ടിരിക്കുന്നു. അവരുടെ വാക്കുകളും വിജയവാർത്തയും കൈമാറപ്പെട്ടിരിക്കുന്നു. കാരണം, മനുഷ്യർ വിവേകപൂർവകമായ അറിവില്ലാത്തവരല്ല. ജേതാക്കളായിത്തീർന്ന നീതിമാന്മാരിൽ നിന്ന് ആ വാർത്ത സൃഷ്ടിയിൽ ഉടനീളം വ്യാപിച്ചു. അലസനെ കുറ്റപ്പെടുത്താൻ കഴിയുന്നതിന് അത് സൃഷ്ടി മുഴുവന്റെയും ലവണമായിത്തീർന്നു.

585. തങ്ങൾ എത്ര ധിക്കാരികളായിരുന്നെന്നും എങ്ങനെ നശിപ്പിക്കപ്പെട്ടെന്നും തെറ്റുകാരിൽ നിന്നു നാം കേട്ടിരിക്കുന്നു. നിന്ദ്യമായവ കാണപ്പെടുന്നതിന് ഒരു കണ്ണാടി വയ്ക്കപ്പെട്ടിരിക്കുന്നു. മനുഷ്യർ നോക്കി ഉന്നം

വയ്ക്കാൻ സൃഷ്ടിയിൽ ഒരടയാളം വച്ചിരിക്കുന്നു. ശ്രോതാക്കൾ കേൾക്കാനായി ദൈവികകൃപ പ്രഘോഷിക്കപ്പെട്ടു. പാപികൾക്ക് കാണാനായി അനുതാപചിത്രം ധരയിൽ രൂപീകൃതമായി. ഈ ഭീകരപ്രളയത്തെപ്പറ്റി കേൾക്കാത്തവർ ആരാണ്?

597. നോഹയുടെ കാലത്തെ ജലപ്രളയത്തെപ്പറ്റിയുള്ള വിവരണം ഇപ്പോഴും സമീപസ്ഥമാണ്. മനുഷ്യകുലം മുഴുവൻ നീതിയുടെ അടുത്താണ് പാർക്കുന്നത്. വിവേകമില്ലാത്തവർ ആരുമില്ല; വിജ്ഞാനമില്ലാതെ അന്ധരായവരാരുമില്ല. നോഹയുടെ കാലത്തെ ആ ദുഷ്ടതലമുറ തെറ്റുചെയ്ത് കടക്കാരായി.

605. വരാനിരിക്കുന്ന പ്രളയത്തെപ്പറ്റി ഒരു സ്വരം അവിടെ പ്രവചിച്ചു. ആ സ്വരം കേട്ട പാപികൾ ആ സ്വരത്തെ കളിയാക്കിയതിനാൽ, ദൈവത്തെ പ്രകോപിപ്പിച്ചു. കോടാലിയുടെയും ചുറ്റികയുടെയും മുഴക്കം പ്രളയത്തെപ്പറ്റി വിളംബരം ചെയ്തു. അറപ്പുവാൾ കൊണ്ട് അറക്കുമ്പോഴുള്ള ശബ്ദം പ്രളയത്തെപ്പറ്റി ഉച്ചത്തിൽ സംസാരിച്ചു. എന്നിട്ടും കോടാലിയുടെയും ചുറ്റികയുടെയും മുഴക്കത്തെ അവർ കളിയാക്കി. പെട്ടകം പൂർത്തിയായി കഴിഞ്ഞപ്പോൾ നീതി പ്രത്യക്ഷപ്പെട്ടു. നീതി വെളിച്ചത്തു വന്നപ്പോൾ കുറ്റവാളി കടക്കാരനായി വിധിക്കപ്പെട്ടു. അഗാധ ഉറവകൾ പൊട്ടി ഉയർന്ന് കുറ്റക്കാരായ നിന്ദകരുടെ മേൽ അവിടേക്ക് പാഞ്ഞുകയറി.

621. നിന്ദിച്ച കുറ്റക്കാർക്കെതിരെ പെട്ടെന്ന് പ്രളയം ഇരച്ചുകയറി. കോടാലിയുടെ മുഴക്കത്തെ പരിഹസിച്ചവർ ഇടിമുഴക്കത്തിൽ സ്തബ്ധരായി. വാളിന്റെ ശബ്ദത്തെക്കുറിച്ച് പൊട്ടിച്ചിരിച്ചവർ മിന്നലുകൾ കൊണ്ടും ഇടിമുഴക്കംകൊണ്ടും അന്ധരായി. തങ്ങൾ പരിഹസിച്ച പേടകത്തിന്റെ നേർക്ക് അവർ നടക്കാൻ തുടങ്ങി. എന്നാൽ അതിന്റെ പണിയെപ്പറ്റി ചിരിച്ചു തള്ളിയവരുടെ മുമ്പിൽ അതിന്റെ വാതിൽ അടയ്ക്കപ്പെട്ടു.

**ഭീഷണിയിലൂടെയും വാഗ്ദാനങ്ങളിലൂടെയും രാജാവ് യോനായെ പരീക്ഷിച്ചു.**

631. അതുകൊണ്ട്, എന്റെ സഹോദരങ്ങളേ, എബ്രായനായ യോനായുടെ സ്വരത്തെ നമുക്ക് നിന്ദിക്കാതിരിക്കാം. അവന്റെ സന്ദേശം ലാഘവബുദ്ധിയോടെ കാണുന്നത് ഉചിതമല്ല. നമുക്കത് ബുദ്ധിപൂർവം പരിശോധിച്ച്, എല്ലാ വശത്തു നിന്നും നോക്കിക്കാണാം. അവന്റെ സന്ദേശസ്വരത്തെ കുറിച്ച് എനിക്കു വലിയ സന്ദേഹം ഉണ്ടായി. അവൻ ധിക്കാരി ആണെന്നു തോന്നി. അവനു ഭ്രാന്താണെന്നു ചിന്തിക്കണമോ?

641. അവനെ ഭ്രാന്തനെന്നു വിളിക്കാൻ ആഗ്രഹിച്ചാൽ, അവൻ വിജ്ഞാനത്തിന്റെ മഹാ നിക്ഷേപമാണ്. അവനിൽ വിജ്ഞാനവും വിവേകവുമുണ്ട്; അവനിൽ നിന്ന് ഉൾക്കാഴ്ച ഒഴുകുന്നു. അവന്റെ ബാഹ്യരൂപം നിന്ദ്യവും ലളിതവുമാണ്; എന്നാൽ അവന്റെ വാക്ക് മഹത്തും ശക്തിമത്തുമാണ്. നമുക്കിഷ്ടപ്പെട്ട ചോദ്യങ്ങൾ നിങ്ങളുടെ മുമ്പിൽ ഞാൻ അവനോടു ചോദിച്ചു.



649. അങ്ങനെ അവൻ പറഞ്ഞ വാക്കുകൾ ചൂളയിലെന്നപോലെ തെളിയിക്കപ്പെട്ടു. അവന് പേടിയോ, ഭയമോ ഇല്ല, അവന് നാണമോ, അമ്പരപ്പോ ഇല്ല. അവൻ തന്റെ വായിലെ വാക്കുകൾ മാറ്റിമറിച്ചില്ല. അവൻ സത്യത്തോട് ബന്ധിതനായിരുന്നു. അവൻ തന്റെ സന്ദേശം അവസാനിപ്പിച്ചില്ല. കാരണം, അവന്റെ ഓർമ സുസ്ഥിരമായിരുന്നു.

657. ഞാൻ മുഖസ്തുതി പറഞ്ഞു, അവൻ അതിൽ വീണില്ല. ഞാൻ അവനെ ഭയപ്പെടുത്തി, എന്നാൽ അവൻ ഭയപ്പെട്ടില്ല. ഞാൻ അവനെ സമ്പത്തു കാണിച്ചു, അവൻ അത് പുച്ഛിച്ചുതള്ളി. ഞാൻ അവനെ വാൾ കാണിച്ചു, അവന്റെ നിന്ദനം കൂടിയതേയുള്ളു.

661. വാൾ അവന് അജ്ഞാതമായിരുന്നു; സമ്മാനം അവന് അന്യമായിരുന്നു. നിക്ഷേപങ്ങൾ ചിലരെ വശീകരിക്കും; വാൾ ചിലരെ ഭയപ്പെടുത്തും. ഒന്നുകിൽ പ്രഹരം അവരെ ഭയപ്പെടുത്തും; അല്ലെങ്കിൽ സമ്മാനം അവരെ കീഴടക്കും. ഈ എബ്രായനെ നാം സമ്മാനത്തിനും ഭയത്തിനും ഇടയ്ക്ക് നിർത്തി. എന്നാൽ അവൻ രണ്ടിൽ നിന്നും രക്ഷപെട്ടു. അവൻ രണ്ടും നിന്ദിച്ചു. ഞാൻ അവനെ സമ്പത്തു കാട്ടി, അവൻ ചിരിച്ചുതള്ളി. വാളിന്റെ മുമ്പിൽ അവൻ ചുണ്ടു പുളുത്തുക മാത്രം ചെയ്തു.

673. ധനത്തോടുള്ള സ്നേഹം കീഴടക്കപ്പെട്ടു. മൃത്യുഭയത്തെ അവൻ നിന്ദിച്ചു. അവൻ സംസാരിച്ച തീവ്രതയേറിയ ഓരോ വാക്കും ശിലാഭേദനം നടത്തി. എന്റെ രൗദ്രതയെ അവൻ ഭയന്നില്ല. എന്റെ മുമ്പിൽ വേണ്ട ബഹുമാനം അവൻ തന്നില്ല. നമ്മുടെ സമസ്ത പ്രതാപവും, ധരയിൽ മനുഷ്യർ വിതറുന്ന ചാണകം പോലെ അവൻ കരുതി. നമ്മുടെ സമ്പത്തും നമ്മുടെ വാളും അവൻ കൂടുതൽ നിന്ദിച്ചു. ഇരുമ്പു കൊണ്ടുള്ള നെറ്റി ഉണ്ടാക്കിയാണോ അവൻ നമ്മുടെ പക്കലേക്കു വന്നത്? കാരണം, നമ്മുടെ രാജകീയ ബഹുമാനത്തിന് അവൻ അൽപ്പം പോലും ദാക്ഷിണ്യം കാണിച്ചില്ല.

**യോനായുടെ പെരുമാറ്റത്തിൽ നിന്ന് അവന്റെ സന്ദേശത്തിന്റെ സത്യസന്ധത രാജാവ് തെളിയിച്ചു. അത് കൽദായരുടേതിൽ നിന്നും വൈദ്യന്മാരുടെതിൽ നിന്നും വ്യത്യസ്തമായിരുന്നു.**

687. അവന്റെ വാക്ക് നമുക്ക് കണ്ണാടി ആയി. അതിൽ നാം നമ്മുടെ കളങ്കം കാണുന്നു. നമ്മുടെ ദുഷ്പ്രവൃത്തികൾ നിമിത്തം നമ്മെ ഭീഷണിപ്പെടുത്തുന്ന ദൈവത്തെ നാം അതിൽ കണ്ടു. അവന്റെ അറിയിപ്പ് നീതിപൂർവകമായ വായിൽ നിന്ന് വന്നെന്ന് നാം അതിൽ കണ്ടു.

697. അവൻ ചതിപ്രയോഗം നടത്തിയതല്ല, അഥവാ, അവന്റേത് തന്ത്ര പൂർവം തല്ലിക്കൂട്ടിയ പദ്ധതിയുമല്ല. അവൻ നമ്മോട് സമാധാനം പ്രഘോ ഷിച്ചിരുന്നെങ്കിൽ, തന്റെ പ്രസംഗത്തിലെ നല്ല വെളിപ്പെടുത്തലിലൂടെ നല്ല പ്രതിഫലം കാംക്ഷിച്ച സമർഥനായ ഒരു നുണയൻ ആയിരുന്നു അവനെന്ന് വിശ്വസിക്കാമായിരുന്നു. കാരണം, പ്രയോജനം കാംക്ഷിക്കുന്നവൻ പ്രവച നവും സ്വന്തം നന്മയ്ക്കായി മാത്രം ചെയ്യുന്നു.

705. മന്ത്രവാദി അത്യാർത്തിയുള്ളവനാകയാൽ, അവന്റെ വാഗ്ദാനം വെറും വാചകമടിയാകുന്നു. കൽദായർ വിശപ്പുള്ളവരാകയാൽ, ഹൊര സ്ക്കോപ്പിൽ നിന്ന് നല്ലതു വായിക്കുന്നു. ബുദ്ധിഹീനരിൽ നിന്ന് കൂടുതൽ കിട്ടാൻ സമ്പത്തിന്റെ നേട്ടത്തെപ്പറ്റി അവനു വായിച്ചുകൊടുക്കുന്നു. കൊടു ക്കാൻ അവന് ഒന്നുമില്ല, അവൻ ദാനം ചെയ്യുന്നുമില്ല. സമ്പത്തിനെപ്പറ്റിയുള്ള വാഗ്ദാനത്തിലൂടെ സാധാരണക്കാരെ അവൻ പിടികൂടുകയും അവനുള്ളത് അതിലൂടെ കവർന്നെടുക്കുകയും ചെയ്യുന്നു. തികച്ചും സത്യസന്ധനായ വൈദ്യനാകട്ടെ, രോഗികളോട് സത്യം പറയുന്നു. അവൻ ഭവനത്തിലേക്കു കടന്ന് കീറിമുറിക്കുന്നതിനെപ്പറ്റി സ്പഷ്ടമായി രോഗിയോടു പറയുന്നു. കടുത്ത പൊള്ളിക്കലിനെയും അഗ്നിയെയും പറ്റി അവൻ രോഗിയുടെ മുറി യിൽ ഉറക്കെ പറയുന്നു.

721. വേദനിക്കുന്നവന്റെ മുമ്പിൽ അവൻ ഭയക്കുന്നില്ല; അവന്റെ അണ പ്പല്ല് പറിക്കാൻ താൻ ആഗ്രഹിക്കുന്നെന്ന് സ്പഷ്ടമായി അവനോടു പറയു ന്നു. രാജാവ് രോഗിയാകുമ്പോൾ അവനോട് ഈ കാര്യം പറയാൻ അവൻ ഭയക്കുന്നില്ല. രാജകുമാരന് വീര്യം കൂടിയ മരുന്ന് കുടിക്കാൻ കൊടുക്കുന്ന തിന് അവൻ ഭയക്കുന്നില്ല. ജനറലിനെ വരിഞ്ഞുകെട്ടി കീറിമുറിക്കുന്നതി നും അവൻ ഭയക്കുന്നില്ല.

729. യുദ്ധവീരന്റെ കരുത്ത് പൊള്ളിക്കലിലൂടെ കീഴമർത്തുന്നതിനും അവൻ ഭയക്കുന്നില്ല. ക്രോധവിധി പ്രഖ്യാപിച്ച പ്രവാചകൻ നുണയനാണെന്ന് ആർക്കു പറയാനാകും! കാരണം, അവൻ നുണയനായിരുന്നെങ്കിൽ, അവന്റെ സ്വരവും വാചകമടി ആകുമായിരുന്നു. എന്നാൽ അവന്റെ സ്വരം ശക്തിമ ത്താണെങ്കിൽ, അവന്റെ മനസ്സ് സത്യസന്ധമാണ്.

737. വൈദ്യൻ ഇപ്പോൾ ഇപ്രകാരം ഭയരഹിതനാണെങ്കിലും, പ്രതി ഫലേച്ഛ അവനെ കീഴടക്കുന്നു. എന്നാൽ ഈ എബ്രായൻ വൈദ്യന്മാരുടെ നിരയിൽ നിന്ന് ഉയർന്നു നിൽക്കുന്നു. കാരണം, നമ്മുടെ നഗരത്തിൽ നിന്ന് കാശുമുടക്കാതെ അപ്പം തിന്നാൻ അവൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല. നമ്മുടെ പക്കലേക്ക് വന്ന ദിവസം മുതൽ അവൻ കഠിനമായ ഉപവാസ ത്തിലും ദുഃഖത്തിലുമാണ്.

745. ഭീകരമായ വിധിവാചകം നമ്മോടു പറയാൻ, പ്രയോജനമില്ലാതെ



ആരാണ് അവനെ നിർബന്ധിച്ചത്? ഈ സംഗതികൾ നമ്മുടെ നഗരത്തിൽ ഭയരഹിതമായി അറിയിക്കാൻ അവന് എങ്ങനെ കഴിഞ്ഞു?

**മോശയെപ്പോലെയും ഏലിയായെപ്പോലെയും യോനാ ഉപവസിച്ചു. അതേ ആയുധം ഉപയോഗിക്കാനുള്ള ആഹ്വാനം**

749. മോശയെപ്പറ്റിയും ഏലിയായെപ്പറ്റിയുമുള്ള വിവരണങ്ങൾ എബ്രാ യരിൽ നിന്നു നാം ഗ്രഹിച്ചിരിക്കുന്നു. ഓരോരുത്തരും നാൽപ്പതു നാൾ വീതം ഭക്ഷണത്തിൽ നിന്ന് അകന്നിരുന്നു. ഈ എബ്രായപ്രവാചകനും ഒരുപക്ഷേ അതുപോലെ ഉപവസിക്കുന്നുണ്ടോ? നീതിമാൻ എന്ന നിലയിൽ അവൻ ഉപവസിക്കുന്നു; അപ്പോൾ, വരുവിൻ, പാപികൾ എന്ന നിലയിൽ നമുക്കും ഉപവസിക്കാം.

757. നീതിമാൻ എന്ന നിലയിൽ അവൻ പ്രാർഥിക്കുന്നെങ്കിൽ, ചാക്കും ചാരവും നമ്മെ എളിമപ്പെടുത്തട്ടെ. നമ്മുടെ ഇടയിൽ ഒരു നുണയനായി പരിഗണിക്കപ്പെടാതിരിക്കാൻ ആയിരിക്കാം ഒരു പക്ഷേ അവൻ ഉപവസി ക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നത്. തന്റെ സന്ദേശം വിശ്വസനീയമാ ക്കാനായിരിക്കാം നഗരം തകർക്കാൻ അവൻ പണിപ്പെടുന്നത്. അവൻ ഇപ്ര കാരം ഉപവാസത്താൽ നമ്മോടു പോരാടുമ്പോൾ, നാമും അവനോട് ഉപ വാസംകൊണ്ട് പോരാടണം.

765. എങ്കിലും അനുതാപത്തിലൂടെ പ്രവാചകനോട് പോരാടുവാൻ നാം ആഗ്രഹിക്കുന്നില്ല. കാരണം, അവൻ നമുക്ക് അനീതിക്ക് കാരണക്കാര നായില്ല; അത് നമ്മുടെ പാപങ്ങളാണ് ചെയ്തത്. എബ്രായൻ നമ്മുടെ നഗരം തകർക്കില്ല; നിങ്ങളുടെ സ്വന്തം അനീതിയാണ് അത് ചെയ്യുക. വത്സലരേ, നമുക്ക് ഒരു അദൃശ്യ ശത്രുവുണ്ട്. അവനെതിരെയാണ് നാം ധീരമായി പോരാ ടേണ്ടത്.

**അനുതാപ വസ്ത്രം, പ്രാർഥന, ഉപവാസം എന്നീ ആയുധങ്ങൾ കൊണ്ട്, ജോബിന്റെ ദൃഷ്ടാന്താനുസൃതം പോരാടാനുള്ള ഉപസംഹാരക്ഷണം.**

775. പുരാതനനും നീതിമാനുമായ ജോബിന്റെ ചരിത്രം നമ്മുടെ ഇട യിൽ മനുഷ്യർ വിവരിക്കുന്നു. അവന്റെ വിജയത്തെപ്പറ്റി ഒരുപക്ഷേ മൂക ജന്തുക്കൾ പോലും കേട്ടിരിക്കും. അവന്റെ പരീക്ഷ കാഹളസമാനം ധര യിൽ അവന്റെ വിജയം പ്രഘോഷിക്കുന്നു.

781. നമ്മുടെ പിതാക്കന്മാരുടെ വിവരണം അനുസരിച്ച് സാത്താൻ അവനെതിരെ അപവാദം പറഞ്ഞു. മുൻകാലത്ത നീതിമാന്മാർക്കെതിരെ ദുഷ്ടൻ അപവാദം പറഞ്ഞെങ്കിൽ, പാപികൾക്കെതിരെ ആരോപണം ഉന്ന യിക്കാൻ അവൻ എത്രമാത്രം തന്റെ വായ് തുറക്കില്ല! അവൻ തന്റെ വിദ്വേഷം നീതിമാന്മാർക്കും പാപികൾക്കും എതിരെ പ്രയോഗിക്കുന്നു. നീതിമാന്മാർ

ഒരുപക്ഷേ പാപികളായി തീരാൻ അവൻ അവരെ പീഡിപ്പിക്കുന്നു. പാപികൾ അനുതാപികളായി തീരാതിരിക്കാൻ അവൻ അവരെ കൊല്ലുന്നു.

793. ജോബിന്റെ മക്കളുടെ ഓരോ ഭവനവും തകർക്കാൻ അവൻ ഇറങ്ങിപ്പുറപ്പെട്ടു. വിരുന്നിലെ വീഞ്ഞോടുകൂടെ അവൻ അവരുടെ രക്തം കലർത്തി. അവരുടെ പാനപാത്രങ്ങൾ അവരുടെ ശവം കൊണ്ട് നിറച്ചു. വിരുന്നിലെ മേശകൾ മറിച്ചിട്ടതും ഭവനം ഭവനവാസികളുടെമേൽ വീഴ്ത്തിയതും അവനാണ് (ജോബ്, 1,13-19). ഒരു പക്ഷേ നമ്മുടെ നാടും നഗരവും നശിപ്പിക്കാൻ അവൻ അയക്കപ്പെട്ടതാകാം.

801. യുദ്ധത്തിൽ രാജാക്കന്മാർ വിജയിക്കുന്നു. സാത്താനെ പ്രാർഥനയാൽ ജയിക്കുവിൻ! അതുകൊണ്ട് അവനുമായി പോരാട്ടം നടത്താൻ നിങ്ങളുടെ സൈന്യം ഇറങ്ങിത്തിരിക്കട്ടെ. നിങ്ങൾ അണിഞ്ഞ പടച്ചട്ട ഉരിഞ്ഞ് ദൂരെ എറിയുവിൻ! അനുതാപവസ്ത്രം കൊണ്ട് അവനെതിരെ ആയുധം ധരിക്കുവിൻ! നിങ്ങളുടെ വില്ലൊടിച്ച് ദൂരെ എറിയുവിൻ! നിങ്ങൾ പ്രാർഥനയിൽ അഭയം തേടുവിൻ!

809. ബലഹീനവാളിനെ നിന്ദിക്കുവിൻ; വിജയിയായ ഉപവാസം നിങ്ങൾക്കായി തെരഞ്ഞെടുക്കുവിൻ. എന്തുകൊണ്ടെന്നാൽ ഉപവാസതീവ്രത നമ്മുടെ നഗരത്തിലെ അദൃശ്യപാപങ്ങൾ വെട്ടിമാറ്റുന്നു. നിങ്ങൾ യുദ്ധത്തിൽ നിന്നെത്തിച്ച വിജയം ഒന്നുമല്ല. ഇവിടെ നാം വിജയിച്ചാൽ, അത് നമ്മുടെ എല്ലാ വിജയങ്ങളേക്കാളും വലുതായിരിക്കും. യുദ്ധങ്ങളിലും വേട്ടകളിലും ഞാൻ എപ്പോഴും ഒന്നാമനായി കടന്നു വന്നതുപോലെ, ഈ കഠിന പോരാട്ടത്തിലും ഒന്നാമനാകാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് എന്റെ വത്സല പോരാളികളേ, എന്റെ ദൃഷ്ടാന്തം അനുകരിച്ച് ആയുധം ധരിക്കുവിൻ.

**രാജാവും സൈന്യവും അനുതാപ വസ്ത്രത്തിൽ യാക്കോബും ഏശാവുമായി താരതമ്യപ്പെടുത്തി. അനുതാപത്തിന് അറിയിപ്പുകാർ വിളിച്ചു പറയുന്നു.**

823. രാജാവ് എഴുന്നേറ്റ് തന്റെ വസ്ത്രം മാറ്റി; എല്ലാവരും അവന്റെ ദൃഷ്ടാന്തം അനുകരിച്ചു. രാജാവ് വേഗത്തിൽ അനുതാപവസ്ത്രം ധരിച്ചു. അവന്റെ സൈന്യം അവനെപ്പോലെ കറുത്തു. ശോഭയുള്ള അസ്സീറിയാക്കാർ പെട്ടെന്ന് എത്യോപ്യക്കാരെപ്പോലെയായി. അനുതാപവസ്ത്രം ധരിച്ചതിനാൽ, യാക്കോബിന്റെ മാതൃകയിൽ അവർ രോമമുള്ളവരായി. അവർ ഇതിൽ യോനായെ കബളിപ്പിക്കുകയും അനുതാപത്തിലൂടെ വിജയം ഉറപ്പാക്കുകയും ചെയ്തതിനാൽ, ശിഷ്യനായ ഏശാവിനെപ്പോലെ ഗുരുവായ സാത്താൻ പരാജിതനായി. ശിഷ്യരായ ഇവരാകട്ടെ, ഗുരുവായ യാക്കോബിനെപ്പോലെ വിജയിച്ചു.



837. രാജാവ് തന്റെ സൈന്യാധിപന്മാരെ വിളിച്ചു. അവൻ ഇറങ്ങി പാളയം സുസജ്ജമാക്കി. അറിയിപ്പുകാർ ഇപ്രകാരം ഉച്ചത്തിൽ വിളംബരം ചെയ്തു: എല്ലാവരും അനുതാപികളാകണം. അശുദ്ധി നമ്മെ യുദ്ധത്തിൽ തന്നെ പരാജയപ്പെടുത്താതിരിക്കാൻ, അശുദ്ധൻ തന്റെ അശുദ്ധി ഉരിഞ്ഞു കളയട്ടെ. യുദ്ധത്തിൽ അമ്പരപ്പ് ഉണ്ടാകാതിരിക്കാൻ, അത്യാർത്തിയുള്ളവൻ തന്റെ അത്യാർത്തി ദൂരെ എറിയട്ടെ. നീതിപൂർവം ദൈവത്തെ അനുരഞ്ജിപ്പിക്കാൻ, കോപപ്രിയൻ തന്റെ സഖിയുമായി അനുരഞ്ജിതനാകട്ടെ. രക്ഷയ്ക്ക് തടസ്സം ഉണ്ടാകാതിരിക്കാൻ, ക്രോധം ഹൃദയത്തിൽ ഭരണം നടത്താതിരിക്കട്ടെ. നഗരം സ്നേഹത്തിലൂടെ അനുഗ്രഹം പ്രാപിക്കാൻ, വായുടെ ശാപമോ, പരിഹാസമോ ഉണ്ടാകരുത്. നമുക്കെതിരെ ഉണ്ടായ ശിക്ഷാവിധി നീതിപൂർവം നടപ്പാകാതിരിക്കാൻ, ആരും അടിച്ചമർത്തുകയോ, മുതലെടുക്കുകയോ ചെയ്യരുത്. ആരും ശപഥം ചെയ്യുകയോ, നുണ പറയുകയോ അരുത്. നമ്മുടെ നിലവിളിക്ക് ഒരു തടസ്സവും ഉണ്ടാകാതിരിക്കാൻ, നമുക്ക് നമ്മുടെ ഹൃദയബന്ധനങ്ങൾ പൊട്ടിക്കാം.

857. ക്ഷമിക്കൽ നമ്മുടെ നാട്ടിൽ വർധിക്കുന്നതിന്, ദുഷ്കൃത്യത്തിന് പ്രതികാരം ചെയ്യാൻ ആരും തുനിയരുത്. ഇതും ഇതുപോലുള്ളതുമായ കാര്യങ്ങൾ അറിയിപ്പുകാർ മഹാനഗരത്തിൽ വിളിച്ചുപറഞ്ഞു. രാജാവ് ദുഃഖവിവശനായി അവിടെ നിൽക്കുകയും തന്റെ സൈന്യത്തെ ശ്രദ്ധാപൂർവം നിരീക്ഷിക്കുകയും ചെയ്തു. അവൻ തന്റെ സൈന്യത്തിന് ഉപവാസം പ്രഖ്യാപിച്ചു. തന്റെ സൈന്യത്തിന് ഒരു മഹനീയ പടച്ചട്ട നൽകി. പൂർണമായി രക്ഷ പ്രദാനം ചെയ്യുന്ന പരിചയായ പ്രാർഥനയ്ക്ക് അവൻ അവരെ ക്ഷണിച്ചു. വില്ലായ എളിമ പ്രഖ്യാപിച്ചു. അതിന്റെ അമ്പുകൾ വിജയിക്കുന്നവയത്രേ. സജീവ സ്നേഹമാകുന്ന വാളിലേക്ക് അവൻ അവരെ നയിച്ചു. അത് പിടിക്കുന്നവരെ അത് സന്തോഷിപ്പിക്കുന്നു.

**രാജാവിന്റെയും ജനത്തിന്റെയും മാതൃക**

871. രാജാവ് ഇപ്രകാരം തന്റെ സൈന്യത്തെ വിളിച്ചുകൂട്ടുകയും സശ്രദ്ധം ഒരുക്കുകയും ചെയ്തശേഷം ആരും ഒഴിവാകാതെ ജനം മുഴുവൻ രക്ഷയ്ക്കായി പോരാടാൻ, സ്ത്രീപുരുഷന്മാരെ ഒരുപോലെ ഒരുക്കാനായി നഗരത്തിലേക്കു തിരിഞ്ഞു. തന്റെ അനുതാപവസ്ത്രംകൊണ്ട് അവൻ ദൃഷ്ടാന്തം നൽകി. അവൻ നഗരത്തിന് അനുതാപവസ്ത്രം എന്ന ആയുധം നൽകി. നായാട്ടുവീരനും മല്ലനുമായ നിംറോദിന്റെ വംശജനായിരുന്നു അവൻ.

881. അവൻ വന്യമൃഗവേട്ട ഉപേക്ഷിച്ചു; ദുരാശയെ നിഗ്രഹിച്ചു. താൻ കൊന്നിരുന്ന ഹിംസ്രജന്തുക്കൾക്കു പകരം തന്നിലുള്ള നിന്ദ്യതയെ അവൻ നിഗ്രഹിച്ചു. വനത്തിലെ വേട്ടമൃഗങ്ങൾക്കു പകരം നഗരത്തെ പാപങ്ങളിൽ നിന്ന് വെടിപ്പാക്കി. മൃഗങ്ങളെ വെറുതെ വിട്ടു. തന്റെ ഉള്ളിലെ അനീതിയെ നിഗ്രഹിച്ചു.

889. അവൻ ഘോരസർപ്പത്തിന്റെ ഉഗ്രവിഷത്തെ നിന്ദിച്ചു; ഉപവാസത്തിലൂടെ തന്റെ ചിന്തയ്ക്ക് മാധുര്യം നൽകി. അലംകൃത വാഹനത്തിനു പകരം അവൻ കാൽനടയായി നഗരം സന്ദർശിച്ചു. ജനത്തെ അനുതാപത്തിന് ഉത്തേജിപ്പിക്കാൻ, അവൻ ജനം മുഴുവനെയും സന്ദർശിച്ചു. തെരുവുകളിലെ മലിനത കഴുകിക്കളയാൻ, രാജാവ് അവയിലൂടെ നടന്നു. അവൻ വിനീതനായി നടന്ന്, വിറങ്ങലിച്ച നഗരത്തെ ആശ്വസിപ്പിച്ചു. അവന്റെ വിനീതകാലടികളാൽ, അവൻ തെരുവുകളിൽ ശാന്തി വിതച്ചു.

**എബ്രായർക്കെതിരെയുള്ള ആദ്യത്തെ ഹൃസ്വപരാതി**

901. യോനാ കാണുകയും അവനെ വിസ്മയം പിടികൂടുകയും ചെയ്തു. തന്റെ ജനത്തിന്റെ മക്കൾ അവനെ ലജ്ജിപ്പിച്ചു. നിനിവെക്കാരിൽ നന്മയുടെ വിജയം അവൻ കണ്ടു; എന്നാൽ അബ്രഹാമിന്റെ പിൻതലമുറയെപ്പറ്റി അവന് കരയേണ്ടിവന്നു. കനാന്റെ പിൻതലമുറ സത്യസന്ധരാണെന്നും അബ്രഹാമിന്റെ വിത്ത് വിവേകമില്ലാത്തവരാണെന്നും അവൻ കണ്ടു. അഗ്രചർമികൾ എങ്ങനെ തങ്ങളുടെ ഹൃദയം മുറിച്ചെന്നും പരിച്ഛേദിതർ തങ്ങളുടെ ഹൃദയം കഠിനമാക്കിയെന്നും അവൻ കണ്ടു.

909. സാബത് ആചരിക്കാതെ വിജാതിയർ എങ്ങനെ കൽപ്പനകൾ പാലിക്കുന്നെന്ന് അവൻ കണ്ടു. സാബത് കൂടാതെ രക്ഷയുണ്ടായി; പരിച്ഛേദനം കൂടാതെ വിജയമുണ്ടായി. സാബതിനെപ്പറ്റി പൊങ്ങച്ചം പറഞ്ഞിരുന്ന തന്റെ ബന്ധുജനത്തെ യോനാ നിന്ദിച്ചു. മരണത്തിനും ജീവനും ഇടയ്ക്ക് പരിച്ഛേദനം വച്ചതിനും അവൻ അവരെ നിന്ദിച്ചു.

921. നാട് സന്ദർശിക്കുകയും പറ്റിയ മരുന്ന് എന്താണെന്ന് അറിയുകയും ചെയ്ത ഒരു വൈദ്യനായിരുന്നു അവൻ. ശ്രേഷ്ഠമരുന്നായ ഉപവാസം നഗരരോഗം സുഖപ്പെടുത്തി. ചാക്കും ചാരവും കൊണ്ട് അവൻ നഗരത്തിൽ നിന്ന് പാപം ഓടിച്ചുകളഞ്ഞു. ജനങ്ങൾ കടങ്ങളിൽ നിന്ന് വിമുക്തരായപ്പോൾ, നല്ലവനായ ദൈവം പാപമോചനം വർധിപ്പിച്ചു.

929. അവർ വീട്ടിയ മുതലും പലിശയുംകൊണ്ട് നാടും നഗരവും രക്ഷപെട്ടു. യോനാ പാപകടം തേടി, ഉപവാസം പാപം മോചിച്ചു. നിനിവെക്കാർ ഒന്നിച്ചു പ്രവർത്തിക്കുകയും എങ്ങനെ തുടർന്നു ജീവിക്കാൻ കഴിയുമെന്ന് കാട്ടിക്കൊടുത്ത ഉപദേശം സ്വീകരിക്കുകയും ചെയ്തു. ദൈവത്തെ നിരപ്പാക്കാൻ കഴിയുന്നതിന് ജനങ്ങളെല്ലാം കൂടി ഉടമ്പടി ഉണ്ടാക്കി. ഉപവാസം ദൈവികന്യായവിധി നീക്കിക്കളയുമെന്ന് ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങൾ നിനിവെക്കാർക്ക് ആരാണ് ചോർത്തിക്കൊടുത്തത്?

941. യോനാ രഹസ്യം ചോർത്തിക്കൊടുത്തില്ല. കാരണം പാപമോചനം സംബന്ധിച്ച് അവൻ ഭയപ്പെട്ടിരുന്നു. നിനിവെക്കാരുടെ മേലുള്ള ന്യായവിധി ഉറച്ചുനിലനിൽക്കുമെന്ന് യോനാ അവരോട് പ്രസംഗിച്ചു. അവർ യോനായുടെ സ്വരത്തെ വിശ്വസിച്ചതിനാൽ, അവന്റെ വിധിവാചകം ശ്രദ്ധിച്ചു. കാരണം, മനുഷ്യൻ മനുഷ്യനാണെന്നും ദൈവം കാരുണ്യവാനാണെന്നും വിവേകികൾ എന്ന നിലയിൽ അവർ ദൈവത്തിന്റെയും മനുഷ്യരുടെയും നിഗൂഢസ്വഭാവം കണ്ടു. പ്രവാചകൻ കർക്കശക്കാരനാണെന്ന് അവർ കണ്ടു. അതിനെതിരെ ദൈവം നല്ലവനാണെന്ന് അവർ തിരിച്ചറിഞ്ഞു.



953. കർക്കശക്കാരനോട് അവർ തർക്കിച്ചില്ല; കാരുണ്യവാനെ അവർ നിരപ്പാക്കി. അവർ പ്രവാചകന് നീതിയും ദൈവത്തിന് കൃപയും നൽകി. യോനാ പ്രതീക്ഷ നശിപ്പിച്ചപ്പോൾ, ഉപവാസം അതു വളർത്തി. യോനാ ഹൃദയം തകർത്തപ്പോൾ, പ്രാർഥന അതിനു താങ്ങായി. ക്രോധം ഉയർന്നപ്പോൾ അനുതാപ വസ്ത്രത്തിലൂടെ അതിന്റെ ശക്തി നഷ്ടപ്പെട്ടു. കറുത്ത മേഘം ആകാശം മൂടി; അനുതാപ വസ്ത്രത്തിന്റെ കറുപ്പിലൂടെ അതു നീങ്ങിപ്പോയി.

965. അവിടെ അന്തരീക്ഷം മങ്ങിയിരുന്നു; അനുതാപത്തിലൂടെ അത് വീണ്ടും തിളങ്ങി. കുലുങ്ങിക്കൊണ്ടിരുന്ന ധരയുടെ തൂണുകളെ സംശുദ്ധത താങ്ങിനിർത്തി. നഗരം കുലുങ്ങി വീഴുമെന്ന നിലയായി; ദാനധർമം അതിനെ നേരേ നിർത്തി. പാപം പെരുക്കിയ മാമോൻ കൊണ്ട് കടങ്ങൾക്ക് പ്രായശ്ചിത്തം ചെയ്തു.

973. ഉപവസിക്കാനും പ്രാർഥിക്കാനും പഠിച്ചതിനാൽ, മാതൃഉദരത്തിലെ ശിശുക്കൾ സംരക്ഷിക്കപ്പെട്ടു. വൃദ്ധർ തങ്ങളുടെ ചാക്കുവസ്ത്രത്തിൽ ഉറക്കെ നിലവിളിച്ചു; അവരുടെ ജീവിതകാലം നീട്ടിക്കിട്ടി. പ്രേമബദ്ധരായ യുവമിഥുനങ്ങൾ സങ്കടത്തോടെ കരഞ്ഞതിനാൽ, അവരുടെ വിവാഹകിരീടം സംരക്ഷിക്കപ്പെട്ടു. മണവാട്ടികൾ ദുഃഖം ധരിച്ചതിനാൽ, മണവറയിലേക്ക് തിരികെ ആനയിക്കപ്പെട്ടു.

**അനുതാപ ദുഃഖത്തിൽ കഴിഞ്ഞ നഗരത്തിന്റെ വർണന**

981. വെള്ളം കിട്ടാതെ മൃഗങ്ങളുടെ വ്യത്യസ്ത കൂട്ടങ്ങൾ ഒച്ചവച്ചു. മനുഷ്യരിൽ നിന്നും മൃഗങ്ങളിൽ നിന്നും എല്ലാ സാധ്യതാസ്വരത്തിലും ഒച്ചയുണ്ടായി. ദൈവികനീതി അവരുടെ നിലവിളി കേട്ടു. കൃപ നഗരത്തെ സംരക്ഷിച്ചു. യോനാ നിശ്ചയിച്ച ദിവസത്തിനു മുമ്പ് ഭീതി വർധിച്ചു. ഇടതടവില്ലാതെ നിലവിളി, ഉപവാസത്തിനുമേൽ ഉപവാസം, ചാക്കുവസ്ത്രം ഇരട്ടിയായി, അവരുടെ മേലുള്ള ചാരം വർധിച്ചു.

993. അനുതാപക്കണ്ണീർ കൂടാതെ അവിടെ ഒരു നയനവും ഉണ്ടായിരുന്നില്ല. കരുണയ്ക്കുള്ള നിലവിളി കൂടാതെ ഒരു നാവും അവിടെ മൂകമായിരുന്നില്ല. മറ്റൊന്നിനെക്കുറിച്ചും അവിടെ ഉച്ചത്തിലുള്ള നിലവിളി കേട്ടില്ല. എല്ലായിടത്തു നിന്നും കരച്ചിലും നിലവിളിയും വന്നു. പ്രകാശമുള്ള മുഖവും

ചിരിക്കുന്ന വായും അവിടെ കണ്ടില്ല. കാരണം, എല്ലാവരും ദുഃഖിതരും നിലംപറ്റെ കിടന്നവരുമായിരുന്നു.

1005. അവർ ഓരോ മണിക്കൂറിലും അനുതാപപൂർവം പുതുതായി കണ്ണീരൊഴുക്കി. അനുദിനം എല്ലാത്തരം ദാനധർമങ്ങളും അവിടെ ഉണ്ടായി. അവിടെ എല്ലാത്തരം പ്രാർഥനകളും ഉണ്ടായിരുന്നു. അനുദിനം സഹായാഭ്യർഥന ദൃശ്യമായിരുന്നു. ഈ സമാശ്വാസത്തിന്റെ ഉറവ അനുകമ്പയാലാണ് തുറക്കപ്പെടുക. പുരുഷന്മാരും സ്ത്രീകളും ഇടതടവില്ലാതെ അടക്കമൊതുക്കത്തിൽ തങ്ങളെത്തന്നെ പൊതിഞ്ഞു.

1017. കലക്കൽ കൂടാതെയുള്ള വെടിപ്പ് ഉപവാസകർ കാത്തുസൂക്ഷിച്ചു. തങ്ങളുടെ ഇടയിലുള്ള മൈത്രിയിൽ തങ്ങളുടെ നാവിന്റെ വാക്കുകൾ അവർ മധുരമുള്ളതാക്കി. അവർ ഐകമത്യത്തിലും തുല്യതയിലും അവയവങ്ങളെപ്പോലെ ഒത്തുചേർന്നിരുന്നു. കൃപയും താണിറങ്ങിവന്ന് അവരുടെ മേൽ കാരുണ്യം വർഷിക്കാൻ തുടങ്ങി.

1025. യുവാക്കളുടെ ഇടയിൽ സ്നേഹം; പുരുഷന്മാരുടെയും അയൽക്കാരുടെയും ഇടയിൽ സത്യം; പിണങ്ങിപ്പിരിഞ്ഞവരുടെ ഇടയിൽ യോജിപ്പ്; അവരുടെ സ്ത്രീകളുടെ ഇടയിൽ രമ്യതയും സഹായക മൗനവും; വൃദ്ധരുടെ ഇടയിൽ അനുരഞ്ജനവും സഹായകോപദേശവും; യുവാക്കളുടെ ഇടയിൽ വെടിപ്പ്; യുവതികളുടെ ഇടയിൽ സംശുദ്ധത; ദാസികളുടെയും നാഥകളുടെയും ഇടയിൽ തുല്യത; നിന്ദ്യമായ നോട്ടം സംബന്ധിച്ചും അതുപോലെ. അവിടെ പിന്നെ വെപ്പാട്ടികൾ ഉണ്ടായിരുന്നില്ല. ക്രോധവിധിയിലൂടെ അസൂയ വിഴുങ്ങപ്പെട്ടു.

1041. രാജാവും സേവകനും ഒരുപോലെ നിഷ്പാദുകരായി നടന്നു. ധനികർക്കും ദരിദ്രർക്കും താഴ്മയുടെ അപ്പം ഒരുപോലെ ആയിരുന്നു. യജമാനനും ദാസനും ഒരേയൊരു പാനീയം മാത്രം കുടിക്കാൻ ലഭിച്ചു. ദിവസക്കൂലിക്കാരന്റെയും സമ്പന്നന്റെയും വസ്ത്രം തുല്യമായിരുന്നു. അനുതാപമെന്ന ഒരേയൊരു നുകത്തിൻ കീഴിൽ നഗരം മുഴുവൻ മുന്നോട്ടോടി. രക്ഷ ലഭിക്കാനായി അവർ ഒരു ശുശ്രൂഷ മാത്രം ചെയ്തു.

## തീരുമാനദിനം അടുത്തു; യോനാ തന്റെ ഇരിപ്പിടത്തിൽ

1053. വിവിധ സ്വരങ്ങളിലുള്ള നിലവിളികൾ അവിടെ അനുദിനം ഉച്ചത്തിൽ ഉണ്ടായി. വേദനിക്കുന്ന വിവിധ വിഭാഗക്കാരുടെ ഞരക്കം അവിടെ അനുദിനം കേൾക്കാമായിരുന്നു. ഞെരുക്കം അനുഭവിക്കുന്ന വിവിധ വിഭാഗക്കാരുടെ ഉച്ചത്തിലുള്ള നിലവിളി അവിടെല്ലാം കേൾക്കാമായിരുന്നു. എല്ലാ രീതിയിലുമുള്ള കുലുക്കത്താൽ നഗരം സംഭ്രമിച്ചു. ഭയം നിമിത്തമുള്ള അമ്പരപ്പിൽ നഗരം മുഴുവൻ വിറച്ചു. മുൾക്കൊമ്പിലെ പറവയെപ്പോലെ നഗരം



അവിടെ ഭയത്തിൽ കഴിഞ്ഞു. അത് വിറയ്ക്കുകയും കാറ്റടിക്കുമ്പോൾ തണ്ടെന്നപോലെ ആടുകയും ചെയ്തു.

1073. നഗരം മുഴുവൻ നഗരകവാടത്തിൽ മുട്ടി. യോനാ ദിവസങ്ങളും നിനിവെക്കാർ തങ്ങളുടെ കടങ്ങളും എണ്ണിക്കൊണ്ടിരുന്നു. യോനാ രാത്രികളും നിനിവെക്കാർ തങ്ങളുടെ ദുഷ്കർമങ്ങളും എണ്ണി. നിനിവെക്കാർ ആറാഴ്ചക്കാലം കരഞ്ഞും ഉറക്കമിളച്ചും നിലവിളിച്ചും അധ്വാനിച്ചു. യോനാ തന്റെ ഇരിപ്പിടത്തിൽ ഇരുന്നു. നിനിവെക്കാർ നഗരത്തിൽ കരഞ്ഞു. യോനാ അവരുടെ കണ്ണുനീർ കണ്ടു. അവരുടെ ഉപവാസത്തിന്റെ മുമ്പിൽ അവൻ വളരെ ഭയപ്പെട്ടു. യോനാ ആവണക്ക് ചെടിയുടെ തണൽ അനുഭവിച്ചു. അവർ കഠിന ചൂടാൽ പീഡിപ്പിക്കപ്പെട്ടു. അവന്റെ ചെടി കാറ്റിൽ നിന്ന് അവനെ സംരക്ഷിച്ചു; ദൈവത്തിന്റെ വലത്തുകൈ നിനിവെക്കാരുടെ മേൽ നിഴൽ വീഴ്ത്തി.

## എബ്രായർക്കെതിരെയുള്ള രണ്ടാമത്തെ കുറ്റാരോപണം

1089. അത്യുന്നതന്റെ പക്കലേക്ക് അവരുടെ ആത്മാക്കൾ വെള്ളം പോലെ ഒഴുകുന്നത് അവൻ കണ്ടു. കുട്ടികൾ ഉപവസിച്ചുകൊണ്ട് പൂഴിയിൽ കിടക്കുന്നത് അവൻ കണ്ടു. കുട്ടികൾ കരയുന്നതും പശുക്കുട്ടികളും ആട്ടിൻകുട്ടികളും അലയ്ക്കുന്നതും അവൻ കേട്ടു. തങ്ങളുടെ സ്നേഹം തങ്ങളുടെ കുഞ്ഞുങ്ങളിലേക്ക് ഒഴുക്കുന്ന അമ്മമാരെയും അവൻ കണ്ടു. അമ്മമാരുടെ കണ്ണീരാൽ കുഞ്ഞുങ്ങളുടെ മടി നനഞ്ഞു. തന്റെ ജനത്തിലെ വൃദ്ധന്മാർ വിഷയാസക്തർ ആയിരിക്കുമ്പോൾ, ഇവിടെ വൃദ്ധന്മാർ കരയുന്നത് അവൻ കണ്ടു.

1101. നിനിവെയെ ദുഃഖത്തിലും സെഹിയോനെ കാമാർത്തിയിലും അവൻ കണ്ടു. അവൻ അസ്സീറിയായെ കാണുകയും അഹങ്കാരിയായ ജറുസലേമിനെ അവന് വളരെയധികം നിന്ദിക്കേണ്ടി വരികയും ചെയ്തു. അശുദ്ധരായ സ്ത്രീകൾ എങ്ങനെ സംശുദ്ധരായെന്നും തന്റെ ജനത്തിലെ സ്ത്രീകൾ എങ്ങനെ മലിനരായെന്നും അവൻ കണ്ടു. നിനിവെയിൽ മന്ത്രവാദികൾ എങ്ങനെ ശാന്തരായി സത്യം പഠിച്ചെന്ന് അവൻ കണ്ടു. നുണയരായ പ്രവാചകന്മാർ സെഹിയോനിൽ എങ്ങനെ വഞ്ചന നിറഞ്ഞവരാണെന്നും അവൻ കണ്ടു. വിജാതിയർ എത്ര പരസ്യമായി വിഗ്രഹങ്ങൾ തകർത്തെന്ന് അവൻ കണ്ടു. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ മുറികളിൽ വിഗ്രഹാരാധന നിറഞ്ഞിരിക്കുന്നെന്ന് അവൻ നോക്കിക്കണ്ടു.

1115. വിജാതിയരുടെ ഭാഗത്തുനിന്ന് ആ എബ്രായനെ പരിശോധനാവിധേയനാക്കിയിരുന്നു: ഒരു വിജാതിയ പുരോഹിതൻ മോശയെയും ഒരു വിജാതിയ വിധവ ഏലിയാായെയും സ്വീകരിച്ചു. ദാവീദിനെ ശൗൽ പീഡിപ്പിച്ചപ്പോൾ, വിജാതിയർ ബഹുമാനിച്ചു. അയക്കപ്പെട്ട ആ അറിയിപ്പുകാരൻ അസത്യവാനായി തെളിയിക്കപ്പെടുമോയെന്ന് അവൻ ഭയപ്പെട്ടു. കാരണം,

താൻ പ്രഘോഷിച്ച നാശം അനുതാപത്തിലൂടെ നീക്കപ്പെടുമെന്ന് അവനറിയാമായിരുന്നു. വിജാതിയ പുത്രിമാർ എങ്ങനെ തങ്ങളുടെ പിതാക്കന്മാരുടെ വിഗ്രഹങ്ങൾ തള്ളിപ്പറഞ്ഞെന്ന് അവൻ കണ്ടു. തമൂസ്സിനെപ്രതി വിലപിച്ച, തന്റെ ജനത്തിന്റെ പുത്രിമാരെപ്രതി അവൻ കരഞ്ഞു (എസ.8,15).

1129. നിനിവെയിൽ കുറി, ശകുനം, ജാതകം എന്നിവയുടെ സ്വാധീനം ഇല്ലാതായെന്ന് അവൻ കണ്ടു. എന്നാൽ യൂദയായിൽ മന്ത്രവാദികളും കൽദായരും ചുറ്റിക്കറങ്ങുന്നത് അവൻ കണ്ടു (2ദിന.28,24). അസ്സീറിയായിൽ പുരോഹിതന്മാർ തങ്ങളുടെ സ്വന്തം കൈകളാൽ ബലിപീഠങ്ങൾ തട്ടിമറിച്ചത് അവൻ കണ്ടു. സെഹിയോനിൽ ഓരോരുത്തരും താന്താങ്ങളുടെ വാതിലിനു മുമ്പിൽ ബലിപീഠം പണിതത് അവൻ കണ്ടു (ജറ.1,13).

1137. നിനിവെ മുഴുവൻ ഒരു സഭയായി ഒന്നിച്ചുകൂടിയത് യോനാ കണ്ടു. നിനിവെയുടെ മടി വെണ്മയുള്ളതായിരുന്നു; അതിൽ ഉപവാസം പ്രശോഭിച്ചു. സെഹിയോനിലെ വിശുദ്ധാലയം അവർ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു (മർക്കോ.11,17). നിനിവെ രാജാവ് ദൈവത്തെ ആരാധിക്കുന്നത് യോനാ കണ്ടു. ജറോബോവാം കാളക്കുട്ടിയെ ആരാധിക്കുന്നത് അവൻ കണ്ടു (1രാജാ.12,28). നിനിവെക്കാർ കരഞ്ഞു നിലവിളിച്ചുകൊണ്ട് തങ്ങളുടെ കുഞ്ഞുങ്ങളെ ദൈവസമക്ഷം സമർപ്പിച്ചു. എബ്രായർ തങ്ങളുടെ പുത്രന്മാരെ പിശാചുക്കൾക്ക് അർപ്പിക്കുകയും തങ്ങളുടെ പുത്രിമാരെ ബലികഴിക്കുകയും ചെയ്തു (സങ്കീ.106,38). നിനിവെക്കാർ ഉപവാസത്തോടുകൂടെ ദൈവത്തിന് തങ്ങളുടെ കണ്ണീരർപ്പിച്ചു. അതിനു പകരം എബ്രായർ തങ്ങളുടെ വീഞ്ഞ് വിഗ്രഹങ്ങൾക്ക് അർപ്പിച്ചു.

1155. നിനിവെക്കാരിൽ നിന്ന് അനുതാപസൂചകമായ കാറ്റടിച്ചു. സെഹിയോനിൽ വിഗ്രഹാർപ്പിത ധൂപത്തിന്റെ ഗന്ധമടിച്ചു. ആ ജനം പ്രത്യാശ നശിപ്പിച്ചു; വിജാതിയർക്ക് അത് വളർന്നുവന്നു. യൂദർക്ക് സുഖസമൃദ്ധമായ ജീവിതം; നിനിവെക്കാർക്ക് തന്നെത്താൻ താഴ്ത്തൽ! യൂദയായിൽ പരസ്യമായ വഞ്ചന, നിനിവെയിൽ മഹാദുഃഖം.

**നാശദിനമെത്തി; നിനിവെക്കാർ ജീവിതത്തിൽ നിന്ന് വിട പറയുന്നു.**

1165. ജീവിച്ചിരിക്കുന്നവർ മരിച്ചവരെപ്രതി കരയുന്നു; നിനിവെക്കാർ ജീവിച്ചിരിക്കുന്നവരെപ്രതി കരഞ്ഞു. ഓരോരുത്തരും താന്താങ്ങളുടെ മകനെപ്രതി കരയുകയും ബന്ധുക്കളെപ്രതി നിലവിളിക്കുകയും ചെയ്തു. കരച്ചിലും എളിമപ്പെടുത്തലും നിമിത്തം സ്ത്രീകളുടെ സൗന്ദര്യം മങ്ങി. ഓരോരുത്തരും താന്താങ്ങളുടെ അയൽക്കാരനെ ചുംബിക്കുകയും അവന്റെ നെഞ്ചിൽ ചാരി വീണ്ടും കരയുകയും ചെയ്തു.

1173. അവിടെ നിലനിന്നത് മഹാദുഃഖമായിരുന്നു; അവിടെ ഉയർന്നത് ഭീകരവേദന ആയിരുന്നു. കാരണം, ജീവിതമധ്യത്തിൽ ഭൂമിയിൽ ശവമായി



ത്തീരാൻ അവർ ക്ഷണിക്കപ്പെട്ടു. ദിവസങ്ങൾ ചുരുങ്ങിച്ചുരുങ്ങി വന്നപ്പോൾ കണ്ണീർപ്രവാഹമുണ്ടായി. സൃഷ്ടിയിലേക്ക് തിരിച്ചുവരവില്ലാതെ അന്ത്യത്തിലെത്തിയ മനുഷ്യർക്ക് അവർ സദൃശ്യരായി. നാശദിനമെത്തി, തകർച്ചാദിനമണഞ്ഞു. നഗരം മുഴുവൻ ഏകയോഗമായി ദുഃഖവും കരച്ചിലും നിലവിളിയുമായി.

1185. ധരയിലെ പൂഴി നനഞ്ഞു; തങ്ങളുടെ കണ്ണീരുകൊണ്ട് അവർ അതിനെ പുളിപ്പിച്ചു. സ്വത്തും അവകാശിയും ഒരുപോലെ നിലവിളിക്കാനായി, പിതാക്കന്മാർ മക്കളെ വരുത്തി തങ്ങളുടെ സ്വത്ത് അവരുടെ മുമ്പിൽ വച്ചു. വിവാഹനിശ്ചയം നടത്തിയവരെ കരഞ്ഞുകൊണ്ട് നിരയായി നിർത്തി. ഈ കാഴ്ചയിൽ ആരിലാണ് ജീവൻ നിലനിൽക്കുക! വധൂവരന്മാരെ മുമ്പിൽ നിർത്തി. അവരുടെ കരച്ചിലും കണ്ണീരും എല്ലാവരെയും ഇളക്കി.

1197. ആൺകുട്ടികളെയും പെൺകുട്ടികളെയും നിരനിരയായി നിർത്തി. അവരുടെ നിലവിളി സ്വർഗം വരെയെത്തി. അവർ തങ്ങളുടെ കുട്ടികളുടെ സൗന്ദര്യവും തങ്ങളുടെ മക്കളുടെ രൂപഭംഗിയും കണ്ടു. അവരുടെ കണ്ണുകൾക്കു മുമ്പിൽ ധര കുലുങ്ങി. അതു പൊട്ടിത്തെറിക്കുമെന്ന് അവർ കരുതി. അതൊരു കപ്പൽ പോലെ തോന്നി. കാരണം, അത് പാദത്തിനടിയിൽ അങ്ങോട്ടുമിങ്ങോട്ടും ആടിയുലഞ്ഞു.

1205. വൃദ്ധന്മാരും വൃദ്ധകളും അവിടെ നിന്നു; തങ്ങളെ സംസ്ക്കരിക്കണമെന്ന് അവർ ആഗ്രഹിച്ചവരും അവരോടൊപ്പം നിന്നു. തങ്ങളുടെ കണ്ണുകൾ കൂട്ടിയടച്ച് തങ്ങളെ സംസ്ക്കരിക്കണമെന്ന് അവർ ആഗ്രഹിച്ചവരെപ്പറ്റി അവർ ഉറക്കെ കരഞ്ഞു. തങ്ങളുടെ മരണത്തെക്കുറിച്ച് അവർ കരഞ്ഞു. കാരണം, തങ്ങളെ കുറിച്ച് കരയാനും തങ്ങളെ അടക്കാനും ആരുമില്ല. തങ്ങളുടെ കല്ലറയെ കുറിച്ച് അവർ കരഞ്ഞു. കാരണം, കുഴി വെട്ടാനും സംസ്ക്കരിക്കാനും ആരുമില്ല.

1213. തങ്ങളുടെ വസ്ത്രത്തെ കുറിച്ച് അവർ കരഞ്ഞു. കാരണം, തങ്ങളുടെ നഗ്നത മറയ്ക്കാൻ ആരുമില്ല. ഓരോരുത്തരും താന്താങ്ങളുടെ മരണചിത്രം തങ്ങളുടെ കണ്ണുകൾക്കു മുമ്പിൽ കയ്പ്പോടെ കൊണ്ടുവന്നു. തങ്ങളെ എന്ത് അന്ത്യത്തിലേക്കാണ് ക്ഷണിക്കുന്നതെന്ന ചിന്തയിൽ അവർ നിലവിളിച്ചു. ഏതുതരം മരണത്തിനായി ഒരുങ്ങുന്നതെന്നു ചിന്തിച്ച് ഓരോരുത്തരും ഭയവിഹ്വലരായി. ഭൂമി പിളരുമെന്ന് കേട്ടപ്പോൾ എല്ലാവരുടെയും ഹൃദയം തകർന്നു. ഭൂമി തകിടം മറിയുമെന്ന് കേട്ടപ്പോൾ അവരുടെ മുഖഭാവം മാറി.

1225. തങ്ങളുടെ ചാക്കുവസ്ത്രങ്ങളിന്മേൽ തങ്ങളുടെ കിരീടങ്ങൾ വച്ച് രാജാക്കന്മാരും രാജ്ഞിമാരും എഴുന്നേറ്റു. തങ്ങൾ നാളെ കാണുകയില്ലെന്ന് അവർ കരുതി. അവരുടെ മരണഭീതി ഇരട്ടിയായി. എല്ലാവരും പൂഴി വാരി

യെറിഞ്ഞ് ദൈവത്തെ വിളിച്ചു. എല്ലാവരും ഉച്ചത്തിൽ പ്രാർഥിച്ചു. അവരുടെ വായ്കൾ നിറയെ ചാരമായിരുന്നു. അവിടെ ഉയർന്നു നിലവിളിച്ചതു പോലെയുള്ള നിലവിളി ഉണ്ടായിട്ടില്ല. കയ്പ്പേറിയ ചാരം വീണ ചാക്കുവസ്ത്രം കൊണ്ട് മതിലുകൾ പൊതിയപ്പെട്ടിരുന്നു.

1237. പ്രകാശമുള്ള ദിവസത്തിലും ചാക്കുവസ്ത്രം നിമിത്തം അവിടെ ഇരുണ്ടിരുന്നു. അന്തരീക്ഷം മങ്ങി, ആകാശം ഇരുണ്ടു. മേഘം നീരാവി കൊണ്ട് നിറഞ്ഞിരുന്നു. അന്ധകാരം കട്ടി കൂടിയതും ഉഗ്രതരവുമായിരുന്നു. ഒച്ചപ്പാടിനുമേൽ ഒച്ചപ്പാടുണ്ടായി. ഇടിമുഴക്കത്തിനുമേൽ ഇടിമുഴക്കമുണ്ടായി. മിന്നലിനുമേൽ മിന്നലും ഭീതിയും വിറയലും ഉണ്ടായി. ധര തകിടം മറിയുമെന്നു കരുതി എല്ലാവരും അതിലേക്കു നോക്കി. പെട്ടെന്ന് എല്ലാം അവസാനിച്ച മനുഷ്യരെപ്പോലെ എല്ലാവരും പരസ്പരം അലമുറയിട്ടു. എല്ലാവരും തങ്ങളുടെ സഹോദരനെപ്രതി നിലവിളിച്ചു; തങ്ങളുടെ പ്രിയപ്പെട്ടവരെ പ്രതി കരഞ്ഞു.

1253. തന്റെ അയൽക്കാരന്റെ മുഖം കണ്ട് തൃപ്തി വരാനും തന്റെ സ്വരം അവനെ കേൾപ്പിക്കാനും ഒന്നിച്ചു പാതാളത്തിലേക്കു പോകാനും എല്ലാവരും അയൽക്കാരെ വിളിച്ചു. ദിവസം അവസാനിക്കാറായപ്പോൾ, പരസ്പരം ചേർത്തു പിടിച്ചുകൊണ്ടും കരഞ്ഞുകൊണ്ടും നിലവിളിച്ചു കൊണ്ടും എല്ലാവരും മരണത്തിന്റെ പടിവാതിൽക്കൽ വരെയെത്തി.

**രക്ഷ**

1261. ക്രോധവിധി യാഥാർഥ്യമാകേണ്ട നിരാശാദിനമെത്തി. ആറാഴ്ചയ്ക്കു ശേഷമുള്ള ആ രാത്രിയും കടന്നുവന്നു. ഏതു നാഴികയിലാണ് നഗരം തകർക്കപ്പെടുന്നത്, ഈ രാത്രിയുടെ ഏതു സമയത്താണ് അത് തകർക്കപ്പെടുന്നത് എന്ന് അവർ കരഞ്ഞുകൊണ്ട് ചിന്തിച്ചു. സന്ധ്യയ്ക്കാണോ അത് നശിക്കുന്നത്, അതോ രാവിലെയാണോ? കയ്പ്പേറിയ നിലവിളിസ്വരം രാത്രികാവലിന്റെ ഏതു സമയത്താണ് കടന്നുവരിക?

1273. സന്ധ്യയ്ക്ക് നഗരം നശിക്കുമെന്ന് അവർ കരുതി. സന്ധ്യയായി, അത് അവിടെ നിലനിന്നു. രാത്രിയിൽ അത് വിഴുങ്ങപ്പെടുമെന്ന് അവർ വിശ്വസിച്ചു. രാത്രിയായി, അത് കേടുകൂടാതെ നിലനിന്നു. ഇരുട്ടിൽ അത് നശിപ്പിക്കപ്പെടുമെന്ന് അവർ വിശ്വസിച്ചു. നാശം കൂടാതെ ഇരുട്ട് കടന്നുപോയി. പ്രഭാതത്തിൽ നാശം സംഭവിക്കുമെന്ന് അവർ വിശ്വസിച്ചു. പ്രഭാതമായി, അത് പ്രതീക്ഷ വർധിപ്പിച്ചു.

1281. നഷ്ടപ്പെട്ടെന്നു കരുതിയ സമയത്ത് അവർക്ക് പെട്ടെന്ന് രക്ഷയുണ്ടായി. എല്ലാവരും തങ്ങളുടെ അയൽക്കാരെപ്പറ്റി സന്തോഷിക്കുകയും തങ്ങളുടെ വത്സലരെ ആനന്ദപൂർവം ആശംസിക്കുകയും ചെയ്തു. നാൽപ്പതു ദിവസം അവിരാമമായി ധര കുലുങ്ങിക്കൊണ്ടിരുന്നു. യോനാ ദൂരെ നിൽക്കുകയും കള്ളപ്രവാചകനായി കാണപ്പെടുമെന്ന് ഭയക്കുകയും ചെയ്തു. നിരാശാനിമിഷത്തിൽ വിറയലും കുലുക്കവും നിലച്ചു. പ്രസാദാടയാള ദർശനത്തിൽ കാരുണ്യത്തിന്റെ സദ്വാർത്ത സമ്മാനിക്കപ്പെട്ടു.



1293. ഭൂമികുലുക്കം നിലച്ചു എന്ന ഈ അടയാളത്തിൽ അവർക്ക് സദ്വാർത്തയുണ്ടായിരുന്നു. ഇടിയും മിന്നലും നിലച്ചു; കണ്ണും കാതും സന്തോഷിച്ചു. അവരുടെ കണ്ണീർ കണ്ട നല്ലവൻ അവരുടെ ജീവിതത്തോടു കാരുണ്യം കാണിച്ചു. അവർ യഥാർഥത്തിൽ മരിച്ചില്ല; എന്നാൽ ജീവിതത്തിൽ മരണം രുചിച്ചു എന്നതിലാണ് അവരുടെ ദുരിതം നിലനിന്നത്.

1301. പരേതർ ഈ ആറാഴ്ചക്കാലം അവരേക്കാൾ മെച്ചപ്പെട്ടവരായിരുന്നു. അവർ ജീവനുള്ളവരായിരുന്നു, എന്നാൽ സംസ്കരിക്കപ്പെടാതെ ജീവശ്ശവങ്ങളായിത്തീർന്നു. ഒരു സഹോദരൻ തന്റെ സഹോദരന്റെ രൂപം തിരിച്ചറിയാതെ അവനെ അഭിമുഖീകരിച്ചു. ഒരാൾ തന്റെ സഖിയുടെ ആകൃതി തിരിച്ചറിയാതെ കടന്നുപോയി. കണ്ണിന് ഒരു ചിത്രത്തിൽ നിന്ന് മറ്റൊന്ന് വേർതിരിച്ചറിയാൻ കഴിയാഞ്ഞതുപോലെ, കാതിന് സ്വരങ്ങൾ തിരിച്ചറിയാനും കഴിഞ്ഞില്ല.

1313. പീഡനത്തിനു മുമ്പിൽ അവർ ഇരുണ്ട നിഴൽ പോലെയായി. കഠിനമായ ഉപവാസം നിമിത്തം അവർ കത്തിക്കരിഞ്ഞ തീക്കൊള്ളി പോലെയായി. ജാഗരണം കൊണ്ട് അവരുടെ ശരീരങ്ങൾ ഉരുകി. എല്ലും തോലും മാത്രം അവശേഷിച്ചു. നഗരം തകർക്കപ്പെടുമെന്ന് യോനാ കരുതിയ ദിവസം, അതേ സമയത്ത് അവർ നാശത്തിൽ നിന്ന് രക്ഷിക്കപ്പെട്ടു.

1323. മേഘവും നീരാവിയും പെട്ടെന്ന് വിഘടിച്ച് നീങ്ങിപ്പോയി. നിശ്ശബ്ദത കടന്നു വരികയും പ്രത്യാശ വളരുകയും മരിച്ച നഗരം വീണ്ടും ജീവൻ പ്രാപിക്കുകയും ചെയ്തു. യോനാ മഹാദുഃഖം ധരിച്ചു; നിനിവെക്കാർ മഹാസന്തോഷത്തിലുമായി. അന്തരീക്ഷം തെളിഞ്ഞതു കണ്ടപ്പോൾ, എല്ലാവർക്കും സദ്വാർത്ത ലഭിച്ചു. അവർ പ്രാർഥിക്കാൻ മുട്ടുകുത്തി, ആകാശത്തിലേക്ക് കരങ്ങളുയർത്തി. ക്രോധം ഉണ്ടായിരുന്നിട്ടും അനുതാപത്തിന്റെ ജീവശക്തി തങ്ങൾക്ക് തിരികെ നൽകിയവന് അവർ എല്ലാ വായ്കളിൽ നിന്നും കൃതജ്ഞതയും എല്ലാ നാവുകളിൽ നിന്നും കീർത്തനവും അർപ്പിച്ചു.

**തങ്ങളോടുകൂടെ സന്തോഷിക്കാൻ നിനിവെക്കാർ യോനായെ ക്ഷണിക്കുന്നു.**

1337. അവർ സ്വർഗത്തിൽ തങ്ങളുടെ കർത്താവുമായും ഭൂമിയിൽ അവന്റെ ദാസനായ യോനായുമായും അനരഞ്ജനപ്പെട്ടു. മത്തായിയുടെ മകനേ, ഞങ്ങൾക്ക് പുതിയ ജീവിതം നയിക്കാൻ കഴിഞ്ഞതിൽ നീ ഞങ്ങളോടൊത്തു സന്തോഷിക്കുക. ഞങ്ങൾക്കു സംഭവിച്ച ഈ സൗഭാഗ്യം നിന്നി

ലൂടെയാണ് ഞങ്ങൾ കണ്ടെത്തിയത്. നീ നുണ പറഞ്ഞില്ല. കാരണം, നീ ഞങ്ങളെ കടങ്ങളിൽ നിന്നു ജീവനിലേക്കു തിരിച്ചു.

1345. എന്തുകൊണ്ടെന്നാൽ ദൈവിക ഭണ്ഡാരത്തിൽ നിന്ന് ഞങ്ങൾക്ക് നല്ല പ്രത്യാശ സമ്മാനിച്ച അനുതാപത്തിന്റെ താക്കോൽ നിന്നിലൂടെ ഞങ്ങൾ കണ്ടെത്തി. ഓ, എബ്രായാ, ഞങ്ങളെല്ലാം നശിച്ചു പോയിരുന്നെങ്കിൽ, നിനക്ക് അതുകൊണ്ട് എന്തു നേട്ടമുണ്ടാകുമായിരുന്നു? ഓ, അറിയിപ്പുകാരാ, ഞങ്ങളെല്ലാം കൊല്ലപ്പെട്ടിരുന്നെങ്കിൽ, നിനക്കെന്തു പ്രയോജനം ഉണ്ടാകുമായിരുന്നു?

1353. ഓ, മത്തായിയുടെ മകനേ, ഞങ്ങൾ പാതാളത്തിൽ മൂകരായി പോയിരുന്നെങ്കിൽ, നിനക്കെന്തു നേട്ടം ലഭിക്കുമായിരുന്നു? ഇപ്പോൾ നിനക്ക് എന്തു നഷ്ടമാണുള്ളത്? ഞങ്ങളുടെ അനുതാപത്തിലൂടെ നീ പ്രശസ്തി കാംക്ഷിച്ചിരുന്നോ? ഞങ്ങളെ സുഖപ്പെടുത്തിയതിൽ നീ എന്തിനു വേദനിക്കുന്നു? ജനക്കൂട്ടം മുഴുവൻ നിനക്ക് നന്ദി പറഞ്ഞില്ലേ? ഞങ്ങളുടെ നഗരത്തെ നേടിയതിൽ നിന്റെ മുഖം കറുത്തിരിക്കുന്നത് എന്തിന്?

1361. അനുതാപികളിൽ വിജയിച്ച ജേതാവേ, നീ എന്തിന് ദുഃഖിതനായിരിക്കുന്നു? നീ തള്ളിയിടുന്നവനല്ല, താങ്ങുന്നവനായിരിക്കട്ടെ. നീ ഉന്നതങ്ങളിൽ മാലാഖമാർക്ക് സന്തോഷം നൽകി എന്നത് നിനക്ക് സന്തോഷം തരാൻ മതിയായതാണ്. ദൈവം സ്വർഗത്തിൽ സന്തോഷിക്കുന്നതിനാൽ, നീ ധരയിൽ സന്തോഷിക്കുക ഉചിതമാണ്. എല്ലാവരും ഇപ്പോൾ നിന്റെ ദൈവത്തെ ഏറ്റുപറയുന്നതിനാൽ, നിന്റെ മനസ്സ് ഉയരാൻ ഇടയാകട്ടെ. നഗരവും രാജാവും നിന്നെ ബഹുമാനിക്കന്നതിനാൽ, നിന്റെ ഉള്ള് സന്തോഷിക്കട്ടെ.

1373. രക്ഷിക്കപ്പെട്ട കുട്ടികളെ നോക്കുകയും അവരുടെ ജീവനുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക. സംരക്ഷിക്കപ്പെട്ട ശിശുക്കളെ നോക്കുകയും അവരുടെ ശിരസ്സിൽ നിന്റെ കൈ വയ്ക്കുകയും ചെയ്യുക. സംരക്ഷിക്കപ്പെട്ട നഗരത്തിൽ നിന്റെ അനുസ്മരണം നിലനിൽക്കാൻ അതിനെ നീ ആശീർവദിക്കുക. ഓ, യോനായേ, ഞങ്ങളുടെ നഗരത്തെ ആശീർവദിക്കുക. കാരണം, ഇപ്പോൾ മുതൽ അത് നിന്റെ നാമത്തിൽ വിളിക്കപ്പെടും.

1381. ഒരുപോലെ ആറാഴ്ച നിന്റെ വായ് ഭക്ഷണത്തിൽ നിന്ന് അകന്നുകഴിഞ്ഞു. ഉപവാസം അവസാനിപ്പിച്ച് നിന്റെ ദുഃഖം ഉരിഞ്ഞുകളയുക. ഓ, എബ്രായാ, നീ ഞങ്ങളോടൊത്ത് സന്തോഷിക്കുക. ഇതൊരു മഹാപെരുന്നാളാണ്. ഇതിന്റെ ഓർമ എല്ലാ തലമുറകളിലും നിലനിൽക്കും. ദുഃഖത്തെപ്പറ്റിയും ഞങ്ങളുടെ വിടുതലിനെപ്പറ്റിയും ഒരു തലമുറ അടുത്ത തലമുറയോട് വിവരിക്കും.



**ദൈവവുമായുള്ള യോനായുടെ ചർച്ച നിനിവെക്കാർ കേൾക്കുന്നു**

1389. ഇതും ഇതുപോലുള്ളതും ഇതിനേക്കാൾ കൂടുതലും അവർ അവനോടു സംസാരിച്ചു. യോനാ നഗരത്തിനു പുറത്ത് ഇരുന്നു. നഗരം മുഴുവൻ അവന്റെ പക്കലേക്ക് പുറപ്പെട്ടു. യോനാ ചോദ്യം ചോദിക്കുന്നതും അവനെ ചോദ്യം ചെയ്യുന്നതും അവർ കേട്ടു. പരിശുദ്ധാത്മാവ് യോനായുടെ വായിലൂടെ അവനെതിരായി അവനിൽ തർക്കിച്ചു. ദൈവത്തിന്റെ ഭാഗവും പ്രവാചകന്റെ ഭാഗവും എന്ന രണ്ട് റോളിൽ അവൻ തന്നിൽ സംസാരിച്ചു. തന്റെ ചെടിക്കും തനിക്കും തന്റെ കർത്താവിനും അവരുടെ നഗരത്തിനും വേണ്ടി പ്രവാചകൻ സംസാരിച്ചത് നഗരം മുഴുവൻ കേട്ടു. നഗരത്തെപ്രതി അവൻ തന്റെ കർത്താവിനോട് തർക്കിച്ചത് അവർ കേട്ടു.

1405. അവന്റെ വായിൽ നിന്ന് രണ്ടു കക്ഷികളുടെയും വാക്കുകൾ അവർ കേട്ടു. ഓ, എബ്രായക്കാരൻ വക്കീൽ! നീ രണ്ടു കക്ഷികൾക്കും വേണ്ടി വാദിക്കുന്നു. പ്രവാചകന്റെ സ്വരം ശ്രവിക്കാൻ അവർ കൂട്ടമായി വന്നു. ചെടി നശിപ്പിച്ചതിനാൽ തനിക്ക് വേദന ഉണ്ടെന്നും താൻ മരണം കാംക്ഷിക്കുന്നെന്നും ദൈവമുമ്പാകെ തന്റെ ഭാഷയിൽ അവൻ സംസാരിക്കുന്നത് അവർ കേട്ടു. അപ്പോൾ വീണ്ടും പരിശുദ്ധാത്മാവ് യോനായുടെ വായിലൂടെ അവനോട് പോരാടി. ദൈവിക ആളിനുവേണ്ടി അവന്റെ നാവ് അവനോടു പോരാടി. ദൈവം നഗരത്തിനുവേണ്ടി സംസാരിക്കുന്നത് അവന്റെ വായിൽ നിന്ന് അവർ ശ്രവിച്ചു.

1421. യോനാ, നീ അധ്വാനിക്കുകയോ, വളർത്തുകയോ ചെയ്യാതെ രാത്രിയിൽ മുളച്ചുവരികയും പിന്നെ വാടിപ്പോകുകയും ചെയ്ത ആ നിസ്സാര ചെടിയെക്കുറിച്ച് നീ വേദനിക്കുന്നെങ്കിൽ, നശിച്ചുപോയ ഈ ചെടിയുമായി, രക്ഷിക്കപ്പെട്ട ഈ നഗരം തുലനം ചെയ്യപ്പെടട്ടെ. ചെടി നിനക്ക് അധ്യാപിക ആകുകയും അതിൽ നിന്ന് നീ കാര്യം ഗ്രഹിക്കുകയും ചെയ്യുക. കാരുണ്യത്തിന്റെ മാധുര്യം അറിയാൻ, നിസ്സാര ചെടിയെ പരിശോധിക്കുക. നിനക്ക് ചെടിയോട് അനുകമ്പയുണ്ട്; എനിക്ക് നഗരത്തോടും.

1433. അനുതാപികളുടെ ഈ നഗരത്തിന് നിന്റെ ഇരിപ്പിടം നിനക്ക് കണ്ണാടിയാകട്ടെ. ധരയിൽ നീ നിനക്കായി ഇരിപ്പിടമുണ്ടാക്കി. നഗരങ്ങൾ നശിക്കാൻ, നീ ആഗ്രഹിക്കുന്നു. നിസ്സാരചെടി സംരക്ഷിക്കാനും മഹാനഗരം നശിക്കാനും നീ ആഗ്രഹിക്കുന്നു. നീ ഒരിക്കൽ പോലും നഗരത്തെ ചെടിയുമായി താരതമ്യപ്പെടുത്താത്തപ്പോൾ, യോനായേ, എവിടെയാണ് നിന്റെ നീതി?

1441. നിന്റെ ചെടിയെ കുറിച്ച് നിന്റെ കൃപ അനുസരിച്ചും നഗരത്തിനെതിരെ നിന്റെ കാഠിന്യമനുസരിച്ചും നീ വിധിക്കുന്നു. പോഷണത്തിനുള്ള ചെടി ഭക്ഷ്യവസ്തു എന്നതിനേക്കാൾ കേമമാണ് നിനക്ക്. നശിച്ചുപോയ

ചെടിക്ക് അനുതാപികളേക്കാൾ നീ മുൻഗണന നൽകുന്നു. സംസാരശക്തിയുള്ള മനുഷ്യർക്കു മേലായി ചെടിയുടെ ഇലകൾ നീ വയ്ക്കുന്നു. കുട്ടികൾക്കും ശിശുക്കൾക്കും മേലായി ഈ ചെടിയുടെ നാമ്പും പൂക്കളും നീ വയ്ക്കുന്നു. നഗരം അതു കേട്ടു. ദൈവം തങ്ങൾക്കെതിരെയുള്ള ന്യായവിധി നീക്കിക്കളയുകയും തങ്ങൾക്കുവേണ്ടി പോരാടുകയും ചെയ്തതിനാൽ, അവർ ദൈവത്തെ സ്തുതിച്ചു. കുറ്റാരോപകനായിരുന്ന പ്രവാചകനെ ദൈവം വാദിക്കുന്നവനാക്കി. ന്യായാസനം തന്റെ കുറ്റാരോപകനെ അവന്റെ സ്വന്തം ഇച്ഛയ്ക്കെതിരെ നീതീകരിച്ചു. നഗരവാസികൾ രക്ഷിക്കപ്പെടാനായി ദൈവം യോനായുടെ വാക്കുകൾ അസത്യമാക്കി.

1461. ദൈവം നുണയനാണെന്നു കരുതപ്പെടാതിരിക്കാൻ, യോനാ അവന് ശിക്ഷ നടപ്പാക്കുന്നവനായി. നീതിരഹിതരുടെ അനുതാപം നീതിമാന്മാരെ ദുഃഖിപ്പിച്ചില്ല. അതുപോലെ, പാപികളുടെ അനുതാപത്തിൽ യോനായും ദുഃഖിച്ചില്ല. നഗരത്തിന്റെ രക്ഷയുടെ അടിസ്ഥാനം അവർക്കു കേൾക്കാൻ കഴിയുന്നതിന് അവൻ ഒഴികഴിവ് പറഞ്ഞെന്നേയുള്ളു. നീതി എങ്ങനെ അനുരഞ്ജനപ്പെട്ടെന്നും കൃപ കരുണ കാട്ടിയെന്നുമുള്ള സംഗതികൾ തങ്ങളുടെ മുമ്പിൽ എങ്ങനെ സംഭവിച്ചെന്ന് അനുതാപികൾ അറിയാതെ കടന്നുപോകുക ഭംഗിയല്ലായിരുന്നു. സാധാരണക്കാർക്ക് ഗ്രഹിക്കാനായി അവയ്ക്കിടയിൽ അവസരമുണ്ടായി.

1477. ദൈവികനീതി എത്രമാത്രം കോപിച്ചിരിക്കുന്നെന്ന് കാണിക്കാൻ യോനാ ഭീഷണി മുഴക്കി. കൃപ എത്രമാത്രം അനുരഞ്ജനപ്പെട്ടെന്ന് വാടിക്കരിഞ്ഞ ചെടി ഉച്ചത്തിൽ പ്രഘോഷിച്ചു. തങ്ങൾ കാതുകൾ കൊണ്ട് കേട്ടവ നിമിത്തവും കണ്ണുകൾ കൊണ്ട് കണ്ടവ നിമിത്തവും യോനായുടെ സമീപത്തു നിന്ന ജനങ്ങൾ ഉച്ചത്തിൽ സ്തുതി പാടി.

1485. കാതുകൾ കൊണ്ട് അവർ തർക്കം കേട്ടു; കണ്ണുകൾ കൊണ്ട് അവർ ചെടി കണ്ടു. പെട്ടെന്നു മുളച്ചു പൊങ്ങിയ ചെടിയിൽ പ്രകൃതിയിൽ ഇല്ലാത്ത ഒരടയാളം അവർ കണ്ടു. എല്ലാ അളവിനും ഉപരിസ്ഥമായ കാരുണ്യം തിരിച്ചറിയാൻ, അതിന്റെ വാടിക്കരിയലിൽ നിന്ന് അവർ പഠിച്ചു.

**നിനിവെക്കാർ യോനായെ ബഹുമാനിച്ച് സമ്മാനങ്ങൾ നൽകുകയും വേർപിരിയാൻ തുടങ്ങിയപ്പോൾ അനുഗമിക്കുകയും ചെയ്തു.**

1491. അറിയിപ്പുകാരനായ എബ്രായക്കാരനെ നിനിവെക്കാർ സ്നേഹത്തിൽ പിടിക്കുകയും തങ്ങളുടെ കൈകളിൽ ആഘോഷമായി വഹിക്കുകയും ചെയ്തു. അവൻ ഒരു രാജാവിനെപ്പോലെ വളരെ ബഹുമാനിതനായി പുറപ്പെട്ടു. നഗരത്തിൽ അവൻ സിംഹാസനാരൂഢനായിരുന്നു; അനുതാപികളുടെ നിരകൾ അവനെ ബഹുമാനിച്ചു.

1501. കുട്ടികളും ചെറുപ്രായക്കാരും തങ്ങളുടെ കണ്ഠാഭരണങ്ങൾ



കൊണ്ടുവന്നു. പ്രഭുക്കന്മാർ തങ്ങളുടെ കിരീടങ്ങളും ഇടക്കെട്ടുകളും മാലകളും അവനു നൽകി. രാജാവ് തന്റെ വലിയ ഭണ്ഡാരം തുറന്ന് അവന് വലിയ സമ്മാനം നൽകി. കാരുണ്യവാൻ എന്ന് എല്ലാ അധരങ്ങളും ദൈവത്തെ പ്രകീർത്തിച്ചു. അറിയിപ്പുകാരൻ എന്ന നിലയിൽ എല്ലാ വായ്കളും യോനായേയും സ്തുതിച്ചു. ഒരു വാഹനം അവിടെ ഓടിയെത്തി, സമ്മാനങ്ങളും വാഗ്ദാനം ചെയ്ത വസ്തുക്കളും വഹിച്ചു.

1513. താൻ വന്ന നാട്ടിലേക്ക് ബഹുമാനിതനായി തിരികെ പോകുന്നതിന്, അവർ യോനായെ അനുഗമിച്ചു. അവനാകട്ടെ അലങ്കരിച്ച ഒരു വാഹനത്തിൽ യാത്ര ചെയ്തു. മത്തായിയുടെ മകനെ ഒരു രാജാവിനെപ്പോലെയും രാജകുമാരനെപ്പോലെയും അവർ ആഘോഷമായി അനുധാവനം ചെയ്തു. കടലിൽ അവനെ മത്സ്യം വഹിച്ചു, കരയിൽ അവനെ വാഹനം വഹിച്ചു.

1521. അവൻ ഭൂമിക്കടിയിൽ താഴ്ത്തപ്പെട്ടു; അതിനു മുകളിൽ ഇപ്പോൾ അവൻ ഉയർത്തപ്പെട്ടു. കുറി അവനെ കടലിനായി കുറ്റപ്പെടുത്തി, നഗരം അവനെ കരയ്ക്കായി പ്രകീർത്തിച്ചു. അവൻ പുറപ്പെട്ടപ്പോൾ കരയ്ക്ക് ഡ്രൈവർ അവന് അകമ്പടി സേവിച്ചു. അവൻ കടലിലേക്കു വീണപ്പോൾ, മത്സ്യങ്ങൾ ഒന്നിച്ച് അവനു മുമ്പേ നീന്തി. അവൻ താഴേക്കു പോയപ്പോൾ കടലും മുകളിലേക്കു പോയപ്പോൾ കരയും തരണം ചെയ്തു. കടലിൽ മത്സ്യങ്ങളും കരയിൽ മനുഷ്യരും അവനെ ശ്രദ്ധിച്ചു.

1533. കടലിൽ വലിയ കോളിളക്കം ഉണ്ടായി. നഗരത്തിൽ വലിയ സംഭ്രമമുണ്ടായി. കടലിന്റെ നനവുള്ള പാതയിൽ അവൻ താഴേക്കിറങ്ങി, ഉണങ്ങിയ പാതയിൽ അവൻ മുകളിലേക്കു കയറി. കടലിലെ ഭീകരജീവികൾ അവന്റെ മുമ്പിൽ ഭയചകിതരായി. അവൻ കയറി വന്നപ്പോൾ സുശക്തനഗരം അവനിടം നൽകി. അവനെ വിഴുങ്ങിയ തിമിംഗലം ഭീകരജീവി ആയിരുന്നു. അവനെ ശ്രവിച്ച രാജാവ് സുശക്തനായിരുന്നു. തിമിംഗലം അവനു വഴിയൊരുക്കി, രാജാവ് അവനു പാതയൊരുക്കി.

1545. മത്സ്യങ്ങൾ അവന്റെ മത്സ്യത്തിനും ഡ്രൈവർ അവന്റെ വാഹനത്തിനും അകമ്പടി സേവിച്ചു. പ്രവാചകന് സത്രത്തിൽ കയറിപ്പാർക്കുന്നതിന് താമസമൊരുക്കാൻ, നിനിവെ രാജാവ് മുന്നോടിയെ അവനു മുമ്പേ ധൃതിപ്പെട്ടയച്ചു. തിമിംഗലം പോകേണ്ട വഴി ദൈവം കാട്ടി; പ്രവാചകന് തന്റെ നാട്ടിലേക്ക് തിരികെ പോകാനുള്ള വഴി രാജാവിന് അറിയാമായിരുന്നു. ബഹുമാനിതനായി സമ്മാനങ്ങളുമായി ആഘോഷപൂർവം അവൻ തിരികെ പോയി.

1557. എല്ലാവരും അവന്റെ പക്കലേക്കു ചെന്ന് അവനെ ബഹുമാനിച്ചു. ഈ ശക്തനായ അറിയിപ്പുകാരന്റെ മുമ്പിൽ രാജാവ് ഭയന്നുവിറച്ചു. അവന്റെ സന്ദേശത്തെക്കുറിച്ചുള്ള ഭയം നിമിത്തം അവർ വളരെ ബഹുമാനപൂർവം അവനെ അഭിമുഖീകരിച്ചു. അവൻ കടന്ന് നശിപ്പിക്കാൻ ആഗ്രഹിക്കുന്നു

എന്ന ഭയത്താൽ അവനെ കണ്ട നഗരങ്ങൾ സ്തംഭിച്ചുപോയി. നിനിവെ കാട്ടിയ ദൃഷ്ടാന്തം പോലെ നാടുകളെല്ലാം അവനെ ബഹുമാനിച്ചു. അവനിൽ നീതി കണ്ടു എന്നതിൽ അവൻ സൃഷ്ടിക്ക് ഒരു കണ്ണാടി ആയിത്തീർന്നു.

**അകമ്പടി സേവിച്ചവരെ അതിർത്തിയിൽ വന്നപ്പോൾ തിരിച്ചയക്കാൻ യോനാ ആഗ്രഹിച്ചു.**

1569. യോനാ തന്റെ നാട്ടിലേക്കും തന്റെ ജനത്തിന്റെ അതിർത്തിയിലേക്കും വന്നപ്പോൾ, തന്നെ അനുയാത്ര ചെയ്തവരെ അവൻ പറഞ്ഞയച്ചു. കാരണം, തന്റെ ബന്ധുക്കളുടെ വിജാതിയത്വം അവർ കാണാൻ ഇടയാകുമെന്നതിലും അനുതാപികൾ നാട്ടിലേക്കു കടന്ന് ദുഷ്പ്രവൃത്തിക്കാരുടെ ഇടയിൽ നശിക്കാനിടയാകുമെന്നതിലും വിജാതിയരിൽ നിന്നുള്ള ജനങ്ങൾ കടന്നുവന്ന്, തെരഞ്ഞെടുക്കപ്പെട്ട ജനത്തിൽ നിന്ന് പാപം പഠിക്കുമെന്നതിലും അവൻ ലജ്ജിച്ചു. അതുകൊണ്ട്, അവർ സമാധാനത്തിൽ അവനിൽ നിന്ന് വേർപിരിയേണ്ടിയിരുന്നു. കരിഞ്ഞുണങ്ങിയ മുറിവ് വീണ്ടും തുറക്കപ്പെടുമെന്ന് അവൻ ഭയന്നു.

1581. സാധാരണക്കാരുടെ ദുർമാതൃക പോലും മനുഷ്യർക്ക് ദോഷമുണ്ടാക്കുന്നു. അപ്പോൾ ഉയർന്ന നിലയിൽ നിന്ന് താഴേക്കു വീഴുന്നവന്റെ മാതൃക എത്രയധികമായി ഉപദ്രവം ഉണ്ടാക്കും? തരംതാണവനും ഒതുക്കമുള്ളവനുമായ ഒരാൾ ഒതുക്കമുള്ളവനാണെങ്കിലും ഉപദ്രവം ചെയ്യും. അപ്പോൾ ഒരേസമയം ദുഷ്ടനും ധിക്കാരിയുമായവൻ ഉണ്ടാക്കുന്ന നഷ്ടം എത്ര കയ്പ്പേറിയതായിരിക്കും! കാരണം, ആവശ്യമുണ്ട് എന്നവണ്ണം ധിക്കാരി തന്റെ പുളിമാവ് മറ്റുള്ളവരിലേക്ക് തള്ളിക്കയറ്റുന്നു. അവരോടുള്ള സംസർഗവും ബന്ധവും വെല്ലുവിളിക്കുന്ന അവബോധം മറ്റുള്ളവരിൽ ഉണ്ടാക്കുന്നു.

1593. എല്ലാം ദുഷിപ്പിക്കുന്ന ദുഷിച്ചവരായ ജനത്തെ യോനാ ഭയപ്പെട്ടു. വിജാതിയരിലെ സത്കർമികൾ കടന്നുവന്ന് ദുഷിക്കാൻ ഇടയുണ്ട്. ആത്മാർഥതയുള്ള അവരെ ഒഴികഴിവ് കൂടാതെ പറഞ്ഞുവിടാൻ അവൻ ലജ്ജിച്ചു. അവർ തന്റെ കൂടെ വരുന്നത് തുടർന്ന് അനുവദിക്കാതിരിക്കുന്നതിനെപ്പറ്റിയും അവൻ ഭയപ്പെട്ടു. ഇപ്പോൾ കനാന്റെ അനന്തരഗാമികൾ അബ്രഹാമിന്റെ മക്കളെ നിന്ദിക്കാതിരുന്നതിന്, അവനെ അനുഗമിച്ച അകമ്പടിക്കാർക്ക് യോനാ നന്ദിപറഞ്ഞു.

1605. അവൻ അവരെ സ്നേഹപൂർവം ചുംബിച്ചു; താൽപര്യപൂർവം അനുഗ്രഹിച്ചു. അവൻ ബുദ്ധിപൂർവം അവരോടു സംസാരിച്ചു. അവർക്ക് ശാന്തമായി ഉപദേശം നൽകി. അവൻ നൽകിയ ഉപദേശം അനുസരിക്കാനും അവന്റെ വായിലെ വചനം ശ്രവിക്കാനും അവർ ആഗ്രഹിച്ചു. ലജ്ജ കൂടാതെ



താൽപ്പര്യപൂർവം അവൻ അവരെ പ്രേരിപ്പിച്ചു. ഭയം കൂടാതെ, കണ്ണീരോടെ അവൻ അവരോട് അപേക്ഷിച്ചു. അവൻ അവരെ ഉപദേശിച്ചു. എന്നാൽ അവൻ നിർത്താൻ ആരും ആഗ്രഹിച്ചില്ല. അവർക്ക് ചുംബനം നൽകി അവൻ വിടപറഞ്ഞു; എന്നാൽ പിന്മാറാൻ ആർക്കും തന്നെ ഇഷ്ടമില്ലായിരുന്നു.

**തെരഞ്ഞെടുക്കപ്പെട്ട ജനത്തെ കാണാനും അവരിൽ നിന്നു പഠിക്കാനും നിനിവെക്കാർ ആഗ്രഹിച്ചു.**

നിന്റെ നാട്ടിൽ നിന്ന് സഹായം ലഭിക്കാൻ നിന്നോടൊപ്പം ഞങ്ങളും അവിടേക്കു വരുന്നു.

1617. അവരിൽ നിന്നു നല്ല ജീവിതരീതിയും ക്രമവും മര്യാദയും പഠിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നിന്റെ നാട്ടിൽ നീതി അഭ്യസിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു; കാരണം, സുശിക്ഷിതരായ ജനം അവിടെ പാർക്കുന്നു. അവരിൽ നിന്ന് സംശുദ്ധത പഠിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കാരണം, വെടിപ്പുള്ള ഒരു തലമുറയാണ് അവിടെ പാർക്കുന്നത്. അവരിൽ നിന്ന്, അവരുടെ ഇടയിലുള്ള ജേതാക്കളിൽ നിന്ന്, സാന്മാർഗികജീവിതം അഭ്യസിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

1625. ഞങ്ങൾ ആ നാട്ടിലേക്കു കടന്ന് തെരഞ്ഞെടുക്കപ്പെട്ടവരെയും വിശുദ്ധരെയും കാണട്ടെ. വിശ്വാസം നടമാടുന്ന ആ നാട് ഞങ്ങൾ കടന്ന് കാണട്ടെ. വിജാതിയത്വം ഞെരുക്കാത്ത ആ സ്ഥലം ഞങ്ങൾ കടന്ന് കാണട്ടെ. മന്ത്രവാദികൾ ഇല്ലാത്ത സ്ഥലം ഞങ്ങൾ കണ്ട് സ്തുതിക്കട്ടെ.

1633. ദുഷ്ടതയിൽ നിന്നു വിമുക്തമായ അവരുടെ സാബത് ഞങ്ങൾ കടന്നു കാണട്ടെ. ഹൃദയവും ശരീരവും ഛേദിച്ച പരിച്ഛേദിതരെ ഞങ്ങൾ വന്നുകാണട്ടെ. അനീതിയില്ലാത്ത ഭാഗ്യവാന്മാരെ ഞങ്ങൾ വന്നുകാണട്ടെ. മറ്റുള്ളവരെ പ്രബോധിപ്പിക്കുന്ന ജനം! അവരിൽ മാലിന്യമൊന്നുമില്ല. എല്ലാത്തരം മാലിന്യങ്ങളിൽ നിന്നും എങ്ങനെ അകന്നിരിക്കണമെന്നു പറഞ്ഞ്, നിന്ദ്യതയെ കുറ്റപ്പെടുത്തുന്ന ജനം! അവർ മറ്റുള്ളവർക്ക് ഒരു കണ്ണാടിയാണ്. അവർ എത്ര സൗന്ദര്യമുള്ളവരായിരിക്കും!

1645. അവർ അന്യരെ ഉപവാസം പഠിപ്പിച്ചു. അവർക്ക് എങ്ങനെ മിതത്വമില്ലാത്തവരാകാൻ കഴിയും? അവർ അന്യരെ സത്യം പഠിപ്പിച്ചു. അവർക്കെങ്ങനെ നുണയരാകാൻ കഴിയും? ഞങ്ങളുടെ പാപം നിമിത്തം അവർ ഞങ്ങളെ നിന്ദിക്കുമ്പോൾ, അവരെ നിന്ദിക്കാൻ കഴിവുള്ള ആരാണുള്ളത്? ഓ, എബ്രായനേ, നിന്നെ അനുഗമിക്കുന്ന ഞങ്ങൾക്ക് പ്രയോജനകരമായവ അപഹരിക്കരുതേ.

1653. ഞങ്ങൾ നിന്നിലൂടെ അനുതാപികളായി. ഞങ്ങൾ നിന്നിലൂടെ

നീതിമാന്മാരായി തീരാനും ഇടയാകട്ടെ. ഞങ്ങളുടെ പാദങ്ങൾ അധ്വാനിച്ചതിനു പ്രതിഫലമായി നിന്റെ ജനത്തിനിടയിലേക്ക് കടക്കാൻ ഞങ്ങളെ അനുവദിച്ചാലും! നിന്റെ നാട്ടിൽ നിന്ന് ഞങ്ങളുടെ നഗരത്തിന് നല്ല മാതൃകകൾ സ്വീകരിച്ച് ഞങ്ങൾ ഭവനങ്ങളിലേക്കു വഹിക്കട്ടെ. ഞങ്ങൾ കടന്ന് ഞങ്ങളുടെ പുത്രന്മാർക്കുവേണ്ടി നല്ല ദൃഷ്ടാന്തങ്ങൾ സ്വീകരിക്കട്ടെ.

1661. ഞങ്ങൾ കടന്ന് ഞങ്ങളുടെ യുവാക്കൾക്കുവേണ്ടി സത്യസന്ധത നിറഞ്ഞ കാര്യങ്ങൾ സ്വീകരിക്കട്ടെ. ഞങ്ങൾ കടന്ന് ഞങ്ങളുടെ കുട്ടികൾക്കുവേണ്ടി പ്രയോജനം നിറഞ്ഞ മാതൃക സ്വീകരിക്കട്ടെ. ഞങ്ങൾ കടന്ന് ഞങ്ങളുടെ രാജാവിന് അനുകരിക്കുന്നതിനായി നിങ്ങളുടെ രാജാവിനെ കാണട്ടെ. ഞങ്ങൾ കടന്ന് നാട്ടിലേക്കൊരു ദൃഷ്ടാന്തം വഹിക്കാൻ നിങ്ങളുടെ ന്യായാധിപന്മാരെ കാണട്ടെ. അനുതാപികൾ പറഞ്ഞവയെല്ലാം പൂർണ്ണയായി അവതരിപ്പിക്കാൻ ആർക്കു കഴിയും? ഇവയും ഇവയേക്കാൾ കൂടുതലും അവർ പറഞ്ഞതാണ്.

**നിനിവെക്കാരെ തിരിച്ചുവിടാൻ യോനാ ഒരുപായം പ്രയോഗിക്കുന്നു.**

1673. യോനാ അതുകേട്ട് നിശ്ശബ്ദനായിരുന്നു. അവൻ തറയിലേക്ക് തന്റെ തല താഴ്ത്തി. കാരണം, പാപികളും ദുരാചാരബന്ധിതരുമായ തന്റെ സഹജരെപ്പറ്റി അവൻ ലജ്ജിച്ചു. സൂര്യൻ അവന്റെ തലയ്ക്കുമീതേ ചൂടടിച്ചതും അവൻ മരിക്കാനായി പ്രാർഥിച്ചതും ആയ, ചെടിയെ സംബന്ധിച്ചുള്ള സംഗതിയേക്കാൾ മത്തായിയുടെ മകന് അത് കൂടുതൽ കഷ്ടതരമായിരുന്നു.

1681. ഒളിച്ചോടിപ്പോയപ്പോൾ കടലിലേക്കു താണ അവൻ വീട്ടിലേക്കു മടങ്ങിയപ്പോൾ, എവിടേക്ക് ഓടാൻ ആഗ്രഹിച്ചു? അവനെ പിടിച്ച് കടലിലേക്കെറിഞ്ഞ നാവികരേക്കാൾ മോശക്കാരായിരുന്നു അവന് ഈ നിനിവെക്കാർ! തന്റെ സഹജരുടെ കളങ്കം എങ്ങനെ ഒളിക്കാനാണ് യോനാ ആഗ്രഹിക്കുക? അവൻ കടലിൽ തന്റെ സൂത്രങ്ങൾ പ്രയോഗിച്ചു; തന്റെ ഒഴികഴിവുകൾ കരയിലും. അങ്ങനെ തന്റെ ഒളിച്ചോട്ടത്തിൽ കബളിപ്പിക്കലിലൂടെ നാവികരെ ജയിച്ചതുപോലെ, വിടവാങ്ങലിൽ അവൻ നിനിവെക്കാരെ നുണയാൽ ജയിച്ചു.

1693. യോനാ ഒഴികഴിവുകൾ ഉപയോഗിച്ച് വളരെ ബുദ്ധിപൂർവം സൂത്രങ്ങൾ പ്രയോഗിച്ചു: ഇപ്പോൾ ഞങ്ങളുടെ നാട്ടിൽ ഒരു മഹാപെരുന്നാളാണ്. അന്യർക്ക് അതിൽ കടന്നുവരാനാകില്ല. സഹജരുടെ പെരുന്നാളാണ്, വിജാതിയരാരും അതിൽ പങ്കെടുക്കുന്നില്ല. അത് പരിച്ഛേദിതരുടെ മഹാ പെരുന്നാളാണ്, അഗ്രചർമികളൊന്നും അതിലൂടെ സഞ്ചരിക്കയില്ല. സത്യമായും നിങ്ങൾ അനുതാപികളാണ്. എന്നാൽ പരിച്ഛേദിതരല്ല. ആ വിശുദ്ധ പെരുന്നാൾ അഗ്രചർമികൾ മൂലം അശുദ്ധമാകും. അതുകൊണ്ട് നിങ്ങൾ ശാന്തമായി പോകുവിൻ. സമാധാനപൂർവം ഭവനത്തിലേക്കു മടങ്ങുവിൻ. പെരു



ന്നാളാഘോഷം കഴിയുമ്പോൾ, പിന്നീട് നിങ്ങൾക്ക് വരാം. സ്വേച്ഛയാ നമ്മുടെ ഉപദേശവും എതിർപ്പുകൂടാതെ നമ്മുടെ അപേക്ഷയും സ്വീകരിക്കുവിൻ. അവൻ അവരോടു പറഞ്ഞവയാൽ, നിഷ്ക്കളങ്കരായ അവർ പ്രേരിതരായി. നിനിവെക്കാർ അതിർത്തിയിൽ വച്ച് യോനായിൽ നിന്ന് പിരിഞ്ഞു. എന്നാൽ യൂദരുടെ നാടു കാണാൻ അടുത്തുള്ള ഒരുയർന്ന മലയിൽ കയറി.

**നിനിവെക്കാർ യൂദർക്കെതിരെ പറഞ്ഞ മൂന്നാമത്തെ മഹാകുറ്റാരോപണം**

1713. അവർ പിൻവാങ്ങി. അവർ അവന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്ത് അവനിൽ നിന്ന് അനുഗ്രഹം പ്രാപിച്ചു. യോനാ സംസാരിച്ച, ഈ പെരുന്നാളിന്റെ ആകസ്മിക വരവു നിമിത്തം അവരുടെ കൂട്ടം മുഴുവൻ വ്യസനിക്കുകയും കരഞ്ഞുകൊണ്ട് അവന്റെ പക്കൽ നിന്ന് പിന്തിരിയുകയും ചെയ്തു. പിൻവാങ്ങാൻ നിനിവെക്കാരെ പ്രേരിപ്പിക്കാൻ സാധിക്കാതെ വരുമോ എന്ന് നേരത്തെ ഭയപ്പെട്ടതുപോലെ, ഈ വലിയ നുണയെ അവൻ ഭയപ്പെട്ടില്ല.

1723. യോനാ പോയിക്കഴിയുകയും അവർ അപ്പോഴും അതിർത്തിയിൽ തന്നെ നിൽക്കുകയും ചെയ്തു. അപ്പോൾ, അവർ നിന്ന സ്ഥലത്തിനടുത്ത് ഒരുയർന്ന മല കണ്ടു. തങ്ങൾ കാംക്ഷിച്ച ആ നാട് സാധ്യമാംവിധം ദൂരത്തിൽ നിന്ന് കാണുന്നതിന് അവർ ആലോചിക്കുകയും പെട്ടെന്ന് അതിൽ കയറുന്നതിന് തീരുമാനിക്കുകയും ചെയ്തു.

1731. അവിടെ കടക്കാൻ പറ്റിയില്ലെങ്കിലും കുറഞ്ഞപക്ഷം വാഗ്ദത്ത നാടിന്റെ ദർശനമെങ്കിലും നഷ്ടപ്പെടാതെ അതു കാണാൻ അവർ മുകളിലേക്കു കയറി മലയുടെ ഉയരത്തിലെത്തി. അവർ മുകളിലേക്കു കയറി, കണ്ണുകളുയർത്തി നാടുമുഴുവൻ കണ്ടു. അവർക്കു ഭയവും വിറയലുമുണ്ടായി. തലചുറ്റൽ അവരെ പിടികൂടി. കാരണം, മലകളിലും കുന്നുകളിലും അവർ ബലിപീഠങ്ങൾ കണ്ടു. തോട്ടങ്ങളിൽ വിജാതിയത്വവും മരങ്ങളുടെ തണലിൽ അശുദ്ധിയും കണ്ടു. അവരുടെ ഭവനങ്ങൾക്കു മുമ്പിൽ വിഗ്രഹങ്ങൾ! അകത്തു കടക്കുകയും പുറത്തു പോകുകയും ചെയ്യുന്നവർ വിജാതിയമായി പെരുമാറി.

1745. അവർക്ക് എണ്ണമറ്റ വിഗ്രഹങ്ങൾ ഉണ്ടായിരുന്നു. അവരുടെ വിഗ്രഹ പുരോഹിതർ സംഖ്യാതീതമായിരുന്നു. ഉറവകളിലെ ക്ഷാളനങ്ങളും അരുവികളിലെ വിജാതിയ ശുദ്ധീകരണങ്ങളും അവർക്കുണ്ടായിരുന്നു. വിഗ്രഹാർപ്പിതമായ അപ്പം പുരമുകളിൽ! അവരുടെ ഉദ്യാനങ്ങളിൽ ഭാഗ്യവിഗ്രഹങ്ങൾ! മന്ത്രവാദികൾ അവരുടെ വീഥികളിൽ, ഇടവഴികളിൽ ആഭിചാരകർ!(ജറ.7,18).

1753. അവർ മുകളിൽ കയറി, പുരമുകളിൽ എണ്ണമറ്റ ബലിപീഠങ്ങൾ കണ്ടു. ഒരാൾ വിഗ്രഹത്തെ ആരാധിച്ചു, മറ്റൊരാൾ പിശാചിന് പാനീയബലി

കൊണ്ടുവന്നു. ജറോബോവാം സ്ഥാപിച്ച കാളക്കുട്ടികൾ അവരുടെ പ്രദേശത്ത് നിലനിന്നു. ഒന്ന് ദാനിലും മറ്റൊന്ന് ബേർശേബായിലും സ്ഥാപിതമായിരുന്നു. അർപ്പിതധൂപം അവിടെ ഉയർന്നുകൊണ്ടിരുന്നു; പാനീയബലിയും ദഹനബലിയും അവിടെ ഉണ്ടായിരുന്നു. ജീവനില്ലാത്ത ഈ കാളക്കുട്ടികളുടെ മുമ്പിൽ ജീവനുള്ളവയെ അവർ വെട്ടി. തങ്ങളുടെ വിഗ്രഹങ്ങളുടെ മുമ്പിൽ എല്ലാവരും സാഷ്ടാംഗപ്രണാമം ചെയ്തു.

1767. അവിടെ അത്യാർത്തിയും സഖിയായ അത്യാഗ്രഹവും നടമാടി. അവിടെ ഭോജനപ്രിയവും അതിന്റെ സഹോദരിയായ മദ്യപാനാസക്തിയും നിലനിന്നു. അവിടെ ചാരിത്ര്യഭംഗവും അതോടു ചേർന്ന വ്യഭിചാരവും നിലനിന്നു. അവിടെ വഞ്ചനയും അതിന്റെ ബന്ധുവായ മോഷണവും നിലനിന്നു. അവിടെ മന്ത്രവാദവും അതോടു ചേർന്നുപോകുന്ന ക്ഷുദ്രപ്രയോഗവും നിലനിന്നു. അവിടെ കൽദായരും അവരുടെ അനുയായികളായ ആഭിചാരകരും നിലനിന്നു. അവിടെ പരസ്യമായ അനീതിയും അതോടു ചേർന്ന രഹസ്യമായ ചതിയും നിലനിന്നു.

1781. അവർ അവിടെ സോദോമിന്റെ പാപങ്ങളും ഗോമോറായുടെ അനീതിയും വഞ്ചനയും കണ്ടു. എഴുതപ്പെട്ടിരിക്കുന്നതു പോലെ, "അപ്പനും മകനും വേശ്യയുടെ പക്കലേക്കു പോയി" (ആമോ.2,7). അമ്മയും മകളും വധുവും തെരുവുകളിൽ കെണികളായി നിൽക്കുന്നു. എല്ലാത്തരം മരണവും ഉപദേശകനായ സാത്താനും അവിടെ കാണപ്പെട്ടു. അവരുടെ പ്രഭുക്കന്മാർ പാപികളും ന്യായാധിപന്മാർ ദുഷിച്ചവരുമാണ്. അവരുടെ അത്യാർത്തി അവരുടെ ഉള്ളിൽ അഗ്നി പോലെയും അവരുടെ അത്യാഗ്രഹം ഗോമോറാ പോലെയുമായിരുന്നു.

1793. അവരുടെ ദരിദ്രർ കയം പോലെയും അവരുടെ ധനികർ ഗർത്തം പോലെയും കടം വാങ്ങുന്നവൻ അഗ്നികുണ്ഠം പോലെയും കടം കൊടുക്കുന്നവൻ പിശാചിനെപ്പോലെയുമാണ്. ഇരുവരും ഒരുപോലെ ഒരേയൊരു പീഡനത്തിന് കൈയാളിക്കപ്പെടും. അവരുടെ കുട്ടികൾ തങ്ങളുടെ ദേവനാമങ്ങളിൽ ആണയിടുന്നു.

1801. വിജാതിയരുടെ ഇടയിൽ നൂറിലൊന്ന് തെറ്റേയുള്ളു; എന്നാൽ അവർക്ക് തൊണ്ണൂറ്റൊമ്പതും. അവരുടെ പാപങ്ങളുടെ ബഹുത്വത്തിനെതിരെ എതിർക്കാൻ ആർക്കു കഴിയും? അവ ഇടത്തുവശത്തെ കോലാടുകളുടെ കളങ്കങ്ങളുടെ സംഖ്യപോലെ നിരവധിയാണ്. അവിടെ കണ്ട തെറ്റുകൾ നിമിത്തം നിനിവെക്കാർ സംഭ്രമിച്ചുപോയി. ഒരാൾ മറ്റൊരാളോടു പറഞ്ഞു: നാം ഒരുപക്ഷേ സ്വപ്നം കാണുകയായിരിക്കാം. ഇതാണോ വാഗ്ദത്തനാട്, അതോ നാം സോദോം ആണോ കാണുന്നത്? ഇവരാണോ അബ്രഹാമിന്റെ പിൻഗാമികൾ, അതോ, പിശാച് നമുക്ക് കാണപ്പെട്ടതാണോ? നാം മനുഷ്യരെയോ, അതോ നിഴൽപോലെ ആത്മാക്കളെയാണോ കാണുന്നത്?



1817. നമ്മുടെ നാട്ടിൽ നിന്നു പറന്നുപോയ അനീതി ഇവിടേക്ക് കുടിയേറിയതാണോ? നാം അവിടെ വിഗ്രഹങ്ങൾ തകർത്തു, അവ ഇവിടെ വീണ്ടും സ്ഥാപിതമായിരിക്കുന്നുവോ? നാം തകർത്ത ബലിപീഠങ്ങൾ ചിറകുവച്ച് ഇവിടേക്കു പറന്നെത്തിയതാണോ? നമ്മുടെ നാട്ടിൽ അപ്രത്യക്ഷമായ തമൂസിനെപ്രതി ഇവിടെ എന്തിനാണ് കരയുന്നത്?

1825. നാം തള്ളിപ്പറഞ്ഞ മിഥുന നക്ഷത്രം ഇവിടെ എങ്ങനെയാണ് ആരാധിക്കപ്പെടുന്നത്? നമ്മുടെ നാട്ടിൽ അന്തസ്സ് നശിച്ച മ്ഗൂശേന്മാർക്ക് ഇവിടെ വലിയ സ്ഥാനമാണ്.

1829. നമ്മുടെ ഇടയിൽ വിലയിടിഞ്ഞ വിജാതിയത്വം എല്ലാ ജനലുകളിലൂടെയും പുറത്തേക്ക് ഒളിഞ്ഞു നോക്കുന്നു. നാം തകർത്തു കളഞ്ഞ നക്ഷത്രരൂപങ്ങൾ അവരുടെ വാതിലുകളിൽ ചിത്രീകരിച്ചിരിക്കുന്നു. നാം ദൂരെയെറിഞ്ഞ ധാർഷ്ട്യം അവരുടെ നെറ്റിയിൽ ദൃശ്യമാണ്. നമ്മിൽ നിന്നു പറന്നുപോയ കാമാസക്തി അവരുടെ നയനങ്ങളിൽ ഇരിപ്പുറപ്പിച്ചു. അത് അവരുടെ കണ്ണുകളിൽ ദൃശ്യമാണ്. മൂക്ക് അത് വെളിപ്പെടുത്തുകയും ചെയ്യുന്നു. അവിടെ നമ്മുടെ ഇടയിൽ അപമാനിക്കപ്പെട്ട സൂര്യൻ എങ്ങനെയാണ് ഇവിടെ ബഹുമാനിക്കപ്പെടുന്നത്? അവിടെ നീക്കപ്പെട്ട കാളക്കുട്ടികൾ എങ്ങനെയാണ് ഇവിടെ ആരാധിക്കപ്പെടുന്നത്? നമ്മുടെ നാട്ടിലെ ദുഷ്പ്രവൃത്തികൾ പറന്ന് ഇവിടേക്ക് വന്നെന്നു നാം പറയാൻ ആഗ്രഹിച്ചാൽ, ഇവിടെ പുതുതായി വളരെ കൂടുതലുണ്ട്; നിന്ദ്യമായവയ്ക്ക് ഒരറുതിയുമില്ല. നമ്മുടെ നാട്ടിൽ ഇല്ലാത്ത ദുഷ്ടത ഈ നാട്ടിലുണ്ട്. നമ്മുടെ നാട്ടിൽ ചെയ്യാത്ത പാപങ്ങൾ ഇവിടെ നടമാടുന്നു. നാലു മുഖങ്ങളുള്ള ദേവരൂപം ഇവിടെ നിന്നാണ് പുറപ്പെട്ടിരിക്കുന്നത്.

1853. നമ്മുടെ നാട്ടിൽ ആരും ഒരു പിച്ചളസർപ്പത്തിന് പാനീയബലി അർപ്പിക്കുകയോ, ആരാധന നൽകുകയോ ചെയ്യുന്നില്ല. ആദിയിലുള്ള സർപ്പത്തിന്റെ ശാപം ഈ ജനത്തിൽ വസിക്കുന്നു. ജീവനില്ലാത്ത പാമ്പിന് പാനീയബലി അർപ്പിക്കുന്നതിനാൽ, ജീവനുള്ള പാമ്പിനെപ്പോലെ അവർ ശപ്തരാണ്. നാം പിശാചിന് കുഞ്ഞുങ്ങളെ ബലികഴിക്കുന്നില്ല; ഇവിടെ അവർ എങ്ങനെ കൊല്ലപ്പെടുന്നെന്നു നാം കണ്ടു.

1861. നാം മൃഗങ്ങളെ ബലിയർപ്പിക്കുന്നു, ഇവിടെ അവരുടെ പുത്രിമാരെ അവർ ബലിയർപ്പിക്കുന്നു. വിമോചക ഭാവത്തോടു കൂടെയുള്ള ഈ ജനത്തിന്റെ ജീവിതരീതി തികച്ചും മോശമാണ്. ഈ ജനത്തിന്റെ നിയമങ്ങൾ വളരെ സംശുദ്ധമാണ്; എന്നാൽ ഇവരുടെ പ്രവൃത്തികൾ കളങ്കപൂരിതമാണ്. ഈ പിതാക്കന്മാരുള്ള ജനത്തിന്റെ വളർച്ച ഇത്ര ശപ്തമാകാൻ കഴിയുമോ?

1869. ഈ ദൈവത്തോടു കൂടെയുള്ള ജനം വിഗ്രഹങ്ങളുടെ ഉറവിടമായിത്തീർന്നു! ഈ ജനത്തിന്റെ സ്രഷ്ടാവ് ഒരാൾ മാത്രമാണ്. എന്നാൽ ഈ ജനം വിഗ്രഹങ്ങൾ ഉണ്ടാക്കി വിൽക്കുന്നു. നീതിമാന്മാരുടെ സന്തതി എന്ന കുടുംബപ്പേരിൽ, ഈ നാമത്തിൽ മാത്രം അവർ അഭിമാനം കൊള്ളുന്നു. അവരുടെ അഭിപ്രായത്തിൽ, യാക്കോബിന്റെ മക്കൾ എന്ന നാമം മാത്രം മതിയാകുന്നതാണ്!

1877. അവർ കരുതുന്നതുപോലെ, അവർ വഹിക്കുന്ന നീതിയുള്ള നാമത്തിലൂടെ അവർ പണ്ടേ നീതീകരിക്കപ്പെടേണ്ടതായിരുന്നു. അവരുടെ നാമം സൃഷ്ടിയിൽ പ്രചരിക്കുന്നു; അവരുടെ പ്രവൃത്തികൾ പാപത്തിലും വ്യാപരിക്കുന്നു. അബ്രഹാം നിമിത്തം തങ്ങൾ നീതിയുള്ള മക്കളാകുമെന്ന് അവർ കരുതുന്നു. ഇസ്രായേൽ എന്ന തങ്ങളുടെ നാമത്തിൽ അവരുടെ അഹന്ത കുത്തകയായി ആശ്രയിച്ചിരിക്കുന്നു.

1885. തങ്ങൾ പരിച്ഛേദിതരാണ് എന്നതിലാണ് പൂർണമായി അവരുടെ വീമ്പടി. എന്നാൽ അവർ സോദോമ്യരെപ്പോലെയാണ്. അവർ അബ്രഹാമിന്റെ സന്തതികളാണെന്ന് അവരുടെ ജീവിതരീതി കൊണ്ടല്ല മനസ്സിലാകുന്നത്. തങ്ങളുടെ ജീവിതരീതിയേക്കാൾ ഉന്നതമാണ് അവർക്ക് അബ്രഹാമിന്റെ നാമം. തങ്ങളുടെ വിശ്വാസത്തേക്കാൾ അവർക്ക് കാമ്യമായിട്ടുള്ളത് പരിച്ഛേദനമാണ്.

1893. ദൈവത്തേക്കാൾ അവർക്ക് പ്രധാനപ്പെട്ടതാണ് ദൈവം കൊടുത്ത സാബത്. ദൈവം തന്റെ കൽപ്പനകൾ റദ്ദുചെയ്യുമ്പോഴും അവരെ കുറ്റപ്പെടുത്തുന്നു. നിയമദാതാവിനു പോലും അവർ നിയമം നൽകുന്നു. അവർ നിയമത്തിൽ നിന്ന് സ്വതന്ത്രരാണ്. എന്നാൽ ദൈവത്തെ നിയമവിധേയനാക്കുന്നു.

1901. കാരണം, നിയമദാതാവിനു മുകളിലാണ് അവർക്ക് നിയമം; നിയമം അനുസരിക്കാനല്ല, പിന്നെയോ, അവ നൽകിയവനെ കുറ്റപ്പെടുത്താൻ! അവരുടെ നോട്ടത്തിൽ മോശയും പ്രവാചകന്മാരും പാനീയബലിയുടെ അനുശ്ശാസ്സനത്തിൻ കീഴിലാണ് നിൽക്കുക. ബലികളിലാണ് അവരുടെ പ്രശംസ മുഴുവൻ; അർപ്പിത ധൂപത്തിൽ അവരുടെ സമസ്താഹന്തയും. ധൂപത്തിൽ പ്രശംസിക്കുന്നത് അവരുടെ അഹന്തയ്ക്ക് മതിയായതാണ്. രക്തവും മാലിന്യവും കൊണ്ട് മലിനമാക്കുന്നത് അന്ധർക്ക് മതിയായതാണ്. ദൈവം പഠിപ്പിച്ച നിർമല സത്യത്തേക്കാൾ അർപ്പിത ധൂപമാണ് അവരുടെ ചിന്തയിൽ ദൈവത്തിനു പ്രീതികരം!

### ആ ജനത്തെപ്പറ്റിയുള്ള ഭീതികൊണ്ട് നിനിവെക്കാർ തങ്ങളുടെ നാട്ടിലേക്ക് തിരികെപ്പോയി

1917. എബ്രായരെപ്പറ്റിയുള്ള പര്യാലോചനയിൽ അനുതാപികൾ ഇപ്രകാരം പറഞ്ഞു. ആ നാട്ടിൽ പോകാനും അതു കാണാനും അവർ എത്രയധികം ആഗ്രഹിച്ചുവോ, അത്രയധികം ഇപ്പോൾ അവർ അതിനെ വെറുക്കുകയും അവിടെ നിന്ന് ഭയന്ന് തങ്ങളുടെ വഴിക്ക് പോകുകയും ചെയ്തു.



1921. അവർ അവിടെ കണ്ട പാപങ്ങൾ നിമിത്തം അവർക്ക് തലചുറ്റലുണ്ടായി. തങ്ങൾ ദൂരെയകറ്റിയ വിദ്വേഷം കൊണ്ട് എബ്രായർ മൂടപ്പെട്ടിരിക്കുന്നതായി അനുതാപികൾ കണ്ടു. വിജാതിയർ ഉരിഞ്ഞുകളഞ്ഞ വിജാതിയ വസ്ത്രം വിഡ്ഢികളായ ജനം ധരിച്ചു. ഈ കയ്പ്പുള്ള ജനത്തിന്റെ പാപങ്ങളിൽ പങ്കുപറ്റാതിരിക്കാൻ, എഴുന്നേൽക്കൂ, നമുക്കിവിടെനിന്ന് ഓടിപ്പോകാം എന്ന് അവർ പരസ്പരം പറഞ്ഞു.

1931. നിനിവെയിൽ വലിയ ശുഭപ്രതീക്ഷ നിലനിൽക്കുന്നു; തകർക്കപ്പെടാത്ത നിനിവെയ്ക്കു പകരം ഒരു പക്ഷേ ഈ നാട് നശിപ്പിക്കപ്പെട്ടേക്കാം. യഥാർഥത്തിൽ തകർത്ത് പിഴുതെറിയേണ്ട ജനമാണിത്. ഈ ജനം സുന്ദരരല്ല. നാം ഉരിഞ്ഞു കളഞ്ഞ മ്ലേച്ഛത ഇവർ ധരിച്ചിരിക്കുന്നു. നാം അൽപ്പം സുന്ദരർ ആയിരുന്നെങ്കിൽ, അവരുടെ മ്ലേച്ഛത വലുതായിരിക്കുമായിരുന്നു. ഈ നഗരങ്ങൾ നമ്മുടെ കൈകളിൽ ഏൽപ്പിക്കപ്പെടുകയില്ലേ എന്ന് ആശ്ചര്യപൂർവം ചോദിച്ചുപോകുന്നു.

1947. എന്നാൽ നാം വളരെ പുരോഗമിക്കുന്നതിന് നമുക്ക് രക്ഷയ്ക്ക് അവസരം ഉണ്ടാക്കിയ ഈ നല്ല പ്രവാചകന്റെ ഓർമ നമ്മുടെ നാട്ടിൽ വളരാൻ ഇടയാകട്ടെ. ധിക്കാരികളായ തന്റെ ജനത്തെ വിട്ടിട്ട് അവൻ അനുതാപികളായ നമ്മുടെ പക്കലേക്കു വന്നു.

### നിനിവെക്കാരുടെ കൃതജ്ഞത

1953. ഇപ്രകാരം സംസാരിച്ചിട്ട്, അവർ തിരിഞ്ഞ് ഭയചകിതരായി താഴേക്കിറങ്ങി. നല്ലവർ അവിടെനിന്ന് യാത്ര ചെയ്ത് സന്തോഷപൂർവം തിരിച്ചെത്തി.

1957. അവരെല്ലാവരും ഉൾക്കാഴ്ചയോടും സത്യത്തോടും പൂർണസന്തോഷത്തിൽ ഇപ്രകാരം പറഞ്ഞു: ജനതകളിലൂടെ സ്വജനത്തെ ലജ്ജിപ്പിച്ച ദൈവത്തിനു സ്തുതി. വരാനിരിക്കുന്ന മഹാരക്ഷയുടെ അച്ചാരം അവൻ മുൻകൂട്ടി നൽകിയിരിക്കുന്നു. ധര മുഴുവൻ അനുതാപഫലം കവർന്നെടുത്ത, ഫലം തരാത്ത, അത്തിവൃക്ഷത്തെ അവിടുന്ന് തന്റെ ഏകജാതനിലൂടെ വെട്ടിമാറ്റും. ജനതകളുടെ ധര അനുഗൃഹീതമാകാൻ, അതിനെ ധരയിൽ നിന്നു വെട്ടിമാറ്റിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

1969. നമ്മുടെ പുതിയ തൈയിൽ നിന്ന് നമുക്ക് നവഫലങ്ങൾ അർപ്പിക്കാം. വിശുദ്ധ ശിഖരങ്ങൾ കൊണ്ട് അവന് സ്തുതി അർപ്പിക്കാം. നീതീകരിക്കപ്പെട്ട പാപികളിൽ നിന്ന് അവന് സ്തുതിഗീതങ്ങൾ ഉയരട്ടെ. നിർമല

രായിത്തീർന്ന അശുദ്ധരിൽ നിന്ന് അവന് നിർമലഫലങ്ങൾ സമർപ്പിക്കപ്പെടട്ടെ.

1977. വഞ്ചിക്കപ്പെട്ട ആത്മാക്കളിൽ നിന്ന് വെടിപ്പുള്ള സ്തുതി അവൻ സ്വീകരിച്ചു. രോഷാകുലരും ദേഷ്യപ്രകൃതിക്കാരും അനുരഞ്ജനം നിമിത്തം അവനു നന്ദി പറഞ്ഞു. വെടിപ്പുള്ളവരായി തീർന്നതിനാൽ, കാമാസക്തർ സ്തുതി അർപ്പിക്കുകയും നന്ദി പറയുകയും ചെയ്തു. ദാനധർമം ചെയ്യാൻ പഠിച്ചതിനാൽ, അത്യാർത്തിയുള്ളവർ അവനു നന്ദി പറഞ്ഞു.

1985. ധാരാളമായി ഉപവസിക്കാൻ പഠിച്ചതിനാൽ, തീറ്റിപ്രിയർ അവനു നന്ദി പറഞ്ഞു. ക്രമാനുസൃതം കുടിക്കാൻ പഠിച്ചതിനാൽ, കള്ളുകുടിയന്മാർ അവനു നന്ദി പറഞ്ഞു. ദാനധർമം ചെയ്യുന്നവരായി തീർന്നതിനാൽ, കള്ളന്മാരും അവനു നന്ദി പറഞ്ഞു. തന്റെ സംബന്ധം ഇപ്പോൾ തനിക്കു മതിയായതിനാൽ, വ്യഭിചാരി അവനു നന്ദി പറഞ്ഞു.

1993. തങ്ങളുടെ കാമാസക്തിയിൽ നിന്ന് സ്വതന്ത്രരാക്കപ്പെട്ടതിനാൽ, അക്കൂട്ടർ കൂടുതലായി അവനെ വാഴ്ത്തി. ഇപ്പോൾ നീതിയുടെ അതിരിനുള്ളിൽ നിൽക്കുന്നതിനാൽ, ധിക്കാരി അവനു നന്ദി പറഞ്ഞു. ഇപ്പോൾ വിവേകബുദ്ധി ഉണ്ടായതിനാൽ, വിഷയാസക്തർ കൂടുതലായി പ്രകീർത്തിച്ചു. തന്റെ വായ് അനുഗ്രഹിക്കാൻ പഠിച്ചതിനാൽ, ശപിക്കുന്നവൻ അവനു നന്ദി പറഞ്ഞു.

2001. അവൻ തനിക്ക് ഒരു കാര്യസ്ഥനെപ്പോലെ ആയിത്തീർന്നതിനാൽ, അനാഥൻ അവനു നന്ദി പറഞ്ഞു. തന്റെ വിഷമങ്ങൾ അവൻ തന്റെ കാരുണ്യത്തിൽ ഏറ്റെടുത്തതിനാൽ വിധവ അവനെ ബഹുമാനിച്ചു. തന്റെ ഭിക്ഷാപാത്രം ദയാപൂർണമായ ദാനങ്ങളാൽ ഇപ്പോൾ നിറഞ്ഞിരിക്കുന്നതിനാൽ, യാചകൻ അവനു നന്ദി പറഞ്ഞു. തന്റെ കാളകളെ നുകം വയ്ക്കുന്നതിനും ഇപ്പോൾ ഫലസമൃദ്ധിയാൽ അനുഗ്രഹിക്കപ്പെട്ടതിനും തന്റെ വയൽ വീണ്ടും തൃപ്തി കൊണ്ട് നിറയ്ക്കുന്നതിനും കഴിഞ്ഞതിനാൽ, കർഷകൻ അവനു നന്ദി പറഞ്ഞു.

2011. മുന്തിരിത്തോട്ടക്കാരൻ അവനു നന്ദി പറഞ്ഞു. മുന്തിരിത്തോപ്പും ദൈവത്തെ സ്തുതിച്ചു. തന്റെ കൃഷിസ്ഥലങ്ങളിൽ സമാധാനം വാഴുന്നതിനാൽ, അവയുടെ ഉടമസ്ഥൻ അവനു നന്ദി പറഞ്ഞു. ജനങ്ങൾ ഒന്നിച്ചു കൂടുന്ന ഭവനങ്ങൾ ശൂന്യമാകാതിരിക്കുന്നതിനാൽ, അവ അവനു നന്ദി പറഞ്ഞു. വീണ്ടും തുറന്ന് ജോലി ചെയ്ത് കൂലി കിട്ടുമെന്നുള്ളതിനാൽ കൈത്തൊഴിൽക്കാരൻ അവനു നന്ദി പറഞ്ഞു.

2021. നഗരം സ്വച്ഛതയിൽ കഴിയുന്നതു കണ്ടതിനാൽ, അവിടെ രാജാക്കന്മാർ അവനു നന്ദി പറഞ്ഞു. അവർ തങ്ങളുടെ കിരീടങ്ങൾ എടുത്തു മാറ്റിവച്ചിരുന്നു. കർതൃകാരുണ്യത്താൽ ഇപ്പോൾ അവ വീണ്ടും വയ്ക്കാൻ



അവർക്കു കഴിഞ്ഞു. ഇപ്പോൾ വേതനത്താൽ അനുഗ്രഹിക്കപ്പെട്ടതിനാൽ, സൈന്യം അവനു നന്ദി പറഞ്ഞു. തങ്ങളുടെ അധികാരപരിധിയിൽ പുനഃപ്രവേശിച്ചതിനാൽ, പ്രഭുക്കന്മാർ അവനു നന്ദി പറഞ്ഞു. വീണ്ടും തങ്ങളുടെ നിക്ഷേപങ്ങൾ കണ്ടതിനാൽ, ധനികർ അവനു നന്ദി പറഞ്ഞു. വീണ്ടും സ്കൂളിൽ പോകുകയും കളിക്കുകയും ചെയ്തതിനാൽ, കുട്ടികൾ അവനു നന്ദി പറഞ്ഞു.

2033. വീണ്ടും, സന്തോഷത്തോടെ തോളിൽ വഹിക്കപ്പെടുന്നതിനാൽ, ശിശുക്കൾ അവനു നന്ദി പറഞ്ഞു. കച്ചവടത്തിൽ നീതി എന്താണെന്നു പഠിച്ചതിനാൽ കച്ചവടക്കാർ അവനു നന്ദി പറഞ്ഞു. കുറേക്കൂടി നല്ലവരാകാൻ പഠിച്ചതിനാൽ, നീതിമാന്മാർ അവനു നന്ദി പറഞ്ഞു. കൂടുതൽ ക്ഷമിക്കുന്നവരായി തീർന്നതിനാൽ, പ്രതികാരം ചെയ്യുന്നവർ അവനു നന്ദി പറഞ്ഞു.

2041. എല്ലാവരും കരഞ്ഞുകൊണ്ടിരുന്ന തെരുവുകളിൽ നിന്ന് സ്തുതി ഉയർന്നു. നാശത്തിനായി വിധിക്കപ്പെട്ട മുറികളിൽ നിന്ന് മനുഷ്യർ അവനു നന്ദി പറഞ്ഞു. കാരുണ്യം സംരക്ഷിച്ചതിനാൽ, കോട്ടകളിൽ നിന്ന് മനുഷ്യർ അവനെ പ്രകീർത്തിച്ചു. തങ്ങളുടെ ഉദരം പിളർത്തപ്പെടാതിരുന്നതിന് ഗർഭിണികൾ അവനു നന്ദി പറഞ്ഞു. തങ്ങളുടെ മണവറകളിൽ സന്തോഷപൂർവം കടക്കുവാൻ ഇപ്പോൾ കഴിഞ്ഞതിന്, മണവാട്ടികൾ അവനു നന്ദി പറഞ്ഞു. തങ്ങളുടെ മക്കളെപ്രതി അനുഗ്രഹിക്കപ്പെട്ടതിനാൽ അമ്മമാർ അവനു നന്ദി പറഞ്ഞു.

2053. തങ്ങളുടെ മടിയിൽ നിന്ന് ശിശുക്കൾ പുറത്തേക്ക് എത്തിനോക്കിയതിനാൽ, വളർത്തമ്മമാർ ദൈവത്തെ പ്രകീർത്തിച്ചു. തങ്ങളുടെ വിവാഹോത്സവത്തിലേക്ക് തിരികെ എത്തിച്ചതിന് ദമ്പതികൾ അവനു നന്ദി പറഞ്ഞു. തങ്ങളുടെ ജീവൻ നാശത്തിൽ നിന്നു വിടുവിച്ചതിന്, കന്യകകൾ അവനു നന്ദി പറഞ്ഞു. സംഭ്രമിച്ചിരുന്ന കൊട്ടാരവാസികൾ ദൈവത്തിനു നന്ദി പറഞ്ഞു.

2061. പടപട പൊട്ടിയ മരച്ചട്ടകളുള്ള കോട്ടകളിൽ മനുഷ്യർ ദാനം കൊടുത്തു. ജീവിതം ചുരുങ്ങിയവർ അത് നീട്ടിക്കിട്ടിയതിൽ ദൈവത്തെ വാഴ്ത്തി. തങ്ങളുടെ ന്യായവിധി അനുസരിച്ച് തങ്ങൾ വിധിക്കപ്പെടാത്തതിന്, ന്യായാധിപന്മാർ ദൈവത്തെ വളരെയധികം വാഴ്ത്തി. തങ്ങൾ പ്രതികാരം ചെയ്തതുപോലെ തങ്ങളോടു ചെയ്യാഞ്ഞതിനാൽ, പ്രതികാരകർ നല്ലവനെ വാഴ്ത്തി. തങ്ങളുടെ കടങ്ങൾക്ക് പ്രതികാരം ഉണ്ടാകാഞ്ഞതിനാൽ, കരംപിരിവുകാർ സ്തുതി അർപ്പിച്ചു. കടപ്പത്രം കീറിക്കളഞ്ഞ വായ്പ നൽകിയവർ ദൈവത്തെ വാഴ്ത്തി.

2073. താൻ വിതച്ചതുപോലെ കൊയ്യേണ്ടാത്തതുകൊണ്ട് കൊള്ളക്കാരൻ ദൈവത്തിനു സ്തുതി അർപ്പിച്ചു. തന്റെ കടങ്ങൾക്കനുസരിച്ച് തനിക്ക്

കിട്ടാത്തതിനാൽ, കള്ളൻ നന്ദി പറഞ്ഞു. ഉപദ്രവിക്കുന്നവൻ സ്തുതി പാടി; ഉപദ്രവം ഏറ്റവൻ നന്ദി പറഞ്ഞു. യോജിപ്പിലൂടെ സഹായികളായതിനാൽ, ഇരുവരും ഒരുപോലെ സ്തുതി പാടി.

2081. ഉപദ്രവകാരി ഉപദ്രവിക്കാൻ വരാത്തതുകൊണ്ടും ഉപദ്രവമേറ്റവൻ ആരോഗ്യവാനായി നിലനിന്നതുകൊണ്ടും അവരുടെ ദാസീദാസന്മാർ സമൃദ്ധമായി സ്തുതി അർപ്പിച്ചു. മരണത്തേക്കാൾ സ്വീകാര്യമാണ് നുകം; നാശത്തേക്കാൾ ഭേദമാണ് ദാസ്യവൃത്തി. കാരണം, കല്ലറയിൽ സ്വതന്ത്രനായിരിക്കുന്നതിലും ഭേദമാണ് ഒരു വീട്ടിൽ ദാസനായിരിക്കുന്നത്.

2089. ദുഃഖിതയായിരുന്ന ഒരമ്മ തന്റെ വത്സലശിശുവിനെ വീണ്ടും കണ്ടതിനാൽ സന്തോഷിച്ചു. നിരവധി മക്കളുടെ മാതാവ് തന്റെ മക്കളെല്ലാം വീണ്ടും തന്റെ പക്കലേക്കു വന്നതിനാൽ സന്തോഷിച്ചു. തന്റെ ഏകജാതനെ രക്ഷിച്ചതിനാൽ, അവന്റെ അമ്മ ദൈവത്തെ ബഹുമാനിച്ചു. കോപാവേശൻ അവിടെ നന്ദി പറഞ്ഞു. കാരണം, ദൈവകോപത്തിന്മേൽ അവരുടെ കോപം അണഞ്ഞുപോയി.

**നിനിവെക്കാരുടെ അനുതാപം ശരിയായ ഉപവാസത്തിന്റെ മാതൃക**

2097. നിനിവെക്കാർ നമുക്ക് സദൃശ്യരല്ല; നമ്മുടേത് വഞ്ചനാപരമാണ്. ക്രോധം കടന്നുപോകുന്നതുവരെ ഒരു നിമിഷത്തേക്ക് എല്ലാവരും ഭയക്കുന്നു, പിന്നെ മറന്നുപോകുന്നു. ക്രോധവിധി തുടങ്ങുമ്പോൾ അനുതാപി, അവസാനം മത്സരക്കാരൻ. അത് എന്നേക്കുമായി കടന്നുപോയി, യാതൊരാപത്തും ഇനിയും വരികയില്ല എന്ന മട്ടിൽ എല്ലാവരും ധിക്കാരികളാകുന്നു.

2105. അഥവാ, അത്യുന്നതൻ വീണ്ടും പാപത്തിന് ശിക്ഷിക്കയില്ലെന്ന് കൃത്യമായി അറിയുന്നതു പോലെയും ദൈവം മാരകപാപങ്ങൾ മാത്രമേ വെറുക്കുന്നുള്ളു എന്നതുപോലെയും എല്ലാവരും പെരുമാറുന്നു. എന്റെ സഹോദരങ്ങളേ, ശേഷിച്ച പാപങ്ങൾ അവന്റെ നീതി തള്ളിക്കളയുന്നില്ലേ? എന്റെ സഹോദരങ്ങളേ, ശരിയായ അനുതാപി ശാന്തിയുടെ മധ്യത്തിലും പൂർണമായി പാപരഹിതനാണ്. അൽപ്പം ശിക്ഷണവിധേയനാക്കപ്പെടുകയും അതു കടന്നു പോകുകയും ചെയ്യുമ്പോൾ, ആ ശിക്ഷയെപ്പറ്റി അനുദിനം അവൻ ഓർക്കും. മറിച്ച് ധിക്കാരിയായ ദാസൻ മുമ്പ് തനിക്ക് കിട്ടിയ അടികൾ എല്ലാ ദിവസവും മറന്നുപോകുന്നു.

**സമാപനം**

2117. ശിക്ഷിക്കപ്പെടുകയും വീണ്ടും കാരുണ്യവിധേയരാകുകയും ചെയ്ത നിനിവെക്കാർ ശാന്തിയിൽ സ്തുതി പാടി. ഓരോ ദിവസവും മുഴുവനായി കുലുങ്ങിക്കൊണ്ടിരുന്ന നഗരം മുഴുവൻ അവനു നന്ദി പറഞ്ഞു. ഒരു കപ്പൽപോലെ അങ്ങോട്ടും ഇങ്ങോട്ടും ആടിക്കൊണ്ടിരുന്ന നാടു മുഴു



വൻ അവനെ പ്രകീർത്തിച്ചു. ജലപാനം കൂടാതെ കഴിച്ചു കൂട്ടിയ മൃഗങ്ങളുടെ ഉടമസ്ഥൻ നന്ദി പറഞ്ഞു.

2125. തന്റെ വസ്തുവകകളോടുകൂടെ അനുഗ്രഹിക്കപ്പെട്ട വസ്തുക്കളുടെ ഉടമസ്ഥൻ അവനെ വാഴ്ത്തി. അരിഷ്ടതയുടെ അപ്പം ഭക്ഷിച്ചവർക്ക് ഇപ്പോൾ വീണ്ടും മേശയൊരുക്കാൻ കഴിഞ്ഞു. പൂഴിയിൽ കിടന്നവർ തങ്ങളുടെ പാളയത്തിൽ കർത്താവിനെ വാഴ്ത്തി. തങ്ങളുടെ സിംഹാസനങ്ങളിൽ നിന്ന് താഴെയിറങ്ങി ചാരത്തിൽ ഇരുന്നവർ അവിടെ കയറിയിരുന്ന് ദൈവത്തെ പ്രകീർത്തിച്ചു.

2133. ദുഃഖവും കണ്ണീരും ധരിച്ചവർ പ്രകാശിതവസ്ത്രം ധരിച്ച് ദൈവത്തെ സ്തുതിച്ചു. അനുതാപവസ്ത്രത്തിനു പകരം അവർ വെളുത്ത വസ്ത്രം ധരിച്ച് സ്തുതിയർപ്പിച്ചു.

2137. നീതിമാന്മാരെ സ്നേഹിക്കുകയും അസ്സീറിയായിൽ അനുതാപികളുടെ എണ്ണം വർധിപ്പിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. പിതാവിനെ സന്തുഷ്ടനാക്കിയ അഗ്രചർമികളിൽ നിന്നും പുത്രനെ വഞ്ചിച്ച പരിച്ഛേദിതരിൽ നിന്നും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ഉണ്ടായിരിക്കട്ടെ. ആമ്മീൻ ആമ്മീൻ.

യോനായെയും നിനിവെയെയും കുറിച്ചുള്ള പ്രസംഗം തീർന്നു.

# 2

## അനുതാപം

1. ഓ, മനുഷ്യാ, പാപത്തെ ഭയപ്പെടുക; കാരണം, പാപം നാടു നശിപ്പിക്കുന്നു. അത് തിന്മകളുടെ ഉറവിടമാണ്; അതൊഴുകി ജനക്കൂട്ടങ്ങളെ മത്തുപിടിപ്പിക്കുന്നു.

5. കാരണം, അതിന്റെ പ്രളയജലം കുടിക്കുന്നവന് അതുകൊണ്ട് മത്തുപിടിക്കുകയും അവൻ നന്മ വിസ്മരിക്കുകയും ചെയ്യുന്നു. ഈ കുടിയിലൂടെ അവന് എത്രമാത്രം ക്ഷതം സംഭവിക്കുന്നെന്ന് അതിന്റെ ലഹരിയിൽ അവൻ തിരിച്ചറിയുന്നില്ല. ദുഷ്ടതയെ സ്നേഹിക്കുന്നവൻ അതിന്റെ മ്ലേച്ഛത കാണുന്നില്ല. പാപത്തിന്റെ കനത്ത നുകം പാപിക്കും ദുഷ്കർമിക്കും എളുപ്പമുള്ളതാണ്.

13. അതിന്റെ ഭാരം വഞ്ചകനും നുണയനും ആയാസരഹിതമായി വഹിക്കുന്നു. അതിന്റെ ഉറവയുടെ ഒഴുക്ക് കാമാർത്തനും വ്യഭിചാരിക്കും മധുരതരമാണ്. വിഗ്രഹാരാധന അത്യാർത്തിക്കാരനും അത്യാഗ്രഹിക്കും കാമ്യ

മാണ്. പാപം മോഷ്ടാവിനും കൊള്ളക്കാരനും ഹൃദ്യവും കാമ്യവും സ്വാഗതാർഹവുമാണ്. അതിന്റെ വിഷം വെടിപ്പില്ലാത്തവനും അശുദ്ധനും കാമാർത്തനും മധുരതരവും സ്വീകാര്യവുമാണ്. അത് ധിക്കാരിക്കും അഹങ്കാരിക്കും ഗർവിഷ്ടനും നല്ലതും സുന്ദരവും കാമ്യവുമാണ് (എഫേ.5,5).

25. പാപിക്ക് പാപം കാമ്യമാണ്; എന്നാൽ നീതിമാന്റെ ദൃഷ്ടിയിൽ അത് നിന്ദ്യമാണ്. കാരണം, അതിന്റെ മണത്തിലും രുചിയിലും നിന്ന് നീതിമാന്റെ ആത്മാവ് ഞെട്ടിത്തിരിയുന്നു. എന്നാൽ പാപിയുടെ ഭ്രാന്തു പിടിച്ച വായ്ക്ക് അതിന്റെ കയ്പ്പേറിയ രുചി മധുരതരമാണ്. അനിയന്ത്രിത ജീവിതമുള്ളവൻ ചീത്തയായതെല്ലാം ഇഷ്ടപ്പെടുന്നു.

33. അനേകർ നിന്ദിക്കുന്ന നിന്ദ്യമായവ അഹങ്കാരി കാമ്യമായി കരുതുന്നു; കാരണം, തന്റെ പാപങ്ങൾ ദൂരെയെറിയുന്നതും ഉപേക്ഷിക്കുന്നതും അവന്റെ ദൃഷ്ടിയിൽ നിന്ദ്യമാണ്. പാപം അവന് പ്രിയംകരമാണ്; അവന്റെ ബോധത്തിൽ അത് സ്വീകാര്യമായി തീർന്നുമിരിക്കുന്നു. അവൻ അത് രുചിച്ചുകഴിയുമ്പോൾ, അതിൽനിന്ന് വീണ്ടും കുടിക്കാൻ അവന് വീണ്ടും ദാഹിക്കുന്നു.

41. അനേകരെ നശിപ്പിക്കുന്ന പാപത്തിന്റെ രൂപം പാപി കാണുമ്പോൾ, നിരീക്ഷിക്കുകയും അതിൽ നിന്നുള്ള നാശം ദർശിക്കുകയും അതിനുശേഷം അവന്റെ കണ്ണുകൾ അത് പൂർണമായി ഇഷ്ടപ്പെടുകയും ചെയ്യുന്നു. എന്നാൽ നീതിമാന്മാരാകട്ടെ, സാന്ദർഭികമായി അതിന്റെ ചെറിയൊരംശം രുചിക്കാൻ ഇടയായാൽ തന്നെയും, അതിന്റെ വിഷത്തിലൂടെ രോഗികളായി തീരാതിരിക്കാൻ, അത് തുപ്പി ദൂരെക്കളയുന്നു. അവർ സാന്ദർഭികമായി അതിൽ നിന്ന് അൽപ്പം കാണാൻ ഇടയായാൽ, വളരെ ദൂരെനിന്ന് അൽപ്പമാത്രമായിട്ടായാലും, അതിന്റെ കാഴ്ചയിലൂടെ കുഴഞ്ഞു പോകാതിരിക്കാൻ, ഉടൻതന്നെ തങ്ങളുടെ കണ്ണുകൾ അടച്ചുകളയുന്നു.

53. അതിന്റ സ്വരത്താൽ വഞ്ചിക്കപ്പെടാതിരിക്കാൻ, അവർ ഉടൻ തന്നെ തങ്ങളുടെ കാതുകൾ അടച്ചുകളയുന്നു. അതിന്റെ മരുപ്രദേശത്ത് കാലിടറാതിരിക്കാൻ, തങ്ങളുടെ കാലടികൾ അതിൽ നിന്ന് ദൂരെയകറ്റുന്നു. അതിന്റെ രുചിയിൽ സന്തോഷിക്കാതിരിക്കാൻ, അവർ തങ്ങളുടെ വായുടെ കവാടങ്ങൾ അടയ്ക്കുന്നു. അതിന്റെ വിഷത്താൽ മുറിവേൽക്കാതിരിക്കാൻ, അവർ തങ്ങളുടെ അധരങ്ങൾ ദൂരെയകറ്റുന്നു.

61. അതിന്റെ പ്രവർത്തനങ്ങളുടെ മാധുര്യത്തിൽ നിന്ന് അവർ തങ്ങളുടെ നാവുകളെ ശുദ്ധീകരിക്കുന്നു. അതിനോടുള്ള താൽപ്പര്യത്താൽ മലിനരാകാതിരിക്കാൻ, അവർ തങ്ങളുടെ ആത്മാക്കളെ വെണ്മയുള്ളതാക്കുന്നു. അതേസമയം അവർ തങ്ങളുടെ എല്ലാ അവയവങ്ങളെയും കഴുകി വെടിപ്പാക്കുന്നു. അങ്ങനെ തങ്ങളുടെ ചിന്തയിൽ നിന്ന് പാപത്തിന്റെ അദൃശ്യ



മാലിന്യം അവർ ദൂരെയകറ്റുന്നു. നാശത്തിന്റെ ദാസ്യത്വത്തിൽ നിന്ന് അവർ തങ്ങളുടെ ആത്മബോധത്തെ സ്വതന്ത്രമാക്കുകയും ചെയ്യുന്നു.

**ഗേഹെന്നായിൽ പാപികളെ കാത്തിരിക്കുന്ന ഭീകരശിക്ഷാവിധി**

71. ആ മധ്യോന്നതങ്ങളിൽ നിൽക്കുകയും മൂന്നു പ്രാവശ്യം സുവ്യക്തനയനങ്ങളിലൂടെ നോക്കുകയും ചെയ്യുന്ന നീതിമാന്മാർ, പാപികൾ പീഡിപ്പിക്കപ്പെടുന്നത് ആദ്യതലമുറകളിലും കുറ്റവാളികൾ ദുരിതമനുഭവിക്കുന്നത് മധ്യതലമുറകളിലും ദർശിക്കും. അവിടെ ദുഷ്ടർക്കും പാപികൾക്കും ദുഷ്കർമികൾക്കും കുറ്റക്കാർക്കും നശിച്ചവർക്കും കാമാസക്തർക്കും അഹങ്കാരികൾക്കും അശുദ്ധർക്കും അത്യാർത്തിക്കാർക്കും തീറ്റിപ്പണ്ടാരങ്ങൾക്കും - ദുഷ്ടരായിരിക്കുകയും എന്നാൽ വ്യത്യാസം കൂടാതെ നീതിമാന്മാരെപ്പോലെ തുല്യരാക്കപ്പെടുകയും ചെയ്ത എല്ലാവർക്കും - പ്രതിഫലം ലഭിക്കുന്ന, തങ്ങളുടെ മുമ്പിലുള്ള ന്യായവിധി അവർ കാത്തിരുന്നു. നാശത്തിന്റെ വിശാലപാതയിലൂടെ നടന്നവർ അന്ധകാരത്തിനായി അതിൽ നിന്ന് വേർതിരിക്കപ്പെടും.

89. വേദന നിറഞ്ഞ അഗാധത്തിലേക്ക് അവരെല്ലാം ഒന്നിച്ച് ബലാൽക്കാരമായി തള്ളിയിടപ്പെടും. കാരണം, ഓരോരുത്തരുടെയും സുഖജീവിതാനുസൃതം വേദന അവയവങ്ങളെ ഞെരുക്കും (ലൂ.16,25). ഒരേയൊരു അഗ്നിസമുദ്രത്തിൽ അവരെല്ലാം നിപതിക്കും. അവരുടെ ദുരിതത്തിന് യാതൊരു സാന്ത്വനവുമില്ല. ചൂടിന്റെ കാഠിന്യത്താൽ അവർ അവിടെ അലമുറയിടുകയും നിലവിളിക്കുകയും ചെയ്യും. അവരുടെ പല്ലുകടിയുടെ ഒച്ച അവരുടെ കാതുകളിൽ തട്ടി, രോഗഗ്രസ്തമാക്കും. അവരുടെ അസ്ഥികളുടെ കിലുകിലാരവം അവരുടെ ചെവി പൊട്ടിച്ചുകളയും.

101. അവരുടെ ദുരിതത്തിലും പീഡനത്തിലും അവരെ സാന്ത്വനപ്പെടുത്താനോ, ക്ലേശം ലഘൂകരിക്കാനോ ആരുമില്ല. അവർ ഉന്നതത്തിലേക്കു നോക്കും; അവിടെ അഗ്നി താഴേക്കു നിപതിക്കുന്നതു മാത്രമേയുള്ളു. അവർ അഗാധത്തിലേക്കു നോക്കും; അവിടെ തീജ്വാലകൾ ഉയർന്നു വരുന്നതു മാത്രം. അവർ നേരേ മുമ്പോട്ടു നോക്കും; അവരുടെ നേർക്ക് അഗ്നിക്കാറ്റടിക്കും. അവർ നേരേ പിറകിലേക്കു നോക്കും; നിരന്തരമായി അഗ്നിക്കൊടുങ്കാറ്റ് അടിച്ചുകൊണ്ടിരിക്കും. അവർ വലത്തോട്ടു നോക്കം; തീജ്വാല ശക്തിമത്തായിരിക്കും. അവർ ഇടത്തോട്ടു നോക്കും; അഗ്നി ഗംഭീരമായി കത്തിക്കൊണ്ടിരിക്കും. അവരുടെ ദുരിതത്തിൽ അവർ വായ് തുറക്കും; അവർ തീജ്വാല വമിക്കും. അവരുടെ നാസാദ്വാരങ്ങളിൽ നിന്ന് പുക പുറത്തേക്കു വരും. ഏതുകൊണ്ട് അവർ അശുദ്ധമായി വിഹരിച്ചുവോ, അതുകൊണ്ട് അവർ നീതിപൂർവം അഗ്നിയിൽ പീഡിപ്പിക്കപ്പെടും.

121. അവരുടെ കാതുകളുടെ വഞ്ചനാത്മക കവാടങ്ങൾ അഗ്നിയാൽ

തകർക്കപ്പെടും. കാരണം, അവ നീതിരഹിതമാംവിധം തുറന്നിരുന്നു. ആവശ്യക്കാരും ഞെരുക്കം അനുഭവിക്കുന്നവരുമായ ദരിദ്രരുടെ സ്വരത്തിന് മുമ്പിൽ ദുഷ്ടതരമാംവിധം അവ അടഞ്ഞിരുന്നു. ഒരു കാട്ടുതീ അവരുടെ ശരീരത്തിന്റെ ഉൾഭാഗം കത്തിക്കും. കാരണം, അവരുടെ മനസ്സിൽ നിഗൂഢ പാപം കത്തിയിരുന്നു. അവർ പരസ്പരം തിരുമ്മുകയും അങ്ങനെ അവരുടെ ശരീരത്തിന്റെ കത്തൽ വർധിക്കുകയും ചെയ്യും.

133. ഓരോരുത്തരും സ്വന്തമായി കത്തും; അതേസമയം തങ്ങളുടെ അയൽക്കാരെ തങ്ങളുടെ അഗ്നിയാൽ കത്തിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ, ഓരോരുത്തരും തന്നത്താൻ പാപം ചെയ്തു, അതേസമയം തങ്ങളുടെ പാപങ്ങളാൽ അയൽക്കാരെയും നശിപ്പിച്ചു. അവർ തട്ടിവീഴുകയും തങ്ങളുടെ സഖികളുടെ മേൽ നിപതിക്കുകയും ചെയ്യും. ഓരോരുത്തരും വീണ്, തങ്ങളുടെ അയൽക്കാരുടെയും അതേ അവസ്ഥയിലുള്ള സഖികളുടെയും മേൽ കൂനകൂട്ടും.

141. അവരുടെ ശരീരങ്ങളുടെ കൂനകളാൽ അഗ്നിജ്വാലയ്ക്ക് ശക്തി കൂടും. ഉണങ്ങിയതും നനവുള്ളതുമായ അവരുടെ അവയവങ്ങളുടെ വിറകിൽ, അഗ്നിയുടെ ഹിതാനുസൃതം ജ്വാല കൂടുതൽ ശക്തിയായി കത്തും. സത്യത്തിനു മുമ്പിൽ അവയവങ്ങൾ ഉണങ്ങിയിരുന്നു; പാപത്താൽ അവ നനഞ്ഞിരുന്നു. അശുദ്ധൻ കാമാർത്തന്റെ മേലും വിഷയാസക്തൻ വ്യഭിചാരിയുടെ മേലും നിപതിക്കും. വഞ്ചകനും നുണയനും തട്ടിവീഴും. അഹങ്കാരി അത്യാഗ്രഹിയുടെ മേൽ തട്ടുകയും ഒന്നിച്ച് നാശത്തിലേക്ക് നിപതിക്കുകയും ചെയ്യും. അസൂയാലുവും അസഹിഷ്ണുവും കടക്കണ്ണിടുന്നയാളും ശപിക്കുന്നവനും കുടിയനും ഭോജനപ്രിയനും കള്ളനും കവർച്ചക്കാരനും നീതിരഹിതനും ദുർവൃത്തനും നുണയനും വഞ്ചകനും - എല്ലാ കളകളും- പരസ്പരം അടിക്കുകയും ഇടിക്കുകയും ചെയ്യും. തങ്ങളുടെ ദുരിതത്തിൽ അവർ പരസ്പരം തല തല്ലിക്കീറും.

169. ഓരോരുത്തരും അഗ്നി ഉച്ഛ്വസിക്കുകയും അവരുടെ ഉച്ഛ്വാസം അയൽക്കാരെ കത്തിക്കുകയും ചെയ്യും. അമ്മ തന്റെ ശിശുവിന്റെ മേൽ തട്ടിവീഴും, പിതാവ് തന്റെ ഏകജാതന്റെ മേൽ മുട്ടിവീഴും. തങ്ങളുടെ കഠോര ദുരിതത്തിൽ അവർ ഭ്രാന്തുപിടിച്ച് പരസ്പരം കടിച്ചുകീറും. അമ്മ തന്റെ വത്സലരെയും പിതാവ് തന്റെ പുത്രന്മാരെയും സഹോദരൻ സഹോദരനെയും അയൽക്കാരൻ അയൽക്കാരനെയും കടിക്കും. തങ്ങളുടെ എതിരെ വരുന്നവനെ ഓരോരുത്തൻ കടിച്ച് അംഗഭംഗപ്പെടുത്തി നശിപ്പിക്കും. മനാശ്ശെ എഫ്രേമിനെയും എഫ്രേം മനാശ്ശെയെയും തിന്നും (ഏശാ.9,20-21). ഒരാൾ തന്റെ ഞെരുക്കത്തിൽ തന്റെ സ്വന്തം കൈയിലെ മാംസം ഭക്ഷിക്കും. പിതാവ് തന്റെ മകനെയും മാതാവ് തന്റെ വത്സലശിശുവിനെയും തിന്നും. ലാളിക്കുകയും ഓമനിക്കുകയും ചെയ്ത സ്ത്രീ തന്റെ പുത്രന്മാരെയും പുത്രിമാരെയും ഭുജിക്കും.



185. വിശന്നു വലഞ്ഞ സ്ത്രീകൾ ഒരിക്കൽ തങ്ങളുടെ ദുരിതത്തിൽ തങ്ങളുടെ ശിശുക്കളെ പാചകം ചെയ്തിരുന്നു (2രാജാ.6,29). ആ വരുംകാലത്തിന്റെ നിഴൽ മാത്രമായ ഈ ഭൗമിക ദുരിതത്തിൽ തങ്ങളുടെ മക്കളുടെ മാംസം ഭുജിക്കാൻ തക്ക വിഭ്രാന്തിയിൽ മനുഷ്യർ നിപതിച്ചെങ്കിൽ, ദുരിതം നിമിത്തം നിലവിളിക്കുകയും കടന്നുപോകാത്ത വേദന അനുഭവിക്കുകയും ചെയ്യുമ്പോൾ, തീവ്രമായ വ്യഥയ്ക്ക് യാതൊരു ശമനവുമില്ലാത്തിടത്ത് ബലഹീനർ എന്താണ് ചെയ്യുക!

195. വിശപ്പു ശമിപ്പിക്കാനല്ല ഒരാൾ മറ്റൊരാളെ കടിക്കുന്നത്, പിന്നെയോ, കഠിന യാതനയ്ക്ക് ശമനം ഉണ്ടാകുമോയെന്ന് പരീക്ഷിച്ചുകൊണ്ടു മാത്രമാണ്. വേദനയും ദുഃഖവും കുറയ്ക്കാൻ സാധ്യമാണെങ്കിൽ പോലും, ദുരിതം ഒരിക്കലും ഇല്ലാതാകുന്നില്ല. കാരണം, അവിടെ ദണ്ഡനം നിത്യമായി നീണ്ടുനിൽക്കും. ഇരുമ്പിലും പിച്ചളയിലും എന്നപോലെ അവർ അവിടെ പരസ്പരം കടിക്കുന്നു.

205. തന്റെ വിഭ്രാന്തിയിൽ, കട്ടിയുള്ള ഇരുമ്പും പിച്ചളയും കടിക്കുന്നവന്റെ ഉറച്ച പല്ലുകൾ പൊട്ടുകയും ഇളകുകയും അണപ്പല്ല് പിഴുതു പോകുകയും ചെയ്യും. അവിടെ നരകത്തിൽ, കടിക്കുന്നവനും വേദനിക്കുകയും അവന് തന്നെ ഉപദ്രവം വരുത്തുകയും ചെയ്യും. കുറ്റവാളി തന്റെ സ്വന്തം മാംസത്തെത്തന്നെ അവിടെ കടിക്കുകയും ചെയ്യും.

213. പാപിയുടെ അവയവങ്ങളും സന്ധികളും കത്തുന്ന തീക്കട്ട പോലെ ആയിരിക്കും. അവരുടെ വേദനയ്ക്ക് ആശ്വാസമില്ല, അവരുടെ ദുരിതത്തിന് ശമനമില്ല, അവരുടെ മുറിവുകൾക്ക് വച്ചുകെട്ടില്ല, അവരുടെ ദൗർഭാഗ്യത്തിന് സൗഖ്യമില്ല. പീഡനമേറ്റ അവരുടെ നാവുകളെ ആരും നനയ്ക്കുകയോ, അവയിൽ ജലം തളിക്കുകയോ ചെയ്യുകയില്ല. പെട്ടെന്ന് വീണുപോയ ഹതഭാഗ്യരെ ആരും സംരക്ഷിക്കുകയോ രക്ഷിക്കുകയോ ചെയ്യുകയില്ല. തറയിലേക്ക് എറിയപ്പെട്ട് കാൽമുട്ടു കുത്തി വീണുകിടക്കുന്നവരെ ആരും താങ്ങുകയോ നേരേ നിർത്തുകയോ ചെയ്യുകയില്ല. അവർ ഏറ്റവും പുറത്തുള്ള അന്ധകാരത്തിൽ പല്ലുകടിയോടുകൂടെ കരയും. അവർ കടുത്ത അന്ധകാരത്തിൽ തപ്പിത്തടയുകയും ചുറ്റും അലയുകയും ചെയ്യും അവർ നീതിപൂർവം അഗാധ ഗർത്തത്തിൽ നിപതിക്കുകയും തള്ളപ്പെടുകയും ചെയ്യും.

**നീതിമാന്മാരുടെ പറുദീസാ**

231. എന്നാൽ യഥാർഥ നീതിമാന്മാർ, അടിയുറച്ച സത്യസന്ധർ, സംശുദ്ധർ, ജാഗരണക്കാർ, ഉപവാസകർ, വിനീതർ, കരുണയുള്ളവർ, ഹൃദയശുദ്ധിയുള്ളവർ, വിശുദ്ധർ, സത്കർമികൾ, വിശ്വാസത്തെ സ്നേഹിച്ചവർ,

ദാനധർമം ചെയ്തവർ, ഏകാന്തവാസികൾ, പ്രകാശസന്തതികൾ, സത്യത്തെയും നീതിയെയും സ്നേഹിച്ചവർ, മറഞ്ഞിരിക്കുന്ന പ്രത്യാശയും നിത്യസമ്മാനവും കാത്തിരുന്നവർ, തന്റെ നന്മകളാൽ തങ്ങളെ സന്തോഷിപ്പിച്ച നല്ല ദൈവത്തെ ഏറ്റുപറഞ്ഞ നല്ലവർ, വലത്തുവശത്തെ മക്കൾ, മഹാരാജാവിന്റെ പോരാളികൾ എന്നിവർ ശ്രേഷ്ഠമായ പറുദീസായുടെ ഉന്നതങ്ങളിൽ നിത്യമായി സന്തുഷ്ടരായിരിക്കും. അതിന്റെ മാധുര്യമേറിയ തണലിൽ ദൗർഭാഗ്യത്തിന്റെ കാഠിന്യം വിസ്മരിക്കും, അതിന്റെ മനോഹര വൃക്ഷങ്ങളുടെ കീഴിൽ മഹത്വത്തിന്റെ പരമാനന്ദം അനുഭവിക്കും.

**സോദോമിലെ പാപികളും അവർക്കുള്ള ശിക്ഷാവിധിയും**

253. ഒരു മലിനന്റെയോ, ദ്രോഹിയുടെയോ, വഞ്ചകന്റെയോ നയനത്തിന് പറുദീസാ കാണാൻ കഴിയില്ല. കാരണം, അതിൽ നിന്ന് ഒരു കിരണം പുറപ്പെട്ട് അവന്റെ കണ്ണിലടിച്ച് അന്ധമാക്കുന്നു. ഒപ്പം അന്ധകാരത്തിന്റെ അഗാധതയിൽ ഇടത്തുവശത്തെ ദുഷ്ടസന്തതികളുടെ കയ്പ്പേറിയ ദുരന്തവും അന്ധകാരസന്തതികളായ കറുത്തവരുടെ മഹാവേദനയും കാണുന്നു. അവരുടെ കാലടികൾ വളഞ്ഞ വഴികളിലൂടെ വഴിതെറ്റിയവ ആയിരുന്നു.

265. സോദോം നിവാസികളുടെ പാപം നിമിത്തം അവർക്കെതിരെ തിരിഞ്ഞ തീയും പുകയും അബ്രഹാം കണ്ടതുപോലെയാണിത്. അതിലെ നിവാസികളുടെ ദുഷ്കർമം നിമിത്തം ക്രോധത്തിൽ അവർക്കെതിരെ അഗ്നി ആളിക്കത്തുകയും അവ സമീപനഗരങ്ങൾക്ക് നടുക്കമായിത്തീരാൻ ഗന്ധകം അവരെ ചാമ്പലാക്കുകയും ചെയ്തു.

273. അതിൽ ദരിദ്രർ ഞെരുക്കപ്പെട്ടു. അതിൽ ആവശ്യക്കാർ നിലവിളിച്ചു. അനീതിക്കു വിധേയരായവർ അവരെപ്രതി പ്രലപിച്ചു. അവരെ പ്രതി വിധവകൾ ഉറക്കെ കരഞ്ഞു. അതിൽ നിന്നുണ്ടായ ദുഷ്ടത നിമിത്തം അനാഥശിശു തന്റെ സ്വരമുയർത്തി. മറ്റുള്ളവരേക്കാൾ കൂടുതൽ വസ്തുവകകൾ അവർക്ക് ഉണ്ടായിരുന്നിട്ടും, വിശക്കുന്നവരുടെ നേരേ അവർ കണ്ണടച്ചതിനാൽ, നഗ്നരും നഗ്നരാക്കപ്പെട്ടവരും സ്വർഗത്തിലേക്ക് ശകാരമുയർത്തി.

282. അവൻ എല്ലാം തിന്നു മദിച്ചപ്പോൾ, വിശന്നു വലയുന്നവർ അതിന്റെ തെരുവുകളിൽ ഞരങ്ങി. ദാഹാർത്തൻ ദാഹത്താൽ വലഞ്ഞപ്പോൾ, ആരാണ് തിന്നുകുടിച്ച് ഉന്മത്തരായത്? നഗ്നൻ തണുപ്പുകൊണ്ട് വിറച്ചപ്പോൾ, നീതിരഹിതനായ ധനവാൻ നിറംപിടിച്ച വസ്ത്രങ്ങൾ മണിക്കൂർ തോറും മാറിക്കൊണ്ടിരുന്നു. ഞെരുക്കം അനുഭവിക്കുന്നവരെ ആരും സമാശ്വസിപ്പിച്ചില്ല. നഗ്നരെ ആരും ഉടുപ്പിച്ചില്ല. കയ്പ്പേറിയ അനീതി പോരാഞ്ഞിട്ട്, ആവശ്യക്കാരെ ദൂരെയകറ്റി. അവരെ ചീത്തവിളിച്ചു എന്നതിൽ നിന്ദ്യത വളരെ കൂടുതലായി കടന്നുവന്നു.



296. അവർ ഒന്നിച്ചു കൂട്ടപ്പെട്ട്, നീതിമാനും അദൃശ്യനുമായ ന്യായാധിപന്റെ സമക്ഷം കുറ്റപ്പെടുത്തപ്പെട്ടു. ഈ ന്യായാധിപൻ അത് കേൾക്കുകയും ഉടൻതന്നെ ശിക്ഷ വിധിക്കുകയും അഗ്നിയും ഗന്ധകവും വഹിക്കാനും ക്രോധശിക്ഷാവിധിയിൽ അശുദ്ധരുടെ മേൽ അഗ്നിപ്രളയം ഒഴുക്കാനും അതോടൊപ്പം മേഘത്തോടു കൽപ്പിക്കുകയും ചെയ്തു.

304. ആ അഗ്നി ശക്തിപ്രാപിച്ച് അഹങ്കാരികളുടെ അഹങ്കാരം തകർക്കുകയും തുള്ളിച്ചാട്ടം അവസാനിപ്പിക്കുകയും അഹന്തയെ മുട്ടുകുത്തിക്കുകയും ഗർവ് താഴ്ത്തുകയും ചെയ്തു. അത് അഹങ്കാരിയുടെ വായ് പൂഴികൊണ്ട് നിറച്ചു. അത് ധനവാന്റെ കവാടം തുറക്കുകയും കടന്നുകയറി അവന്റെ നിക്ഷേപങ്ങളെ സ്പർശിക്കുകയും ചെയ്തു.

312. കൊട്ടാരങ്ങളിൽ അത് പ്രതികാരത്തിനായി ആളിക്കത്തുകയും അതിന്റെ പടപടാശബ്ദം കെട്ടിടത്തെ കുലുക്കുകയും ചെയ്തു. അറകളും ഉന്നതമുറികളും അത് പറത്തി ഉയർത്തി. അത്യാർത്തിക്കാരൻ തിന്നുകുടിച്ചു മദിച്ചിരുന്ന സോഫാകളും അലങ്കാരങ്ങളും വിരികളുടെ പകിട്ടും അതു കണ്ടു. അത് സോഫാകൾ തട്ടിമറിച്ചിട്ടു; മേശകളോടൊപ്പം അതിഥികളെയും. അത്യാർത്തിക്കാരന്റെ അപ്പം അപ്പോഴും അവന്റെ വായിലുണ്ടായിരുന്നു. അപ്പോൾ തന്നെ അഗ്നി അവന്റെ നാവിനെ പിടികൂടി. അത് അപ്പവും നാവും കത്തിച്ചുകളഞ്ഞു; അധരങ്ങളോടൊപ്പം പാനീയവും. തീജ്വാലയുടെ ഗർജനം ഉയരുകയും ഭയവും വിറയലും പരത്തുകയും ചെയ്തു. എല്ലാവരും ഓടിയൊളിച്ചു.

329. എങ്കിലും അഗ്നി എല്ലാവരെയും തേടിപ്പുറപ്പെട്ടു; എല്ലാവരും എപ്പോഴും ഒളിച്ചിരിക്കുന്നിടത്തേക്ക് വലിഞ്ഞുകയറി പിടികൂടി. അത് അത്യാഗ്രഹിയുടെ വയർ കുത്തിപ്പിളർന്നു; ഞെരുക്കപ്പെട്ടവന്റെ വസ്തുവകകൾ അത് പുറത്തേക്കു വലിച്ചു. അത് സ്വേച്ഛാധിപതികളുടെ തലയ്ക്ക് അടിക്കുകയും ജ്വാലകളാൽ അവരെ തകർക്കുകയും ചെയ്തു. ശക്തരുടെയും ധീരരുടെയും ഉറച്ചതും കട്ടിയുള്ളതുമായ അസ്ഥികൾ വരണ്ട ധരപോലെ കീറിമുറിച്ചു. അവർ പൊടിയും ചാരവുമായിത്തീർന്നു. സ്രഷ്ടാവിന്റെ തിരുഹിതപ്രകാരം മനോഹരമായി ഒന്നിച്ചു നെയ്തെടുത്ത അവരുടെ മനോഹര ശരീരവും അപ്രകാരം തന്നെ. അവരുടെ ഇച്ഛ വഴിതെറ്റിയിരുന്നതിനാൽ, അപ്രകാരം തന്നെ അവർ തകർക്കപ്പെട്ടു.

349. അഗ്നി എതിരിട്ടവയെല്ലാം അത് തട്ടിവീഴ്ത്തി. നഗ്നർക്കു നൽകാതിരുന്ന അവരുടെ വസ്ത്രങ്ങൾ അത് കത്തിച്ചുകളഞ്ഞു. ബലഹീനരെ പൂശാതിരുന്ന അവരുടെ എണ്ണയിൽ അത് അവരെ വേവിച്ചു. ദാഹാർത്തന് കുടിക്കാൻ കൊടുക്കാതിരുന്ന അവരുടെ വീഞ്ഞിൽ അത് അവരെ ശ്വാസം മുട്ടിച്ചു. ദരിദ്രർക്ക് പ്രവേശനം നിഷേധിക്കപ്പെട്ട അവരുടെ ഭവനങ്ങൾ അവ

രുടെ കല്ലറകളായിത്തീർന്നു. അവർ തിന്മ പ്രവർത്തിച്ച അവരുടെ മുറികളിൽ അവർ അടക്കപ്പെട്ടു.

361. അവർ തിന്മ പ്രവർത്തിച്ച അവരുടെ മുറികളിൽ അവർ ഞെരുക്കപ്പെട്ടു. അവർ അശുദ്ധ പ്രവൃത്തികൾ നടത്തിയ അവരുടെ ഭവനങ്ങളിൽ അവർ അവരുടെ അന്ത്യം കണ്ടെത്തി. ദരിദ്രരെ വിഷമിപ്പിച്ച തെരുവുകളിൽ അവർ മരണത്തെ അഭിമുഖീകരിച്ചു. വൃദ്ധരുടെ അസ്ഥികൾ അവരുടെ ബന്ധുക്കൾക്ക് വിറകും കത്താനുള്ള വസ്തുവുമായി. അത് വൃദ്ധരെയും യുവാക്കളെയും ശിശുക്കളെയും ഒരുപോലെ കത്തിച്ചു. അത് ഉദരഫലത്തെ തങ്ങളുടെ അമ്മമാരുടെ ഉദരത്തിൽ ശ്വാസം മുട്ടിച്ചു. ഉദരഫലം ഗർഭിണികളുടെ ഉദരത്തിൽ നശിച്ചു. വ്യഭിചാരികളിലും വ്യഭിചാരിണികളിലും അഗ്നി കൂടുതൽ ശക്തിയായി ആളിക്കത്തി.

**സോദോമ്യ സ്ത്രീകളുടെ ശിക്ഷാവിധി**

377. അതുപോലെ, വീഴ്ച സംഭവിച്ച കന്യകകൾ, വിവാഹബന്ധം വിച്ഛേദിച്ച ഭാര്യമാർ, തങ്ങളെത്തന്നെ മലിനരാക്കിയ വിവാഹിതർ, പ്രണയലഹരി പിടിച്ച പെൺകുട്ടികൾ, മാനംകെട്ട മണവാട്ടികൾ....നിന്ദ്യതയ്ക്കും മ്ലേച്ഛതയ്ക്കുമായി, കുളിച്ച് തൈലം പൂശി മേയ്ക്കപ്പു ചെയ്തവർ, അശുദ്ധിക്കും അതിഭോഗാസക്തിക്കുമായി തങ്ങളെത്തന്നെ അലങ്കരിക്കുകയും മുടി പിന്നുകയും ചെയ്തവർ, വ്യഭിചാരത്തിനും വേശ്യാവൃത്തിക്കുമായി അണിഞ്ഞൊരുങ്ങിയവർ എന്നിവരിലെല്ലാം അഗ്നി കൂടുതൽ ശക്തിയായി ആളിക്കത്തി.

389. അവരുടെ സുഗന്ധദ്രവ്യങ്ങളുടെ മണം അടിക്കുകയും അശുദ്ധരെയും കാമാസക്തരെയും മത്തുപിടിപ്പിക്കുകയും ചെയ്തു. അവരെ കാണുന്നവരെ അവരുടെ മുഖഭാവങ്ങളിലൂടെ അവർ കവർന്ന് പിടികൂടുന്നു. അവരുടെ പ്രലോഭന തന്ത്രങ്ങൾക്ക് അഗ്നി ന്യായമായി പ്രതികാരം ചെയ്തു. അവർ മേക്കപ്പ് ചായം ഇഷ്ടപ്പെട്ടതിനാൽ, അത് അവരുടെ കണ്ണിൽ ചാരമായിത്തീർന്നു. സുഗന്ധദ്രവ്യങ്ങളുടെ മണം അവർ ഇഷ്ടപ്പെട്ടതിനാൽ, അവരുടെ ശരീരത്തിന്റെ ഗന്ധം നാറുന്നതായിരിക്കും. തങ്ങളുടെ ആടയാഭരണങ്ങൾ കൊണ്ട് അവർ പൊങ്ങച്ചം കാട്ടിയതിനാൽ, അവർ ജ്വാലയിൽ വിനീതരാക്കപ്പെട്ടു.

401. തങ്ങളുടെ ചായങ്ങളാൽ പുരുഷന്മാരെ പിടികൂടിയതിനാൽ, അവരുടെ കണ്ണുകളിൽ നിന്ന് തീക്കനൽ ചിതറി. തങ്ങളുടെ കാതിലോലകളാൽ അഹങ്കരിച്ചതിനാൽ, അഗ്നിയുടെ പടപടാശബ്ദത്താൽ അവരുടെ കാതുകൾ ചെകിടായിപ്പോയി. വളരെ ചെലവുചെയ്ത് അവർ തങ്ങളുടെ പല്ലുകൾ വൃത്തിയാക്കിയതിനാൽ, പുക അവയെ കറുപ്പിച്ചുകളഞ്ഞു. അവർ തങ്ങളുടെ മുഖം അലങ്കരിച്ചതിനാൽ, അഗ്നി അത് വിരൂപമാക്കി. അവർ തങ്ങളുടെ



മുടി ചീകിപ്പിന്നിയതിനാൽ, ചൂടുകാറ്റുകൊണ്ട് അത് കരിഞ്ഞുപോയി. അവർ തങ്ങളുടെ ശരീരങ്ങൾ കഴുകി പൂശിയതിനാൽ, അവ അഗ്നിക്കിരയായി നശിച്ചുപോയി.

413. നിട്രോൺ കൊണ്ട് ശരീരം വെളുപ്പിച്ചതിനാൽ, അവരുടെ അസ്ഥികൾ അഗ്നികൊണ്ട് വെളുത്തുപോയി. ദരിദ്രരോട് അനുഭാവമില്ലാതെ തിന്നുകുടിച്ച് വിഹരിച്ചതിനാൽ, കരുണയോ, പരിഗണനയോ കൂടാതെ അഗ്നി അവരുടെ ശരീരങ്ങളെ വിഴുങ്ങിക്കളഞ്ഞു. വിധവയ്ക്ക് നവോന്മേഷം നൽകാതെ അവർ എണ്ണ പുരട്ടി ഉന്മേഷഭരിതരായതിനാൽ, അവരുടെ ശരീരത്തിലെ മാംസരക്തങ്ങളിൽ അഗ്നിനാളങ്ങൾ വിഹരിച്ചു. നഗ്നർക്ക് വസ്ത്രത്താൽ ചൂടു പകരാതെ, സ്വന്തമായി വസ്ത്രം ധരിച്ച് തണുപ്പകറ്റിയതിന്, തങ്ങളുടെ വസ്ത്രങ്ങളോടൊപ്പം ശരീരം കത്തിക്കരിയുകയും അവ അവരിൽ നിന്ന് താഴെ വീഴുകയും ചെയ്തു.

427. പകിട്ടു കാട്ടിക്കൊണ്ട് മുത്തുകൾ തൂക്കിയിട്ടതിനാൽ, അവരുടെ തൊണ്ടയും പിടലിയും അഗ്നിവാൾ ച്ഛേദിച്ചുകളഞ്ഞു. വെൽവെറ്റും പട്ടും കൊണ്ടുള്ള കിടക്കയിൽ വിഹരിച്ചതിനാൽ, അഗ്നി അമ്പുകൾ അവരുടെ അരക്കെട്ടും വശങ്ങളും തുളച്ചു. അവർ നിഗളിച്ച് പൊങ്ങച്ചം കാട്ടിയതിനാൽ, എന്നേക്കുമായി തള്ളിയിടപ്പെട്ടു. ധിക്കാരികളായി പകിട്ടു കാട്ടിയതിനാൽ, എന്നേക്കും അവരുടെ അവസാനമായി.

**കഴിഞ്ഞകാല ശിക്ഷാവിധികളെയും തങ്ങളുടെ സ്വന്തം ശിക്ഷാവിധികളെയും മാനിക്കാതെ അക്കാലത്തെ ക്രിസ്ത്യാനികൾ മാനസ്സാന്തരപ്പെടാതെ കഴിഞ്ഞു.**

439. ഇത്ര കർക്കശരായ ന്യായാധിപന്മാർ ക്രോധവിധിയിൽ അശുദ്ധരെ സ്വീകരിച്ചു. ഇത്ര കഠിനവേദന ധിക്കാരികൾക്ക് അഗ്നിയിൽ ലഭിക്കുന്നു. എങ്കിലും പാപങ്ങളിൽ നിന്ന് നാം പിന്തിരിയണമെന്ന് നമ്മുടെ മനസ്സ് കരുതുന്നില്ല. കൂടാതെ, കൊലപാതകിയായ പാപത്തോടുള്ള കമ്പത്താൽ നമ്മുടെ മനസ്സ് ആഹ്ലാദിക്കുന്നു. നമ്മുടെ ചിന്തയും മനസ്സും ബുദ്ധിയും തടവിലാക്കപ്പെട്ട് വഴിതെറ്റിക്കപ്പെടുന്നു.

449. നാം ഒരുപക്ഷേ തിരിച്ചറിവിൽ എത്തുന്നതിന്, നമ്മുടെ ശിക്ഷണം വളരെ പ്രയാസമേറിയതാണ്. ഉയർത്തപ്പെട്ട ക്രോധദണ്ഡ് ശിക്ഷണത്തിലൂടെ സത്യപാതയിലേക്ക് നമ്മെ തിരികെ കൊണ്ടുവരാനും ഇടുങ്ങിയ പാതയിലൂടെ ചരിക്കാൻ ആഗ്രഹിക്കുന്നവർക്ക് അത് കാട്ടിക്കൊടുക്കാനും ആഗ്രഹിക്കുന്നു. എന്നാൽ നമ്മുടെ ഹൃദയം വളരെ ദുശ്ശാഠ്യമുള്ളതായിരുന്നു. അതു വഴിതെറ്റി. ബാഹ്യമായി കാണിക്കാൻപോലും, വശീകരണത്തിലൂടെയും അത് വഴങ്ങുന്നില്ല. കഠിന ശിക്ഷാവിധിയും ഉയർത്തപ്പെട്ട ക്രോധദണ്ഡുകളും എണ്ണമറ്റവയാണ്.

462-495. മുൻതലമുറകളുടെ അപമാനം കണ്ട് മനുഷ്യരായ നാം ഭയ ചകിതരായില്ല. അശുദ്ധർ നഗ്നരാക്കപ്പെടുകയും ദൈവം തന്റെ കോപ ത്തിൽ നിന്ന് അകന്നിരിക്കുകയും ചെയ്യുന്നതുവരെ, പാപം നിമിത്തമുള്ള പോരാട്ടത്തിൽ മല്ലന്മാരുടെ ശക്തി അങ്ങനെ കീഴമർത്തപ്പെട്ടു.

ഓ, കർത്താവേ, മുമ്പുള്ളവർക്കുണ്ടായ ശിക്ഷ ഇതാ, ഞങ്ങൾക്കും പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. ആദാം ഒറ്റയൊരു പഴം മാത്രമേ പറിച്ചുള്ളു. അവൻ അപമാനിതനായി. അവന് പറുദീസാവസ്ത്രം നഷ്ടമായി, അവിടെ നിന്ന് വിട്ടുപോകേണ്ടിവന്നു. മനുഷ്യരായ ഞങ്ങൾ എണ്ണമറ്റ പാപഫലങ്ങൾ പറിക്കുകയും കവർന്നെടുക്കുകയും ചെയ്തു. എന്നാലിതാ, ദൈവികകൃപ യാലും കാരുണ്യത്താലും മനോഗുണത്താലും ഇപ്പോഴും പറുദീസാവസ്ത്രം ഉണ്ടായിരിക്കുന്നു.

കൽപ്പന നൽകപ്പെടാതിരുന്ന കാലത്ത് മല്ലന്മാർ കാമാതുരരായിരുന്നു. പ്രളയജലം കാമാതുരരായ സ്ത്രീപുരുഷന്മാരെ പുറത്തേക്കൊഴുക്കി മുക്കി ക്കളഞ്ഞു. കൽപ്പനയുടെ എണ്ണമറ്റ സ്വരങ്ങൾ നമ്മുടെ കാതുകളിൽ ഉച്ചത്തിൽ അടിക്കുന്നു. കീഴ്വഴങ്ങുന്നതിനും സത്യം ഗ്രഹിക്കുന്നതിനും നമ്മുടെ മനസ്സ് മടിക്കുന്നു. മല്ലന്മാർ പണിതുടങ്ങി, എന്നാൽ അവരുടെ നാവു പിഴച്ചു.

പാപക്കൂമ്പാരം നാം ഉണ്ടാക്കി, നേരത്തേപ്പോലെ ഇപ്പോഴും ദുഷിച്ച വാക്ക് നമ്മുടെ വായിൽ നിലനിൽക്കുന്നു. വിശന്നവർക്ക് സോദോമ്യർ തങ്ങ ളുടെ ഭവനങ്ങളിൽ നിന്ന് അപ്പം നൽകിയില്ല. അവർക്ക് അപ്പം നിഷേധിച്ച കരങ്ങളെ അഗ്നിയും ഗന്ധകവും പൊടിച്ചു തകർത്തു. എന്നാലിതാ, നമ്മുടെ ഇടയിൽ അനാഥരും ദരിദ്രരും വിശക്കുന്നവരും കൊള്ളയടിക്കപ്പെടുന്നു. എന്നാൽ അനാഥനെയും വിധവയെയും വിശക്കുന്നവനെയും കൊള്ളചെയ്ത കരം നേരത്തേപ്പോലെ ഇപ്പോഴും നിലനിൽക്കുന്നു.

* * * * * * * * * *

**ഈജിപ്ഷ്യൻ ബാധകളും സഭയും (ഇടയ്ക്ക് കയറി വന്ന മാറ്റർ)**

496-537. അവിടെ കഠിനഹൃദയനു മർക്കടമുഷ്ടിക്കാരനുമായ ഫറ വോന്റെ മുമ്പിൽ വടി രൂപം മാറി ഒരു വലിയ പാമ്പായിത്തീർന്നു (പുറ.7,10). ഇവിടെ പാതാളത്തിൽ പരേതരെ ഉയിർപ്പിച്ച രക്ഷയുടെ കുരിശ്.

അവിടെ നദീജലം രക്തമായി; അശുദ്ധർ ദാഹത്താൽ ക്ലേശിച്ചു. ഇവിടെ നല്ലവൻ തന്റെ രക്തം ചിന്തുകയും മർത്യർക്ക് ജീവൻ കുടിക്കാൻ കൊടുക്കുകയും ചെയ്തു.

അവിടെ ചത്ത തവളകളെ കുന്നുകൂട്ടി; നാടുമുഴുവൻ ചീഞ്ഞുനാറി. ഇവിടെ സത്യസന്ധരായ ശ്ലീഹന്മാർ അവരുടെ സുഖപ്രദമായ നറുമണം ധര മുഴുവൻ നിറച്ചു (2കൊറി. 2,15).



അവിടെ പേൻ കടന്നുവന്ന് മന്ത്രവാദികളുടെ ശരീരത്തെ വേദനി പ്പിച്ചു. ഇവിടെ നല്ലവൻ തന്റെ കൃപയാൽ പരേതരിൽ നിന്ന് പുഴുക്കളെ കുടഞ്ഞുകളഞ്ഞു.

അവിടെ എല്ലാത്തരം ഈച്ചകളുടെയും ബാധ വർധിച്ചു. ഇവിടെ എല്ലാ ത്തരം ഭാഷക്കാരോടും സത്യം പ്രഘോഷിക്കപ്പെടുകയും അത് സ്വീകരി ക്കപ്പെടുകയും ചെയ്തു.

അവിടെ വയലിലെ കന്നുകാലികളെ കൊന്നുകളഞ്ഞ മഹാമാരി ഉണ്ടായി; ഇവിടെ മരുഭൂമിയിൽ ജനങ്ങളെ തീറ്റി തൃപ്തരാക്കിയ സജീവനും ജീവദായകനും.

അവിടെ ജനം മുഴുവൻ അടിക്കപ്പെട്ടു; പൊട്ടിയൊലിക്കുന്ന പ്രണങ്ങൾ വ്യാപിച്ചു. ഇവിടെ ആവശ്യക്കാരുടെ അവയവങ്ങളിലെ വേദന സുഖമാക്കി.

അവിടെ വയലിലെ വൃക്ഷങ്ങൾ തകർത്ത അഗ്നിയും കൽമഴയും; ഇവിടെ തകർന്ന ഹൃദയങ്ങൾ സുഖപ്പെടുത്തുന്ന സ്നേഹവും കാരുണ്യവും.

അവിടെ ധര മൂടിയ വലിയ വെട്ടുക്കിളിക്കൂട്ടം; ഇവിടെ അന്ധന്റെ കണ്ണു തുറന്ന സ്നേഹാരുവി.

അവിടെ ഈജിപ്തിൽ മൂന്നു ദിവസം അന്ധകാരം വ്യാപിച്ചു. ഇവിടെ പാതാളത്തിൽ മൂന്നുദിവസം അവിടുന്ന് പ്രകാശം ഉദിപ്പിച്ചു.

* * * * * * * * * *

**വീണ്ടും പാപത്തെപ്പറ്റിയും ക്രിസ്ത്യാനികളുടെ അനുതാപരാഹിത്യത്തെ പ്പറ്റിയും**

538-569: മുൻകാലത്തുള്ളവർ എങ്ങനെ ധിക്കാരികളായിരുന്നെന്നും അഹങ്കാരികളുടെ തെറ്റിനെ നീതി എങ്ങനെ ശിക്ഷിച്ചെന്നുമുള്ള വിവരണ ത്തിൽ നിന്ന് നമുക്ക് അകന്നുപോകാതിരിക്കാം. മുൻതലമുറകളേക്കാൾ നാം എത്രയോ കൂടുതൽ വഴിതെറ്റിയവരാണ്! ദൈവികകൃപ അർഹതയില്ലാത്ത പാപികളെ എത്രമാത്രം സഹിക്കുന്നു!

ജനം മരുഭൂമിയിൽ കാളക്കുട്ടിയെ വാർത്തുണ്ടാക്കി തുള്ളിച്ചാടി, അതിനെ ആരാധിച്ചു. അവർ ആ ഒരൊറ്റ കാളക്കുട്ടിയെ മാത്രമേ ആരാധി ച്ചുള്ളു. എങ്കിലും പരിഗണന കൂടാതെ അവർ കൊല്ലപ്പെട്ടു. നമ്മുടെ ഇട യിൽ എണ്ണമറ്റ വിഗ്രഹങ്ങൾ ആരാധിക്കപ്പെടുന്നു. വിവിധതരം അത്യാർത്തി കളാണ് നമ്മിൽ വസിക്കുന്ന വിഗ്രഹാരാധന.

മോശ ഈജിപ്തിൽ നിന്നു പറപ്പെടുവിച്ച കടിഞ്ഞാണില്ലാത്ത ഇസ്രാ യേൽക്കാർ മോശയ്ക്കെതിരെ നന്ദിഹീനരായിരുന്നു. നമ്മെ മരണത്തിൽ

നിന്ന് ജീവനിലേക്ക് വീണ്ടെടുത്ത മോശയുടെ കർത്താവിനെ നാം പ്രകോപിപ്പിച്ചു.

ജീവൻ നിറഞ്ഞ കൽപ്പന അവർക്കു കൊണ്ടുക്കൊടുക്കാൻ മോശ കയറിപ്പോയി. മലയിലെ അവന്റെ അധ്വാനത്തിനും നിലവിളിക്കും പ്രാർഥനയ്ക്കും എതിരെ അവർ നന്ദിഹീനരായിരുന്നു. ജ്വലിച്ചു നിന്ന മലയേക്കാൾ ജീവനില്ലാത്ത കാളക്കുട്ടിയെ അവർ കാമിച്ചു.

സന്തുഷ്ടി നിറഞ്ഞ ഇടം നമുക്ക് സജ്ജമാക്കാൻ യേശു മുകളിലേക്ക് കയറിപ്പോയി. എന്നാൽ തന്റെ പീഡാനുഭവത്തിനും ഉത്ഥാനത്തിനും എതിരെ, ഉത്ഥാനത്തിനും സ്വർഗാരോഹണത്തിനുമെതിരെ, നാം നന്ദിഹീനരായിരുന്നു. അവൻ വാഗ്ദാനം ചെയ്ത ജീവനുപകരം കൊലപാതകിയായ മരണത്തെ നാം സ്നേഹിക്കുന്നു.

570. ഒരു ആഖാർ നിമിത്തം പോരാട്ടത്തിൽ മുഴുവൻ ജനത്തിനും വിജയം തടയപ്പെട്ടു(ജോഷ്വാ,7,1). അവൻ കൊള്ളമുതൽ മോഷ്ടിച്ച് ഒളിച്ചുവച്ചു. അവൻ ശിക്ഷിക്കപ്പെട്ട് ക്യാമ്പിൽ നിന്ന് നീക്കപ്പെടുന്നതുവരെ സൈന്യം മുഴുവൻ പരാജയപ്പെട്ടുകൊണ്ടിരുന്നു. നമ്മുടെ ഇടയിൽ എത്ര മോഷ്ടാക്കളുണ്ട്, എന്നാൽ ആരും അത് പരിഗണിക്കുന്നില്ല.

578. തീക്ഷ്ണനായ ഫിനെഹാസ്, ദുഷ്ടനായ സിമ്രിയെ കൊന്നു (സംഖ്യ 25,7.14). അങ്ങനെ ജനത്തെ പകർച്ചവ്യാധിയിൽ നിന്നു രക്ഷിക്കുകയും വിജയം അവന് കണക്കിടപ്പെടുകയും ചെയ്തു (സംഖ്യ 25,8).

581. അഹങ്കാരം ശിക്ഷണരഹിതന്റെ കൊമ്പ് സ്ഥാപിച്ചിരിക്കുന്നു; എന്നാൽ നമ്മുടെ ഇടയിൽ ആരും അത് വിവരിക്കുന്നില്ല. കാരണം, താൻ അൽപ്പം അപമാനിതനാകുമോയെന്ന് ഓരോരുത്തരും താന്താങ്ങളുടെ ഉള്ളിൽ ഭയപ്പെടുകയും വാപൊത്തി നിശ്ശബ്ദരായിരിക്കുകയും കുറ്റപ്പെടുത്താതിരിക്കുകയും ചെയ്യുന്നു.

**പാപത്തോട് ധൈര്യപൂർവം പോരാടിയ ഏലിയായും ക്രിസ്ത്യാനികളുടെ ഭീരുത്വവും**

588. ഏലിയാ തന്റെ അരമുറുക്കി, പാപിയായ രാജാവിനെ കുറ്റപ്പെടുത്തി. കാരണം, നടന്ന അനീതി നിമിത്തം അവന് കഠിനവേദനയുണ്ടായി. ഒരു ദരിദ്രൻ കൊല്ലപ്പെടുകയും അവന്റെ സമ്പാദ്യം കൊള്ളയടിക്കപ്പെടുകയും ചെയ്തു (1രാജാ.21,19;22,38).

594. അവൻ തന്റെ സത്യസന്ധമായ വായ് തുറന്ന് അഹങ്കാരിയുടെ പാപം വെളിപ്പെടുത്തി. ബലാൽക്കാരം ചെയ്യപ്പെട്ടവന്റെ രക്തം അവൻ ചിന്തിയതുപോലെ, അവന്റെ രക്തം പിന്നീട് ചിന്തപ്പെടുമെന്ന് പറഞ്ഞു. രാജാവിനെ കുറ്റപ്പെടുത്തുകയും ഭത്സിക്കുകയും ചെയ്തപ്പോൾ, രാജാവിന്റെ പട്ടുവസ്ത്രത്തെ ഏലിയാ ഭയപ്പെട്ടില്ല. അവനെ ശകാരിച്ച് തുറന്നു കാട്ടിയപ്പോൾ, അവന്റെ ബീസൂസ് വസ്ത്രത്തിന്റെ മുമ്പിൽ അവൻ പിന്മാറിയില്ല. അവനെ ശകാരിച്ച് ലജ്ജിപ്പിച്ചപ്പോൾ,അവന്റെ കിരീടത്തിന്റെ മുമ്പിൽ അവന്റെ മുഖം വാടിയില്ല. അവന്റെ മുമ്പിൽ അവന്റെ മരണവാചകം ഉച്ചരിച്ചപ്പോൾ, അവന്റെ അധികാരത്തിനു മുമ്പിൽ അവൻ ഭയവിഹ്വലനായില്ല. അവനെതിരെ കൂരമ്പുകൾ അയച്ചിട്ടും അവന്റെ പീഡനദൈർഘ്യം വർധിപ്പിച്ചിട്ടും അഹങ്കാരിയുടെ മുമ്പിൽ അവൻ വിറച്ചില്ല.



609. കൽപ്പന ലംഘിച്ച രാജാവിന് അവൻ മഴയും മഞ്ഞും നിഷേധിച്ചു (1 രാജാ.17,1). അവന്റെ വയലിലെ ഫലങ്ങൾ ഉണങ്ങിക്കരിഞ്ഞു. പീഡിപ്പിക്കപ്പെട്ടവൻ നട്ടുവളർത്തിയ മുന്തിരിത്തോട്ടം കവർന്നെടുക്കുകയും ദൈവിക കൃപയാൽ രൂപീകരിക്കപ്പെട്ട മനുഷ്യരൂപത്തെ നശിപ്പിക്കാൻ മുതിരുകയും ചെയ്തതിനാൽ, യുദ്ധത്തിൽ റാമോത് ഗാലാദിൽ വച്ച് അവന്റെ രൂപം തകർക്കപ്പെട്ടു.

618. ഇന്ന് നമ്മുടെ ഇടയിൽ സംഭവിക്കുന്ന അനീതി വളരെ വലുതാണ്. കാരണം, ആഹാബിന്റെ സഖികൾ നിരവധിയാണ്, ഏലിയായുടെ സഖിയായി ആരുമില്ല. അങ്ങനെ അനാഥനും വിധവയും മോഷ്ടിക്കപ്പെടുന്നു. ദരിദ്രർ കൊള്ളയടിക്കപ്പെടുന്നു. നീതിരഹിതരായ കവർച്ചക്കാരിൽ നിന്ന് ആരും അവരുടെ അവകാശം നേടിക്കൊടുക്കുന്നില്ല. നുണയരായ വഞ്ചകരുടെ കൈകളിൽ നിന്ന് അരിഷ്ടരെ ആരും രക്ഷിക്കുന്നില്ല. കാരണം, തന്റെ സ്ഥാനത്തിന് മങ്ങൽ തട്ടുമോയെന്ന് ഓരോരുത്തരും ഭയപ്പെടുന്നു. തന്റെ അധികാരം നഷ്ടപ്പെടുമോ എന്ന് ഓരോരുത്തരും ഉത്കണ്ഠപ്പെടുകയും ഭയപ്പെടുകയും ചെയ്യുന്നു. നിത്യമായതിനേക്കാൾ കാലികമായ അധികാരം നാം ഇഷ്ടപ്പെടുന്നു; ശ്ലീഹന്മാർക്കു വാഗ്ദാനം ചെയ്യപ്പെട്ട സിംഹാസനങ്ങളേക്കാൾ തടികൊണ്ടുള്ളവ നാം ഇഷ്ടപ്പെടുന്നു.

636. അർഹരായവർക്ക് സ്വർഗരാജ്യത്തിൽ ഒരുങ്ങി നിൽക്കുന്ന നല്ലവനേക്കാൾ, നീതിരഹിതരായ അധികാരികളിൽ നിന്നുള്ള ബഹുമാനമാണ് നമുക്കു സ്വാഗതാർഹം. ഓരോരുത്തരും തന്ത്രപൂർവം ഇപ്രകാരം ചിന്തിക്കുന്നു: ഞാൻ പ്രമാണിയുടെ സ്നേഹിതനായിരിക്കാൻ ആഗ്രഹിക്കുന്നു. ദരിദ്രരെ സംബന്ധിച്ച് എനിക്കെന്തു കാര്യം? ഞെരുക്കുന്നവരെ ഞാൻ എന്തിനു കുറ്റപ്പെടുത്തണം? അഥവാ, അത്യാർത്തിക്കാരനോട് ഞാനെന്തിനു തർക്കിക്കണം? നേതാക്കന്മാരുടെ ശത്രുത ഞാനെന്തിനുണ്ടാക്കണം? നഷ്ടം സംഭവിച്ചവൻ രോഷാകുലനായി മുന്നോട്ട് വരട്ടെ. വിധവ വേണമെങ്കിൽ കയർക്കട്ടെ. എന്റെ ബഹുമാനം കുറയാൻ ഇടയാകരുത്.

650. ഇത്തരം കടുത്ത ദുഷ്ടത അഹങ്കാരികളുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു. അവർ അഹങ്കാരത്തിലും ഗർവിലും മുങ്ങിത്താണ്

വഴിപിഴച്ചവരാണ്. സ്വർഗീയനോടുള്ള സ്നേഹത്താൽ നിറഞ്ഞ ഏലിയായ്ക്കു തുല്യനായി ആരുമില്ല. അവൻ ആഹാബിന്റെ കുടുംബത്തിന്റെ സമ്പത്ത് വെറുക്കുകയും ദാരിദ്ര്യം കൂടുതൽ ഇഷ്ടപ്പെടുകയും ചെയ്തു. അവൻ കിടക്കവിരികൾ വെറുത്തു, തറയിൽ കിടന്നുറങ്ങി....അവൻ പ്രകാശിതമുറികൾ വെറുത്തു, ഇരുട്ടുള്ള ഗുഹകൾ ഇഷ്ടപ്പെട്ടു. അവൻ വിലകൂടിയ പഴയ വീഞ്ഞ് വെറുത്തു, ഒരു തുള്ളി വെള്ളത്തിനായി അപേക്ഷിച്ചു. അവൻ സ്വാദിഷ്ടഭോജനം വെറുത്തു, ഒരു കഷണം അപ്പം യാചിച്ചു. അവൻ ധരയിലായിരുന്നപ്പോൾ, നിഗൂഢമായി തന്റെ സ്നേഹം സ്വർഗത്തിലേക്കുയർത്തി. അതുകൊണ്ട് സ്വർഗവും അവന് അഗ്നിരഥം ദൃശ്യമായി അയച്ചുകൊടുത്തു (2രാജാ.2,11). അത് അവനെ വേഗത്തിൽ മുകളിലേക്ക് വഹിക്കുകയും സ്വർഗീയരുടെ ഇടയിലേക്ക് മാറ്റുകയും ചെയ്തു. അവന്റെ ഹൃദയം നിഗൂഢമായി ഉന്നതത്തിലേക്കു കയറിയതിനാൽ, ദൃശ്യമാംവിധം അവന്റെ ശരീരം മുകളിലേക്ക് കരേറ്റപ്പെട്ടു. മാലാഖമാരുടെ ഇടയിൽ അവനെ കാണാൻ അവന്റെ പ്രാർഥനയാലും അപേക്ഷയാലും നാം അർഹരായി തീരട്ടെ.

### അനുബന്ധം-1

**ലൈൻ 537-നുശേഷം മറ്റൊരു കൈയെഴുത്തു പ്രതിയിൽ**

1. അവിടെ ഭീകരമായ ക്രോധവിധിയിലൂടെ ഒരു രാത്രിയിൽ ആദ്യജാതർ കൊല്ലപ്പെട്ടു. ഇവിടെ സ്വർഗത്തിലെ വിശുദ്ധ സഭയിൽ ആദ്യജാതർ റൂശ്മാ ചെയ്യപ്പെടുന്നു.

5. അവിടെ ഭീകരനടുക്കം, ഇവിടെ ശരിയായ ശാന്തി. അവിടുന്ന് ജനത്തെ ദാസ്യത്വത്തിൽ നിന്നും അടിമത്തത്തിൽ നിന്നും ഈജിപ്തിൽ നിന്നും സ്വതന്ത്രരാക്കി.

9. ഒരു ജനത്തിൽ നിന്ന് അവൻ ജനത്തെ സ്വതന്ത്രരാക്കി, ഒരു രാജ്യത്തിൽ നിന്ന് മറ്റൊന്നിലേക്കു നയിച്ചു. അവർ കൽപ്പന കാത്തപ്പോൾ, നാട്ടിൽ കടന്ന് അത് സ്വന്തമാക്കേണ്ടിയിരുന്നു. കൽപ്പന ലംഘിച്ചപ്പോൾ, അവർ നാട്ടിൽ നിന്ന് മറ്റൊന്നിലേക്ക് പുറന്തള്ളപ്പെടേണ്ടിയിരുന്നു. ഒരു നാട്ടിൽ നിന്ന് മറ്റൊന്നിലേക്ക് പോകുക ആവശ്യമില്ലാത്ത കാര്യം! മറിച്ച് നമ്മുടെ അവകാശവും കാര്യവും ശക്തിമത്താണ്. കാരണം, അവൻ നമ്മെ രക്ഷിച്ചപ്പോൾ, സ്വർഗീയോന്നതങ്ങൾ നമുക്കു വാഗ്ദാനം ചെയ്തു.

21. നാം അധ്വാനിച്ചാൽ, അവനോടൊത്ത് മണവറയിൽ മഹത്വവും പ്രകാശവും നാം അവകാശമാക്കും. നാം ഉറങ്ങിയാൽ, അളവില്ലാത്ത ഉന്നതത്തിൽ നിന്ന് അവൻ നമ്മെ മറിച്ചിടും.



### അനുബന്ധം -2

**ലൈൻ 569-നുശേഷം മറ്റൊരു കൈയെഴുത്തു പ്രതിയിൽ**

1. തന്റെ എല്ലാ അവയവങ്ങളെയും സ്നേഹിക്കാൻ അവൻ തന്ന കൽപ്പനയ്ക്ക് പകരം നമ്മുടെ അവയവങ്ങളെ നിഗ്രഹിക്കാൻ നാം അസൂയാവാൾ ഊരി.

5. അവൻ താഴേക്കിറങ്ങി. താൻ കിണഞ്ഞു പരിശ്രമിച്ചത് അവർ നിരാകരിച്ചതായി കണ്ടു. നിരാകരിച്ചവരെയും നുണയരെയും അവൻ വാളൂരി നിഗ്രഹിച്ചു.

9. യേശു വരികയും തന്റെ കൽപ്പന നിരാകരിച്ചവരെ കാണുകയും ചെയ്യും. അഗ്നിവാളാൽ അവൻ അവരെ കൊന്ന് പീഡനത്തിലേക്ക് എറിഞ്ഞുകളയും.

# 3

## ഓശാനപ്പെരുന്നാളിനെപ്പറ്റി വി. മാർ അപ്രേമിന്റെ ഒരു പ്രസംഗം

**പെരുന്നാളിനുള്ള ക്ഷണം**

1. എന്റെ വത്സലരേ, പ്രത്യേകതകൾ നിറഞ്ഞ പെരുന്നാളിലേക്ക് നിങ്ങൾ ക്ഷണിക്കപ്പെട്ടിരിക്കുന്നു. ക്ഷണിച്ച ബുദ്ധിമാന് പുകഴ്ചയുടെ സമ്മാനം കൊണ്ടുവരുവിൻ.

5. പരിശ്രമശാലികളായ നിങ്ങൾ എല്ലാ ജേതാക്കളുടെയും വിവാഹവിരുന്നിന് ഒരുങ്ങിയിരിക്കുന്നു. ജേതാക്കളായ യോദ്ധാക്കളെപ്പോലെ നിങ്ങളുടെ കൈകളിൽ അടയാളം സ്വീകരിക്കുവിൻ.

9. സമസ്ത നന്മകളുടെയും ഇരിപ്പിടത്തിലേക്ക് ഇന്നു നിങ്ങൾ എത്തിയിരിക്കുന്നു. ദൈവികസത്തയുടെ അദൃശ്യസമ്പത്ത് ആത്മീയമായി അവകാശപ്പെടുത്തുവിൻ.

13. ശാന്തി നിറഞ്ഞ തുറമുഖത്തേക്ക്, കപ്പൽയാത്രക്കാരേ, നിങ്ങൾ ഒന്നിച്ചുകൂടിയിരിക്കുന്നു. കൊടുങ്കാറ്റില്ലാത്തിടത്തേക്ക് ഭയലേശമെന്യേ വേഗത്തിൽ കടന്നുവരുവിൻ.

17. ഇതാ, നമ്മുടെ നാട്ടിലേക്കു വന്ന രാജകുമാരൻ, ആഹ്ലാദിക്കാൻ നിങ്ങളെ ക്ഷണിച്ചിരിക്കുന്നു. ഒലിവിൻ കൊമ്പുകളുമായി അവനെ എതിരേറ്റ് ഓശാനകളാൽ പുകഴ്ത്തുവിൻ. നിങ്ങളുടെ പെരുന്നാളുകളെ അലങ്കരിച്ചവന് യോഗ്യമായി സ്തുതിയർപ്പിക്കുവിൻ.

**സമസ്ത സൃഷ്ടികളിലൂടെയും ഈ പെരുന്നാളിന്റെ ഉചിതമായ അനുഷ്ഠാനത്തിനുള്ള പ്രാർഥന**

23. ഈ പെരുന്നാളിലേക്ക് ഞങ്ങളെ ക്ഷണിച്ച, പെരുന്നാളിന്റെയും കാലത്തിന്റെയും നാഥാ, ഈ ദിനത്തിന് ഞങ്ങളെ യോഗ്യരാക്കിയ ആണ്ടുകളുടെയും മാസങ്ങളുടെയും നാഥാ, നിന്നിലൂടെ വിശുദ്ധീകരിക്കപ്പെട്ട ഈ പെരുന്നാൾദിനം നിനക്കു സ്തുതി പാടാൻ ഞങ്ങളെ പഠിപ്പിച്ചാലും! നിന്റെ സത്കർമങ്ങളുടെ അനുസ്മരണാദിനം നിന്നെ പ്രകീർത്തിക്കാൻ നീ ഞങ്ങളെ വിളിച്ചിരിക്കുന്നു. തങ്ങളുടെ കുഴൽനാദ മുഴക്കത്തിൽ ഞങ്ങളോടൊപ്പം സന്തോഷിക്കാൻ മാലാഖമാർക്ക് ഇടയാകട്ടെ. തങ്ങളുടെ ഓശാനവിളികളാൽ സന്തോഷിക്കാൻ ജനതകൾക്കും നാവുകൾക്കും ഇടയാകട്ടെ. സന്തുഷ്ടി നിറഞ്ഞ കർത്താവേ, ഞങ്ങളുടെ ദുരിതം നിന്നിലൂടെ ഇല്ലാതാകട്ടെ.

37. ഞങ്ങളുടെ പക്കൽ പ്രത്യക്ഷപ്പെട്ട നിന്റെ സൗന്ദര്യത്താൽ ഞങ്ങളുടെ മാലിന്യം നീക്കപ്പെടട്ടെ. ഞങ്ങളുടെ ദുരിതങ്ങൾ വിസ്മരിക്കുന്നതിനാൽ, ഞങ്ങളുടെ ആത്മാക്കൾ സമാശ്വസിക്കട്ടെ. നാശത്തിൽ വാടിപ്പോയതും പഴകിപ്പോയതുമായ സൃഷ്ടി നവീകരിക്കപ്പെടട്ടെ.

43. ഞങ്ങളുടെ സദ്ഗുണർ അലങ്കരിക്കപ്പെടട്ടെ. തങ്ങളുടെ കർമങ്ങളാൽ അവർ പൂർണരാക്കപ്പെടട്ടെ. ആത്മീയാലങ്കാരങ്ങളുടെ ഉടമസ്ഥനേ, നിന്നിലൂടെ ഞങ്ങളുടെ പള്ളികൾ അലങ്കരിക്കപ്പെടട്ടെ. ഓ, ഞങ്ങളുടെ മനുഷ്യകുലത്തിന്റെ ശിശുവേ, നിന്നിലൂടെ ഞങ്ങളുടെ രൂപം നവീകരിക്കപ്പെടട്ടെ. ഞങ്ങളുടെ മനസ്സാക്ഷി നിന്നിലൂടെ വിശുദ്ധീകരിക്കപ്പെടുകയും ദുഷ്ടനിൽ നിന്ന് വെടിപ്പാക്കപ്പെടുകയും ചെയ്യട്ടെ. ഞങ്ങളുടെ പിളർപ്പ് നിന്നിലൂടെ വീണ്ടും പണിയപ്പെടുകയും ദുഷ്ടനെ എതിർക്കാൻ കഴിവുറ്റതാകുകയും ചെയ്യട്ടെ.

53. ഞങ്ങൾ ആദിമസൗന്ദര്യത്തിലേക്ക് തിരികെ വരാൻ, നിന്നിലൂടെ ഞങ്ങളുടെ സ്വഭാവം അലങ്കരിക്കപ്പെടട്ടെ. എന്റെ കർത്താവേ, സ്വർഗീയർ നിന്നെ പ്രകീർത്തിക്കട്ടെ; അതുപോലെ ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും. എന്റെ കർത്താവേ, തങ്ങൾ സൃഷ്ടിക്കപ്പെട്ട രൂപത്തിന്റെ അലങ്കാരത്തിലൂടെ സൃഷ്ടികൾ നിന്നെ പ്രകീർത്തിക്കട്ടെ. ആശ്ചര്യകരമാംവിധം ആഞ്ഞടിക്കുന്ന കാറ്റ് ആർത്തുവിളിച്ച് നിന്നെ വാഴ്ത്തട്ടെ.

61. നിന്റെ സത്തയുടെ മഹനീയതയെ ആകാശത്തിന്റെ അലങ്കാരം ബഹുമാനിക്കട്ടെ. നിന്റെ താഴേക്കുള്ള ഇറക്കത്തെ കുറിച്ച് ഉയരങ്ങൾ സന്തോഷിക്കുകയും ആഴങ്ങൾ ആനന്ദിച്ച് സ്തുതിക്കുകയും ചെയ്യട്ടെ. കടൽ നിന്റെ ചുവടുവയ്പിലും കര നിന്റെ കാലടികളിലും സന്തോഷിക്കട്ടെ. ഞങ്ങളുടെ സമൂഹം സന്തോഷിച്ച് ആഹ്ലാദിക്കട്ടെ; എന്തുകൊണ്ടെന്നാൽ നിന്റെ മഹനീയത അതിൽ വസിക്കുന്നു.



69. ഉൾക്കാഴ്ച നിറഞ്ഞ എന്റെ വാക്കുകൾ കൊണ്ട് എന്റെ ബലഹീന മനസ്സ് നിന്നെ സ്തുതിക്കട്ടെ. ശിശുക്കളുടെ സ്തുതിസ്വരം നിമിത്തം പ്രവാചകനിര സന്തോഷിക്കട്ടെ. വിവിധ ജീവിതഘട്ടങ്ങളിലുള്ളവരുടെ സംയുക്തസ്വരം നിമിത്തം ശ്ലൈഹികനിര ആനന്ദിക്കട്ടെ. ഉന്നതങ്ങൾ ചായിച്ചിറങ്ങി വന്നവനെ തങ്ങളുടെ സൃഷ്ടസൗന്ദര്യത്താൽ ഏറ്റുപറയുന്നു എന്നതിൽ ഇന്ന് ആകാശവും ആത്മീയരുടെ സമസ്ത കൂട്ടങ്ങളും സന്തോഷിക്കട്ടെ.

79. ഇന്ന് മുകളിലുള്ള ജലം ഉച്ചത്തിലുള്ള ഓശാന വിളികളാൽ പ്രകീർത്തിക്കുകയും ഗംഭീരവും മഹനീയവുമായ അവിടുത്തെ നാമത്തിന് സ്തുതിയുടെ സമ്മാനം സമർപ്പിക്കുകയും ചെയ്യാൻ ഇടയാകട്ടെ. ഇന്ന് അന്തരീക്ഷം ആനന്ദിക്കുകയും, മനുഷ്യരുടെ ഇടയിൽ ജീവിക്കാൻ സ്വർഗം ചായിച്ച് ഭൂമിയിലേക്ക് ഇറങ്ങിവന്ന ദൈവികാസ്തിത്വത്തെ സ്തുതിക്കുകയും ചെയ്യട്ടെ. ഇന്ന് സൂര്യൻ സന്തോഷിക്കട്ടെ. തന്റെ കിരണങ്ങളാൽ സൃഷ്ടികളെയും ലോകങ്ങളെയും പ്രകാശിപ്പിക്കുന്ന ഗംഭീരസൂര്യന് നന്ദി പറഞ്ഞുകൊണ്ട് അത് ആഹ്ലാദിക്കാൻ ഇടയാകട്ടെ.

91. താഴേക്കിറങ്ങി വരാൻ തീരുമാനിച്ച പുത്രനെ തന്റെ മഹോന്നതത്തിൽ ആരാധിച്ചുകൊണ്ട്, ഇന്ന് ചന്ദ്രൻ സ്തുത്യർഹവും ശോഭായമാനവുമായ പ്രകാശത്താൽ പ്രകാശിക്കട്ടെ. തങ്ങളെ അലങ്കരിച്ച സ്രഷ്ടാവിന് നക്ഷത്രങ്ങൾ തങ്ങളുടെ അസ്തിത്വ സൗന്ദര്യത്താൽ ഇന്ന് തങ്ങളുടെ സ്തുതികീർത്തനങ്ങൾ സമ്മാനിക്കട്ടെ. ആഴങ്ങളെ സന്ദർശിക്കാൻ സ്വയം താഴ്ത്തി താണിറങ്ങിവന്ന രാജകുമാരന്റെ മുമ്പിൽ ധര സന്തോഷിക്കുകയും മലകൾ കുഞ്ഞാടുകളെപ്പോലെ തുള്ളിച്ചാടുകയും ചെയ്യട്ടെ (സങ്കീ.114,4).

103. തന്റെ ഇടത്തിൽ നിന്ന് മനുഷ്യരായ നമ്മുടെ നിന്ദ്യമായ സ്ഥലത്തേക്കു വന്ന രാജാവിനെപ്രതി കടൽ സന്തോഷിക്കുകയും അവയിലുള്ളവ ആഹ്ലാദിക്കുകയും ചെയ്യട്ടെ. ഇന്ന് വനങ്ങളും അവയിലെ വൃക്ഷശിഖരങ്ങളും സന്തോഷിക്കട്ടെ. കാരണം, അവ മനോഹരമായ അടയാളമാകാൻ, ഇതാ, അവയുടെ ശിഖരങ്ങൾ വെട്ടിമുറിക്കപ്പെട്ടിരിക്കുന്നു.

111. ഇന്ന് വന്യമൃഗങ്ങളും വളർമൃഗങ്ങളും സന്തോഷത്താൽ തുള്ളിച്ചാടട്ടെ. എന്തുകൊണ്ടെന്നാൽ ഇതാ, നമ്മുടെ നാട്ടിൽ വന്ന സ്വർഗീയൻ ഒരു കഴുതക്കുട്ടിയുടെ പുറത്ത് ആഘോഷമായി സംവഹിക്കപ്പെട്ടു. എല്ലാറ്റിനുമുപരി ഇന്ന് ദാവീദിന്റെ പട്ടണം സന്തോഷിച്ച് ആഹ്ലാദിക്കട്ടെ. കാരണം, സമസ്ത സൃഷ്ടികളുടെയും കർത്താവ് അതിൽ പ്രവേശിക്കാൻ തീരുമാനിച്ചു. "വന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു"(മത്താ.21,9) എന്ന ശിശുക്കളുടെ ഉച്ചത്തിലുള്ള ആരവം നിമിത്തം നാടുകളും നഗരങ്ങളും സന്തോഷിക്കട്ടെ.

**സിനഗോഗിന്റെ തകർച്ചയും സഭയുടെ തെരഞ്ഞെടുപ്പും ഇന്നത്തെ പെരുന്നാൾ അർഥമാക്കുന്നു.**

123. ഇന്ന് എന്റെ പ്രിയന്റെ മുന്തിരിത്തോട്ടം പിഴുതെറിയപ്പെടുകയും ജനതകളുടെ ഇടയിൽ ചിതറിക്കപ്പെടുകയും ചെയ്തു. അതിനെ ചവിട്ടിമെതിക്കുന്നവർ അതിനെ നിന്ദിക്കുന്നു. അതിന്റെ നശീകരണം നിമിത്തം അത് അപമാനവിധേയമായി. അതിന്റെ ഉയർന്ന ഗംഭീര ഗോപുരം ആടിമറിഞ്ഞു വീണു.

129. കുഴൽ നാദത്താൽ ജറീക്കോ നശിച്ചതുപോലെ ഉയർന്നസ്വരം അതിനെ വീഴ്ത്തി (ജോഷ്വാ,6,12ff.). പഴകി വാടിപ്പോയ മുന്തിരിത്തണ്ടുകൾക്ക് ഇന്ന് നവജീവനുണ്ടായി. കാരണം, അവയുടെ സ്ഥാനത്ത് ജാതികളുടെ ഇടയിൽ വളർന്ന മുന്തിരിച്ചെടി നട്ടു. ഫലശൂന്യമായി വളർന്ന മുന്തിരിത്തോട്ടത്തിൽ വയലിലെ മൃഗങ്ങൾ മേഞ്ഞു (സങ്കീ.80,13). കാരണം, അത് നല്ല മുന്തിരിങ്ങാ നൽകാതെ കാട്ടുമുന്തിരിങ്ങാ കായിച്ചു. അത് മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥനെ പ്രകോപിപ്പിച്ചു.

141. അവൻ അതിന്റെ ചുവട്ടിൽ തീയിട്ടു. അത് ഫലവും വിളവും കൂടാതെ പാഴും ശൂന്യവുമാകാൻ, മഴ പെയ്യാതിരിക്കുന്നതിന് അവൻ മേഘങ്ങളോടു കൽപ്പിച്ചു. അത് പ്രവാചകന്മാരുടെ മഴയും പനിമഞ്ഞും പ്രവാചകാത്മാവും വറ്റിച്ചു. അത് യാക്കോബിന്റെ ഉറവ ഉണക്കി. ഇസ്രായേലിന്റെ നദി നിശ്ചലമായി. അബ്രഹാമിന്റെ വയലുകളിൽ നിന്ന് വിലകൂടിയ രണ്ട് ചെങ്കോലുകൾ അപ്രത്യക്ഷമായി. യൂദായിൽ നിന്ന് രാജത്വവും പൗരോഹിത്യവും കടന്നുപോയി.

154. കിരീടം മെടയുന്നവൻ ഇന്ന് യൂദായുടെ കിരീടം നീക്കി; ജനമധ്യത്തിൽ നിന്ന് അധികാരിയെയും പ്രഭുവിനെയും ബുദ്ധിമാനെയും ഉപദേശകനെയും പ്രവാചകനെയും ശിൽപ്പിയെയും പുറത്തേക്കു നയിച്ചു. പെരുന്നാളുകൾ ഇഷ്ടപ്പെട്ട സിനഗോഗ് ഇന്ന് ദുഃഖിച്ചു. അത് പുത്രന്റെ പെരുന്നാളിനെ നിന്ദിച്ചതിനാൽ, അവൻ അവരുടെ പെരുന്നാളുകളെ നിരസിച്ച് തള്ളിക്കളഞ്ഞു. ഇന്ന് ഇസ്രായേൽ ജനത്തിൽ നിന്ന് ബഹുമാനം കടന്നുപോയി. കായേൻ ആയിത്തീർന്നതുപോലെ, തന്റെ ദുഷ്പ്രവൃത്തി നിമിത്തം അത് ജാതികളുടെ ഇടയിൽ കഴിയുന്നു.

168. ഇന്ന് എന്റെ പ്രിയന്റെ മുന്തിരിത്തോട്ടത്തിൽ എല്ലായിടത്തും നിരവധി വിള്ളലുകളാണ്. എന്തുകൊണ്ടെന്നാൽ അതിന്റെ ഭിത്തി കെട്ടിയ ശിൽപ്പി തിരിഞ്ഞ്, അതിന്റെ മൂലക്കല്ല് ഇളക്കിക്കളഞ്ഞു. ഇന്ന് സിനഗോഗ് ജനതകളുടെ ഇടയിൽ ഈ ഗാനം ആലപിച്ചു തുടങ്ങണം: "കർത്താവ് എന്നെ ഏകാകിയായി ഉപേക്ഷിച്ചു; കർത്താവ് എന്നെ തന്റെ അവകാശത്തിൽ നിന്ന് തൂകിക്കളഞ്ഞു. എന്നെ അന്യയായും സന്താനരഹിത വിധവയായും കരുതി."(ഏശാ.49,14;54,1;2രാജാ.14,16).



**പെരുന്നാളിന് പ്രവാചകസ്വരം**

178. പ്രവാചകന്മാരുടെ മർമരസ്വരത്തിൽ നമ്മുടെ സമൂഹം ഇന്ന് സന്തോഷിക്കട്ടെ. അവരുടെ വാക്കുകളുടെ മാധുര്യം നമുക്ക് ആത്മീയമായി ആസ്വദിക്കാം. "ഈ വിശുദ്ധ ദിവസം ജനങ്ങളേ, നിങ്ങളെല്ലാവരും കൈകൊട്ടുവിൻ" (സങ്കീ.47,2). നിങ്ങളുടെ പെരുന്നാളുകളെ അലങ്കരിക്കുന്നവന് നിങ്ങളുടെ ഓശാനകളാൽ സ്തുതിയർപ്പിക്കുവിൻ.

186. യാക്കോബ് വന്ന് കഴുതക്കുട്ടിയുടെയും മുന്തിരിത്തണ്ടിന്റെയും സദ്വാർത്ത പ്രഘോഷിക്കട്ടെ (ഉൽപ്പ.49,11). ദാവീദ്, സ്തുതിക്കായി ശിശുക്കളെയും കുട്ടികളെയും ഉത്തേജിപ്പിക്കട്ടെ (സങ്കീ.8,3).

190. "സീയോൻപുത്രീ, ആനന്ദിച്ച് ആഹ്ലാദിക്കുക" എന്ന് സക്കറിയാ ജറുസലേമിനോട് വിളിച്ചു പറയട്ടെ (9,9). "നീതിയുടെ സദ്വാർത്ത പ്രഘോഷിക്കുന്നവരുടെ പാദങ്ങൾ ഇതാ, മലമുകളിൽ" എന്ന് ശിഷ്യരെ പരാമർശിച്ച് ഏശായാ നമ്മെ അറിയിക്കട്ടെ (52,7). ഓശാനയുടെ മഹാസന്തോഷത്തോടെ സീയോനിലേക്കുള്ള അവന്റെ പ്രവേശനം മുൻകുറികളും ദർശനങ്ങളും പ്രതീകങ്ങളും ഉപമകളും നിറഞ്ഞതാണ്. കൈകളിൽ ശിഖരങ്ങളുമേന്തി അവനു മുമ്പിൽ ശിശുക്കൾ ഓടുന്നു. സാധാരണക്കാരും ഋജുമാനസ്സരുമായ കുട്ടികൾ ഓശാനകളാൽ അവനെ പുകഴ്ത്തുന്നു (മത്താ.21,9). ആ ശ്ലൈഹികസമൂഹം ക്രമമായി അവനു ചുറ്റും പോകുന്നു.

206. വിശുദ്ധിയും രാജത്വവും പൗരോഹിത്യവും അവനെ അനുഗമിക്കുന്നു. ഒരു രാജാവിനെന്നപോലെ പ്രവാചകന്മാർ അവന് തങ്ങളുടെ സമ്മാനമായ സ്തുതികൾ അയച്ചു കൊടുത്തു. വിവിധ സ്വരങ്ങളിൽ അവർ അവന്റെ ഉപമകൾ രൂപീകരിച്ചു.

ഒരാൾ പറഞ്ഞു: "അന്ത്യത്തിൽ ധരയിലേക്കു വരുമെന്നു ഞാൻ പറഞ്ഞവൻ ഇവനാകുന്നു"(ദാനി.8,19).

മറ്റൊരാൾ പറഞ്ഞു: "ഗോവണിയുടെ മുകളിൽ നിൽക്കുന്നതായി ഞാൻ അവനെ കണ്ടു" (ഉൽപ്പ.28,13).

വേറൊരാൾ പറഞ്ഞു: "മുൾച്ചെടിയിലെ അഗ്നിയായി ഞാൻ കണ്ടത് ഇവനാണ്"(പുറ.3,2).

പിന്നൊരാൾ അവനെ അത്ഭുതം, ദൈവം, ലോകമല്ലൻ എന്നൊക്കെ വിളിച്ചു (ഏശാ.9,6).

ഒരാൾ പറഞ്ഞു: ഭയങ്കരമായ മിന്നലിലും ഇടിമുഴക്കത്തിലും താഴേക്കിറങ്ങുകയും കാഹളനാദത്തോടെ മലമുകളിൽ എത്തുകയും ചെയ്തവൻ ഇവനാകുന്നു. ഞാൻ അവനെ കണ്ടു (പുറ.19,16.19.20).

മറ്റൊരാൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "സീയോനേ, നിന്റെ ദൈവത്തെ സ്തുതിക്കുക. വീണയും കിന്നരവുമെടുത്ത് കീർത്തനങ്ങൾ ആലപിക്കുക" സങ്കീ.147,12;95,2).

228. ഒരാൾ പറഞ്ഞു: "ഞാൻ പുറപ്പെട്ട് സൃഷ്ടി മുഴുവൻ പ്രഘോഷിക്കുമെന്ന് ഞാൻ പറയും: കർത്താവ് തന്റെ ഏകജാതനോട് അരുളിച്ചെയ്തു: വരിക, നമുക്ക് മനുഷ്യനെ നമ്മുടെ രൂപത്തിൽ സൃഷ്ടിക്കാം" (ഉൽപ്പ.1,26).

ഒരാൾ പറഞ്ഞു: അവശേഷിക്കുന്ന ഒരാളുണ്ട്; അവൻ ഇസ്രായേലിൽ നിന്ന് പുറത്തേക്ക് എടുക്കപ്പെടും (ഉൽപ്പ.1,26).

"ജനതകൾ അവനെ കാത്തിരിക്കും" എന്ന് മറ്റൊരാൾ മുൻകൂട്ടി പ്രഘോഷിച്ചു (ഉൽപ്പ.49,10).

ഒരാൾ പറഞ്ഞു: അവനാണ് ധരയിൽ നിന്ന് പുഷ്ടിയോടെ മുളച്ചുവന്ന ചെടി.

മറ്റൊരാൾ വിളിച്ചുപറഞ്ഞു: "ഇതാണ് ഈശായിയുടെ വേര്" (ഏശാ.11,1).

ഒരാൾ പറഞ്ഞു: ഇതാണ് ധരയിൽ ജനതകൾക്കായി ഉയർത്തപ്പെട്ട അടയാളം (ഏശാ.5,26).

രോമം കത്രിക്കുന്നവന്റെ മുമ്പിലുള്ള ചെമ്മരിയാടുമായി മറ്റൊരാൾ അവനെ താരതമ്യപ്പെടുത്തി (ഏശാ.53,7).

244. ഒരാൾ പറഞ്ഞു: പ്രത്യക്ഷപ്പെടുമെന്ന് ജനതകൾ കാത്തിരുന്നവൻ ഇവനാണ് (ലൂ.2,30.32).

മറ്റൊരാൾ: കർത്താവ് ഇറങ്ങിവന്ന് മലമുകളിൽ നിന്ന് ഉച്ചത്തിൽ വിളിച്ചു പറയുന്നു (ഹബ.3,6).

ഒരാൾ അവന്റെ ധീരകർമങ്ങളും പ്രതീകാത്മക പ്രവൃത്തികളും വിവരിക്കുന്നു: എന്തുകൊണ്ടെന്നാൽ ഇതാ, അവൻ ബന്ധനസ്ഥരെ വിമോചിപ്പിക്കുന്നു, ഹൃദയം തകർന്നവരെ സാന്ത്വനപ്പെടുത്തുന്നു (ഏശാ.42,7;30,26; ലൂ.4,18).

252. മറ്റൊരാൾ അവന്റെ നാമം തിരക്കുകയും അവനെ എങ്ങനെ വിളിക്കണമെന്നുള്ളതു സംബന്ധിച്ച് ക്ലേശിക്കുകയും ചെയ്തു: "കാറ്റിനെ തന്റെ ഉള്ളംകൈയിൽ അടക്കം ചെയ്യുന്നവന്റെ നാമമെന്താണ്? അവന്റെ പുത്രന്റെ നാമമെന്താണ്?"(സുഭാ.30,4).

"വരണ്ട നിലത്തെ വേരുപോലെ അവൻ മുളച്ചുവന്നു" എന്ന് ഒരാൾ പറഞ്ഞു (ഏശാ.53,2).



മറ്റൊരാൾ ഉറക്കെ വിളിച്ചുപറഞ്ഞു: സൂര്യനു മുമ്പുള്ളതാണ് അവന്റെ നാമം (സങ്കീ.72,17).

260. ഒരാൾ പറഞ്ഞു: "അവൻ ഒരു ശിശുവാണ്; ഇന്ന് അവൻ ജനിച്ചു" (സങ്കീ.2,7)

മറ്റൊരാൾ: സമസ്ത സൃഷ്ടികളേക്കാളും പ്രായമുള്ള വൃദ്ധൻ (ദാനി.7,9).

ഒരാൾ പറഞ്ഞു: "ഒരുയർന്ന മതിലിന്മേൽ നിൽക്കുന്നതായി ഞാൻ അവനെ കണ്ടു" (ആമോ.7,7).

തന്റെ കൈയിൽ പിതാവിന്റെ സദ്വാർത്ത വഹിച്ചിരിക്കുന്ന ദൂതനായി മറ്റൊരാൾ അവനെ വിളിച്ചു (മലാ.3,1).

268. ഒരാൾ പറഞ്ഞു: സത്യമായും ദൈവം മനുഷ്യരുടെകൂടെ വസിക്കുന്നു (1രാജാ.8,27;2ദിന.6,18;ജറ.7,3;പുറ.43,9;സക്ക.2,10).

മറ്റൊരാൾ ഇപ്രകാരം പറഞ്ഞു: ഇതാണ് നമ്മുടെ കർത്താവായ ദൈവം (ആവ.6,4).

ഒരാൾ ജറുസലേമിനോടു പറഞ്ഞു: "ഉണർന്നു പ്രകാശിക്കുക.എന്തുകൊണ്ടെന്നാൽ നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു" (ഏശാ.60,1).

മറ്റൊരാൾ: "സീയോൻപുത്രീ, അതിയായി ആനന്ദിക്കുക, ജറുസലേമേ, ആർപ്പുവിളിച്ച് സന്തോഷിക്കുക" (സക്ക.9,9).

276. ഒരാൾ പറഞ്ഞു: അവൻ നക്ഷത്രമാണ് (സംഖ്യ,24,17).

മറ്റൊരാൾ അവനെ ഉദയം എന്നു വിളിച്ചു (സക്ക.6,12).

ഒരാൾ പറഞ്ഞു: അവൻ മുളയാണ് (ഏശാ.11,1).

മറ്റൊരാൾ: അവൻ ഇസ്രായേലിന്റെ ഇടയനാണ് (എസ.34,24).

ഒരാൾ പറഞ്ഞു: അവൻ രാജാവാണ്.

മറ്റൊരാൾ: അവൻ ശിരസ്സും ഉപദേശകനുമാണ് (ഏശാ.9,6).

ഒരാൾ പറഞ്ഞു: അവൻ കുഞ്ഞാടാണ് (ജറ.11,19;ഏശാ.53,7).

മറ്റൊരാൾ: അവൻ സമ്പൂർണയാഗമാണ്.

284. ഒരാൾ പറഞ്ഞു: കൈകളാൽ വെട്ടപ്പെടാത്ത കല്ലാണവൻ. (ദാനി.2,34)

മറ്റൊരാൾ അവനെ വിളിച്ചു: സമാധാനത്തിന്റെയും നീതിയുടെയും രാജാവ് (ഏശാ.9,6).

ഒരാൾ പറഞ്ഞു: "മേഘങ്ങളിൽ സഞ്ചരിക്കുന്നവനായി ഞാൻ കണ്ടവൻ അവനാണ്" (സങ്കീ.18,10).

മറ്റൊരാൾ: ക്രോബകളുടെ രഥത്തിൽ ആരൂഢനായിരിക്കുന്നതായി ഞാൻ അവനെ കണ്ടു(സങ്കീ.18,10).

292. ഒരാൾ പറഞ്ഞു: ഒരുയർന്ന സിംഹാസനത്തിൽ ഇരിക്കുന്നതായി ഞാൻ അവനെ കണ്ടു. അവന്റെ വസ്ത്രത്തിന്റെ അരിക് അവന്റെ വിശുദ്ധ ആലയത്തെ നിറച്ചിരുന്നു (ഏശാ.6,1).

മറ്റൊരാൾ നിഗൂഢ പ്രതീകത്താൽ വിവേകപൂർവം വരച്ചുകാട്ടി.

297. ഒരാൾ പറഞ്ഞു: പിതാവു സംസാരിക്കുന്നതായി ഞാൻ ഇപ്രകാരം കേട്ടു: "വരുവിൻ, നമുക്ക് ബാബേലിലേക്കിറങ്ങി അവരുടെ ഭാഷ ചിതറിക്കാം" (ഉൽപ്പ.11,7).

മറ്റൊരാൾ വിളിച്ചു പറഞ്ഞു: "നെബുക്കദ്നേസറായ നിന്നോട് പറയുന്നു" (ദാനി.4,38).

ശാന്തമായി താഴേക്കു പതിക്കുന്ന മഴത്തുള്ളിയായി അവന്റെ ഇറക്കത്തിന്റെ രൂപം ഒരാൾ രൂപീകരിച്ചു (സങ്കീ.72,6). വിശിഷ്ടവും സംശുദ്ധവുമായ കമ്പിളിയിൽ അവൻ മറിയത്തിന്റെ രൂപം ചിത്രീകരിച്ചു (ന്യായാ 6,37ff.).

മറ്റൊരാൾ അവന്റെ ഗർഭധാരണം ചിത്രീകരിക്കുകയും അവന്റെ ജനനം ചൂണ്ടിക്കാണിക്കുകയും ചെയ്തു (ഏശാ. 7,14).

"നമ്മുടെ ദൈവത്തിന് വഴിയൊരുക്കുവിൻ" എന്ന വാക്കുകൾ കൊണ്ട് ഒരാൾ വഴി സൂചിപ്പിച്ചു (ഏശാ.40,3).

312. അവൻ ജറുസലേമിലേക്ക് കയറിയപ്പോൾ ഈ വാക്കുകളാൽ അവൻ ബഹുമാനിതനായി. സീയോനിലേക്കുള്ള അവന്റെ കരേറ്റത്തിൽ പ്രവാചകനിര ബഹുമാനപൂർവം അവനെ അനുധാവനം ചെയ്തു. രാജാവിന് ആഘോഷമായി അകമ്പടി സേവിക്കാൻ ശിഷ്യരും ശിശുക്കളും ബാലന്മാരും അവിടെ ഒന്നിച്ചെത്തി. അവരുടെ ഓശാന സ്തുതികളാൽ ജാതികളുടെ സഭ അവനെ ആഘോഷിക്കുകയും രാജാധിരാജനെ ആരാധിക്കുകയും ചെയ്യുന്നു.

കടന്നുവന്ന രാജാവിനെ സിനഗോഗ് തള്ളിപ്പറയുകയും അത് പുറന്തള്ളപ്പെടുകയും ചെയ്തു

322. മുറിപ്പാടുകൾ നിറഞ്ഞ, സിനഗോഗ് എന്ന വ്യഭിചാരിണി അവനെ പ്രകോപിപ്പിച്ചു. പ്രവാചകന്മാർ അവളെ അറിയിച്ചിരുന്നതുപോലെ, സന്തോഷപൂർവം അവൾ അവനെ സ്വീകരിച്ചില്ല. അവൾ അവന്റെ മഹത്വം കാണുകയും തന്റെ പക്കലേക്കു വന്ന അത്യുന്നതന്റെ മഹത്വത്തെ ഭയപ്പെടുകയും അവന്റ പരിശുദ്ധി കണ്ട് ദുഃഖിക്കുകയും ചെയ്തു. കാരണം, അവൾ തെരുവീഥികളിൽ വേശ്യ ആയിരുന്നു.



330. അവൻ ശാരീരികമായി നിന്ദ്യനായിരുന്നതിനാൽ, അവൾ നിശ്ശബ്ദമായി അവനെ നോക്കി നിന്നതേയുള്ളു. അവന്റെ സത്തയുടെ മഹത്വത്തെ അവൾ നിന്ദിച്ചു. എന്തുകൊണ്ടെന്നാൽ അവൻ തന്റെ ദൈവത്വത്തിൽ മറഞ്ഞിരുന്നു. ഈ നിഗൂഢമഹത്വത്തെപ്പറ്റി ഈശായിയുടെ മകനായ ദാവീദ് അവളോട് ഉറക്കെ പറഞ്ഞിരുന്നു. സത്തയുടെ ആ മടിയിൽ നിന്ന് വിശുദ്ധ കിരണങ്ങളിൽ അവൻ ജനിച്ചു. പിതാവ് തന്റെ സത്തയുടെ ആ മടിയിൽ നിന്ന് നിത്യതയിലേ ജനിപ്പിച്ച അവൻ തന്നെയാണ് ഇപ്പോൾ, ജീനിയിടാത്ത കഴുതക്കുട്ടിയുടെ പുറത്തു കയറി ജറുസലേമിലേക്ക് കടന്നുവരുന്നത്.

342. സമയങ്ങളുടെയും വർഷങ്ങളുടെയും ആരംഭത്തിനായി, ദൃശ്യമാംവിധം എന്തെങ്കിലും സംഭവിച്ചുവോ? തന്റെ വത്സലസുതനെപ്പറ്റി കർത്താവ് ശപഥം ചെയ്തു, അവിടുന്ന് വ്യാജം പറയുകയില്ല: മൽക്കീസദേക്കിനെപ്പോലെ നീ നീതിപൂർവം ആത്മീയപുരോഹിതനാണ് (സങ്കീ.110,4). ഈ സത്യരൂപം രൂപീകരിച്ചപ്പോൾ ദാവീദ് സൂക്ഷിച്ചു നോക്കി. അവൻ തന്റെ സങ്കീർത്തനങ്ങളിൽ വിവേകപൂർവം മാനുഷികമായിട്ടാണ് രൂപീകരിച്ചത്.

352. അവൻ കടന്നുവന്നപ്പോൾ അവൻ ധരിച്ച അവന്റെ മനുഷ്യത്വത്തെപ്പറ്റി അവൻ ചിന്തിച്ചു. അതിൽ, ആ സത്യപുരോഹിതന്റെ പൗരോഹിത്യം അവൻ ചൂണ്ടിക്കാട്ടി: നീ നിത്യപുരോഹിതനും കടന്നുപോകാത്ത രാജാവുമാണ്. "നിന്റെ ആധിപത്യം നിത്യമായ ആധിപത്യമാണ്. നിന്റെ രാജ്യം എല്ലാ തലമുറകളിന്മേലും വ്യാപിച്ചിരിക്കുന്നു." (സങ്കീ.144,13) ഈ മനോഹാരിതകൾ കൊണ്ട്, അവന്റെ നിഗൂഢമായ ദൈവത്വത്തിന് അവൻ സന്തോഷപൂർവം അകമ്പടി സേവിച്ചു. ജറുസലേം പുത്രിമാരുടെ നയനങ്ങൾക്കു മുമ്പിൽ ദാവീദ് അവന്റെ ഒരു ചിത്രം വരച്ചു.

364. "കേൾക്കുകയും കാണുകയും ചെവി ചായിക്കുകയും ചെയ്യുക" എന്ന് പ്രവാചകൻ ആരുടെ മുമ്പിൽ ഉച്ചത്തിൽ വിളിച്ചുപറഞ്ഞുവോ (സങ്കീ.45,11), ആ ഇസ്രായേൽരാജാവ് ഇതാണ്. ശിശുക്കളുടെ സ്തുത്യർഹസ്വരം! "രാജാവ് നിന്റെ സൗന്ദര്യം കാംക്ഷിക്കാൻ" നിന്റെയും നിന്റെ ജനത്തിന്റെയും അനീതി മറന്നുകളയുക (സങ്കീ.45,12). അവൾ പ്രവാചകസ്വരത്തെയും ശ്ലൈഹിക സുവിശേഷത്തെയും നിന്ദിച്ചു. വേശ്യയായ അവൾ ശിശുക്കൾക്കും കുട്ടികൾക്കും ചെവി ചായിച്ചില്ല.

374. അവൾ കേൾക്കുകയും സന്തോഷത്തിനും സ്തുതിക്കും തയാറാകുകയും ചെയ്തില്ല. അതിനാൽ അവൻ ഉപേക്ഷച്ചീട്ടെഴുതി, മലിനയായ വേശ്യയ്ക്ക് നൽകി. അവൻ അവളുടെ ശിരസ്സിൽ നിന്ന് മൂടുപടവും നെറ്റി

യിൽ നിന്ന് ലജ്ജയും കീറിക്കളഞ്ഞു. അവൻ അവളുടെ ആഭരണങ്ങൾ നീക്കി; അവളുടെ മേൽവസ്ത്രം എടുത്തു. അവൻ അവളുടെ കണ്ഠാഭരണവും കുണ്ഠലവും വളയും എടുത്തുമാറ്റി. ഒരു വ്യഭിചാരിണിയെയും വേശ്യയെയും എന്നപോലെ അവൻ അവളെ അവളുടെ മുറിയിൽ നിന്ന് പുറത്തേക്ക് ഓടിച്ചു. അങ്ങനെ അവൾ ഇപ്പോൾ ശിരോവസ്ത്രമില്ലാതെ, തലമൂടാതെ, നിന്ദിതയായി ഇരിക്കുന്നു.

388. നിന്റെ യൗവനത്തിലെ സൗന്ദര്യവും വിവാഹനിശ്ചയം കഴിഞ്ഞപ്പോഴുള്ള ഒരുക്കങ്ങളും എവിടെ? ആ പഴയ കാലത്തെ നിന്റെ ദിനങ്ങൾ എവിടെ? നിന്നെ ബഹുമാനിക്കാനായി സോളമൻ രാജാവ് നിനക്കായി പണിയിച്ച ആലയം എവിടെ? നിന്റെ ആരാധനയ്ക്ക് നേതൃത്വം നൽകിയ ഏഫോദോടു കൂടിയ പുരോഹിതൻ എവിടെ?

396. അവൻ ധരിച്ച ഇടക്കെട്ടും കണ്ഠാഭരണവും തലപ്പാവും എവിടെ? ബീസൂസും പട്ടും കൊണ്ടുള്ള വസ്ത്രവും എവിടെ? സ്വർണമണികളും മാതളനാരങ്ങാകളും എവിടെ? മനോഹരമായ ബെറില്ലും വിശിഷ്ട കല്ലുകളുടെ നിരകളും എവിടെ? സ്വർണമേശയും അതിന്മേൽ ഉണ്ടായിരുന്ന കാഴ്ചയപ്പവും എവിടെ? അനുരഞ്ജനത്തിന്റെ സുഗന്ധധൂപവും സർവാംഗഹോമത്തിന്റെ ഗന്ധവും എവിടെ? പേടകവും അതിലെ കൽപ്പലകകളും എവിടെ? താലങ്ങളും ചഷകങ്ങളും നിന്റെ ദൈവാരാധനയ്ക്കുള്ള മറ്റുപകരണങ്ങളും എവിടെ? (പുറ.29,5ff;28,34) നിന്റെ പെരുന്നാളുകളും അമാവാസികളും നിശാജാഗരണങ്ങളും എവിടെ? നിന്റെ സന്തുഷ്ടിയും ഹർഷാരവം പുറപ്പെടുവിക്കുന്ന പാട്ടുകളുടെ ഒച്ചയും നിന്നിൽ നിന്ന് അകന്നുപോയി. ഇതാ, നിന്റെയും നിന്റെ മക്കളുടെയും വായിൽ നിന്ന് വിലാപഗാനം വരുന്നു. യാക്കോബിന്റെ മകളേ, നിന്റെ ശിക്ഷണം കഠിനമാകാൻ, ഇനിയെന്ത് പ്രതികാരമാണ് വേണ്ടത്?

**സിനഗോഗ് ത്രിത്വത്തെ ഉപേക്ഷിക്കുകയും ദേവവിഗ്രഹങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തു.**

418. നാണമില്ലാത്തവളും വിഷയാസക്തയുമായ നീ രാജാവിനെയും രാജകുമാരനെയും നിന്ദിച്ചു. രാജാവിനെ മരുഭൂമിയിലും രാജകുമാരനെ വീണ്ടും ജറുസലേമിലും നിന്ദിച്ചു. പിതാവിനു പകരം കാളക്കുട്ടിയും വിവിധ വിഗ്രഹരൂപങ്ങളും വച്ചുമാറി (പുറ.32,4). പുത്രനുപകരം കൊലപാതകിയായ കള്ളനെ മാറിയെടുത്തു.

426. വിജാതിയരുടെ ഇടയിൽ പരിശുദ്ധാത്മാവിനെ പ്രകോപിപ്പിച്ചു. നിത്യനായ പരിശുദ്ധ ത്രിത്വത്തെ നിന്ദിക്കുകയും നീരസത്തോടെ വെറുക്കുകയും ചെയ്തു. കഥയില്ലാത്ത വിഗ്രഹങ്ങളെയും പിശാചുക്കളെയും ഭാഗ്യദേവന്മാരെയും കപടദേവവിഗ്രഹങ്ങളെയും അവർ ഇഷ്ടപ്പെട്ടു. അവർ കേമോനെ സ്നേഹിച്ചു; പിതാക്കന്മാരുടെ വാക്ക് നിന്ദിച്ചു. അവർ കാമേഷിനെ ബഹുമാനിക്കുകയും പരിശുദ്ധ പുത്രനെ അപമാനിക്കുകയും ചെയ്തു. അവർ തമൂസിനെ ആദരിക്കുകയും സ്നേഹിക്കുകയും ഉന്നതകർത്താവിനെ അനാദരിക്കുകയും നിസ്സാരനായി കരുതുകയും ചെയ്തു. അവർ അസ്താർതിനെ എല്ലായിടത്തും ആഘോഷപൂർവം വഹിച്ചുകൊണ്ടു നടന്നു; സ്വർഗീയനെ നിരസിച്ചുകളഞ്ഞു. (1രാജാ.11,5ff;ന്യായാ.6,25).



440. ബാലിനെ ഭയഭക്തിയോടെ ബഹുമാനിച്ചു; മിശിഹായെ അശുദ്ധർ പീഡിപ്പിച്ചു. രാത്രിപിശാചിനോടും ദേവീവിഗ്രഹങ്ങളോടും അവർ തങ്ങളുടെ മുറികളിൽ പ്രാർഥിച്ചു. എന്നാൽ ആരുടെ ആംഗ്യത്താൽ ധരനിലനിൽക്കുന്നുവോ, അവനെ വീഥികളിൽ അവർ ദേഹോപദ്രവം ഏൽപ്പിച്ചു. നമ്മുടെ രക്ഷകനോട് അവർ ചെയ്ത തരത്തിലുള്ളവ ആര് കേട്ടിട്ടുണ്ട്!

448. "ഇക്കാരണത്താൽ നിങ്ങളെ ഞാൻ തകർക്കുകയും ലോകത്തിൽ നിന്ദനവിധേയരാക്കുകയും ചെയ്യും." (ജറ.23,40). പ്രവാചകാധരങ്ങളിൽ നിന്ന് ഇസ്രായേൽ അത് കേട്ടു: "എന്റെ കൽപ്പന ലംഘിച്ച മക്കളേ, നിങ്ങൾ എത്യോപ്യക്കാരെ പോലെയാണ്." എന്തുകൊണ്ടെന്നാൽ "കാള തന്റെ യജമാനനെ അറിയുന്നു; കഴുത തന്റെ യജമാനന്റെ തൊഴുത്തും. എന്നാൽ എന്റെ ജനം തന്റെ ദൈവത്തെ അറിയുന്നില്ല. ഇസ്രായേലിന് ഗ്രഹണശക്തിയില്ല." (ആമോ.9,7ഏശാ.1,23).

458. "എന്നാൽ എന്റെ ജനം എന്നെ ശ്രവിക്കുകയും ഇസ്രായേൽ എന്റെ വഴികളിലൂടെ ചരിക്കുകയും ചെയ്തിരുന്നെങ്കിൽ, അവരുടെ ശത്രുക്കളെ ഞാൻ വേഗത്തിൽ നിഗ്രഹിക്കുകയും എന്റെ കരം അവർക്കെതിരെ ഉയർത്തുകയും ചെയ്യുമായിരുന്നു" എന്ന് അവിടുന്ന് പറയുന്നു (സങ്കീ.81,13). എന്നിട്ട് കടുത്ത ശകാരത്തോടെ അവൻ അവരോട് സംസാരിക്കുകയും തന്റെ ക്രോധത്തിൽ അവരെ വഴിതെറ്റിക്കുകയും ചെയ്തു (സങ്കീ.83,16).

465. അവൻ അവളുടെ മുഖം ലജ്ജയാൽ മൂടി, ജറുസലേമിനെതിരെ രോഷാകുലനായി, അതിനെ ചവിട്ടി മെതിക്കാനായി വിട്ടുകൊടുത്തു. അവളെ ഉന്നംവച്ചുകൊണ്ട് ഏശായാ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "ഉപേക്ഷിക്കപ്പെട്ട അഭയസ്ഥാനം പോലെയും കൊടുങ്കാറ്റിന്റെ മുമ്പിലെ മാടം പോലെയും ദൈവം ജറുസലേമിനെ അതിന്റെ തെറ്റുകൾ നിമിത്തം കൈവിട്ടുകൊടുത്തു." (ഏശാ.1,8).

474. "സൈന്യങ്ങളുടെ ദൈവം ഒരു ശേഷിപ്പിനെ അൽപ്പമാത്രമായി അവശേഷിപ്പിച്ചില്ലായിരുന്നെങ്കിൽ," ഈശായിയുടെ വേരിൽ നിന്നു വളർന്ന ഇസ്രായേൽ ഭവനത്തിന്റെ സിനഗോഗ് "സോദോം പോലെ ആകുമായിരുന്നു. ഗോമോറായ്ക്ക് തുല്യമാകുമായിരുന്നു" (ഏശാ.1,9). വീണ്ടും, ഒരിക്കൽ ഒരു തിരിച്ചുവരവ് ഉണ്ടാകുമെന്ന് ഇപ്പോൾ അവർ പറയുന്നു.

482. തങ്ങളുടെ ജീവിതത്തിലെ വിവിധ പ്രവർത്തനങ്ങളിലൂടെ ദൈവത്തെ പ്രകോപിപ്പിച്ച ജനം, അവന്റെ തിരിച്ചുവരവ് എപ്പോഴാണ് സംഭവിക്കുന്നതെന്ന് കാത്തിരിക്കുകയും സമയം അന്വേഷിക്കുകയും ചെയ്യുന്നു. പ്രവാചകരിൽ ഈ വിഡ്ഢികൾ വായിക്കുന്നെങ്കിലും, അവരുടെ വാക്കുകൾ ഗ്രഹിക്കുന്നില്ല. തിരിച്ചുവരവെന്നു കേൾക്കുമ്പോൾ, അവർ അവരുടെ സ്വരമുയർത്തുന്നു. "ജറുസലേം വീണ്ടും പണിയപ്പെടും"(ആമോ.9,11) എന്ന് എപ്പോഴും വീണ്ടും കേൾക്കുകയും ആനന്ദിക്കുകയും ചെയ്യുന്നു. എന്നാൽ എന്തുകൊണ്ടാണ് അത് തകർക്കപ്പെട്ടതെന്ന് എബ്രായൻ വായിക്കുന്നില്ല.

494. ജറുസലേമിന്റെ കീർത്തി വീണ്ടും വലുതായി തീരുമെന്ന് അവൻ പറയുന്നു. എന്നാൽ അത് എങ്ങനെ സംഭവിക്കുമെന്ന് അവന് അറിയില്ല. ജറുസലേമിന്റെ നാമം വീണ്ടും വിഖ്യാതമാകുമെന്ന് അവൻ ആവർത്തിക്കുന്നു. എന്നാൽ ആരിലൂടെ അത് വളരുമെന്ന് അവൻ പറയുന്നില്ല. ജറുസലേം പ്രസിദ്ധമാകും, കീർത്തി നിറഞ്ഞതാകും എന്ന് വിഡ്ഢി ആവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ആരിലൂടെ എപ്പോൾ എന്ന് അവന് അറിയില്ല. കാരണം, അവന്റെ ബുദ്ധി അത് നിന്ദിക്കുന്നു. "ഇസ്രായേലിന്റെ ഹൃദയം കഠിനമായിരിക്കുന്നു. എഴുതപ്പെട്ടിരിക്കുന്നവയെല്ലാം കേൾക്കാതിരിക്കാനും പറയപ്പെട്ടവയെല്ലാം മനസ്സിലാക്കാതിരിക്കാനും അവർ തങ്ങളുടെ കാതുകൾ മന്ദീഭവിപ്പിച്ചിരിക്കുന്നു" (ഏശാ.6,10).

**യൂദർക്കെതിരെയുള്ള കടന്നാക്രമണത്തിന്റെ തുടർച്ച; മിശിഹാ ഇപ്പോഴും വന്നിട്ടില്ല എന്ന യൂദചിന്തയ്ക്കെതിരെ**

506. ഇതാ, നമ്മുടെ രക്ഷകന്റെ കരേറ്റത്തിൽ പ്രവാചകന്മാർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: ജീനിയിടാത്ത കഴുതക്കുട്ടിയുടെ പുറത്ത് കയറി വരുമെന്ന് ഞങ്ങൾ പറഞ്ഞവൻ അവനാകുന്നു. എഴുന്നേൽക്കുവിൻ, ഓശാനകളാൽ അവനെ എതിരേൽക്കുവിൻ. എങ്കിലും ജറുസലേം ദുഃഖിക്കുകയും വഴിതെറ്റുകയും പൈതങ്ങളെ നിശ്ശബ്ദരാക്കാൻ ശ്രമിക്കുകയും ചെയ്തു.

513. പൈതങ്ങളുടെ സ്വരത്തോട് ശ്ലീഹന്മാരുടെ സ്വരം കൂടിക്കലർന്നു. പഴയനിയമവും നമ്മുടെ രക്ഷകന്റെ കരേറ്റത്തിൽ സന്തോഷപൂർവം പാടി: പ്രവാചകന്മാർ പൈതങ്ങളിലൂടെയും ശ്ലീഹന്മാർ സ്വന്തമായും; രണ്ട് ഉടമ്പടികളും നൽകിയ കർത്താവിന് രണ്ടും ഒരുപോലെ സ്തുതിപാടി. യൂദർ ഉടമ്പടികളെ വെറുത്തു എന്നു മാത്രമല്ല, പിതാവിനെ നിന്ദിക്കുകയും പുത്രനെ അസൂയയാൽ കൊല്ലുകയും ചെയ്തു.

525. സ്തുതി അർപ്പിക്കാനായി ഇസ്രായേൽ ഭവനത്തിന്റെ സിനഗോഗിനെ പ്രവാചകൻ ക്ഷണിച്ചു. എന്നാൽ അത് കൊലപാതകത്തിന് കോപ്പുകൂട്ടുകയും ദുഷ്ടത പ്രവർത്തിക്കാൻ തത്രപ്പെടുകയും ചെയ്തു."ആകാശം അവന്റെ മഹത്വം പ്രകീർത്തിക്കുന്നു" (സങ്കീ.19,1). എന്നാൽ സിനഗോഗ്



അത് ഗ്രഹിക്കുന്നില്ല. അവന്റെ താഴ്മയിൽ ധര അത്ഭുതപ്പെട്ടു. എന്നാൽ യൂദർക്ക് മാനസ്സാന്തരമുണ്ടായില്ല.

533. ദാർശനികർ രൂപീകരിച്ച പ്രതീകങ്ങൾ നമ്മുടെ രക്ഷകൻ പൂർത്തീകരിച്ച് യാഥാർഥ്യമാക്കി. എങ്കിലും ഇപ്പോഴും പുതിയത് സംഭവിച്ചിട്ടില്ലെന്ന്, പിടലി കടുത്തവരും മർക്കടമുഷ്ടിക്കാരുമായ ജനം ആണയിടുകയും തർക്കിക്കുകയും ചെയ്യുന്നു. കൂടുതലായി, അവർ എല്ലാ പ്രതീകങ്ങളും മുറുകെ പിടിക്കുന്നു. ഓ, വിഡ്ഢികളേ, എത്ര നാളത്തേക്ക് നിങ്ങൾ ഉൾക്കാഴ്ചയ്ക്കെതിരെ പോരാട്ടം നടത്തും!

541. വരുവിൻ, നമുക്ക് പ്രവാചകന്മാരുടെ വാക്കുകൾ സൂക്ഷ്മമായി പരിശോധിക്കുകയും അവർ കൊണ്ടുവന്ന പ്രതീകങ്ങളെല്ലാം യാഥാർഥ്യമായോ എന്ന് കാണുകയും ചെയ്യാം.

545. യാക്കോബ് താഴെപ്പറയുന്ന വാക്കുകളിൽ യൂദായെ അനുഗ്രഹിച്ചു: "രാജ്യാവകാശിയായ ഇടയൻ വരുന്നതുവരെ ചെങ്കോലും അധികാരദണ്ഡും അവന്റെ പാദങ്ങളിൽ നിന്ന് നീങ്ങിപ്പോകുകയില്ല. ജനതകൾ അവന് വിധേയമായിരിക്കും" (ഉൽപ്പ.49,10). അങ്ങനെ അവൻ അവരെ തെറ്റിൽ നിന്ന് സ്വതന്ത്രരാക്കും.

553. "അവൻ തന്റെ കഴുതക്കുട്ടിയെ മുന്തിരിച്ചെടിയിലും പെൺകഴുതക്കുട്ടിയെ മുന്തിരിവള്ളിയിലും കെട്ടിയിടും" (ഉൽപ്പ. 49,11). നമുക്ക് പരിശോധിച്ച് തിരിച്ചറിയാം: യൂദായിൽ ഒരു രാജാവുണ്ടായിരിക്കുകയും ചെങ്കോൽ അവന്റെ പാദത്തിൻ കീഴിൽ ആയിരിക്കുകയും ചെയ്യുന്നെങ്കിൽ, എഴുതപ്പെട്ടവ യാഥാർഥ്യമായിട്ടില്ല, അവ സംഭവിച്ചിട്ടുമില്ല. സക്കറിയാ പ്രവചിച്ചതുപോലെ, അവൻ കഴുതക്കുട്ടിയുടെ പുറത്ത് ഇരിക്കാതിരുന്നെങ്കിൽ, ദാവീദ് പറഞ്ഞതുപോലെ പൈതങ്ങൾ അവനെ സ്തുതിക്കാതിരുന്നെങ്കിൽ, പറയപ്പെട്ടതുപോലെ അവൻ ജനതകളോട് സമാധാനത്തെപ്പറ്റി സംസാരിച്ചില്ലെങ്കിൽ, താൻ നിത്യരാജാവായിരിക്കുമെന്നത് ധരയിലാരും വിശ്വസിക്കുമായിരുന്നില്ല.

568. എന്നാൽ അവൻ അത് നിർവഹിക്കുകയും പ്രതീകങ്ങളും ഉപമകളും പൂർത്തീകരിക്കുകയും ചെയ്തെങ്കിൽ, ദൈവവചനം ശ്രവിക്കാഞ്ഞതിനാൽ, യൂദർ കുറ്റക്കാരായി പരിഗണിക്കപ്പെടണം. "നിങ്ങൾ എന്റെ ജനമല്ല, ഞാൻ നിങ്ങളുടെ ദൈവവുമല്ല"(ഹോശി.1,9). ഈ ജനത്തെ ജാതികൾക്ക് പകരവും സമീപസ്ഥരെ ദൂരസ്ഥർക്കു പകരവും വച്ചുമാറി.

576. "ഇതാ, ഞാൻ നിന്നെ ജനതകൾക്കിടയിൽ ചിതറിച്ചു" എന്ന് കർത്താവ് ഇസ്രായേലിനോട് അരുളിച്ചെയ്യുന്നു. "പ്രതിഫലം കൂടാതെ നിന്നെ വിറ്റുകളഞ്ഞു"(സങ്കീ.44,11-12). നിനക്കുവേണ്ടി വലിയൊരു വില വീണ്ടും

ഞാൻ കൊടുക്കുകയില്ല. എന്തുകൊണ്ടെന്നാൽ, നീ ജനതകളുമായി കൂടിക്കലരുകയും അവരുടെ രീതികൾ അഭ്യസിക്കുകയും ചെയ്തു.

582. ഇതാ, ഞാൻ നിന്നെ ചിതറിക്കുകയും ജനതകളെ എന്റെ പക്കലേക്ക് വിളിക്കുകയും ചെയ്യുന്നു. "ഞാൻ സീയോനിൽ വിശിഷ്ടമായ ഒരു ഇടർച്ചക്കല്ല് സ്ഥാപിച്ചിരിക്കുന്നു. അവന്റെ നാമത്തിൽ വിശ്വസിക്കുന്നവൻ ലജ്ജിക്കേണ്ടി വരികയില്ല" എന്നു കർത്താവ് അരുളിച്ചെയ്യുന്നു (ഏശാ.28,16).

588. ഒരു പ്രവാചകൻ പറയുന്നു: "ഉരുക്കുകൊണ്ടുള്ള ഒരു മതിലിന്മേൽ കർത്താവ് നിൽക്കുന്നതായി ഞാൻ കണ്ടു. അവന്റെ കൈയിൽ ഒരു തൂക്കുകട്ടയുണ്ട്"(ആമോ.7,7). പ്രവാചകദർശനത്തിൽ കർത്താവ് പ്രവാചകന്മാരോട് പറഞ്ഞു: "ഇതാ, എന്റെ ജനമായ ഇസ്രായേലിൽ ഞാൻ തൂക്കുകട്ട വയ്ക്കുന്നു"(ആമോ.7,8). അവൻ എല്ലാ പ്രതീകങ്ങളും എങ്ങനെ നിറവേറ്റുന്നെന്ന് ദാവീദ് മുൻകൂട്ടി പറഞ്ഞിരിക്കുന്നു: "പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നിരിക്കുന്നു"(സങ്കീ.118,22). അതുകൊണ്ട്, കർത്താവ് ജറുസലേം പണിത് അതിന്റെ സുശക്ത കോട്ടകൾ ഉറപ്പിച്ചു എന്ന് എബ്രായർ ഗ്രഹിക്കുക. അവൻ സമാധാനപൂർവം നിങ്ങളുടെ മക്കളെ അനുഗ്രഹിച്ചു.

604. കർത്താവ് തന്റെ കൃപ അനുസ്മരിക്കുകയും മഹാകരുണയാൽ പുതിയ ജറുസലേമിനെ അവകാശമാക്കുകയും ചെയ്യും. ഭർത്താവ് ഭാര്യയെ സാന്ത്വനപ്പെടുത്തുകയും അവൾ തന്റെ വേദനകൾ മറക്കുകയും ചെയ്യുന്നതുപോലെ, കർത്താവ് ജറുസലേമിനെ സാന്ത്വനപ്പെടുത്തി അവളോടു പറയുന്നു: "മഹാക്രോധത്താൽ ഞാൻ നിന്നെ അടിച്ചു. നിത്യകരുണയാൽ ഞാൻ നിന്നെ ഇപ്പോൾ സ്വന്തമാക്കും"(ഏശാ.60,10).

612. നിന്റെ നാശത്തിന്റെ അപകീർത്തിക്കും നിന്റെ ക്രോധവിധിയുടെ പരിഹാസത്തിനും പകരം ജനതകളുടെ ഇടയിൽ ഞാൻ നിന്റെ ശിരസ്സുയർത്തുകയും നിന്റെ ബഹുമാനവും പ്രശസ്തിയും വർധിപ്പിക്കുകയും ചെയ്യും. അവിശ്വസ്ത എന്നും അനീതി നിറഞ്ഞ നഗരം എന്നും നീ വിളിക്കപ്പെട്ടതിന് ഞാൻ എന്റെ അമൂല്യരക്തം നിന്നിൽ വർഷിക്കുകയും നിന്റെ അനീതിയും പാപങ്ങളും ക്ഷമിക്കുകയും ചെയ്യും.

620. എന്നിൽ നിന്ന് നിന്നെ ഞാൻ പുറന്തള്ളിയതിനാൽ, ഇസ്രായേലേ, നീ നഷ്ടപ്പെട്ടു പോയതിനുപകരം ഞാൻ നിന്റെ കവാടം സമാധാനത്തിൽ തുറക്കും. ജനതകളുടെ നിരകൾ അകത്തു കടന്നുവരികയും നിന്നിൽ ഒരു തെരഞ്ഞെടുക്കപ്പെട്ട ജനമായി തീരുകയും ചെയ്യും. കർത്താവ് സീയോനിൽ ഭരണം നടത്തും; അനേകം ജനതകൾ വന്ന് അവനെ ജറുസലേമിൽ പ്രകീർത്തിക്കും. ധര ഫലം നൽകുന്നതു പോലെയും ഉദ്യാനം വിത്തുകൾ മുളപ്പിക്കുന്നതുപോലെയും നിന്റെ വീഥികളിൽ കർത്താവ് നീതി വളർത്തും.



**നവജറുസലേമായ സഭ**

632. ആ ദിവസം ജനതകൾ പറയും: ഇതാ, നമ്മുടെ ദൈവം നമ്മുടെ രക്ഷകൻ, ഇതാ, കർത്താവ് ശക്തിയോടെത്തി(ഏശാ. 40,10), അരിഷ്ടതയിൽ നിന്നു നമ്മെ സ്വതന്ത്രരാക്കി. കർത്താവിന്റെ വായ് നിനക്കു നൽകിയതിനാൽ, ഒരു പുതിയ നാമത്താൽ നീ വിളിക്കപ്പെടും.

638. എന്നാൽ സീയോൻ കരഞ്ഞുകൊണ്ട് ഉച്ചത്തിൽ പറഞ്ഞു: കർത്താവ് എന്നെ ഏകാകിയായി വിട്ടുകളഞ്ഞു. ദൈവം എന്നെ മറക്കുകയും ഉപേക്ഷിക്കുകയും ചെയ്തു. തന്റെ വത്സലശിശുവിനോടു കരുണ കാണിക്കാൻ അമ്മ മറക്കുമോ? (ഏശാ.49,15). താൻ പ്രസവിച്ച വത്സലഫലത്തെ ഉറക്കത്തിൽ താരാട്ടുപാടി മാറോടു ചേർക്കയില്ലേ? അവൾ മറന്നാലും നിന്നെ ഞാൻ ഒരിക്കലും മറക്കില്ല. ജറുസലേം, എന്റെ ഉള്ളംകൈയിൽ നിന്റെ സൗന്ദര്യം ഞാൻ രേഖപ്പെടുത്തിയിരിക്കുന്നു (ഏശാ.49,16).

648. പീഡിപ്പിക്കപ്പെട്ടവളേ, നിന്റെ കടം ഞാൻ ഇപ്പോൾ മായിച്ചുകളഞ്ഞിരിക്കുന്നു (ഏശാ.54,11). നീ പെട്ടെന്ന് ഉയർത്തപ്പെടും. എന്തുകൊണ്ടെന്നാൽ ഇതാ, ഞാൻ നിന്റെ കല്ലുകളെല്ലാം അന്ന് അഞ്ജനക്കല്ലുകളാക്കും, നിന്റെ വിശിഷ്ടമായ അടിസ്ഥാനങ്ങൾ ഇന്ദ്രനീലക്കല്ലു കൊണ്ടു പണിയും. നിന്റെ താഴികക്കുടങ്ങൾ വിശിഷ്ടമായ പത്മരാഗം കൊണ്ടും വാതിലുകൾ പുഷ്യരാഗം കൊണ്ടും ഭിത്തികൾ രത്നംകൊണ്ടും നിർമിക്കും (ഏശാ.54,11-12). ജറുസലേമിന്റെ ഉള്ളറകൾ സമ്പത്തും നിക്ഷേപങ്ങളും കൊണ്ട് ഞാൻ നിറയ്ക്കും.

664. കാൽസെഡോൺ, രത്നങ്ങൾ, ഗ്ലാസുകൾ, അഞ്ജനക്കല്ല്, സർദോൺ എന്നിവകൊണ്ട് ഞാൻ നിങ്ങളുടെ ഭവനങ്ങളും വിശിഷ്ടസ്വർണം കൊണ്ട് നിങ്ങളുടെ കൊട്ടാരങ്ങളും നിറയ്ക്കും. നിന്റെ എല്ലാ പുത്രീപുത്രന്മാരും ദൈവമക്കളായിരിക്കും. സമാധാനം നിന്റെ കോട്ടകളിലും നീതി നിന്റെ തെരുവുകളിലും നടമാടും. ഇതാ, ജനതകൾ നിന്റെ പ്രകാശത്തിലേക്കു വരികയും ഗോത്രങ്ങൾ നിന്റെ ഉദയത്തിലേക്ക് ധൃതിപ്പെടുകയും ചെയ്യും.

674. എന്റെ ബഹുമാനത്തിനായി ജനതകൾക്കിടയിലും എന്റെ പ്രശസ്തിക്കായി ഗോത്രങ്ങൾക്കിടയിലും നിന്നെ ഞാൻ ആക്കിയിരിക്കുന്നു. ഇതാ, നിന്നിൽ ഞാൻ എന്റെ കൂടാരമടിക്കും, നിന്റെ മധ്യത്തിൽ എന്റെ കൂടാരത്തിന്റെ കുറ്റി ഞാൻ ഉറപ്പിക്കും. എന്റെ ഭവനത്തിന്റെ മൂല ഞാൻ ആകർഷകമാക്കി ഞാൻ അതിൽ പാർക്കും. നിന്നിൽ ഞാൻ പരിശുദ്ധൻ എന്ന് കാട്ടുകയും ആഘോഷിക്കപ്പെടുകയും ചെയ്യും.

680. ഞാൻ നിന്നെ കാംക്ഷിച്ചതിനാൽ, ഇവിടെ ഞാൻ സിംഹാസനാരൂഢനാകും; നിന്റെ കരുതൽ നിക്ഷേപത്തെ ഞാൻ അനുഗ്രഹിക്കും. ദാവീദിനുവേണ്ടി കൊമ്പ് പ്രകാശിതമാക്കും; എന്റെ പരിപാലന അവന് ഒരിക്കലും

കുറഞ്ഞുപോകുകയില്ല. പഴയ ജറുസലേമിനെ പിടികൂടിയ അസ്വസ്തതയ്ക്കു പകരം, പൈതങ്ങളുടെ ഉച്ചത്തിലുള്ള വിളികളോടുകൂടെ, പുതിയതിൽ വൃദ്ധരും ശിശുക്കളും ഒന്നിച്ചുകൂടി ഓശാനകളാൽ എനിക്കു സ്തുതി പാടും. തങ്ങളുടെ തെരുവുകളിൽ എന്നെ അപമാനിക്കാൻ പഴയ ജറുസലേം തന്റെ മക്കളെ ക്ഷണിച്ചപ്പോൾ, പുതിയതിൽ ജനതകളുടെ നിരകൾ ക്ഷണിക്കപ്പെടുകയും അവർ ഓശാനകളാൽ എന്നെ ബഹുമാനിക്കുകയും ചെയ്തു.

692. ജറുസലേമും അവളുടെ മക്കളും ഉച്ചത്തിൽ വിളിച്ചുപറയും: "വന്നവനും വരാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു; അത്യുന്നത പിതാവിന്റെ പുത്രന് ഉയരാഴങ്ങളിൽ ഓശാന!"(മത്താ.21,9).

696. മനുഷ്യരെ സന്ദർശിക്കാൻ തന്റെ സ്നേഹത്താൽ താഴേക്കിറങ്ങി വന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

698. അരിഷ്ടരെ സമ്പന്നരാക്കാൻ ദരിദ്രനായിത്തീർന്ന ഞങ്ങളുടെ രാജാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

700. പ്രവാചകന്മാരുടെ പ്രതീകങ്ങളും ഉപമകളും പൂർത്തീകരിക്കാൻ വന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

702. തന്റെ പിതാവിന്റെ നിക്ഷേപങ്ങളും സമ്പത്തും കൊണ്ട് നമ്മെ സന്തോഷിപ്പിച്ച രാജാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

സംസാരശക്തി കൈവന്നിട്ടില്ലാത്തവർ ആർക്ക് ഓശാനസ്തുതികൾ പാടിയോ, അവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ഓശാനയോടുകൂടെ ശിശുക്കൾ ആർക്ക് നവഗീതം പാടിയോ, അവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

നവജാതശിശുക്കൾ പ്രകീർത്തിക്കാനായി കടന്നു വന്ന പുതിയ രാജാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

ശിഷ്യരോടൊപ്പം ശിശുക്കൾ വിക്കിവിക്കി ആർക്ക് സ്തുതിപാടിയോ, അവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

712. എന്റെ കർത്താവേ, താഴ്ന്നിറങ്ങിയ നിന്റെ സ്നേഹത്തിൽ ആരാണ് ആശ്ചര്യഭരിതരാകാത്തത്? നിന്റെ മഹനീയതയെ ഭയത്തോടെ ആഘോഷപൂർവം ക്രോബകളുടെ രഥം വഹിക്കുന്നു. ഇവിടെ നിന്റെ ഗംഭീരമായ വിശുദ്ധ ശക്തിയെ ഒരു നിന്ദ്യമായ കഴുതക്കുട്ടി വഹിച്ചു.

**സമാപനം: പെരുന്നാളിനുള്ള ആഹ്വാനം ആവർത്തിക്കുന്നു; പെരുന്നാളിന്റെ വിവിധ ഘടകങ്ങൾ**

718. ഈ സന്തോഷദിനത്തിൽ എന്റെ വായ് നിന്റെ നീതി പ്രഘോഷിക്കും. ഈ അനുഗൃഹീത പെരുന്നാളിൽ എന്റെ നാവ് നിന്റെ സ്തുതി



പ്രകീർത്തിക്കട്ടെ. സമസ്ത സൃഷ്ടികളും സന്തുഷ്ടരായിരിക്കുന്ന ഈ പെരുന്നാളിൽ എന്റെ ആത്മാവ് ആനന്ദതുന്ദിലമാകട്ടെ. നിന്റെ മഹനീയത ആരൂഢമായ കഴുതയുടെ മുമ്പിൽ പൈതങ്ങൾ വഹിച്ച ഓശാനക്കൊമ്പുകളുടെ സ്ഥാനത്ത് ഞങ്ങളുടെ ആത്മാക്കൾ സ്തുതിയുടെ കൊമ്പുകൾ വഹിക്കട്ടെ.

728. ശിശുക്കളോടൊപ്പം നമുക്കും ഉച്ചത്തിൽ ഉദ്ഘോഷിക്കാം: ദാവീദിന്റെ പുത്രന് ഓശാന. മനുഷ്യർക്ക് വാക്കുകൾ രൂപീകരിച്ചവന്, മാനുഷിക വാക്കുകൾ ഉച്ചരിക്കാൻ പഠിക്കാത്ത ശിശു ഓശാനസ്തുതികൾ പാടി. അത്ഭുതം കണ്ടിട്ട് സ്തുതിക്കാത്ത പ്രായമുള്ളവരെപ്പറ്റി ശിശു അത്ഭുതപ്പെട്ടു.

734. എന്റെ കർത്താവേ, എന്റെ ചിന്തകൾ നിനക്ക് അകമ്പടി സേവിക്കട്ടെ. തിരിച്ചറിവില്ലാത്ത ശിശുക്കളെപ്പോലെയല്ല, പിന്നെയോ, നിന്റെ മഹനീയത മനസ്സിലാക്കിയ ആ ശിഷ്യനിരയെപ്പോലെ നിന്നെ സ്തുതിക്കാൻ ഇടയാകട്ടെ. ഹൃദയസന്തോഷത്തോടെ സ്തുതിയർപ്പിച്ച ശിശുക്കളെപ്പോലെ നിന്നിൽ സന്തോഷിക്കാൻ എനിക്കിടയാകട്ടെ.

742. ഇന്നേദിവസം രാജകീയനഗരമായ ജറുസലേമിലേക്ക് നമ്മുടെ കർത്താവ് പ്രവേശിച്ചു. ആദാമിന്റെ മാനക്കേട് നീക്കാനായി അവിടുന്ന് വിനീതനായി കഴുതക്കുട്ടിയുടെ പുറത്തു യാത്രചെയ്തു. തന്റെ മഹോന്നത രാജ്യത്തിൽ പിതാവിനോടൊപ്പം തന്നെയും പരിശുദ്ധൻ എന്നു പ്രകീർത്തിക്കുന്ന ക്രോബകളുടെ നിരയെ വിട്ട്, അവിടുന്ന് ജറുസലേമിലെ ശിശുക്കളുടെ കളങ്കരഹിത സ്തുതി സ്വീകരിച്ചു.

750. ഇന്ന് നമ്മുടെ കർത്താവ് ഒരു കഴുതക്കുട്ടിയുടെ പുറത്തു കയറി സീയോനിലേക്കു യാത്ര ചെയ്തു. സ്കറിയാ ഇത് മുൻകൂട്ടി പറഞ്ഞിരുന്നു: "ഇതാ, നിന്റെ രാജാവ് നിന്റെ പക്കലേക്ക് വരുന്നു" (സക്ക. 21,9). ക്രോബേന്മാർ അവന്റെ മഹത്വം പ്രഘോഷിക്കുന്നു: കർത്താവ് തന്റെ വിശുദ്ധ സ്ഥലത്ത് വാഴ്ത്തപ്പെട്ടവനാകുന്നു. ശിശുക്കൾ കൈകളിൽ ഒലിവിൻ കൊമ്പുകളുമായി ഓശാനയോടുകൂടെ അവന്റെ മുമ്പിൽ സ്തുതി പാടുന്നു.

758. ഇന്ന് സമസ്ത ലോകത്തിന്റെയും സ്രഷ്ടാവ് തന്നെത്തന്നെ വിനീതനാക്കി, ക്രോബകളുടെ ഉയരങ്ങളെ വെടിഞ്ഞ്, നിന്ദ്യമായ കഴുതക്കുട്ടിയുടെ പുറത്ത് ഇരുന്നു. അവന്റെ താഴ്മ കണ്ട ശിശുക്കൾ ശിഷ്യരോടൊപ്പം അവനെ പ്രകീർത്തിച്ചു. കഴുതക്കുട്ടിയുടെ പുറത്ത് യാത്ര ചെയ്യുന്നവനായി അവനെ കണ്ടപ്പോൾ, സംസാരശക്തി കൈവരാത്ത ശിശുക്കൾ മാതാക്കളുടെ മടിയിൽ കിടന്നുകൊണ്ട് സ്തുതിപാടി.

768. അവൻ അതിന്മേൽ കയറി രക്തദാഹിയായ ജറുസലേം നഗരത്തിൽ പ്രവേശിച്ചു. അവന്റെ സംശുദ്ധതയും വെടിപ്പും കാണാത്തതിനാൽ,

വേശ്യ അവനെ കണ്ട് രോഷാകുലയായി. തന്നെത്തന്നെ താഴ്ത്തി നിന്ദ്യമായ കഴുതക്കുട്ടിയുടെ പുറത്ത് വാഹനമേറിയ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു.

774. ശിശുക്കൾ ഒലിവിൻ കൊമ്പുകളുമായി അവന്റെ മുമ്പിൽ ഓശാനയാൽ അവനെ സ്തുതിച്ചു. അവന്റെ മുമ്പിൽ സ്രാപ്പേന്മാർ ഭയചകിതരാകുന്നു; അവനെ നോക്കാൻ അവർക്കു കഴിവില്ല. അവന്റെ നോട്ടത്തിന്റെ മുമ്പിൽ ക്രോബേന്മാർ വിറയ്ക്കുന്നു; അവർ അവന്റെ രഥത്തിൻ കീഴിൽ ആകാംക്ഷാഭരിതരായിരിക്കുന്നു.

780. ശിഷ്യന്മാർ നിന്ദ്യമായ കഴുതക്കുട്ടിയെ സജ്ജമാക്കി; അവിടുന്ന് അതിന്മേൽ ഇരുന്നു. അഗ്നിരഥം വിട്ട് ഒരു കഴുതക്കുട്ടിയുടെ പുറത്ത് ആഘോഷമായി യാത്രചെയ്യാൻ തക്കവണ്ണം രാജകുമാരൻ മനുഷ്യരുടെ ഇടയിൽ തന്നെത്തന്നെ ഇത്രമാത്രം താഴ്ത്തി എന്നത് ആശ്ചര്യകരം തന്നെ.

786. മഹോന്നതത്തിൽ തന്റെ പിതാവിന്റെ സവിധത്തിൽ അഗ്നിമയന്മാർ അവന്റെ മുമ്പിൽ വിറയ്ക്കുന്നു. ശിശുക്കൾ സ്നേഹത്താൽ അവനെ സന്തോഷഭരിതനാക്കുന്നു: “ദാവീദിന്റെ പുത്രന് ഓശാന.” ഇസ്രായേൽ പുത്രിമാർ ജയഭേരിയാൽ ദാവീദുരാജാവിനെ ആദരിച്ചു. ദാവീദിന്റെ പുത്രന് ശിശുക്കൾ ഓശാന പാടി. രാജാധിരാജന്റെ കഴുതക്കുട്ടിയുടെ മുമ്പിൽ അവർ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു.

796. അവിടുന്ന് കുതിരയെയും അലങ്കരിച്ച വാഹനത്തെയും നിരസിച്ചു; സീയോൻപുത്രിയോട് സ്കറിയാ പ്രവചിച്ച വചനം നിവർത്തിയാകുവാൻ അവൻ നിന്ദ്യമായ വാഹനമൃഗത്തെ തെരഞ്ഞെടുത്തു: “ഇതാ, നിന്റെ രാജാവ് ഒരു കഴുതക്കുട്ടിയുടെ, ഒരു പെൺകഴുതയുടെ കുട്ടിയുടെ പുറത്തുകയറി വരുന്നു” (സഖ.9,9; മത്താ.21,5).

802. ദൈവത്തിന്റെ വാഗ്ദാനപേടകത്തിന്റെ മുമ്പിൽ ദാവീദ് നൃത്തം ചെയ്തു (2രാജാ.6,16). ദാവീദുസുതന്റെ കഴുതക്കുട്ടിയുടെ മുമ്പിൽ കുട്ടികൾ ഒലിവിൻ കൊമ്പുകളുമായി സ്തുതിപാടി. ദാവീദിനെ മാൽക്കെൽ ശകാരിച്ചു. ശിശുക്കളെ വിഡ്ഢികളായ കിളവന്മാർ ശകാരിച്ചു.

808. തന്നെത്തന്നെ താഴ്ത്തി നിന്ദ്യമായ കഴുതക്കുട്ടിയുടെ പുറത്ത് യാത്ര ചെയ്ത രാജാധിരാജന്റെ വരവിനെ പ്രകീർത്തിച്ച ശിഷ്യരുടെ ശബ്ദാരവവും കുട്ടികളുടെ ശബ്ദവും നിശ്ശബ്ദമാക്കാൻ ദുഷ്ടർ അലറാൻ തുടങ്ങി. പുതിയ ഒലിവിൻ കൊമ്പുകളുമായി അവനു സ്തുതി പാടുന്ന കുട്ടികളെ സീയോൻ കാണുകയും അവരെ നിശ്ശബ്ദരാക്കാൻ വിഡ്ഢിയെ അസൂയ ഉത്തേജിപ്പിക്കുകയും ചെയ്തു. സമസ്തസൃഷ്ടികളുടെയും കർത്താവ് താഴ്മയോടെ സീയോനിലേക്ക് കടന്നു. വ്യഭിചാരിയുടെ സ്നേഹിതകൾ, സീയോൻ പുത്രിമാരുടെ നിര, തങ്ങളുടെ നിദ്ര വിട്ടുണർന്നില്ല.



822. അവനെ സ്വീകരിക്കാത്ത അഹങ്കാരിണിയെ ചവിട്ടിമെതിക്കാൻ ഇടയാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. അതിനാൽ അവൻ വിജാതിയരുടെ സഭയെ തനിക്കായി തെരഞ്ഞെടുത്തു. ഇതാ, അവൾ അവനെ ഓശാനകളാൽ പ്രകീർത്തിക്കുന്നു. ഓ, സത്യം സൂചിപ്പിച്ച പ്രവാചകഗണമേ, നിങ്ങൾ ഒരുക്കിയ പാതയിൽ നിന്ന് രാജാവ് വഴുതി മാറിയോ എന്ന് വന്നു കാണുവിൻ. ദാവീദേ, നീ പ്രഘോഷിച്ചതുപോലെ ദാവീദിന്റെ പുത്രനെ വീക്ഷിക്കുക. ഇതാ, ശിശുക്കളും ബാലന്മാരും തങ്ങളുടെ ഓശാനകളാൽ അവനെ പ്രകീർത്തിക്കുന്നു. പരീശന്മാരും നിയമജ്ഞരും താറുമാറാക്കി എങ്കിലും സത്യപ്രബോധകരിലൂടെ, ഋജുമാനസ്സരായ ശിശുക്കളിലേക്കു കടന്നുവന്ന ആ സ്തുതിപ്പ് ഉറപ്പായി നിലനിൽക്കുന്നു.

838. മഹാരാജാവിന് അർഹമായ ശ്രേഷ്ഠ സ്തുതിപ്പ് മൂപ്പന്മാർ നിഷേധിച്ചു. നിഷ്കളങ്കരായ ശിഷ്യർ അവന്റെ മുമ്പിൽ ഓശാന പാടി. ഈശായിയുടെ പുത്രാ, നീ എന്തുകൊണ്ട് ഉറങ്ങുന്നു? നീ ഇന്ന് ഉണർന്ന് ഞങ്ങളോടൊത്ത് ആനന്ദിക്കുക. നിന്നോടൊപ്പം നിന്റെ ഗിതാറും കൊണ്ടുവന്ന് വിശുദ്ധ സഭയ്ക്കുവേണ്ടി പാടുക.

845. “രാജാവ് നിന്റെ സൗന്ദര്യം കാംക്ഷിക്കാൻ, നിന്റെ ജനത്തെയും നിന്റെ പിതൃഭവനത്തെയും വിസ്മരിക്കുക” (സങ്കീ.45,11).

848. എബ്രായസുത അവനെ ദ്വേഷിച്ചു. അതുകൊണ്ട് അവൻ അവളെ തന്റെ അവകാശത്തിൽ നിന്ന് ആട്ടിയോടിച്ചു. നിന്റെ കിന്നരം എനിക്ക് എത്ര ആനന്ദകരമാണ്, നിന്റെ കീർത്തനസ്വരം എത്ര മധുരതരമാണ്! സ്തുതി കീർത്തനങ്ങൾ ആലപിക്കാൻ സാധാരണക്കാരായ കുട്ടികളെ പഠിപ്പിച്ച ദാവീദ് സീയോനിലൂടെ ഓടിനടന്ന് തന്റെ ഗിതാർ ഉച്ചത്തിൽ മീട്ടി. കുട്ടികൾ അവനു ചുറ്റും കൂടി, അവന്റെ സ്തുതിസങ്കീർത്തനങ്ങൾ ആലപിച്ചു: “കർതൃനാമത്തിൽ വന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.” തന്റെ സങ്കീർത്തനത്തിലൂടെ അത് ദാവീദ് പ്രഘോഷിക്കുകയും സാധാരണക്കാർ താഴെ വരുംവിധം പ്രത്യുത്തരിക്കുകയും ചെയ്തു: “വന്നവനും വരാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു.”

862. സ്കറിയാ പ്രവാചകനേ, എഴുന്നേറ്റ് സ്തുതിച്ചാലും! എന്തുകൊണ്ടെന്നാൽ നിന്റെ പ്രവചനം യാഥാർഥ്യമായിരിക്കുന്നു. നീ പറഞ്ഞതുപോലെ അവൻ ഒരു കഴുതക്കുട്ടിയുടെ പുറത്തു യാത്രചെയ്യുന്നു, നീ പ്രഘോഷിച്ചതുപോലെ, ഒരു പെൺകഴുതയുടെ കുട്ടിയുടെ പുറത്ത് വാഹനമേറുന്നു.

866. വേശ്യയെ വിളിക്കുക, സാധിക്കുമെങ്കിൽ മണവാളനെ എതിരേൽക്കാൻ അവൾ പുറപ്പെടട്ടെ. അത് അസാധ്യമെങ്കിൽ, ഓശാനകളാൽ അവനെ പ്രകീർത്തിക്കാൻ അവൾ മക്കളെ അയക്കട്ടെ. “സീയോൻപുത്രീ, സന്തോഷിച്ചാനന്ദിക്കുക, ഓശാനഗീതങ്ങൾ ആർത്തുപാടുക. എന്തുകൊ

ണ്ടെന്നാൽ, നിന്റെ രാജാവ് ഒരു കഴുതക്കുട്ടിയുടെ, പെൺകഴുതയുടെ കുട്ടി യുടെ പുറത്തു കയറി വരുന്നു."

874. "അവൻ എഫ്രേമിൽ നിന്ന് കുതിരയെയും ഇസ്രായേലിൽ നിന്ന് വാഹനത്തെയും നിരസിച്ചു."(മീക്കാ,5,10). തന്നിൽ വിശ്വസിക്കുന്ന ജനത കൾക്കെല്ലാം അവൻ സമാധാനവും ശാന്തിയും പ്രഘോഷിക്കുന്നു. വൃദ്ധ നായ യാക്കോബേ, എഴുന്നേറ്റ് സ്തുതിക്കുക. എന്തുകൊണ്ടെന്നാൽ, നിന്റെ അനുഗ്രഹങ്ങളുടെ പ്രതീകങ്ങൾ യാഥാർഥ്യമായിരിക്കുന്നു: "അവൻ തന്റെ കഴുതക്കുട്ടിയെ മുന്തിരിച്ചെടിയിലും പെൺകഴുതയുടെ കുട്ടിയെ മുന്തിരി ത്തണ്ടിലും കെട്ടി"(ഉൽപ്പ.49,11).

882. വിശുദ്ധസഭയേ, എഴുന്നേറ്റ് സ്തുതിക്കുകയും സ്വർഗീയ മണ വാളനെ സ്വീകരിക്കുകയും ചെയ്യുക. ഭൂവാനങ്ങളെ സന്തോഷിപ്പിച്ച നമ്മു ടെ രക്ഷകന്റെ പെരുന്നാൾദിവസം ശിശുക്കളോടും പൈതങ്ങളോടുമൊപ്പം ജനതകൾക്കിടയിൽ അവന് സ്തുതി പാടുക.

888. എഴുന്നള്ളിവന്ന് തെറ്റിൽ നിന്ന് നമ്മെ രക്ഷിച്ചവന് എല്ലാ നാവു കളിൽ നിന്നും സ്തുതി ഉണ്ടായിരിക്കട്ടെ. അവനും അവനെ അയച്ച പിതാ വിനും പൂർത്തീകരിച്ച് കിരീടം ധരിപ്പിക്കുന്ന പരിശുദ്ധാത്മാവിനും സ്തുതി യുണ്ടായിരിക്കട്ടെ.

പ്രഭാഷകനും ശ്രോതാക്കൾക്കും എപ്പോഴും കാരുണ്യം ലഭിക്കട്ടെ. അവന് അവസാനിക്കാത്ത സ്തുതി ഉണ്ടായിരിക്കട്ടെ. അതേ, എപ്പോഴും എന്നേക്കും, ആമ്മീൻ.

**അനുബന്ധം**

**ലൈൻ 845 കഴിഞ്ഞ് ഒരു കൈയെഴുത്തു പ്രതിയിൽ:**

1. നീതിമാനായ രാജാവും വിസ്മയകരനും ആശ്ചര്യജനകനുമായ പ്രവാചകനും ആയവൻ തന്റെ തന്ത്രിനാദം മുഴക്കി; ഭയഭക്തിബഹുമാന ങ്ങളോടു കൂടെയുള്ള പ്രവചനത്തിൽ അരമായ പുത്രിയെപ്പറ്റി ഇപ്രകാരം പാടി: "രാജകുമാരി മഹത്വത്തോടെ നിന്നു; രാജ്ഞി നിന്റെ വലത്തുഭാഗ ത്തും. സ്വർണവസ്ത്രത്തിൽ നിന്നെത്തന്നെ പൊതിയുക; നിന്റെ അലങ്കാര ത്തിന് അത് ഓഫീറിൽ നിന്നു വന്നു."(സങ്കീ.45,9-10).

9. ദാവീദ് അവൾക്ക് താക്കീത് നൽകി: വ്യഭിചാരിണിയായ സീയോ നെപ്പോലെ ആകരുത്. നിന്റെ മാതാപിതാക്കളെപ്പോലെ മലിനയും വ്യഭി ചാരണിയുമാകരുത്. "എന്റെ മകളേ, കേൾക്കുകയും കാണുകയും ചെവി ചായിക്കുകയും ചെയ്യുക." ഞാൻ നിന്നോട് പറയുന്ന വാക്കുകൾ കേൾക്കുക. "നിന്റെ ജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്കുക." എന്തുകൊണ്ടെ ന്നാൽ അശുദ്ധ അർപ്പണത്തിനാണ് നിനക്ക് പരിശീലനം ലഭിച്ചത്.



17. "രാജാവ് നിന്റെ സൗന്ദര്യം കാംക്ഷിക്കാൻ" വെടിപ്പിൽ നിന്നെ ത്തന്നെ പൊതിയുക. അവനോടൊപ്പം നീ മറ്റൊരാളെ സ്വന്തമാക്കരുത്! അവ നാണ് നിന്റെ കർത്താവ്. അവനെ ആരാധിക്കുക. കാരണം, അവനു പകരം മറ്റൊരുവനെ വച്ചുമാറിയ സീയോനെ അവൻ തന്റെ ഭവനത്തിൽ നിന്ന് ആട്ടി യോടിക്കുകയും വിജാതിയരുടെ ഇടയിൽ ചിതറിക്കുകയും നശിപ്പിക്കുക യും ചെയ്തു. അത് എല്ലാ മനുഷ്യർക്കും നിന്ദാവിഷയമായി.

25. എബ്രായപുത്രി അവനെ വെറുത്തതിനാലാണ് അവളെ അവൻ തന്റെ അവകാശത്തിൽ നിന്ന് ആട്ടിയോടിച്ചത്. അരമായപുത്രി അവനെ സ്നേഹിച്ചതിനാലാണ് അവളെ അവൻ തന്റെ മണവറയിൽ പ്രവേശിപ്പി ച്ചത്. രാജകുമാരിയുടെ സർവമഹത്വവും കാണാൻ അവൾക്ക് ധനവാന്മാർ ഉപഹാരങ്ങൾ അർപ്പിക്കാൻ അവൻ ഇടയാക്കും. മേൽത്തരം സ്വർണത്താൽ അവൾ അലംകൃതയായിരിക്കുന്നു.

33-48: ആമോസിന്റെ പുത്രാ, നീ എന്തുകൊണ്ടാണ് മൂകനായിരിക്കു ന്നത്? എഴുന്നേറ്റ് ഈശായിയുടെ പുത്രനോടൊപ്പം പാടുക. കാരണം, സഭ പണ്ടേ നിലനിൽക്കുന്നതിനാൽ, ഇതാ, ദൈവം അവളെ അനുസ്മരിക്കുന്നു. "നിന്റെ കവാടങ്ങൾ തുറക്കുക, അവ അടഞ്ഞു കിടക്കാൻ പാടില്ല" എന്ന് ഏശായാ സഭയോടു പറയുന്നു (60,11). അത് സദാ, രാവും പകലും, തുറ ന്നു കിടക്കണം. രാജാക്കന്മാർ തങ്ങളുടെ കിരീടങ്ങൾ കൊണ്ടും ന്യായാധി പന്മാർ തങ്ങളുടെ കാഴ്ചകൾകൊണ്ടും നിന്നിലേക്ക് കടന്നുവരണം. ഭൂമി യിലെ ജനതകളും ഗോത്രങ്ങളും നിന്നിൽ പാപമോചനം നേടും. ദാവീദ് എഴുന്നേറ്റ് പ്രവചനാത്മകമായി ഏശായായെ ആവർത്തിച്ചു: ജനതകളുടെ ശക്തന്മാർ അബ്രഹാമിന്റെ ദൈവത്തിലേക്കു തിരിഞ്ഞു.

# 4

## തന്റെ പാപങ്ങളാൽ ക്ലേശിച്ച പാപിനിയെപ്പറ്റി ഭാഗ്യവാനായ മാർ അപ്രേം രചിച്ച പ്രസംഗം

1. എന്റെ വത്സലരേ, കേട്ട് ധൈര്യം സംഭരിക്കുവിൻ! ദൈവം എത്ര കാരുണ്യവാനാണ്! അവൻ പാപിനിയുടെ കടങ്ങൾ മോചിച്ചു. ഞെരുങ്ങി യിരുന്നവളെ അവൻ താങ്ങി.

5. അവൻ ചേറുപുരട്ടി അന്ധന്റെ കണ്ണു തുറക്കുകയും അവന്റെ കൃഷ്ണമണികൾ പ്രകാശം കാണുകയും ചെയ്തു. തളർവാതരോഗിക്ക് അവൻ സൗഖ്യം നൽകി. അവൻ എഴുന്നേറ്റ് ചുറ്റും നടക്കുകയും തന്റെ കിടക്ക എടുക്കുകയും ചെയ്തു.

9. തന്റെ ശരീരവും വിശുദ്ധ രക്തവുമാകുന്ന മാണിക്യം അവൻ നമുക്ക് നൽകി. അവൻ രഹസ്യമായി തന്റെ മരുന്നുകൾ എടുത്ത് ദൃശ്യമാം വിധം അവകൊണ്ട് സൗഖ്യം നൽകി. ഒരു വൈദ്യൻ തന്റെ മരുന്നുകൾ കൊണ്ടെന്നപോലെ അവൻ യൂദയായിൽ കൂടി നടന്നു.

**മിശിഹാ ഫരിസേയനായ ശീമോന്റെ ഭവനത്തിൽ ഭക്ഷണത്തിനിരിക്കുന്നു എന്ന് പാപിനി കേട്ടു; അവന്റെ പക്കലേക്കോടാൻ അവൾ തിടുക്കം കൂട്ടി.**

15. ശീമോൻ അവനെ ഭക്ഷണത്തിനു ക്ഷണിച്ചു(ലൂ.7,36); അവന്റെ ഭവനത്തിൽ അപ്പം ഭക്ഷിക്കാൻ അവൻ താൽപ്പര്യപ്പെട്ടു. അവൻ ശീമോന്റെ ഭവനത്തിൽ മേശയ്ക്കിരിക്കുന്നതായി കേട്ട് പാപിനി സന്തോഷിച്ചു. കടലെന്നപോലെ അവൾ തന്റെ ചിന്തകൾ ഏകാഗ്രമാക്കുകയും അതിലെ തിരമാലകൾ പോലെ അവളുടെ സ്നേഹം തിരയടിക്കുകയും ചെയ്തു.

21. കാരുണ്യക്കടൽ ഒരേസ്ഥലത്ത് കേന്ദ്രീകരിച്ചിരിക്കുന്നതായി അവൾ കണ്ടു. അവിടെ പോയി തന്റെ കടങ്ങൾ അതിന്റെ തിരകളിൽ മുക്കിക്കളയാൻ അവൾ തന്റെ മനസ്സിൽ ആലോചിച്ചുറച്ചു. തന്റെ പാപങ്ങളെപ്രതി കണ്ണീരിന്റെയും ദുഃഖത്തിന്റെയും ചങ്ങലകളാൽ അവൾ തന്റെ ഹൃദയം ബന്ധിക്കുകയും തന്നെപ്പറ്റിത്തന്നെ കരയാൻ തുടങ്ങുകയും ചെയ്തു. അവൾ ഇപ്രകാരം പറഞ്ഞു:

29. ഈ വേശ്യാവൃത്തി കൊണ്ട് എനിക്കെന്തു നേട്ടം? ഈ അഴിഞ്ഞാട്ടജീവിതം കൊണ്ട് എന്തു പ്രയോജനം? നിർവിശങ്കം ഞാൻ സംശുദ്ധരെ വഴിതെറ്റിച്ചു. ഭയലേശമെന്യേ അനാഥരെ കവർന്നെടുത്തു. ഞാൻ കച്ചവടക്കാരുടെ കപ്പൽ ചരക്കുകൾ പിടിച്ചെടുത്തു, എന്നാൽ എനിക്കു മതിവന്നില്ല. ഞാൻ യുദ്ധത്തിലെ വില്ലുപോലെ ആയിരുന്നു, ഞാൻ നല്ലവരെയും ദുഷ്ടരെയും കൊന്നു. ഞാൻ കടൽകൊടുങ്കാറ്റു പോലെ ആയിരുന്നു, ഞാൻ അനേകരുടെ കപ്പലുകൾ മുക്കിക്കളഞ്ഞു. എന്റെ കടിഞ്ഞാണില്ലാത്ത പോക്ക് നിയന്ത്രിക്കാൻ കഴിയുന്ന ഒരൊറ്റ മനുഷ്യനെപ്പോലും ഞാൻ നേടാഞ്ഞത് എന്തുകൊണ്ടാണ്? ഒരാൾ മാത്രം ദൈവത്തിൽ നിന്നാണ്; അനേകർ സാത്താനിൽ നിന്നും. അവൾ ഇപ്രകാരം ആത്മഗതം ചെയ്യുകയും പരസ്യമായി പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തു.

45. കാഴ്ചക്കാരെ അന്ധരാക്കിയ ചായക്കൂട്ടുകൾ അവൾ കഴുകിക്കളയുകയും തന്റെ നയനങ്ങൾ അവയിൽ നിന്ന് അകറ്റുകയും ആ മാരകനിറങ്ങളിന്മേൽ തന്റെ കണ്ണുനീർ ഒഴുക്കുകയും ചെയ്തു. തന്റെ യൗവനത്തിലെ വശീകരിക്കുന്ന കൊളുത്തുകൾ തന്റെ കൈകളിൽ നിന്ന് അവൾ തുടച്ചുകളഞ്ഞു. വേശ്യയുടെ മൃദുലവസ്ത്രങ്ങൾ തന്റെ ശരീരത്തിൽ നിന്ന് അവൾ ഉരിഞ്ഞുമാറ്റി ദൂരെയെറിഞ്ഞു. പോയി വിനീതന്റെ അനുതാപവസ്ത്രം ധരിക്കാൻ അവൾ ആലോചിച്ചുറച്ചു.



55. സ്വർഗീയ കഴുകന്റെ പാതയിലേക്ക് അവൾ തന്റെ ചുവട്ടടികൾ തിരിച്ചു. അവൾ തന്റെ സ്വർണം കൈയിലെടുത്ത് സ്വർഗത്തിലേക്കുയർത്തി. പരസ്യമായി ശ്രവിക്കുന്നവനോട് അവൾ രഹസ്യമായി പ്രാർഥിക്കാൻ തുടങ്ങി: എന്റെ കർത്താവേ, പാപത്തിൽ നിന്നു ഞാനുണ്ടാക്കിയ ഈ സ്വർണം കൊണ്ട് ഞാൻ രക്ഷനേടും. അനാഥരിൽ നിന്ന് ഞാൻ ഒന്നിച്ചുചേർത്ത ഈ സ്വർണംകൊണ്ട് ഞാൻ അനാഥരുടെ പിതാവിനെ ജയിക്കും.

**പാപിനി സുഗന്ധദ്രവ്യ വ്യാപാരിയുടെ പക്കൽ**

69. അവൾ സ്വർണവും അതോടൊപ്പം ഒരു അലബാസ്റ്റർ പാത്രവും കൈയിലെടുത്തു; സുഗന്ധവ്യാപാരിയുടെ പക്കലേക്ക് അക്ഷമയായി ധൃതിയിൽ പോകാൻ തിരിഞ്ഞു. സുഗന്ധവ്യാപാരി അവളെ കണ്ട് അത്ഭുതപ്പെടുകയും അവളുമായി വാക്കുതർക്കത്തിൽ ഏർപ്പെടുകയും ചെയ്തു. അവൻ തന്റെ സംസാരം ഇങ്ങനെ തുടങ്ങി:

77. ഞങ്ങളുടെ നഗരം മുഴുവനെയും വഴിതെറ്റിച്ചത്, വേശ്യയേ, നിനക്കു മതിയായില്ലേ? ഇന്നു നീ നിന്റെ പറ്റുപടിക്കാർ പ്രസാദിക്കുന്നതിന് നൽകുന്ന ഈ കാഴ്ച എന്താണ്? ഇതാ, നീ നിന്റെ അഴിഞ്ഞാട്ടവസ്ത്രം അഴിച്ചുമാറ്റി താഴ്മയുടെ വസ്ത്രം ധരിച്ചിരിക്കുന്നു! ഇന്നലെയും നീ എന്റെ പക്കലെത്തി. അപ്പോൾ നിന്റെ ബാഹ്യഭാവം ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമായിരുന്നു.

85. അപ്പോൾ നീ മനോഹരവസ്ത്രങ്ങൾ അണിഞ്ഞിരുന്നു, കുറച്ചു സ്വർണം മാത്രമേ എടുത്തിരുന്നുള്ളു. നിന്റെ അഴിഞ്ഞാട്ടത്തിന്റെ ചടുലത കൂട്ടാൻ ഇപ്പോൾ ഏറ്റവും നല്ല തൈലം നീ തേടുന്നു. ഇന്ന് മുഷിഞ്ഞ വസ്ത്രങ്ങൾ; നീ എന്റെ പക്കൽ കൂടുതൽ സ്വർണം കൊണ്ടുവന്നിരിക്കുന്നു. ഇന്നത്തെ നിന്റെ ബാഹ്യഭാവം പോലെ നിന്റെ മാറ്റത്തിന് നീ ശ്രദ്ധിക്കുന്നില്ലേ? ഒന്നുകിൽ നിന്റെ തൈലത്തിന് അനുസൃതമായ വസ്ത്രം, അല്ലെങ്കിൽ നിന്റെ വസ്ത്രത്തിന് അനുസൃതമായ തൈലം! ഈ തൈലം ഈ വസ്ത്രത്തിന് ചേരുന്നതല്ല, അനുയോജ്യവുമല്ല.

97. വലിയ നിക്ഷേപങ്ങളുമായി ഒരുപക്ഷേ ഒരു കച്ചവടക്കാരൻ നിന്റെ പക്കൽ എത്തിയതാണോ? വേശ്യയെപ്പോലെയുള്ള നിന്റെ വസ്ത്രം അവൻ താൽപ്പര്യപ്പെടുന്നില്ലെന്ന് നിനക്കു തോന്നിയതാണോ? വിവിധ ബാഹ്യഭാവങ്ങളിലൂടെ വലിയ സമ്പാദ്യം തട്ടിയെടുക്കാമെന്നാണോ നീ ആഗ്രഹിക്കുന്നത്? അവൻ ശിക്ഷണമുള്ളവനാകയാൽ, യഥാർഥത്തിൽ നിന്റെ സാധാരണവസ്ത്രം ഇഷ്ടപ്പെടുന്നെങ്കിൽ, അവനു ഹാ, കഷ്ടം! എവിടെയാണ് അവൻ എത്തിച്ചേർന്നിരിക്കുന്നത്? തന്റെ കച്ചവടച്ചരക്കു വിഴുങ്ങിയ ഒരഗാധ ഗർത്തത്തിൽ! എങ്കിലും നിന്റെ നേട്ടം കാംക്ഷിക്കുന്നയാൾ എന്ന നിലയിൽ ഞാൻ നിനക്ക് ഉപദേശം തരുന്നു:

109. നിന്റെ യൗവനം മുതൽ നിന്നെ സഹായിക്കാത്ത അനേകം പുരുഷന്മാരെ ഉപേക്ഷിക്കുക. എന്നിട്ട് നിന്നെ സമൂലം നന്നാക്കുന്ന ഒരേ ഒരാളെ സ്വന്തമാക്കുക. ഇപ്രകാരം സുഗന്ധവ്യാപാരി ബുദ്ധിപൂർവം വേശ്യയോട് സംസാരിച്ചു.

115. വേശ്യയാകട്ടെ സുഗന്ധ വ്യാപാരിയോട് അവന്റെ വാക്കുകളെ കുറിച്ച് ഇപ്രകാരം മറുപടി പറഞ്ഞു: ഓ, മനുഷ്യാ, നീ ബദ്ധപ്പെടേണ്ട; നീ തർക്കിച്ച് എന്നെ തടയേണ്ട. എനിക്ക് തൈലമാണ് വേണ്ടത്. അത് നീ വെറുതെ തരികയും വേണ്ട. ഞാൻ അതിന്റെ വില തരും. അതിനു ഞാൻ ഇരക്കുന്നില്ല. നിനക്ക് ഇഷ്ടമുള്ള സ്വർണം എടുത്തിട്ട് ഏറ്റവും നല്ല തൈലം എനിക്കു തരിക. നിലനിൽക്കാത്തത് എടുത്തിട്ട് നിലനിൽക്കുന്നത് എനിക്കു തരിക.

125. നിലനിൽക്കുന്നവന്റെ പക്കലേക്കു പോയി, നിലനിൽക്കുന്നത് ഞാൻ വാങ്ങും. നീ ഒരു കച്ചവടക്കാരനെ പറ്റി പറഞ്ഞല്ലോ. വാസ്തവത്തിൽ വലിയ സമ്പത്തുള്ള ഒരു പുരുഷനെ ഞാൻ അഭിമുഖീകരിച്ചു. അവൻ എന്നെ കവർന്നെടുത്തു; ഞാൻ അവനെയും. അവൻ എന്റെ കടങ്ങളും പാപങ്ങളും, ഞാൻ അവന്റെ സമ്പത്തും കട്ടെടുത്തു. ഇപ്രകാരം അവൾ സുഗന്ധദ്രവ്യ വ്യാപാരിയോട് അക്ഷമയായി പറഞ്ഞു.

**മിശിഹായുടെ പക്കലേക്കുള്ള യാത്രയിൽ സാത്താനും പാപിനിയും**

135. ഇതു കേട്ട് സാത്താൻ തന്റെ ഉള്ളിൽ കിടിലംകൊണ്ടു. അവൾ സുഗന്ധതൈലം വാങ്ങിയതിൽ അവൻ ഊറിച്ചിരിച്ചു. എന്നാൽ അവൾ മുഷിഞ്ഞ വസ്ത്രം ധരിച്ചത് അവനെ ഭയപ്പെടുത്തി. അവൻ അവളോടു ചേർന്നും, കച്ചവടക്കാരന്റെ പിന്നാലെ കള്ളൻ എന്നവണ്ണവും അവളുടെ പിന്നാലെ പതുങ്ങിപ്പതുങ്ങി നടന്നു. അവൾ ചുണ്ടനക്കുന്നത് കേൾക്കാൻ അവൻ ഒളിഞ്ഞു ശ്രദ്ധിച്ചു. അവൾ തന്റെ കാലടികൾ എങ്ങോട്ടു തിരിക്കുന്നു എന്നറിയാൻ അവൻ അവളുടെ പിറകെ അങ്ങോട്ടും ഇങ്ങോട്ടും നടന്ന് അവളെ പിൻചെന്നു.

149. സാത്താൻ വളരെ കൗശലക്കാരനാണ്; നമ്മുടെ വാക്കുകളിൽ നിന്ന് നമ്മുടെ ലക്ഷ്യം അവൻ മനസ്സിലാക്കുന്നു. അതുകൊണ്ടാണ്, പ്രാർഥിക്കുമ്പോൾ, സ്വരമുയർത്തരുതെന്ന് നമ്മുടെ കർത്താവ് പഠിപ്പിച്ചത്. അങ്ങനെ ദുഷ്ടൻ നമ്മിൽ നിന്ന് നമ്മുടെ വാക്കുകേട്ട് നമുക്കെതിരെ പോരാടാതിരിക്കാനാണത്.

155. അവളുടെ മനസ്സ് മാറ്റാനാകില്ലെന്ന് കണ്ടതിനാൽ, സാത്താൻ ഒരു മനുഷ്യരൂപം ധരിച്ച് അവളുടെ മുൻകാല പറ്റുവരവുകാരനായ ചെറുപ്പക്കാരനായി കാണപ്പെട്ടു; അവൻ അവൾക്കെതിരെ വന്ന് അവളോട് ഇപ്രകാരം പറയാൻ തുടങ്ങി:



162. സ്ത്രീയേ, നിന്റെ ജീവിതത്തിൽ നിന്റെ കാലടികൾ എങ്ങോട്ടു ഗമിക്കുന്നെന്ന് എന്നോട് പറയുക. നിന്റെ ഈ ധൃതിയുടെ അർഥമെന്താണ്? കാരണം, മറ്റെല്ലാ ദിവസങ്ങളിലേക്കാളും നീ ഇന്നു കൂടുതൽ ധൃതിയിലാണ്. നിന്റെ ഈ താഴ്മയുടെ അർഥമെന്ത്? നീ ഇന്ന് ഒരു ദാസിയെപ്പോലെ നിന്നെത്തന്നെ എളിമപ്പെടുത്തി. മോഹനീയ വസ്ത്രങ്ങൾക്കു പകരം നീ മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു. സ്വർണവും വെള്ളിയും കൊണ്ടുള്ള കൈവളകൾക്കു പകരം നിന്റെ വിരലുകളിൽ ഒരു മോതിരം പോലുമില്ല. നിന്റെ പാദങ്ങളിലെ തിളങ്ങുന്ന ചെരിപ്പുകൾക്കു പകരം പഴയ ചെരുപ്പു പോലുമില്ല.

174. നിന്റെ മാറ്റത്തിനു ചേരാത്ത നിന്റെ ഈ അവസ്ഥ മുഴുവൻ എനിക്കു വെളിപ്പെടുത്തി തന്നാലും. ഒരു പക്ഷേ നിന്റെ ഒരു സ്നേഹിതൻ മരിച്ചുപോയോ? അവന്റെ കബറടക്കത്തിനു നീ പോകുകയാണോ? എങ്കിൽ ആ ശവസംസ്ക്കാര വിലാപയാത്രയിൽ ഞങ്ങൾക്കും പങ്കുചേർന്ന് നിന്നോടൊത്ത് ദുഃഖം പങ്കിടണം.

180. പാപിനി സാത്താനോട് ഈ വാക്കുകളിൽ പ്രത്യുത്തരിച്ചു: ഒരു മൃതനെ സംസ്ക്കരിക്കാൻ പോകുന്ന ആളിനോട് നീയെന്നെ ഉചിതമായി താരതമ്യപ്പെടുത്തി. എന്റെ പാപപങ്കില ചിന്തകളാണ് എന്റെ മൃതർ. അവയെ അടക്കാൻ ഞാൻ പോകുന്നു.

186. അപ്പോൾ സാത്താൻ പാപിനിയോട് ഇപ്രകാരം പറഞ്ഞു: വരൂ, സ്ത്രീയേ, ഞാൻ നിന്റെ മുൻകാല പറ്റുപടിക്കാരനാണെന്നു പറയാൻ ആഗ്രഹിക്കുന്നു. എന്നാൽ ഞാൻ നിന്നെപ്പോലെയല്ല, ഞാൻ നിന്നെ കൈവിടുകയില്ല. നിനക്ക് മുമ്പിലത്തേക്കാൾ കൂടുതൽ സ്വർണം തരാൻ ഞാൻ ആഗ്രഹിക്കുന്നു.

194. പാപിനി ഈ വാക്കുകളിൽ സാത്താനോട് മറുപടി പറഞ്ഞു: ഓ, മനുഷ്യാ, നിനക്ക് എന്നോട് എന്തു കാര്യം? നീയൊരിക്കലും ഇനിയും എന്റെ സ്നേഹിതനാകില്ല. എന്തുകൊണ്ടെന്നാൽ ഞാൻ എനിക്ക് സ്വർഗത്തിൽ ഒരു പുരുഷനെ കണ്ടെത്തിയിരിക്കുന്നു. അവിടുന്ന് എല്ലാറ്റിന്റെയും ദൈവമാണ്. അവന്റെ ആധിപത്യം നിത്യം നിലനിൽക്കുന്നു. അവന്റെ രാജ്യം അഴിഞ്ഞു പോകുന്നില്ല. ഇതാ, ഞാനിത് നിന്റെ മുമ്പാകെ പരസ്യമായി പറയുന്നു. ഞാനിത് ആവർത്തിക്കുന്നു; ഞാൻ നുണ പറയുകയല്ല. എന്റെ യൗവനം മുതൽ ഇന്നുവരെ ഞാൻ സാത്താന് ദാസ്യവേല ചെയ്തു. ഞാൻ അവനു പാലമായിരുന്നു. അവൻ എന്നെ കാൽക്കീഴമർത്തി. നൂറുകണക്കിനു മനുഷ്യരെ ഞാൻ നശിപ്പിച്ചു. ചായങ്ങൾ എന്റെ നയനങ്ങളെ അന്ധമാക്കി; എന്റെ അന്ധതയിൽ ഞാൻ അനേകരെ അന്ധരാക്കി. ഞാൻ അന്ധയായിരുന്നു; അന്ധരെ പ്രകാശിപ്പിക്കുന്ന ഒരാളുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. ഞാൻ ബന്ധിതയായിരുന്നു; ബന്ധിതരെ വിമുക്തരാക്കുന്ന ഒരാളുണ്ടെന്ന് ഞാൻ അറിഞ്ഞി

രുന്നില്ല. ഇപ്പോൾ എന്റെ ബന്ധനങ്ങൾ അഴിക്കാനും എന്റെ മോചനത്തിലൂടെ അനേകരെ മോചിപ്പിക്കാനും ഞാൻ പോകുന്നു. ഞാൻ മുറിവേറ്റവളായിരുന്നു; മുറിവു വച്ചുകെട്ടുന്ന ഒരാളുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. എന്റെ മുറിവുകൾ വച്ചുകെട്ടാനും എന്റെ വച്ചുകെട്ടിലൂടെ അനേകരെ വച്ചുകെട്ടാനും ഇപ്പോൾ ഞാൻ പോകുന്നു. ഇപ്രകാരം ആ വേശ്യ സാത്താനോട് ബുദ്ധിപൂർവം മറുപടി പറഞ്ഞു.

**അവൾ ഒരു വേശ്യയാണെന്ന് രക്ഷകനോട് നേരിട്ട് പറയാൻ പരാജിതനായ സാത്താൻ ആഗ്രഹിച്ചു. എന്നാൽ സർവജ്ഞന്റെ മുമ്പിൽ കടന്നു ചെല്ലാൻ ഭയപ്പെട്ട് പിന്മാറി.**

224. പിശാച് നെടുവീർപ്പിടുകയും ഭയപ്പെടുകയും കരയുകയും നിലവിളിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: സ്ത്രീ, നീ എന്നെ കീഴടക്കിയിരിക്കുന്നു. ഇപ്പോൾ എന്തു ചെയ്യണമെന്ന് എനിക്കറിയില്ല. അവളുടെ മനസ്സു മാറ്റാൻ തനിക്കാവില്ലെന്നു കണ്ടപ്പോൾ, തന്നെപ്പറ്റി വിലപിച്ചുകൊണ്ട് സാത്താൻ പറഞ്ഞു: എന്റെ പ്രശസ്തിയും എന്റെ സർവാഹന്തയും നഷ്ടപ്പെട്ടു. സ്വർഗീയോന്നതങ്ങളിലേക്ക് കരേറിയ അവൾക്ക് ഞാൻ എന്തു വലയാണ് വിരിക്കേണ്ടത്? തന്റെ സംരക്ഷണമതിലിന് അനക്കമില്ലാത്ത അവൾക്കെതിരെ ഞാൻ എങ്ങനെയാണ് അമ്പെയ്യേണ്ടത്? അതുകൊണ്ട് ഞാൻ യേശുവിന്റെ പക്കലേക്കു തന്നെ നേരേചെന്ന് ഇപ്രകാരം അവനോടു പറയും: ഈ സ്ത്രീ ഒരു വേശ്യയാണ്. തന്റെ കാമാർത്തിയാൽ പുരുഷന്മാരെ പിടിക്കുന്ന ഒരു വേശ്യയാണ് നിന്റെ പക്കലേക്ക് വരുന്ന ഈ സ്ത്രീ. ഒരു പക്ഷേ അവന് അവളിൽ വെറുപ്പു തോന്നി അവളെ സ്വീകരിക്കാതിരുന്നേക്കാം.

245. തന്റെ യൗവനം മുതലേ അവൾ വെടിപ്പില്ലാത്തവളാണ്. എന്റെ കർത്താവേ, നീയാകട്ടെ, നീതിമാനായ ഒരു മനുഷ്യനാണ്. എല്ലാവരും നിന്നെ കാണാൻ ആഗ്രഹിക്കുന്നു. എന്നാൽ നീ ഒരു വേശ്യയോടു സംസാരിക്കുന്നത് ജനം കണ്ടാൽ, എല്ലാവരും നിന്നിൽ നിന്ന് ഓടിയകലും. മേലിൽ ആരും നിന്നെ അഭിവാദനം ചെയ്യുകയില്ല. ഇപ്രകാരം സാത്താൻ ആത്മഗതം ചെയ്തു. എങ്കിലും അവൻ അതിൽ നിന്നു പിന്മാറി തന്നെത്തന്നെ കുറ്റപ്പെടുത്തിക്കൊണ്ട് താഴെപ്പറയുന്ന വാക്കുകൾ ഉച്ചരിച്ചു: നിഗൂഢമായവയെല്ലാം സുസ്പഷ്ടമായിരിക്കുന്ന യേശുവിന്റെ പക്കലേക്ക് ഞാനെങ്ങനെ പോകും? ഞാൻ ആരാണെന്ന്, അതായത്, അവന്റെ പക്കൽ നല്ല കാര്യമൊന്നും വയ്ക്കാനില്ലാത്തവനാണ് ഞാനെന്ന്, അവനറിയാം. ഒരുപക്ഷേ അവൻ എന്നെ ശകാരിക്കും, ഞാൻ ഇല്ലാതാകും, എന്റെ തന്ത്രങ്ങളെല്ലാം പൊളിയും.



**സാത്താൻ ശീമോന്റെ പക്കലേക്ക് തിരിഞ്ഞു**

262. ഇങ്ങനെ അവൻ ശീമോന്റെ പക്കലേക്കു പോയി അവനോടു പറഞ്ഞു: ശീമോനേ, നിന്റെ ഭവനത്തിലേക്കു കടന്നു വന്നിരിക്കുന്നയാൾ നീതിമാനായ വ്യക്തിയാണോ അതോ ദുഷ്കർമികളുടെ സ്നേഹിതനാണോ എന്ന് ആത്മാർഥമായി എന്നോട് പറയുക. സമ്പത്തുള്ള ഒരു വലിയ ധനവാനാണ് ഞാൻ. നീ ചെയ്തതുപോലെ അവനെ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ അവൻ കടന്നുവന്ന് എന്റെ വസ്തുവകകളെ അനുഗ്രഹിക്കട്ടെ.

272. ഇപ്രകാരം സാത്താൻ തന്ത്രപൂർവം ശീമോനോട് സംസാരിച്ചു. എന്നിട്ട്, എന്തു സംഭവിക്കുന്നെന്ന് കാണാൻ വശത്തേക്കു മാറിനിന്നു.

**പാപിനി ശീമോന്റെ വാതിൽക്കൽ നിന്നുകൊണ്ട് പ്രവേശനത്തിന് യേശുവിനോട് അപേക്ഷിക്കുന്നു.**

276. ഋണപൂരിതയായ പാപിനി ധൃതിപ്പെട്ട് നേരേ ചെന്ന് വാതിൽക്കൽ നിന്നുകൊണ്ട് ശാന്തമായി വാതിലിൽ മുട്ടി. അവൾ കരഞ്ഞുകൊണ്ട് ഉറക്കെ പറഞ്ഞു: ആദത്തെ രക്ഷിക്കാനായി ധരയിലേക്ക് വന്ന നല്ല ദൈവത്തിന്റെ പുത്രാ, എന്റെ മുമ്പിൽ നിന്റെ വാതിൽ അടച്ചുകളയരുതേ. എന്തുകൊണ്ടെന്നാൽ, നീയെന്നെ വിളിക്കുകയും ഞാൻ വരികയും ചെയ്തിരിക്കുന്നു. നീ എന്നെ ആട്ടിയോടിക്കില്ലെന്ന് എനിക്കറിയാം. ദുഷ്ടശത്രുവിന്റെയും അവന്റെ സൈന്യങ്ങളുടെയും മുമ്പിൽ നിന്ന് ഞാൻ രക്ഷപെട്ട് നിന്നിൽ അഭയം തേടാൻ നിന്റെ കാരുണ്യത്തിന്റെ കവാടം തുറന്നു തന്നാലും. ഞാൻ ഒരു കുരുവി ആയിരുന്നു, കഴുകൻ എന്നെ വേട്ടയാടി. ഞാൻ പറന്ന് ദുഷ്ടശത്രുവിന്റെയും അവന്റെ സൈന്യങ്ങളുടെയും മുമ്പിൽ നിന്ന് നിന്റെ കൂട്ടിൽ സംരക്ഷണം തേടി. ഞാൻ ഒരു പശുവായിരുന്നു, ഞാൻ നിന്റെ നുകം ഒടിച്ചു. വർഷങ്ങൾക്കുശേഷം ഞാൻ ഇപ്പോൾ നിന്റെ പക്കലേക്ക് തിരികെ വരുന്നു. നിന്റെ നുകത്താൽ എന്റെ തോൾ കുനിച്ചാലും. ഞാൻ കടന്നുവന്ന് നിന്റെ കൂട്ടത്തിൽ ജോലി ചെയ്തുകൊള്ളാം. പാപിനി കവാടത്തിൽ ഉച്ചത്തിൽ കരഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞു.

**യേശു പാപിനിയെ തന്റെ പക്കലേക്ക് വിളിക്കുന്നു**

297. ഭവനാധിപൻ അവളെ നോക്കി കുറ്റപ്പെടുത്തി പറയാൻ തുടങ്ങി.

299. യേശുവാകട്ടെ അവളോടു പറഞ്ഞു: വേശ്യയേ, അകത്തുകടന്ന് നിന്നെപ്പോലെയുള്ളവന്റെ പക്കലേക്ക് വരിക. നിനക്ക് താൽപ്പര്യമുണ്ടെങ്കിൽ അകത്തുകടക്കുകയും നിന്റെ ഇഷ്ടം സാധിക്കുകയും ചെയ്യുക. ഞാൻ നിന്നെ വളരെ നേരത്തേ തന്നെ ക്ഷണിച്ചതാണ്; നീ എഴുന്നേറ്റ് ഒരവസരം കണ്ടെത്തി.

305. എന്താണ് സംഭവിക്കുന്നതെന്നു കാണാൻ ശീമോൻ പെട്ടെന്ന് തന്റെ വാതിൽ തുറന്നു. ഋണപൂരിതയായ പാപിനി വേഗത്തിൽ കർതൃപാദത്തിലെത്തി.... പ്രാർഥിച്ചു പറഞ്ഞു: ഓ, എന്റെ നയനങ്ങൾ കണ്ണീർ തോരാത്ത കനാലായി തീർന്ന്, പാപികളുടെ പിറകെ ധൃതിയിൽ പോകുന്ന പാദങ്ങൾ കഴുകട്ടെ. ഓ, യൗവനം മുതൽ ഇന്നുവരെ പിന്നി വളർത്തിയ എന്റെ തലമുടികൊണ്ട് ഈ വിശുദ്ധ ശരീരം തുടയ്ക്കുന്നത് അസഹ്യമാകുന്നു. ഓ, കാമാസക്തരെ ചുംബിച്ച വായേ, കടങ്ങളും പാപങ്ങളും മോചിക്കുന്ന കൈകൾ ചുംബിക്കാൻ നീ ലജ്ജിക്കേണ്ട. ഉറക്കെ കരഞ്ഞുകൊണ്ട് പാപിനി ഇപ്രകാരം പറഞ്ഞു.

**പാപിനിയെ കുറിച്ച് യേശുവും ശീമോനും തമ്മിലുള്ള സംഭാഷണം**

325. അവൻ അവളോട് എന്തു ചെയ്യുന്നു എന്നു കാണാൻ ശീമോൻ അരികിൽ മാറിനിന്നു. എന്നാൽ നിഗൂഢമായവ അറിയുന്നവൻ ശീമോന് ഒരടയാളം നൽകി അവനോട് ഇങ്ങനെ പറഞ്ഞു: ശീമോനേ, നിന്നോട് ഞാൻ പറയുന്നു: ഈ വേശ്യയെപ്പറ്റി ചിന്തിച്ച് നീ ആത്മഗതം നടത്തുന്നു. ഞാൻ നീതിമാനെ ക്ഷണിച്ചു, എന്നാൽ ഇതാ, ഒരു വേശ്യ അവനെ ചുംബിക്കുന്നു. എന്റെ വസ്തുവകകൾ അനുഗ്രഹിക്കാനാണ് ഞാൻ ഇയാളെ ക്ഷണിച്ചത്, എന്നാൽ ഇതാ, ഒരു വേശ്യ അവനെ ആലിംഗനം ചെയ്യുന്നു. ഓ, ശീമോനേ, രണ്ടു കടക്കാർക്ക് കടം കൊടുത്ത ഒരാളുണ്ടായിരുന്നു. ഒരാൾ അവന് അഞ്ഞൂറും അപരൻ അൻപതും കടപ്പെട്ടിരുന്നു. അവർക്ക് തിരിച്ചടയ്ക്കാൻ കഴിവില്ലെന്നു കണ്ട് കടം കൊടുത്തയാൾ ഇരുവർക്കും ഇളച്ചു കൊടുക്കുകയും സമ്മാനം നൽകുകയും ചെയ്തു. അവരിൽ ആർക്കാണ് കൂടുതൽ നന്ദിയുണ്ടാകുകയെന്നാണ് നിനക്ക് തോന്നുന്നത്? അഞ്ഞൂറ് ഇളച്ചു കിട്ടിയവനോ, അൻപതു സമ്മാനമായി കിട്ടിയവനോ? ശീമോൻ മറുപടിയായി ഇപ്രകാരം യേശുവിനോടു പറഞ്ഞു: അഞ്ഞൂറ് ഇളച്ചു കിട്ടിയവനാണ് കൂടുതൽ നന്ദിയുള്ളവൻ എന്ന് തോന്നുന്നു.

താഴെപ്പറയുന്ന വാക്കുകളിൽ യേശു പ്രത്യുത്തരിച്ചു: നീ അൻപത് കടപ്പെട്ടിരുന്നു; ഈ സ്ത്രീ അഞ്ഞൂറും. ഓ, ശീമോനേ, ഇതാ, ഞാൻ നിന്റെ ഭവനത്തിലേക്ക് കടന്നുവന്നു, നീഎന്റെ പാദങ്ങൾക്ക് വെള്ളം തന്നില്ല. വേശ്യയെന്നു നീ പറയുന്ന ഇവളാകട്ടെ, തന്റെ കണ്ണീരുകൊണ്ട് എന്റെ പാദങ്ങൾ കഴുകി, തന്റെ തലമുടികൊണ്ട് തുടച്ചു. ഓ, ശീമോനേ, പാപമോചനം കൂടാതെ അവൾ കടന്നുപോകുന്നത് ഉചിതമാണോ?

361. സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: ഞാൻ അവളുടെ നാമം സുവിശേഷത്തിൽ രേഖപ്പെടുത്തും. സ്ത്രീയേ, പോകുക, നിന്റെ കടങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു. നിന്റെ പാപങ്ങൾ മായിക്കപ്പെട്ടിരിക്കുന്നു.



**അനുബന്ധം -1**

**ലൈൻ 271 കഴിഞ്ഞ് ഒരു കൈയെഴുത്തു പ്രതിയിൽ**

1. ദുഷ്ടന്റെ വാക്കുകൾക്ക് ശീമോൻ ഇപ്രകാരം മറുപടി പറഞ്ഞു: ഞാൻ അവനെ ആദ്യമായി കണ്ട ദിവസം മുതൽ അവനിൽ യാതൊരു സ്വഭാവദൂഷ്യവും കണ്ടില്ല. എന്നു മാത്രമല്ല, ശാന്തിയും സമാധാനവും വിനയവും ശ്രേഷ്ഠമായ പെരുമാറ്റവും മാത്രമേ കണ്ടിട്ടുള്ളു.

7. അവൻ പ്രതിഫലം കൂടാതെ രോഗികൾക്ക് സൗഖ്യം നൽകുന്നു, സൗജന്യമായി വേദന നീക്കുന്നു, അവൻ കല്ലറയിങ്കൽ ചെന്ന് വിളിക്കുകയും മരിച്ചവർ ഉയിർക്കുകയും ചെയ്യുന്നു. അങ്ങനെ തന്റെ മകളെ ജീവനിലേക്കു കൊണ്ടുവരാൻ അവനെ യായീറോസ് വിളിച്ചു. അവന് അതിന് കഴിവുണ്ടെന്ന് യായീറോസ് വിശ്വസിച്ചു.

13. അവനോടൊപ്പം അവിടുന്ന് പോയപ്പോൾ, അവൻ വഴിയിൽ വച്ച് രക്തസ്രാവക്കാരിക്ക് സൗഖ്യം നൽകി. അവൾ അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ട് അവനിൽ നിന്ന് സൗഖ്യം കവർന്നെടുത്തു. വേദന നിറഞ്ഞതും കയ്പ്പേറിയതുമായ രോഗം അവളിൽനിന്ന് പെട്ടെന്ന് നീങ്ങി.

19. അവൻ മരുഭൂമിയിലേക്കു പോയി. വിശപ്പാൽ വലഞ്ഞ വിശക്കുന്നവരെ അവൻ അവിടെ കണ്ടു. അവരെ അവൻ പുൽപ്പുറത്ത് നിരത്തിയിരുത്തി, അനുകമ്പയാൽ അവർക്ക് തൃപ്തി വരുത്തി. അവൻ വള്ളത്തിൽ ശാന്തമായുറങ്ങി, തിരമാലകൾ ശിഷ്യർക്കെതിരെ ഉയർന്നു, അവൻ എഴുന്നേറ്റ് തിരകളെ ശാസിച്ചു. ഉടൻ വലിയ ശാന്തയുണ്ടായി.

27. തന്റെ ഏകമകൻ നഷ്ടപ്പെട്ട വിധവയെ അവൻ കണ്ടു; അവൾ കല്ലറയിലേക്ക് അവനെ അനുയാത്ര ചെയ്യുകയായിരുന്നു. കല്ലറയിലേക്കുള്ള വഴിയിൽ അവിടുന്ന് അവനെ ഉയിർപ്പിക്കുകയും അവൾക്കു തിരികെ നൽകുകയും അവളുടെ ഹൃദയം സന്തോഷിപ്പിക്കുകയും ചെയ്തു.

31. അന്ധനും മുടന്തനുമായവനെ തന്റെ വാക്കുകൊണ്ട് അവൻ സുഖപ്പെടുത്തി. അവൻ തന്റെ വാക്കുകൊണ്ട് കുഷ്ഠരോഗിയെ ശുദ്ധനാക്കുകയും തളർവാതരോഗിയുടെ അവയവങ്ങളെ ബലപ്പെടുത്തുകയും ചെയ്തു. കാഴ്ച നഷ്ടപ്പെട്ട് ദുഃഖിതനായി കഴിഞ്ഞ അന്ധന്റെ കണ്ണ് അവൻ തുറക്കുകയും അവന് കാഴ്ച ലഭിക്കുകയും ചെയ്തു.

37. തന്നോടപേക്ഷിച്ച മറ്റു രണ്ടു പേരുടെ കണ്ണുകൾ അവൻ ഉടനെ തന്നെ തുറന്നു. ഇത്തരം കാര്യങ്ങൾ അവനെപ്പറ്റി ദൂരെ നിന്നുള്ള വാർത്തയാൽ ഞാൻ അറിഞ്ഞു. അതുകൊണ്ട്, അവൻ എന്റെ സമ്പത്തും വസ്തുവകകളും അനുഗ്രഹിക്കാൻ, ഞാൻ അവനെ ക്ഷണിച്ചു.

43. അവന്റെ വാക്കിന് സാത്താൻ ഇപ്രകാരം മറുപടി പറഞ്ഞു: ഒരു മനുഷ്യന്റെ അന്ത്യത്തെപ്പറ്റി അറിയാതെ, അവന്റെ ആരംഭത്തെ ആധാരമാക്കി മാത്രം ആരെയും പ്രകീർത്തിക്കരുത്. അവൻ ഇപ്പോഴും ലഹരി പിടിക്കാത്തവനാണ്. ഇപ്പോഴും വീഞ്ഞിന്റെ സന്തോഷം അവനെ കീഴടക്കിയിട്ടില്ല. വേശ്യയോട് മിണ്ടാതെ നിന്റെ ഭവനത്തിൽ നിന്ന് പോയാൽ അവൻ നീതിമാനാണ്, അവൻ ദുഷ്കർമികളെ സ്നേഹിക്കാത്തവനാണ്.

**അനുബന്ധം-2**

**ഒരു കൈയെഴുത്തു പ്രതിയിൽ ലൈൻ 298 നുശേഷം**

1. ഇറങ്ങി പോടീ, വേശ്യേ! കാരണം, എന്റെ ഭവനത്തിൽ എത്തിയ ആൾ നീതിമാനാണ്. അവന്റെ ഭവനാംഗങ്ങളും പാപരഹിതരാണ്. നഗരം മുഴുവനെയും വഴിതെറ്റിച്ചത് നിനക്ക് മതിയായില്ലേ? നീ വെടിപ്പുള്ളവരെ നിർലജ്ജം വഴിതെറ്റിച്ചു. നീ നാണംകെട്ട് അനാഥരെ കൊള്ളയടിച്ചു. ഒരു ചുളുചുളുപ്പും കൂടാതെ നീ കച്ചവടക്കാരുടെ കച്ചവടച്ചരക്കുകൾ കവർന്നെടുത്തു. ഇവിടെ നിന്റെ കൊളുത്തുകൾ പിടിക്കയില്ല. നിന്റെ വലയിൽ ഒന്നും കയറുകില്ല. കാരണം, ഈ മനുഷ്യൻ നീതിമാനാണ്. അവന്റെ ഭവനാംഗങ്ങൾ പാപരഹിതരാണ്.

15. അവന്റെ വാക്കിന് പാപിനി ഇങ്ങനെ മറുപടി പറഞ്ഞു: നീ ദ്വാരപാലകനാണോ, അതോ, രഹസ്യങ്ങൾ അറിയുന്നവനാണോ? ഭക്ഷണസമയത്ത് ഈ കാര്യം സംസാരവിഷയമാക്കുക. നീ കുറ്റവിമുക്തനായിരിക്കും. ഞാൻ കടന്നു വരാൻ ഒരാൾ ആഗ്രഹിച്ചാൽ, അവൻ എന്നോട് കൽപ്പിക്കുകയും ഞാൻ കടന്നു വരികയും ചെയ്യും.

23. ശീമോൻ വേഗത്തിൽ വാതിലടച്ച് അൽപ്പം അകലെ മാറി നിന്നു. കുറേ നേരം കഴിഞ്ഞു; അവൻ ഭക്ഷണസമയത്ത് ഇത് സംസാരവിഷയമാക്കിയില്ല. എന്നാൽ രഹസ്യങ്ങൾ അറിയുന്നവൻ ശീമോന് ഒരടയാളം നൽകി അവനോടു പറഞ്ഞു: ശീമോനേ, അടുത്തു വരിക. എനിക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ട്. ആരോ വാതിൽക്കൽ നിൽക്കുന്നു. ആരായാലും കടന്നുവരാൻ വാതിൽ തുറന്നുകൊടുക്കുക. അയാൾക്ക് ആവശ്യമുള്ളത് ലഭിച്ചിട്ട്, അയാൾ പോകട്ടെ.

33. അയാൾക്ക് അപ്പമാണ് വേണ്ടതെങ്കിൽ, ജീവന്റെ മേശയാണ് നിന്റെ ഭവനത്തിലുള്ളത്. അയാൾക്ക് ദാഹജലമാണ് വേണ്ടതെങ്കിൽ, സ്തുത്യർഹമായ ഉറവയാണ് നിന്റെ ഭവനത്തിലുള്ളത്. അയാൾ സൗഖ്യം ആവശ്യപ്പെടുന്ന രോഗിയാണെങ്കിൽ, മഹാവൈദ്യനാണ് നിന്റെ ഭവനത്തിലുള്ളത്. പാപികൾ എന്നെ കാണാൻ അനുവദിക്കുക. കാരണം, അവരെ പ്രതിയാണ് ഞാൻ താഴേക്ക് ഇറങ്ങി വന്നത്.



41. പിതൃഭവനത്തിൽ നിന്നു വഴിതെറ്റിപ്പോയ ആടിനെ തോളിൽ വഹിക്കാതെ, ഞാൻ ഇറങ്ങിവന്ന ഷെക്കീനായിലേക്ക്, സ്വർഗത്തിലേക്ക്, വീണ്ടും കയറുകയില്ല. ഞാൻ അതിനെ തോളിലേറ്റി സ്വർഗീയോന്നതത്തിലെത്തിക്കും.

47. അപ്പോൾ ശീമോൻ യേശുവിന്റെ വാക്കുകൾക്ക് ഇങ്ങനെ പ്രതികരിച്ചു: എന്റെ കർത്താവേ, വാതിൽക്കൽ നിൽക്കുന്ന ഈ സ്ത്രീ ദുഷിച്ചവളും സന്മാർഗരഹിതയും താഴ്ന്ന ജാതിക്കാരിയുമായ ഒരു വേശ്യയാണ്. എന്നാൽ കർത്താവേ, നീ ഒരു നീതിമാനാണ്. നിന്നെ കാണാൻ എല്ലാവരും ഓടിക്കൂടുന്നു. നീ ഒരു വേശ്യയോടു സംസാരിക്കുന്നത് കണ്ടാൽ മനുഷ്യരെല്ലാം നിന്നിൽ നിന്ന് ഓടിയകലും. നിനക്ക് ആരും പിന്നെ സ്വസ്തി പറയുകയില്ല.

59. അതിന് യേശു ശീമോനോട് ഇങ്ങനെ മറുപടി പറഞ്ഞു: ആരായാലും അകത്തു കടക്കാൻ വാതിൽ തുറന്നു കൊടുക്കൂ. നീ കുറ്റവിമുക്തനായിരിക്കും. അവരുടെ തെറ്റുകൾ എണ്ണമറ്റവയാണെങ്കിലും, നിന്നെയാരും കുറ്റപ്പെടുത്തുകയില്ല. നിനക്കുവേണ്ടി ഞാൻ അത് സഹിച്ചുകൊള്ളാം.

65. ശീമോൻ പോയി വാതിൽ തുറന്നു; എന്നിട്ട് ഇപ്രകാരം പറയാൻ തുടങ്ങി. (ബാക്കി ലൈൻ 299 മുതൽ).

**അനുബന്ധം ഒന്നിനു പകരം മറ്റൊരു കൈയെഴുത്തു പ്രതിയിൽ ഇപ്രകാരം കാണുന്നു:**

അപ്പോൾ ഫരിസേയനായ ശീമോൻ സാത്താനോട് ഇപ്രകാരം പറഞ്ഞു: ഓ, മനുഷ്യാ, ഓ, ശ്രീമാൻ, എന്നിൽ നിന്നു നീ കേൾക്കുക. ഈ മനുഷ്യൻ എന്റെ ഭവനത്തിൽ വന്നശേഷം അവനിൽ ഞാൻ മോശമായിട്ടൊന്നും കണ്ടില്ല. കൂടാതെ, അവനൊരു ഭക്തനും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവനും ദയാലുവും പരദേശികളോടും ദരിദ്രരോടും അതീവസ്നേഹം ഉള്ളവനുമാണ്. ജനങ്ങളിൽ നിന്ന് യാതൊന്നും ആവശ്യപ്പെടാതെ അവൻ രോഗികളെ സുഖപ്പെടുത്തുന്നു. അന്ധരുടെ കണ്ണുകൾ തുറക്കുന്നു, പ്രതിഫലം കൂടാതെ പിശാചുക്കളെ ഒഴിപ്പിക്കുന്നു.

അഭിശപ്തൻ മറുപടിയായി ശീമോനോടു പറഞ്ഞു: ഓ, ശീമോൻ, പരിശോധിക്കാതെ ഒരു മനുഷ്യനെയും പുകഴ്ത്തരുത്. പാപിനിയായ മറിയം പ്രവേശിക്കാൻ ആഗ്രഹിക്കുന്നെന്ന് ഞാൻ കേട്ട കാര്യം നിന്നെ അറിയിക്കുന്നു. ഇപ്പോൾ അവൻ അവളോട് സംസാരിക്കുകയാണെങ്കിൽ, അവൻ ഭക്തനോ, പ്രവാചകനോ അല്ല, എന്നാൽ അവളെ ഓടിച്ചുകളഞ്ഞാൽ, അവൻ ഭക്തനും തിന്മയെ സ്നേഹിക്കാത്തവനുമാണ്.

**അനുബന്ധം രണ്ടിനു പകരം മറ്റൊരു കൈയെഴുത്തു പ്രതിയിൽ ഇപ്രകാരം കാണുന്നു:**

അപ്പോൾ കർത്താവായ മിശിഹാ അവളുടെ നിലവിളിശബ്ദം കേട്ടു. അവൻ ശീമോനോടു പറഞ്ഞു: നിന്റെ വാതിൽക്കൽ നിൽക്കുന്നത് ആരാണെന്നു നോക്കുക.

ശീമോൻ പറഞ്ഞു: ഓ, ഗുരുവേ, ഒരു ഭിക്ഷക്കാരൻ ഭിക്ഷ യാചിക്കുന്നു. ഞാൻ അവന് ഭിക്ഷ കൊടുത്തേക്കാം. ശീമോൻ പാപിനിയെ പറഞ്ഞയച്ചു. അപ്പോൾ അവൾ ഉയർന്ന സ്വരത്തിൽ നിലവിളിച്ചുകൊണ്ട് പറഞ്ഞു: ഓ, ഗുരുവേ, നിന്റെ കരുണാവാതിൽ എനിക്കായി തുറന്നാലും. ഞാനാണ് ആ പാപിനി. നിന്റെ ഹൃദയകൃപയും നിന്റെ കരുണാസമൃദ്ധിയും എന്നിൽ വർഷിച്ചാലും.

അവളുടെ ഉച്ചത്തിലുള്ള കരച്ചിലും അനുതാപത്തിനുള്ള തീവ്രമായ ആഗ്രഹവും കണ്ട് ശീമോനോട് മിശിഹാ പറഞ്ഞു: ഓ, ശീമോനേ, വാതിൽക്കൽ നിൽക്കുന്ന സ്ത്രീക്ക് വാതിൽ തുറന്നുകൊടുക്ക്. നമ്മുടെ കർത്താവിന്റെ വാക്കു കേട്ടപ്പോൾ, ശീമോൻ അവൾക്ക് വാതിൽ തുറന്നു കൊടുക്കുകയും ആ പാപിനിക്ക് എന്താണ് സംഭവിക്കുന്നതെന്ന് കാണാൻ അടുത്തു മാറിനിൽക്കുകയും ചെയ്തു.

കരഞ്ഞും നെടുവീർപ്പിട്ടും കൊണ്ട് അവൾ വേഗത്തിൽ അകത്തു കടന്ന് കർതൃപാദം ചുംബിക്കാനും ഇപ്രകാരം പറയാനും തുടങ്ങി: ഓ, എന്റെ രണ്ടു കണ്ണുകളും കണ്ണീരിന്റെ ഉറവകളായിതീർന്നിരുന്നെങ്കിൽ.... (ബാക്കി ലൈൻ 311 മുതൽ).

O



# വാല്യം – 3

# 1

## ദൈവഭയത്തെപ്പറ്റിയും അന്ത്യത്തെപ്പറ്റിയും വിശുദ്ധ മാർ അപ്രേമിന്റെ പ്രസംഗം

**ദൈവാനുഗ്രഹത്തിലും ദൈവികശക്തിയിലും ദൈവഭയം ഭാഗഭാഗിത്വം നൽകുന്നു**

1. "ദൈവഭയം യഥാർഥത്തിൽ അറിവിന്റെ ആരംഭമാണ്" (സങ്കീ.111,10). കർത്താവിനെ ഭയക്കുന്നവനാണ് വിജ്ഞാനി.

5. ദൈവഭയമുള്ളവൻ അവിടുത്തെ കൽപ്പനകളെല്ലാം പാലിക്കുന്നു. പൂർണമായി അവിടുത്തെ തിരുഹിതം നിറവേറ്റുന്നു. അവിടുത്തെ വചനങ്ങളെല്ലാം പൂർത്തിയാക്കുന്നു.

9. ദൈവഭയം അവകാശമാക്കുക, അവിടുത്തെ ശിക്ഷണത്തെയും വിജ്ഞാനത്തെയും സ്നേഹിക്കുക. ജീവകിരീടത്താൽ അവ നിന്നെ കിരീടം ധരിപ്പിക്കാൻ അവയെ ആശ്ലേഷിക്കുകയും സ്നേഹിക്കുകയും ചെയ്യുക.

13. ദൈവഭയം അറിവിന്റെയെല്ലാം ആരംഭമാണ്; അതില്ലാത്തിടത്ത് നന്മ കണ്ടെത്തപ്പെടുന്നില്ല.

17. കർതൃപാത നല്ലതാണ്; അതിലൂടെ ചരിക്കുന്നവൻ ബുദ്ധിമാനാണ്. അതിലൂടെ ചരിക്കാത്തവൻ തിന്മയുടെ മരുഭൂമിയിലൂടെ ഓടുന്നു.

21. കർതൃവായിൽ നിന്നുള്ള വചനത്തിൽ നിന്ന് ബുദ്ധിമാൻ തിരിഞ്ഞു പോകുന്നില്ല. ഈ വചനം നന്മയുടെ ഉറവിടമാണ്. അത് അവന്റെ പ്രബോധനങ്ങളിൽ നിന്ന് ഒഴുകിവരുന്നു.

25. ദൈവഭയത്തെ സ്നേഹിക്കുക, സ്വർഗരാജ്യത്തിലേക്ക് പ്രവേശിപ്പി

ക്കുന്ന ജീവവഴി കണ്ടെത്താനായി കളങ്കലേശമെന്യേ അതിന്റെ പാതയിലൂടെ ചരിക്കുക.

29. തന്റെ യജമാനനെ ഭയപ്പെടുകയും അവന്റെ ഇഷ്ടമെല്ലാം നിറവേറ്റുകയും ചെയ്യുന്ന ദാസനെ യജമാനൻ തന്റെ വസ്തുവകകളുടെ മേൽനോട്ടക്കാരൻ ആക്കുകയും തന്റെ കാര്യവിചാരകൻ ആക്കുകയും ചെയ്യും.

33. തന്റെ യജമാനനെ ഭയപ്പെടുകയും അവന്റെ കൽപ്പനകളെല്ലാം പാലിക്കുകയും ചെയ്യുന്നവനെ അവൻ തന്റെ സമ്പാദ്യം മുഴുവന്റെയും മേൽനോട്ടക്കാരനാക്കുകയും അവന് തന്റെ സമ്പത്തു മുഴുവൻ നൽകുകയും ചെയ്യും.

**മോശ, ജോഷ്വാ, ഏലിയാ എന്നിവരുടെ ദൃഷ്ടാന്തങ്ങൾ**

37. വിശ്വസ്തദാസനായ മോശ ദൈവത്തെ വളരെ ഭയപ്പെട്ടു. ദൈവം അവനെ കർത്താവും ഭരണാധികാരിയും ആക്കുകയും തന്റെ നിക്ഷേപങ്ങളെല്ലാം അവന്റെ കൈകളിൽ ഭരമേൽപ്പിക്കുകയും ചെയ്തു.

41. അവിടുന്ന് ലോകത്തെ അവനു കീഴ്പ്പെടുത്തി. പ്രാപഞ്ചിക പദാർഥങ്ങൾ അവനെ സേവിച്ചു. അവൻ എവിടേക്കെല്ലാം തന്റെ നയനം തിരിച്ചുവോ, അവിടെയൊക്കെ സൃഷ്ടികൾ വിറകൊണ്ടു.

45. അവിടുന്ന് അവനെ കർത്താവും മേൽനോട്ടക്കാരനുമാക്കി. സത്യദൈവത്തെപ്പോലെ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചതിനാൽ, അവൻ ദൈവം എന്നു വിളിക്കപ്പെട്ടു.

49. അവൻ ഈജിപ്തിൽ നിന്നു പുറപ്പെട്ടപ്പോൾ അവന്റെ പുറപ്പാടിന് അകമ്പടി സേവിക്കാൻ, "പർവതങ്ങൾ തുള്ളിച്ചാടുകയും മലകൾ ആനന്ദനൃത്തം ചെയ്യുകയും ചെയ്തു" (സങ്കീ.114,4).

53. അവന്റെ മുമ്പിൽ കടൽ ഇളകുകയും പിളർന്ന് തന്റെ മധ്യത്തിലൂടെ അവനു പാതയൊരുക്കുകയും ചെയ്തു. ഇടയനും ആടുകളും കടന്നു പോകാനായി ഭിത്തിപോലെ ജലം നിലകൊണ്ടു.

57. ജനം തങ്ങളുടെ അവകാശത്തിലേക്ക് പ്രവേശിക്കാൻ, അവന്റെ ശിഷ്യനായ ജോഷ്വാ കർതൃഭയത്താൽ നിറഞ്ഞ് യോർദാൻ നദി പിളർത്തി.

61. കോട്ടയാൽ ചുറ്റപ്പെട്ട പട്ടണത്തിനു ചുറ്റും അവൻ കാഹളധ്വനി മുഴക്കുകയും അതിൽ പാർത്തവരുടെ മേൽ കോട്ട നിപതിക്കുകയും ചെയ്തു. ഓടിക്കൊണ്ടിരുന്ന ആകാശഗോളങ്ങളെ അവൻ ശാസിക്കുകയും അവ പെട്ടെന്ന് നിശ്ചലമാകുകയും ചെയ്തു.



65. ദൈവത്തിന്റെ ശത്രുക്കളോടു പ്രതികാരം ചെയ്യാൻ അവൻ ധൃതിപ്പെട്ടതിനാൽ, വലിയ ഗോളങ്ങളായ സൂര്യചന്ദ്രന്മാരെ അവൻ തടഞ്ഞു നിർത്തി (ജോഷ്വാ,10,13).

69. അവൻ ഉയരങ്ങളോടു കൽപ്പിക്കുകയും അവ അനുസരിക്കുകയും കനാന്യരുടെമേൽ നിപതിക്കാനായി കന്മഴ വർഷിക്കുകയും ചെയ്തു. തന്മൂലം അവർ അവന്റെ വാളിൽ നിന്ന് രക്ഷപെട്ടില്ല.

73. ദുഷ്ടരെ നിഗ്രഹിക്കാൻ തീക്ഷ്ണതയാൽ ജ്വലിക്കുകയും ദൈവഭയത്താൽ എരിയുകയും ചെയ്ത അത്ഭുത പ്രവർത്തകനായ ഏലിയാ, താൻ കൽപ്പിക്കുമ്പോഴല്ലാതെ മഴയോ, മഞ്ഞോ വർഷിക്കാതിരിക്കാൻ ദൈവത്തെപ്പോലെ ആകാശത്തോട് ആജ്ഞാപിക്കുകയും അത് അവന്റെ വാക്കു കേൾക്കുകയും ചെയ്തു (1രാജാ.17,1).

81. ഈ വിശുദ്ധ മനുഷ്യർ ദൈവഭയമുള്ളവർ ആയിരുന്നതിനാൽ, സൃഷ്ടികൾ അവരെ ഭയപ്പെടുകയും അവരുടെ ആജ്ഞകൾക്ക് വിധേയമാകുകയും ചെയ്തു.

85. തങ്ങളിൽ വസിക്കുന്നതിനും വ്യാപരിക്കുന്നതിനും അവർ ദൈവത്തിന് ആലയമായിരുന്നു. അവിടുത്തെ മഹാശക്തി സൃഷ്ടികൾ കാണുകയും അവരുടെ മുമ്പിൽ വിറയ്ക്കുകയും ചെയ്തു.

**ദൈവഭയം എല്ലാ ഭയങ്ങളിൽ നിന്നും വിമുക്തരാക്കുന്നു**

89. ദൈവത്തെ ഭയപ്പെടുന്നവനെ സൃഷ്ടികൾ ഭയപ്പെടുന്നു. അവന്റെ കൽപ്പനകൾ പാലിക്കുന്നവന്റെ കൽപ്പന സൃഷ്ടികൾ അനുസരിക്കുന്നു.

93. തന്റെ ഹൃദയം മുഴുവൻ ദൈവഭയം ഉള്ളവനെ ആകാശവും ഭൂമിയും കരയും കടലും വായുവും അവയിലുള്ള സമസ്തവും അനുസരിക്കുന്നു.

97. ദൈവത്തെ ഭയക്കുന്നവനിൽ നിന്ന് എല്ലാ ഭയങ്ങളും നീക്കപ്പെടുന്നു. ലോകഭീതികളെല്ലാം അവൻ തന്റെ പിന്നിലാക്കുന്നു.

101. ദൈവത്തെ ഭയപ്പെടുകയും അവന്റെ കൽപ്പനകളെല്ലാം പാലിക്കുകയും ചെയ്യുമ്പോൾ, അവൻ എല്ലാവിധ ഭയങ്ങളിൽ നിന്നും അകലെയാണ്. ഭീതിയും വിറയലും അവന്റെ മേൽ നിപതിക്കുകയില്ല.

105. "കർത്താവ് എപ്പോഴും എന്റെ കൺമുമ്പിലുണ്ട്; അതുകൊണ്ട് ഞാൻ ഭയക്കുകയോ വിറയ്ക്കുകയോ ഇല്ല" (സങ്കീ.16,8;27,1). ദൈവഭയത്താൽ നിറഞ്ഞ ദാവീദാണ് ഇതു പറഞ്ഞത്.

109. ഒരടയാളവും ഗോപുരവും പോലെ അവൻ ദൈവത്തെ തന്റെ കൺമുമ്പിൽ നിർത്തി. അക്കാരണത്താൽ അവന് ഇപ്രകാരം പറയാൻ കഴിഞ്ഞു: ഞാൻ ഭയക്കുകയോ, വിറയ്ക്കുകയോ ഇല്ല.

113. ദൈവഭയമുള്ളവൻ ലോകഭീതിയെയോ ദുഷ്ടശത്രുവിൽ നിന്നു വരുന്ന ഭയത്തെയോ വകവയ്ക്കുന്നില്ല.

117. ദൈവഭയമുള്ളവനെ സാത്താൻ ഭയപ്പെടുന്നു. ദൈവകല്പനകൾ പാലിക്കുന്നവന്റെ മുമ്പിൽ അവന്റെ സൈന്യങ്ങൾ വിറയ്ക്കുന്നു.

121. മനുഷ്യരെല്ലാം ഭയക്കുകയും അതിനു മുമ്പിൽ വിറയ്ക്കുകയും ചെയ്യുന്ന മരണം ദൈവഭയമുള്ളവന് വിരുന്നു സൽക്കാരമാണ്.

125. ദൈവഭയമുള്ളവനെ സമീപിക്കാൻ മരണം ഭയപ്പെടുന്നു. അവന്റെ ആത്മാവിനെ ശരീരത്തിൽ നിന്നു വേർപെടുത്താൻ സ്പഷ്ടമായ കല്പന കൂടാതെ അവൻ കടന്നുവരുന്നില്ല.

**ദൈവഭയമുള്ളവനിൽ ദൈവം വസിക്കുന്നു**

129. നീ ദൈവഭയം വർധിപ്പിക്കുമ്പോൾ അതോടൊപ്പം താഴ്മയും വർധിപ്പിക്കുന്നു. ദൈവം താണിറങ്ങിവന്ന് ആത്മാവിൽ സ്ഥാനമുറപ്പിക്കുകയും വാസമുറപ്പിക്കുകയും ചെയ്യുന്നു.

133. അവിടുന്ന് അതിന്റെ സംരക്ഷകനായി തീരുകയും എല്ലാ ഭീതിയും ദൂരെയകറ്റുകയും ചെയ്യുന്നു. അവന്റെ ദർശനത്തിൽ സ്രാപ്പേന്മാർ വിറയ്ക്കുന്നു, അവനു മുമ്പിൽ ക്രോബകൾ ഭയചകിതരാകുന്നു.

137. അവിടുന്ന് തന്റെ സൃഷ്ടികൾക്ക് കാണപ്പെടുമ്പോൾ, അവ പുകപോലെ മാഞ്ഞുപോകുന്നു. അവിടുന്ന് തന്റെ ശക്തി ലോകങ്ങൾക്ക് വെളിപ്പെടുത്തുമ്പോൾ, അവ വൈക്കോൽ പോലെ കത്തിപ്പോകുന്നു.

141. ഈ ദൈവം വസിക്കുകയും അന്തേവാസിയായി കഴിയുകയും ചെയ്യുന്ന ആത്മാവിനെ എന്തു ഭയമാണ് പിടികൂടുക, എന്ത് വിഭ്രാന്തിയാണ് അതിനുണ്ടാകുക!

**ദൈവഭയത്തിന്റെ അഭാവം സൃഷ്ടികളെ കുറിച്ചുള്ള ഭയം കൊണ്ടുവരുന്നു**

145. എല്ലാറ്റിനെയും വിറപ്പിക്കുന്ന ദൈവത്തെക്കുറിച്ചുള്ള ഭയം ഉപേക്ഷിച്ചതിനാലാണ് നമുക്ക് കീഴ്പ്പെടുത്തപ്പെട്ട മൃഗങ്ങളെ നാം ഭയക്കുന്നത്.

149. ആദിയിൽ സ്രഷ്ടാവ് മൃഗങ്ങളെ നമുക്ക് കീഴ്പ്പെടുത്തി തന്നിരിക്കുന്നു. നാം അവയുടെ മുമ്പിൽ വിറയ്ക്കേണ്ടതില്ല. പിന്നെയോ, അവയാണ് നമ്മുടെ മുമ്പിൽ വിറയ്ക്കേണ്ടത്.



153. "നിങ്ങളെക്കുറിച്ചുള്ള ഭയവും വിറയലും സമസ്ത സൃഷ്ടികളിന്മേലും നിപതിക്കട്ടെ"(ഉൽപ്പ.9,2) എന്ന് ആദിയിൽ ദൈവം മനുഷ്യരോട് അരുളിച്ചെയ്തു.

157. നാം മനോഹര ക്രമീകരണം തകിടം മറിച്ചു. നാം അവയെ ഭയപ്പെടുകയും അവയിൽനിന്ന് ഓടിപ്പോകുകയും ചെയ്യുന്നു. നമ്മിൽ ദൈവഭയം ഇല്ലാത്തതിനാൽ, ദൈവത്തെ ഭയക്കാത്തതിനാൽ, നാം മൃഗങ്ങളെ ഭയക്കുന്നു.

163. നാം അവിടുത്തെ കല്പനകൾ അനുസരിക്കാത്തതിനാൽ, വണ്ട് നമ്മെ ഭയപ്പെടുത്തുന്നു.

165. ദൈവകല്പനയാൽ നാം ചവിട്ടിമെതിക്കേണ്ട നിന്ദ്യവും അശുദ്ധവുമായ ഇഴജന്തുക്കളെ ഭയന്നുവിറച്ച് അവയിൽ നിന്ന് ഓടിയകലുന്നു.

169. ശപിക്കപ്പെട്ട പാമ്പിനെ നീ ഭയക്കുന്നു. എന്നാൽ ദൈവത്തെ നീ ഭയക്കുന്നില്ല. തേളിനെ നീ ഒഴിഞ്ഞുപോകുന്നു. എന്നാൽ ദൈവവചനത്തിന്റെ മുമ്പിൽ നീ വിറയ്ക്കുന്നില്ല.

173. ഒരൊട്ടകം നിന്നിൽ ഭയം ജനിപ്പിക്കുന്നു. ഒരു സിംഹം നിന്നെ വിറകൊള്ളിക്കുന്നു. പുള്ളിപ്പുലിയുടെയും കരടിയുടെയും പട്ടിയുടെയും മുമ്പിൽ നിന്ന് നീ ഭയന്നുവിറച്ച് ഓടിപ്പോകുന്നു.

**ദൈവഭയം സൃഷ്ടികളെ കീഴടക്കുന്നു; തിരുലിഖിത ദൃഷ്ടാന്തങ്ങൾ**

177. ദൈവത്തെ ഭയപ്പെട്ട നീതിമാനോടൊപ്പം കൂട്ടിൽ അടയ്ക്കപ്പെട്ട സിംഹങ്ങളെ ദൈവഭയം തടഞ്ഞുനിർത്തി.

181. ആ വിശുദ്ധന്റെ ശരീരം അവയുടെ ദംഷ്ട്രങ്ങൾക്ക് ഇരുമ്പു സമാനമായി. കർതൃഭയത്താൽ നിറഞ്ഞവൻ ആയിരുന്നതിനാൽ അവൻ ക്രൂരമൃഗങ്ങളെ ഇണക്കി.

185. സ്നേഹയോഗ്യരും സുന്ദരരുമായ യുവാക്കൾ രാജാവിനെ കുറിച്ചുള്ള ഭയത്തെ നിന്ദിക്കുകയും വിഗ്രഹത്തെ പരിഹസിക്കുകയും ചെയ്തു. സമീപിക്കുന്നവർക്ക് ഭീകരമാകുന്ന തീജ്ജ്വാലകൾ, അവരുടെ ദൈവഭയം നിമിത്തം അവരെ ആലിംഗനം ചെയ്ത് ഉമ്മ വയ്ക്കാനുള്ള പനിമഞ്ഞിന്റെ കരങ്ങളെപ്പോലെ ആയിത്തീർന്നു.

193. സ്നേഹനിധിയായ മാതാവ് തന്റെ മക്കളെ വാരിപ്പുണർന്ന് ഉമ്മ വയ്ക്കുന്നതുപോലെ, തീജ്ജ്വാലകൾ യുവാക്കളെ ആലിംഗനം ചെയ്ത് ഉമ്മ വച്ചു.

197. കർതൃശക്തി അഗ്നിയെ നോക്കിയതിനാൽ, അത് അവരുടെ കെട്ടുകൾ തകർത്തു. അതിന്റെ കത്തൽ അവരിൽ നിന്ന് പിന്തിരിപ്പിക്കുകയും അവരെ പനിമഞ്ഞിൽ മറയ്ക്കുകയും ചെയ്തു.

201. ദൈവത്തെ ഭയക്കുന്നവനെ അഗ്നിക്കോ, ജലത്തിനോ, വന്യമൃഗങ്ങൾക്കോ, ജാതികൾക്കോ ഒന്നും ഭയപ്പെടുത്താനാവില്ല.

205. ജലത്തെ ഭയപ്പെടുന്നവൻ വലിയ മോശയെപ്പറ്റി ചിന്തിക്കട്ടെ. അവനെ ഭീകരകടൽ ഭ്രമിപ്പിച്ചില്ല. പിന്നെയോ, അത് അവന്റെ യാത്രയെ മാനിച്ചു.

209. അഗ്നിയെ ഭയപ്പെടുന്നവൻ തീച്ചൂളയിലെ യുവാക്കളെ ദർശിക്കട്ടെ. അഗ്നി അവരെ ഭയപ്പെടുത്തിയില്ല. പിന്നെയോ, അത് തന്റെ മടിയിൽ അവരെ തലോടി.

213. വന്യമൃഗങ്ങളെ ഭയപ്പെടുന്നവൻ, നിഷ്ക്കളങ്കരായ ആട്ടിൻ കുട്ടികളെപ്പോലെ സിംഹങ്ങളെ സാന്ത്വനപ്പെടുത്തിയ, കുഴിയിലെ നീതിമാനെ നോക്കട്ടെ.

217. യുദ്ധക്കൊതി മൂത്ത് ഇറങ്ങിപ്പുറപ്പെട്ട ജനതകളെ ഭയക്കുന്നവൻ, അനേകായിരങ്ങളെ നിഗ്രഹിച്ച ഹെസക്കിയായുടെ പ്രാർഥനയെ സ്നേഹിക്കട്ടെ.

**രക്തസാക്ഷികളുടെ ദൃഷ്ടാന്തം**

221. രക്തസാക്ഷികൾ അഗ്നിയെ ഭയപ്പെടുകയോ, തീജ്വാലയുടെ മുമ്പിൽ വിറയ്ക്കുകയോ ചെയ്തില്ല. വേദനയ്ക്കോ, ഞെരുക്കത്തിനോ, വാളിനോ, ചങ്ങലയ്ക്കോ ദൈവഭയത്തെ കീഴടക്കാൻ കഴിഞ്ഞില്ല. ദൈവഭയം എല്ലാ വേദനകളെയും മരണഭീതികളെയും കീഴ്പ്പെടുത്തുന്നു. അതിനെ അവ കീഴടക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അതിന് മഹാശക്തിയാണുള്ളത്. ഭയം സന്മനോഭാവത്തിനു തുല്യവും സന്മനോഭാവം സ്നേഹത്തിനു തുല്യവുമാണ്.

233. മനോഹരങ്ങളായ ഇവ മൂന്നും ദൈവത്തിനു വാസഗേഹമായി തീരുന്നു. ദൈവത്തെ ഭയക്കുന്നവന് പാപം ചെയ്യാനാവില്ല. അവൻ അവിടുത്തെ കൽപ്പനകൾ പാലിക്കുമ്പോൾ, പാപത്തിൽ നിന്ന് വളരെ അകലെയാണ്.

**ഈ ലോകത്തിൽ പാപിയുടെ ഭീതി**

239. പാപം ചെയ്യുന്നവന് ദൈവം അകലെയാണ്. അക്കാരണത്താൽ ദുഷ്ടൻ അവനെ തന്റെ വിഷം കൊണ്ടു നിറയ്ക്കുന്നു. വിറയലോടുകൂടെ മാത്രമേ അവനു ജീവിക്കാൻ കഴിയുന്നുള്ളൂ.



243. വളരെ മഹത്തായ ദൈവഭയം നാം വിട്ടുപേക്ഷിച്ചതിനാൽ, പാപം അതിന്റെ ഭയത്തോടുകൂടെ കടന്നുവരികയും നമുക്ക് ഭീതിയും വിറയലും നൽകുകയും ചെയ്തു. പാപം മാരകവിഷമാകയാൽ അതിനെ ഭയക്കുകയും അത് മറച്ചുവയ്ക്കുകയും ചെയ്യാൻ, പാപത്തിനു സേവ ചെയ്യുന്നവനിൽ നിന്ന് ഭയം ആവശ്യപ്പെടുന്നു. പാപം അതോടൊപ്പം ഭയം വഹിക്കുന്നു. അതു ചെയ്തുകഴിയുമ്പോൾ മറഞ്ഞിരിക്കാൻ അതാഗ്രഹിക്കുന്നു.

253. അത് നിന്ദ്യമായതും ദുഷിച്ചതുമാകയാൽ, വെളിപ്പെടാൻ ഇഷ്ടപ്പെടുന്നില്ല. അത് നിന്ദ്യമായതിനാൽ, മറഞ്ഞിരിക്കുന്നു. അത് വിഷമാകയാൽ, ഒളിഞ്ഞിരിക്കുന്നു. അത് വളരെ നിന്ദ്യമല്ലാതിരുന്നെങ്കിൽ, ഒളിക്കാൻ ശ്രമിക്കയില്ലായിരുന്നു. അത് വിഷമല്ലാതിരുന്നെങ്കിൽ, മറയ്ക്കാൻ മുതിരുകയില്ലായിരുന്നു.

261. പാപം ചെയ്യുന്നവൻ.... തന്റെ നിന്ദ്യത വെളിപ്പെടാതിരിക്കാൻ അത് മറയ്ക്കുകയോ, ഒളിക്കുകയോ ചെയ്യുന്നു.

265. പാപം അപവാദത്തെ ഭയപ്പെടുകയും നാണക്കേടിൽ ലജ്ജിക്കുകയും ചെയ്യുന്നു. അത് തന്റെ മ്ലേച്ഛതയിൽ വിവർണമാകുകയും പ്രകാശം കാണാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്യുന്നു.

269. നിന്ദ്യമായതു കാണുമ്പോൾ നാം അതിൽ നിന്ന് കണ്ണ് തിരിച്ചുകളയുന്നു. എന്നാൽ മനോഹരമായത് കാണുമ്പോൾ കണ്ടുകൊണ്ടിരിക്കാൻ കണ്ണ് കൊതിക്കുന്നു.

273. അന്ധകാരം വളരെ ഗർഹണീയമാകയാൽ, കണ്ടുകൊണ്ടിരിക്കാൻ കണ്ണ് ആഗ്രഹിക്കുന്നില്ല. എന്നാൽ പ്രകാശം വളരെ സുന്ദരമാകയാൽ, അത് നോക്കിയാൽ കണ്ണിന് മതിവരികയില്ല.

277. പാപം നിശയിൽ വ്യാപരിക്കുകയും സൂര്യന്റെ മുമ്പിൽ നിന്ന് ഓടിപ്പോകുകയും ചെയ്യുന്നു. കാരണം, അത് പ്രകാശത്തിൽ നിന്നാൽ എല്ലാവരും അതിന്റെ മുമ്പിൽ നിന്ന് ഓടിപ്പോകും.

281. പാപം നിശയിൽ അലറുകയും എല്ലാ ശബ്ദത്തെയും ഭയക്കുകയും ചെയ്യുന്നു. പാപം ചെയ്യുന്നവനും എല്ലാ ശബ്ദത്തെയും ഭയക്കുന്നു.

285. കള്ളൻ ഒറ്റവാക്കും വെളിപ്പെടുത്തുകയില്ല. വ്യഭിചാരി കാതിൽ ഉച്ചത്തിൽ കേൾപ്പിക്കുകയില്ല.

289. കള്ളൻ മന്ത്രിക്കുകയും വ്യഭിചാരി അടക്കം പറയുകയും മാത്രം ചെയ്യുന്നു. ചിലപ്പോൾ അശുദ്ധൻ കണ്ണുകൊണ്ട് സൂചന നൽകുക മാത്രം ചെയ്യുന്നു.

293. അവൻ നിശ്ശബ്ദനായി തിന്മ പ്രവർത്തിക്കാൻ, അവന്റെ വായ് അവന് ഭയഹേതുവാകുന്നു. വായ്ക്കും നാവിനും പകരം അവൻ ഇമ കൊണ്ടും കൺപോളകൊണ്ടും ആശയം കൈമാറുന്നു.

297. വ്യഭിചാരിയുടെ പ്രവൃത്തി ഭയം ഉളവാക്കുന്നു. കള്ളന്റെ മോഷണം വിറയലും ഭ്രമവും ഒരുക്കുന്നു.

301. ചെയ്യുന്ന ഓരോ പാപത്തിന്റെയും മുമ്പിൽ പാപം ചെയ്യുന്നവൻ വിറയ്ക്കുന്നു. അവൻ പ്രത്യക്ഷത്തിലേക്ക് വരാതിരിക്കുന്നതിന്, തന്റെ സ്വന്തം വാക്ക് അവനെ ഭ്രമിപ്പിക്കുന്നു. തന്റെ വസ്ത്രവിളുമ്പിന്റെ മർമര ശബ്ദവും പാദസ്വരവും അവനെ ഭയപ്പെടുത്തുന്നു. കാരണം, അവയിൽ നിന്നുള്ള സ്വരം കേട്ട് പിടിക്കപ്പെടുകയും ലജ്ജിതനാകുകയും കുറ്റപ്പെടുത്തപ്പെടുകയും ചെയ്യുമെന്ന് അവൻ ഭയക്കുന്നു.

309. ഒരുച്ചസ്വരം കേട്ടാൽ അവൻ ശിലസമാനം അനങ്ങാതെ നിൽക്കുന്നു; ഒരു നായ് മുരണ്ടാൽ, അവൻ ഭയത്താൽ വിറയ്ക്കുന്നു; നേരിയ ഒച്ചകേട്ടാൽ ധൃതിയിൽ ജനാലവഴി ചാടുന്നു.

313. അവൻ വാതിലിലൂടെയല്ല പുറത്തേക്കു കടക്കുക... ഭയത്താൽ അവന്റെ കാൽ തട്ടിമുറിയുന്നു. എന്നാൽ അവൻ അത് അറിയുന്നില്ല.

317. ദുഷ്ടൻ അവന്റെ ഉള്ളിൽ കടന്ന് അവന്റെ ആത്മാവിൽ വസിക്കുകയും അവനെ ഭയവും കിടിലവും കൊണ്ട് നിറയ്ക്കുകയും ചെയ്യുന്നു. അവന്റെ കാലടികൾ നീങ്ങുന്നിടത്തെല്ലാം ഇടർച്ചയും നിന്ദനവുമാണ്.

**പാപി അന്ത്യവിധിയിൽ**

321. നിഗൂഢപാപം ഇത്രമാത്രം വിറപ്പിക്കുമെങ്കിൽ, പ്രത്യക്ഷത്തിലേക്കു വരുന്നതിന് അത് കാൽവയ്ക്കുമ്പോൾ ഏതുതരം പരിഭ്രമം ആയിരിക്കും ഉളവാക്കുക!

325. പാപം ചെയ്യുന്നവനെ ഇവിടെത്തന്നെ ഭയം പിടികൂടുന്നെങ്കിൽ, അവൻ ന്യായാധിപന്റെ മുമ്പാകെ നിൽക്കുമ്പോൾ, ഏതുതരം ഭയമാണ് അവന് അപ്പോൾ ഒരുക്കുക!

329. ഒറ്റ ഒരാൾ മാത്രം കണ്ടാൽപോലും കള്ളനും വ്യഭിചാരിയും ലജ്ജിക്കുന്നു. ആകാശവും ഭൂമിയും അതു ദർശിക്കുമ്പോൾ ഏതുതരം നിന്ദനമായിരിക്കും അവൻ അവിടെ അനുഭവിക്കുക!

333. പുറത്തേക്കു വരാതെ ഹൃദയത്തിൽ ഉണ്ടായ ഒരൊറ്റ ചിന്തപോലും മറഞ്ഞിരിക്കുകയില്ല. ഒരൊറ്റ കൺകടാക്ഷം പോലും അവിടെ നിൽക്കുമ്പോൾ പ്രത്യക്ഷപ്പെടാതിരിക്കയില്ല.



337. നിഗൂഢമായവ വെളിച്ചത്തു കൊണ്ടുവരുന്ന ആ നീതിമാനായ ന്യായാധിപൻ ആ ദിവസം നിന്ദ്യമായ അടക്കം പറച്ചിലും മന്ത്രിക്കലും വെളിപ്പെടുത്തും.

341. തന്നോടൊത്ത് വന്നു വിധിക്കാൻ അവിടുന്ന് ആകാശത്തെയും ഭൂമിയെയും അവിടേക്കു വിളിക്കും. അവിടെ സ്വർഗീയരും ഭൗമികരും ഭയത്തോടും വിറയലോടും കൂടെ നിൽക്കും.

345. ഭ്രമത്തോടും മരണത്തോടും കൂടെ ഉയരുന്ന കരുണാരഹിത ന്യായവിധിയുടെ മുമ്പിൽ ഉയരാഴങ്ങളിലെ നിരകൾ സംഭ്രമിക്കും.

349. കുലുക്കത്തോടെ ആകാശം ചുരുട്ടി മാറ്റപ്പെടുകയും അത്തിമരത്തിൽ നിന്ന് പച്ചപ്പഴങ്ങളും മരങ്ങളിൽ നിന്ന് ഇലകളും പോലെ നക്ഷത്രങ്ങൾ അതിൽ നിന്ന് താഴേക്ക് വീഴുകയും ചെയ്യും.

353. ഭയത്താൽ സൂര്യൻ ഇരുണ്ടുപോകുകയും ചന്ദ്രൻ കുലുങ്ങുകയും ചെയ്യും... ആ ന്യായവിധിയെക്കുറിച്ചുള്ള ഭയത്താൽ പ്രകാശഗോളങ്ങൾ ഇരുണ്ടുപോകും.

357. കുലുക്കം കടലിനെ തിരിച്ചുമറിക്കുകയും അത് അപ്രത്യക്ഷമാകുകയും ചെയ്യും. അത് പിന്നെ കാണുകയില്ല. ധരയുടെ പൊടി കത്തി പൂർണമായി പുകയായി മാറും.

361. തീച്ചൂളയിൽ ഈയം പോലെ മലകൾ ഭയത്താൽ അലിയുകയും കത്തുന്ന ചുണ്ണാമ്പുകല്ലു പോലെ പൊടിയുകയും എല്ലാ ഉയരങ്ങളും നിലംപതിക്കുകയും ചെയ്യും.

**ദൈവികന്യായാധിപൻ**

365. ദൈവം ന്യായവിധിക്കായി എഴുന്നേൽക്കും; അവിടുന്ന് തന്റെ ശത്രുക്കൾക്കെതിരെ ഉയരും. സൃഷ്ടിയിൽ സംഭ്രമം ഉണ്ടാകും. അത് മൃതനെപ്പോലെയാകും.

369. ദൈവം ന്യായവിധിക്കായി എഴുന്നേൽക്കും. സൃഷ്ടവസ്തുക്കളെല്ലാം നിഗ്രഹിക്കപ്പെടും. ന്യായാധിപന്റെ ക്രോധാഗ്നി താങ്ങാൻ സൃഷ്ടികൾക്ക് കഴിയുകയില്ല.

373. ദൈവം ന്യായവിധിക്കായി എഴുന്നേൽക്കും. ആകാശവും ഭൂമിയും തകർന്ന് ഛിന്നഭിന്നമാകും. ലോകം മുഴുവൻ തകർക്കപ്പെടും. അവയുടെ സൗന്ദര്യം നശിക്കും.

377. വഞ്ചകർക്കും മത്സരക്കാർക്കുമെതിരെ ദൈവം ന്യായവിധിയിൽ എഴുന്നേൽക്കും. ലോകം കീഴ്മേൽ മറിയും. അവന്റെ ശക്തി സഹിക്കാൻ ആർക്കു കഴിയും!

381. ഉയരങ്ങൾ അവന്റെ മുമ്പിൽ നിപതിക്കും. ആഴങ്ങൾ കീഴ്മേൽ മറിയും. ആകാശവും ഭൂമിയും കടന്നുപോകുകയും പുകപോലെ മാഞ്ഞു പോകുകയും ചെയ്യും.

385. ദൈവം സൃഷ്ടി മുഴുവനെയും വസ്ത്രംപോലെ ഉരിഞ്ഞ് ദൂരെ യെറിയും. കാരണം, തന്നെ വെറുക്കുന്ന ശത്രുവിനെതിരെ ക്രോധത്തിൽ അവിടുന്ന് പ്രതികാരം ചെയ്യും.

389. ഈ ലോകത്തിന്റെ സമ്പൂർണവലിപ്പത്തിൽ ഒരു വസ്ത്രം ധരിച്ചിരിക്കുന്നതുപോലെ അവിടുന്ന് ലോകത്തിലാണ്. തന്നെ നിന്ദിക്കുന്നവ രുടെ മേൽ ന്യായവിധി നടത്താൻ ക്രോധാവേശം നിറഞ്ഞ മല്ലനെപ്പോലെ തന്റെ രോഷത്തിൽ അവിടുന്ന് അതിനെ ദൂരെ വലിച്ചെറിയും. തന്നെ വെറു ക്കുന്നവരോട് ന്യായവിധി നടത്താനും തന്റെ ശത്രുക്കളോട് പ്രതികാരം ചെയ്യാനും അവിടുന്ന് തന്റെ ക്രോധത്തിൽ തന്റെ വസ്ത്രം ദൂരെയെറിയും.

397. തന്നെ നിന്ദിക്കുകയും അപമാനിക്കുകയും അനാദരിക്കുകയും ചെയ്യുന്ന വഞ്ചകരും മത്സരക്കാരും നിമിത്തം ഇപ്രകാരം ആ ന്യായാധിപൻ തന്റെ സൃഷ്ടിയെ പിഴുത് ദൂരെയെറിയും.

**ന്യായവിസ്താരാഗ്നി**

401. ശത്രുക്കൾക്കും ദുഷ്കർമികൾക്കും എതിരെ കത്തിജ്ജ്വലിക്കുന്ന ന്യായാധിപന്റെ ക്രോധാഗ്നിയുടെ ഉഗ്രത സഹിക്കാൻ സൃഷ്ടികൾക്ക് കഴിയുകയില്ല.

405. അഗ്നി അവന്റെ മുമ്പിൽ സംഹരിക്കും. അത് അവനു ചുറ്റും ശക്തമായി ജ്വലിക്കും. അത് പാപിയെ സംഹരിക്കുകയും ദുഷ്കർമിയെ നിഗ്രഹിക്കുകയും ചെയ്യും.

409. അവന്റെ ദീർഘക്ഷമയിൽ അവനെ നിന്ദിക്കുകയും അപമാനി ക്കുകയും അവനെ ആദരിക്കാതിരിക്കുകയും ചെയ്തവരെല്ലാം അവനിൽ നിന്നു പുറപ്പെടുന്ന അഗ്നിയിൽ മരച്ചുള്ളിപോലെ നിഗ്രഹിക്കപ്പെടും.

413. പരിഭ്രമത്താൽ ആകാശം ഇരുണ്ടുപോകും, അപ്പോൾ തന്നത്താൻ രക്ഷിക്കാൻ കഴിയുന്ന ഏതു ദ്രോഹിയാണുള്ളത്! അവനോടുള്ള ഭയത്താൽ കടൽ വറ്റിവരണ്ടുപോകും. ഏത് നീതിരഹിതനാണ് അവിടെ ജീവിക്കാൻ കഴിയുക!

417. ധര മുഴുവൻ കത്തിപ്പോകും. അതിൽ നിന്നു രക്ഷപെടാൻ ഏതു പാപിക്കു കഴിയും! പ്രതികാരത്തിനായി കർത്താവിന്റെ അഗ്നി പ്രത്യക്ഷ പ്പെടും.



421. അവൻ ആകാശവും ഭൂമിയും കടലും വൈക്കോൽ പോലെ കത്തിക്കും. ദൈവത്വത്തിന്റെ അഗ്നിയിൽനിന്ന് ഒരു കൊച്ചുതീപ്പോരി പുറത്തേക്ക് പറക്കും. അവിടുന്ന് സൃഷ്ടിച്ച ജനതകൾക്കൊന്നും ആ ജ്വാല സഹിക്കാനാവില്ല.

427. ലോകങ്ങൾ നിർമിക്കാനും അവയെ അസ്തിത്വത്തിൽ എത്തി ക്കാനും ദൈവം തീരുമാനിച്ചപ്പോൾ, ലോകം അഗ്നിയാൽ കത്തിപ്പോകാ തിരിക്കാൻ, തന്റെ കാരുണ്യത്താൽ അവിടുന്ന് തന്റെ അഗ്നി മറച്ചുവച്ചു. തന്റെ കാരുണ്യത്താൽ അവിടുന്ന് തന്റെ അഗ്നിയും തന്റെ കൃപയാൽ അതിന്റെ ജ്വാലകളും മറച്ചുവച്ചു.

433. അവിടുന്ന് തന്റെ അഗ്നി മറച്ചുവച്ചില്ലായിരുന്നെങ്കിൽ, അത് സഹിക്കാൻ സൃഷ്ടികൾക്ക് കഴിയുമായിരുന്നില്ല. ആകാശത്തെയും ഭൂമിയെയും വിധിക്കാൻ അവൻ ആഗതനാകുമ്പോൾ, തന്റെ ക്രോധത്തിൽ അവിടുന്ന് തന്റെ അഗ്നി വെളിപ്പെടുത്തും. അതു സഹിക്കാൻ ലോകങ്ങൾക്ക് കഴിയുകയില്ല.

439. ആകാശവും ഭൂമിയും കത്തിയമരുന്ന, ആ ന്യായാധിപന്റെ അഗ്നിയിൽ നിന്ന് സ്വർഗീയർ മരണം എന്താണെന്ന് ഗ്രഹിക്കും. ഭൗമികർ മരണത്തിന്റെ മരണവും ഗ്രഹിക്കും.

443. എല്ലാ നീതിമാന്മാരും ധർമിഷ്ഠരും അവിടുത്തെ കാരുണ്യത്താൽ രക്ഷിക്കപ്പെട്ടില്ലാതിരുന്നെങ്കിൽ, പാപികളോടൊപ്പം ആ ന്യായാധിപന്റെ അഗ്നിയിൽ കത്തിയമർന്നുപോകുമായിരുന്നു

447. മാലാഖമാരുടെ സ്വർഗീയനിരകളുടെ മുമ്പിൽ ദൈവികകൃപ സംരക്ഷിച്ചുകൊണ്ട് നിൽക്കുന്നില്ലെങ്കിൽ, അവരും ദുഷ്ടരോടൊപ്പം ആ ഉജ്ജ്വലാഗ്നിയിൽ കത്തിപ്പോകും.

**പാപികൾക്കുവേണ്ടി ആരും കടന്നുവരുന്നില്ല**

451. ആ ന്യായാധിപന്റെ ഭീതിയുടെ മുമ്പിൽ നീതിമാൻ കഷ്ടിച്ചു മാത്രമേ രക്ഷപെടുന്നുള്ളുവെങ്കിൽ, ദുഷ്ടനും പാപിയും ഏത് അഗാധത്തിൽ വീഴേണ്ടിവരും! അവർക്കുവേണ്ടി അപേക്ഷിക്കാൻ അഗ്നിമയന്മാർക്ക് കഴിയുകയില്ല. കാരണം, അവർ തന്നെയും ഭയത്തോടും വിറയലോടും കൂടെയാണ് അവിടെ നിൽക്കുക. അവന്റെ ഉജ്ജ്വലക്രോധം ദർശിച്ച് അവർ മൃതരെപ്പോലെ മൂകരായിത്തീരും. അവർക്കുവേണ്ടി അപേക്ഷിക്കാൻ വിശുദ്ധർക്കും കഴിയില്ല. കാരണം, തന്റെ ശത്രുക്കളോട് പ്രതികാരം ചെയ്യാൻ രാജാവ് തന്റെ ക്രോധത്തിൽ എഴുന്നേൽക്കുമ്പോൾ, അവന്റെ ക്രോധത്തിന്റെ പുക ഉയരുകയും പാപികളോടുകൂടെ കത്തിപ്പോകുമോ എന്ന പരിഭ്രമ ത്താൽ അവർ ഭയചകിതരാകുകയും ചെയ്യുന്നു. അവന്റെ സ്നേഹിതർ

അവനോടപേക്ഷിച്ചാൽ, ക്രോധവിധിയിൽ അവരും ദുഷ്ടരോടൊപ്പം ശിക്ഷിക്കപ്പെടും.

**നശിപ്പിക്കുന്നതും രക്ഷിക്കുന്നതുമായ രണ്ടുതരം ദൈവികാഗ്നി**

467. അവിടുന്ന് അഗ്നിസിംഹാസനത്തിൽ ഉപവിഷ്ടനാകും; അവനു ചുറ്റും അഗ്നിക്കടലും ഉണ്ടായിരിക്കും.

469. എല്ലാ മനുഷ്യരെയും പരിശോധിക്കാനായി അഗ്നിക്കാറ്റ് അതിൽ നിന്നടിക്കും. ദൈവം സൃഷ്ടിയെ കത്തിക്കുകയും തീച്ചൂളയിലെന്ന പോലെ പരിശോധിക്കുകയും ചെയ്യുമ്പോൾ ആ അഗ്നിയിൽ മനുഷ്യർ ദഹിച്ചു പോകാതിരിക്കാനായി അവിടുന്ന് തന്റെ അഗ്നി മനുഷ്യരിൽ കൂട്ടിക്കലർത്തി.

475. അവന്റെ അഗ്നി പാപങ്ങളാൽ കെട്ടുപോകാതെ സംരക്ഷിച്ചാൽ, അത് സംരക്ഷിച്ചവർ ആ ഭീകരാഗ്നിയിൽ നിന്ന് രക്ഷിക്കപ്പെടും. എന്നാൽ സംശുദ്ധതയാൽ സംരക്ഷിക്കാതെ, അവന്റെ അഗ്നി കെടുത്തിക്കളഞ്ഞാൽ, അവർ ആ അഗ്നിക്കുള്ള വൈക്കോലായിത്തീരും. അതിന്റെ ഉഗ്രതയിൽ ലോകം ദഹിപ്പിക്കപ്പെടും.

**ന്യായാധിപന്റെ ആഗമനവും ഉത്ഥാനവും**

483. ധരയെ ന്യായം വിധിക്കാൻ രാജാവ് തന്റെ ഇടത്തിൽ നിന്ന് താഴേക്കിറങ്ങിവരും. ഉഗ്രമായ ഭീതിയോടും വിറയലോടും കൂടെ അവന്റെ സൈന്യങ്ങൾ അവനോടൊപ്പം ഇറങ്ങിവരും. ആ ഭീകരന്യായവിധി ദർശിക്കാൻ തന്റെ ദൂതന്മാരുടെ ശക്തമായ നിരകളും വരും.

489. ഉണ്ടായിരുന്നവരും ഇനി വരാനിരിക്കുന്നവരുമായ മനുഷ്യരെല്ലാവരും അവിടെ കടന്നുവരും. ഉണ്ടായതും ഉണ്ടാകുവാനിരിക്കുന്നതുമായ ചാപിള്ളകളൊന്നുപോലും വരാതിരിക്കയില്ല. ന്യായാധിപന്റെ ന്യായവിധി കാണാനല്ല ആ നാടകത്തിന് അവർ കടന്നുവരുന്നത്.

495. കബറടക്കപ്പെട്ടവരെ വിളിച്ചുണർത്താൻ കാഹളധ്വനി പുറപ്പെടും. അവസാന കുഴൽവിളിയോടു കൂടെ സകല പരേതരും ഉയിർത്തെഴുന്നേൽക്കും. ന്യായവിധിയുടെ ആ ഭവനത്തിലേക്ക് എല്ലാ മരിച്ചവരെയും ഒന്നിച്ചു കൂട്ടാനുള്ള, പുത്രന്റെ ആംഗ്യം ഇമ വെട്ടുന്നതിനേക്കാൾ വേഗത്തിലായിരിക്കും.

503. മരണത്തെ വിറയൽ പിടികൂടും; താൻ ഭുജിച്ചവയെല്ലാം അത് ഛർദിക്കും. അങ്ങനെ ന്യായവിസ്താരഭവനത്തിൽ എത്തിക്കാതെ അത് തന്റെ ഇടത്തിൽ ഒരു മൃതനെയും അവശേഷിപ്പിക്കുകയില്ല.

507. മരിച്ചവർ ന്യായാധിപന്റെ മുമ്പാകെ എത്താനായി ചെറിയൊരംശം



പോലും അവശേഷിപ്പിക്കാതെ, പൊടിയിൽ നിന്ന് മൃതരെ വേർപെടുത്താൻ ധരയിലെ പൊടിയോട് അവൻ ആവശ്യപ്പെടും.

511. കടൽ മുക്കിക്കളഞ്ഞവരും വന്യമൃഗങ്ങൾ ചീന്തിക്കീറിയവരും പറവകൾ കൊത്തിവലിച്ചവരും അഗ്നി ദഹിപ്പിച്ചവരുമായ സകലരും ദൃഢതയും വേഗതയുമുള്ള ആംഗ്യത്താൽ ഉണരുകയും ഉയിർക്കുകയും അവിടെ എത്തുകയും ചെയ്യും.

517. തന്റെ മാതൃഉദരത്തിൽ ചീഞ്ഞ് ഈ ജീവിതത്തിലേക്ക് കടന്നു വരാത്തയാളെ, മർത്യരെ ജീവിപ്പിക്കുന്ന ആ ആംഗ്യം വളർന്ന മനുഷ്യനായി പുറത്തേക്കു നയിക്കും.

521. ഗർഭിണി ആയിരുന്നപ്പോൾ മരിച്ച സ്ത്രീയും അവളോടൊപ്പം അവളുടെ ഉദരത്തിൽ മരിച്ച ശിശുവും: ഉത്ഥാനത്തിൽ ആ ശിശു പ്രായപൂർത്തി എത്തിയ ആളായിരിക്കും. അത് തന്റെ അമ്മയെ തിരിച്ചറിയും, ആ ശിശു ആരാണെന്ന് അവളും അറിയും.

525. ഇവിടെ പരസ്പരം കണ്ടിട്ടില്ലാത്തവർ അവിടെ ന്യായവിധിയിൽ പരസ്പരം കാണും. അതു തന്റെ ശിശുവാണെന്ന് അമ്മയും അതു തന്റെ അമ്മയാണെന്ന് ശിശുവും അറിയും.

529. ഉത്ഥാനം പൂർണ വളർച്ചയെത്തിയ മനുഷ്യരെയാണ് പ്രസവിക്കുക. അത് അവർക്ക് പൂർണ അറിവും നൽകും. കാരണം, പാപം അന്ധരാക്കിയില്ലെങ്കിൽ, ആകാശത്തിലും ഭൂമിയിലും ഉള്ളവയെല്ലാം ദൈവത്തെപ്പോലെ അറിയാൻ അവർക്കു കഴിയും; അവർ എല്ലാം കാണുകയും ചെയ്യും.

535. ഓരോന്നിന്റെയും ഈ കൃത്യമായ അറിവിൽ അമ്മയ്ക്ക് തന്റെ കുഞ്ഞിനെ പറ്റിയുള്ള തിരിച്ചറിയലിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ല.

537. എന്നാൽ വ്യഭിചരിച്ച് ഗർഭിണിയായവൾ തന്റെ ഉദരഫലം ഈ ലോകം കാണാതിരിക്കാൻ കൊന്നെങ്കിൽ, അവൾ നവലോകം കാണാതിരിക്കാൻ അവളുടെ ശിശു അവളെ തടയും.

541. അവൾ ആ ശിശുവിന്റെ ജീവിതവും ഈ ലോകപ്രകാശവും തടഞ്ഞതിനാൽ, അത് ആ ലോകജീവിതവും പ്രകാശവും തടയും.

545. ശിശു ധരയിലെ അന്ധകാരത്തിൽ മണ്ണിട്ടു മൂടപ്പെടുന്നതിന്, അമ്മ അതിനെ ഉദരത്തിൽ ഗർഭം അലസിപ്പിച്ചതിനാൽ, അവൾ ഏറ്റവും പുറത്തുള്ള അന്ധകാരത്തിൽ പോകുന്നതിന് ശിശുവും അമ്മയെ ഗർഭം അലസിപ്പിക്കും.

549. ഇതായിരിക്കും വ്യഭിചാരികൾക്കും വ്യഭിചാരിണികൾക്കുമുള്ള ശിക്ഷ: അവർ തങ്ങളുടെ ശിശുക്കളുടെ ജീവൻ നശിപ്പിച്ചതിനാൽ,

ന്യായാധിപൻ അവരെ കൊല്ലുകയും വ്യത്തികെട്ടതും ദുരിത പൂർണവുമായ ഗർത്തത്തിലേക്ക് വീഴ്ത്തുകയും ചെയ്യും.

**ഉത്ഥാനത്തിലെ തുല്യതയും തുല്യതയില്ലായ്മയും**

555. സ്രഷ്ടാവ് തുല്യതയിൽ ആദാമ്യസുതരെ ഒരുപോലെ ഉയിർപ്പിക്കും. അവിടുന്ന് അവരെ തുല്യതയിൽ സൃഷ്ടിച്ചതുപോലെ, തുല്യതയിൽ ഉയിർപ്പിക്കുകയും ചെയ്യും. ഒരാളേക്കാൾ മറ്റൊരാൾക്ക് ശാരീരിക വലിപ്പമോ കുറവോ നൽകപ്പെടുകയില്ല.

561. ഗർഭം അലസിയവർ പോലും ബലിഷ്ഠ മനുഷ്യരേപ്പോലെ ആയിരിക്കും. ഇരുവരും പൂർണ തുല്യതയിൽ ഉയിർത്തെഴുന്നേൽക്കും. എന്നാൽ ഓരോരുത്തരുടെയും പ്രവൃത്തികളും ജീവിത നടപടികളും അനുസരിച്ച് ഉയർന്നതോ ഏറ്റവും ഉയർന്നതോ നല്കപ്പെടും.

565. ഒരാൾ നക്ഷത്രസമാനനും അപരൻ അന്ധകാര സദൃശ്യനുമായിരിക്കും. നീതിമാന്മാരുടെ സത്കർമങ്ങൾ നിമിത്തം അവർ ഉന്നതരും അത്യുന്നതരും ആയിരിക്കും. ദുഷ്ടരുടെ ദുഷ്ട ജീവിതരീതികൾ നിമിത്തം അവർ താഴ്ന്നവരും ഏറ്റവും താഴ്ന്നവരും ആയിരിക്കും. ന്യായാധിപന്റെ കൽപ്പനാനുസൃതം നല്ലവർ ദുഷ്ടരിൽ നിന്ന് വേർതിരിക്കപ്പെട്ടിരിക്കും. നല്ലവർ സ്വർഗീയോന്നതത്തിലേക്ക് കയറും; ദുഷ്ടർ താഴെ അഗാധത്തിൽ നിപതിക്കും. അവർ രാജ്യത്തിൽ പ്രവേശിക്കും, ഇവർ ഗേഹെന്നാ അവകാശമാക്കും.

**സൗഭാഗ്യവാന്മാരും അഭിശപ്തരും ഒരുപോലെ ന്യായാധി പന്റെ നീതി പ്രകീർത്തിക്കും**

577. സ്വർഗീയരും ഭൗമികരും ഒത്തൊരുമിച്ച് ഒരേയൊരു ഗീതമാലപിക്കും. ഇരുഭാഗത്തു നിന്നും അതുപോലെ ഒരേയൊരു സ്തുതിഗീതമുയരും.

581. പാപികൾ ഇപ്രകാരം വിളിച്ചുപറയും: ഓ, കർത്താവേ, അങ്ങ് നീതിമാനും അങ്ങയുടെ ന്യായവിധി ചൊവ്വുള്ളതുമാണ്. വലത്തുഭാഗത്തുള്ളവർ ഉച്ചത്തിൽ വിളിച്ചുപറയും: കർത്താവ് നീതിമാനും ചൊവ്വുള്ളവനുമാണ്.

585. നന്മ ചെയ്തവർക്ക് നല്ലത് പ്രതിഫലമായി കിട്ടും. ഇടത്തുഭാഗത്തുള്ളവർ ഉച്ചത്തിൽ വിളിച്ചുപറയും: കർത്താവ് നീതിമാനും ചൊവ്വുള്ളവനുമാണ്. തിന്മ ചെയ്തവർക്ക് തിന്മ പ്രതിഫലമായി കിട്ടും.

591. കടന്നുപോകാത്ത രാജ്യത്തിൽ ദൈവത്തോടു കൂടെ സന്തോഷിക്കാനായി, ജീവനിലേക്ക് പ്രവേശിക്കാൻ അയക്കപ്പെട്ട നീതിമാന്മാരും സത്കർമികളും ഭാഗ്യവാന്മാർ! അവിടുന്ന് അവർക്ക് തന്റെ മഹത്വം നൽകും.



അവർ ശോഭയുള്ള പ്രകാശം ധരിക്കും. സൂര്യനേക്കാൾ ശോഭയോടെ അവരുടെ മുഖകമലം സ്വർഗത്തിൽ പ്രശോഭിക്കും.

**തങ്ങളുടെ പാപങ്ങളുടെ തരമനുസരിച്ച് ശപിക്കപ്പെട്ടവരുടെ ശിക്ഷ**

599. ദുഷ്ടർക്കും മ്ലേച്ഛർക്കും ഹാ, കഷ്ടം! തങ്ങളുടെ കർമങ്ങളുടെ പ്രതിഫലമായി അവർ സാത്താനോടൊപ്പം പീഡിപ്പിക്കപ്പെടും.

601. പാപം ചെയ്യുകയും ദൈവത്തെ പ്രകോപിപ്പിക്കുകയും ധരയിൽ തന്റെ മ്ലേച്ഛതകൾ മറച്ചുവയ്ക്കുകയും ചെയ്തവൻ പ്രകാശരഹിതമായ പുറത്തെ അന്ധകാരത്തിലേക്ക് പോകും.

606. തന്റെ ഹൃദയത്തിൽ കൗശലവും തന്റെ ചിന്തയിൽ അസൂയയും മറച്ചു വച്ചവൻ അഗ്നിയും ഗന്ധകവും നിറഞ്ഞ ഭീകരമായ ആഴത്തിൽ അടയ്ക്കപ്പെടും.

610. തന്റെ അയൽക്കാരനെ വെറുക്കാനായി പ്രകോപിപ്പിക്കുകയും തന്നിൽ നിന്ന് സ്നേഹം ദൂരെ അകറ്റുകയും ചെയ്തവന്റെ വേദന ക്രോധത്തിലാകാൻ, ക്രോധവിധിയുടെ ദൂതന് കയ്യാളിക്കപ്പെടും. വിശക്കുന്നവന് തന്റെ അപ്പം നൽകാതിരിക്കുകയും ദുരിതം അനുഭവിക്കുന്നവനെ സമാശ്വസിപ്പിക്കാതിരിക്കുകയും ചെയ്തവൻ തന്റെ ദുരിതത്തിൽ ഉച്ചത്തിൽ നിലവിളിക്കുമെങ്കിലും ആരും അവനെ ശ്രദ്ധിക്കുകയോ, സമാശ്വസിപ്പിക്കുകയോ ചെയ്യുകയില്ല.

618. തന്റെ സമ്പത്തിൽ സന്തോഷിക്കുകയും ദരിദ്രനു തന്റെ കവാടം തുറന്നു കൊടുക്കാതെ സുഖസമൃദ്ധിയിൽ ജീവിക്കുകയും ചെയ്തവൻ തന്റെ ജ്വാലയിൽ ഒരുതുള്ളി ജലത്തിനായി കേഴുമെങ്കിലും, ആരും അവന് അത് നൽകുകയില്ല.

622. നിന്ദാവചനങ്ങളാൽ തന്റെ വായും അപവാദങ്ങളാൽ തന്റെ നാവും വിരൂപമാക്കിയവന്റെ വായ് അടഞ്ഞുപോകുകയും മേലിൽ സംസാരിക്കാൻ കഴിയാതാകുകയും ചെയ്യാൻ ദുർഗന്ധപൂരിത മാലിന്യത്തിൽ താഴ്ത്തപ്പെടും.

627. മറ്റുള്ളവരെ ഞെരുക്കുകയും അവരുടെ വസ്തുവകകൾ കൊള്ളയടിക്കുകയും അനീതിയാൽ തന്റെ ഭവനം നിറയ്ക്കുകയും ചെയ്തവനെ നിന്ദ്യരായ പിശാചുക്കൾ ബലം പ്രയോഗിച്ച് കടത്തിക്കൊണ്ടു പോകും. കരച്ചിലും പല്ലുകടിയുമായിരിക്കും അവന്റെ അവകാശം.

630. നിന്ദ്യമായ ഭോഗാസക്തിയും കാമാസക്തിയും വ്യഭിചാരവും കൊണ്ട് വിക്ഷുബ്ധമാക്കുന്നവൻ സാത്താനോടൊപ്പം ഗേഹെന്നായിൽ കത്തിക്കപ്പെടും.

634. മെത്രാന്റെ കൽപ്പനയെ അവഗണിക്കുകയും അങ്ങനെ ദൈവത്തെ ചവിട്ടിമെതിച്ച് നിന്ദിക്കുകയും ചെയ്തവന്റെ ദുരിതം എല്ലാറ്റിലും കഠോരമായി ഭയങ്കരമായിരിക്കും.

**അന്ത്യപ്രാർഥന (638-658)**

638. ദൈവത്തിൽ നിന്നുള്ള ദൈവമേ, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവമേ, അങ്ങ് നല്ലവനാണെന്ന് ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങൾ സാത്താനോടുകൂടെ ഗേഹെന്നായിലും വേദനയിലും പോകാൻ ഇടയാകാതിരിക്കാൻ, നിന്റെ കൃപ ഞങ്ങളെ സംരക്ഷിക്കട്ടെ. നീ കരുണാപൂർണനാണെന്ന് ഞങ്ങൾക്കറിയാം. നിന്റെ കരുണയുടെ ചിറകിൻ കീഴിൽ ഞങ്ങളെ സംരക്ഷിച്ചു കൊള്ളണമെ. നീ പ്രകാശമാണെന്നും ഞങ്ങൾ നിന്റെ കരത്തിന്റെ സംരക്ഷണത്തിൻ കീഴിലുള്ള ദാസരാണെന്നും ഞങ്ങൾ ഏറ്റു പറയുന്നു. ദുഷ്ടൻ നിന്നിൽ നിന്ന് ഞങ്ങളെ പിടിച്ചെടുക്കരുതേ. നിന്റെ കർതൃത്വത്തിനുമേൽ അവൻ ഉയരാതിരിക്കട്ടെ. നീ നീതിമാനാണെന്ന് ഞങ്ങൾക്കറിയാം. ഓ, കർത്താവേ, നീ ഞങ്ങളുടെ നീതീകരണം ആയിരിക്കണമെ. നീ രക്ഷകനാണെന്ന് ഞങ്ങൾക്കറിയാം. ഞങ്ങളെ ദുഷ്ടനിൽ നിന്ന് രക്ഷിച്ച് കാത്തുകൊണ്ടാലും. നീ പരിശുദ്ധനാണെന്ന് ഞങ്ങൾ പ്രകീർത്തിക്കുന്നു. നിന്റെ തിരുശരീരത്താലും തിരുരക്തത്താലും ഞങ്ങൾ വിശുദ്ധീകരിക്കപ്പെടുകയും നിന്റെ ശരീരം ഭക്ഷിക്കുകയും നിന്റെ അമൂല്യരക്തം കുടിക്കുകയും ചെയ്ത രക്ഷിക്കപ്പെട്ടവരുടെ ഗണത്തിൽ ഞങ്ങൾ എണ്ണപ്പെടുകയും ചെയ്യട്ടെ. പാപികളോട് കാരുണ്യം കാണിക്കുന്ന നല്ലവനേ, നിനക്ക് സ്തുതിയും ഞങ്ങളുടെ മേൽ കാരുണ്യവും ഉണ്ടായിരിക്കട്ടെ.

# 2

## മന്ത്രവാദി, ആഭിചാരകൻ, ജോത്സ്യൻ എന്നിവരെപ്പറ്റിയും ലോകാന്ത്യത്തെപ്പറ്റിയും വിശുദ്ധ മാർ അപ്രേമിന്റെ പ്രസംഗം

**അന്ത്യം സമീപസ്ഥമാണ്, എന്നാൽ പുരോഹിതരോ ജനങ്ങളോ അതനുസരിച്ച് ജീവിക്കുന്നില്ല.**

1. തിരുലിഖിത വായനയിൽ നിന്നും അവയിലെ വാക്കുകളുടെ വ്യാഖ്യാനത്തിൽ നിന്നും കാലത്തിൽ നിന്നും അതിന്റെ മാറ്റങ്ങളിൽ നിന്നും ലോകാന്ത്യം സമീപസ്ഥമായിരിക്കുന്നെന്ന് വ്യക്തമാകുന്നു.

5. എന്നാൽ നീതിപൂർവം വ്യാപരിക്കുന്നതിൽ മനുഷ്യർ താൽപര്യപ്പെടുന്നില്ല. ആ ദിവസം പടിവാതിൽക്കൽ നിൽക്കുന്നെങ്കിലും, അവർ അനേകം വർഷത്തേക്കുവേണ്ടി അധ്വാനിക്കുന്നു.



9. സൃഷ്ടിയിൽ അനീതിയും നുണയും പാപങ്ങളും നടമാടുന്നു. നീതിയും സത്യസന്ധതയും പമ്പകടന്നു. അതേപ്പറ്റി ആർക്കും പരിഗണനയില്ല.

13. ചതുപ്പുനിലത്തെന്നപോലെ ധനമോഹത്തിൽ മനുഷ്യർ ആണ്ടു പോയി. അഗ്നിയിൽ കത്തിയമരാനുള്ള വിറക് കൂന കൂട്ടുന്നതിലാണ് ഓരോരുത്തരും പണിപ്പെടുന്നത്.

17. പുരോഹിതർ ദൈവത്തെ ഉപേക്ഷിച്ചിട്ട് മാമോനെ പിൻചെല്ലുന്നു. ഉപവാസത്തിന്റെയും പ്രാർഥനയുടെയും സ്ഥാനത്ത് ആഹ്ലാദവിഹാരവും അത്യാർത്തിയും കടന്നുവരുന്നു.

21. അവർ സഭയെയും സഭാമക്കളെയും ഉപേക്ഷിച്ച് കച്ചവടക്കാരാകാൻ ഇറങ്ങിപ്പുറപ്പെടുന്നു. പരിശുദ്ധാത്മാവ് സഭയ്ക്കു വേണ്ടി രചിച്ച തിരുലിഖിതങ്ങൾ വായിക്കുന്നതിനു പകരം തലതിരിഞ്ഞ മുതലും പലിശയും എഴുതിയ ബുക്ക് തൽസ്ഥാനത്ത് വായിച്ചുകൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഗ്രന്ഥങ്ങൾ അലമാരകളിൽ കിടക്കുന്നു. സാത്താന്റ ഗ്രന്ഥങ്ങൾ പ്രശംസിക്കപ്പെടുന്നു.

29. സഭയിലെ പുരോഹിതന്മാർ വാസ്തവത്തിൽ പരനിന്ദകന്റെ ജോലിക്കാരായി തീർന്നിരിക്കുന്നു. വൈദികൻ ജനത്തെ പോലെയായി; മനുഷ്യരുടെ ഇടയിൽ മാന്യതയും നേരും ചൊവ്വും ഉള്ളവർ ആരുമില്ല.

**വിജാതീയത്വത്തിലേക്ക് വഴുതിവീഴൽ: മന്ത്രവാദം, ക്ഷാളനങ്ങൾ, മന്ത്രത്തകിട്, പൈശാചികസേവ**

33. താൻ ഛർദിച്ചുകളഞ്ഞ ആ മുൻ വിജാതീയത്വത്തിലേക്ക് ലോകം തിരികെ പോയിരിക്കുന്നു. പേരിൽ മാത്രമേ അവർ ക്രിസ്തുവിന്റെ അനുയായികൾ ആയിട്ടുള്ളു. അവരുടെ പ്രവൃത്തികളിൽ അവർ സാത്താന്റേതാണ്.

37. അവർ വിശുദ്ധായുധങ്ങൾ ദൂരെയെറിഞ്ഞിട്ട്, പാപത്തിന്റെ ആയുധം ധരിച്ചിരിക്കുന്നു. സ്വർഗീയവൈദ്യൻ കാണപ്പെടുന്ന വിശ്വസ്ത സഭയെ ഉപേക്ഷിച്ചിട്ട്, ദുഷ്ടതയുടെ തുറമുഖമായ മന്ത്രവാദിയുടെ ഭവനത്തിലേക്ക് ഇപ്പോൾ ധൃതിയിൽ ഓടുന്നു. അഗ്നിമയരും ആത്മീയരുമായ വിശുദ്ധ ഗണങ്ങൾ സഭയിലേക്ക് ഒഴുകിയെത്തുന്നു. മന്ത്രവാദികളുടെ പക്കൽ സൃഷ്ടിയിലെ എല്ലാ പിശാചുക്കളും ഒത്തുചേരുന്നു.

47. വിശുദ്ധരുടെ ആശീർവാദത്തിന്റെ സ്ഥാനത്ത് ഇപ്പോൾ മന്ത്രവാദിയുടെ ക്ഷുദ്രപ്രയോഗങ്ങൾ കടന്നു വന്നിരിക്കുന്നു. വിശുദ്ധ കുരിശിന്റെ സ്ഥാനത്ത് മനുഷ്യർ ദുഷ്ടാരൂപിയുടെ കൃതികൾ വഹിക്കുന്നു. ഇന്ന് ഒരാൾ മാമോദീസായ്ക്ക് അണഞ്ഞ് പരിശുദ്ധാത്മാവിനെ ധരിക്കുന്നു. നാളെ

അയാൾ ക്ഷാളനങ്ങൾക്ക് പോയി ആ വസ്ത്രം ഉരിഞ്ഞുകളഞ്ഞ്, നഗ്നനായി തീരുന്നു.

55. സ്നാനജലത്തിന്മീതേ പരിശുദ്ധാത്മാവ് ആവസിക്കുന്നു. ക്ഷാളനോറവകളുടെ മേൽ സാത്താന്റെ ആത്മാവും. ജനങ്ങൾ ദൈവാലയത്തിലേക്ക് വരികയും സാത്താനെ കൂടെ കൊണ്ടുവരികയും ചെയ്യുന്നു. രാജ്യത്തിന്റെ മാലയായി അവർ ആഘോഷപൂർവം അവനെ കഴുത്തിൽ ധരിക്കുന്നു. ചിലർ അവനെ ശിരസ്സിൽ ചൂടുന്നു; മറ്റു ചിലർ കഴുത്തിൽ ധരിക്കുന്നു; ഒന്നുമറിയാത്ത ശിശു കടന്നുവന്ന് പൈശാചികനാമം ധരിക്കുന്നു. താൻ കടന്നു വരുന്നതിന് സാത്താൻ അവരുടെമേൽ ബല പ്രയോഗം നടത്തുന്നില്ല. പിന്നെയോ, അവന്റെ ഹിതത്തിനെതിരെ അവരാണ് അവനെ നിർബന്ധിച്ച് കൂട്ടിക്കൊണ്ടുവരുന്നത്. അങ്ങനെ ദൈവാലയത്തിൽ കടന്നുവന്ന് ഓ, കർത്താവേ, ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെ എന്നു പറയുന്നു.

73. ദുഷ്ടൻ അവരുടെ കഴുത്തിൽ തൂങ്ങിക്കിടക്കുന്നു; രക്ഷിക്കണമെന്ന് അവർ പ്രാർഥിക്കുകയും ചെയ്യുന്നു. ഇരു ദൂതന്മാരുടെയും പേരുകൾ പഴയതിലും പുതിയതിലും നാം കാണുന്നു.

77. അഗ്നിമയന്മാരും ആത്മീയരുമായ ദൈവശുശ്രൂഷകരാണ് ഗബ്രിയേലും മിഖായേലും. ദാനിയേൽ ദർശിച്ച ഭയങ്കര ദർശനത്തിന്റെ അർഥം ഇവർ രണ്ടുപേരിലൂടെയും കാണപ്പെടുന്നു.

81. എങ്കിലും അശുദ്ധരും മലിനരുമായ പുരോഹിതന്മാർ പൈശാചിക നാമങ്ങളിൽ അഭയം തേടിയിരിക്കുന്നു. മിശിഹായുടെ വധുവായ സഭയുടെ ഗ്രന്ഥങ്ങളിൽ ഏഷണിക്കാരന്റെ ദാസരായ റുഫായിലും റ്ഫുഫയ്ലും ആഘോഷിക്കപ്പെടുന്നു. റുഫായിലും റ്ഫുഫയ്ലും തങ്ങളുടെ സഖികളോടൊപ്പം ശപിക്കപ്പെടട്ടെ.

89. തർതിയോസ് തന്റെ നിരകളോടൊപ്പം ധരയുടെ അഗാധത്തിലേക്ക് താണുപോകട്ടെ. വിശ്വാസമുള്ള സഭയിൽ നിന്ന് ഡീക്കന്മാർ പിശാചിനെ ബഹിഷ്ക്കരിക്കുന്നു. എന്നാൽ സഭാസന്താനങ്ങൾ അതിനെ മുറുകെപ്പിടിക്കുകയും കടന്നുപോകാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു.

**വന്ധ്യതയ്ക്കെതിരെ മന്ത്രവാദം**

95. പള്ളിയുടെ കവാടം തുറന്നു കിടക്കുന്നെങ്കിലും ആരും പ്രാർഥിക്കാൻ കടന്നുവരുന്നില്ല. എന്നാൽ ഇടയനും ആടുകളും മന്ത്രവാദിയുടെ കവാടത്തിലേക്ക് ഓടുന്നു. സഭയിലെ പുരോഹിതനുള്ള ആദ്യഫലാർപ്പണം അവർ മന്ത്രവാദിക്കു കാഴ്ച വയ്ക്കുന്നു.



101. വന്ധ്യ പ്രാർഥിക്കാനായി ദൈവാലയത്തിലേക്ക് കടന്നുവരുന്നില്ല. മന്ത്രവാദികളിൽ നിന്ന് മക്കളുണ്ടാകാൻ അവൾ അവരോടപേക്ഷിക്കുന്നു.

105. സാറായും റിബേക്കായും റാഹേലും ദൈവത്തോട് അപേക്ഷിക്കുകയും അനുഗ്രഹം നിറഞ്ഞ മക്കളെ അവനിൽ നിന്ന് ദാനമായി ലഭിക്കുകയും ചെയ്തു.

109. ഹന്നാ വിശുദ്ധ സ്ഥലത്തേക്ക് കുതിക്കുകയും പ്രാർഥിക്കുകയും അവൾക്ക് സാമുവേലിനെ ലഭിക്കുകയും ചെയ്തു. മറ്റേ ഹന്നായാകട്ടെ അറിയിക്കപ്പെട്ട വചനത്തെ കൈകളിൽ എടുത്തു (ലൂ.2,36ff.).

113. ഓ, വിഡ്ഢികളേ, ഉദരഫലം നൽകാൻ മന്ത്രവാദിക്ക് കഴിയില്ല. കാരണം, ഈ ദാനം സൃഷ്ടികർത്താവിന്റെ പക്കൽ മാത്രമേ കാണപ്പെടുന്നുള്ളു.

117. ഇയാൾ പരിശുദ്ധാത്മാവിനെ ധരിക്കാനായി സ്നാനത്തിന് അണയുന്നു. അവന്റെ സഖി താൻ ധരിച്ച വസ്ത്രം ഉരിഞ്ഞുകളയാൻ ക്ഷാളനങ്ങൾക്കായി പോകുന്നു.

121. ജലത്തിലൂടെ നാം ആത്മാവിനെ ധരിക്കുന്നു. ജലത്തിലൂടെ നാം അവനെ ഉരിഞ്ഞുകളയുന്നു. പുരോഹിതർ ദൈവത്തെയും വിശുദ്ധ സുവിശേഷത്തെയും ഉപേക്ഷിക്കുന്നു.

125. അവർ ധനമോഹത്താൽ കുറിപ്പുപുസ്തകം വഹിക്കുന്നു. അവർ മന്ത്രച്ചരടുകളും മന്ത്രോച്ചാരണങ്ങളും കൊണ്ടുവന്ന് ഗ്രന്ഥങ്ങളിൽ വയ്ക്കുന്നു.

129. ക്ഷാളനങ്ങൾ, ശുദ്ധീകരണങ്ങൾ: ജോത്സ്യൻ, നിഗൂഢ സംഘക്കാരൻ എന്നിവരുടെ മുഖം കറക്കാതിരിക്കാൻ എല്ലാവരും ശ്രമിക്കുന്നു.

133. എങ്കിലും സുന്ദരരാകാൻ ഹവ്വായുടെ പുത്രിമാർ തങ്ങളുടെ മുഖം കറുപ്പിക്കുന്നു. കൈവയ്പിലൂടെ പുരോഹിതന് തന്റെ പൗരോഹിത്യം ലഭിക്കുന്നു. അവന്റെ ശിരസ്സിലുള്ളത് കവർന്നെടുക്കാൻ അതിന്മേൽ ഉപ്പ് വിതറപ്പെടുന്നു. തന്റെ ശിരസ്സിൽ ഉപ്പ് തളിച്ചു എന്നതിൽ ലജ്ജിക്കാതെ അവൻ ഇരുന്നു കൊടുക്കുന്നു.

141. അവന്റെ പൗരോഹിത്യം രുചി കെട്ടതായി തീർന്നു. പാദത്തിൻ കീഴ് ചവിട്ടാനല്ലാതെ മറ്റൊന്നിനും അത് കൊള്ളുകയില്ല. പൈശാചിക ഗ്രന്ഥങ്ങൾ തന്റെ രക്തത്താൽ മുദ്രകുത്തിയ ഒരു ഡീക്കൻ കടന്നുവന്ന് മാലാഖയുടെ വസ്ത്രം ധരിക്കുന്നു. ഭയത്താൽ വിറയ്ക്കാത്തവൻ ആരാണ്! ആരും അവനെ സമീപിക്കരുത്. അവൻ പിശാചിന്റെ സേവകനാണ്. സാത്താനെയും അവന്റെ സഖികളെയും പോലെ അവനെ സഭയിൽ നിന്ന് ഓടിക്കണം.

**മന്ത്രവാദികളുമായും യൂദരുമായും യാതൊരു സംസർഗവും പാടില്ല.**

151. ആഭിചാരകരുടെ കൂടെ ഭക്ഷിക്കുന്നവൻ നമ്മുടെ കർത്താവിന്റെ ശരീരം ഭക്ഷിക്കരുത്. മാന്ത്രികരോടുകൂടെ പാനം ചെയ്യുന്നവൻ മിശിഹായുടെ തിരുരക്തം പാനം ചെയ്യരുത്. യൂദരോടുകൂടെ ഭക്ഷിക്കുന്നവൻ നിത്യജീവന്റെ അവകാശത്തിൽ നിന്ന് പുറന്തള്ളപ്പെടട്ടെ.

157. ഈ മൂന്നു കൂട്ടരും അഗ്നിക്കുള്ള വിറകായി തീരട്ടെ. അവരുമായി കൂട്ടുചേരുന്നവർ, യൂദർ, ആഭിചാരകർ, അവരുടെ ഗുരുവായ സാത്താൻ എന്നിവരോടുകൂടെ ഗേഹെന്നാ അവകാശമാക്കട്ടെ.

**വിലയിടിഞ്ഞ സന്ന്യാസത്തിനെതിരെ**

165. വൈദികരിൽ അശുദ്ധിയും ഡീക്കന്മാരിൽ മാലിന്യവും കാണപ്പെടുന്നു. ലോകത്തിൽ ഇപ്പോൾ സന്ന്യാസം പേരിൽ മാത്രമേ കാണപ്പെടുന്നുള്ളു. അതായത്, ക്രിസ്തുവിന്റെ പേര് മാത്രവും സാത്താന്റെ വസ്ത്രവും കാണപ്പെടുന്നു. തന്റെ ആന്തരിക മനുഷ്യനിൽ ദൈവാത്മാവ് വസിക്കുന്നതിന്, സന്ന്യാസാറകളിൽ പാർക്കുന്നവർ തങ്ങളുടെ ആത്മാക്കളെ വഴിതെറ്റിൽ നിന്ന് ഏകാഗ്രമാക്കട്ടെ.

175. ആത്മാവ് ദൈവിക ജീവിതരീതിയുടെ മഹത്വം ഉരിഞ്ഞുകളഞ്ഞിട്ട്, ബാഹ്യാവയവങ്ങളുടെമേൽ സന്യാസവസ്ത്രം വിരിക്കുന്നതുകൊണ്ട് എന്തു പ്രയോജനം? ഉപ്പിന്റെ ഉറ കെട്ടുപോയാൽ എന്തുകൊണ്ട് അതിന് ഉറകൂട്ടും? കാരണം, ഇതാ, ഉപ്പിന്റെ ഉറ കെട്ടുപോയിരിക്കുന്നു. അതിലും കൂടുതലായി അതു ഭക്ഷിക്കുന്നവരുടെ രുചിയും കുറഞ്ഞുപോയി. കാരണം, പുരുഷന്മാരും സ്ത്രീകളും കുട്ടികളുമെല്ലാം പാപത്തിന്റെ ദാസരായി തീർന്നിരിക്കുന്നു. വൈദികൻ തന്റെ പാതയിൽ നിന്ന് വഴുതി മാറിയാൽ, നേരായ പാതയിലൂടെ ആര് സഞ്ചരിക്കും?

**ന്യായവിധി, അതിന്റെ ദൂതനും മനുഷ്യരും; അതിന്റെ അപ്രതീക്ഷിതാഗമനം**

187. ന്യായാധിപന്റെ, അത്യുന്നത ന്യായാധിപന്റെ, മഹാദിനം അത്യാസന്നമായിരിക്കെ, മനുഷ്യരുടെ വിധിയാളനാകാൻ എന്നെ നിർബന്ധിക്കുന്നത് എന്താണ്? സംഭവിച്ച അടയാളങ്ങളുടെ അടിസ്ഥാനത്തിൽ മരണം അടുക്കുകയും ലോകാന്ത്യം പടിവാതിൽക്കൽ നിൽക്കുകയും ചെയ്യുന്നെങ്കിലും, ആരും അത് ഗൗനിക്കുന്നില്ല. ആ നാഴിക മറഞ്ഞിരിക്കുന്നു, സ്വർഗീയർക്കും ഭൗമികർക്കും അത് അജ്ഞാതമാണ്. സ്ത്രീയുടെ പ്രസവവേദന പോലെ മഹാഅരിഷ്ടതയുടെ നാഴിക വരുന്നു. അമ്മ ശിശുവിനെ വഹിക്കുന്നു. ശിശു സ്വച്ഛന്ദം അവളുടെ ഉദരത്തിൽ കിടക്കുന്നു. എന്നാൽ പെട്ടെന്ന് ഞൊടിയിടയിൽ ശിശു ധൃതിപ്പെടുന്നു, അപ്പോൾ വേദനയും



നിലവിളിയും കടന്നുവരുന്നു. അതുപോലെ ധരയും തന്റെ നിവാസികളെ വഹിക്കുകയും അവർ സ്വച്ഛന്ദം അതിൽ പാർക്കുകയും ചെയ്യുന്നു.

205. എങ്കിലും ഞൊടിയിടയിൽ ഗംഭീര കാഹളധ്വനി അതിൽ മുഴങ്ങുകയും അതിന്റെ അടിസ്ഥാനങ്ങൾ കുലുങ്ങുകയും ചെയ്യും. രാജാവ് എപ്പോഴുമെന്നതുപോലെ, തന്റെ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കും. തന്റെ പരിചാരകവൃന്ദം ഭീതി നിറഞ്ഞ് അവിടെ നിൽക്കും. രാജാവിന്റെ സൈന്യം അകത്തുകടന്ന് ഭയവിഹ്വലരായി സാഷ്ടാംഗപ്രണാമം ചെയ്യും.

214. കാരണം, ആരും നീതിപൂർവം വ്യവഹാരം നടത്തുന്നില്ല (ഏശാ.59,4). ഒരാൾ വിവാഹിതനാകുന്നു; മറ്റൊരാൾ വിവാഹത്തിന് കൊടുക്കുന്നു; ഒരാൾ വിൽക്കുന്നു, അപരൻ വാങ്ങുന്നു. ഒരാൾ പണിത് പൂർത്തിയാക്കുമ്പോൾ, അവന്റെ സ്നേഹിതൻ മൂലക്കല്ല് ഇടുന്നതേയുള്ളു. മണവാളൻ തന്റെ മണവറയിൽ സന്തോഷിക്കുന്നു; മണവാട്ടി തന്റെ മണവറയിലും ആനന്ദിക്കുന്നു.

221. ഒരാൾ പാടുപെട്ട് അനേകം വർഷങ്ങളിലേക്ക് സമ്പാദിച്ചുകൂട്ടുന്നു. എന്നാൽ അതിനിടയിൽ ഒരു മണിക്കൂർപോലും ഇടയില്ലാതെ ലോകം കടന്നുപോകുന്നു. അത്യാർത്തിയുള്ളവൻ അനാഥനെ കവർച്ച ചെയ്യുകയും വിധവയുടെ ഭവനം കൊള്ളയടിക്കുകയും ചെയ്യുന്നു. എന്നാൽ സ്വർഗത്തിൽ സിംഹാസനാരൂഢനായിരിക്കുന്ന ദൈവം അവന്റെ ചെയ്തികളെപ്പറ്റി ചിരിക്കുന്നു.

229. ആ നാഴിക സമാഗതമായെന്ന് മാലാഖമാരുടെ തലവനായ ഗബ്രിയേലും അവരുടെ ഭരണത്തലവനായ മിഖായേലും തിരിച്ചറിയുന്നില്ല. കാരണം, ആ നാഴികയുടെ ആഗമനം ദൈവത്തിനേ അറിയൂ. അഗ്നിമയന്മാരുടെ നിരകൾ അണിനിരക്കുകയും ആത്മമയന്മാരുടെ കൂട്ടങ്ങൾ അവിടെ നിൽക്കുകയും ചെയ്യും. പ്രധാന മാലാഖയുടെ സൈന്യങ്ങളുടെ ഇടയിൽ സമാധാനം വാഴുന്നു. അവന്റെ ബഹുമാനത്തിനായി ആറാറു ചിറകുകളുള്ള സ്രാപ്പേന്മാർ പരിശുദ്ധൻ എന്നു പാടി സ്തുതിക്കുന്നു. മഹാഭീതിയോടെ ക്രോബകൾ ഇടതടവില്ലാതെ പ്രകീർത്തിക്കുന്നു.

**ന്യായാധിപനായ ദൈവത്തിന്റെ ആഗമനം**

241. സ്വർഗവാസികളുടെ ഇടയിൽ സമാധാനവും ഭൂവാസികളുടെ ഇടയിൽ ശാന്തിയും കളിയാടുമ്പോൾ, പൗലോസ് സംസാരിച്ച, ദൈവത്തിന്റെ കാഹളധ്വനി മുഴങ്ങും (1തെസ്സ.4,16). അതാണ് പരിശുദ്ധാത്മാവ്. ത്രിത്വരഹസ്യം ഗംഭീരമായി ആകാശത്തിൽ മുഴങ്ങുകയും അത്യഗാധങ്ങളെ വിറപ്പിക്കുകയും സ്വർഗീയരുടെയും ഭൗമികരുടെയും ഇടയിൽ പെട്ടെന്ന്

അമ്പരപ്പ് ഉണ്ടാകുകയും ചെയ്യും. ഉന്നതത്തിലെ കടൽ സംസാരിക്കുകയും ആഴത്തിലെ കടൽ പ്രത്യുത്തരിക്കുകയും ചെയ്യും.

253. അത് ശക്തിപൂർവം മറിച്ചിടപ്പെടും; ധര മുഴുവൻ കുലുങ്ങും; കടൽ കൽപ്പന സ്വീകരിച്ച് വെള്ളം മുഴുവൻ ചോർത്തിക്കളയും. ഉറവകളുടെയും നദികളുടെയും ജലത്തിന്റെ ഒഴുക്കിന് അന്ത്യം കുറിക്കും. ഉന്നതപർവതങ്ങൾ അലിഞ്ഞുപോകും. മലകൾ ഇല്ലാതാകും. ഈ ലോകം ഇല്ലായ്മയിൽ നിന്ന് സൃഷ്ടിക്കപ്പെട്ടതുപോലെ, ഇല്ലായ്മയായിത്തീരും. രണ്ടുപേർ ഒരു കിടക്ക യിൽ ആയിരിക്കും. ഒരാൾ എടുക്കപ്പെടും, മറ്റെയാൾ ഉപേക്ഷിക്കപ്പെടും (ലൂ.17,34).

265. മാലാഖമാർ നീതിമാന്മാരെ മുകളിൽ ഉന്നതത്തിലേക്ക് നയിക്കും. പാപികൾ അഗ്നിയിൽ നശിക്കാനായി ഉപേക്ഷിക്കപ്പെടും. മേലാകാശം തുറക്ക പ്പെടുകയും ഗ്രന്ഥച്ചുരുൾപോലെ ചുരുട്ടപ്പെടുകയും ചെയ്യും. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അവിടെ നിന്ന് എന്നേക്കുമായി അപ്രത്യക്ഷമാകും.

273. സ്വർഗീയസൈന്യങ്ങൾ സംഭീതരാകും; അഗ്നിമയമായ ദൈവ വാഹനം വിറയ്ക്കും. എല്ലാ നിരകളും മഹാസംഭ്രമത്താൽ പരസ്പരം കൂട്ടി ക്കുഴയുകയും ചെയ്യും. ഉന്നതത്തിൽനിന്ന് ആത്മാവ് താണിറങ്ങിവന്ന് ധരയുടെ പാപം നീക്കിക്കളയും. വിശുദ്ധരുടെ അസ്ഥികൾ മിന്നൽപ്പിണർ പോലെ മുകളിലേക്ക് പറക്കും. ഉന്നതത്തിൽ നിന്ന് കടൽ താഴേക്ക് വന്ന് ധര മുഴുവൻ കഴുകും. ദാവീദ് പറഞ്ഞതുപോലെ അത് ഭൂമിയുടെ മുഖം നവീകരിക്കും.

285. അഗ്നിമയന്മാരുടെ നിരകൾ അവിടെ നിൽക്കും. അവൻ എവിടെ പ്രകാശിക്കുന്നെന്ന് അവർ തിരിച്ചറിയുകയില്ല. അവന്റെ ബഹുമാനത്തിനായി പുറപ്പെടാൻ അവർ അന്വേഷിക്കുമെങ്കിലും, തങ്ങൾ എങ്ങോട്ട് തിരിയണ മെന്ന് അവർക്ക് ഗ്രഹിക്കാൻ കഴിയുകയില്ല. സ്തുതികീർത്തനങ്ങളാൽ ധരയുടെ നാലുകോണുകളും നിറയും. ആ രണ്ടാംവരവിൽ പിതാവിനെ കൂടാതെ ആയിരിക്കയില്ല പുത്രൻ ആഗതനാകുക.

293. അപ്പോൾ അളവില്ലാത്ത മഹാപ്രതാപത്തിൽ ത്രിത്വം സമാ ഗതമാകും. ഒരു കഴുതക്കുട്ടിയുടെ പുറത്തുകയറിയല്ല, പിന്നെയോ, സ്ഫടിക സിംഹാസനത്തിൽ മഹിമയിൽ സംവഹിക്കപ്പെടുന്നവൻ ആയിട്ടായിരിക്കും.

297. വിധിക്കപ്പെടാനല്ല, പിന്നെയോ, സൃഷ്ടിയെ വിധിക്കാനായി അവൻ വരും. ആത്മീയ ജറുസലേം ഉന്നതത്തിൽ നിന്ന് താഴേക്ക് വരാനായി യാത്ര പുറപ്പെടും (ഗലാ.4,26; എബ്രാ.12,22). പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും തികഞ്ഞ ബഹുമതിയോടെ അത് അകമ്പടി



സേവിക്കും. ഭീതിജനകവും സംസാരശക്തിയുള്ളതുമായ അഗ്നി ഗംഭീര ശബ്ദത്തിൽ സ്തുതിയർപ്പിക്കും.

305. അവൻ ഏതു ഭാഗത്തുനിന്ന് പ്രകാശിച്ചാലും അവന്റെ ബഹുമാന ത്തിന് ഒന്നിച്ചു പുറപ്പെടാൻ ആകാശത്തിന്റെ നാല് കോണുകളിലും അഗ്നിമയർ കാണപ്പെടും. അവിടുന്ന് സുവിശേഷത്തിൽ സൂചിപ്പിച്ചതു പോലെ, കിഴക്കു നിന്നായിരിക്കും അവൻ പ്രകാശിച്ചുകൊണ്ടുവരിക. രാജാവിന്റെ മുമ്പിലെ വിജയപതാകപോലെ അവന്റ മുമ്പിൽ കുരിശ് പ്രത്യക്ഷപ്പെടും.

313. അവന്റെ സൈന്യനിര അവനെ ദർശിക്കുകയും അവനെ ബഹു മാനിക്കാനായി അവന്റെ നേരേ പറന്നു വരികയും ചെയ്യും. ഗബ്രിയേലും അവന്റെ കൂട്ടവും ഭീതിപൂണ്ടു, മിഖായേലിനെ വിറയൽ ബാധിച്ചു. അവന്റെ വാഹനത്തിനടുത്തേക്ക് തങ്ങളുടെ ആറാറു ചിറകുകളോടുകൂടെ സ്രാപ്പേ ന്മാർ പറന്നടുക്കുന്നു. ക്രോബകളും മാലാഖമാരുടെ സമസ്ത നിരകളും ഇടതടവില്ലാതെ സ്തുതി അർപ്പിക്കുന്നു. അഗ്നിമയരും ഭീതിപൂണ്ട് അവന്റെ അടുത്തേക്ക് വരുന്നു.

**മനുഷ്യർ ഗോഗുൽതായിൽ ന്യായാധിപന്റെ സിംഹാസനത്തിനടുത്തേക്ക് ഓടിക്കൂടുന്നു.**

323. അവന്റെ കുരിശു നാട്ടിയിടത്തേക്ക് അവൻ വരും. അവന്റെ വാഹനം അവിടെ നിലയുറപ്പിക്കും. ജറുസലേമിനടുത്ത് ജറുസലേം, ഭൗമികമായതിനടുത്ത് സ്വർഗീയം. പിതാവിന്റെ സിംഹാസനം അലംകൃത മായിരിക്കും. പുത്രൻ വലത്തുവശത്തിരിക്കും (മത്താ.26,64). ആ സ്വർഗീയ ജറുസലേമിനു ചുറ്റും അഗ്നിക്കടലുണ്ടായിരിക്കും. ഇടത്തും വലത്തുമായി ശ്ലീഹന്മാർക്കു വേണ്ടിയുള്ള സിംഹാസനങ്ങളും സജ്ജമാക്കിയിരിക്കും.

333. പരേതർ തങ്ങളുടെ കബറുകളിൽ നിന്ന് വരാൻ മിശിഹാ കൽപന കൊടുക്കും. ഞൊടിയിടയിൽ ജനതകളുടെ ഉത്ഥാനം സംഭവിക്കും. കാറ്റിനെയും കൊടുംകാറ്റിനെയുംകാൾ വേഗത്തിലായിരിക്കും അവർ ഒന്നിച്ചുകൂടുക. ഓരോ വിഭാഗവും വിറച്ചുകൊണ്ട് ആകാശത്തിന്റെ നാലു കോണുകളിൽ നിന്നും വരും. കാരണം, ഭൂമിയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ അവർ പുത്രന്റെ കുരിശ് ദർശിക്കും. സ്ലീബായിൽ അഭയം തേടിയവർ അതിന്റെ ദർശനത്തിൽ സന്തോഷിക്കും.

345. അതിന്റെ മുമ്പിൽ യൂദർ ലജ്ജിക്കും; കാരണം, അവർ മിശി ഹായെ കുരിശിൽ തറച്ചു. മാലാഖമാർ, മനുഷ്യർ, ഗേഹെന്നായുടെ സന്തതി കളായ പിശാചുക്കൾ എന്നീ മൂന്നു വിഭാഗക്കാരും അവിടെ ഭയത്തോടും വിറയലോടും കൂടെ നിലകൊള്ളും. അവിടെ ന്യായാധിപന്മാരായിരിക്കുന്ന

ശ്ലീഹന്മാരും ഭയപ്പെടും. ഗബ്രിയേലും മിഖായേലും അവിടെ ഞെട്ടിവിറച്ചു നിൽക്കും. സംഭ്രമം പിടികൂടാതെയും തന്റെ മേൽ തന്നെ ഹാ, കഷ്ടം എന്ന് ഉച്ചരിക്കാതെയും, പൂർണമായി അഗ്നിജ്വാല നിറഞ്ഞ ആ ദിനം ആർക്കു ദർശിക്കാനാകും?

**നീതിമാന്മാർ ന്യായാധിപന്റെ മുമ്പിൽ**

359. നീതിമാന്മാർ ആ ആത്മീയജറുസലേം ദൂരെനിന്നു തന്നെ കാണും. അതിനെ അവകാശപ്പെടുത്താനായി അകത്തു കടക്കാൻ അനുവദിക്കപ്പെടുന്നവരെ അവർ ഭാഗ്യവാന്മാർ എന്നു പ്രകീർത്തിക്കും. തങ്ങളുടെ കരങ്ങളിൽ തങ്ങളുടെ സമ്മാനങ്ങളും തങ്ങളുടെ ശരീരങ്ങളിൽ തങ്ങളുടെ പീഡനങ്ങളുടെ അടയാളങ്ങളും വഹിച്ചുകൊണ്ട് രക്തസാക്ഷികൾ അവിടെ നിൽക്കുകയും ഭാഗ്യവാന്മാർ എന്ന് വിളിച്ചുപറയുകയും ചെയ്യും.

367. അവിടെ ഒരാൾ ശോഭയാൽ പൊതിയപ്പെട്ടിരിക്കും. അപരൻ ലജ്ജകൊണ്ട് വിവർണനാകും. കാരണം, തങ്ങളുടെ ചെയ്തികളാണ് തങ്ങളുടെ ശരീരങ്ങളിൽ ഓരോരുത്തരും ധരിച്ചിരിക്കുന്ന വസ്ത്രം. ഒരാൾ ഉപവാസത്തിന്റെയും ജാഗരണത്തിന്റെയും പ്രാർഥനയുടെയും താഴ്മയുടെയും വസ്ത്രവും വിശ്വാസത്തിന്റെ പുറങ്കുപ്പായവും സംശുദ്ധതയുടെ കിരീടവും ധരിച്ചിരിക്കുന്നു.

375. മറ്റൊരാളുടെ അവയവങ്ങളിൽ ഇരുമ്പു ചീപ്പുകളുടെയും പീഡനങ്ങളുടെയും അടികളുടെയും വടുക്കളാൽ മുദ്രിതമായിരിക്കുന്നു. വേറൊരാൾ തന്റെ തോളിൽ ചുട്ടുപഴുത്ത ഇരുമ്പും വെട്ടിമാറ്റപ്പെട്ട അവയവങ്ങളും വഹിക്കുന്നു. ഇരുമ്പുചട്ടത്തിലും തീയിലും കീലിലും കത്തിച്ച ശരീരവുമായി വേറൊരാൾ അവിടെ നിൽക്കുന്നു. മറ്റൊരാൾ ബലാൽസംഗ വിധേയമായും കൊള്ളയടിക്കപ്പെട്ടും വിശന്നും ദാഹിച്ചും പീഡനമേറ്റും അവിടെ നിൽക്കുന്നു.

383. ഇവർ മരുഭൂമിയിൽ നിന്നു വന്നവരും കുരിശിന്റെ അടയാളം വഹിക്കുന്നവരുമാണ്. എല്ലാറ്റിൽ നിന്നുമുള്ള വിമോചനം അവരിൽ ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളവന് ഉള്ളതാണ്. തങ്ങളുടെ സത്കർമങ്ങൾ തങ്ങളോടൊപ്പം വഹിച്ചുകൊണ്ട് വിശുദ്ധരും തങ്ങളുടെ ശുശ്രൂഷകരോടൊപ്പം മരുഭൂമിയിലെയും മലകളിലെയും ഏകാന്തവാസികളും അവിടെ നിൽക്കും. ഭാഗ്യവാന്മാർ അവിടെ നിൽക്കും. അവരോടൊപ്പം അവരെ ശുശ്രൂഷിച്ചവരും. തങ്ങൾ ഉപയോഗിച്ച അനുതാപ വസ്ത്രത്തോടൊപ്പം അവിടെ ചിലരും നിൽക്കും.

**പാപികൾ ന്യായാധിപസമക്ഷം**

395. തങ്ങൾ ചെയ്തുകൂട്ടിയ ദുഷ്ടതയുടെ വസ്ത്രമണിഞ്ഞ് മറ്റുള്ളവർ നിൽക്കും. ചിലർ അവിടെ നാറുന്ന വസ്ത്രധാരികളായിരിക്കും. വ്യഭിചാരികൾ നാറുന്ന ചെളിതേച്ച് അവിടെ നിൽക്കും. വിഷയാസക്തർ വസ്ത്രമുരിഞ്ഞ് പരിപൂർണ നഗ്നരായി അവിടെ നിൽക്കും. അശുദ്ധന്റെ നാറ്റം അസഹ്യമായതിനാൽ എല്ലാവരും അവനെ ഓടിക്കും.



405. കൊലപാതകി രക്തനിറമുള്ള മേൽവസ്ത്രം തന്റെ ശരീരത്തിൽ ധരിച്ചിരിക്കും. മന്ത്രവാദിക്കു ചുറ്റും പിശാചുക്കളും അശുദ്ധാത്മാക്കളും കൂടി നിൽക്കും. കൊലപാതകിയെ തന്റെ അർപ്പണം തടഞ്ഞു നിർത്തുന്നതിനാൽ, നീതിമാനായ ന്യായാധിപാ, എനിക്കു നീതി നടത്തിത്തരണമേ എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ട് അവിടെ നിൽക്കും.

413. തന്റെ പ്രബോധനഭാരം വഹിച്ചുകൊണ്ട് പാഷണ്ഡി അവിടെ നിൽക്കും. അതിൽ നിന്ന് ഒരു ചെറിയ അക്ഷരം പോലും മറഞ്ഞിരിക്കുകയില്ല... ദൈവദൂഷണം നിറഞ്ഞ തന്റെ ഗ്രന്ഥത്തോടുകൂടെ ആരിയസ് അവിടെ നിൽക്കും. സഭയിൽ നിന്ന് പിളർന്നു മാറിയ എല്ലാ നുണയരും അവനോടൊപ്പം നിൽക്കും. മന്ത്രവാദികളായിത്തീർന്ന പുരോഹിതർ തദവസരം എന്തുചെയ്യും? സാത്താൻ തന്റെ സ്വന്തക്കാരെ അറിയുമ്പോൾ, അവർ എവിടെ ഒളിക്കും?

425. മന്ത്രത്തകിടിന്റെയും ആഭിചാരത്തിന്റെയും പിറകെ ഇറങ്ങിത്തിരിച്ച് വിഭ്രാന്തി പിടിച്ച ഡീക്കന്മാർ, പിശാചുക്കളുടെ ഇടയിൽ തങ്ങൾ കാണപ്പെടുമ്പോൾ, ആ സമയത്ത് എവിടെ പോകും? തന്റെ മറുപടിയിലൂടെ മിശിഹായുടെ അജഗണത്തെ വഴിതെറ്റിച്ച പുരോഹിതൻ മന്ത്രവാദികളുടെ കൂടെ പരിഗണിക്കപ്പെടും. ആഭിചാരകരിൽ നിന്ന് അവൻ വേർതിരിക്കപ്പെടുകയില്ല.

433. അശുദ്ധ പിശാചുക്കളുടെ നാമങ്ങളോടു കൂടിയ തകിട് തങ്ങളുടെ കഴുത്തിൽ കെട്ടിത്തൂക്കിയവരെ കുറ്റപ്പെടുത്താനായി അത് തങ്ങളുടെ കൈകളിൽ വഹിച്ചുകൊണ്ട് അവിടെ നിൽക്കും. സ്നാനാനന്തരം കിണറ്റുകരകളിലും ഉറവകൾക്കടുത്തും ക്ഷാളനം നടത്തിയവർ വിജാതിയരുടെ കൂടെ നിർത്തപ്പെടും. യൂദരിൽ നിന്ന് വേർതിരിക്കപ്പെടുകയുമില്ല.

441. രക്തംകൊണ്ട് തങ്ങളുടെ ശരീരത്തിൽ യോട്ടാ എന്നെഴുതുകയും ഒപ്പിടുകയും ചെയ്തവർ, കുപ്രസിദ്ധരായ യാനിസ്, യാംബ്രിസ് എന്നിവരോടൊപ്പം നിൽക്കും. യൂദരുമൊത്ത് തിന്നുകുടിച്ച് സംസർഗം പുലർത്തിയവർ, ക്രൂശാരോഹിതരുടെ സഖികൾ എന്ന നിലയിൽ അവിടെ ആരോപണ വിധേയരായി നിൽക്കും. ന്യായവിധി നടത്താൻ വരുന്ന ന്യായാധിപനെ കാത്ത് ഇവർ അവിടെ നിൽക്കുകയും പരസ്പരം പരിശോധിക്കുകയും കിടിലം കൊള്ളുകയും ചെയ്യും.

**മിശിഹാ ദൈവമനുഷ്യനായി വെളിപ്പെടുത്തുന്നു. ശ്ലീഹന്മാരുടെ സിംഹാസനങ്ങൾ**

453. അപ്പോൾ പെട്ടെന്ന് രാജാവിന്റെ മുമ്പിലെ മൂടുപടം നീക്കപ്പെടും. താൻ ദൈവവും മനുഷ്യനുമാണെന്ന് മിശിഹാ കാണിക്കും. സൈന്യനിരകൾ സംഭ്രമത്തിലും മഹാഭീതിയിലും സാഷ്ടാംഗപ്രണാമം ചെയ്ത് അവനെ ആരാധിക്കും. തൂവാലകൾകൊണ്ടും അഗ്നികൊണ്ടും ആത്മാവിനെ കൊണ്ടും സിംഹാസനങ്ങൾ അലംകൃതമായിരിക്കും. ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളെ വിധിക്കാനായി ശ്ലീഹന്മാർ ഉപവിഷ്ടരായിരിക്കും. ശ്ലീഹന്മാരുടെ തലവനായ ശെമയോന്റെ മുമ്പാകെ യൂദാഗോത്രം കടന്നു വന്നു നിൽക്കും. നീതിപൂർവം വിധിക്കാൻ ഓരോ ശ്ലീഹായ്ക്കും തന്റെ ഗോത്രജരെ ലഭിക്കും.

467. ആദ്യമനുഷ്യനും സമസ്ത സൃഷ്ടികളുടെയും തലവനുമായ ആദം, ദൈവത്വത്തിന്റെ ന്യായാസനത്തിൻ മുമ്പാകെ ആദ്യമായി ആനീത നാക്കപ്പെടും. ഹാബേൽ കടന്നുവരും, ആദ്യകൊലപാതകിയായ കായേൻ ആനീതനാക്കപ്പെടും. കൊലയാളിയുടെയും കൊല്ലപ്പെട്ടവന്റെയും മേലുള്ള വിധിവാചകം നീതിപൂർവകമായിരിക്കും. കൊല്ലപ്പെട്ടവൻ രാജ്യത്തിലേക്ക് പ്രവേശിക്കും, കൊലയാളി ശിക്ഷിക്കപ്പെടും.

477. തന്റെ ആദ്യജാതനുവേണ്ടി അപേക്ഷിക്കാൻ ആദത്തിനു കഴിയുകയില്ല. നീതിമാന്മാരും രാജ്യസന്തതികളുമായ ശേതും അവ നോടൊപ്പം ഏനോശും പ്രവേശിക്കും. തന്റെ സത്കർമങ്ങൾ നിമിത്തം സംവഹിക്കപ്പെട്ട ഹാനോക്ക് കടന്നുവരും. അവൻ കടന്നുവന്ന് ആരാധിക്കു കയും രാജ്യത്തിലേക്ക് കടക്കാമെന്ന എഴുത്ത് സ്വീകരിക്കുകയും ചെയ്യും

485. നോഹ വരികയും ശേം, ഹാം, യാഫേത് എന്നീ മൂന്ന് വിശുദ്ധ മുന്തിരിവള്ളികളെ തന്നോടൊപ്പം ആനയിക്കുകയും ചെയ്യും. ആത്മാവ് നെയ്തെടുത്ത വസ്ത്രം ധരിച്ചുകൊണ്ട് മൽക്കീസദെക്ക് കടന്നുവരും. മനുഷ്യൻ എന്നതിനു പകരം അവനെ ദൈവമെന്നു വിളിച്ചവർ ലജ്ജിത രാകും. അബ്രഹാം സന്തോഷദായകഫലമായ ഇസഹാക്കിന്റെ കരം പിടിച്ചുകൊണ്ട് പ്രവേശിക്കും. കത്തിയിൽ നിന്ന് തന്നെ രക്ഷിച്ചവനെ അവൻ കടന്നുവന്ന് ആരാധിക്കുകയും പ്രകീർത്തിക്കുകയും ചെയ്യും. യാക്കോബും അവനോടുകൂടെ അത്യാർത്തിയുള്ള തീറ്റിപ്പണ്ടാരമായ ഏശാവും കടന്നുവരും. യാക്കോബ് രാജ്യത്തിലേക്ക് പ്രവേശിക്കും, തീറ്റിപ്പണ്ടാരം എന്ന നിലയിൽ മറ്റയാൾ വിധിക്കപ്പെടും.

500. പ്രവാചകന്മാരുടെ തലവനും തെരഞ്ഞെടുക്കപ്പെട്ട വിശുദ്ധനു മായ മോശയും അവനോടൊപ്പം മിശിഹായുടെ വരവിനെപ്പറ്റി പ്രവചിച്ച എല്ലാ പ്രവാചകന്മാരും കടന്നുവരും. വിശുദ്ധ സ്തെഫാനോസ് കടന്നുവന്ന്



ആരാധിച്ച് സ്തുതിയർപ്പിക്കും. പരിപാവനമായി കിരീടം ധരിപ്പിക്കപ്പെട്ട എല്ലാ രക്തസാക്ഷികളും അവനോടൊപ്പം കടന്നുവരും. പൗലോസും അവനോ ടൊപ്പം എല്ലാ സഭാമൽപ്പാന്മാരും, ശരിയായവയിൽ നിന്ന് വഴിവിട്ടു പോകാഞ്ഞ തങ്ങളുടെ പ്രബോധനങ്ങളോടുകൂടെ കടന്നുവരും. ആദ്യ ജാതനും വിശുദ്ധനുമായ കോൺസ്റ്റന്റൈനും അവനോടൊപ്പം ത്രിത്വത്തെ ഏറ്റുപറഞ്ഞ എല്ലാ രാജാക്കന്മാരും കടന്നുവരും.

**ന്യായാധിപന്റെ വിധിവാചകം; ആദവും വലത്തുഭാഗത്തുള്ളവരും**

516. എന്റെ വത്സലരേ, ന്യായാധിപൻ തന്റെ വായ് തുറന്ന് സംസാരി ക്കുമ്പോൾ മഹാസംഭ്രമം ഉണ്ടാകും. ജനതകൾ മൂകരാകും. ന്യായാധിപന്റെ ചുറ്റുമുള്ള അഗ്നി മാത്രം പടപട പൊട്ടും. ദുഷ്ടരാണ് അതിന്റെ ആഹാരം. തന്റെ സമ്പാദ്യം ദുർവ്യയം ചെയ്ത ഇളയ മകനായ ആദം ആദ്യം വിളിക്ക പ്പെടും (ലൂ.15,30). അവൻ പറുദീസായുടെ വാതിൽ തുറക്കും. താൻ വിട്ടു പോന്ന സ്ഥലത്തേക്ക് അവൻ ആനയിക്കപ്പെടും. തന്റെ സമ്പാദ്യം ദുർവ്യയം ചെയ്ത ചെറിയവൻ സ്വർഗരാജ്യത്തിലെ വലിയവനായിരിക്കും എന്ന് യോഹന്നാനെപ്പറ്റി സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന വചനം പൂർത്തീകരി ക്കപ്പെടും (മത്താ.11,11).

530. മിശിഹാ തന്റെ വിശുദ്ധരിൽ സന്തോഷിക്കും. തന്റെ ആരാധകരെ എതിരേൽക്കാൻ സന്തോഷപൂർവം ധൃതിപ്പെട്ട് അവൻ അവരോട് പറയും: എന്റെ പിതാക്കന്മാരേ, മക്കളേ, സഹോദരങ്ങളേ, സമാധാനത്താലേ വരുവിൻ. എന്റെ പിതാക്കന്മാർ: കാരണം, നിങ്ങളിൽ നിന്നാണ് ഞാൻ എന്റെ ശരീരമാകുന്ന വസ്ത്രം സ്വീകരിച്ചതും അതിലാണ് ഞാൻ പീഡ അനുഭവി ച്ചതും. എന്റെ മക്കൾ എന്നും ഞാൻ നിങ്ങളെ വിളിക്കുന്നു. കാരണം, നിങ്ങൾ രാജ്യസന്തതികളാണ്. "എന്തുകൊണ്ടെന്നാൽ എനിക്ക് വിശന്നു, നിങ്ങൾ എനിക്ക് ഭക്ഷണം തന്നു. എനിക്കു ദാഹിച്ചു, നിങ്ങൾ എനിക്കു കുടിക്കാൻ തന്നു. ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു. ഞാൻ കാരാഗൃഹത്തിലായി രുന്നു, നിങ്ങൾ വന്ന് എന്നെ സ്വതന്ത്രനാക്കി" (മത്താ.25,36).

545. അപ്പോൾ വിശുദ്ധർ വായ് തുറന്ന് ഇപ്രകാരം അവനോട് പ്രത്യുത്തരിക്കും: എന്നാൽ എന്റെ കർത്താവേ, സത്യമായും എപ്പോഴാണ് ഞങ്ങൾ നിനക്കവ ചെയ്തത്? ഞങ്ങളെ അറിയിച്ച് ഞങ്ങൾക്ക് വിശദീകരിച്ചു തന്നാലും. നീ ഭൗമികരുടെ ഇടയിൽ എങ്ങനെ ആയിരുന്നെന്ന് ഞങ്ങൾ ശാരീരികമായി നിന്നെ കണ്ടിട്ടില്ല. അപ്പോൾ അവരോട് വെളിപ്പെടുത്തി താഴെപ്പറയുന്ന വാക്കുകളിൽ വിശദീകരിച്ച് അവൻ അവരെ പഠിപ്പിക്കും: ആവശ്യക്കാരിൽ ഒരുവന് ചെയ്തവയെല്ലാം സത്യത്തിൽ എനിക്കാണ് ചെയ്തത്. നിങ്ങളുടെ സത്പ്രവൃത്തികൾ നിമിത്തം വന്ന് പ്രവേശിച്ച് രാജ്യം

അവകാശമാക്കുവിൻ (മത്താ.25,34). നീതിമാന്മാരും സത്കർമികളും അകത്തു കടന്ന് ജീവനും മണവറയും അവകാശമാക്കും.

**ഇടത്തുവശത്തെ അഭിശപ്തർ, പാഷണ്ഡികളും മന്ത്രവാദികളും**

559. ഗേഹെന്നായുടെ സന്തതികളായ നുണയർ ദുഃഖാർത്തരായി തദ്സമയം തങ്ങളുടെ സ്ഥലത്തേക്കു പോകും. സഭയിൽ പിളർപ്പുണ്ടാക്കിയ ആരിയസും അവന്റെ അനുയായികളും. മിശിഹാ രോഷാകുലനായി എഴുന്നേറ്റ് നുണയരോട് ഇപ്രകാരം പറയും: സത്യമായും ഞാൻ ദൈവത്തിന്റെ ഏകജാതനാം പുത്രനാണ്. മിശിഹാ ആയ ഞാൻ സാത്താനിൽ നിന്ന് നിങ്ങളെ രക്ഷിക്കാനും വീണുപോയ നിങ്ങളുടെ സ്വഭാവത്തെ അതിന്റെ വീഴ്ചയിൽ നിന്ന് വീണ്ടും നേരെയാക്കാനും വന്നപ്പോൾ, എന്തിന് നിങ്ങൾ എന്നെ പിളർത്തി, സഭയിൽ നിന്നു പിളർന്നു മാറി? നിങ്ങൾ പിതാവിൽ നിന്ന് അകന്നു കഴിഞ്ഞപ്പോൾ, എന്റെ മാധ്യസ്ഥ്യത്തിലൂടെ നിങ്ങളെ ഞാൻ വീണ്ടും പിതാവിനോട് അടുപ്പിച്ചു. അതിനായി, ഞാൻ ആകുന്ന അവസ്ഥയിൽ നിലനിന്നുകൊണ്ട്, നിങ്ങളിൽ നിന്ന് മനുഷ്യസ്വഭാവം സ്വീകരിച്ചു. ശപ്തനായ സാത്താനെ ഞാൻ മുക്കിക്കളയുകയും മനുഷ്യസ്വഭാവത്തെ രക്ഷിക്കുകയും ചെയ്തു. നുണയരേ, നിങ്ങളുടെ ഗ്രന്ഥങ്ങളിൽ നിങ്ങൾ വായിച്ച് , നിങ്ങൾ എത്രമാത്രം വഴിതെറ്റിയെന്നു കാണുവിൻ.

581. ഓ, അബദ്ധ പ്രബോധകരേ, നിങ്ങളിൽ നിന്ന് ഞാൻ എത്രമാത്രം അപവാദങ്ങളും നിന്ദനങ്ങളും സഹിച്ചു! ഞാൻ ദൈവപുത്രനല്ലെന്ന് ഒരാൾ പറഞ്ഞു! ഞാൻ മനുഷ്യശരീരം എടുത്തില്ലെന്ന് മറ്റൊരാൾ അവജ്ഞാപൂർവം പറഞ്ഞു. ഒരു മനുഷ്യനോടു കൂടെയുള്ള ദൈവമാണെന്ന് നിങ്ങളിലൊരാൾ കരുതി. ഞാൻ ഒരു മായാരൂപം കാട്ടിയതേയുള്ളു എന്ന് നിന്ദ്യമായി മറ്റൊരാൾ പുലമ്പി. ഓ, നുണയരേ, നിങ്ങളിലൊരാൾ അപവാദത്തിന്റെ മടിത്തട്ടിലിറങ്ങി പറഞ്ഞു: ജനനത്തിനും പീഡനത്തിനും മരണത്തിനും വരാൻ കഴിയുക ദൈവത്തിൽ നിന്ന് അകന്നിരിക്കട്ടെ. ഞാൻ നിങ്ങളെ രക്ഷിച്ച എന്റെ കൃപയ്ക്ക് നിങ്ങൾ നന്ദികേട് തിരികെത്തന്നു.

597. നിങ്ങൾ എന്റെ പുരോഹിതരോ, എന്റെ അജഗണത്തിന്റെ ഇടയന്മാരോ അല്ല. നിങ്ങൾ ദുഷ്ടന്റെ ശിഷ്യരാണ്. അവനോടൊപ്പം നിങ്ങൾ ഗേഹെന്നാ അവകാശമാക്കുവിൻ. അവർ അവിടെ നിന്ന് സങ്കടത്തോടെ ഏറ്റവും പുറത്തുള്ള അന്ധകാരത്തിലേക്ക് പോകും. സഭയിൽ പിളർപ്പുണ്ടാക്കിയ ആരിയസും അവന്റെ അനുയായികളും!

605. ഈ ആദ്യവിഭാഗക്കാരേക്കാൾ ദുഷ്ടരായ മറ്റ് നുണയർ ഉടൻ തന്നെ കടന്നുവരും. "മിശിഹായേ, ഞങ്ങളിൽ കനിയണമേ" എന്ന് കടന്നുവന്ന് താണുവീണ് അവർ ഉച്ചത്തിൽ വിളിച്ചുപറയും. എന്നാൽ അവർ മിശിഹായെ തള്ളിപ്പറഞ്ഞെന്ന് അവരുടെ മുഖത്തു രേഖപ്പെടുത്തിയിരിക്കുന്നു. "ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽ നിന്നകലുവിൻ" എന്ന് അവൻ അവരോടു പറയും (മത്താ.25,41).



613. കാരണം, മനുഷ്യരുടെ മുമ്പിൽ നിങ്ങൾ എന്നെ തള്ളിപ്പറഞ്ഞു; എന്റെ പിതാവിന്റെ മുമ്പിൽ ഞാൻ നിങ്ങളെ തള്ളിപ്പറയുന്നു (മത്താ.10,33). നിങ്ങളുടെ പിതാവായ സാത്താനോടു കൂടെ ഗേഹെന്നാ അവകാശമാക്കുവിൻ! അവർ തന്നോടൊത്ത് ഗേഹെന്നായിൽ ആയിരിക്കാൻ, ദുഷ്ടൻ നുണയരെ തന്നോടൊപ്പം കൂട്ടിക്കൊണ്ടുപോകും. ഇതുപോലെ മന്ത്രവാദികളുടെ നിരകളെല്ലാം കടന്നുവരും. അവരോടൊപ്പം സഭയിലെ ദുഷ്പ്രവൃത്തിക്കാരായ എല്ലാ വൈദികരും പാപികളായ ഡീക്കന്മാരും കൂടിക്കലർന്നും ഇടകലർന്നും കടന്നുവരും. മന്ത്രവാദി, ജോത്സ്യൻ, ആഭിചാരകൻ, പാമ്പാട്ടികൾ, മാഗ്യർ, കൽദായർ തുടങ്ങിയവരെല്ലാം നുണയന്റെ ശിഷ്യരാണ്.

629. അവരുടെ ഇടയിൽ ഉത്തരം നൽകിയവർ, നിറമുള്ള ഏലസ്സ് കുത്തിയവരും ക്ഷാളനങ്ങളും ശുദ്ധീകരണങ്ങളും നടത്തിയവരും പൈശാചികനാമങ്ങൾ ഉപയോഗിച്ചവരും ഉണ്ട്. അവരുടെ കൂടെ... ശിശുക്കളുടെ കണ്ണ് തുരന്നെടുത്തവരും കണ്ഠാഭരണവും ഇടക്കെട്ടും ഉണ്ടാക്കിയവരും പാപപങ്കിലമായ ഉപ്പ് വിതറിയവരും മന്ത്രവാദികളെ സ്നേഹിക്കുകയും അവരുടെ സേവനം സ്വീകരിക്കുകയും ചെയ്ത സകലരുമുണ്ട്. ദൈവം അവർക്ക് ഭീകരമായ മറുപടി നൽകി ഇപ്രകാരം പറയും: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ ആരാണെന്ന് എനിക്കറിയില്ല. സാത്താനേ, വന്ന് നിന്റെ ശിഷ്യരെ എടുത്തുകൊള്ളുക. നിന്നോടൊപ്പം ഇവർ ഗേഹെന്നാ അവകാശപ്പെടുത്തട്ടെ.

645. പിന്നീട് മുഖം മറയ്ക്കാതെ നഗ്നരായി ചിലർ കടന്നുവരും; ഈറയരും മാലാഖമാരും മനുഷ്യരും അവർക്ക് ഹാ, കഷ്ടം ഉച്ചരിക്കും. പ്രകൃതിദത്തമായ കുടുംബബന്ധം ശിഥിലമാക്കാൻ പരിശ്രമിച്ചവരാണവർ. തന്നെ പ്രസവിച്ച മാതാവുമായി ലൈംഗികബന്ധം പുലർത്താൻ ശ്രമിച്ചവനാണ് ഒരുവൻ. തന്റെ വധുവിന്റെ സഖിയുമായി ബന്ധത്തിലേർപ്പെടാൻ തുനിഞ്ഞവനാണ് അപരൻ. അവൻ ദൈവാലയം അശുദ്ധമാക്കി. അവനെ പരിശുദ്ധാത്മാവ് അപമാനിതനാക്കും. മറ്റൊരുത്തൻ അമ്മയെയും മകളെയും ഒപ്പം ഭാര്യയാക്കി; വീണ്ടും വേറൊരുത്തൻ രണ്ടു സഹോദരികളെയും. കുട്ടികളെ ബലാൽക്കാരം ചെയ്തവരെയും മൃഗങ്ങളുമായി ബന്ധം പുലർത്തിയവരെയും അവിടെ കാണാം. ഇവരെല്ലാം നഗ്നരായി ന്യായാധിപന്റെ മുമ്പിൽ ആനീതരാകും.

**ന്യായവിധിയുടെ അഗ്നിയിലൂടെയുള്ള തെളിവ്**

666. ശാരീരികനും നിന്ദ്യനുമായ പിശാചിന്റെ മുഖം കാണാതിരിക്കാൻ, പിന്നീട് ഒരഗ്നിവിരി വന്ന് ന്യായാധിപന്റെ മുമ്പിൽ വിടർന്നു നിൽക്കും.

ഓരോരുത്തരും താന്താങ്ങളുടെ സ്ഥാനത്തേക്കു പോകാൻ ന്യായാധിപൻ കൽപ്പന നൽകും. ആദ്യമനുഷ്യൻ എഴുന്നേറ്റ് ആ ഭീകരമായ അഗ്നിജ്വാല ക്കടലിലൂടെ കടക്കും. അവനു പിന്നാലെ അഗ്നിയെ ഭയക്കാതെ വിശുദ്ധരും കടക്കും. യഥാർഥത്തിൽ ഭയവും വിറയലും ഉത്കണ്ഠയും നടുക്കവും... കാരണം, ആ അഗ്നിക്കടൽ കണ്ടിട്ട് ആരാണ് ഭയക്കാത്തത്?

680. ശ്ലീഹാ അഗ്നിയിലൂടെയുള്ള ഈ യാത്ര ആത്മാവിൽ മുൻകൂട്ടി കാണുകയും സ്വരമുയർത്തി ഇപ്രകാരം പറയുകയം ചെയ്തു: "എല്ലാം അഗ്നി ശോധന ചെയ്യും" (1കൊറി.3,13). അതിന്റെ മുമ്പിൽ വിശുദ്ധർ ഭയക്കുകയും അഗ്നിമയർ വിറയ്ക്കുകയും ചെയ്യും. ആ അഗ്നിക്കടലിനു മുമ്പിൽ നീതി മാന്മാർ ഭയപ്പെടുന്നെങ്കിൽ, പാപികളും ദുഷ്കർമികളും അതിനെ എങ്ങനെ സമീപിക്കും! ശെമയോൻ ജലത്തിൽ ഭയചകിതനായി; അപ്പോൾ അഗ്നി ക്കടലിനെ ഭയക്കാത്തത് ആരാണ്! അവിടെ നിന്നുകൊണ്ട് ഭീതിജന കരായ ദൂതന്മാർ, കടന്നുപോകാൻ മനുഷ്യരെ നിർബന്ധിക്കും. അവർ അവരെ കൂട്ടങ്ങളായി അഗ്നിയുടെ മധ്യത്തിലേക്ക് തള്ളിവിടും. അപ്പോൾ മനുഷ്യർ നീതിമാന്മാരുടെ സത്പ്രവൃത്തികൾ തിരിച്ചറിയും. തദവസരം പരിശോധന യിലൂടെ ഗോതമ്പും പതിരും, നീതിമാന്മാരും പാപികളും, വിശുദ്ധരും ദുഷ്ടരും വേർതിരിക്കപ്പെടും. തദവസരം മനുഷ്യരുടെ സത്കർ മങ്ങൾ ഉയർന്നുവരും: നീതിമാന്മാരുടെ ചിറകുകളായ ഉപവാസം, ജാഗരണം, പ്രാർഥന, ദാനശീലരെ വഹിക്കുന്ന കപ്പലായ ദാനധർമം. വിശുദ്ധരുടെ ശുശ്രൂഷകരെ അവരോ ടൊപ്പം ഒന്നിച്ചു ചേർക്കും. ഏകാന്തവാസികളെ സന്ദർശിച്ചവരെ അവർ തങ്ങ ളുടെ കൈകളിൽ വഹിക്കും. സത്കർമങ്ങൾ നന്മ നിറഞ്ഞ സ്ഥലത്തേക്ക് കടന്നുപോകും.

**ഗേഹെന്നാ**

716. ദുഷ്ടർ അഗ്നിക്ക് ആഹാരമായി ഗേഹെന്നായിൽ തന്നെ തങ്ങും. ഓരോരുത്തരും താന്താങ്ങളുടെ ഇടത്തിൽ എത്താനായി അഗ്നിത്തിരമാല കൾ അവരെ വഹിച്ചുകൊണ്ടുപോകും. ഒരാൾ ചെളിയിൽ പുതയും, ഒരി ക്കലും അതിൽ നിന്ന് പുറത്തേക്ക് വരികയില്ല. നിത്യമായി അഗ്നിയിലായിരി ക്കാൻ, ഒരാൾ അതിലേക്ക് എറിയപ്പെടും. മൂന്നാമൻ കൂരിരുട്ടിലേക്ക് പോകും. അവൻ പിന്നൊരിക്കലും പ്രകാശം ദർശിക്കയില്ല. വീണ്ടും വേറൊരുവൻ ആഴത്തിലേക്ക് എറിയപ്പെടും. അവൻ പിന്നൊരിക്കലും അതിൽ നിന്ന് ഉയ ർന്നു വരികയില്ല. നശിക്കാനായി ഒരുവനെ കുഴിയിലേക്ക് തള്ളിയിടും. നിത്യമായി വസിക്കാൻ മറ്റൊരുവൻ തണുത്തുറഞ്ഞ സ്ഥലത്തേക്കു വരും. ദുഷ്പ്രവൃത്തിക്കാർക്കു ഹാ, കഷ്ടം. അവർ അഗ്നിക്ക് ആഹാരമായിരിക്കും. അവർ സഹായത്തിന് നിലവിളിക്കുമെങ്കിലും അവരുടെ മേലുള്ള വിധിക്ക് അയവുണ്ടായിരിക്കയില്ല. അത്യാർത്തിക്കാർക്കും തീറ്റിപ്പണ്ടാരങ്ങൾക്കും ഹാ, കഷ്ടം! ഏതു സ്ഥലത്താണ് അവർ എത്തിച്ചേർന്നിരിക്കുന്നത്!



വിശിഷ്ടഭോജ്യങ്ങളിൽ നിന്നും വില കൂടിയ വീഞ്ഞിൽ നിന്നും അകന്നിരി ക്കുവിൻ, അവ കൂരിരുട്ടിലേക്ക് ഉരുട്ടിവീഴ്ത്തുന്നു.

**സൗഭാഗ്യവാന്മാരുടെ പടികൾ**

740. നീതിമാന്മാർ രാജ്യത്തിലേക്ക് കടക്കും. ദുഷ്ടർ ഗേഹെന്നായിൽ തന്നെ കഴിയും. പാപികൾക്കും നീതിമാന്മാർക്കും തങ്ങളുടെ പ്രതിഫലം ലഭിക്കും. നീതിമാന്മാരിൽ ഒരാൾ രണ്ടാം പടിയിലും മറ്റൊരാൾ മൂന്നാം പടി യിലും ഇരിക്കും. ഒരാൾ അഞ്ചാം പടിയിലേക്കും മറ്റൊരാൾ പത്താം പടിയി ലെക്കും ഉയർത്തപ്പെടും. ഒരാൾ മുപ്പതാം പടിയിലേക്കും മറ്റൊരാൾ ഏറ്റവും ഉയർന്ന സിംഹാസനത്തിലേക്കും കയറും. ഒരുവനുവേണ്ടി ഒരു ലതാഗൃഹം പണിയും, മറ്റൊരുവനുവേണ്ടി മണവറ സജ്ജമാക്കും.

752. ഒരാൾ മാലാഖമാരോടു കൂടെ ആയിരിക്കും, മറ്റൊരാളെ സ്രാപ്പേ ന്മാർ സ്വീകരിക്കും. ഒരാളെ ഷെകീനാ വരെ ഉയർത്തും, മറ്റൊരാളെ അതിന്റെ സമീപത്ത് വിട്ടുകളയും. ഒരാൾ പറുദീസായുടെ മധ്യഭാഗത്തായിരിക്കും, മറ്റൊരാളെ അതിൽ നിന്നു പുറത്തേക്കാനയിക്കും. ഒരാൾ കീർത്തിമാനും പരിപൂർണനും വിശുദ്ധനുമായതിനാൽ, ദൈവത്തോടുകൂടെ ആയിരിക്കും.

760. എന്തുകൊണ്ടെന്നാൽ ഓരോരുത്തർക്കും താന്താങ്ങളുടെ അധ്വാനത്തിനുള്ള പ്രതിഫലം ദൈവികനീതിയിൽ നിന്നു ലഭിക്കും. ഓ, ദൈവമേ, എല്ലാ വിശുദ്ധരുടെയും പ്രത്യാശയേ, ഞാൻ ഇപ്പോൾ നിന്നോട പേക്ഷിക്കുന്നു: കാരുണ്യം ആവശ്യമായ ആ ദിവസം നിന്റെ കാരുണ്യം അപ്രേമിന്റെ മേൽ ചൊരിയണമെ. കാരണം, ഞാൻ പാപി ആയതിനാൽ, രാജ്യത്തിൽ പ്രവേശിക്കാൻ യോഗ്യനല്ല. നിന്റെ വിശുദ്ധരുടെ ലതാഗൃഹ ത്തിനടുത്തു നിൽക്കാൻ എന്നെ യോഗ്യനാക്കിയാലും. എനിക്ക് അതുമതി. ഞാൻ അവിടുത്തേക്ക് എന്നുമെന്നേക്കും സ്തുതിയും കൃതജ്ഞതയും കരേറ്റും. ആമ്മീൻ, ആമ്മീൻ.

# 3

## അന്ത്യം, ന്യായവിധി എന്നിവയെപ്പറ്റി വിശുദ്ധ മാർ അപ്രേമിന്റെ പ്രസംഗം

### ന്യായവിധിയെയും നിത്യശിക്ഷയെയും പറ്റി അപ്രേമിന്റെ ദുഃഖം

1. ഉത്ഥാനം സംഭവിക്കുമെന്നു ഞാൻ കേട്ടു; ഞാൻ പാതാളത്തിൽ തങ്ങേണ്ടി വരില്ല എന്നതിൽ ഞാൻ സന്തോഷിച്ചു. എന്നാൽ എന്റെ സഹോ ദരരേ, ഉത്ഥാനാനന്തരം ന്യായവിധി ഉണ്ടാകുമെന്നു വീണ്ടും ഞാൻ കേട്ടു.

5. ഞാൻ ഞരങ്ങുകയും വിറയൽ എന്നെ പിടികൂടുകയും ചെയ്തു. ഞാൻ എന്റെ കടങ്ങളെയും പാപങ്ങളെയും പറ്റി ചിന്തിച്ചു. കാരണം, ന്യായവിധി എന്നെ പിടികൂടുകയാണെങ്കിൽ, ഞാൻ സൃഷ്ടിയിലേക്ക് കടന്നു വരേണ്ടതില്ലായിരുന്നു.

9. അഗ്നി എന്നെ പരിശോധിക്കുകയാണെങ്കിൽ, ഞാൻ ഉണങ്ങിയ പുല്ലായതിനാൽ, ഞാൻ അപ്പോൾ എന്തുചെയ്യും! ഇവിടെ ദുരിതപൂർണമായ ജീവിതവും അവിടെ ഭീതികരമായ ന്യായവിധിയുമാണ് എന്റെ പങ്കെങ്കിൽ, ജീവിതം കൊണ്ട് എനിക്കെന്തു പ്രയോജനം, ഉത്ഥാനം കൊണ്ട് എനിക്കെന്തു നന്മ കൈവരും?

15. നീതിമാൻ ന്യായാധിപനാകുകയാണെങ്കിൽ, ദുഷ്ടരെ പറ്റി പരിഗണന ഉണ്ടായിരിക്കുകയില്ല. അവന്റെ ശുശ്രൂഷകരുടെ നിരകൾ കർക്കശരാണെങ്കിൽ, അവന്റെ ശിക്ഷ വഴങ്ങാത്തതായിരിക്കും. അഗ്നിവാൾ വഹിക്കുമ്പോൾ, അവർ ആത്മാവിനെയും ശരീരത്തെയും കൊല്ലും.

21. അവിടെ രഹസ്യങ്ങൾ വെളിച്ചത്താകുമ്പോൾ, ഞാൻ എവിടെ ഒളിക്കും? ഹൃദയത്തിന്റെ പിറുപിറുപ്പിന് ദൈവം പ്രതികാരം ചെയ്യുമെങ്കിൽ, ആർക്ക് അവന്റെ മുമ്പിൽ നിൽക്കാൻ കഴിയും? കൺകടാക്ഷം പോലും അവൻ വിധിക്കുന്നെങ്കിൽ, സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ ആര് അവിടെ കുറ്റമില്ലാത്തവരായിട്ടുണ്ടാകും? എല്ലാ വാക്കുകളും പരിശോധനാവിധേയ മാകുമ്പോൾ, ആരാണ് തന്റെ വാക്കിൽ കുറവുള്ളവനാകാത്തത്?

29. ഇവിടെ ചെയ്യുന്നവയ്ക്ക് അവിടെയാണ് തീരുമാനമെങ്കിൽ, മനുഷ്യ രുടെ ഇടയിൽ ആരാണ് പരിപൂർണൻ? അവിടെ കാരുണ്യം ലഭിക്കയി ല്ലെങ്കിൽ, ഞാൻ അമ്മയുടെ ഉദരം വിടേണ്ടതില്ലായിരുന്നു.

33. ന്യായാധിപൻ എന്റെ യൗവനപാപങ്ങൾ പരിശോധിച്ചാൽ, എന്റെ വാർധക്യാനുതാപം നഷ്ടപ്പെട്ടതുതന്നെ. എന്നെ ഇരുട്ടിൽ തള്ളിക്കളയുക യാണെങ്കിൽ, എന്റെ പ്രാർഥനകൾ കൊണ്ട് എന്തുഫലം?

37. നരകയാതനകൾക്കു വേണ്ടി മാത്രമാണ് അവൻ എന്നെ ഉയിർ പ്പിക്കുന്നതെങ്കിൽ, എന്തുകൊണ്ട് എന്നെ പാതാളത്തിൽ ഉപേക്ഷിച്ചില്ല? കാരണം, ധനവാന്റെയും ലാസറിന്റെയും വിവരണത്തിൽ നിന്നു ഞാൻ കേട്ടതുപോലെ, അവിടെ ചെറുവിരലിൽ ഒരു തുള്ളി ജലംപോലും ലഭിക്ക യില്ല; അവിടെ പാപിയോട് ഒരു നിമിഷംപോലും കാരുണ്യം കാണിക്കു കയില്ല. ദുഷ്ടരുടെമേൽ അവിടെ അൽപംപോലും പരിഗണന ഉണ്ടാകയില്ല. പിന്നെയോ, എല്ലാവർക്കും തങ്ങളുടെ പ്രവൃത്തികൾക്കനുസരിച്ച് നീതി പൂർവം പ്രതിഫലം ലഭിക്കും.

49. ആ സ്ഥലത്തെ പറ്റി അവനിൽ നിന്നു കേട്ടവ എന്നെ ഭയപ്പെടുത്താ



ത്തതിനാൽ, അതിന്റെ ദർശനത്തിൽ ഒരു പക്ഷേ ഞാൻ ഭയപ്പെടുന്നതിന്, അതെനിക്ക് ആരെങ്കിലും ദൃശ്യമാക്കി തന്നിരുന്നെങ്കിൽ! വഞ്ചകരുടെ സ്ഥലങ്ങൾ ആരെങ്കിലും ദൂരെനിന്ന് കാണിച്ചു തന്നിരുന്നെങ്കിൽ! അപ്പോൾ ഞാൻ ജറമിയായെപ്പോലെ കുത്തിയിരുന്ന് എന്റെ പാപങ്ങളെപ്പറ്റി വിലപിക്കു മായിരുന്നു.

57. ആരെങ്കിലും എന്നെ വിശുദ്ധരുടെ സ്ഥലങ്ങളും ഭവനങ്ങളും കാണിച്ചു തന്നിരുന്നെങ്കിൽ! അപ്പോൾ എന്റെ ഇച്ഛ എന്നിൽ നിന്ന് കവർന്നതോർത്ത് ഞാൻ കുത്തിയിരുന്ന് കരയുമായിരുന്നു. കാരണം, അവിടെ പ്രാർഥനയും യാചനയും സ്വീകരിക്കപ്പെടുന്നില്ല. കണ്ണുനീർ പരി ഗണിക്കപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ ശപിക്കപ്പെട്ടവരുടെ അപേക്ഷ കൾക്ക് ആരും ചെവി കൊടുക്കുന്നില്ല.

**നരകത്തിലെ വിവിധ ശിക്ഷകൾ**

65. ഗേഹെന്നായും അതിലെ പീഡകളും ഏകരൂപമല്ല. ഒരുവനെ കുഴിയിലേക്കെറിയുന്നു, അപരനെ അന്ധകാരത്തിലേക്ക് നയിക്കുന്നു. ഒരുവനെ വാതിലിനു മുമ്പിൽ നിർത്തുന്നു, മറ്റൊരുവനെ അവന്റെ സ്വന്തം ചിന്തകൾ വിധിക്കുന്നു. ഒരുവനെ ചങ്ങലയ്ക്കിടുന്നു, അപരനെ അഗ്നിയിൽ കത്തിക്കുന്നു. ഒരുവന്റെ കൈകൾ ബന്ധിതമായിരിക്കുന്നു, അപരന്റെ കാലുകളും. ഒരുവനെ പുഴു കാർന്നു തിന്നുന്നു, അപരനെ അഗാധത്തിലേക്ക് തള്ളിയിടുന്നു. ഒരുവന് പിതാവ് പ്രവേശനം നൽകുന്നില്ല, അപരനെ പുത്രൻ ഏറ്റുപറയുന്നില്ല.

**വീണ്ടും അപ്രേം നിലവിളിക്കുന്നു**

79. ഇവരോടൊപ്പം ഞാൻ പരിഗണിക്കപ്പെട്ടാൽ, സമ്പത്തും സന്തു ഷ്ടിയും ശപ്തമാണ്. ഇവരോടൊപ്പം ഞാൻ എണ്ണപ്പെട്ടാൽ, ആഡംബരവും അധികാരവും ശപ്തമാണ്. ഇവിടെ ദുരിതപൂർണമായ ജീവിതവും ഇരക്കലും അധ്വാനവും എളിമപ്പെടുത്തലും, അവിടെ ഭീകര ന്യായവിധിയും തീയും പുഴുവും കൂരിരുട്ടും ആണെങ്കിൽ, ഞാൻ പൊടിയിൽ നിന്നുണർന്ന് ഉത്ഥാനം ചെയ്യുന്നതിൽ എന്തു പ്രയോജനം?

**പറുദീസായിലെ സന്തുഷ്ടിയുടെയും നരകത്തിലെ വേദനകളുടെയും നിത്യത**

89. അന്ത്യതീരുമാനത്തിന്റെ ഇടമാണത്, അതിന് അവസാനമില്ല. കാരണം, വിധിവാചകം അന്ത്യമാണ്, രാജാക്കന്മാർക്കു തന്നെയും അതു മാറ്റാനാവില്ല. അവിടുത്തെ വെളിച്ചം ഇരുളാകയില്ല, ഇരുട്ട് വെളിച്ചവു മാകയില്ല. അതിന്റെ കീർത്തി അവസാനിക്കുന്നില്ല, അവിടെ കരച്ചിലിന് അവസാനവുമില്ല. അവിടെ മഹത്ത്വം അണയുന്നില്ല, അവിടെ അപമാനം

നീങ്ങിപ്പോകുന്നില്ല. പ്രകാശോദ്യാനം നീതിമാന്മാർക്കും തീജ്വാല കുറ്റവാളികൾക്കും.

101. സുഖസമൃദ്ധിയിൽ ജീവിച്ചവർക്ക് വിശപ്പും ദാഹവും; ഉപവാസ കർക്ക് നന്മകളും സന്തുഷ്ടിയും. കുറ്റവാളികൾക്ക് അഗ്നി കൊണ്ടുള്ള വാൾ; രക്തസാക്ഷികൾക്ക് പ്രകാശകിരീടം. ഉത്ഥാന നാഴികയിൽ നീതിമാന്മാർ എത്രമാത്രം സന്തോഷിക്കും! തങ്ങളുടെ കിരീടത്തിന്റെ നാഴികയിൽ സത്യവിശ്വാസികൾ എത്ര സന്തുഷ്ടർ ആയിരിക്കും!

109. കാഹളധ്വനി കേൾക്കുമ്പോൾ എത്ര ഉച്ചത്തിൽ ആയിരിക്കും അവരുടെ സ്വരം! പറുദീസാ കവാടദർശനത്തിൽ എത്ര വേഗത്തിലായിരിക്കും അവർ പറക്കുക! അവർ കല്ലറയിൽ നിന്ന് ഉത്ഥാനം ചെയ്യുമ്പോൾ, എത്ര നിഷ്കളങ്കമായിരിക്കും അവരുടെ നോട്ടം! രക്തസാക്ഷികൾ തങ്ങളുടെ ശരീരത്തിൽ തങ്ങളുടെ പീഡനങ്ങളുടെ പാടുകൾ കൂട്ടുമ്പോൾ, അവർ എത്ര ആത്മവിശ്വാസം ഉള്ളവർ ആയിരിക്കും! അഗ്നികുണ്ഠത്തിലേക്കും അന്ധകാരത്തിലേക്കും വേദനകളിലേക്കും പോകുവിൻ എന്ന് ഇടത്തു ഭാഗത്തുള്ളവരോട് പറയുന്ന നിമിഷം എത്ര കയ്പു നിറഞ്ഞതായിരിക്കും!

**അപ്രേം സ്വയം നശിച്ചവനായി കാണുന്നു**

121. എന്നാൽ എന്റെ സഹോദരരേ, എന്നെ നടുക്കിയ ആ നാഴികയിൽ ഞാൻ എന്താണ് ചെയ്യുക? പാതാളത്തിലേക്ക് മടങ്ങിപ്പോകാൻ ഞാൻ തിരി യണമോ? ആത്മാവിനെ നയിക്കുന്നവർ അതിന് എന്നെ അനുവദിക്കുന്നില്ല. പരിപൂർണരിൽ ഞാൻ അഭയം തേടട്ടെയോ? നീതി അതിന് എന്നെ അനുവദി ക്കുന്നില്ല. നീതിമാന്മാരിൽ ഞാൻ അഭയം തേടട്ടെയോ? മാലാഖമാർ എന്നെ അതിന് അനുവദിക്കുന്നില്ല.

129. ഞാൻ പറുദീസായുടെ സമീപത്തേക്കു പോകും. എന്നാൽ എന്നെ കണ്ടാലുടൻ അവർ എന്നെ പുറത്താക്കും. അവിടെ ഞാൻ എന്റെ അപരാധ ങ്ങളെല്ലാം ഓർക്കുമ്പോൾ എനിക്കു ഹാ, കഷ്ടം. കാരണം, നിഗൂഢമായിരു ന്നവ മനുഷ്യർക്കും മാലാഖമാർക്കും വെളിപ്പെടും. ഞാൻ ന്യായവിധിക്കായി പ്രവേശിക്കും. എന്റെ ശിക്ഷ അവസാനിക്കാത്തത് ആയിരിക്കും. കടന്നു പോകാത്ത ദുരിതത്തിൽ ഞാൻ ആയിരിക്കുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യും.

**മരണം എല്ലാം തുല്യമാക്കുന്നു.**

139. മനുഷ്യന്റെ മരണനാഴികയിൽ അവന്റെ സമ്പത്ത് പിന്നിൽ അവശേഷിക്കുന്നു. കല്ലറകവാടം വരെ: പിന്നെല്ലാം അവന് കടന്നുപോയി, കഴിഞ്ഞുപോയി. കല്ലടകവാടം വരെ ശക്തരും ബലിഷ്ഠരുമുണ്ട്. കല്ലട കവാടം വരെ മോഷ്ടാക്കളും കൊള്ളയടിക്കുന്നവരുമുണ്ട്. കല്ലടകവാടം



വരെ പണ്ഡിതരും പാമരരുമുണ്ട്. കല്ലറകവാടം വരെ ഗുരുക്കന്മാരും ശിഷ്യരുമുണ്ട്. കല്ലറകവാടം വരെ രാജാക്കന്മാരും ഭരണാധികാരികളുമുണ്ട്. കല്ലറകവാടം മുതൽ നീതിയുടെ തട്ടം ഭരണം നടത്തുന്നു. അവിടെ പദവി സ്ഥാനങ്ങളോ അധികാരങ്ങളോ പരിഗണിക്കപ്പെടുന്നില്ല. കിരീടധാരികളായ രാജാക്കന്മാരില്ല, പരിവാരങ്ങളോടുകൂടിയ ന്യായാധിപന്മാരില്ല.

**ന്യായവിധി വിരുദ്ധതകൾ രൂപീകരിക്കുന്നു; പറുദീസാവാസികളും ഗേഹെന്നായും**

159. ന്യായാധിപൻ ന്യായാസനത്തിനു മുമ്പിൽ നിൽക്കും; ശിക്ഷാവിധി യേറ്റവൻ അവിടെ ബഹുമാനിതനാകും. ധനവാന്മാർ ജലം യാചിക്കും; ദരിദ്രർക്ക് എല്ലാ നന്മകളും ഉണ്ടായിരിക്കും. സുഖസമൃദ്ധിയിൽ ജീവിച്ചവർ അഗ്നിയിൽ ഉരുളും; ദരിദ്രർ പറുദീസായിലെ ഉദ്യാനത്തിലായിരിക്കും.

165. പട്ടുവസ്ത്രധാരി അഗ്നിയിലായിരിക്കും; അനുതാപ വസ്ത്രധാരി സ്വർഗരാജ്യത്തിലായിരിക്കും. തങ്ങൾ എറിയപ്പെട്ട ദുരിതത്തിൽ നിന്ന് ദുഷ്ടർ തങ്ങളുടെ കണ്ണുകളുയർത്തി സ്വർഗരാജ്യത്തിലെ നന്മകളും പറുദീസായിലെ മഹത്വവും ദർശിക്കും. ആ ധനവാൻ തന്റെ സ്വരമുയർത്തി അബ്രഹാമിനോട് അപേക്ഷിച്ചതു പോലെ, കരഞ്ഞും അപേക്ഷിച്ചും അവർ ദയനീയ നിലവിളി പുറപ്പെടുവിക്കും. 'പീഡനം ഒരു നിമിഷത്തേക്ക് ഞങ്ങളെ വിട്ടുമാറാൻ ഞങ്ങളോട് കരുണ തോന്നി, നിങ്ങൾ ഞങ്ങൾക്കുവേണ്ടി ദൈവത്തോട് അപേക്ഷിക്കുവിൻ' എന്ന് അവർ പറയുന്നതുപോലെ, ഗേഹെന്നായിൽ നിന്ന് പാപികളുടെ സ്വരം നീതിമാന്മാർ കേൾക്കും. ഓ, സാന്ത്വനം ലഭിക്കാത്ത നിരാശയുടെ നിലവിളി! ഓ, കരച്ചിൽ! അത് ഉച്ചത്തിലാകാതിരിക്കട്ടെ. അതുകൊണ്ട് ഒരു സഹായവും ലഭിക്കുന്നില്ല.

**നീതി വേർതിരിവ് ആവശ്യപ്പെടുന്നു**

185. ഒരാൾ ചെയ്തവയ്ക്ക് ദൈവം നീതിപൂർവം അവൻ അർഹിക്കു ന്നത് നൽകുന്നു. കാരണം, നല്ലവർക്ക് തങ്ങളുടെ പ്രതിഫലം ലഭിക്കാതിരി ക്കുന്നത് നീതിപൂർവകമല്ല. അതുപോലെ, ദ്രോഹികൾക്ക് നന്മ പ്രതിഫല മായി നൽകുക അനുചിതമാണ്. കൊള്ളയടിക്കപ്പെട്ടവനും കവർച്ചക്കാരനും ഒരുപോലെ വേദനിക്കുക എന്നത് ക്രമാനുസൃതമല്ല.

**അപ്രേം കാരുണ്യത്തിനായി അപേക്ഷിക്കുന്നു**

193. ഞാൻ എവിടേക്കു പോകുമെന്നും ഏതു നിരയിലും ഏതു വിഭാഗ ത്തിലും എണ്ണപ്പെടുമെന്നും അറിയാൻ ആഗ്രഹിക്കുന്നു. ഞാൻ പാപിക ളോടൊപ്പം ന്യായവിധിക്കും പീഡനത്തിനും കടക്കുകയാണെങ്കിൽ, എന്റെ അർപ്പണങ്ങളും നിലവിളിയും എന്റെ വാക്കുകളും എന്റെ പ്രാർഥനയും നിഷ്ഫലമാകുമല്ലോ. എന്റെ കർത്താവേ, എന്നെ ദുഷ്ടന് ഏൽപ്പിച്ചു

കൊടുക്കരുതേ. എന്റെ കർത്താവേ, ഞാൻ നിന്നെ ഏറ്റുപറഞ്ഞതിനാൽ, എന്നെ നീ ഏറ്റുപറയണമെ.

201. എന്നെ ഇടത്തുവശത്ത് നിർത്തരുതേ. എന്തുകൊണ്ടെന്നാൽ ഞാൻ സാത്താന്റെ സഖി ആയിരുന്നില്ല. ഞാൻ അഗ്നിയിൽ മുഴക്കം ഉണ്ടാക്കാൻ ഇടയാകാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ ഞാൻ സ്വരമുയർത്തി നിനക്ക് സങ്കീർത്തനങ്ങൾ ആലപിച്ചിട്ടുണ്ട്. ഞാൻ അന്ധകാരത്തിൽ നില വിളിക്കാൻ ഇടയാകാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ ഞാൻ രാത്രിയിൽ നിന്റെ കീർത്തനങ്ങൾ ആലപിച്ചു. എന്നെ നുണയരോടൊപ്പം എണ്ണരുതേ. എന്തുകൊണ്ടെന്നാൽ അനുതാപികളോടൊപ്പം ഞാൻ നിന്നോട് പ്രാർഥിച്ചു. എന്നെ ക്രൂശാരോഹിതരോടൊപ്പം നിർത്തരുതേ. എന്തു കൊണ്ടെന്നാൽ നിന്റെ കുരിശായിരുന്നു എന്റെ അഭയം.

**എല്ലാവരെയുംപോലെ മാമോദീസായിലൂടെയും കുർബാനയിലൂടെയും രക്ഷിക്കപ്പെട്ട പാപിയാണ് അപ്രേം.**

211. ഞാനൊരു പാപിയാണെന്ന് എനിക്കറിയാം. കാരണം, നീ മാത്രമാണ് പാപരഹിതൻ. ശരീരമാകുന്ന വസ്ത്രം ധരിക്കുന്നവരെയെല്ലാം പാപം പിടികൂടി ഉള്ളിലിട്ട് അടയ്ക്കുന്നു. അത് അപ്രകാരം അല്ലായിരുന്നെങ്കിൽ, നീ ശരീരം ധരിക്കയില്ലായിരുന്നു. കരുണ നിറഞ്ഞ നല്ലവനേ, ശരീരത്തോടും ആത്മാവിനോടും കരുണ കാണിക്കുക. കാരണം, നീ നിന്റെ ശരീരം ഞങ്ങളുടേതുമായി ബന്ധിച്ചു, നിന്റെ ആത്മാവിനെ ഞങ്ങളുടേതുമായി കൂട്ടിക്കലർത്തി. ഇതാ, ഞങ്ങളുടെ ശരീരത്തിൽ നിന്റെ സ്നാനം, ഞങ്ങളിൽ തന്നെ നിന്റെ സജീവശരീരം! എന്റെ കർത്താവേ, നിന്റെ ഒരംശം എന്നിലുണ്ട്. ഞങ്ങൾ അഗ്നിയുടെ അംശമാകാൻ ഇടയാക്കരുതേ.

**ശക്തനും കാരുണ്യവാനുമായ ന്യായാധിപനാണ് ദൈവം**

225. നിന്റെ കൃപ വിചാരിച്ചാൽ ഞങ്ങളുടെ കടങ്ങൾ വെറും നിഴലാണ്. ഒരു മനുഷ്യനും നിന്റെ ന്യായവിധിയിൽ നിന്ന് മറ്റൊന്നിലേക്ക് ഓടാനാവില്ല. നിന്നെപ്പോലെ ശക്തനായ ന്യായാധിപനില്ല. ഞങ്ങൾ ആരിൽ അഭയം തേടും? അക്രമവിധേയർ രാജാവിന്റെ ന്യായാസനത്തിൽ അഭയം തേടുന്നു. രാജാവ് അവനെ സ്വതന്ത്രനാക്കുന്നു. അവൻ തെറ്റുകാരനാണെന്ന് ആർക്കു പറയാനാകും? അതുപോലെ ദൈവം സഹായിക്കുന്നവനെ ആർക്കും ഉപദ്രവിക്കാനാവില്ല. ആദ്യന്യായവിധിപോലെ മറ്റേതു ന്യായ വിധിയാണ് ഉണ്ടായിട്ടുള്ളത്: പാപിയായ ആദം നിമിത്തം ധര ശപിക്കപ്പെട്ടതായി. ആദത്തിനു പകരം ധരയ്ക്ക് പ്രഹരമേറ്റു; കടക്കാരനു പകരം സാത്താനും. അവനും അവന്റെ സൈന്യങ്ങളും അഗ്നി അവകാശമാക്കട്ടെ; പാപിയാകട്ടെ കാരുണ്യവും സഹാനുഭൂതിയും. സാത്താനെ പ്രതിയാണ് ആരംഭം മുതൽ



അഗ്നി സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. പാപിയെപ്രതി അവസാനം വരെ കാരുണ്യം വഴിഞ്ഞൊഴുകുന്നു.

**കർതൃശരീരം സ്വീകരിച്ചവർക്കുവേണ്ടി പ്രത്യേകമാംവിധം കാരുണ്യത്തിനായി അപേക്ഷിക്കുന്നു**

247. എന്റെ കർത്താവേ, കരുണാസമ്പന്നനായ ദൈവമേ, കാരുണ്യം കൂടാതിരിക്കരുതേ. നിന്റെ പുത്രൻ നിനക്കൊരു നാമം നൽകി; നിന്നെ മാത്രം നല്ലവൻ എന്നു വിളിച്ചു (മത്താ.19,16). നിന്റെ പുത്രന്റെ വാക്ക് അർഥശൂന്യമാക്കരുതേ; നല്ലവൻ എന്ന നിന്റെ നാമത്തിന് മാറ്റം വരുത്തരുതേ. എന്റെ കർത്താവേ, ബലഹീനരോട് നിന്റെ കൃപ കാട്ടിയാലും. കടക്കാരുടെ മേൽ നിന്റെ കാരുണ്യം വർഷിച്ചാലും. ഞങ്ങളുടെ ഗ്രന്ഥം വായിക്കരുതേ. ഞങ്ങളുടെ നിന്ദ്യത കൾ ഓർമിക്കരുതേ. നിന്റെ വിശുദ്ധശരീരത്തിന്റെ ചെറിയൊരംശം വഹിച്ച കരം, നീ സൃഷ്ടിച്ചതാണെങ്കിലും നിന്റെ കവിളത്ത് അടിച്ച കരത്തോടൊപ്പം കത്തിച്ചുകളരുതേ. നിന്നെ ഭക്ഷിച്ച വായ്, നിന്റെ മുഖത്തു തുപ്പിയ വായോടൊപ്പം വിലപിക്കാൻ ഇടയാകരുതേ.

**തിരിച്ചു വരവിനുള്ള സാധ്യതാരാഹിത്യം; ക്രിസ്ത്യാനികൾക്കു വേണ്ടി കാരുണ്യം യാചിക്കൽ**

263. നിനക്ക് എന്നെ വീണ്ടും സൃഷ്ടിക്കാനാവില്ല. നീ ഒരിക്കൽ മാത്രം എന്നെ സൃഷ്ടിച്ചു. ഞങ്ങൾ ഇവിടെ വീണ്ടും തിരികെ എത്തുകയില്ല. കാരണം, ഞങ്ങളുടെ യാത്ര പുറപ്പെടൽ എന്നേക്കും ഉള്ളതാണ്. ഒരിക്കൽ കൂടി അനുതപിക്കാൻ ഞങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടില്ല. ഞങ്ങൾക്കെല്ലാവർക്കും വേണ്ടി നീ നിന്നെത്തന്നെ അനുരഞ്ജനപ്പെടുത്തിയാലും. വിഗ്രഹാരാധകരായ മറ്റുള്ളവരുടെ കൂടെ നിന്റെ ആരാധകർ എണ്ണപ്പെടാതിരിക്കട്ടെ. എന്റെ കർത്താവേ, ഞങ്ങൾ കബറിൽ നിന്നു പുറത്തേക്കു വരുമ്പോൾ, നിന്റെ കാരുണ്യം ഞങ്ങളെ എതിരേൽക്കാൻ ഇടയാകട്ടെ.

**വ്യക്തിപരമായ സമാപനപ്രാർഥന**

273. എന്റെ ചിന്ത ഇവയെല്ലാം പരിഗണിച്ചു; എന്റെ സമാശ്വാസം നിന്നിൽ ആയിരിക്കട്ടെ. ഓ, ന്യായാധിപനും ന്യായാധിപന്മാരുടെ നാഥനുമേ, ന്യായവിധിയിൽ എന്റെ തല താഴാൻ ഇടയാകരുതേ. ഗേഹെന്നാ എന്റെ നേരേ പല്ലിളിക്കരുതേ. അത് അകത്തുകടന്ന് എന്റെ അവയവങ്ങളിൽ വ്യാപിക്കാതിരിക്കട്ടെ. ഞാൻ നിന്നെപ്പറ്റിയുള്ള അറിവിലേക്ക് തിരിയുന്നതിനും നിന്നിൽ അഭയം തേടുന്നതിനും നിന്നിലൂടെ പാപമോചനം പ്രാപിക്കുന്നതിനും നിന്റെ കൃപാകടാക്ഷത്താൽ ഗേഹെന്നായിൽ നിന്നു രക്ഷിക്കപ്പെടുന്നതിനും എന്നെ മാനസ്സാന്തരപ്പെടുത്തിയാലും.

# 4

## മിശിഹായുടെ വരവിനെ കുറിച്ച് മാർ അപ്രേം രചിച്ച ഒരു പ്രസംഗം

### ന്യായവിധിക്കായി കർത്താവിന്റെ വരവ്

1. നമ്മുടെ കർത്താവ് മഹത്വത്തിലും ശോഭയിലും പുറപ്പെട്ടുവരും; അവന്റെ മുമ്പിൽ ന്യായവിധിക്കായി കടക്കുമ്പോൾ ധരയുടെ അടിസ്ഥാനങ്ങൾ കുലുങ്ങും. ഉടൻ തന്നെ അവിടുന്ന് ഭൂമിയുടെ നാലു കോണുകളിലേക്കും തന്റെ ദൂതന്മാരെ അയക്കും. മണ്ണിൽ നിന്നു ജനിച്ച തലമുറകളെയെല്ലാം അവൻ ന്യായാസനത്തിൽ ഒന്നിച്ചുകൂട്ടും.

### അന്ന് എല്ലാ പാപികൾക്കും ദുരിതം

9. എന്നെപ്പോലെ പാപം ചെയ്ത പാപികൾക്ക് ആ ദിവസം മഹാദുഃഖം! എനിക്കു തുല്യരായ ദരിദ്രർക്ക് ആ ദിവസം ഭയവും കരച്ചിലും! തങ്ങളുടെ വിവാഹക്കിടക്ക മലിനമാക്കിയവർക്ക് ആ ദിവസം മഹാദുഃഖം! തന്റെ വ്യഭിചാരപാപം മറച്ചുവച്ചവന് ആ ദിവസം മഹാദുഃഖം! തന്റെ അപരാധം തിരിച്ചറിയാത്തവന് ആ ദിവസം പല്ലുകടി! തന്റെ യജമാനനെ ദുഷിച്ചവന് ആ ദിവസം ഇരട്ടി ദുരിതം!

21. വഞ്ചിച്ചവനെ ആ ദിവസം വേദനയും പിടികൂടും. ഭോഗാസക്തിക്കു വിധേയനായവൻ ആ ദിവസം ദുരിതം അവകാശമാക്കും. മോഷ്ടാക്കൾക്കും കൊലയാളികൾക്കും ആ ദിവസം മഹാദുരിതം! കാരണം, അവർക്ക് രാജ്യം അവകാശപ്പെടുത്താനാവില്ല. മണവറയിൽ കയറാനും സാധിക്കയില്ല.

29. കാമാസക്തർക്കും വിവാഹബന്ധം ശിഥിലമാക്കിയവർക്കും ആ ദിവസം മഹാദുരിതം! കാരണം, അവർ അന്ധകാരവസ്ത്രം ധരിച്ച് കൂരിരുട്ടിൽ നിൽക്കേണ്ടിവരും. തീറ്റിപ്പണ്ടാരങ്ങൾക്കും മദ്യപന്മാർക്കും ആ ദിവസം മഹാദുരിതം! അവർ തങ്ങളുടെ ശരീരങ്ങൾ പാപങ്ങൾക്കായി തടിച്ചുകൊഴുപ്പിച്ച് അത്യാർത്തിയോടെ തിന്നുകയും കുടിക്കുകയും ചെയ്തു.

37. കൊലപാതകികൾക്കും വഞ്ചകർക്കും ആ ദിവസം മഹാദുരിതം! കാരണം, കൊലപാതകികൾ അഗ്നിയും വഞ്ചകർ കീടങ്ങളും പുഴുക്കളും അവകാശമാക്കും. മനുഷ്യരെ ശപിക്കുന്നവർക്ക് ആ ദിവസം മഹാദുരിതം! കാരണം, അവർ രാജ്യത്തിൽ പ്രവേശിക്കുകയില്ല. അന്ധകാരം ആയിരിക്കും അവരുടെ അവകാശം.

45. ക്രോധാവേശകർക്കും അസൂയാലുക്കൾക്കും ആ ദിവസം മഹാദുരിതം! കാരണം, കാരുണ്യം കൂടാതെ അവർ ന്യായവിധിക്ക് അണയുകയും കയ്പ്പേറിയ വേദന അനുഭവിക്കുകയും ചെയ്യും. അപമാനിക്കുന്നവനും



കലഹപ്രിയനും ആ ദിവസം മഹാദുരിതം! കാരണം, കരുണാരഹിതമായ അഗ്നിയിൽ അവർ ഇരട്ടി പീഡിപ്പിക്കപ്പെടും.

53. അനാഥക്കുട്ടിയുടെ വസ്ത്രം അപഹരിച്ചവന് ആ ദിവസം മഹാദുരിതം! അവൻ നഗ്നനായി ന്യായവിധിയിൽ നിൽക്കും. അവനോട് ആരും കാരുണ്യം കാണിക്കുകയില്ല. യൂദരോടൊത്ത് ഭക്ഷിക്കുകയും ജാതികളുടെ വസ്ത്രങ്ങളാൽ തങ്ങളെത്തന്നെ അലങ്കരിക്കുകയും ചെയ്യുന്നവർക്ക് ആ ദിവസം മഹാദുരിതം! കാരണം അവരോടൊത്ത് അവർ ഗേഹെന്നാ അവകാശമാക്കും.

61. മന്ത്രവാദികളോട് ബന്ധത്തിൽ ഏർപ്പെടുന്നവന് ആ ദിവസം മഹാദുരിതം! കാരണം, ഒരിക്കലും പുറത്തുവരാൻ ഇടയാകാതെ അവൻ ചൂളയിലെ അഗ്നിക്കനലിലേക്ക് താഴ്ത്തപ്പെടും. മൃഗങ്ങളുമായി ലൈംഗിക ബന്ധം പുലർത്തിയവന് ആ ദിവസം മഹാദുരിതം! കാരണം, അവർ ഉത്ഥാനം ചെയ്യുമ്പോൾ, അവരുടെ കല്ലറകൾ അവരുടെ ഭവനങ്ങളായിരിക്കും.

69. വിജാതീയ സ്ത്രീകളെ പുണർന്നവർക്ക് ആ ദിവസം മഹാദുരിതം! കാരണം, നരകാഗ്നിക്കടലിലെ അഗ്നിത്തിരകൾ അവരെ ആലിംഗനം ചെയ്യും. കൈക്കൂലി വാങ്ങി അന്യായമായി ന്യായവിധി നടത്തിയവർക്ക് ആ ദിവസം മഹാദുരിതം! കാരണം, അഗ്നി അവരുടെ ശരീരങ്ങളെ ഭുജിക്കുകയും ഗേഹെന്നാ അവരെ വിഴുങ്ങുകയും ചെയ്യും.

77. വേശ്യക്കും അഴിഞ്ഞാട്ടക്കാരിക്കും ആ ദിവസം മഹാദുരിതം! കാരണം, അവർ താഴേക്ക് നിപതിച്ച് കരുണാരഹിതമായ ദുരിതത്തോടുകൂടെ ഗേഹെന്നാ അവകാശമാക്കും. തന്റെ ഭർത്താവിനെ വച്ചുമാറിയവൾക്ക് ആ ദിവസം മഹാദുരിതം! കാരണം, വലത്തുവശത്തുനിന്ന് അവൾ വച്ചു മാറ്റപ്പെടും. അവൾ ഇടത്തുവശത്തു നിൽക്കേണ്ടിവരും.

85. തന്റെ ഭർത്താവിന് വിഷം കൊടുത്തവൾക്ക് ആ ദിവസം മഹാദുരിതം! കാരണം, പ്രകാശരഹിതസ്ഥാനത്ത് അവൾ കയ്പും വെർമൂത്തും കുടിക്കേണ്ടിവരും. തന്റെ ഉദരഫലത്തെ ശ്വാസം മുട്ടിച്ചു കൊന്നവൾക്ക് ആ ദിവസം മഹാദുരിതം! കാരണം, ഉത്ഥാനത്തിൽ അവൾ കരുണാരഹിതമായി ചെളിയിൽ പുതഞ്ഞു പോകും.

93. തങ്ങളുടെ കന്യാത്വം കളഞ്ഞുകുളിച്ചവർക്ക് ആ ദിവസം മഹാദുരിതം! കാരണം, അവർ പാപിനികളോടൊപ്പം മണവറയ്ക്ക് പുറത്തേക്ക് തള്ളപ്പെടും. പൈശാചിക ഏലസ് ധരിച്ചവർക്ക് ആ ദിവസം മഹാദുരിതം! കാരണം, അവർ പിശാചുക്കളോടൊപ്പം ഞരങ്ങുകയും ദുഷ്ടാത്മാക്കളാൽ പീഡിപ്പിക്കപ്പെടുകയും ചെയ്യും.

101. കല്ലറയിലേക്ക് വിളക്കും എടുത്തുകൊണ്ടുപോയ സ്ത്രീകൾക്ക് ആ ദിവസം മഹാദുരിതം! കാരണം, തങ്ങളുടെ വിളക്കുകൾ അണഞ്ഞു പോകുന്നതിനാൽ, പ്രകാശരഹിതമായി അവർ അന്ധകാരം അവകാശമാക്കും.

105. ഞായറാഴ്ച ആചരിക്കാത്ത പുരുഷന്മാർക്ക് ആ ദിവസം മഹാദുരിതം! കാരണം, കല്ലറയിൽ നിന്ന് ഉത്ഥിതരാകുമ്പോൾ, ശിക്ഷാവിധി നിമിത്തം അവർക്കൊരു സമാശ്വാസവും ഉണ്ടായിരിക്കയില്ല. വെള്ളിയാഴ്ചയെ നിന്ദിച്ച പാപിനികൾക്ക് ആ ദിവസം മഹാദുരിതം! കാരണം, ഉത്ഥാനത്തിൽ കുരിശിന്റെ ചിറകിൻ കീഴിൽ ഒളിക്കാൻ അവർക്ക് സാധിക്കുകയില്ല.

113. രണ്ടു സഹോദരികളെ വിവാഹം കഴിച്ചവന് ആ ദിവസം മഹാദുരിതം! കാരണം, അവസാനിക്കാത്ത രണ്ടു യാതനകൾ അവന് ലോകത്തിൽ ഉണ്ടാകും. തന്റെ സഹോദരന്റെ ഭാര്യയെ സ്വന്തമാക്കിയവന് ആ ദിവസം മഹാദുരിതം! കാരണം, പ്രകാശരഹിതമായിടത്ത്, അന്ധകാരത്തിലേക്ക് അവൻ എറിയപ്പെടും.

121. തന്റെ സഹോദരിയുമായി ലൈംഗികബന്ധം പുലർത്തിയവന് ആ ദിവസം മഹാദുരിതം! കാരണം, ന്യായവിധിയിൽ അവന് കാരുണ്യമോ ശിക്ഷാവിധിയിൽ അവനോട് അനുകമ്പയോ കാട്ടുകയില്ല. തന്റെ ചിറ്റപ്പന്റെ ഭാര്യയെ വിവാഹം കഴിച്ചവന് ആ ദിവസം മഹാദുരിതം! അവൻ തീജ്വാലയിലേക്ക് താണുപോകും. അതിൽ നിന്ന് ഒരിക്കലും പുറത്തേക്ക് വരികയില്ല.

129. തന്റെ വധുവിന്റെ സ്നേഹിതയുടെ മേൽ ചാടി വീണവന് ആ ദിവസം മഹാദുരിതം! കാരണം, പരിശുദ്ധാത്മാവ് അവനോട് രോഷാകുലനാകും. പിതാവും പുത്രനും അവനെ തള്ളിപ്പറയും. വിശുദ്ധരുടെ യോഗത്തെ നിന്ദിക്കുന്നവനും ദുഷിച്ചതും നിന്ദ്യവുമായ വ്യഭിചാരത്താൽ സ്ത്രീകളെ മാനംകെടുത്തി മലിനരാക്കിയവർക്കും ആ ദിവസം മഹാദുരിതം!

137. തന്റെ പക്കലേക്ക് താണിറങ്ങി വരാനായി പുരോഹിതൻ പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കുന്ന സമയം ചന്തസ്ഥലത്തിരുന്നവന് ആ ദിവസം മഹാദുരിതം! പൗരോഹിത്യത്തെ ദുഷിച്ചവന് ആ ദിവസം മഹാദുരിതം! കാരണം, അവൻ അന്ധകാരസ്ഥലത്തേക്ക് താണിറങ്ങും. അവിടെ അവൻ നിത്യമായി വേദനിക്കും.

145. വിശ്വാസത്തിൽ പിളർപ്പുണ്ടാക്കിയവന് ആ ദിവസം മഹാദുരിതം! കാരണം, ക്രോധാഗ്നിക്കത്തികളാൽ അവന്റെ അവയവങ്ങൾ വെട്ടിമാറ്റപ്പെടും. ക്രോധാവേശനായി ബലിപീഠത്തിൽ കയറിയവന് ആ ദിവസം മഹാദുരിതം!



കാരണം, സാത്താനോടു കൂടെ കരുണാരഹിതമായി അവൻ പീഡിപ്പിക്കപ്പെടും.

153. കർതൃശരീരം വഹിച്ചുകൊണ്ട് തന്റെ സഹമനുഷ്യരെ ശപിച്ചവന് ആ ദിവസം മഹാദുരിതം! കാരണം, തന്റെ പാപത്തിന്റെ പീഡനങ്ങളിൽ നിന്ന് ഈ ശരീരം അവനെ രക്ഷിക്കുകയില്ല.

## പാപങ്ങളെ സംബന്ധിച്ചുള്ള സമാപന മുന്നറിയിപ്പും അനുതാപ കർമങ്ങൾക്കുള്ള ഉപദേശവും

157. എന്റെ സഹോദരരേ, ഇവകൊണ്ടും ഇവയേക്കാൾ വളരെ കൂടുതലായവ കൊണ്ടും നിന്ദ്യമായ പാപങ്ങളാൽ ദുഷ്ടൻ മനുഷ്യരെ ബന്ധിക്കുന്നു. എന്നെപ്പോലെയുള്ള ദുഷിച്ചവരെയും അലസരെയും ദുഷ്ടൻ ഈ കയറുകളാൽ പിടികൂടുകയും തന്റെ സ്നേഹിതരെ ഇത്തരം കുഴികളിലേക്ക് മറിച്ചിടുകയും ചെയ്യുന്നു. അതുകൊണ്ട്, വരുവിൻ! അവനെ വെറുത്ത് അവനിൽ നിന്ന് നമുക്ക് ഓടിയകലാം. ആരെങ്കിലും ബന്ധിതരായിപ്പോയാൽ, ദാനധർമങ്ങളാൽ പരിഹാരം ചെയ്യുകയും തന്റെ അർപ്പണത്താലും ഉപവാസത്താലും പ്രാർഥനയാലും തന്നെത്തന്നെ ശുദ്ധീകരിക്കുകയും ചെയ്യട്ടെ.

## ന്യായവിധിയെ പറ്റിയുള്ള ചിന്തകൾ

173. നാം ന്യായാധിപസമക്ഷം ആനയിക്കപ്പെടുമ്പോൾ, നമുക്കായി സജ്ജമാക്കിയിരിക്കുന്നത് എന്താണെന്ന് കാണുന്നതിനും ഏതു വസ്തു കൊണ്ട് അവനെ അനുനയിപ്പിക്കാൻ കഴിയുമെന്ന് അറിയുന്നതിനും വന്ന് വിവേകികളെപ്പോലെ ഗ്രഹിക്കാം.

177. അഗ്നിജ്വാലയുടെ സിംഹാസനത്തിൽ ന്യായവിധിക്ക് അവൻ ആരൂഢനായിരിക്കുകയും സൈന്യനിരകളും സേവകരും ഭയത്തോടും വിറയലോടും കൂടെ അവന്റെ മുമ്പിൽ നിൽക്കുകയും ചെയ്യുമ്പോൾ, സൃഷ്ടികളുടെ തലവനായ ആദം മുതൽ ഏറ്റവും ചെറിയ ചാപിള്ള വരെയുള്ള ധരയിലെ മനുഷ്യകുലം മുഴുവൻ അവന്റെ മുമ്പിൽ ഒന്നിച്ചു കൂട്ടപ്പെടുമ്പോൾ, ഓരോരുത്തർക്കും അവരവരുടെ അധ്വാനത്തിനനുസൃതം പ്രതിഫലം പങ്കിട്ടു കൊടുക്കാൻ അവൻ ഒരുമ്പെടുമ്പോൾ, ഓരോ മനുഷ്യനും ന്യായവിസ്താരത്തിൽ തന്റെ തെറ്റിന് അനുസൃതം ശിക്ഷ ലഭിക്കും.

189. അവിടെ രാജാവ് തന്റെ ശിരസ്സിൽ കിരീടം വയ്ക്കാതെയും ശരീരത്തിൽ പട്ടുവസ്ത്രം ധരിക്കാതെയും നിൽക്കുമ്പോൾ, ന്യായവിസ്താരത്തിനായി അവർ നഗ്നരായി കടന്നുവരും.

193-212: നിഗൂഢമായവ അറിയുന്നവൻ നിഗൂഢമായവ വെളിപ്പെടുത്തുകയും ഇരുട്ടിൽ സംഭവിച്ചവ വെളിച്ചത്തു വരികയും ചെയ്യുമ്പോൾ, അന്ത്യനാഥയായ നീതിയുടെ ഭീതികരമായ ആംഗ്യം പുറത്തേക്കു വരികയും അന്ധകാരസ്ഥലത്തേക്ക് വീഴുന്നതിന് കോലാടുകൾ കുഞ്ഞാടുകളിൽ നിന്ന് വേർതിരിയുകയും ചെയ്യുമ്പോൾ, തങ്ങളുടെ ജീവിതചര്യകളാൽ നല്ലവർ സൂര്യനെപ്പോലെ പ്രകാശിക്കുകയും തങ്ങളുടെ ദുഷ്കർമങ്ങളാൽ ദുഷ്ടർ അവിടെ ഇരുണ്ടുപോകുകയും ചെയ്യുമ്പോൾ, കരുണയില്ലാത്ത ന്യായവിധിക്കായി സമസ്ത വംശങ്ങളും പ്രവേശിക്കുകയും ഓരോരുത്തരും താന്താങ്ങളുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും കണക്കു കൊടുക്കുകയും ചെയ്യുമ്പോൾ, എന്റെ വത്സലരേ, ഇവയെപ്പറ്റി നമുക്ക് ചിന്തിക്കുകയും പ്രാർഥനയിൽ തീക്ഷ്ണതാപൂർവം അധ്വാനിക്കുകയും ചെയ്യാം. എന്തുകൊണ്ടെന്നാൽ ന്യായവിധിയുടെയും പ്രതികാരത്തിന്റെയും ദിവസം യാതൊരു യാചനയും സ്വീകരിക്കപ്പെടുകയില്ല.

**ഈ കാലം പ്രയോജനപ്പെടുത്തുക**

213-236: വിധിവാചകം ഉച്ചരിക്കപ്പെടുകയും ശിക്ഷ നടപ്പാക്കാൻ ദൂതന്മാർ പുറപ്പെടുകയും അർഹിക്കുന്നിടത്തേക്ക് ഞൊടിയിടയിൽ ഓരോരുത്തരും നയിക്കപ്പെടുകയും ചെയ്യുന്നതിനു മുമ്പ്, വിരുന്നിനു ക്ഷണിക്കപ്പെട്ടവരെ കാണാൻ മണവാളൻ കടന്നുവരികയും തുറിച്ചു നോക്കുകയും മുഷിഞ്ഞ വസ്ത്രം ധരിച്ചവനെ കാണുകയും ചെയ്യുന്നതിനു മുമ്പ്, അവന്റെ ക്രോധം ആളിക്കത്തുകയും അവന്റെ കൈകാലുകൾ ബന്ധിച്ച് അന്ധകാരസ്ഥലത്തേക്ക് ആനയിക്കാൻ അഗ്നിമയന്മാരോട് കൽപ്പിക്കുകയും ചെയ്യുന്നതിനു മുമ്പ്, അഗ്നി ആളിക്കത്തിക്കുകയും ദുഷ്കർമികൾ അതിൽ നിപതിക്കുകയും ഒരു തുള്ളി വെള്ളത്തിനായി ജ്വാലയിൽ കിടന്ന് യാചിക്കുകയും അവർക്കാരും നൽകാതിരിക്കുകയും ചെയ്യുന്നതിനു മുമ്പ്, മണവാളൻ കടന്നുവരികയും മണവറയുടെ കവാടം അടയ്ക്കപ്പെടുകയും തന്റെ വിശുദ്ധർ അവനോടൊത്ത് പ്രവേശിക്കുകയും വാതിലിൽ മുട്ടുന്നവർക്ക് തുറക്കപ്പെടാതിരിക്കുകയും ചെയ്യുന്നതിനു മുമ്പ്, ആ ദിവസം വരുന്നതിനു മുമ്പ്, ഓരോരുത്തരും ചിന്തിക്കുക. പാപമുറിവുള്ളവൻ അനുതാപത്തിലൂടെ സൗഖ്യം തേടാൻ പരിശ്രമിക്കുക.

237. ഇവ സംഭവിക്കുന്നതിനുമുമ്പ്, ഓരോരുത്തരും താന്താങ്ങളുടെ വിളക്ക് മിനുക്കി ദാനധർമത്തിൽ നിന്നുള്ള എണ്ണകൊണ്ട് മണവാളന്റെ മുമ്പിൽ തന്റെ വിളക്ക് പൂർണമായി തെളിക്കട്ടെ. അപേക്ഷയ്ക്കുള്ള സാധ്യത നിലനിൽക്കുകയും പ്രാർഥനാകവാടം ഇപ്പോഴും തുറന്നിട്ടിരിക്കുകയും ചെയ്യുമ്പോൾ, അവിടെ കരഞ്ഞു നിലവിളിക്കേണ്ടി വരാതിരിക്കാൻ, നമുക്ക് കരുണയും കൃപയും യാചിക്കാം.



245. നാം ഇവിടെ ജീവിച്ചിരിക്കുമ്പോൾ തന്നെ നമുക്ക് നമ്മുടെ കടപ്പത്രം മായിച്ചുകളയാം. അപ്പോൾ ന്യായവിധിയിൽ നാം പ്രതികാരത്തിനു വിധേയരാകുകയില്ല. പാപീ, ആത്മാവ് വേർപെടുന്നതിനു മുമ്പുതന്നെ പ്രാർഥനാനിരതനായിരിക്കുക. കാരണം, പാതാളത്തിൽ ശരീരം ഏറ്റുപറയുന്നില്ല. പൂഴി സ്തുതി പാടുന്നുമില്ല.

ന്യായാധിപന്റെ കാരുണ്യത്തെപ്പറ്റിയുള്ള തെറ്റായ ആത്മവിശ്വാസത്തിനെതിരെ; ധനവാന്റെയും ബുദ്ധികെട്ട കന്യകമാരുടെയും മുഷിഞ്ഞ വേഷമണിഞ്ഞ അതിഥിയുടെയും ദൃഷ്ടാന്തം.

253. ദുഷ്ടൻ തന്റെ വ്യാജവാക്കുകളാൽ നിന്നെ വഴിതെറ്റിച്ച് നിന്റെ ബുദ്ധിയിൽ ഇപ്രകാരം തോന്നിക്കാതിരിക്കട്ടെ: ന്യായവിധിയിൽ കർത്താവ് തന്റെ കരുണ കാട്ടും. ദുഷ്ടൻ ഈ ഉറപ്പിൽ, ഇതിൽ താരാട്ടുപാടി നിന്നെ പ്രാർഥനയിൽ നിന്ന് അകറ്റാതിരിക്കട്ടെ. കാരണം, ന്യായവിധിയുടെയും പ്രതികാരത്തിന്റെയും ദിവസം കാരുണ്യമോ അനുകമ്പയോ ലവലേശമില്ല.

261. അതുകൊണ്ട് നമ്മുടെ കർത്താവ് വരച്ചുകാട്ടിയ ധനവാന്റെ ഉപമ നിന്നെ വിറപ്പിക്കട്ടെ. അവൻ അഗ്നിയിൽ ഒരു തുള്ളി ജലം മാത്രമാണ് യാചിച്ചത്. എന്നാൽ ആരും അവന് ഈ സന്തുഷ്ടി പകർന്നില്ല. ധനികന് ഗേഹെന്നായിൽ ഒരിക്കൽപോലും ഒരു തുള്ളി വെള്ളം നൽകപ്പെട്ടില്ലെങ്കിൽ, ന്യായവിധിദിവസം പാപികളോട് കാരുണ്യം കാട്ടുമെന്ന് ആർക്കാണ് പറയാൻ കഴിയുക!

269. ആ ധനികൻ തന്റേതിൽ നിന്നു മാത്രമാണ് ഭക്ഷിച്ചത്; എന്നാൽ അവൻ ദരിദ്രനു ഭക്ഷിക്കാൻ കൊടുക്കാതിരുന്നതിനാൽ, അവൻ കേണപേക്ഷിച്ചിട്ടും അവിടെ അവനോട് കാരുണ്യം കാട്ടിയില്ലെങ്കിൽ, മറ്റുള്ളവരുടെ വസ്തുവകകൾ ധാരാളിത്തം കാട്ടി നശിപ്പിച്ച അത്യാർത്തിക്കാരനും കൊള്ളക്കാരനും കരുണാരഹിതമായ സ്ഥലത്ത് കാരുണ്യം ലഭിക്കുമെന്ന് ആർക്കാണ് പറയാൻ കഴിയുക!

277. ന്യായവിധിയിൽ കാരുണ്യം ലഭിക്കും, അതുകൊണ്ട് തന്റെ നിന്ദ്യകർമങ്ങൾ ഉപേക്ഷിക്കേണ്ട എന്ന്, പാപം ചെയ്യാൻ ഇഷ്ടപ്പെടുകയും അനുദിനം പാപത്തിൽ ജീവിക്കുകയും ഈ ലോകപ്രൗഢിയിൽ കഴിയുകയും ചെയ്യുന്ന ബുദ്ധിഹീനനു മാത്രമേ സാത്താൻ പ്രത്യാശ നൽകുന്നുള്ളു.

285. അധരത്തിലെ ഓരോ വാക്കിനുപോലും വിധി പ്രസ്താവിക്കപ്പെടുമെന്ന് നമ്മുടെ കർത്താവ് രേഖപ്പെടുത്തിയിരിക്കുന്നു. കാരണം, ആ സംസാരം കഥയില്ലാത്തതായിരുന്നു. അതില്ലാതിരുന്നെങ്കിൽ, ശ്രോതാവിന് പ്രയോജനം ഉണ്ടാകുമായിരുന്നു. എഴുതപ്പെട്ടിരിക്കുന്നതുപോലെ അതിനും കണക്കു കൊടുക്കേണ്ടി വരും. പ്രയോജനരഹിതമായ ഒരു വാക്കുച്ചരിച്ചയാൾ

വിധിക്കപ്പെടുമെങ്കിൽ, നീതിരഹിതമായും കുറ്റകരമായും പ്രവർത്തിച്ചവനുള്ള ന്യായവിധി എത്ര കഠിനതരമായിരിക്കും.

295. പ്രയോജനരഹിത വാക്കുച്ചരിച്ചയാൾ ന്യായവിധിക്കു മുമ്പിൽ വരുമെങ്കിൽ, അനുദിനം വഞ്ചിക്കുന്നയാളുടെ മേൽ എങ്ങനെ കാരുണ്യം വർഷിക്കപ്പെടും! കന്യകകളെപ്പറ്റി എഴുതപ്പെട്ടിരിക്കുന്ന വിവരണത്തിൽ നിന്ന് ഇതേപ്പറ്റിയുള്ള തെളിവ് എടുക്കുക. അതായത്, അവരിൽ അഞ്ചുപേർ മണവാളനോടൊത്ത് അകത്തു കടക്കുകയും അഞ്ചുപേർ പുറത്തു വാതിൽക്കൽ നിൽക്കുകയും ചെയ്യാൻ ഇടയായി.

303. ബുദ്ധിയില്ലാത്തവർ വന്ന് മണവാളന്റെ വാതിൽക്കൽ മുട്ടിയപ്പോൾ, "നിങ്ങൾ ആരാണെന്ന് എനിക്കറിയില്ല" എന്ന് ഭീതികര വാക്കുകളിൽ അവൻ അവരോട് പ്രത്യുത്തരിച്ചു. മണവറയിലേക്ക് തങ്ങളെ പ്രവേശിപ്പിക്കാൻ അവർ തേങ്ങലോടെ മുട്ടിക്കൊണ്ടിരുന്നപ്പോൾ, "നിങ്ങൾ ആരാണെന്ന് ഒരിക്കലും എനിക്കറിയില്ല" എന്ന് നല്ലവൻ അറിയിച്ചു. അവൻ അപേക്ഷ സ്വീകരിച്ചില്ല. അവരുടെ നിലവിളികേട്ട് കാരുണ്യം കാണിച്ചുമില്ല. ഭാഗ്യദോഷികൾ അന്ധകാരത്തിൽ നിലകൊണ്ടു. നിത്യദുരിതത്തിലേക്ക് അവർ തള്ളിയിടപ്പെട്ടു.

315. ഓ, ആ ന്യായവിധിയിൽ കാരുണ്യം ലഭിക്കുമെന്ന് സാത്താൻ വിശ്വസിപ്പിക്കുകയും അങ്ങനെ അവന്റെ ഇഷ്ടം ചെയ്ത് അവനോടൊപ്പം പീഡനം അവകാശമാക്കുകയും ചെയ്ത മനുഷ്യാ, കന്യകകളുടെ ഉപമ കേൾക്കുകയും ധനവാന്റെ ഉപമ സ്വീകരിക്കുകയും ചെയ്യുക. കാരണം, അനുതപിക്കാതെയും പാപം ഉപേക്ഷിക്കാതെയും വ്യാപരിച്ച ദുഷ്ടർക്കും പാപികൾക്കും ന്യായവിധിയിൽ യാതൊരു കാരുണ്യവും ലഭിക്കയില്ലെന്ന് അവരിൽ നിന്ന് നീ പഠിക്കണം.

325. മണവാളൻ തന്റെ മഹത്വത്തിൽ വരുമ്പോൾ അവനോടൊത്ത് മണവറയിൽ പ്രവേശിക്കാൻ കഴിയുന്നതിന് ഓ, മനുഷ്യാ, നിന്റെ വിളക്കിൽ എണ്ണയില്ലാത്തപ്പോൾ, എണ്ണ നിറയ്ക്കാൻ പരിശ്രമിക്കുക. എന്തുകൊണ്ടെന്നാൽ നീ നല്ല എണ്ണ കരുതാതെയും നിന്റെ വിളക്ക് കത്താതെയുമിരുന്നാൽ, ബുദ്ധിശൂന്യരായ കന്യകമാരോടൊപ്പം നീ വാതിലിന് പുറത്തു നിൽക്കേണ്ടി വരും.

333. മുഷിഞ്ഞ വസ്ത്രം ധരിച്ച് വിരുന്നിന് എത്തിയവനെയും ശ്രദ്ധിക്കുക. അവനെ പുറത്തെ അന്ധകാരത്തിലേക്ക് നയിച്ചപ്പോൾ, ന്യായാധിപൻ അവനുവേണ്ടി വാദിച്ചില്ല. അനുതപിക്കാതെ പാപം ചെയ്തു കൂട്ടുന്നവന് ന്യായവിധിയിൽ കാരുണ്യം ലഭിക്കുകയില്ലെന്ന് ബുദ്ധിയുള്ളവൻ ആണെങ്കിൽ, ഈ ഉപമ നിന്നെ പഠിപ്പിക്കുന്നു.



**വെള്ളവസ്ത്രത്തിന്റെയും മുഷിഞ്ഞ വസ്ത്രത്തിന്റെയും അർത്ഥം**

341. വെള്ളവസ്ത്രം ധരിച്ചവർക്ക് വിരുന്നിന്റെ സന്തോഷത്തിൽ പങ്കെടുക്കാൻ കഴിഞ്ഞു. എന്നാൽ തനിക്കർഹമായ അന്ധകാരം അവകാശമാക്കാൻ ഭാഗ്യദോഷി പുറത്തേക്ക് നീക്കപ്പെട്ടു. വിവാഹവിരുന്നിന് അവനെ ക്ഷണിച്ചപ്പോൾ തന്നെ അവന്റെ കർത്താവ് അവന് വെള്ളവസ്ത്രം നൽകിയിരുന്നു. എന്നാൽ അയാൾ സ്വേച്ഛയാ മുഷിഞ്ഞവസ്ത്രം ധരിച്ചതിനാൽ അവൻ ക്രോധാവേശനായി.

349. എന്റെ സഹോദരരേ, സ്നാനജലത്തിൽ നിന്ന് നിങ്ങൾ വെള്ളവസ്ത്രം ധരിച്ചു, ദുഷ്കർമങ്ങൾ ചെയ്ത് നിങ്ങളുടെ വസ്ത്രം മുഷിഞ്ഞതാക്കരുത്. നിങ്ങൾ വിരുന്നിന് ഇരിക്കുന്നു, അത് ദൈവത്തിന്റെ സഭയാണ്. നിങ്ങൾ അവന്റെ സജീവശരീരം ഭക്ഷിക്കുകയും അവന്റെ വിശുദ്ധ രക്തം കുടിക്കുകയും ചെയ്യുന്നു. ഈ വിരുന്നിന് ഇരിക്കുകയും അവന്റെ ഭക്ഷണത്തിൽ നിന്ന് ഭുജിക്കുകയും ചെയ്തിട്ടും ദുഷ്ടതയും തിന്മയും പ്രവർത്തിക്കുന്നവന് ഉത്ഥാനദിനം ദുരിതം!

361. രാജാവ് യാത്ര പുറപ്പെട്ട് ഉന്നതത്തിൽനിന്ന് താഴേക്ക് ഇറങ്ങി വരികയും അവനായി സിംഹാസനം സജ്ജമാക്കപ്പെടുകയും പ്രതികാരം ചെയ്യാൻ അവൻ അതിൽ ഇരിക്കുകയും ചെയ്യുന്ന ആ ദിവസം, മുഷിഞ്ഞ വസ്ത്രം ധരിച്ചവന് ഇരട്ടി ദുരിതം അനുഭവിക്കേണ്ടിവരും. കരുണാരഹിതമായി അവൻ പീഡിപ്പിക്കപ്പെടും. അവനുവേണ്ടി ആരും നിലകൊള്ളുകയില്ല.

369. ഓ, മുഷിഞ്ഞ വസ്ത്രധാരിയേ, അത് വെളുപ്പിക്കാൻ പരിശ്രമിക്കുക! ഓ, അനീതിയാൽ മലിനൻ ആയവനേ, അനുതാപത്താൽ നീ നിന്നെത്തന്നെ വെളുപ്പിക്കുക. അങ്ങനെ വിരുന്നിനു ക്ഷണിക്കപ്പെട്ടവരെ കാണാൻ മണവാളൻ അവിടെ കടന്നുവരുമ്പോൾ, അവൻ നിനക്കു തന്ന വെള്ളവസ്ത്രത്തിനു പകരം മുഷിഞ്ഞ വസ്ത്രത്തോടുകൂടെ നിന്നെ അവൻ കാണാൻ ഇടയാകാതിരിക്കട്ടെ. അപ്പോൾ നിന്റെ കൈകാലുകൾ ബന്ധിച്ച്, കയ്പ്പോടെ കരയുന്ന പുറത്തെ അന്ധകാരത്തിലേക്കെറിയാൻ അവൻ അഗ്നിമയന്മാരോടു കൽപ്പിക്കും.

381. എന്റെ വത്സലരേ, ഒരു ഭീകരന്യായവിധി മുമ്പിൽ നിൽക്കുന്നു. എന്നാൽ ആരും അത് കാര്യമായി എടുക്കുന്നില്ല. തന്റെ പാപങ്ങളെപ്പറ്റി ആരും ചിന്തിക്കുന്നുമില്ല. അവസാനിക്കാത്ത ദുരിതത്തോടുകൂടെ എന്നേക്കുമായി ന്യായവിധി സംഭവിക്കും. അവന്റെ ന്യായവിധി നമ്മുടെ തെറ്റുകൾ ഞൊടിയിട നേരംപോലും ശ്രദ്ധിക്കാതിരിക്കയില്ല.

389. അത് നിത്യതവരെ നീളും; അത് നീങ്ങുന്ന കാലം വരികയില്ല. ക്രോധപൂർണമായ ന്യായവിധി സംഭവിക്കും; ഓരോ മനുഷ്യനും അവന്റെ മുതൽ തിരിച്ചുനൽകണം.

**കാമോദ്ദീപക രീതികൾക്കും ആഡംബരപ്രിയത്തിനും, പ്രത്യേകിച്ച് സ്ത്രീകളുടെ വസ്ത്രാഡംബരപ്രിയത്തിനും എതിരെ**

393. എന്റെ സഹോദരരേ, നമുക്ക് ക്ലേശങ്ങൾ സഹിക്കുകയും പ്രഹരങ്ങളിൽ തളരാതിരിക്കുകയും ചെയ്യാം. എന്തുകൊണ്ടെന്നാൽ അവയുടെ സ്ഥാനത്ത് ആ സ്ഥലത്ത് ക്ലേശങ്ങൾ ആയിരിക്കും കടന്നുവരിക. ഇവിടെ വ്യർഥസന്തോഷത്തിൽ, സമ്പദ്സമൃദ്ധിയിൽ, ജീവിച്ചവർ അവിടെ അഗ്നിജ്വാലകളിൽ ദുരിതം അനുഭവിക്കേണ്ടിവരും.

405. കാമാസക്തിയും സാഹസവും ഉണർത്താനുള്ള താൽപ്പര്യത്തിൽ ഇവിടെ തന്നെത്തന്നെ അലങ്കരിക്കുന്ന സ്ത്രീയുടെ ബാഹ്യഭാവം അവിടെ നിന്ദ്യമായിരിക്കും. അവൾ പ്രകാശരഹിതമായ അന്ധകാരം അവകാശമാക്കും. തന്റെ ഗന്ധത്താൽ തന്റെ ചുറ്റുമുള്ളവരെ ആകർഷിക്കാൻ സുഗന്ധലേപനം നടത്തുന്ന സ്ത്രീകൾ അവിടെ ദുർഗന്ധവാഹികളായിരിക്കും. മാലാഖമാർ അവളെ താഴേക്കു തള്ളിയിടും.

413. ഓ, മനുഷ്യരെ വലവീശിപ്പിടിക്കാൻ വസ്ത്രങ്ങളാൽ തന്നെത്തന്നെ അലങ്കരിക്കുന്ന നീ, സൗന്ദര്യമുള്ളവരെ നഗ്നരാക്കാൻ കത്തുന്ന, അഗ്നിയെപ്പറ്റി ചിന്തിക്കുക. ഓ, യുവാക്കൾക്ക് ഒരു നശിച്ച കെണിയായി ത്തീരുകയും അവരെ പിടികൂടുകയും ചെയ്യുന്ന നീ, നിന്റെ പീഡനത്തിന് ഒരുക്കിയിരിക്കുന്ന ജ്വാലയുടെ മുമ്പിൽ ഭയപ്പെടുക. നിന്റെ വലയിൽ ജ്ഞാനികളെത്തന്നെ കുടുക്കാനായി നിന്റെ മുടി ചീകി മിനുക്കി, പിന്നി, ചായമടിച്ച നീ നിന്റെ അവയവങ്ങളെ ബന്ധിക്കാൻ പോകുന്ന തീച്ചൂളയിലെ ബന്ധനങ്ങളെപ്പറ്റി ചിന്തിക്കുക.

425. തന്റെ നൃത്തച്ചെരിപ്പുകൊണ്ട് ഹേറോദ്യാ, യോഹന്നാന്റെ തലവെട്ടി; നിന്റെ അലങ്കാരങ്ങൾ കൊണ്ട് അനേകം ആത്മാക്കളുടെ മരണം സംഭവിക്കുന്നു. ഓ, വസ്ത്രങ്ങൾ കൊണ്ടും കാതിലോലകൾ കൊണ്ടും കണ്ഠാഭരണങ്ങൾ കൊണ്ടും കൈവളകൾ കൊണ്ടും മോതിരങ്ങൾ കൊണ്ടും രൂപങ്ങൾകൊണ്ടും മണവാട്ടിയെ പോലെ ദൈവഭവനത്തിലേക്ക് കടന്നുവരുന്ന നിന്നെ എന്തിനുവേണ്ടി അത്യുന്നതൻ കാണണം? എന്തുകൊണ്ട് അവന്റെ മുമ്പിൽ നിൽക്കാൻ നീ ആഗ്രഹിക്കുന്നു? നിന്റെ വായിൽ നിന്നു വരുന്ന പ്രാർഥന കൊണ്ടോ, പാപം നിറഞ്ഞ നിന്റെ അലങ്കാരങ്ങൾ കൊണ്ടോ?

437. ന്യായാധിപൻ സിംഹാസനാരൂഢനായി അന്ധകാര സ്ഥലത്തേക്ക് നിന്നെ എറിയാൻ അഗ്നിമയന്മാർക്ക് കൽപ്പന കൊടുക്കുമ്പോൾ, നിന്റെ ആത്മാവിനു ഹാ, കഷ്ടം! ഓ, മാലിന്യം നിറഞ്ഞ അലങ്കാരങ്ങളാൽ നിങ്ങളെത്തന്നെ അലങ്കരിക്കുന്ന പമ്പര വിഡ്ഢികളേ, നീതി നിറഞ്ഞ ജീവിതരീതികളാൽ നിങ്ങളെത്തന്നെ അലങ്കരിക്കുവിൻ. അങ്ങനെ, മണവാളനായ



മിശിഹാ ആഗതനാകുമ്പോൾ, നിങ്ങൾക്ക് അവനോടൊപ്പം മണവറയിൽ കടക്കുകയും അവന്റെ വിശുദ്ധ മേശയിൽ തന്റെ വിശുദ്ധരോടൊപ്പം ഉന്മേഷഭരിതരാകുകയും ചെയ്യാം.

449. നിന്റെ ഭർത്താവിന് അലങ്കാരങ്ങൾ ഇഷ്ടമാണെങ്കിൽ, അവനുവേണ്ടി ഭവനത്തിൽ ആടയാഭരണങ്ങൾ അണിയുക. നിന്നെ കാണുന്നവർക്ക് ഒരു കെണിയായി തീരാതിരിക്കാൻ, അവയുമായി വിശുദ്ധ സ്ഥലത്തു കടന്നു വരരുത്. നിന്നെ ഒരാൾ ഒരു വിവാഹവിരുന്നിനു ക്ഷണിച്ചാൽ, കുലീന വനിതകളെപ്പോലെ അലംകൃതയാകുക! വിരുന്നിന് അലംകൃതരാകാൻ, അടക്കമൊതുക്കമുള്ള നിങ്ങൾക്ക് അനുവദനീയമാണ്.

457. തന്റെ വത്സല സുതനെക്കുറിച്ചുള്ള സന്തോഷത്താൽ അവന്റെ വിവാഹദിവസവും അടക്കമൊതുക്കത്തോടെ അലംകൃതയായാൽ അവൾ കുറ്റാരോപിതയല്ല. ന്യായവിധിയിൽ കാരുണ്യത്തിൽ നിന്ന് അകറ്റപ്പെടാതിരിക്കാൻ, ചെറുപ്പക്കാരും ലീലാലോലുപമായി തങ്ങളെത്തന്നെ അലങ്കരിക്കാൻ പാടില്ല.

465. തങ്ങളെത്തന്നെ വ്യർഥമായി അലങ്കരിക്കുന്ന ഉല്ലാസശീലമുള്ളവർ നമ്മുടെ ലോകത്തുണ്ട്. അവർ വേശ്യയുടെ സുഗന്ധതൈലങ്ങൾ പൂശി അവരുടെ ഗന്ധം പേറി നടക്കുകയും അങ്ങനെ സൗന്ദര്യപൂർണമായിടത്ത് കടിഞ്ഞാണില്ലാതെ വ്യാപരിക്കുകയും ചെയ്യുന്നു. എഴുന്നേൽക്കൂ, വിശുദ്ധ സ്ഥലത്തു നിന്ന് പുറത്തേക്കു പോകൂ. പാവനസ്ഥലം വികൃതമാക്കരുത്. അങ്ങനെ, ന്യായവിധി വരുമ്പോൾ നിങ്ങൾക്ക് കരുണ ലഭിക്കാതിരിക്കരുത്. നിന്റെ അലങ്കാരം വിശുദ്ധ സ്ഥലത്ത് ഇത്തരം ശല്യം ഉണ്ടാക്കിയെങ്കിലും, നീതി നിന്നെ എങ്ങനെ സഹിച്ചു? അതില്ലാതിരുന്നെങ്കിൽ ജ്വാലകൾ നിന്നെ പിടികൂടുമായിരുന്നു.

479. ജ്വാലകൾ നിന്നെപ്പോലെ ദുഷിച്ചതല്ല; നിന്നെപ്പോലെ ധിക്കാരികളുമല്ല. കാരണം, ചെളിയിൽ തെറ്റിവീഴാൻ നീ സ്ഥിരമായി പരിശ്രമിച്ചു. ജ്വാലകളേക്കാൾ നിന്ദ്യമാണ് നിന്റെ അലങ്കാരങ്ങൾ, അവയുടേതിനേക്കാൾ ധൃഷ്ടമാണ് നിന്റേത്. അവ ശാന്തമാണ്; എന്നാൽ പാപങ്ങളുടെ വശീകരണത്തിൽ നിന്ന് നീ വിട്ടൊഴിയുന്നില്ല.

**ലൗകികവും പാപകരവുമായ, മർക്കടമുഷ്ടിയുള്ള മനസ്സിനെതിരെ**

487. ദുഷ്ടതയുടെ വിവിധ രീതികളെപ്പറ്റിയും എനിക്കു തുല്യരായ ദുഷ്ടർ അവ എപ്രകാരം ചെയ്തു കൂട്ടുന്നെന്നും പറയാനുള്ള സമയമല്ലിത്. ഏതു പാപത്തെപ്പറ്റിയാണ് ഞാൻ പറയേണ്ടത്? ഏതു ദുഷ്ടതയാണ് ഞാൻ എന്റെ വാക്കുകൾ കൊണ്ട് വിവരിക്കേണ്ടത്?

493. ഏതുതരം നിലവിളികൊണ്ടും നെടുവീർപ്പുകൊണ്ടും ഞാൻ അവിടെ കുത്തിയിരുന്ന് നമ്മുടെ തലമുറയെപ്പറ്റി കരയണം? നമ്മിൽ മറഞ്ഞിരിക്കാത്ത എന്തു പാപമാണുള്ളത്? അഥവാ, ഏത് നിന്ദ്യപ്രവൃത്തിയാണ് സ്വേച്ഛയാ നാം ചെയ്യാതിരുന്നത്? എണ്ണമറ്റ പാപങ്ങൾ നമ്മിൽ സ്ഥിരമായി കാണപ്പെടുന്നു. അവയുടെ വൈവിധ്യ രൂപഭാവങ്ങൾ എണ്ണാൻ നാവിന് ഒരിക്കലും കഴിവില്ല.

503. നമ്മിൽ മാരകമായ അസൂയയും കയ്പ്പേറിയ അപവാദവും വസിക്കുന്നു. നമ്മിൽ സമാധാനരഹിതമായ ക്രോധവും സന്ധിയില്ലാത്ത പകയും വസിക്കുന്നു. നമ്മിൽ കപടസ്നേഹവും ദുഷിച്ച ശീലങ്ങളുള്ള സ്നേഹവും വസിക്കുന്നു. അപ്പവും വീഞ്ഞുമുള്ള ആഹാരത്തിലേക്ക് പറവകളെപ്പോലെ നാം പറന്നടുക്കുന്നു. ജീവൗഷധംകൊണ്ട് അർപ്പണം നടത്തുമ്പോൾ നാം ഓടിക്കളയുന്നു.

513. പ്രാർഥന നമുക്ക് പരിഗണനാർഹമല്ല; ദിവ്യരഹസ്യങ്ങളുടെ അർപ്പണസമയം നമുക്ക് നിസ്സാരമാണ്. പുരോഹിതരെ നാം അനുസരിക്കുന്നില്ല; ഡീക്കന്മാരെ നാം നിന്ദിക്കുന്നു. കുഴൽവിളി കേൾക്കുമ്പോൾ സുസജ്ജരായി നാം യുദ്ധത്തിന് ഓടിപ്പോകുന്നു. എന്നാൽ നീതിയും തിരുലിഖിത വചനശ്രവണവും നിന്ദിക്കുന്നു.

521. നാം കലഹം കാംക്ഷിക്കുന്നു. ഒരാൾ മറ്റൊരാൾക്കെതിരെ കെണിവയ്ക്കുന്നു. നാം ബാഹ്യമായി ചുംബിക്കുന്നു, രഹസ്യമായി ശപിക്കുന്നു. നാം പേരിൽ നീതിമാന്മാരാണ്, എന്നാൽ കരുണാരഹിതരായ കുറ്റക്കാരാണ്. നാം നമ്മുടെ വിശ്വാസം പിളർത്തി, സത്യമതത്തിൽ വിഭജനം ഉണ്ടാക്കി. സഹോദരൻ സഹോദരനെതിരെയും ബന്ധു ബന്ധുവിനെതിരെയും കൗശലം പ്രയോഗിക്കുന്നു. നമ്മുടെ ഇടയിൽ സോദരവിദ്വേഷം നിലനിൽക്കുന്നു. അശുദ്ധ പരിഹാസോക്തികൾ നാം ഇഷ്ടപ്പെടുന്നു. ന്യായവിധിയെപ്പറ്റിയുള്ള ചിന്ത നമ്മുടെ മനസ്സിനും മരണചിന്ത നമ്മുടെ ചിന്തയ്ക്കും അന്യമാണ്.

**ബാധകാലം പോലും ശരിയായ മാനസ്സാന്തരം ഉളവാക്കുന്നില്ല**

535. അനുതാപികളാകാൻ നാം ആഗ്രഹിക്കുന്നു. ശിക്ഷാവിധി കടന്നുപോയാൽ നാം വീണ്ടും പാപം ചെയ്യുന്നു. നാം ദൈവകോപം ഇളക്കിവിടുകയും നമ്മുടെ തല താഴ്ത്തുകയും ചെയ്തു. ദൈവം തന്റെ ക്രോധം പിൻവലിച്ചു. നാം അവനെ വീണ്ടും പ്രകോപിപ്പിക്കുന്നു. നാം പേരിൽ നീതിമാന്മാരും പ്രവൃത്തിയിൽ പാപികളുമാണ്. ഈ കെണികളിൽ നാം കുടുങ്ങിക്കിടക്കുന്നു, എങ്കിലും നമ്മുടെ ഇച്ഛയെപ്പറ്റി നാം അഹങ്കരിക്കുന്നു.



545. നമ്മുടെ പറമ്പുകൾ പ്രഹരിക്കപ്പെട്ടു, എങ്കിലും നമ്മിൽ സത്യാനുതാപം ഉണ്ടായില്ല. നമ്മുടെ ഒലിവുതോട്ടങ്ങൾ ഉണങ്ങിക്കരിഞ്ഞു, എങ്കിലും നാം ഭയപ്പെട്ടില്ല. നമ്മുടെ മുന്തിരിത്തോട്ടങ്ങൾ നശിച്ചു, അതേപ്പറ്റി നാം ശ്രദ്ധിക്കുന്നില്ല. നമ്മുടെ വിളകൾ കരിഞ്ഞുപോയി, എങ്കിലും നാം ദുഷ്ടതയിൽ നിലനിന്നു.

549. കന്മഴ പെയ്തു, എങ്കിലും നമ്മുടെ ഹൃദയം വിറച്ചില്ല. വെട്ടുക്കിളി നമ്മെ കൊള്ളയടിച്ചു. എങ്കിലും നമ്മുടെ പ്രവണതകൾ കയ്പ്പേറിയവയായി നിലനിന്നു. നമ്മുടെ നാട്ടിൽ കൊള്ളയടിക്കൽ നടന്നു, വിജാതിയർ നമ്മുടെ തോളിൽ ചവിട്ടി. പകർച്ചവ്യാധി നമ്മുടെ പ്രിയപ്പെട്ടവരെ കവർന്നെടുത്തു; മാനസ്സാന്തരം കാണാതെ അവർ കടന്നുപോയി. നീതിമാന്മാർ കടന്നുപോയി, നീതികെട്ടവർ അവശേഷിച്ചു. നമ്മുടെ ഹൃദയം അനീതിയിൽ നിന്ന് തിരിഞ്ഞില്ല.

**സത്കർമങ്ങൾക്കുള്ള ആഹ്വാനം**

557. അതുകൊണ്ട് വരുവിൻ, നമുക്കു കരയാം, കണ്ണുനീർ കൊണ്ട് ധര നനയ്ക്കാം. നമ്മുടെ പാപങ്ങൾ പൊറുക്കുന്ന കാരുണ്യവാന് കൃതജ്ഞത അർപ്പിക്കാം. അബ്രഹാമിനോടൊപ്പം നമുക്ക് സന്തോഷിക്കാൻ, ദരിദ്രർക്ക് ദാനധർമം കൊടുക്കാം. കർത്താവ് നമ്മുടെ അപേക്ഷ കേൾക്കാൻ ആവശ്യക്കാരെ നമ്മുടെ ഭവനത്തിൽ മേശയ്ക്കു ക്ഷണിക്കാം.

565. അവിടുന്ന് തന്റെ വാതിൽ നമുക്കായി തുറക്കാൻ ദരിദ്രർക്ക് നമ്മുടെ വാതിൽ തുറക്കാം. പറുദീസായിലെ അമൂല്യ വസ്തുക്കൾ കൊണ്ട്, വിശപ്പുള്ളവരോടൊപ്പം തൃപ്തി വരാനായി അവർക്ക് നമ്മുടെ മേശയിൽ ഇടം കൊടുക്കാം.

569. നിന്ദാവചനങ്ങൾ നമ്മുടെ വായിൽ നിന്നും ദുർവചനങ്ങൾ നമ്മുടെ അധരങ്ങളിൽ നിന്നും ദൂരെയകറ്റാം. ദുരിതം അനുഭവിക്കുന്നവരെ നമുക്ക് സമാശ്വസിപ്പിക്കാം. കാരാഗൃഹത്തിലുള്ളവരെ സന്ദർശിക്കാം. ദൈവം വാക്കുകളും പ്രവൃത്തികളും വിധിക്കുമെന്നും ചിന്തകൾക്കും നയനാംഗ്യത്തിനും നീതി അവിടെ കണക്ക് ആവശ്യപ്പെടുമെന്നും വിവേകികളെപ്പോലെ നമുക്ക് തിരിച്ചറിയാം.

**അനുതാപത്തിനുള്ള ഉദ്ബോധനം; നല്ല ന്യായാധിപനെ പറ്റിയുള്ള തെറ്റായ ആത്മവിശ്വാസം വേണ്ട. കള്ളന്റെയും പാപിനിയുടെയും ദൃഷ്ടാന്തം**

581. ഓ, പാപീ, നിന്നോടു ഞാൻ പറയുന്നു: നിന്റെ ചെവി ചായിച്ച് എന്നെ ശ്രവിക്കുക. കാമാസക്താ, നിന്നോടു ഞാൻ പറയുന്നു: എന്നെ ശ്രവിച്ച് എന്നിൽ നിന്നു കേൾക്കുക. മോഷ്ടാവേ, എന്നെ ശ്രദ്ധിക്കുക!

വ്യഭിചാരീ, കേട്ട് സ്വീകരിക്കുക. രാജകൊട്ടാരത്തിലെ അഗ്നിയിൽ നിന്ന് നിനക്ക് എങ്ങനെ ഓടിയകലാൻ കഴിയുമെന്ന് ഞാൻ നിന്നെ കാണിക്കാം.

589. നീ പാതാളത്തിലേക്ക് പോകേണ്ട അവസ്ഥയിലാണെന്ന് എല്ലാറ്റിനും മുമ്പ് തിരിച്ചറിയുക. നീ ചെയ്ത തെറ്റുകൾക്ക് നീ കണക്കു ബോധിപ്പിക്കേണ്ടിവരും. അഗ്നിജ്വാലയിലേക്കുള്ള നീതിനിറഞ്ഞ ന്യായവിധി യിൽ, നിന്നെ രക്ഷിക്കാൻ കഴിയുന്ന സഹോദരനെ കൂടാതെയും നിനക്കു വേണ്ടി മാധ്യസ്ഥ്യം പറയാൻ കഴിവുള്ള വത്സലരെ കൂടാതെയും കരച്ചി ലോടും പല്ലുകടിയോടും കൂടെ നീ ദൂതന്മാരാൽ വലിച്ചിഴയ്ക്കപ്പെട്ട് അഗ്നിമയ ന്മാരാൽ തള്ളിയിടപ്പെടും. ആ ദിനം വന്നണയുന്നതിനുമുമ്പ് അനുതാപ ത്തിൽ അഭയം തേടുക. അതിന് നിന്റെ മുറിവുകൾ കെട്ടാനും സുഖപ്പെടുത്തി സമാശ്വസിപ്പിക്കാനും കഴിയും!

603. കാരുണ്യം നിന്റെ സഹായത്തിന് എത്തുന്നതിന്, സാധ്യത ഉള്ളപ്പോൾ, കാരുണ്യത്തിനായി അപേക്ഷിക്കുക. കാരണം, നിത്യതയ്ക്കാ യുള്ള ആ ന്യായവിധിയിൽ കാരുണ്യമോ അനുകമ്പയോ ഇല്ല. മൃത്യു നിറഞ്ഞ വാഗ്ദാനം ദൈവത്തിനു നൽകരുത്.

609. ഇന്ന് ഞാൻ പാപം ചെയ്യും, പിന്നീട് നാളെ ഞാൻ അനുതപിക്കും എന്നു പറയരുത്. കാരണം, ഒരുപക്ഷേ നീ പാപം ചെയ്യുന്ന ദിവസം നിന്നെ മരണം പിടികൂടിയേക്കാം. മനസ്സാക്ഷിക്കുത്തോടു കൂടെ നിത്യമായ വിധി തീർപ്പിന്റെ ഇടത്തേക്ക് നീ പോകേണ്ടി വന്നേക്കാം.

615. ന്യായാധിപന്റെ മുമ്പിൽ ന്യായവിധിയിൽ നിന്റെ മുഖം ലജ്ജാവിവശമാകും. അവിടെ നിന്റെ സത്കർമങ്ങൾ ദൂരെ അകന്നു പോകുകയും ദുഷ്കർമങ്ങളെല്ലാം ഒന്നിച്ചുകൂടി എത്തുകയും ചെയ്യും. നീതി നിന്നെ ഭീഷണിപ്പെടുത്തും. കാരണം, നിന്റെ പ്രവൃത്തികളാൽ അതിനെ നീ പ്രകോപിപ്പിച്ചു.

621. നീതി അഗ്നിമയന്മാരോട് കൽപ്പിക്കും. അവർ നിന്നെ അഗ്നിവാറു കൊണ്ട് ബന്ധിക്കുകയും ധിക്കാരി എന്ന നിലയിൽ അഗ്നിദണ്ഡു കൊണ്ട് പ്രഹരിക്കുകയും ചെയ്യും. നീ പുറത്തേക്കു കടന്ന് പ്രകാശരഹിതമായ അന്ധകാരം അവകാശപ്പെടുത്താൻ, നിന്നെ അവർ പുറത്തേക്ക് എറിയും. ഓ, ബലഹീനമനുഷ്യാ, അതേപ്പറ്റി ചിന്തിക്കുകയും ഇക്കാര്യങ്ങളിൽ നിന്റെ ചിന്തകൾ ക്രമപ്പെടുത്തുകയും ചെയ്യുക.

629. അവിടെ വിശുദ്ധർ അവകാശമാക്കുന്ന നന്മകൾ ഏവയാണെന്നും തങ്ങളുടെ പ്രവൃത്തികളുടെ അധ്വാനങ്ങൾക്ക് അവർക്കു ലഭിക്കുന്ന പ്രതി ഫലം എന്താണെന്നും മറ്റേവശവും കൂടി കാണുക. ഒരൊറ്റ വാക്കുകൊണ്ട് ജീവൻ പ്രാപിച്ച കള്ളന്റെ മാതൃക നീ സ്വീകരിക്കുക. പാപിനിയുടെ ദൃഷ്ടാന്തം



നീ എടുക്കുക. അവളുടെ കണ്ണീർ നിമിത്തം കർത്താവ് അവളുടെ കടങ്ങൾ ക്ഷമിച്ചു.

**ആ ദിവസം നീതിമാന്മാർ ഭാഗ്യവാന്മാർ**

637. ദുഷ്കർമികളുടെ ദുരിതത്തിനു സമാനമായി സത്കർമികൾക്ക് ദൈവികകൃപയിൽ നിന്ന് എന്തു നന്മയാണ് വിതരണം ചെയ്യപ്പെടുന്നതെന്നും കേൾക്കുക! കരുണയുള്ളവർക്കും നീതിമാന്മാർക്കും ആ ദിവസം മഹാ ഭാഗ്യം. കാരണം, അവർക്കു കാരുണ്യം ലഭിക്കും. അവർ സ്വർഗരാജ്യത്തി ലേക്ക് കടന്ന് അത് അവകാശമാക്കും.

645. ആവശ്യക്കാർക്കും ദരിദ്രർക്കും തന്റെ സമ്പാദ്യം പകുത്തു കൊടുത്തവന് ആ ദിവസം മഹാഭാഗ്യം. കാരണം, പ്രകാശമണവറയിൽ അവൻ സന്തോഷിക്കും. നഗ്നരെ ഉടുപ്പിച്ചവന് ആ ദിവസം മഹാഭാഗ്യം. കാരണം, അവർ നശ്വരവസ്ത്രത്തിനു പകരം നിത്യ മഹത്വവസ്ത്രം ധരിക്കും. നമ്മുടെ കർത്താവിനെപ്രതി ദരിദ്രരായവർക്ക് ആ ദിവസം മഹാഭാഗ്യം. കാരണം, അവർ ലാസറിനോടൊപ്പം സന്തോഷിക്കുകയും അബ്രഹാമിന്റെ മടിയിൽ ആമോദിക്കുകയും ചെയ്യും.

657. തന്റെ കവാടം ദരിദ്രർക്കായി തുറന്നവന് ആ ദിവസം മഹാഭാഗ്യം. കാരണം, അവൻ പ്രകാശമണവറയിലേക്കു കടക്കുമ്പോൾ, അവനെതിരെ ആരും വാതിൽ അടയ്ക്കുകയില്ല. സത്യം പ്രസംഗിക്കുകയും അത് ബോധ്യ ത്തോടുകൂടെ ചെയ്യുകയും ചെയ്തവന് ആ ദിനം മഹാഭാഗ്യം. കാരണം, അവൻ അവിടെ ഗുരുക്കന്മാരുടെ കൂടെ ഗണിക്കപ്പെടും.

665. തന്റെ വിശ്വാസം മാറ്റമില്ലാതെ നിലനിന്നവന് ആ ദിനം മഹാ ഭാഗ്യം. അവൻ അബ്രഹാമിനൊപ്പം വിശ്വസിച്ചതിനാൽ, നീതിമാന്മാ രുടെ വാഗ്ദാനം അവകാശമാക്കും. സംശുദ്ധസ്നേഹം ഉണ്ടായിരുന്നവന് ആ ദിനം മഹാഭാഗ്യം! എന്തുകൊണ്ടെന്നാൽ പിതാവും പുത്രനും പരിശുദ്ധാ ത്മാവും അവനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും.

673. തന്റെ കർത്താവിൽ പ്രത്യാശ വച്ചവന് ആ ദിനം മഹാഭാഗ്യം! എന്തുകൊണ്ടെന്നാൽ, അവൻ നീതിമാന്മാരോടുകൂടെ ബഹുമാനിക്കപ്പെടു ന്നതിനാൽ, ന്യായവിധിയിൽ ലജ്ജിക്കേണ്ടിവരില്ല. സഭയിൽ പിളർപ്പുണ്ടാ ക്കാതിരുന്നവന് ആ ദിനം മഹാഭാഗ്യം. എന്തുകൊണ്ടെന്നാൽ അവനുവേണ്ടി ആർപ്പുവിളി ഉയരും. അവരുടെ ചിറകുകളിന്മേൽ അവൻ ബഹുമാനിക്ക പ്പെടും.

681. കോപിഷ്ടരെ സമാധാന ചിത്തരാക്കിയവന് ആ ദിനം മഹാഭാഗ്യം. കാരണം, നീതി അവനുമായി അനുരഞ്ജനപ്പെടും; അവന്റെ പാപങ്ങൾ അവന് കണക്കിടുകയുമില്ല. ക്രോധം പിടികൂടാത്തവന് ആ ദിനം മഹാഭാഗ്യം!

കാരണം, നീതി അവനെതിരെ കോപിക്കയില്ല. ന്യായവിധിയിൽ അവൻ വിധിക്കപ്പെടുകയില്ല. ഞെരുങ്ങിയിരുന്നവരെ ശുശ്രൂഷിച്ചവന് ആ ദിനം മഹാഭാഗ്യം. കാരണം, ഉന്നതദൂതന്മാർ അവനെ സേവിക്കുകയും അവരുടെ ചിറകുകളിൽ അവൻ ബഹുമാനിക്കപ്പെടുകയും ചെയ്യും.

693. താഴ്മയുള്ളവന് ആ ദിവസം മഹാഭാഗ്യം. കാരണം, ദൈവിക കൃപയുടെ കൈകൾ കൊണ്ട് അവൻ മഹത്വവസ്ത്രത്തിൽ പൊതിയപ്പെടും. തന്റെ അധ്വാനംകൊണ്ട് വിശുദ്ധ ബലിപീഠം സംരക്ഷിച്ചവന് ആ ദിവസം മഹാഭാഗ്യം. കാരണം, മാലാഖമാരുടെ അപ്പത്താൽ അവൻ പുഷ്ടിപ്പെടും. ശോഭയും ഗാംഭീര്യവും അവന്റെ അവകാശമായിരിക്കും.

701. തന്റെ വീഞ്ഞ് വിശുദ്ധാലയത്തിൽ കലർത്തിയവന് ആ ദിനം മഹാഭാഗ്യം. കാരണം, ദൈവികകൃപയുടെ വലത്തുവശത്തു നിന്ന് രക്ഷയുടെ കാസാ അവനു ലഭിക്കും. തന്റെ മൂടുപടം കൊണ്ട് വിശുദ്ധ മദ്ബഹാ അലങ്കരിച്ചവന് മഹാഭാഗ്യം. കാരണം, തന്റെ നാഥൻ നൽകിയ പ്രകാശവസ്ത്രത്തിൽ നിന്ന് ആത്മീയരുടെ ഇടയിൽ അവൻ ശോഭ പരത്തും. തന്റെ അധ്വാനത്താൽ വിശുദ്ധ പീലാസാ തീർത്തവന് മഹാഭാഗ്യം. കാരണം, അതിൽ വയ്ക്കപ്പെടുന്ന ശരീരം അവനൊരു ദുർഗമാണ്.

713 തന്റെ മുഖത്തെ വിയർപ്പിൽ നിർമിച്ച കാസാ സമ്മാനിച്ചവൻ ഭാഗ്യവാൻ. കാരണം, അതിൽ ആഘോഷമായി സംവഹിക്കപ്പെടുന്ന രക്തം പീഡനത്തിൽ നിന്ന് അവനെ രക്ഷിക്കും. വിശുദ്ധ ധൂപകലശവും സ്ലീബായും നിർമിച്ചവന് ഭാഗ്യം. കാരണം, പ്രകാശ സ്ലീബായുടെ കീഴിൽ ദൈവികകൃപ അവനെ മറയ്ക്കും.

721. തന്റെ അധ്വാനത്തിൽ നിന്ന് ദൈവത്തിന്റെ പുരോഹിതരെ പരിപാലിക്കുകയും തന്റെ ഭക്ഷണസാധനങ്ങളാൽ അവരെ തീറ്റിപ്പോറ്റുകയും സഭയിൽ ആർക്കുവേണ്ടി അവർ പ്രാർഥിക്കുകയും ചെയ്യുന്നുവോ, അവനു ഭാഗ്യം. കാരണം, അവരുടെ പ്രാർഥനകൾ ന്യായാധിപന് ഒരു സമ്മാനമായിരിക്കും. അവൻ അവനുമായി അനുരഞ്ജനപ്പെട്ടിരിക്കും.

727. തന്റെ എണ്ണകൊണ്ട് നീതിമാന്മാരുടെ അസ്ഥികൾക്കു മുമ്പിൽ വിളക്കുകൾ കത്തിച്ചവന് ഭാഗ്യം. കാരണം, സ്വർഗീയ പ്രകാശമണവറയിൽ, കത്തുന്ന വിളക്കുമായി അവൻ പ്രവേശിക്കും. തന്റെ അധ്വാനത്താൽ കുസ്തോദിപ്പെട്ടികൾ ആവരണം കൊണ്ട് അലങ്കരിച്ചവന് മഹാഭാഗ്യം. കാരണം, തന്റെ നഗ്നത മറയ്ക്കാൻ അവന് ആവരണം നൽകപ്പെടും. ദൈവാലയങ്ങൾ സന്ദർശിക്കുകയും ആശ്രമങ്ങൾക്ക് ദാനം ചെയ്യുകയും ഏകാന്തവാസികളെ ബഹുമാനിക്കുകയും ചെയ്തവന് ഭാഗ്യം. കാരണം, അവരുടെ പ്രാർഥന അവന്റെ ജീവൻ രക്ഷിക്കും.



739-764: ഈ ഭാഗ്യസ്തുതികൾ നമുക്ക് ആഗ്രഹിക്കാം; ഈ പ്രതിഫലം നമുക്ക് കാംക്ഷിക്കാം. ഇത്തരം വാഗ്ദാനങ്ങൾ നമുക്ക് അന്വേഷിക്കുകയും ആ ദിവസം എത്തിപ്പിടിക്കുകയും ചെയ്യാം. നമ്മുടെ കർത്താവ് പത്ത് ദുരിതങ്ങളും അതോട് പത്ത് ഭാഗ്യങ്ങളും ചേർത്തു. കാംക്ഷിക്കുന്നത് തെരഞ്ഞെടുക്കുക. ദുരിതം അവന്റെ അടുത്തുണ്ട്. കാരണം, ദൈവം ആരെയും ബലം പ്രയോഗിച്ച് നീതിയിലേക്ക് നയിക്കുന്നില്ല. വീണ്ടും, തിന്മ പ്രവർത്തിക്കാൻ അവിടുന്ന് സ്വാതന്ത്ര്യത്തെ നിർബന്ധിക്കുന്നില്ല. തനിക്കിഷ്ടമുള്ളതു പോലെ ജീവിതം നയിക്കാൻ അവിടുന്ന് നമ്മുടെ പ്രകൃതിക്ക് സ്വാതന്ത്ര്യം നൽകി. വീഴണമെന്നു താൽപ്പര്യപ്പെട്ടാൽ വീഴുന്നു; നിൽക്കണമെന്നു താൽപ്പര്യപ്പെട്ടാൽ നിൽക്കുന്നു. നന്മ ചെയ്യാൻ ദൈവം മനുഷ്യരെ നിർബന്ധിച്ച് നയിച്ചാൽ, അവരുടെ സത്പ്രവൃത്തികൾക്ക് വിലയൊന്നുമില്ല.

അവന്റെ ദാനധർമത്തിന് പ്രതിഫലവുമില്ല. എന്നാൽ തന്റെ ഇച്ഛാനുസൃതമായിരിക്കുകയും സദാ നന്മ ചെയ്യുകയും ചെയ്താൽ, തന്റെ ഇച്ഛാനുസൃതം ചെയ്തവയ്ക്ക് അവനുള്ള പ്രതിഫലം വളരെ വലുതായിരിക്കും. തന്റെ ഇച്ഛാനുസൃതം പാപം ചെയ്തതിനാൽ, സ്വേച്ഛയാ തിന്മ പ്രവർത്തിക്കുന്നവൻ ശിക്ഷിക്കപ്പെടും.

765. ഇച്ഛയിൽ രണ്ടും നിലനിൽക്കുന്നു: പാപം ചെയ്യുന്നതും നന്നായി പ്രവർത്തിക്കുന്നതും. ആ വിജ്ഞാനിയായ സ്രഷ്ടാവ് നമുക്ക് രണ്ടു പാതകൾ തന്നിരിക്കുന്നു. ഒന്ന് രാജകൊട്ടാരത്തിലേക്ക് വഴിതെളിക്കുന്നു. മറ്റത് ഗേഹെന്നായിലേക്ക് നയിക്കുന്നു. നാം ആഗ്രഹിക്കുന്ന പാതയിലൂടെ യാത്ര ചെയ്യാൻ നമ്മുടെ ഇച്ഛയ്ക്ക് കഴിയും.

773. ഇഷ്ടമുണ്ടെങ്കിൽ സ്വർഗരാജ്യത്തിലേക്ക് യാത്ര ചെയ്യുന്നു, മറിച്ചാണ് ഇഷ്ടമെങ്കിൽ, ഗേഹെന്നായിലേക്ക് യാത്ര ചെയ്യുന്നു. സുശിക്ഷിതമായി തന്റെ പാതയിൽ സഞ്ചരിക്കുന്നവന്റെ പാത സ്വർഗരാജ്യത്തിലേക്ക് നയിക്കുന്നു. എന്നാൽ കടിഞ്ഞാണില്ലാതെ സഞ്ചരിക്കുന്നവന്റെ വഴി ഗേഹെന്നായിലേക്ക് നയിക്കുന്നു. ഇതാ, നിന്റെ മുമ്പിൽ വെള്ളവും തീയും വയ്ക്കപ്പെട്ടിരിക്കുന്നു. നിനക്ക് ഇഷ്ടമുള്ളിടത്ത് നിന്റെ കൈ വയ്ക്കൂ. ഇതാ, സ്വർഗരാജ്യവും ഗേഹെന്നായും. നിനക്കിഷ്ടമുള്ളത് തെരഞ്ഞെടുക്കൂ.

**സാത്താനെതിരെയുള്ള പോരാട്ടം**

783. എന്റെ സഹോദരരേ, നിങ്ങൾ സാത്താനോടൊപ്പം ദുരിതം അവകാശമാക്കാൻ നിങ്ങളെ സ്വർഗരാജ്യത്തിൽ നിന്ന് ദൂരെയകറ്റാനും ഗേഹെന്നായിൽ എത്തിക്കാനും ആഗ്രഹിക്കുന്ന ദുഷ്ടനോട് പോരാടുവിൻ. തനിക്കായി ഗേഹെന്നാ കത്തുന്നെന്ന് സാത്താനറിയാം.

789. സാധ്യമെങ്കിൽ എല്ലാവരെയും അവിടെ എത്തിക്കാൻ അവൻ പണിപ്പെടുന്നു. എല്ലാം ഉപേക്ഷിച്ച് തന്റെ സ്രഷ്ടാവിൽ അഭയം തേടുന്നവൻ അവന്റെ കെണികളെയെല്ലാം കാൽക്കീഴമർത്തുകയും അവന്റെ വലയിൽ വീഴാതിരിക്കുകയും ചെയ്യുന്നു. എന്റെ വത്സലരേ, നിങ്ങൾ ദുഷ്ടന്റെ കരങ്ങളിൽ വീഴാതിരിക്കാൻ, പ്രയോജനരഹിത കർമങ്ങളിൽ നിന്ന് കരങ്ങൾ പിൻവലിക്കുകയും നിങ്ങളുടെ ജീവനുവേണ്ടി പോരാടുകയും ചെയ്യുവിൻ. കാരണം, എല്ലാ മണിക്കൂറിലും നമ്മോടു പോരാടുന്ന ഈ ശപ്തന് പ്രത്യേ സമയമൊന്നുമില്ല. അവൻ തന്റെ പോരാട്ടം ഒരിക്കലും അവസാനിപ്പി ക്കുന്നില്ല. സമാധാനം ഉണ്ടാകുവാൻ അവൻ ആഗ്രഹിക്കുന്നില്ല. കാരണം, അവൻ സദാ കലഹം വാഞ്ഛിക്കുന്നു.

805. സമാധാന കാംക്ഷിയായി ഒരുത്തനും അവന്റെ നിരയിലില്ല. കാരണം, അവരെല്ലാം ഒരുപോലെ രക്തദാഹികളാണ്. അവൻ വിട്ടുപേക്ഷി ക്കുന്നില്ല, അവൻ മയങ്ങുകയോ, ഉറങ്ങുകയോ ചെയ്യുന്നില്ല. ചീന്തിക്കീറാനും കൊല്ലാനും നശിപ്പിക്കാനും ദുഷിപ്പിക്കാനുമാണ് സദാ അവന്റെ ശ്രദ്ധ. സാധിക്കുമെങ്കിൽ ഒരിക്കൽ എല്ലാ മനുഷ്യരും തന്നോടൊപ്പം നരകത്തിൽ വേദനിക്കുന്നതിന് അവൻ അധ്വാനിക്കുന്നു.

**സാത്താന്റെ മേൽ നീതിമാന്മാരുടെ വിജയം**

813. എങ്കിലും പോരാട്ടത്തിൽ കിരീടം ധരിപ്പിക്കപ്പെടുന്ന പരിപൂർണർ ഭാഗ്യവാന്മാർ! കാരണം, ഒരു നാഴികപോലും അവൻ അവരുടെമേൽ വിജയി ച്ചില്ല; എപ്പോഴും അവനാണ് പരാജിതൻ! അമ്പുകൊണ്ടെന്നപോലെ അവരുടെ വായിലെ പ്രാർഥനകൾ കൊണ്ട് അവൻ മൂടപ്പെടുന്നു. തങ്ങളുടെ ജാഗരണത്താലും ഉപവാസത്താലും ഗോലിയാത്തിനെ എന്നപോലെ അവർ അവനെ തറ പറ്റിക്കുന്നു.

821. തങ്ങൾ ഒട്ടിച്ചേർന്നിരിക്കുന്ന വിശ്വാസത്താൽ അവർ അവനെ ശകാരിക്കുകയും അവൻ ഉടൻതന്നെ അപ്രത്യക്ഷനാകുകയും ചെയ്യുന്നു. അവർ മുറുകെപ്പിടിക്കുന്ന സ്വേച്ഛയാലുള്ള ദാരിദ്ര്യത്താൽ, ക്ഷുദ്രക്കാരൻ ശീമോനെ എന്നപോലെ അവനെ അവർ പാദത്തിൻ കീഴമർത്തുന്നു. അവർ തങ്ങളുടെ സംശുദ്ധ സ്നേഹത്തിലൂടെ അവന്റെ അസൂയയെ നശിപ്പിക്കുന്നു. അവരുടെ താഴ്മയാൽ അവൻ താഴ്ത്തപ്പെടുകയും അവരുടെ പാദത്തിൻ കീഴെ വന്നു പതിക്കുകയും ചെയ്യുന്നു.

829. പാവപ്പെട്ടവർക്കായി തുറന്ന അവരുടെ വാതിലിലൂടെ, അഗ്നി കൊണ്ടെന്നപോലെ അവൻ കഠിനമായി പീഡിപ്പിക്കപ്പെടുന്നു. തങ്ങളുടെ കരങ്ങളുടെ ദാനധർമങ്ങളിലൂടെ, ജോബിനെപ്പോലെ അവർ അവനെ ദണ്ഡിപ്പിക്കുന്നു. ഈ സത്പ്രവൃത്തികളാൽ ദുഷ്ടന് പോരാട്ടത്തിൽ പിടിച്ചു നിൽക്കാനാകില്ല. ഇപ്രകാരം പ്രവർത്തിക്കുന്നിടത്ത് അവന് ഒരിക്കലും



വിജയിക്കാൻ കഴിയില്ല. ഇവർ അവനെ പൂർണമായി കീഴടക്കും. ഇവർ അവനെ പൂർണമായി പരാജയപ്പെടുത്തും. ഈ ആയുധങ്ങൾ കൊണ്ട് നമുക്ക് അവനോടു പോരാടാം. ഉടൻതന്നെ അവൻ നിലംപരിശാകും.

**സമാപനോപദേശങ്ങൾ**

841. അതുകൊണ്ട്, എന്റെ സഹോദരരേ, വരുവിൻ. ആത്മാവ് ധരിപ്പിച്ച ആയുധം നമുക്കു ധരിക്കാം. നമുക്ക് കർത്താവിനെ വിളിച്ചപേക്ഷിക്കാം... ശത്രുവിനു നമ്മെ കീഴടക്കാനാവില്ല. എല്ലാ നാഴികയിലും നമ്മുടെ കണ്ണുകൾക്കു മുമ്പിൽ ദൈവത്തെ നിലനിർത്തുകയും അവനെ നോക്കി ക്കൊണ്ടിരിക്കുകയും ചെയ്യാം. അവൻ നമ്മുടെ രക്ഷകൻ ആയിരിക്കുകയും നമ്മുടെ ശത്രുവിൽ നിന്ന് നമ്മെ വിടുവിക്കുകയും ചെയ്യും.

849. ശാശ്വതകിരീടം നേടാൻ ചുരുങ്ങിയ സമയത്തേക്ക് നമുക്ക് അധ്വാനിക്കാം. നിത്യനിന്ദനം അവകാശപ്പെടുത്താതിരിക്കാൻ, ചുരുങ്ങിയ സമയത്തേക്ക് നമുക്കവനെ തോൽപ്പിക്കാതിരിക്കാം. നമുക്ക് ഈ ലോകത്തെ നോക്കാം. അത് ഒരു സ്വപ്നം പോലെയാണ്; അത് നിഴൽപോലെ കടന്നു പോകുന്നു. അതിനെ സ്നേഹിക്കുന്നവർക്ക് അത് സ്വപ്നസമാനമാണ്. ഉണരുമ്പോൾ സ്വപ്നം മറഞ്ഞു പോകുന്നു.

857. അർഹരായവർക്കുവേണ്ടി സജ്ജമാക്കിയിരിക്കുന്ന പുതിയ ലോകത്തെ നമുക്ക് ദർശിക്കാം. അതിന്റെ സൗന്ദര്യം നിത്യവും സദാ നിലനിൽക്കുന്നതുമാണ്. ഇന്നുള്ളതും നാളെ ഇല്ലാതിരിക്കുന്നതുമായ ക്ഷണിക സമ്പത്ത് നമുക്ക് കാണാം. എന്നാൽ അതിന്റെ പാപം നിത്യമായും അതിന്റെ ഗേഹെന്നാ എല്ലാ തലമുറകൾക്കും നിലനിൽക്കുന്നതുമാകുന്നു.

865. ബുദ്ധിമാന്മാരെപ്പോലെ നമുക്ക് പരിശോധിക്കുകയും വിവേകി കളെപ്പോലെ ഗ്രഹിക്കുകയും ചെയ്യാം! സൂര്യന്റെ ചൂട് വേനൽക്കാലത്തെ ഒരു ദിവസം പോലും നമുക്ക് സഹിക്കാനാവില്ല. അതു നമുക്ക് അസഹ്യവും നമ്മുടെ ശരീരത്തിന് താങ്ങാൻ കഴിയാത്തതുമാണെങ്കിൽ, ഗേഹെന്നായിലെ ചൂടിനെ ആരാണ് ഭയക്കാത്തത്!

873. പാപികളായ മനുഷ്യർ അനുതാപത്തിന് അണയണമെന്ന് എല്ലാ രീതികളിലും പഠിപ്പിക്കുന്ന നല്ലവനായ കർത്താവേ, നിനക്കു സ്തുതി. മറഞ്ഞിരിക്കുന്ന നിന്റെ പിതാവിന് കൃതജ്ഞത, പരിശുദ്ധാത്മാവിനു സ്തുതി. സദാസമയവും ഞങ്ങളെല്ലാവരുടെയും മേൽ കാരുണ്യം ഉണ്ടായിരിക്കട്ടെ. ആമ്മീൻ, ആമ്മീൻ.

**അനുബന്ധം-1**

1. പിതാവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു; പുത്രനോട് ഞാൻ പ്രാർഥിക്കുന്നു, പരിശുദ്ധാത്മാവിനെ ഞാൻ ആരാധിക്കുന്നു. എന്റെ വായും

നാവും തുറന്നുതരണമെ. ഉത്ഥാന ദിനം സമാഗതമാകുന്നു, ന്യായവിധിദിനം വാതിൽക്കൽ നിൽക്കുന്നു. ഓ, പരിശുദ്ധാത്മാവേ, നിന്നിലൂടെ ഉത്ഥാനത്തെപ്പറ്റിയും ന്യായവിധിയെപ്പറ്റിയും സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

9. ഓ, ശ്രോതാവേ, എനിക്കു ചെവി ചായിച്ചുതരികയും ഭീതികരമായ ഒരു വിവരണം എന്നിൽ നിന്നു കേൾക്കുകയും ചെയ്യുക. സ്നേഹപൂർവം ശ്രവിക്കുന്നവന് വളരെ പ്രയോജനകരമായ ഒരു വിവരണമാണിത്. സ്നേഹപൂർവം ജീവവചനം ശ്രവിക്കാതിരുന്നാൽ, അത് ഒരു ചെവിയിൽ നിന്ന് മറ്റൊന്നിലേക്കു കടന്നുപോകും. ആ ശ്രവണം ഗുണം ചെയ്യുകയില്ല.

17. എന്നാൽ പ്രയോജനകരമായ ഈ വാക്കു കേൾക്കാൻ സ്നേഹപൂർവം ചെവി ചായിച്ചാൽ, ഈ വിരുന്നിൽ ആത്മാവും മനസ്സും ബുദ്ധിയും സന്തുഷ്ടമാകും. ഉത്ഥാനത്തെപ്പറ്റിയും ന്യായവിധിയെപ്പറ്റിയും സംസാരിക്കാൻ ഞാൻ എന്റെ വായ് തുറന്നു. ഓ, ശ്രോതാവേ, എനിക്ക് സ്നേഹപൂർവം വിവേകമുള്ള കേൾവി തന്നാലും!

25. ഞാൻ എന്റെ പാപങ്ങളെപ്പറ്റി, അവ എത്ര എണ്ണമറ്റവയാണെന്നും എത്രമാത്രം ദൈവികകൃപ അവ സഹിക്കുന്നെന്നും ചിന്തിച്ചുകൊണ്ട് ഒരു ദിവസം എന്റെ വഴിയിലൂടെ നടക്കുകയായിരുന്നു. കാലാന്ത്യത്തിൽ സംഭവിക്കാൻ പോകുന്ന ഉത്ഥാനത്തെപ്പറ്റിയും ഉത്ഥാനാനന്തരം അനുഗമിക്കുന്ന, നിത്യമായി തെരഞ്ഞെടുക്കുന്ന ന്യായവിധിയെപ്പറ്റിയുമുള്ള ചിന്ത എന്റെ മനസ്സിൽ വന്നു.

33. നീതിമാന്മാരുടെയും നീതിരഹിതരുടെയും ഇടയിൽ സംഭവിക്കാനിരിക്കുന്ന വേർതിരിവിനെപ്പറ്റി ഞാൻ ചിന്തിച്ചു. നീതിമാന്മാർ സ്വർഗീയോന്നതങ്ങൾ അവകാശമാക്കും; പാപികൾ പാതാളത്തിലെ അഗാധവും! തന്റെ തിരുഹിതം നിറവേറ്റിയ വിശുദ്ധർക്ക് പിതാവ് സജ്ജമാക്കിയിരിക്കുന്ന സ്വർഗരാജ്യം, പറുദീസാ, പ്രകാശമണവറ, അതിലെ വിരുന്ന് എന്നിവയെപ്പറ്റി ഞാൻ ചിന്തിച്ചു.

41. കൽപ്പനകൾ അവഗണിച്ച പാപികൾക്കായി നീതി ഒരുക്കിയിരിക്കുന്ന ഗേഹെന്നാ, അതിലെ ദുരിതങ്ങൾ, കരച്ചിൽ, പല്ലുകടി എന്നിവയെപ്പറ്റി ഞാൻ ചിന്തിച്ചു. മാലാഖമാരുടെ ഗണങ്ങളോടും ശോഭ ധരിച്ച സ്രാപ്പേന്മാരോടും കൂടെ വരാൻ രാജാവ് പുറപ്പെടുന്ന ദിവസവും എന്റെ മനസ്സിൽ കടന്നുവന്നു.

49. ന്യായാധിപന്റെ സിംഹാസനവും തലമുറകളെ വിധിക്കാൻ അതിൽ അവന്റെ ഇരിപ്പും എഴുതപ്പെട്ടിരിക്കുന്നതുപോലെ, ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തികൾക്ക് അനുസൃതമായ പ്രതിഫലം നൽകലും



എന്റെ ഓർമയിൽ വന്നു. വിവിധതരം ദുരിതങ്ങളെ പറ്റിയും എണ്ണമറ്റ വിധിന്യായരീതികളെ പറ്റിയും ഞാൻ ചിന്തിച്ചു.

57. പിതാവിന്റെ ഭവനത്തിലെ എണ്ണമറ്റ വാസസ്ഥലങ്ങളെ പറ്റിയും നിരവധി ശിക്ഷകളെ പറ്റിയും അവയുടെ വൈവിധ്യങ്ങളെ പറ്റിയുമുള്ള ഓർമ എന്റെ മനസ്സിൽ കടന്നുവന്നു.

61. ഉത്ഥാനത്തിൽ വ്യഭിചാരി അവിടെ എങ്ങനെ നിൽക്കുമെന്നും വിഷയാസക്തൻ ഏതു മൂലയ്ക്ക് നിൽക്കുമെന്നും കൊലപാതകിയും കുറ്റവാളിയും എവിടെ ആയിരിക്കുമെന്നും ഞാൻ ചിന്തിച്ചു. കള്ളനും കവർച്ചക്കാരനും അത്യാർത്തിക്കാരനും എവിടെ നിൽക്കുമെന്നും, പിടിച്ചുപറിക്കാരനും ദൈവദൂഷകനും നിന്ദകനും പരദൂഷകനും തങ്ങളുടെ ഉത്ഥാനത്തിൽ എവിടെ വിധിക്കപ്പെടുമെന്നും ശപിക്കാനുള്ള ന്യായവിധി എന്തായിരിക്കുമെന്നും, കലഹപ്രിയരും ചീത്ത പറയുന്നവരും എവിടെ ആയിരിക്കുമെന്നും ഞാൻ ചിന്തിച്ചു. നവജാതശിശുവിനെ കുഴിച്ചിട്ടവരും കൊലപാതകികളും ആ ന്യായവിധിയുടെ ശിക്ഷ എങ്ങനെ അഭിമുഖീകരിക്കുമെന്നും ഞാൻ ചിന്തിച്ചു.

79. മന്ത്രവാദികളും പാമ്പാട്ടികളും ആഭിചാരകരും ജ്യോത്സ്യന്മാരും കള്ളന്മാരും വ്യഭിചാരികളും എവിടെ ഏതു കോണിൽ നിൽക്കും? വിജാതിയർപ്പണം ഭക്ഷിച്ചവർക്കുള്ള ന്യായവിധി എന്താണെന്നും, യൂദരോടു കൂടെ ഭക്ഷിച്ചവർക്ക് എന്തു കുറ്റാരോപണമാണ് കിട്ടാൻ പോകുന്നതെന്നും ഞാൻ ചിന്തിച്ചു. ഉറവിടങ്ങളിൽ ക്ഷാളനകർമങ്ങൾ നടത്തിയവർക്കുള്ള ന്യായവിധി എന്താണെന്നും കല്ലറകളിലേക്ക് വിളക്കുകൾ വഹിച്ചവർക്കുള്ള ദുരിതം എന്താണെന്നും ഞാൻ ചിന്തിച്ചു.

93. വിജാതിയ സ്ത്രീകളുമായി കൂടിക്കഴിഞ്ഞവർക്ക് ലഭിക്കുന്ന ന്യായവിധി എന്തായിരിക്കും? സ്നാനം സ്വീകരിക്കാത്ത സ്ത്രീകളെ കെട്ടിപ്പുണർന്നവർക്കുള്ള പീഡനം എന്തായിരിക്കും? പഴങ്ങൾ തിന്നശേഷം കുർബാന സ്വീകരിച്ചവർക്കുള്ള ന്യായവിധിയും വെള്ളം കുടിച്ചിട്ട് കുർബാന സ്വീകരിച്ചവർക്കുള്ള പീഡനവും എന്തായിരിക്കുമെന്ന് ഞാൻ ചിന്തിച്ചു.

101. വിജാതിയരുടെ വസ്ത്രംകൊണ്ട് തങ്ങളെത്തന്നെ അലങ്കരിച്ചവർക്കുള്ള ന്യായവിധി എന്തായിരിക്കുമെന്ന് ഞാൻ ചിന്തിച്ചു. ഇപ്രകാരം വസ്ത്രധാരണം ചെയ്തവർക്ക് എങ്ങനെയാണ് പ്രതിഫലം ലഭിക്കുക? സഭയിൽ പിളർപ്പുണ്ടാക്കുകയും വിശ്വാസത്തിൽ അന്തരം ഉണ്ടാക്കുകയും ചെയ്തവരെ എന്തു ന്യായവിധി പിടികൂടുമെന്നു ഞാൻ ചിന്തിച്ചു. എന്തായിരിക്കും അവരുടെ പീഡനം? ഇവയെല്ലാം എന്റെ മനസ്സിൽകൂടി കടന്നുപോയി; ഭയവും വിറയലും എന്നെ പിടികൂടി. എന്റെ കടങ്ങളും പാപങ്ങളും ഓർത്തപ്പോൾ, ഭയം കൊണ്ട് എന്റെ മുട്ടുകൾ കൂട്ടിയിടിച്ചു.

113. ഞാൻ ധരയിൽ ചെയ്ത തിന്മകൾ നിമിത്തം എനിക്കു ദുരിതം എന്നു ഞാൻ പറഞ്ഞു. എന്തുകൊണ്ടെന്നാൽ ഈ ലോകം എന്നെ അതിന്റെ നാടകത്താൽ പിടികൂടുകയും അതിന്റെ വല എന്റെമേൽ ഇടുകയും അതുകൊണ്ട് എന്നെ പിടികൂടുകയും ചെയ്തു. മരണം പിടിച്ചുപറിച്ചതിനാൽ തന്റെ കുഞ്ഞിനെപ്പറ്റി കരയുന്ന മാതാവിനെപ്പോലെ, സുഖാസ്വാദനങ്ങളാൽ മലിനനായതിനാൽ, ഞാൻ എന്നെപ്പറ്റിത്തന്നെ കരഞ്ഞു.

121. കാരണം, എന്നെപ്പോലെ പാപം ചെയ്തവർക്കും എന്നെപ്പോലെ വീണുപോയവർക്കും കരച്ചിലോടുകൂടെ കണ്ണീരും ചാരവും ചാക്കു വസ്ത്രവും ഉണ്ടായിരിക്കട്ടെ. എന്നെപ്പോലെ നഷ്ടപ്പെട്ട നീ, എന്നെപ്പോലെ വഴിതെറ്റിയ നീ, നുണയന്റെ ബന്ധനത്തിൽ അകപ്പെട്ട നീ, സുബോധത്തിലേക്കും വിവേകത്തിലേക്കും തിരിച്ചുവരിക!

129. വരുവിൻ! പ്രാർഥനയ്ക്കായി തീക്ഷ്ണതയുള്ളവരായിരിക്കാം. അപേക്ഷയ്ക്കായി മടികൂടാതിരിക്കാം. വരുവിൻ. ന്യായവിധി ദിവസം കാരുണ്യം കണ്ടെത്താൻ നമുക്ക് ചാക്കും ചാരവും ധരിക്കാം. എന്റെ സഹോദരങ്ങളേ, ന്യായാധിപന് സമ്മാനമായി കണ്ണീരർപ്പിച്ചു കൊണ്ട് നമുക്കപേക്ഷിക്കാം. കാഴ്ചയായി ദാനധർമവും അർപ്പണമായി ദൈവിക കാരുണ്യവും അയക്കാം.

### അനുബന്ധം-2

1-27: ഇവിടെ നിന്ന് നമുക്കൊരു മാതൃക സ്വീകരിക്കാം. ഭൗമിക ന്യായാസനത്തിലേക്ക് ന്യായാധിപൻ കടന്നുവരുമ്പോൾ, തടവുകാരായ കൊലപാതകികളും ദുഷ്ക്കർമികളും വിറയ്ക്കുന്നു. ന്യായാസനം സജ്ജമാക്കപ്പെടുകയും ന്യായാസനൻ ഉപവിഷ്ടനാകുകയും ബന്ധിതനെ കൊണ്ടുവരാൻ ദാസന്മാരോട് കൽപ്പിക്കുകയും ചെയ്യുമ്പോൾ, ബന്ധിതൻ ഭയക്കുകയും പെട്ടെന്ന് അവന്റെ മുട്ടുകൾ വിറയ്ക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ന്യായാസനദാസർ അവനെ കരുണാരഹിതമായി പീഡിപ്പിക്കും: ഇരുമ്പുചീപ്പുകൊണ്ട് അവന്റെ ശരീരം മാന്തിക്കീറും.

അവന്റെ അവയവങ്ങൾ വലിച്ചുനീട്ടി കുഴ തിരിക്കും, അവന്റെ ശരീരം അടിച്ച് തുണ്ടുതുണ്ടായി കീറും. അവൻ അന്ധകാരത്തിലേക്കും ദുരിതത്തിലേക്കും കടക്കും. എന്നാൽ ന്യായാധിപൻ കടന്നുവരുന്നതിനു മുമ്പ് പണിപ്പെട്ട്, സമ്മാനങ്ങളും ദാനങ്ങളും കൊടുത്തയച്ച് അവനെ അനുരഞ്ജനപ്പെടുത്തുന്നവൻ, തന്റെ സ്നേഹിതൻ ന്യായാസനത്തിൽ നിൽക്കുമ്പോൾ, ന്യായവിധിക്ക് വിധേയനാകുകയില്ല. അവന്റെ സമ്മാനം അവനെ ന്യായവിധിയിൽ നിന്ന് സ്വതന്ത്രനാക്കുന്നു.



28. ഭൗമികന്യായാധിപൻ സമ്മാനംകൊണ്ട് അനുരഞ്ജിതനാകുകയും മുഴുവൻ കടത്തിനും അയവു വരുത്തുകയും കടക്കാരനോട് പക്ഷപാതം കാട്ടി കടന്നുവരികയും ചെയ്യുന്നെങ്കിൽ, തെറ്റു വരുത്തിവയ്ക്കുന്നവൻ തന്റെ കണ്ണുനീർ സമ്മാനമായി നൽകുമ്പോൾ, ആ നല്ലവനായ കാരുണ്യവാൻ എത്രയധികമായി അവനുമായി അനുരഞ്ജനപ്പെടുകയില്ല! സത്യമായും അവസാനദിനം പാപിക്ക് ഇപ്രകാരം സംഭവിക്കും. ഓരോരുത്തർക്കും താന്താങ്ങളുടെ അധ്വാനവും അവർ ചെയ്ത പ്രവൃത്തികളും അനുസരിച്ച് പ്രതിഫലം ലഭിക്കും.

40. ഇവിടെനിന്ന് വേർപെടുന്നതിനു മുമ്പ്, പാപം ചെയ്തിട്ട് അനുതപിക്കാത്തവൻ കരുണാരഹിതമായി ന്യായവിധിക്ക് അണയുകയും അവന് നിത്യശിക്ഷ ലഭിക്കുകയും ചെയ്യും. എന്നാൽ ഒരാൾ പാപത്തിൽ വീഴുകയും അനുതാപത്തിന് ധൃതി കൂട്ടുകയും ചെയ്താൽ, അവൻ ന്യായവിധിക്കു വരുന്നില്ല. അവന്റെ അനുതാപം അവനെ അതിൽ നിന്ന് സ്വതന്ത്രനാക്കും. പാപം ചെയ്യാതിരിക്കുകയും തന്റെ പാപത്തിൽ നിന്ന് അനുതാപത്തിലേക്ക് തിരിയേണ്ട ആവശ്യം വരാതിരിക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

50. എന്നാൽ പാപം ചെയ്യുകയും അനുതപിക്കാതിരിക്കുകയും ചെയ്യുന്നവന് ദുരിതം! എന്തുകൊണ്ടെന്നാൽ കർത്താവ് വിധിക്കാനും പ്രതികാരം ചെയ്യാനും ശിക്ഷിക്കാനും കടന്നുവരും. കാരണം, അവനാണ് പരിശോധിക്കുന്നവനും പാപികളിൽനിന്ന് നീതിമാന്മാരെ വേർതിരിക്കുന്നവനും. അധ്വാനിക്കുകയും പീഡകൾ സഹിക്കുകയും തന്റെ കൽപ്പനകൾ കാക്കുകയും അവ നിവർത്തിക്കുകയും ചെയ്ത വിശുദ്ധർ കടന്ന് രാജ്യം അവകാശപ്പെടുത്താൻ അവൻ തന്റെ വലത്തുഭാഗത്ത് നിർത്തും.

60. എന്നാൽ വിശുദ്ധ സഭയുടെ പണിക്കാരനായ പൗലോസ് എഴുതിയിരിക്കുന്നതുപോലെ, ദൈവത്തിന്റെ കരങ്ങളിൽ നിപതിക്കുന്നത് സത്യമായും ഭീകരമാണ്. ദൈവികനീതിയുടെ മുമ്പാകെ സൈന്യവ്യൂഹം അണിനിരക്കുകയും എല്ലാവർക്കും ശിക്ഷ പങ്കിട്ടുകൊടുക്കുകയും ചെയ്യുന്ന നാഴിക തികച്ചും ഭീതിജനകമാണ്. ഓരോരുത്തരുടെയും കടങ്ങൾക്കനുസൃതം അവർ ശിക്ഷിക്കപ്പെടും. ഇപ്പോൾ കടന്നുവന്ന് ചിന്തിക്കുകയും ഇത് നിരന്തര ചിന്താവിഷയം ആക്കുകയും ചെയ്യാം. കാരണം, ഇതേപ്പറ്റി എപ്പോഴും ചിന്തിക്കുന്നവൻ പാപത്തിൽ നിന്ന് അകന്നിരിക്കും.

72. എന്റെ സഹോദരങ്ങളേ, കടന്നുപോകുന്ന ഈ കാലത്തെ സുഖസന്തോഷങ്ങൾ നമുക്ക് പരിത്യജിക്കാം. ജീവനും രാജ്യവും സമ്മാനിക്കുന്ന സത്യത്തെ നമുക്ക് സ്നേഹിക്കാം. നമുക്ക് എല്ലാ നന്മകളും അവകാശമാക്കിത്തരുന്ന ഉപവാസവും പ്രാർഥനയും നമുക്ക് ഇഷ്ടപ്പെടാം.

80. ശിക്ഷിക്കാനും പ്രതികാരം ചെയ്യാനും ന്യായാധിപൻ നിശ്ചയ

മായും പ്രത്യക്ഷപ്പെടും. ഓരോരുത്തർക്കും അവൻ എന്തു സമ്മാനം തയാറാക്കിയിരിക്കുന്നു എന്നറിയാൻ എല്ലാവരും അവനെ നോക്കും. വിക്ഷോഭം പെട്ടെന്നു വന്നുപതിക്കുകയും അപ്പോൾ സ്വർഗീയ നിരകൾ ധൃതിപ്പെട്ടു വരികയും അവനു മുമ്പിൽ അവരുടെ സ്വരം ഉയരുകയും അവന്റെ പുറപ്പാട് വിളംബരം ചെയ്യുകയും ചെയ്യുന്നതിനുമുമ്പ്, ലോകത്തിൽ ഉണ്ടായിട്ടില്ലാത്തതും മേലിൽ ഉണ്ടാകാത്തതും ശക്തിമത്തും ഭ്രമിപ്പിക്കുന്നതുമായ മഹാ അരിഷ്ടത കടന്നുവരുന്നതിനു മുമ്പ്...

### അനുബന്ധം-3

1. വെള്ളിയാഴ്ചയെ നിന്ദിച്ച വിഡ്ഢികളായ സ്ത്രീകൾക്ക് ആ ദിവസം മഹാദുരിതം. എന്തുകൊണ്ടെന്നാൽ അവിടെ കർത്താവ് അവരെ വലത്തുവശത്തുനിന്ന് മാറ്റിനിർത്തും.

5. വെള്ളിയാഴ്ചയെ നിന്ദിച്ച വിഡ്ഢികളായ സ്ത്രീകൾക്ക് ആ ദിവസം മഹാദുരിതം. എന്തുകൊണ്ടെന്നാൽ ന്യായവിധിദിവസം ന്യായാസനത്തിന്റെ മുമ്പാകെ അവർ നഗ്നരാക്കപ്പെടും.

9. വെള്ളിയാഴ്ചയെ നിന്ദിച്ച വിഡ്ഢികളായ സ്ത്രീകൾക്ക് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ ഇപ്പോൾ മുതൽ എന്നേക്കും അവർക്ക് സ്വസ്തത ഉണ്ടായിരിക്കയില്ല.

13. വെള്ളിയാഴ്ചയെ നിന്ദിച്ചവന് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ കർത്താവ് അവനെ ഉന്നതങ്ങളിൽ നിന്ദിക്കും. അവന് ഗേഹെന്നാ അവകാശമായി ലഭിക്കുകയും ചെയ്യും.

17. വെള്ളിയാഴ്ചയെ നിന്ദിച്ചവന് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ അവൻ യൂദരോടൊത്ത് നിന്ദിക്കപ്പെടും; അഗ്നിദണ്ഡുകളാൽ അവൻ പീഡിപ്പിക്കപ്പെടും.

21. വെള്ളിയാഴ്ചയെ ബഹുമാനിക്കാത്തവന് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ ഭാരമേറിയ കല്ലുപോലെ അവൻ അഗ്നികുണ്ഠത്തിൽ താണുപോകും.

### അനുബന്ധം-4

1. ഞായറാഴ്ച ജോലി ചെയ്യുന്നവന് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ ഭൂമിക്കുള്ളിൽ ചിതലും പുഴുവും അവന്റെമേൽ അധ്വാനിക്കും.

5. ഞായറാഴ്ച ആചരിക്കാത്തവന് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ അവൻ നിയമലംഘകരോടൊപ്പം ഗേഹെന്നായിൽ പീഡിപ്പിക്കപ്പെടും.



9. ഞായറാഴ്ച ആചരിക്കാത്തവന് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ കർത്താവ് അവനെ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും വീണ്ടും സംരക്ഷിക്കയില്ല.

13. ഞായറാഴ്ച ആചരിക്കാത്തവന് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ ഉത്ഥാനത്തിൽ കർത്താവ് അവന് കരുണാരഹിതമായ വിധിവാചകം നൽകും.

17. ഞായറാഴ്ച ആചരിക്കാത്തവന് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ കരുണാരഹിതമായിരിക്കും അവനുള്ള ന്യായവിധി. സാന്ത്വനമില്ലാത്ത പീഡനമായിരിക്കും അവന്റേത്.

21. ഞായറാഴ്ച സാധനങ്ങൾ വാങ്ങുന്നവന് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ വേദനാജനകമായി വെന്തുരുകാൻ അവൻ തനിക്കായി അഗ്നിക്കനൽ വാങ്ങുന്നു.

25. ഞായറാഴ്ച വിൽപ്പന നടത്തുന്നവന് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ അവൻ ഇടത്തുവശത്തു നിൽക്കാൻ, വലത്തുവശം വിൽക്കപ്പെടും.

29. ഞായറാഴ്ച പള്ളിയെ പിന്നിൽ വിട്ടിട്ട് തന്റെ വഴിയെ പോകുന്നവന് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ ഗേഹെന്നായിലേക്കുള്ള അവന്റെ പാത തുറന്നിരിക്കുനനു.

33. ഞായറാഴ്ച ദൈവഭവനം വിട്ടുപേക്ഷിച്ച് വിജാതിയരോട് വർത്തമാനത്തിന് മുതിരുന്നവന് ആ ദിവസം മഹാദുരിതം! ഞായറാഴ്ച ദൈവഭവനം വിട്ട് ചന്തസ്ഥലത്ത് കറങ്ങി നടക്കുന്നവന് ആ ദിവസം മഹാദുരിതം!

41. ഞായറാഴ്ച അർപ്പിക്കപ്പെടുന്ന മിശിഹായെ സന്ദർശിക്കാതെ ചന്തസ്ഥലത്തു പോയിരിക്കുന്നവന് ആ ദിവസം മഹാദുരിതം! ഞായറാഴ്ച മനുഷ്യരുടെ ഇടയിൽ കലഹവും പിളർപ്പും ഉണ്ടാക്കുന്നവന് ആ ദിവസം മഹാദുരിതം! അവൻ ഗേഹെന്നായിൽ എറിയപ്പെടും. ഞായറാഴ്ച കൊടിയ ലഹള ഇളക്കിവിടുന്നവന് ആ ദിവസം മഹാദുരിതം! കർത്താവ് തന്റെ ക്രോധവിധിയിൽ അവനെ കത്തിക്കും.

### അനുബന്ധം-5

1. എല്ലാവരും തങ്ങളുടെ ദുഷ്ടയിൽ നിന്ന പിന്തിരിഞ്ഞ് കാരുണ്യവും മോചനവും തേടട്ടെ. മാനസ്സാന്തരപ്പെടുന്ന പാപിയെ ദൈവം നിന്ദിക്കുന്നില്ല.

5. അവൻ തന്റെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, അവനെപ്പറ്റി അവിടുന്ന് കൂടുതൽ സന്തോഷിക്കും. അവൻ വീണ്ടും പാപം ചെയ്യാതിരുന്നാൽ, നീതിമാന്മാരുടെ വശത്ത് അവൻ എഴുതപ്പെടും.

9. സത്യമായും അനുതപിക്കുന്നവന്റെ പാപങ്ങളെല്ലാം ക്ഷമിക്കപ്പെടും. അവൻ സത്യമായും ദൈവസന്നിധിയിലാണ്. മഹനീയന്റെ മുമ്പിൽ അവൻ സ്വീകരിക്കപ്പെടും. പിതാവും പുത്രനും പരിശുദ്ധാത്മാവുമേ, നിനക്കു സ്തുതിയും ഞങ്ങളുടെമേൽ കാരുണ്യവും! ദൈവമേ, തലമുറ തലമുറകളോളം നിനക്കു സ്തുതി. ആമ്മീൻ, ആമ്മീൻ.

**അനുബന്ധം-6**

1. അളവിലും തൂക്കത്തിലും തന്റെ അയൽക്കാരനോട് അനീതി കാട്ടിയവന് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ അവനായി ഗേഹെന്നായും ഒടുങ്ങാത്ത വേദനയും ഒരുക്കിയിരിക്കുന്നു. 5. തന്റെ മാതാപിതാക്കളെ നിന്ദിക്കുന്നവന് ആ ദിവസം മഹാദുരിതം! എന്തുകൊണ്ടെന്നാൽ യൂദരോടും നുണയരോടും കൂടെ അവൻ ഗേഹെന്നായിൽ പീഡിപ്പിക്കപ്പെടും.

9. തന്റെ മുമ്പിൽ വീണുകിടക്കുന്നവരായി കാണപ്പെട്ടവരുടെമേൽ തന്റെ സ്നേഹം വഴിഞ്ഞൊഴുക്കിയ ദൈവമേ, പാപിയായ എന്റെമേൽ കരുണയുണ്ടായി, എന്റെ പാപങ്ങൾ എന്നോട് ക്ഷമിക്കണമെ. 13. നിന്നിൽ നിന്ന് മോചനം എഴുതി യാചിച്ച കരങ്ങൾക്കും പാപപരിഹാരം അപേക്ഷിച്ച വായ്ക്കും തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞ എല്ലാവർക്കും കരുണയും കൃപയും പാപമോചനവും!

# 5

## അന്ത്യം, പൂർത്തീകരണം, ന്യായവിധി, പ്രതികാരം, ആഗോഗ്, മാഗോഗ്, കള്ളക്രിസ്തുക്കൾ എന്നിവയെപ്പറ്റി സുറിയാനി പ്രബോധകൻ വിശുദ്ധ മാർ അപ്രേമിന്റെ മറ്റൊരു പ്രസംഗം

(ഇത് മാർ അപ്രേമിന്റേതല്ല, പിൽക്കാലത്ത് മിക്കവാറും ഏഴാം നൂറ്റാണ്ടിലോ, അതിനു ശേഷമോ ആരോ എഴുതിയതാണ്. മാർ അപ്രേമിന്റെ പേരിൽ ആരോപിച്ചിരിക്കുന്നു എന്നേയുള്ളു).

### അന്ത്യകാല ലക്ഷണങ്ങൾ

1. തന്റെ കൃപയാൽ താഴേക്ക് ഇറങ്ങിവരികയും തനിക്ക് ഇഷ്ടപ്പെട്ടതിനാൽ മനുഷ്യനായി തീരുകയും തിരുഹിതപ്രകാരം ഗോഗുൽതായിൽ



മരത്തിന്മേൽ മരണം ആസ്വദിക്കുകയും ചെയ്ത പുത്രാ, മനുഷ്യർ പരസ്പരം കടന്നാക്രമിക്കുകയും ജനതകൾ പരസ്പരം നശിപ്പിക്കുകയും ചെയ്യുന്ന, സൃഷ്ടിയിൽ സംഭവിക്കാൻ പോകുന്ന ഭീകരതയെ പറ്റി സംസാരിക്കാൻ എനിക്കു കഴിവു തന്നാലും!

9. ധരയിൽ ദുഷ്ടത വർധിക്കും, സൃഷ്ടിയിൽ നിരീശ്വരത്വം ശക്തി പ്രാപിക്കും. നീതിയുള്ള രാജാക്കന്മാർ ഇല്ലാതാകും. നീതിരഹിതർ ധരയിൽ എഴുന്നേൽക്കും. അപ്പോൾ നീതി എഴുന്നേൽക്കുകയും മനുഷ്യരെ ത്രാസ്സിന്റെ തട്ടിൽ വയ്ക്കുകയും ചെയ്യും. നീതിരഹിതരുടെ തട്ട് താണുപോകും, തെരഞ്ഞെടുക്കപ്പെട്ട വരുടേത് ഉന്നതത്തിലേക്ക് ഉയരും.

17. അപ്പോൾ ആത്മീയർ പുറപ്പെടുകയും ധരയുടെ അതിർത്തികൾ നശിപ്പിക്കുകയും ചെയ്യും. എന്റെ സഹോദരരേ, എഴുതപ്പെട്ടിരിക്കുന്നതുപോലെ, നിരവധി സ്ഥലങ്ങളിൽ പകർച്ചവ്യാധി പിടിപെടും, ധരയിൽ ക്ഷാമവും ശക്തിയേറിയ ഭൂകമ്പവും യുദ്ധങ്ങളും ഉണ്ടാകും. രക്തത്താൽ പൊടി മൂടപ്പെടും, സൃഷ്ടി നിരീശ്വരത്വത്താൽ മലിനമാകും.

25. നാടുകൾ തകർക്കപ്പെടും, നഗരങ്ങളെ പാതാളം വിഴുങ്ങും. രാജ്യം രാജ്യത്തിനെതിരെയും ജനം ജനത്തിനെതിരെയും ഉയരും. നാട്ടിൽ അനീതി നടമാടും, അശുദ്ധർ വിശുദ്ധരെ പീഡിപ്പിക്കും. മനുഷ്യർ പരസ്യമായി നണയരാകും, ഇടത്തുഭാഗത്തുള്ളവർ ശക്തി പ്രാപിക്കും. നീതിയുടെ സന്തതികളെ പാപപ്പാർട്ടിയുടെ സന്തതികൾ കരണത്തടിക്കും.

### കാലാന്ത്യഭീകരതയുടെ അർഥം

35. അതുകൊണ്ട്, എന്റെ വത്സലരേ, അന്ത്യകാലം ഇതാ, സമാഗതമായിരിക്കുന്നു! മിശിഹാ നമുക്ക് എഴുതിയിരിക്കുന്നതുപോലെ, നാം അടയാളങ്ങൾ കാണുന്നു. ഒരു രാജാവ് മറ്റൊരു രാജാവിനെതിരെ ഉയരുകയും ധരയിൽ അരിഷ്ടത ഉണ്ടാകുകയും ചെയ്യും. ജനതകൾ ജനതകളെ കടന്നാക്രമിക്കും; സൈന്യങ്ങൾ പരസ്പരം ചാടിവീഴും.

43. ഈജിപ്തിലെ നദിയായ നൈൽ ഉയർന്ന് ധരയുടെ ഒരു ഭാഗം മുക്കുന്നതുപോലെ, റോമൻപ്രദേശത്തിനെതിരെ രാജ്യങ്ങൾ ആയുധമണിയും. ജനം ജനത്തെ കടന്നാക്രമിക്കും. രാജ്യം രാജ്യത്തിനെതിരെ നിൽക്കും. റോമാക്കാർ ഒരു കരയിൽ നിന്ന് മറ്റൊന്നിലേക്ക് പലായനം ചെയ്യും. റോമാക്കാരുടെ പ്രദേശം അസ്സീറിയാക്കാർ ബലമായി പിടിച്ചെടുക്കും. അവരുടെ ഉദരഫലം അടിമകളാകും. അവരുടെ സ്ത്രീകൾ അപമാനിതരാകും. അവർ വിതയ്ക്കുകയും കൊയ്യുകയും ധരയുടെ ഫലങ്ങൾ പൂഴ്ത്തിവയ്ക്കുകയും ചെയ്യും. അവർ ധാരാളം സമ്പത്തു നേടും, നിക്ഷേപങ്ങൾ ധരയിൽ പൂഴ്ത്തിവയ്ക്കും. എങ്കിലും ഈജിപ്തിലെ നദിയായ നൈൽ

പോലെ ഉയർന്നശേഷം അവർ വീണ്ടും താഴും. അതിനടുത്തുള്ള സ്ഥലം വിട്ട് അസ്സീറിയാക്കാർ തിരികെപോകും. റോമാക്കാർ പിതാക്കന്മാരുടെ (അസ്സീറിയാക്കാരുടെ) നാടിനെതിരെ ആയുധം ധരിക്കും.

65. ലോകത്തിൽ നിരീശ്വരത്വം വർധിക്കുകയും കാമാസക്തിയാൽ മനുഷ്യർ ധരയെ അശുദ്ധമാക്കുകയും ചെയ്യുമ്പോൾ, പീഡിതരുടെയും ദരിദ്രരുടെയും നിലവിളി സ്വർഗത്തിലേക്കുയരും. അപ്പോൾ അവരെ ധരയിൽ നിന്ന് ഉന്മൂലനാശം വരുത്താൻ നീതി ഉയരും. വിശുദ്ധ ഉടമ്പടി നിലവിളിക്കുകയും കരച്ചിൽ സ്വർഗത്തിലേക്ക് ഉയരുകയും ചെയ്യും.

73. അപ്പോൾ സാറായുടെ ദാസിയായ ഹാഗാറിന്റെ സന്തതി പരമ്പരയായ, സാറായുടെയും ഹാഗാറിന്റെയും പുരുഷനായ അബ്രഹാമിന്റെ ഉടമ്പടി മുറുകെപ്പിടിച്ച ഒരു ജനത മരുഭൂമിയിൽ നിന്നു വരും. നാശപുത്രന്റെ ദൂതനായ പുരുഷന്റെ നാമത്തിലാണ് അവർ പ്രവർത്തിക്കുന്നത്. നമ്മുടെ കർത്താവ് തന്റെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന, ആകാശത്തിലെ അടയാളം ആയിരിക്കും അത്. പ്രകാശിക്കുന്ന നക്ഷത്രങ്ങളിൽ ഒരു കിരണം; അവന്റെ മുഖകമലം പ്രകാശിക്കും.

**ഇസ്ലാമിന്റെ കടന്നാക്രമണം**

83. രാജാക്കന്മാർ ഭയപ്പെട്ട് ഓടി വഴിതെറ്റി അലയുകയും അവരുടെ സൈന്യനിരകൾ തകർന്നുവീഴുകയും ചെയ്യും. ആകാശത്തിൽ അടയാളം കാണുമ്പോൾ, ധരയിലെ ജനങ്ങൾ വിറയ്ക്കും. എല്ലാ ജനതകളും ഭാഷക്കാരും ഒന്നിച്ച് ആയുധധാരികളാകും. അവർ അവിടെ ഒരു പോരാട്ടം നടത്തുകയും ധരയെ രക്തം കുടിപ്പിക്കുകയും ചെയ്യും. ജനതകൾ അവിടെ പരാജിതർ ആകുകയും കവർച്ചസംഘം വിജയിക്കുകയും ചെയ്യും.

93. കവർച്ചക്കാർ അവിടെ ധരയിൽ മലയിടുക്കുകളിലും മലമുകളിലും കൂടി പറക്കും. അവർ സ്ത്രീകളെയും കുട്ടികളെയും പുരുഷന്മാരെയും വൃദ്ധരെയും യുവാക്കളെയും ബന്ധനസ്ഥരാക്കും. അവർ പുരുഷന്മാരുടെ സൗന്ദര്യം നശിപ്പിക്കും. സ്ത്രീകളുടെ അലങ്കാരം കൊള്ളയടിക്കും. വൃദ്ധരെ ബലമേറിയ കുന്തത്താൽ കുത്തിത്തുളയ്ക്കും.

101. അവർ പുത്രനെ പിതാവിൽ നിന്നും പുത്രിയെ മാതാവിൽ നിന്നും വേർപെടുത്തും. അവർ സഹോദരനെ സഹോദരനിൽ നിന്നും സഹോദരിയെ സഹോദരിയിൽ നിന്നും വേർപെടുത്തും. അവർ വരനെ അവന്റെ മുറിയിൽ വച്ചു കൊലപ്പെടുത്തുകയും വധുവിനെ മണവറയിൽ നിന്ന് തട്ടിക്കൊണ്ടു പോകുകയും ചെയ്യും. അവർ ഭാര്യയെ തന്റെ ഭർത്താവിൽ നിന്ന് തട്ടിയെടുക്കുകയും ആടിനെപ്പോലെ അവളെ കൊല്ലുകയും ചെയ്യും.



109. അവർ ശിശുവിനെ തന്റെ അമ്മയിൽ നിന്ന് ദൂരെ എറിയുകയും അമ്മയെ തടവറയിൽ തള്ളുകയും ചെയ്യും. ശിശു തറയിൽ കിടന്നു നിലവിളിക്കുകയും അമ്മ അത് കേൾക്കുകയും ചെയ്യും. എന്നാൽ അവൾക്ക് എന്തു ചെയ്യാൻ കഴിയും?

113. കുതിരകളുടെയും ഒട്ടകങ്ങളുടെയും കുളമ്പുകൾ അതിനെ ചവിട്ടി ഞെരിക്കും. കുഞ്ഞിലേക്കു തിരിയാൻ അവർ അമ്മയെ അനുവദിക്കുന്നില്ല. കുഞ്ഞ് അവിടെ കിടക്കുന്നു. ശരീരത്തിൽ നിന്ന് ആത്മാവിനെ എന്നപോലെ മാതാവിൽ നിന്ന് ശിശുവിനെ അവർ വേർപെടുത്തുന്നു. തന്റെ വത്സലർ എങ്ങനെ മടിയിൽ നിന്ന് അകറ്റപ്പെട്ട് പങ്കുവയ്ക്കപ്പെടുന്നെന്ന് അവൾ കാണുന്നു. അവളുടെ രണ്ടു മക്കൾ രണ്ടു യജമാനന്മാർക്കും അവൾ തന്നെയും മറ്റൊരു യജമാനനും പങ്കുവയ്ക്കപ്പെട്ടു. കൊള്ളക്കാർക്ക് അടിമകളാകാൻ അവളും അവളുടെ മക്കളും പങ്കിടപ്പെടും.

125. അവളുടെ മക്കൾ തേങ്ങിക്കരയുകയും കണ്ണുനീർ കണ്ണുകളിൽ നിന്ന് ഒഴുകുകയും ചെയ്യുന്നു. അവൾ തന്റെ വത്സലരുടെ നേർക്കു തിരിയുന്നു. അവളുടെ മുലയിൽ നിന്ന് പാൽ ഒഴുകുന്നു. എന്റെ വത്സലരേ, സമാധാനത്തിൽ പോകുവിൻ, ദൈവം നിങ്ങളെ അനുയാത്ര ചെയ്യട്ടെ. എന്റെ കുട്ടികളേ, അപരിചിതരുടെ ദാസ്യത്തിൽ യൗസേപ്പിനെ അനുധാവനം ചെയ്തവൻ, നിങ്ങൾ വലിച്ചിഴയ്ക്കപ്പെടുന്ന തടവറയിൽ നിങ്ങളെ അനുധാവനം ചെയ്യട്ടെ. മാതാവേ, സമാധാനത്തിൽ കഴിയുക. നിന്നെ ദൈവം അനുധാവനം ചെയ്യട്ടെ. ഗാരാറിലെ അബീമെലേക്കിന്റെ ഭവനത്തിൽ സാറായെ അനുധാവനം ചെയ്തവൻ (ഉൽപ്പ.20,2) ഉത്ഥാനംവരെ നിന്നെ അനുധാവനം ചെയ്യട്ടെ.

141. തന്റെ പിതാവ് എപ്രകാരം അടിമത്തത്തിൽ വിൽക്കപ്പെടുന്നെന്ന് മകൻ അവിടെ നിന്ന് കാണും. തേങ്ങലിലും നയനങ്ങളുടെ കൂട്ടിമുട്ടലിലും ഇരുവരുടെയും നയനങ്ങളിൽ നിന്ന് ചുടുകണ്ണീർ കുടുകുടെ ഒഴുകും.

145. കൊല്ലപ്പെട്ട് തറയിൽ എറിയപ്പെട്ടതായി ഒരു സഹോദരൻ തന്റെ സഹോദരനെ കാണും. അവൻ അന്യനാട്ടിൽ അടിമയാകാൻ, അവർ അവനെ തടവറയിലേക്ക് തള്ളിവിടും. തങ്ങളുടെ ശിശുക്കൾ തങ്ങളുടെ മാറിടത്തിൽ തേങ്ങിക്കരയുമ്പോൾ, അമ്മമാരും കൊല്ലപ്പെടും. വേദന നിറഞ്ഞ തേങ്ങലിൽ കുട്ടികളുടെ സ്വരം തുളച്ചുകയറുന്നതായിരിക്കും.

161. ധരയിലെ ജനങ്ങൾ കാത്തുനിൽക്കുകയും സമാധാനം കൈവരുമെന്ന് കരുതുകയും ചെയ്തു കഴിഞ്ഞപ്പോൾ, അവർ കരംപിരിവ് തുടങ്ങി; അവരെ സകലരും ഭയപ്പെടും. ധരയിൽ അനീതി വർധിക്കും, അത് മേഘങ്ങളെപോലും മൂടും. സൃഷ്ടിയിൽ നിരീശ്വരത്വം വർധിക്കും. പുകച്ചുരുളായി അത് സ്വർഗത്തിലേക്ക് കയറും.

## ആഗോഗ്, മാഗോഗ് എന്നീ ഹൂണരുടെ ആക്രമണം

169. അപ്പോൾ കർത്താവ് ധരയിലെ കൊടിയ നിരീശ്വരത്വത്തിന്മേൽ ക്രോധാവേശനായി രാജാക്കന്മാരെയും മഹാസൈന്യങ്ങളെയും ഇളക്കും. കാരണം, ധരയെ നശിപ്പിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്ന സമയം പരസ്പരം കൊന്നൊടുക്കുന്ന മനുഷ്യരെ മനുഷ്യർക്കെതിരായി അയക്കും.

175. അപ്പോൾ അലക്സാണ്ഡർ സ്ഥാപിച്ച കവാടത്തിനുള്ളിലുള്ള രാജാക്കന്മാരെയും ഉഗ്രസൈന്യങ്ങളെയും നീതി ആഹ്വാനം ചെയ്യും. രാജാക്കന്മാരും മഹാജനങ്ങളും വാതിലിനു പിന്നിൽ അണിനിരക്കും. അവർ ആകാശത്തിലേക്കു നോക്കി ദൈവനാമം വിളിച്ചപേക്ഷിക്കും. തന്റെ മഹനീയ സ്വർഗത്തിൽ നിന്ന് കർത്താവ് അടയാളം കാട്ടും; അവന്റെ ദൈവത്വത്തിന്റെ സ്വരം ഈ കവാടത്തിൽ മുഴങ്ങും. തന്റെ ദൈവത്വത്തിന്റെ ആജ്ഞയാൽ ഉടനടി അവർ മറിഞ്ഞ് നിലംപതിക്കും. എണ്ണമറ്റ നക്ഷത്രങ്ങളെപ്പോലെ മഹാസൈന്യം പുറപ്പെടും. അവർ കടൽക്കരയിലെ മണൽത്തരിപോലെ സംഖ്യാതീതമായിരിക്കും; ആകാശത്തിലെ നക്ഷത്രങ്ങളേക്കാൾ കൂടുതലു മായിരിക്കും.

193–220: തറച്ചു തുളച്ചു കയറിയ കൂർത്തുമൂർത്ത അമ്പുകൾ കൊണ്ട് അവിടെ താഴത്തെ വാതിൽപടിയിൽ ഒരു പുറങ്കാലിന്റെ വീതിയിൽ വിടവു ണ്ടാകും. മുകളിലത്തെ വാതിൽ പടിയിലും അതേ വീതിയിൽ വിടവുണ്ടാകും. അവിടെ നിന്ന് രാജാക്കന്മാരും നിരവധി സൈന്യനിരയും പുറപ്പെടും. എല്ലാ ജനതകളും ഭാഷക്കാരും ഈ കവാടങ്ങളിലൂടെ പുറത്തേക്കുവരും:

ആഗോഗും മാഗോഗും, നൂലും ആഗാഗും, രാജാക്കന്മാരും ശക്തരായ സൈന്യനിരകളും, തുഗർമായും അശ്കനാസും ദയ്പാറും, പുത്യരും ലിബിയരും, അംസർത്യരും ഗർമേദോലും, ബേഹെൽമ്ടെന്റെ ഉയരത്തിലെ താലാബും, അസ്മുർത്യരും കൂശായരും, ഹൂണരും പേർഷ്യാക്കാരും, ദക്ലായരും തൂലായരും, മുശ്കായരും കൂശായരും, മേദ്യരും പേർഷ്യരും, അർമേന്യരും തുർക്കികളും, നംറൂഹായരും മൂഷായരും, കേവാന്റെ മക്കളും മഹൂനായരും, നിരവധി സൈന്യങ്ങളും എണ്ണമറ്റ ജനതകളും അവരോടു കൂടിച്ചേർന്ന് വരും.

221. അവർ ഭൂമിയുടെ മുകളിലൂടെ ഇരച്ചുപായും. സൃഷ്ടിയുടെ മതിലുകൾ കുലുങ്ങും. ഒരു പൊടിമേഘം ധരയിൽ നിന്നുയർന്ന് ഉന്നത സൂര്യനെ മറയ്ക്കും. ബൂസിയുടെ മകനായ എസക്കിയേൽ തന്റെ പ്രവചന ത്തിൽ പ്രവചിച്ചതുപോലെ, മേഘവും മൂടൽമഞ്ഞും പോലെ അവർ സൃഷ്ടിയെ മൂടും (38,9).



## ഹൂണരുടെ മനുഷ്യത്വരഹിതമന്ത്രവാദം

229–252: യുദ്ധത്തിനും പോരാട്ടത്തനും ഹൂണന്മാർ ഇറങ്ങി പുറപ്പെടു മ്പോൾ, ഗർഭിണികളെ പിടിച്ച് അവരുടെമേൽ തീ കൂട്ടുന്നു. അവർ കടന്നു വന്ന് അവരുടെമേൽ മന്ത്രവാദം നടത്തുന്നു. ഉദരഫലത്തെ അവരുടെ ഉള്ളിലിട്ട് വേവിക്കുന്നു. എന്നിട്ട് ശരീരം കീറി, വേവിച്ച ഉദരഫലം പുറത്തെടു ക്കുന്നു. അവർ അതെടുത്ത് നീണ്ട മരത്തൊട്ടിയിൽ വച്ച് അതിന്മേൽ വെള്ളം തൂകുന്നു. വേവിച്ച ശരീരം അവരുടെ മാന്ത്രികരസത്തിൽ കലർത്തുന്നു. പെട്ടെന്ന് അവർ തങ്ങളുടെ വാളിന്മേലും കുന്തത്തിന്മേലും കടന്നു പിടി ക്കുന്നു. ഈ വെള്ളത്തിൽ അവർ തങ്ങളുടെ അമ്പുകളും മറ്റ് യുദ്ധോപകരണ ങ്ങളും മുക്കുന്നു. അവിടെ കൊണ്ടുവരുന്ന യുദ്ധോപകരണങ്ങൾ ഓരോന്നും അവർ തങ്ങളുടെ മാന്ത്രികജലത്തിൽ മുക്കുന്നു. അവരുടെ കൂടെ ഒരു ലക്ഷം കുതിരക്കാർ ഉള്ളതുപോലെ തോന്നിക്കും. ധരയിലേക്ക് പുറപ്പെടാൻ അവരിൽ നൂറുപേർ കുതിരപ്പുറത്തു കയറും. അവരുടെ കൂടെ ഏഴായിരം പ്രാവശ്യം പതിനായിരം ആളുകൾ ഉണ്ടെന്നു തോന്നും.

253–276: യുദ്ധത്തിലോ, പോരാട്ടത്തിലോ അവരിൽ ഒരാൾ വീണാൽ, ആദ്യന്തം എവിടെല്ലാം അവൻ തന്റെ കരം നീട്ടുന്നുവോ, അവിടെല്ലാം അവൻ പെട്ടെന്ന് ഒരു കത്തി വലിച്ചെടുക്കുന്നു. അവർ ശിശുക്കളുടെ മാംസം തിന്നുകയും സ്ത്രീകളുടെ രക്തം കുടിക്കുകയും ചെയ്യുന്നു. അവർ തുകൽവസ്ത്രം ധരിക്കുകയും കാറ്റിലും കൊടുങ്കാറ്റിലും കുതിരയെ ഓടിക്കുകയും ചെയ്യുന്നു. ഞൊടിയിട നേരംകൊണ്ട് അവർ നഗരങ്ങൾ തകർക്കും, അവയുടെ ഭിത്തികൾ നിലംപരിശാക്കും, ബലിഷ്ഠമേറിയ കോട്ട കൾ തരിപ്പണമാക്കും. അവർ വേഗതയുള്ളവരെ ബന്ധനസ്ഥരാക്കും; മല്ലന്മാരെ കൊന്നുകളയും. അവർ കാറ്റിനേക്കാളും കൊടുങ്കാറ്റിനേക്കാളും വേഗതയുള്ളവരാണ്. ഹൂണന്മാർ ഇരച്ചുവരുന്നു എന്ന കിംവദന്തി കേൾക്കു മ്പോൾ, ധരയിലെ മനുഷ്യർ മുഴുവൻ ഓടിയൊളിക്കുന്നു. കാരണം, അവർ മന്ത്രവാദികളും ആകാശത്തിനും ഭൂമിക്കും മധ്യേ പറക്കുന്നവരുമാണ്. അവരുടെ വാഹനം കാറ്റുപോലെയും അവരുടെ വാളും കുന്തവും ഭീകര മിന്നൽപ്പിണർ പോലെയുമാണ്.

277. അവർ കൈയിൽ തോൽവാർ പിടിക്കുന്നു. അൻപത്താറ് ആളു കളിൽ ഒരാൾ രണ്ടുമൂന്നു കുതിരകളെ തന്നോടൊപ്പം നയിക്കുന്നു. കാറ്റും കൊടുങ്കാറ്റുംപോലെ അവർ മുമ്പോട്ടും പിറകോട്ടും പായുന്നു. അവരിൽ ഒരുവന്റെ അട്ടഹാസം സിംഹധ്വനി പോലെയാണ്. ധര മുഴുവൻ ഹൂണരെ ഭയന്ന് കിടിലം കൊള്ളുന്നു. നോഹയുടെ നാളുകളിലെ ജലംപോലെ അവർ ധര മുഴുവൻ മൂടുന്നു. അവർ സൃഷ്ടി മുഴുവൻ മുക്കുന്നു; അവരെ എതിർ ക്കാൻ ആരുമില്ല.

**ഹൂണന്മാരുടെ ഉയർച്ചയും താഴ്ച്ചയും എസക്കിയേൽ പ്രവചിച്ചിരുന്നു.**

291. മേഘംപോലെ ഭൂമി മുഴുവൻ മൂടുന്ന എണ്ണമറ്റ ജനതതിയെപ്പറ്റി എസക്കിയേൽ പറഞ്ഞത് ഇവരെ കുറിച്ചാണ്: അവരുടെ മുമ്പിൽ മത്സ്യങ്ങളും ആകാശപ്പറവകളും ഇഴജന്തുക്കളും ധരയിലെ മറ്റുജന്തുക്കളും സൃഷ്ടിയിലെ എല്ലാ വംശങ്ങളും സംഭീതരാകും. വൻപർവതങ്ങൾ കീഴ്മേൽ മറിയും, ബലമേറിയ ഗോപുരങ്ങളും നഗരഭിത്തികളും തകരും. ധര ഒരു മരുഭൂമി ആയിത്തീരും.

എസക്കിയേൽ ഇപ്രകാരം പ്രവചിച്ചു: കാലാന്ത്യത്തിൽ ഇപ്രകാരം സംഭവിക്കും. അവർ പുറത്തേക്കു കടക്കുകയും ഭൂമിയിൽ നിന്നു മുകളിലേക്ക് കയറുകയും സൃഷ്ടിയെ മുഴുവൻ മൂടുകയും ചെയ്യും. ആഗോഗും മാഗോഗും ആയുധധാരികളായി ഇസ്രായേൽ മലകളിലേക്കു വരും (എസ.39,2.4). അവർ കടലിനും ജറുസലേമിനും ഇടയ്ക്ക് പാളയമടിക്കും. കുതിരക്കാർ ഈജിപ്തിലേക്കും എത്യോപ്യയിലേക്കും താഴോട്ട് കുതിക്കും. മനുഷ്യരും സമ്പത്തുമാകുന്ന എണ്ണമറ്റ കൊള്ളമുതൽ അവർ ഉണ്ടാക്കും. തങ്ങൾക്ക് ആഹാരമായി വന്യമൃഗങ്ങളെയും വളർത്തുമൃഗങ്ങളെയും അവർ സ്വന്തമാക്കും.

317. അപ്പോൾ, താഴേക്കിറങ്ങിവന്ന് സെന്നാക്കെറീബിന്റെ പാളയം പോലെ അവരുടെ പാളയം നശിപ്പിക്കാൻ, സ്വർഗീയ സൈന്യങ്ങളുടെ തലവനായ മിഖായേലിനെ നീതി വിളിക്കും. മാലാഖ കൽപ്പന സ്വീകരിച്ച്, ഭീകരവും സുശക്തവുമായ വാൾ എടുത്തുകൊണ്ട് പുറപ്പെടുകയും ഞൊടിയിടകൊണ്ട് സൈന്യത്തെ നിഗ്രഹിക്കുകയും ചെയ്യും.

325. നീതി തീക്കല്ലുകൾ എടുത്ത് പാളയത്തിൽ എറിയും; ധരയിൽ ഹതരായവർ എണ്ണമറ്റ മണൽത്തരിപോലെ സംഖ്യാതീതം ആയിരിക്കും. മനുഷ്യരും മൃഗങ്ങളും ചത്തൊടുങ്ങും; പാളയം മുഴുവൻ നശിപ്പിക്കപ്പെടും. തീജ്വാല കടലിലേക്കും ദ്വീപുകളിലേക്കും അയക്കപ്പെടും.

333. ദുഷ്ടരാജാവായ ആഗോഗിന്റെ കൈയിൽ നിന്ന് വില്ലും അവന്റെ ഇടത്തുവശത്തുനിന്ന് അമ്പുകളും താഴെ വീഴും. അവന്റെ പാളയം മുഴുവൻ നശിപ്പിക്കപ്പെടും. യൂദാനിവാസികൾ പുറപ്പെട്ട് പാളയം മുഴുവൻ കൊള്ളയടിക്കും. ആയുധങ്ങളും അമ്പുകളും വില്ലുകളും കുന്തങ്ങളും പെറുക്കി ശേഖരിക്കും. എഴുതപ്പെട്ടിരിക്കുന്നതുപോലെ, അവർ അവകൊണ്ട് ഏഴു വർഷം തീ കത്തിക്കും. കാട്ടിൽനിന്നും പറമ്പിൽനിന്നും വിറകു ശേഖരിക്കേണ്ട ആവശ്യം അവർക്കു വരികയില്ല.

345. പരിചയും വടികളും ഏഴുവർഷത്തേക്ക് അവർ തീയിൽ എറിയും. ഏഴു നീണ്ട വർഷങ്ങളിൽ തീ കത്തിക്കാൻ കുന്തങ്ങളും അമ്പുകളും



വില്ലുകളും മതിയാകും. അപ്പോൾ തന്റെ മഹനീയ സ്വർഗത്തിൽ നിന്ന് കർത്താവ് തന്റെ സമാധാനം വരാൻ അനുവദിക്കും. റോമൻ സാമ്രാജ്യം അതിന്റെ സ്ഥാനത്ത് വീണ്ടും ഉയർന്ന് പുഷ്ടി പ്രാപിക്കും. അവർ ലോകാതിർത്തികൾ പിടിച്ചെടുക്കും. അവർക്കെതിരെ നിൽക്കാൻ ആർക്കും കഴിയുകയില്ല.

**അന്തിക്രിസ്തു**

355. നിരീശ്വരത്വം ധരയിൽ വളരെ ശക്തി പ്രാപിക്കുകയും സൃഷ്ടി മുഴുവൻ അശുദ്ധമാകുകയും ചെയ്തു കഴിയുമ്പോൾ, നീതി എഴുന്നേറ്റ് ജനതകളെ പൂർണമായി ഉന്മൂലനം ചെയ്യും. മനുഷ്യരെ വഴിപിഴപ്പിക്കുന്നവനും ധരയെ മുഴുവൻ അമ്പരപ്പിക്കുന്നവനും നിരീശ്വരനുമായ നാശത്തിന്റെ പുത്രൻ മുന്നോട്ടു വരികയും ധരയിലേക്ക് കടക്കുകയും ചെയ്യും (2തെസ്സ. 2,3). നാശപുത്രൻ ധരയിലെത്തുന്ന ആ ദിവസം സൃഷ്ടിയിൽ അമ്പരപ്പുണ്ടാകും, ധരയിൽ സംഭ്രമം വർധിക്കും. സൂര്യൻ തന്റെ ഇടത്തിൽ അന്ധകാരമാകും, നക്ഷത്രങ്ങൾ ഉയരത്തിൽ നിന്നു വീഴും.

369. എല്ലാ നക്ഷത്രങ്ങളും അസ്തമിക്കും; സൃഷ്ടി മുഴുവൻ അന്ധകാരം മൂടും. ധര അതിലുള്ളവയോടൊപ്പം വിറയ്ക്കും. പർവതങ്ങളും മലകളും കുലുങ്ങും. ഉറവകളും കിണറുകളും വറ്റിവരളും; കടൽത്തിരകൾ താണുപോകും. അതിലെ മത്സ്യങ്ങൾ ചലനരഹിതമാകും.

376. രാജാക്കന്മാർ ന്യായം വിധിക്കുന്നത് മതിയാക്കും, പുരോഹിതന്മാർ വിശുദ്ധ സ്ഥലത്ത് വിറയ്ക്കും. ധീരന്മാരുടെ സേന നിലംപതിക്കും. ധരയിൽ സംഭ്രമം വ്യാപിക്കും, എല്ലാവരും കർമരഹിതരാകും. നിരീശ്വരർ ആയുധധാരികളായി ജറുസലേമിലെത്തി നികുതി പിരിക്കും. അവർ കേടുപാടു തീർത്ത് സീയോൻ പുതുക്കിപ്പണിയും. അവൻ തന്നെത്തന്നെ ദൈവമാക്കും.

385. ശ്ലീഹാ നമുക്ക് എഴുതിയതുപോലെ, ഭരിക്കാനായി അവൻ ദൈവാലയത്തിലേക്ക് കടക്കും. യൂദർ അവനെപ്പറ്റി മതിപ്പുള്ളവരാകും, അവന്റെ പക്കലെത്താൻ അവർ ആയുധധാരികളാകും. ഞാനാണ് പിതാവും പുത്രനും, ഞാനാണ് ആദിയും അന്ത്യവും, ഞാനല്ലാതെ മറ്റു ദൈവമില്ല എന്ന് അവൻ അപവാദം പറയും.

393. ഇക്കാലത്ത് പതിനായിരം യൂദർ അവനെ കൈവെടിയും. അവർ സത്യസന്ധമായി അവനോട് പറയും: നീ സൃഷ്ടിയെ വഴിതെറ്റിക്കുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഗോഗുൽതായിൽ കുരിശുമരത്തിൽ തൂക്കിയവനാണ് സത്യമായും സൃഷ്ടികളുടെ രക്ഷകൻ; അവനെ അയച്ചവന്റെ പക്കലേക്ക് അവൻ കയറിപ്പോയി.

401. എന്നാൽ നിരീശ്വരൻ ക്രോധാവിഷ്ടനായി, തന്നെ തള്ളിപ്പറഞ്ഞവരെ ഉടൻ തന്നെ വാളിന്റെ വായ്ത്തലയാൽ അരിഞ്ഞു വീഴ്ത്താൻ കൽപ്പന നൽകും. അപ്പോൾ അവനെ തള്ളിപ്പറയാൻ എല്ലാവരും ഭയക്കും. അവൻ ആകാശത്തിലും ഭൂമിയിലും, കരയിലും കടലിലും വ്യാജ അടയാളങ്ങൾ നൽകാൻ തുടങ്ങും.

409. അവൻ മഴയെ വിളിക്കും, അത് താഴേക്കു വരും; വിത്തിനോടു കൽപ്പിക്കും, അത് മുളച്ചുവരും. യഥാർഥമായിട്ടല്ല അവനിവ ചെയ്യുക, പിന്നെയോ, മന്ത്രവാദത്തിലാണ് വ്യാപരിക്കുക. അവൻ തിരകളോടു കൽപ്പിക്കും, അവ നിശ്ശബ്ദമാകും. കാറ്റിനോട് കൽപ്പിക്കും, അതനുസരിക്കും. അവൻ മരങ്ങളിൽ ഫലങ്ങൾ തൂക്കിയിടും, ധരയിൽ നിന്ന് ജലം പൊട്ടിയൊഴുകും.

417. അവൻ കുഷ്ഠരോഗികളോടു കൽപ്പിക്കും, അവർ ശുദ്ധരാകും. അവൻ അന്ധരോടു കൽപ്പിക്കും, അവർ പ്രകാശം ദർശിക്കും. അവൻ ചെകിടരെ വിളിക്കും, അവർ കേൾക്കും. മൂകരെ വിളിക്കും, അവർ സംസാരിക്കും. നമ്മുടെ കർത്താവ് സൃഷ്ടിയിൽ ചെയ്ത അത്ഭുതാടയാളങ്ങൾ അവൻ പ്രവർത്തിക്കും. എന്നാൽ അവൻ മരിച്ചവരെ ഉയിർപ്പിക്കുകയില്ല. എന്തുകൊണ്ടെന്നാൽ ആത്മാക്കളുടെ മേൽ അവനൊരു ശക്തിയുമില്ല.

425. മിന്നൽപ്പിണർ അവന്റെ സന്ദേശവാഹകനായിരിക്കും, അത് അവന്റെ വരവിന്റെ അടയാളം നൽകും. പിശാചാണ് അവന്റെ സൈന്യം; പിശാചുക്കളുടെ തലവൻ അവന്റെ ശിഷ്യനും. അവൻ തന്റെ സൈന്യനിരയുടെ തലവന്മാരെ ദൂരെദേശങ്ങളിലേക്ക് അയക്കും. അവർ അടയാളങ്ങളും സൗഖ്യകർമങ്ങളും നടത്തുകയും ധര മുഴുവനെയും വഴിതെറ്റിക്കുകയും ചെയ്യും.

433. ഇതാ, തെസ്സലോനിക്യർക്കുള്ള ലേഖനത്തിൽ ശ്ലീഹാ എഴുതി നമുക്ക് മുന്നറിയിപ്പു നൽകിയിരിക്കുന്നു: "യാതൊരു വാക്കും കത്തും നിങ്ങളെ സംഭീതരാക്കാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ അത് ഞങ്ങളിൽ നിന്നല്ല. ആദ്യം പാപത്തിന്റെ മനുഷ്യനായ നാശപുത്രൻ വരും. അവൻ തന്നെത്തന്നെ ദൈവത്തിനുപരി ഉയർത്തി തന്നത്താൻ ദൈവമാക്കും" (2 തെസ്സ.2,2-4).

441. ഈ ശപ്തൻ വന്ന് അടയാളങ്ങളും അത്ഭുതങ്ങളും കാട്ടുമ്പോൾ, ദൈവത്തെ കാണാൻ എന്നപോലെ ജനതകൾ ഒന്നിച്ചു കൂടി എത്തും. സൈന്യങ്ങളും ജനങ്ങളും അവന്റെ കൂടെക്കൂടി ദൈവനിഷേധികളാകും. നാശത്തിന്റെ പുത്രനെ ഏറ്റുപറയണമെന്ന് ഓരോരുത്തരും താന്താങ്ങളുടെ അയൽക്കാരോട് പറയും.



449. മനുഷ്യർ പരസ്പരം ഒരുവൻ അപരന്റെ മേൽ ചാടിവീണ് അങ്ങോട്ടുമിങ്ങോട്ടും വാൾകൊണ്ട് കൊല്ലും. തെരഞ്ഞെടുക്കപ്പെട്ടവർ അവന്റെ മുമ്പിൽ നിന്ന് മലമുകളിലേക്കും ഉയർന്ന സ്ഥലങ്ങളിലേക്കും ഓടിപ്പോകും. മുമ്പ് ഉണ്ടായിട്ടില്ലാത്ത കൊടിയ ദുരിതം ധരയിലുണ്ടാകും. എല്ലാ മനുഷ്യരും ഭയചകിതരാകും; ഭയത്താൽ അവർ അമ്പരക്കും.

457. മക്കൾ പിതാക്കന്മാരെ തള്ളിപ്പറഞ്ഞ് നിരീശ്വരനെ അനുഗമിക്കും. പുരോഹിതർ ബലിപീഠം ഉപേക്ഷിച്ച് അങ്ങോട്ടു പോയി അവന്റെ സന്ദേശവാഹകരാകും. മനുഷ്യർ കല്ലറകളിലേക്ക് ഓടി പരേതരുടെ ഇടയിൽ ഒളിക്കും. ഈ ദുരിതത്തിൽ നിന്ന് വളരെ അകന്നതിനാൽ പരേതരെ അവർ ഭാഗ്യവാന്മാരെന്ന് പ്രകീർത്തിക്കും.

465. മരണാകമ്പടി ലഭിക്കുകയും ഈ ക്ലേശങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുകയും ചെയ്ത നിങ്ങൾ ഭാഗ്യവാന്മാർ! എന്നാൽ ഞങ്ങൾക്കാകട്ടെ, ഹാ, കഷ്ടം! എന്തുകൊണ്ടെന്നാൽ ഇതാ, ഞങ്ങൾ മരിക്കുമ്പോൾ കവർച്ചപ്പക്ഷികളായിരിക്കും ഞങ്ങൾക്ക് അകമ്പടി സേവിക്കുക. അക്കാലത്തെ ദിവസങ്ങൾ ചുരുക്കിയില്ലായിരുന്നെങ്കിൽ, ദുരിതത്തിൽ നിന്നും വേദനകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർ രക്ഷപെടുകയില്ലായിരുന്നു (മത്താ.24,21).

473. അത് നമ്മുടെ കർത്താവ് തന്റെ സുവിശേഷത്തിൽ വെളിപ്പെടുത്തി കാട്ടിത്തന്നിട്ടുണ്ട്. അവിടെ അവിടുന്നു പറഞ്ഞു: "തെരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധരും നിമിത്തം ആ ദിവസം ചുരുങ്ങും" (മത്താ.24,22). നാശത്തിന്റെ പുത്രൻ സൃഷ്ടിയെ മുഴുവൻ തന്റെ ഇച്ഛയിലേക്ക് ആകർഷിക്കുമ്പോൾ, നിരീശ്വരനെ പ്രേരിപ്പിക്കാനായി ഹാനോക്കും ഏലിയായും അയക്കപ്പെടും. ശാന്തമായ ചോദ്യത്തോടുകൂടെ വിശുദ്ധർ അവന്റെ മുമ്പിൽ കടന്നുചെല്ലും. തന്റെ ചുറ്റുമുള്ള സൈന്യങ്ങളുടെ മുമ്പിൽ നാശത്തിന്റെ പുത്രൻ സംശയാലുവാകും.

485. നീ ദൈവമാണെങ്കിൽ, ഞങ്ങൾ നിന്നോടു പറയാൻ പോകുന്നത് കാണിക്കുക. വൃദ്ധരായ ഏലിയായെയും ഹാനോക്കിനെയും നീ ഏതുസ്ഥലത്താണ് ഒളിപ്പിക്കുക? തദവസരം ആ നിരീശ്വരൻ വിശുദ്ധരോട് ഇങ്ങനെ പറയും: എനിക്കിഷ്ടമാണെങ്കിൽ, അവർ ഉയരങ്ങളിലായിരിക്കും; ഞാൻ വിചാരിച്ചാൽ അവർ കടലിൽ ആയിരിക്കും. എന്തുകൊണ്ടെന്നാൽ താമസസ്ഥലങ്ങളുടെ മേൽ ഞാനാണ് അധികാരി; ഞാനല്ലാതെ മറ്റു ദൈവമില്ല.

521. ഉടൻ തന്നെ മാലാഖമാർ കടന്നുവന്ന് അവനെ ഗേഹെന്നായിലേക്ക് തള്ളിയിടും. അവനിൽ വിശ്വസിച്ച സകലരും അഗ്നിജ്വാലയിലേക്ക് തള്ളിയിടപ്പെടും. കർത്താവ് മഹത്വത്തിലും തന്റെ മാലാഖമാരുടെ ശക്തിയിലും ഉന്നതങ്ങളിൽ നിന്ന് പുറപ്പെടും; അവന്റെ വാഹനം ആകാശത്തിനും ഭൂമിക്കും മധ്യേ നിൽക്കും.

529. അവൻ കടലിനെ ശകാരിക്കും, അത് വറ്റിവരണ്ടു പോകും. അതിലെ മത്സ്യങ്ങളെല്ലാം ചത്തുപോകും. ആകാശവും ഭൂമിയും അഴിഞ്ഞു പോകും; എല്ലായിടത്തും ഇരുട്ടും അന്ധകാരവും ആയിരിക്കും. അവൻ ധരയിൽ അഗ്നി ഇറക്കും, അത് നാൽപ്പതുനാൾ കത്തിക്കൊണ്ടിരിക്കും. ദുഷ്ടതയിൽ നിന്നും അശുദ്ധിയിൽ നിന്നും പാപങ്ങളിൽ നിന്നും ധരയെ ശുദ്ധീകരിക്കും.

537. വലിയൊരു സിംഹാസനം സജ്ജീകരിക്കപ്പെടുകയും പുത്രൻ വലത്തുവശത്ത് ഇരിക്കുകയും ചെയ്യും. പുത്രന്റെ ശ്ലീഹന്മാർക്കായി പന്ത്രണ്ട് ഇരിപ്പിടങ്ങളും ഒരുക്കപ്പെടും. രക്തസാക്ഷികൾക്കുവേണ്ടി മണവറകളും നീതിമാന്മാർക്കുവേണ്ടി രാജകൊട്ടാരവും അലങ്കരിക്കപ്പെടും.

543. ദൂതന്മാർ കുഴലൂതുകയും പരേതർ പൊടിയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. അഗ്നിമയന്മാർ ഉടനെ പുറപ്പെട്ട് ആദാമ്യ സന്തതികളെ ഒന്നിച്ചുകൂട്ടും. അവർ ഗോതമ്പ് കളപ്പുരയിൽ ശേഖരിക്കും. പതിര് അഗ്നിയിൽ എറിഞ്ഞുകളയും. നല്ലവർ രാജ്യത്തിലേക്ക് പ്രവേശിക്കും, ദുഷ്ടർ ഗേഹെന്നായ്ക്കായി അവശേഷിക്കും. നീതിമാന്മാർ ഉന്നതങ്ങളിലേക്ക് പറക്കും, പാപികൾ അഗ്നിയിൽ വെന്തുരുകും.

553. രക്തസാക്ഷികൾ മണവറയിലേക്ക് പറക്കും, ദുഷ്ടർ പുറത്തെ അന്ധകാരത്തിലേക്ക് പോകും. മിശിഹാ നിത്യമായി ഭരിക്കുകയും തലമുറ തലമുറയോളം രാജാവായിരിക്കുകയും ചെയ്യും.

557. എന്തുകൊണ്ടെന്നാൽ അവനാണ് മഹത്വം, നമ്മുടെമേൽ തന്റെ കരുണ സദാ സമയവും ഉണ്ടായിരിക്കട്ടെ. ആമ്മീൻ ആമ്മീൻ.

O



# വാല്യം-4

# 1

## ഏകാന്തവാസികളുടെ ഏകാന്തവാസത്തെ പറ്റിയും താപസ്സരുടെ വിജനപ്രദേശത്തേക്കുള്ള പലായനത്തെ പറ്റിയും ഗുഹകളിലും മലകളിലും ധരയുടെ വിള്ളലുകളിലും പാറക്കെട്ടുകളിലും പാർക്കുന്നവരുടെ വാസത്തെ പറ്റിയും വിശുദ്ധ പ്രബോധകനായ മാർ അപ്രേമിന്റെ പ്രസംഗം

**കുരിശിനെ പിൻചെല്ലൽ (1-20)**

1. മിശിഹായുടെ ശക്തി വലുതാണ്. നവലോകത്തെ കുറിച്ചുള്ള പ്രതീക്ഷയിൽ നശ്വരജീവിതത്തെ നിന്ദിക്കുന്നതിന് വിവേകികളുടെ ബുദ്ധിക്ക് അത് മഹാശക്തി നൽകുന്നു.

5. പൂഴിസന്തതികളായ മർത്ത്യർ സ്വാഭാവികജീവൻ ഇഷ്ടപ്പെടുന്നു. എന്നാൽ ആത്മീയ ജീവിതത്തെപ്പറ്റി അവബോധമുള്ളവർ അതേപ്പറ്റിയുള്ള അഭിവാഞ്ചയാൽ പ്രകൃതിയെ നിന്ദിക്കുന്നു.

9. ജീവനിലേക്കു കടക്കാനായി തങ്ങളുടെ അധ്വാനങ്ങളിൽ അവർ മരണത്തെ നിന്ദിച്ചുകൊണ്ട് ദൂരത്തേക്കു കടക്കുന്നു. എന്തുകൊണ്ടെന്നാൽ ശരീരം മരിക്കാത്തപ്പോഴും ഇച്ഛയുടെ സുസജ്ജത അവർ കാംക്ഷിക്കുന്നു.

13. നമ്മുടെ കർത്താവ് എങ്ങനെ ഉറക്കെ വിളിച്ചു പറഞ്ഞു എന്ന് അവർ കേട്ടു: "തന്റെ കുരിശെടുക്കാത്തവന്," അതായത് എല്ലാ ക്ലേശങ്ങൾക്കും ഒരുക്കമില്ലാത്തവന്, "എന്റെ ശിഷ്യത്വം അവകാശമാക്കാനാവില്ല" (ലൂ.14,27).

17. എല്ലാ ക്ലേശങ്ങൾക്കുമുള്ള കവാടമായ സന്നദ്ധതയെ അവൻ കുരിശ് എന്നു വിളിച്ചു; എഴുതപ്പെട്ടിരിക്കുന്നതുപോലെ, നാം ക്രമീകരിക്കേണ്ട ലക്ഷ്യം ഈ കുരിശാണ്.

**ഈ ലോകത്തിൽ നിന്ന് മരുഭൂമിയിലേക്കുള്ള ഓട്ടം (21–52)**

21. സ്വമേധയായുള്ള ദാരിദ്ര്യമാണ് ലോകത്തിൽ നിന്ന് പുറത്തേക്കുള്ള വഴിയുടെ ആരംഭവും കുരിശിൽ തറപ്പിന്റെ പാതയുടെ ആരംഭവും ശ്ലീഹന്മാരുടെ ജീവിതരീതിയും.

25. ബന്ധനത്തിൽ നിന്നെന്നപോലെ മനസ്സ് എല്ലാ ഉത്കണ്ഠകളിൽ നിന്നും സ്വതന്ത്രമാകും; അതിന്റെ എല്ലാ ചിന്തകളുടെയും ചങ്ങലകൾ അതിൽ നിന്ന് പൊട്ടി അകന്നു വീഴുകയും ചെയ്യും.

29. അതിന്റെ അവയവങ്ങളിൽ നിന്ന് ലോകം വിട്ടകലുന്നു; സ്വമേധയായുള്ള ക്ലേശങ്ങളാകുന്ന അധ്വാനം തോളിലേറ്റിക്കൊണ്ട്, നമ്മുടെ കർത്താവിനോടൊപ്പം അവൻ മരുഭൂമിയിലേക്കു പുറപ്പെടുന്നു.

33. ഈ രണ്ടു കാര്യങ്ങളിലൂടെ പോരാളി പോരാട്ടത്തിലെ നേതാവിനെ അനുധാവനം ചെയ്യുന്നു: ഏകാന്തതയിലെ സ്വതന്ത്രജീവിതത്തിന് സ്വമേധയായുള്ള ദാരിദ്ര്യവും ലോകത്തിൽ നിന്നുള്ള ഓട്ടവും!

37. മനുഷ്യവാസമുള്ളിടത്തു നിന്നുള്ള പുറപ്പാടിൽ, ആത്മാവിന്റെ ശക്തി അവന്റെ കൂടെ ചേരുന്നു. ബലവാനോടുള്ള പോരാട്ടത്തിൽ ഒരു മല്ലനെപ്പോലെ അവന് എണ്ണ പൂശുന്നു.

41. തന്റെ ശിഷ്യർക്ക് ദൃഷ്ടാന്തമായി നമ്മുടെ കർത്താവ് ഒരു മാതൃക കാട്ടി: ആത്മാവ് നമ്മോട് ചേരുന്നെന്നും നമ്മെ ഏകരായി വിട്ടുപേക്ഷിക്കുകയില്ലെന്നും നാം മനസ്സിലാക്കേണ്ടതിന്, "ആത്മാവ് അവനെ മരുഭൂമിയിലേക്കു നയിച്ചു" (മർക്കോ.1,12) എന്ന് പറഞ്ഞിരിക്കുന്നു. അവൻ ആത്മാവിന്റെ ശക്തിയിൽ മരുഭൂമിയിൽ നാൽപതു ദിവസം തനിയെ ചെലവഴിച്ചു (ലൂ.4,14) എന്ന വാക്ക് നമ്മുടെ സമാശ്വാസത്തിന് പര്യാപ്തമാണ്. അവിടുന്ന് ആദ്യം ആയാസം കൊണ്ടു തുടങ്ങി, പിന്നീട് പരീക്ഷകൻ അവനെ സമീപിച്ചു. അധ്വാനാനന്തരം പരീക്ഷിക്കപ്പെടുന്ന എല്ലാ പോരാളികൾക്കുമുള്ള ഒരു ദൃഷ്ടാന്തം!

**ക്രിസ്തുവിന്റെ ആത്മാവിന്റെ സഹായം (53–110)**

53. നമ്മുടെ കർത്താവിനെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നതു പോലെ, ആരംഭം അവിടെ നിന്നാണ് വരിക: പ്രകൃത്യതീതമായി ഉപവസിച്ച ശരീരധാരിയെ ആത്മാവ് ശക്തിപ്പെടുത്തി. ഭക്ഷണസാധനങ്ങൾ കൂടാതെ അത്ഭുതാവഹമാംവിധം നമ്മുടെ ജീവൻ നിലനിർത്താൻ ശക്തനെ കാത്തു സംരക്ഷിച്ച ശക്തിക്കാവുമെന്ന് അതിലൂടെ നമ്മെ ഗ്രഹിപ്പിക്കുന്നു.

61. കാരണം, കുറച്ചു വസ്തുക്കൾ കൊണ്ടും നമ്മുടെ ജീവൻ നിലനിർത്താൻ ശരീരത്തിനു കഴിയും. സ്വന്തം ശക്തികൊണ്ടു മാത്രം മരണശക്തിയെ അഭിമുഖീകരിക്കുക എന്ന സംഘട്ടനം കഠിനതരമാണ്. എല്ലാം ഏതിന് എളുപ്പമാകുന്നുവോ, ആ ശക്തിയാണ് ബലം നൽകുന്നത്. വിജ്ഞാനത്തിൽ മർത്യർക്കു മുമ്പിൽ പോരാട്ടം ക്രമീകരിച്ച ശക്തി തന്റെ മുൻനിശ്ചയത്തിന്റെ തെളിവായി, നമ്മുടെ പരീക്ഷണങ്ങളിൽ തന്റെ ശക്തി കാട്ടുന്നു.



71. അതുകൊണ്ടാണ് മർത്യർക്കു മുമ്പിൽ പോരാട്ടം ക്രമീകരിച്ചത്. അതിൽ നിന്നു നമ്മെ മനസ്സിലാക്കനല്ല, പിന്നെയോ, തന്റെ സഹായത്തെപ്പറ്റി നമ്മെ പഠിപ്പിക്കാനാണ്. ചിലപ്പോൾ പ്രകൃതിയെ ഉല്ലംഘിക്കുന്നതും അതിരില്ലാത്തതുമായ ശക്തി ശാരീരികാധ്വാനങ്ങൾക്കു നൽകുന്നു. അത് അതിനാൽ തന്നെയെങ്കിൽ, ബലഹീനതകൾ മാത്രം കാണിക്കുന്നു; ചിലപ്പോൾ നിരന്തര സന്തോഷത്തിൽ നന്ദിപൂർവം വേദനകളും രോഗങ്ങളും ശാരീരികാസ്വാസ്ഥ്യങ്ങളും നാം സ്വീകരിക്കാൻ.

85. സാന്ദർഭികമായി സ്വാഭാവികാസക്തികൾ പാപത്തിന് നിർബന്ധിക്കുമ്പോൾ, നമ്മുടെ മനസ്സ് ഭയവും വിറയലും കൂടാതെ ധൈര്യത്തോടെ കാണപ്പെടാൻ, പോരാട്ടത്തിന് അനുവദിക്കുന്നു. ചിലപ്പോൾ നുണയൻ തന്റെ ഭയപ്പെടുത്തലുകളാൽ പരസ്യമായി പോരാടുമ്പോൾ അവയുടെ ആക്രമണത്തെ ഭയക്കാത്തവിധം നമ്മെ പൊതിയുന്നു. സാന്ദർഭികമായി, നമുക്ക് സമസ്തവും നിന്ദ്യമായതിനാൽ, ജീവിതത്തോടു വെറുപ്പുണ്ടാകുകയും എല്ലാറ്റിനെക്കാളും ഭീകരമായ മരണത്തെ സന്തോഷപൂർവം സമീപിക്കുകയും ചെയ്യുന്നു.

95. സത്യമായും നമ്മുടെ രക്ഷകനെ തന്നോടു ചേർക്കുകയും മനസ്സിൽ വഞ്ചനയില്ലാതെ ഹൃദയപൂർവം അവന്റെ വഴിയിലൂടെ നടക്കുകയും ചെയ്യുന്നവർക്ക് അവിടുത്തെ ശക്തി സമീപസ്ഥമാണ്. "അത്യുന്നതന്റെ ബഹുമാനത്തെ ഇരുമനസ്സോടെ സമീപിക്കരുത്" എന്ന് തിരുലിഖിതം പറയുകയും താക്കീതു നൽകുകയും ചെയ്യുന്നു. അവൻ നിന്റെ സഹായി ആയിരിക്കും.

103. നീ ദൈവത്തെ സമീപിക്കുമ്പോൾ, എല്ലാ പരീക്ഷകളും സ്വന്തമായി ഏറ്റെടുക്കുക. എന്നാൽ സഹായമില്ലാതെ നീ തനിയെ പരീക്ഷിക്കപ്പെടാൻ അവിടുന്ന് അനുവദിക്കയില്ല. ഓ, കർത്താവേ, നിന്റെ ഇടുങ്ങിയ വഴിയിലൂടെ പോകാൻ നിന്റെ ശക്തി ഞങ്ങളെ ബലപ്പെടുത്തട്ടെ. വഴിയിലെ അധ്വാനത്താൽ ഞങ്ങളുടെ മനസ്സ് മന്ദീഭവിച്ചു പോകരുതേ.

**മരണസംബന്ധമായ സഹായകചിന്ത (111–170)**

111. പ്രതീക്ഷിക്കുന്ന മരണത്തിന്റെ ദർശനം ഭീതി പരത്തുകയും നീണ്ട ജീവിതസംബന്ധമായ പ്രതീക്ഷയ്ക്ക് ചിന്താക്കുഴപ്പം ഉണ്ടാക്കുകയും ചെയ്യുന്നു. ജീവിതത്തെ സ്നേഹിക്കുന്നവനെ ശക്തിഹീനൻ ആക്കുന്ന ദുരിതങ്ങ

ളുടെയെല്ലാം അനുസ്മരണ സമീപസ്ഥമായ മരണചിന്തയാൽ, ഇച്ഛാശക്തി യുള്ളവർക്ക് എളുപ്പമാകുന്നു.

119. കഠിനതരമായവ ഈ ലക്ഷ്യത്തിലൂടെ മല്ലന് ലഘുവാകുന്നു. ആത്മാവിനെ വേർപെടുത്തുന്ന ഈ ലക്ഷ്യം സദാ ആത്മാവിന്റെ മുമ്പിൽ നിൽക്കുമ്പോൾ, തന്റെ മേൽ നിപതിക്കുന്ന എല്ലാ ദുരിതങ്ങളിലും മരണത്തെ തന്റെ സ്നേഹിതൻ എന്നു വിളിക്കുന്നു.

125. എന്തുകൊണ്ടെന്നാൽ പ്രതീക്ഷിക്കുന്ന മഹാകവാടത്തിലേക്ക് അവനെ പറഞ്ഞയക്കുന്ന ആ കൽപ്പന ഏതു നാഴികയിലാണ് തന്റെമേൽ നിപതിക്കുന്നതെന്നുള്ള ഈ ചിന്താഭാരം നിമിത്തം അവനെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്ന ക്ലേശങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്നില്ല. അനേകം യജമാനന്മാർ ഉണ്ടായിരുന്നവൻ, തന്നെ മുന്തിരിത്തോപ്പിലേക്ക് കടത്തുന്ന വിശ്വാസപൂർണമായ മരണത്തിലൂടെ പെട്ടെന്ന് സ്വതന്ത്രനാകുന്നു.

135. ജീവിതത്തിൽ കടിച്ചുതൂങ്ങി കിടക്കുന്നവർക്ക് എല്ലാ ബന്ധനങ്ങളിൽ നിന്നും വിടുവിക്കുന്നതും എല്ലാറ്റിൽ നിന്നും സ്വതന്ത്രരാക്കുന്നതുമായ മരണം നിമിത്തമുള്ള ദുഃഖം എത്ര ക്ലേശകരമാണ്. “മരണത്തെയല്ല ഞാൻ ഭയക്കുന്നത്. പിന്നെയോ, രോഗങ്ങളെയും മരണം കൂടാതെയുള്ള ദീർഘ വേദനകളെയുമാണ്” എന്ന് വിവേകരഹിതൻ പറയുന്നു. എന്നാൽ രോഗം കൂടാതെ കടന്നുവരാൻ മരണത്തിനു ശക്തിയില്ല. എന്തുകൊണ്ടെന്നാൽ ഏതെങ്കിലും തരത്തിൽ, ഒരു വേദനയിലൂടെ മരണം നമ്മിലേക്കുള്ള പാത കണ്ടെത്തുന്നു.

147. അതുകൊണ്ട് ക്ലേശങ്ങൾ നല്ലതാണ്; നീ സ്നേഹിക്കുന്ന മരണത്തെ വേദനകളിലൂടെയും രോഗങ്ങളിലൂടെയും ഇങ്ങോട്ട് വിളിക്കുന്ന പ്രകൃതിയുടെ ക്രമീകരണത്തിന് ചേർന്നതാണ് അവ. എന്നാൽ... അതിലൂടെ നിന്റെ കാര്യം അതിന്റെ വഴിയേ പോകും; ഇവിടെ തെരഞ്ഞെടുക്കാനും ക്രമീകരിക്കാനും നമുക്ക് സാധിക്കുകയില്ല. നിന്റെ വേർപാടിന്റെ സമയവും കാരണവും തീരുമാനിക്കുന്നത് കൂടുതലായി ദൈവമാണ്.

157. നിനക്ക് പ്രയോജനപ്രദമാകാൻ അവിടുന്ന് അറിയുന്നതുപോലെ, തന്റെ തിരുഹിതപ്രകാരം അവിടുന്ന് പങ്കിടുന്നു. കണക്കു കൂട്ടാതെ കർതൃകരങ്ങളിൽ വെടിപ്പോടും പൂർണഹൃദയത്തോടും നിന്നെത്തന്നെ സമർപ്പിക്കുക; നിനക്കു പിന്നെ യാതൊരാധിയും ഉണ്ടാകില്ല. അന്ത്യത്തിൽ നിനക്കു സംഭവിക്കുന്നതോ, വഴിമധ്യേ സംഭവിക്കുന്നതോ അന്വേഷിക്കുക നിന്റെ കാര്യമല്ല. അത് കർത്താവിന്റെ കാര്യമാണ്. ചാഞ്ചാട്ടമില്ലാത്ത വിശ്വാസത്തോടെ നമ്മുടെ ഇച്ഛയെ നാം സുസജ്ജമാക്കുകയും ദൈവത്തെ അനുഗമിക്കുകയും ചെയ്യണം; അതിലൂടെ ശരിയായതു നാം കണ്ടെത്തും.



**ജ്ഞാനത്തിന്റെയും പ്രബോധനത്തിന്റെയും പ്രയോജനം (171-226)**

171. വീണ്ടും, നഷ്ടം സംഭവിക്കുന്നതിനുമുമ്പ് അനുതാപത്തിലേക്കു നയിക്കുകയും പിന്നെ പരിഹരിക്കപ്പെടേണ്ടി വരാതിരിക്കുകയും ചെയ്യുന്നതിന്, മുന്നറിയിപ്പു നൽകുന്ന ഒരു വാക്ക് കേട്ടാലും.

175. ഒരു വസ്തുവിന്റെ അന്ത്യത്തെപ്പറ്റി പഠിപ്പിക്കുകയും ഒരു മനുഷ്യനെ ദൂരെവച്ചുതന്നെ ആരംഭം മുതൽ തന്റെ പാതയുടെ അവസാനം കാണിക്കുകയും ചെയ്യുന്ന ബുദ്ധിമാന്റെ വാക്ക് പ്രയോജനകരമാണ്. ഒരു രണ്ടാംനയനം നിന്റെ ആന്തരികനയനത്തിന് ഉൾക്കാഴ്ച നൽകുകയും വരാനിരിക്കുന്നത് ദൈവത്തെപ്പോലെ ദൂരെ നിന്നുതന്നെ അറിയിക്കുകയും ചെയ്യുന്നു. “ബുദ്ധിമാന്റെ നയനം അവന്റെ തലയിലാണ്” (സഭാ.2,14). അവൻ ദൂരെനിന്ന് കാണുന്നെന്ന് അതു പറയുന്നു.

185. പ്രബോധനജലം പാനം ചെയ്യുക; നിനക്ക് ഇരട്ടി ജീവിതവും അറിവിലൂടെ ഒരു രണ്ടാം ആത്മാവും ലഭിക്കും. ആത്മാവിലൂടെ എന്നപോലെ ഒരു പ്രവാചകനായിരിക്കുക. ആത്മാവിൽ നിന്ന് അറിവു കിട്ടുമ്പോൾ പ്രവാചകൻ ചിലപ്പോൾ അറിവുള്ളവനാകും. എങ്കിലും ചിലപ്പോൾ ആത്മാവിൽ നിന്ന് ലഭിക്കുന്ന ദാനം അവൻ ഉപേക്ഷിക്കാൻ ഇടയാകാം.

193. എന്നാൽ അവകാശമാക്കി കഴിഞ്ഞാൽ ആത്മാവിൽ നിന്ന് അറിവ് കുറഞ്ഞുപോകുന്നില്ല, ആത്മാവിന്റെ പ്രകാശിത നയനത്തിൽ നിന്ന് ദൂരെ പോകുന്നുമില്ല. ഓ, ശിഷ്യാ, പ്രബോധനം സ്വന്തമാക്കുക. അപ്പോൾ നീ നിന്റെ സ്വന്തം അറിവനുസരിച്ച് നിന്റെ പാതയിലൂടെ ചരിക്കയില്ല. അപ്രതീക്ഷിതമായത് നിന്നെ ക്ലേശിപ്പിക്കുകയില്ല; അവസാനം നിനക്ക് എന്റെ വാക്ക് മനസ്സിലാകുകയും ചെയ്യും.

201. ഓ, ശിഷ്യാ, വരൂ, ഞാൻ നിന്നെ ഉപദേശിക്കാം; എന്നിൽ നിന്ന് ഉപദേശം സ്വീകരിക്കുക. ദൈവത്തിനുവേണ്ടി ജീവിക്കുന്ന മൃതനേ,... മർത്യരുടെ മൃതലോകത്ത് ഇച്ഛാശക്തിയാൽ മൃതനാകുകയും ഒരു മൃതനെപ്പോലെ ജീവിക്കാൻ മൃതരുടെ ജീവിതം തെരഞ്ഞെടുക്കുകയും ചെയ്ത ജീവനുള്ളവനേ, നിന്റെ മൃതാവസ്ഥയ്ക്ക് ഒരച്ചാരം സ്വീകരിക്കുക; നിന്റെ ജീവിതത്തിന് ഒരച്ചാരം സ്വീകരിക്കുക.

211. എന്തുകൊണ്ടെന്നാൽ മൃതരുടേതുപോലെ നിന്റെ വാസസ്ഥലം ജീവനുള്ളവരുമായുള്ള സംസർഗത്തിൽ നിന്ന് അകന്നും വാക്കിലും സ്വരത്തിലും വേർപെട്ടും പൂർണമായി ദൈവത്തിൽ മുഴങ്ങിക്കൊണ്ട് നിശ്ശബ്ദമായിരിക്കുന്നു. ഓ, മൃതനേ, നിന്റെ ചിന്തകൾ നിന്നിൽ പുനർജീവിക്കാതിരിക്കാനും ബാഹ്യമായി മാത്രം മൃതനാകുകയും ജീവിച്ചിരിക്കുന്നവരുടെ വസ്തുക്കൾ കാംക്ഷിക്കുകയും ചെയ്യാതിരിക്കാനും ശ്രദ്ധിക്കുക. പൂർണമായി നിശ്ശബ്ദനായ മൃതനേ, നിന്റെ നിഗൂഢചിന്തകളിലും മൃതനായിരിക്കുക.

അങ്ങനെ കല്ലറയിൽ നിന്ന് ഒരു മൃതൻ പറന്നുപോയി എന്ന ഭീകരദർശനത്തിന് അവസരം ഉണ്ടാകാതിരിക്കട്ടെ.

**ഏകാന്തവാസിയെപ്പറ്റി (227-238)**

227. ആത്മപ്രകാശത്തിന് താപസ്സ കർമാനുഷ്ഠാനങ്ങൾ വളരെ പ്രയോജനകരമാണ്; വെടിപ്പ് കാംക്ഷിക്കുന്നവർക്ക് അതു കൂടാതെ ഉറപ്പായ അടിസ്ഥാനം ഉണ്ടായിരിക്കയില്ല. ക്രോബകളുടെ നയനം ഉണ്ടായിരിക്കുക ഏകാന്തവാസിക്ക് ചേർന്നതാണ്; അങ്ങനെ യാഥാർഥ്യമാകുന്നതിനു മുമ്പ് അദൃശ്യമായത് അവന് കാണാൻ കഴിയും. നിന്റെ ശുശ്രൂഷയ്ക്ക് ഒരടിസ്ഥാനം വയ്ക്കുക... ആത്മാവിന്റെ നയനങ്ങളെ പ്രകാശിപ്പിക്കുന്നത് ആത്മാവിന് ഔഷധമാണ്.

**ദുഃഖിതൻ എന്നതിന്റെ അടിസ്ഥാനം (239-256)**

239. ദുഃഖിതൻ എന്നാണ് നിന്റെ നാമം; പ്രവൃത്തിയിലൂടെ നിന്റെ നാമം യാഥാർഥ്യമാക്കുക. തലമുറകൾ നിന്നെ പിന്നീട് വിളിക്കുന്നതുപോലെ, നിന്റെ വേദനയിലൂടെ നിന്റെ നാമം തിരിച്ചറിയാൻ ഇടയാകട്ടെ. നിന്നിൽ നിന്നുതന്നെ നിന്റെ സമ്പത്തും നിന്റെ ഭവനത്തിൽ നിന്ന് നിന്റെ സമാശ്വാസവും അവകാശപ്പെടുത്തുക.

245. ദുഃഖത്തിലൂടെ നീ നിന്റെ വികാരാവേശത്തെ കീഴടക്കുക; നിന്റെ ആത്മീയനയനങ്ങൾ പ്രകാശിതമാകും. ശാരീരികമായ ദുരാശാവിക്ഷോഭങ്ങൾ കരച്ചിലിലൂടെയും പ്രകൃതിയിലെ ദുരാശാമാധുര്യം ദൈവത്തിലുള്ള വ്യസനത്തിലൂടെയും അണയുന്നു. "കണ്ണീരിൽ വിതയ്ക്കുന്നവൻ സന്തോഷക്കതിർക്കുല കൊയ്യും"(സങ്കീ.125,5). നമ്മുടെ കർത്താവ് പറഞ്ഞതുപോലെ, ദുഃഖം, സമാശ്വാസം പങ്കുവച്ചുതരും. ആന്തരിക ദുഃഖം ഉപേക്ഷിക്കരുത്; അപ്പോൾ നീ ബാഹ്യമായ ചുറ്റിനടപ്പ് കാംക്ഷിക്കയില്ല.

**ലോകത്തിലെക്ക് തിരിച്ചുപോകാനുള്ള പ്രലോഭനത്തിനെതിരെയുള്ള മുന്നറിയിപ്പ് (257-283)**

257. നിന്നിൽ നീ ജീവൻ കണ്ടെത്താനായി, നിന്റെ യുദ്ധരംഗം നിനക്ക് മതിയാകാതെ വരട്ടെ. ഒരു മൃതനെപ്പോലെ ജീവിക്കുക, കരയുന്നവന് എത്ര നല്ലതാണ്.

261. എന്തുകൊണ്ടെന്നാൽ കർത്താവാണ് അവന്റെ സമാശ്വാസം; മാനുഷികവേഴ്ചയ്ക്ക് അവൻ കാംക്ഷിക്കയില്ല. അഗാധനിശ്ശബ്ദതയോടും ജീവനുള്ളവരുടെ ലോകവുമായുള്ള സംസർഗം കൂടാതെയും തന്റെ കരച്ചിലിന്റെ തേങ്ങൽശബ്ദം മാത്രം മുഴക്കി, അവന്റെ ഭവനം മൃതഭവനസമാനമാണ്. ആൾപാർപ്പുള്ള നാടിനോടടുക്കുന്നത് കരയുന്നവന് നല്ലതല്ല.



269. ഒരു മൃതൻ നഗരത്തിൽ കടക്കുന്നത് അപൂർവകാഴ്ച ആയിരിക്കും. മനുഷ്യവാസമുള്ള നാട്ടിലെന്നതിനേക്കാൾ മരുഭൂമിയിൽ പാർക്കുന്നതാണ് നമുക്ക് നല്ലത്. മനുഷ്യദൃഷ്ടിയേക്കാൾ മൃഗങ്ങളോടുകൂടെ ആയിരിക്കുന്നതാണ് ഏറെ മെച്ചം. കാട്ടുകഴുതയെപ്പോലെയും മാനിനെപ്പോലെയും കുന്നുകളിൽ മേയുന്നത് സഹോദരങ്ങൾക്ക് എത്ര നല്ലതാണ് (ജോബ്, 39,5). കാരണം, സമാശ്വാസം കർത്താവാണ്. മൃഗങ്ങളോടൊത്ത് പാർക്കുക, കർത്താവിനെ നിന്റെ സംരക്ഷണമായി അവകാശമാക്കുക; നഗരത്തെയും മനുഷ്യവാസമുള്ള നാടിനെയും കാംക്ഷിക്കേണ്ട; അല്ലെങ്കിൽ മൃതരെ സൗഭാഗ്യവാന്മാർ എന്ന് പ്രകീർത്തിക്കാൻ കഴിയാതെ വരും.

**നഗരസമുദ്രം ഒഴിവാക്കുക (284-306)**

284. നഗരങ്ങളിൽ പ്രവേശിക്കാതിരിക്കുക; കടലിലേക്കും അഗാധത്തിലേക്കും പോകാതിരിക്കുക. അനേകം കടൽയാത്രക്കാരുടെ വിജ്ഞാനം അതിൽ മുങ്ങിപ്പോയി. നിറഞ്ഞ നിക്ഷേപങ്ങളുമായി നിരവധി കച്ചവടക്കാരുടെ കപ്പലുകൾ ഞാൻ കണ്ടു; കുറച്ചു സമയത്തേക്ക് അവ കടലിലേക്ക് കടന്നു. എന്നാൽ അവയിൽ ഒന്നുപോലും തിരികെ വന്നില്ല. അനുഭവസമ്പത്തുള്ള എത്രയോ കപ്പൽക്കാർ കടലിലെ തിരകളെപ്പറ്റി മനസ്സിലാക്കി, അതിലൂടെ സഞ്ചരിക്കുക മാത്രം ആഗ്രഹിച്ചു; എന്നാൽ കപ്പൽ അതിന്റെ യജമാനന് എതിരായി ചുറ്റിക്കറങ്ങി. നീ ബലഹീനനായി കാണപ്പെടാതിരിക്കാൻ, നിന്റെ ജ്ഞാനത്തിൽ ആശ്രയിക്കേണ്ട.

297. ലാഭമൊന്നുമില്ലാതെ നഷ്ടത്തിലൂടെ അറിവുള്ളവനാകാതിരിക്കാൻ, എന്നിൽ നിന്ന് സത്യം ഗ്രഹിക്കുക. കാരണം, ഒരു വീഴ്ചയിലൂടെ സ്വന്തമാക്കിയ അറിവ് എത്ര നിന്ദ്യമാണ്. തന്റെ നിക്ഷേപങ്ങൾ കൊള്ളയടിക്കപ്പെട്ട ശേഷം അറിവിലേക്ക് വരാത്തവൻ ഭാഗ്യവാനാണ്. നിന്റെ ജീവിതരീതി നിന്നെ വഴി തെറ്റിക്കാതിരിക്കുകയും ഉറപ്പിൽ സ്ഥാനം മാറ്റാതിരിക്കുകയും ചെയ്യട്ടെ. നിന്റെ കഴിവിന്റെ അളവ് പരിശോധിക്കുക. അങ്ങനെ നിന്റെ പ്രകൃതി നിന്നെ ശാസിക്കാതിരിക്കട്ടെ.

**സംശുദ്ധത സംരക്ഷിക്കുക**

307. എന്റെ സഹോദരരേ, എത്രയേറെ ബ്രഹ്മചാരികളായ ഏകാന്തവാസികൾ ഉറക്കെ കരയുന്നത് ഞാൻ കണ്ടിട്ടുണ്ട്! അവർ അവരുടെ നിക്ഷേപം തുറമുഖത്ത് സൂക്ഷിച്ചു. കടൽ വന്ന് അത് കവർന്നെടുത്തു. ബലഹീനവാരിയെല്ലായ ഹവ്വായോടുള്ള ചെറിയൊരു ഇടപെടലിൽ താഴ്ത്തിക്കളയുന്ന തിരമാലകൾ അവരിലുയർന്നു. അവരുടെ സമ്പത്ത് താണുപോയി, അവരുടെ ജഡം തിരകളിലുമായി. ലോകം ഒരു കടലും ഒരു ഗർത്തവുമാണ്. മറിച്ച് ഏകാന്തജീവിതം ശാന്തതയും തുറമുഖവുമാണ്.

317. തുറമുഖവും ശാന്തിയും ഉപേക്ഷിക്കരുത്. അല്ലെങ്കിൽ മൃതരെ

ഭാഗ്യവാന്മാർ എന്നു പ്രകീർത്തിക്കാൻ കഴിയാതെവരും. ഒരു സൗന്ദര്യം മോഷ്ടിക്കപ്പെട്ട വിശുദ്ധന് പിന്നെ രക്ഷയില്ല. തന്റെ സംശുദ്ധത നഷ്ടപ്പെടുന്നവന് തന്റെ സമ്പത്തു മുഴുവൻ നഷ്ടപ്പെട്ടു. മറ്റ് സദ്ഗുണങ്ങൾ ഇല്ലെങ്കിൽ പോലും അതിലാണ് പ്രശസ്തി കിടക്കുന്നത്.

325. വിശുദ്ധരുടെ സൈന്യനിരയിൽ അവന്റെ സംശുദ്ധതയുടെ മുദ്ര അവനുള്ളിടത്തോളം കാലം അവൻ അവരുടെ നിരയിൽ നിന്ന് പുറന്തള്ളപ്പെടുകയില്ല. അവൻ തന്റെ വെടിപ്പ് കാത്തുസൂക്ഷിക്കുന്നിടത്തോളം കാലം, തന്റെ ബലഹീനത നിമിത്തം പുറന്തള്ളപ്പെടുകയില്ല. സംശുദ്ധജീവിതരീതി സ്വീകരിച്ചതിന്റെ സ്ഥാനത്ത് മറ്റൊരു ശുശ്രൂഷയില്ല.

333. ഒരധ്വാനവും ശാരീരിക സംശുദ്ധതയുടെ അപര്യാപ്തത നികത്തുന്നില്ല. ഇവിടെ ജയിക്കുക എന്നത് എല്ലാ കഠിന പോരാട്ടങ്ങളിലും പ്രയാസമേറിയതാണ്. വിശുദ്ധർ തങ്ങളുടെ അധ്വാനങ്ങളിൽ അതിനുവേണ്ടി എപ്പോഴും പരിശ്രമിക്കുന്നു. എന്തുകൊണ്ടെന്നാൽ സംശുദ്ധതയ്ക്കെതിരെയുള്ള പോരാട്ടത്തിൽ ഒരു വിശുദ്ധനെ ജയിക്കുന്നതിന്റത്രയും, നമ്മുടെ മേലുള്ള വിജയങ്ങളൊന്നും സാത്താൻ വിലമതിക്കുന്നില്ല. അതു നമ്മുടെ അന്തിമ തകർച്ച ആയതിനാൽ, അതു മാത്രമേ അവൻ വിജയമായി പരിഗണിക്കുന്നുള്ളു. ഇതിൽ ബന്ധിതനായാൽ അവനെ പിടികൂടാമെന്ന് അവനറിയാം.

**സംശുദ്ധതയെപ്പറ്റിയും പരദേശജീവിതത്തെപ്പറ്റിയും (347-414)**

347. ഏകാന്തവാസിയുടെ എല്ലാ പോരാട്ടങ്ങളിലും, സാത്താനുമായുള്ള തർക്കത്തിലും മിക്കപ്പോഴും പരാജയപ്പെട്ടാലും, തന്റെ ജീവിതനിയമപ്രകാരം അതുകൊണ്ട് അവൻ തന്റെ കിരീടം പരിത്യജിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ എല്ലാ തെറ്റുകളും മുറിവുകളും വീണ്ടും പോരാട്ടത്തിനായി അവനെ ഉത്തേജിപ്പിക്കുന്നു. എന്നാൽ ഒരു സ്ത്രീയിലൂടെ സാത്താൻ അവനെ വീഴ്ത്തിയാൽ, അവൻ തന്റെ പോരാട്ടം അവസാനിപ്പിക്കുന്നു. അപ്പോൾ സാത്താൻ അവനെ താഴേക്കു വലിക്കുകയും അവന്റെ തലയിൽ നിന്ന് അവന്റെ കിരീടം വലിച്ചുകീറുകയും ചെയ്യുന്നു.

357. അവനെ ബന്ധിച്ച് സാത്താൻ തന്റെ പാദത്തിൻകീഴിൽ കൊണ്ടുവരുന്നു. അവൻ കയറി നിന്ന് പാദം അവന്റെ കഴുത്തിൽ വയ്ക്കുന്നു. എന്നിട്ട് അവന്റെ നാവിനെ നിശ്ശബ്ദമാക്കുകയും അവന്റെ പടച്ചട്ട എടുത്തുമാറ്റുകയും ചെയ്യുന്നു. അപ്പോൾ അവനെതിരെയുള്ള സർവപോരാട്ടവും അവസാനിക്കുന്നു. ഓ, പറഞ്ഞറിയിക്കാൻ പറ്റാത്ത ഭീകരത! ഓ, നിരാശയുടെ നാഴിക! ഓ, വേദന നിറഞ്ഞ കാഴ്ച! ഓ, ഹൃദയഭേദകമായ നോട്ടം!

367. അനേകം അധ്വാനങ്ങൾക്കുശേഷം പരദേശവാസത്തിനും ദാരിദ്ര്യത്തിനും ശേഷം, കണ്ണുനീരിനും വിശപ്പിനും ചാക്കുവസ്ത്രത്തിനും തന്റെ



ശുശ്രൂഷാനുസൃത പരിത്യജിക്കലിനും ശേഷം, വിവേകിക്ക് ദുഃഖം നിറഞ്ഞ കാഴ്ച, കരച്ചിലിനുള്ള സംഗതി: പൂർണമായി ഒരു ദൈവഭവനമായിരുന്നവൻ ഒരു സ്ത്രീയുടെ ശരീരത്തോട് തന്നെത്തന്നെ ബന്ധിക്കുന്നു. നീണ്ട വർഷങ്ങൾക്കുശേഷം ഞാൻ ഇപ്രകാരം ആയിത്തീരേണ്ടതല്ലായിരുന്നു എന്നതിനാൽ എനിക്കു ഹാ, കഷ്ടം! എന്റെ ഉള്ള് കലങ്ങുന്നു, ഈ ഭീകരത നിമിത്തം എന്റെ കണ്ണ് മങ്ങുന്നു!

379. ഞാൻ എവിടെ പോയി ഒളിക്കും? ഞാൻ എവിടെ അഭയം തേടും?

381. ഞാൻ മരണത്തെ വിളിക്കും; എന്നാൽ അത് പ്രത്യുത്തരിക്കയില്ല. "ഞാൻ ദീർഘകാലം പരദേശത്തു തങ്ങിയതിനാൽ എനിക്ക് ഹാ, കഷ്ടം!" (സങ്കീ.110,5). ഓ, സമസ്തവും വഹിക്കുന്ന ശക്തിയേ, ഓ, സൃഷ്ടിയെ താങ്ങിനിർത്തുന്ന കരമേ, ഞാൻ പാത്രത്തിൽ കുടിക്കാനായി എനിക്ക് അനുസ്യൂതം കണ്ണീർ തന്നാലും, സാന്ത്വനം കൂടാതെയുള്ള വേദനയും ദുഃഖം നിറഞ്ഞ ഹൃദയവും കുറയാതെ ഒഴുകുന്ന ഉറവയും കവിൾത്തടങ്ങളിലെ കണ്ണീരു കൊണ്ടുള്ള അരുവിയും എനിക്കു തന്നാലും. ഞാൻ എന്റെ കണ്ണീരിൽ എന്നെത്തന്നെ കഴുകാനായി കണ്ണീർ തന്നാലും; എനിക്ക് അവിരാമമായ ദുഃഖം തന്നാലും! ദൗർബല്യത്തിന്റെ കവാടമായ ഉല്ലാസം എന്നിൽ നിന്ന് എടുത്തു മാറ്റിയാലും!

395. എന്റെ ബോധം ഉണർവുള്ളതായിരിക്കട്ടെ. മ്ലാനവും ദുഃഖപൂരിതവും പശ്ചാത്താപനിർഭരവും വ്യസനപൂരിതവുമായ ഹൃദയത്തിൽ നിന്ദ്യമായ ഇളക്കങ്ങൾ ഉയരാതിരിക്കട്ടെ. എനിക്ക് ഈ ദാനം തന്നാലും: വിറയ്ക്കുന്നതും തന്നിൽ തന്നെ ആശ്രയിക്കാത്തതുമായ ഒരു ഹൃദയം; അതിന്റെ സമഗ്രജോലി വിലാപമാണ്. കാരണം, അതാണ് ശക്തിമത്തായ ആയുധം. അതാണ് പ്രത്യേക നാമത്തോടുകൂടെയുള്ള പോരാട്ടം. രക്തപോരാട്ടം എന്ന് അത് വിളിക്കപ്പെടുന്നു. കാരണം, രക്തത്തിലൂടെ മാത്രമേ അതിന്റെ വിജയം പ്രത്യക്ഷപ്പെടുകയുള്ളു. ഈ കാര്യത്തിൽ രക്തംവരെ സാത്താൻ പോരാടുന്നു.

409. എങ്കിലും വിശുദ്ധരുടെ സകല സദ്ഗുണങ്ങളുടെയും അടിസ്ഥാനം അതാണ്. ഈ പോരാട്ടത്തിൽ പരാജയപ്പെടുമ്പോൾ, യൗവനം മുതൽ വാർധക്യംവരെയുള്ള വിജയങ്ങളൊന്നും പരിഗണിക്കപ്പെടുന്നില്ല. ഏകാന്തവാസിയുടെ വിജയങ്ങളും എണ്ണപ്പെടുന്നില്ല.

**സാത്താന്റെ മുന്നേറ്റം (415-492)**

415. തന്റെ നിന്ദ്യതയ്ക്കെതിരെ നാം മന്ദീഭവിച്ചുപോകാനായി, സാത്താൻ തന്റെ പോരാട്ടത്തിന്റെ ആയുധങ്ങളുടെ സുഖത്തിലൂടെ നമ്മുടെ പോരാട്ടശക്തിയെ ദുർബലപ്പെടുത്താൻ തന്റെ നിരവധി ചതുരുപായങ്ങൾ മാറിമാറി പ്രയോഗിക്കുന്നു. അവൻ ചിലപ്പോൾ പുറത്തുനിന്ന് പോരാടുന്നു; ചിലപ്പോൾ നമ്മുടെ ഉള്ളിൽ നിന്നും.

421. നമ്മുടെ പക്കൽ അവൻ ഒരു കാരണം കണ്ടെത്തുന്നു; നമ്മിലൂടെത്തന്നെ അവൻ നമ്മോട് പോരാടുന്നു. പാപത്തിനുള്ള ഇന്ധനം നമ്മുടെ ശരീരത്തിൽ നിന്ന് അവൻ എടുക്കുന്നു; നമ്മുടെ ശരീരത്തിലൂടെ നമ്മോടു പോരാടുകയും ചെയ്യുന്നു. ഒരായുധത്തിനു പകരം അവൻ നമ്മുടെ അവയവങ്ങളെ തന്റെ പോരാട്ടത്തിനുള്ള ഇന്ധനമാക്കുന്നു. സംതൃപ്തിയുടെയും വിശ്രമത്തിന്റെയുമായ ഒരു സമയം അവൻ അതിനായി നോക്കിക്കൊണ്ടിരിക്കുന്നു.

429. അവയവങ്ങളുടെ മേൽ സ്വേച്ഛവും കാമാസക്തവുമായ നിർലജ്ജനോട്ടം! അതിൽ നിന്ന് ശരീരം മുഴുവൻ വിഷയാസക്തമാകും. നാം നമ്മുടെ അവയവങ്ങളെ തലോടുമ്പോൾ, ശരീരത്തിലേക്ക് അഗ്നി കൊണ്ടുവരുന്നു. അതുകൊണ്ട് അവയവങ്ങളുടെ തലോടൽ ശരീരം സഹിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അതിൽ തീ കത്തുമ്പോൾ, അത് ഭീതികരമാംവിധം ശക്തിമത്തായിത്തീരുന്നു. അതുപോലെയാണ് ആന്തരികപോരാട്ടം. അതിന്റെ കത്തൽ വളരെ ശക്തിമത്തായിരിക്കും.

441. അന്യ ഇന്ധനം കൂടാതെ തന്നെ അടുത്ത് ഒരു ശരീരവും ഇല്ലാതിരിക്കെ, ദൃശ്യമായ ഒന്നിലൂടെയല്ലെങ്കിലും, അലസതമൂലം അവൻ നമ്മിലേക്ക് കടക്കുന്നു. സമസ്ത മാലിന്യങ്ങളാലും നിറഞ്ഞവൻ ജ്വാലയിൽ നിന്നു പുറപ്പെടുന്നില്ല. എന്നാൽ പുറത്തുനിന്ന് തന്റെ പോരാട്ടം നയിക്കാൻ സാത്താന് അവസരം കണ്ടെത്തുന്ന സാഹചര്യമുണ്ട്.

449. അപ്പോൾ തന്റെ രീതി അനുസരിച്ച് അവൻ അന്യ ഇന്ധനം ഉപയോഗിച്ച് നമ്മോട് പോരാടുന്നു. സ്ത്രീസാന്നിധ്യത്തേക്കാൾ നമ്മെ വീഴ്ത്താൻ അവനു സൗകര്യപ്രദമായ മറ്റൊരു സമയമില്ല; ഒരു സ്ത്രീയുടെ സാമീപ്യത്തേക്കാൾ നാം ഭയക്കേണ്ട മറ്റൊരിടവും നമുക്കില്ല. പക്ഷിയെ വലയെന്നപോലെ ദൂരെ നിന്നുതന്നെ സ്ത്രീയുടെ ദർശനം നമ്മെ പിടികൂടുന്നു.

457. അവളുടെ മുഖത്തിന്റെ നഗ്നദർശനം ഹൃദയത്തെ അവളിലേക്കുള്ള സ്നേഹത്തിലേക്ക് നയിക്കുന്നു. "പുരുഷന്റെ അമൂല്യാത്മാവിനെ തന്റെ ദർശനത്തിലൂടെ സ്ത്രീ വേട്ടയാടുന്നു" (സുഭാ.6,26). പുരുഷന്റെ നാശത്തിനായി സ്ത്രീയുടെ മുഖത്ത് ഒരു വല വിരിച്ചിരിക്കുന്നു. ഹൃദയം അവളുടെ ആകർഷണത്തിലേക്ക് നീങ്ങാൻ അവളുടെ മുഖദർശനം മതിയാകും.

465. അവയവങ്ങളിൽ തീ കത്തിക്കാൻ ദൂരത്തിൽ അവളുടെ ദർശനം മാത്രം മതിയാകും. അത് സംശുദ്ധതയെ കലുഷിതമാക്കുകയും വെടിപ്പിന്റെ ശോഭയെ മറയ്ക്കുകയും ചെയ്യുന്നു. യാതൊരു മുത്തിന്റെ വിലയും ദൈവസമക്ഷം അതിന്റെ കുറവ് നികത്തുകയില്ല. അതിനാൽ ധൃതിപ്പെട്ടോടി ധര പിളർന്ന് അതിൽ ഒളിക്കുക; കടൽ പിളർന്ന് അതിൽ മറയുക! നിന്റെ ദൃഷ്ടിയിൽ മരണം നിന്ദ്യമായിരിക്കട്ടെ. എല്ലാ ദുരിതങ്ങളും സമസ്ത നഷ്ടവും



നിന്റെ ഈ അമൂല്യനിക്ഷേപത്തിന്റെ നഷ്ടവുമായി താരതമ്യപ്പെടുത്തുക. എന്റെ വത്സലരേ, അതിന്റെ നഷ്ടം തടയാൻ എല്ലാം സഹിക്കുക!

479. നിന്റെ സംരക്ഷണത്തിനു മരുഭൂമിയും ഔഷധമായി വിശപ്പും ദാഹവും പ്രാർഥനയിൽ ശക്തി പകരുന്ന അഭയസ്ഥാനമായി വിശ്വാസവും മുറുകെ പിടിക്കുക. ശാരീരിക ക്ലേശങ്ങളോടുള്ള ഭയം നിമിത്തം ഈ പാതയിലൂടെയുള്ള സഞ്ചാരം ഉപേക്ഷിച്ച് നിന്റെ മാലിന്യത്തിൽ തന്നെ നിലനിൽക്കാതിരിക്കാൻ കരുതലോടിരിക്കുക! നിനക്ക് സംശുദ്ധത പ്രദാനം ചെയ്യുന്ന, ദൈവകൽപ്പനയ്ക്കു വേണ്ടിയുള്ള പോരാട്ടത്തിൽ എല്ലാ അപകടങ്ങൾക്കുമെതിരെ സ്വേച്ഛയാ ശ്രദ്ധാപൂർവം ആയുധം ധരിക്കുക. കടത്തിലുള്ള ജീവിതത്തേക്കാൾ വിജയിയായ മരണമാണ് മെച്ചം.

### ഏകാന്തജീവിതത്തിനുള്ള പ്രേരണ (493–510)

493. പാപം ചെയ്യാതിരിക്കാനായി ഓടി മരിക്കുന്നവന്റെ മരണം ദൈവത്തിന് ഒരർപ്പണമാണ്. തന്റെ കടത്തെപ്പറ്റി ബോധ്യമുള്ളവൻ, ദൈവത്തിനെതിരെയുള്ള തന്റെ പാപങ്ങളെപ്പറ്റി വേദനിക്കുന്നു. പാപം കൂടാതെ പീഡിപ്പിക്കപ്പെടുന്നവന് രക്തസാക്ഷികളുടെ സഹനത്തിൽ ഭാഗഭാഗിത്വമുണ്ട്. ലക്ഷ്യത്തിന് അനുസൃതമായിട്ടാണ് ദുരിതങ്ങളുടെയെല്ലാം മൂല്യം നിർണയിക്കപ്പെടുക; ഓരോ വാക്കും അതിന്റെ കാരണത്തിന് അനുസൃതമായിട്ടും.

501. കർത്താവ് പ്രതിഫലത്തിനായി സമസ്തവും നിശ്ചയിച്ചിരിക്കുന്നു; നമ്മുടെ വിശ്വാസം വെറും സ്വപ്നമല്ലാതെ, നമ്മുടെ മനസ്സിന് സത്യമായിരിക്കുമ്പോൾ ഇവയ്ക്കു പകരം അവ നമുക്കു ലഭിക്കും. ഉന്നതമാതൃക പ്രയോജനപ്പെടുത്തുന്നവനെ ദൈവം ബലപ്പെടുത്തും. നിങ്ങൾ ക്രിസ്തുവിനെപ്രതി സഹിക്കുന്നു എന്ന നിങ്ങളുടെ മനസ്സിന്റെ വിശ്വാസം ഒരു ദാനമാണ്; അത് ദൈവം പ്രദാനം ചെയ്യുന്നതാണ്.

### പ്രേരണയുടെയും ദൃഷ്ടാന്തത്തിന്റെയും കൂടുതലായ വിശദീകരണം (511–638)

511. എന്റെ നീതിയുടെ ആവേശത്തിലല്ല ഞാനിതു തെരഞ്ഞെടുക്കുന്നത്, പിന്നെയോ, വീണ്ടും ദൈവത്തിനെതിരെ പാപം ചെയ്യാതിരിക്കാൻ, എന്നെ പ്രേരിപ്പിച്ച അനുതാപത്തിന്റെ ശക്തിയാലാണ്. നിനക്ക ദൈവം ഒരു ഊമവിഗ്രഹം പോലെയല്ലെന്ന് നിന്റെ ഹൃദയം നിന്നെ ബോധ്യപ്പെടുത്തിയതിനാൽ, നിന്റെ തെരഞ്ഞെടുപ്പ് വിശിഷ്ടവും നിന്റെ വിശ്വാസത്തിനൊരു സാക്ഷ്യവുമാണ്. പാപിയുടെ സംരക്ഷണയിൽ മനുഷ്യരുടെ കൂടെ പാർക്കാൻ നിനക്ക് സാധ്യമല്ലെങ്കിൽ, മനുഷ്യരിൽ നിന്നും അതിലൂടെ പാപത്തിൽ നിന്നും വേർപെടുന്നതാണ് നിനക്ക് നല്ലത്. പൂർവകാലത്തുള്ളവരുടെ ഇടയിൽ നിനക്ക് സമമായി അനേകരുണ്ട്. അവർ പരാജയപ്പെടുകയും പാപ

ത്താൽ കീഴ്പ്പെടുത്തപ്പെടുകയും ചെയ്തപ്പോൾ, സ്വമേധയാ മരുഭൂമിയിലേക്കു പോയി.

527. വിശുദ്ധ വായുച്ചരിച്ച ജീവന്റെ വചനം വിശ്വസനീയമാണ്. “എന്നെ പ്രതി സഹിക്കാത്തവന് തന്നിൽ ജീവനുണ്ടായിരിക്കയില്ല. വിശ്വാസത്തിലും സ്നേഹത്തിലും എന്നെപ്രതി തന്റെ ജീവൻ നഷ്ടപ്പെടുത്തുന്നവൻ നിത്യജീവൻ കണ്ടെത്തുകയും രാജ്യം അവകാശമാക്കുകയും ചെയ്യും” (മത്താ.10,39).

535. ഇതാ, അവനെ പ്രതിയുള്ള നഷ്ടത്തിന്റെ പ്രകാശിതകൽപ്പന: മിശിഹായുടെ പീഡാസഹനത്തിൽ നഷ്ടപ്പെടുക എന്നത് കൽപ്പനയുടെ പൂർത്തീകരണമാണെന്ന് നീയറിയണം. കൽപ്പനാനസൃത ജീവിതത്തിന്റെ പൂർണത വിശ്വാസത്തിന്റെ മുദ്ര വയ്ക്കലാണ്.

541. ജീവിതത്തിൽ കൽപ്പനാനുസൃതം മരിക്കുന്നവൻ വിശ്വാസത്തിനുവേണ്ടി മരിച്ചവന് തുല്യനാണ്; അവന്റെ കൽപ്പനകളെ പ്രതിയുള്ള തീക്ഷ്ണതയും അവന്റെ വിശ്വാസത്തിനു വേണ്ടിയുള്ള തീക്ഷ്ണതയും, കാലിടറാതിരിക്കാനും പാപം ചെയ്യാതിരിക്കാനും വേണ്ടി, ദൈവസമക്ഷമുള്ള ഒരേയൊരു തീക്ഷ്ണതയാണ്. നിയമം വിലക്കിയ അശുദ്ധമാംസം ഭക്ഷിക്കാതിരിക്കാൻ, ധീരപോരാളിയായ ശ്മൂനി നിയമത്തിനുവേണ്ടി മരിച്ചു. നമ്മുടെ കൂട്ടത്തിൽ നിന്നുള്ള അനേകം വനിതകൾ പുരുഷന്മാരെ വീഴിക്കാതിരിക്കാൻ, പീഡനത്തിന്റെ ആ കാലത്ത് ധീരമായി മരണം വരിച്ചു.

555. അതുപോലെ വിവിധ തലമുറകളിൽ പാപം ചെയ്ത അനേകം വിശുദ്ധർ വിശ്വാസത്തിലും വെടിപ്പിലും മരുഭൂമിയിൽ തങ്ങളുടെ ജീവിതം മെച്ചപ്പെടുത്തി. ചിലർ ദൈവത്തിലുള്ള വിശ്വാസം നിമിത്തം തങ്ങളുടെ തീക്ഷ്ണതാധിക്യത്താൽ മനുഷ്യരിൽ നിന്നു വേർപെട്ട് മരുഭൂമിയിൽ തങ്ങളുടെ ജീവിതം ചെലവഴിച്ചു. അപ്രകാരം മരിക്കുന്നത് പാപമാണെന്ന് നിന്റെ മന്ദത നിന്നെ കളിയാക്കുമ്പോൾ, നീ തനിച്ചാണ് ഈ വഴി പോകുന്നതെന്ന് വിശ്വസിക്കാതിരിക്കൂ.

567. ഭീകരമരണത്തെ നിന്ദിച്ച അനേകരുടെ തീക്ഷ്ണതയുടെ അനുസ്മരണം നടത്തുക. കാരണം, അവർ ദൈവഭയമുള്ളവരായിരുന്നു; അന്യായത്തിന്റെയും പാപത്തിന്റെയും മുമ്പിൽ ഭയപ്പെട്ടോടി വീണുപോയവരിൽ ചിലർ ശക്തരായിരുന്നു; മറ്റുചിലർ വീഴാതിരിക്കാൻ, മനസ്സിൽ മരിക്കാൻ തീരുമാനിച്ചുറയ്ക്കുകയും ഭീകരയാഥാർഥ്യങ്ങൾ അഭിമുഖീകരിക്കാൻ തീക്ഷ്ണത കാട്ടുകയും ഓടിച്ചെല്ലുകയും ചെയ്തു. വേറേ ചിലർ തങ്ങളെത്തന്നെ സർപ്പങ്ങൾക്കും വന്യമൃഗങ്ങൾക്കും ആഹാരമാക്കിത്തീർത്തു.

577. പാമ്പുകൾ തങ്ങളുടെ ശരീരത്തിൽ കടന്നു കയറാൻ അവർ അനുവദിക്കുകയും വന്യമൃഗങ്ങൾക്ക് തങ്ങളെത്തന്നെ കയ്യാളിക്കുകയും



ചെയ്തു. മറ്റുചിലർ തങ്ങളുടെ തീക്ഷ്ണതയുടെ അഗ്നിയിൽ തങ്ങളുടെ ശരീരങ്ങൾ കത്തുന്നതിന് സമർപ്പിച്ചു. തങ്ങളുടെ വീഴ്ച സമീപസ്ഥമായിരുന്നതിനാൽ, വെറുതെ വീഴാതിരിക്കാൻ അവർ തീക്ഷ്ണതയുള്ളവരായിരുന്നു. വീണുപോയ അവരിൽ ചിലരെ ഭയവും വിറയലും പിടി കൂടുകയും അവർ മരുഭൂമിയിലേക്ക് കുടിയേറുകയും ചെയ്തു. മതപീഡനത്തിൽ വിശ്വാസം പരിത്യജിച്ച ആ വന്ദ്യമെത്രാനെപ്പോലെയും ഒരു കന്യകയെ ബലാൽസംഗം ചെയ്ത ദുഃഖിതനായ ആ ഏകാന്തവാസിയെപ്പോലെയും ഭക്ഷണസാധനങ്ങളോ ഉപജീവനമാർഗമോ ഇല്ലാതെ കടലിലേക്കെന്നപോലെ അവർ ഇറങ്ങിപ്പുറപ്പെട്ടു.

591. ദൈവത്തിന്റെ ന്യായവിധി ദർശിച്ച് തീക്ഷ്ണതയേറി തങ്ങളെത്തന്നെ ശിക്ഷിച്ച ഈ മല്ലന്മാർ എന്ത് ഭക്ഷണസാധനവും ഉപജീവനമാർഗവുമാണ് കരുതിയത്! വിശ്വാസം പരിത്യജിച്ച ആ മനുഷ്യൻ പറഞ്ഞു: ഞാൻ ചെയ്തത് എന്താണെന്ന് തിരിച്ചറിഞ്ഞതിനാൽ, ഈ മരുഭൂമിയിൽ ഏകനായി മരിക്കാൻ ഞാൻ ഇവിടെ വന്നിരിക്കുന്നു. ഗണനീയനായ മറ്റേ മനുഷ്യൻ അസാധാരണ മരണത്തിനു വിധേയനായി: കരുണാരഹിതവും സുദീർഘവുമായ വിശപ്പിലൂടെയും പിശാചിന്റെ ഭാഗത്തു നിന്നുള്ള ഭീകരമായ അടികളിലൂടെയും ക്രമേണ ആ ശ്രേഷ്ഠന്റെ ശരീരം പീഡിപ്പിക്കപ്പെടുകയും വ്രണപൂരിതമാകുകയും അവസാനം പോരാട്ടത്തിൽ ധീരമരണം വരിച്ച് വേർപെടുകയും ചെയ്തു.

607. ആരുമാരും അറിയാതെ അവരിൽ ചിലർ തങ്ങളുടെ വാസസ്ഥലത്ത് മരിച്ചുകിടന്നു. മറ്റുചിലർ തങ്ങളുടെ ഗുഹകളിൽ സമാധിയാകാൻ ദൈവം അനുവദിച്ചു; അവർ ഇരിക്കുകയോ, കിടക്കുകയോ ചെയ്യുന്നതായി കാണപ്പെട്ടു. ചിലർ മരണസമയത്ത് അറിയപ്പെടുകയും സംസ്ക്കരിക്കപ്പെടുകയും ചെയ്തു. മറ്റുചിലർ നീണ്ട കാലത്തിനു ശേഷം മനുഷ്യവാസമില്ലാത്ത മരുഭൂമിയിൽ കാണപ്പെടുകയും വർഷങ്ങൾക്കുശേഷം അവരെപ്പറ്റി അറിയപ്പെടുകയും ചെയ്തു.

617. വിശുദ്ധരുടെ മരണവും, സമയത്തിൽ എത്ര വേർപെട്ടതും വ്യത്യസ്തവുമാണ്! എന്നാൽ അവരുടെ മരണത്തിൽ സംഭവിച്ചത് പ്രശംസനീയമാണ്! അവരുടെ ശരീരങ്ങൾ വിജനസ്ഥലത്ത് കിടന്നു; വന്യമൃഗങ്ങൾ അകലെ നിന്നു. ദൈവസ്നേഹിതരായ വിശുദ്ധരെ കൈകളിൽ വഹിച്ചുകൊണ്ട് വിശുദ്ധ മാലാഖമാർ ജീവിതത്തിലും മരണത്തിലും ശ്രദ്ധാപൂർവം സംരക്ഷിച്ചു.

627. ധീരരും പരദേശവാസികളുമായ അവരുടെ സഖികളുടെ തീക്ഷ്ണതയ്ക്ക് വേണ്ടി ദൈവം വെളിപ്പെടുത്തി; അവർ മരുഭൂപ്രദേശത്ത് ചുറ്റി നടന്നു; ദൈവത്തോടുള്ള തീക്ഷ്ണതയാൽ വിശുദ്ധർ ലോകത്തെയും മാനുഷികജീവിതത്തെയും എത്രയധികം നിന്ദിച്ചെന്നും മരുഭൂമിയേയും ദൈവ

ത്തോടൊത്തുള്ള സംസർഗത്തേയും എത്രയധികം സ്നേഹിച്ചിരുന്നെന്നും അവരിലൂടെ ലോകത്തെ കാണിക്കാനായിരുന്ന് അത്. തങ്ങളുടെ വാസത്തിലെ അഗാധ നിശ്ശബ്ദതയിൽ അവർ സൃഷ്ടിയെ മറന്നുകളഞ്ഞു.

**സംശയങ്ങൾക്കെതിരെയുള്ള വാദങ്ങൾ (639–652)**

639. അതുകൊണ്ട്, ഓ, ബലഹീനനേ, ധീരതയുടെ ചിത്രം ഞാൻ നിന്നെ കാണിച്ചിരിക്കുന്നു. നിന്റെ സ്വന്തം മന്ദത നിമിത്തം നീ നിന്ദിക്കപ്പെടാതിരിക്കാനും, ഉചിതമായത് ചിവിട്ടിമെതിക്കാതിരിക്കാനും ഉചിതമായതിന്റെ സഹായി എന്ന നിലയിൽ നിന്റെ സ്വന്തംചിന്ത നിന്നെ കളിയാക്കാതിരിക്കാനും നീ നിന്റെ പാപത്തിൽ നിലനിൽക്കുന്നതിന് നിന്റെ തീക്ഷ്ണത കുറയ്ക്കാതിരിക്കുന്നതിനുമാണിത്.

647. കൽപ്പന കാക്കുകയും, എന്നാൽ ദൈവത്തിലുള്ള മരണം നിന്ദ്യമാണ്, നീ ചെളിയിൽ കഴിയുന്നതാണ് മെച്ചം, മാതൃക്കയായി കാട്ടിയ ഈ ജീവിതരീതികളെല്ലാം ഹാനികരമാണ് എന്നു പറയുകയും ചെയ്യുന്നവനെപ്പോലെ മന്ദത മരണത്തിന്റെ ഓർമ നിന്നിൽ ഉണർത്തി സജീവമാക്കുന്നു.

**ഏകാന്തവാസിയുടെ മരണം അത്ഭുതങ്ങളിലൂടെ ദൈവം ബഹുമാനിക്കുന്നു (653–692)**

653. എന്നാൽ അവരിൽ ആരാണ് ആശ്ചര്യകരമായ അത്ഭുതം പ്രവർത്തിക്കുന്നത്? നിന്റെ മൂലരൂപം മുൻകാലത്തുള്ളവരിലും നിന്റെ ദൃഷ്ടാന്തം എല്ലാ തലമുറകളിലും രൂപീകരിക്കപ്പെട്ടിരിക്കുന്നു. ഹൃദയത്തിൽ ധൈര്യം അവലംബിച്ച് പൂർവികരെ പിൻചെല്ലുക. "ദൈവസ്നേഹത്തിൽ നിന്നുള്ള മരണം ദൈവത്തിന് അമൂല്യമാണ്" (സങ്കീ.116,15). നിന്റെ മരണം കിരീടം ധരിപ്പിക്കപ്പെടുമെന്ന് അവർക്ക് വഴികാട്ടിയ അത്ഭുതത്തിലൂടെ അവിടുന്ന് കാട്ടുന്നു. നീ അവനുവേണ്ടി ഈ കാര്യങ്ങൾ സഹിക്കുന്നതിനാൽ, ദൈവം നിന്നെ അവഗണിക്കുകയില്ല.

665. നിന്റെ തലമുടി കൂടി എണ്ണുന്നവൻ നിന്റെ ഉപജീവനമാർഗം നിന്നിൽ നിന്ന് എടുത്തുമാറ്റുകയില്ല. നിന്റെ ജീവൻ അവന്റെ കൈയിൽ ഇരിക്കുന്നു; വന്യമൃഗങ്ങൾ നിനക്ക് ഉപദ്രവം ചെയ്യുകയില്ല. അവ നിന്നെ മണത്തു നോക്കിയിട്ട് കടന്നുപോകും; അല്ലെങ്കിൽ നിന്നെ സമാശ്വസിപ്പിക്കാൻ കാത്തു നിൽക്കും. അവ ശാന്തമായി അവിടെ നിൽക്കും; അല്ലെങ്കിൽ വന്യമൃഗങ്ങളെ ശാന്തമാക്കുന്ന തന്റെ സൃഷ്ടാവിന്റെ മഹാശക്തിയെ പ്രകീർത്തിക്കാൻ നിന്നെ ഉണർത്തും. പാമ്പുകൾക്കും നിന്റെ മുമ്പിൽ ലജ്ജയാണ്. അവ തങ്ങളുടെ ജന്മവാസന നിയന്ത്രിക്കുന്നു. അവയെ പ്രേരിപ്പിക്കുന്ന ആ കൽപ്പനയിലൂടെ അവ ശാന്തരായി രൂപാന്തരപ്പെടും. ആ ശക്തിയെപ്പറ്റി ഞാൻ വെറുതെ വാചകക്കസർത്ത് നടത്തുകയല്ല.



681. ഇത് തെളിയിക്കുകയും യാഥാർഥ്യമാക്കുകയും ചെയ്ത പിതാക്കന്മാരിൽ നിനക്കിതിന് തെളിവുണ്ട്. അവരെ സാത്താനോ, വിശപ്പോ, വന്യമൃഗങ്ങളോ കീഴടക്കിയില്ല. മനുഷ്യവാസമില്ലാത്ത അവരുടെ വാസസ്ഥലത്ത് അവർ സിംഹങ്ങളെയും വ്യാളികളെയും കീഴടക്കി. എല്ലാറ്റിന്മേലും നിപതിക്കുന്ന ആ കൽപ്പനയുടെ മഹാദൗർബല്യം നീ കാണുന്നു. സാത്താൻ നിന്നെ കീഴടക്കുന്നത് തടയുന്നവന് സാത്താന്റെ ശക്തി എത്ര ബലഹീനമാണ്! അവൻ വളരെ വഴിപിഴപ്പിക്കുമ്പോൾ, അവന്റെ വഴി തടയുമ്പോൾ, അവൻ നിലവിളിക്കുന്നു.

**ഏകാന്തവാസിയുടെ പോരാട്ടം; മരണചിന്ത (693–810)**

693. നിന്റെ ഉള്ളിൽ ഒരസാധാരണശക്തി നൽകപ്പെട്ടിരിക്കുന്നെന്നു നീ കാണണം. നിന്റെ ശക്തിക്കനുസൃതമായി മാത്രമേ നീ പരീക്ഷിക്കപ്പെടുകയുള്ളു. പരീക്ഷയ്ക്ക് അനുസൃതമായിട്ടാണ് കൃപ. നിനക്ക് ലഭിച്ച ശക്തിക്ക് അനുസൃതമായിട്ടാണ് പരീക്ഷിക്കപ്പെടാൻ ദൈവം നിന്നെ അനുവദിച്ചത്. അന്യശക്തിയിൽ നിന്ന് ആരംഭിച്ച പോരാട്ടം തൂക്കി നോക്കപ്പെടുന്നു.

701. നമ്മെ ശിക്ഷണവിധേയർ ആക്കാനുള്ള അവസരം നൽകുന്ന അഹങ്കാരസമയത്തിനു പുറത്ത്, പിതാക്കന്മാർ പറയുന്നതുപോലെ, അളവനുസരിച്ചാണ് അവൻ അനുവദിക്കുന്നത്. നാം നമ്മുടെ ബലഹീനത മനസ്സിലാക്കാൻ ദൈവം തന്റെ സഹായം പിൻവലിക്കുന്നു. ഈ ആനുകൂല്യങ്ങളെല്ലാം സുസ്പഷ്ടമാണ്. സൂത്രശാലിയുടെ വലകൾ കീറുകയും സൗഖ്യം പ്രാപിക്കാൻ അവന്റെ പക്കലേക്ക് പറക്കുകയും ദുരിതത്തിൽ അവനിലേക്ക് തിരിയുകയും ചെയ്യുന്ന അനുതാപികളെ ദൈവം കൂടുതലായി സഹായിക്കുന്നെന്ന് വിശുദ്ധരുടെ ചരിത്രം എണ്ണിയെണ്ണി കാണിക്കുന്നു.

715. മഹത്വത്തിന്റെ കർത്താവ് ആരാധ്യനാണ്; അവനെ പ്രതിയുള്ള മരണം പ്രയോജനപ്രദവും യഥാർഥമായി പ്രത്യാശാനിർഭരവും ഇവിടെയും അവിടെയും സമാശ്വാസദായകവുമാണ്. ദൈവം നൽകുന്ന പീഡനങ്ങൾ പ്രയോജനപ്രദവും പ്രത്യാശാനിർഭരവും ഉത്സാഹസംവർധകവുമാണ്; അങ്ങനെ അവിടുന്ന് ക്ലേശം വർധിപ്പിക്കുന്നതനുസരിച്ച് ഹൃദയസമാശ്വാസവും പകരുന്നു. ദൈവമേ, അങ്ങയെ പ്രതിയുള്ള നിസ്സാരമായ അധ്വാനത്തിനു പോലും പ്രതിഫലം നൽകുന്ന അങ്ങേയ്ക്കു സ്തുതി.

725. ഞങ്ങളുടെ പാപങ്ങളെപ്രതി ഞങ്ങൾ ദുരിതം അനുഭവിക്കുന്നത് ഞങ്ങൾക്ക് നീതിയായി നീ കണക്കിൽ കൊള്ളിക്കുന്നു. പാപത്തെ ഭയക്കുന്നവൻ സാത്താനെ ഭയക്കുന്നില്ല. എല്ലാറ്റിന്റെയും കർത്താവിൽ ഉറപ്പായി വിശ്വസിക്കുന്നവൻ തന്റെ ജീവിതത്തെപ്പറ്റി ഉത്കണ്ഠാകുലനല്ല. തന്റെ വിശ്വാസത്തിലൂടെ ഉൾക്കാഴ്ച ലഭിച്ചവനെ യാതൊരു ഭയവും സമീപിക്കുന്നില്ല.

733. ഉൾക്കാഴ്ചയിലൂടെയാണ് വിശ്വാസം മനസ്സിൽ കാണപ്പെടുക. മനുഷ്യരിൽ ദൈവവിശ്വാസം ഉറപ്പിക്കുന്നത് അറിവാണ്. വികാരങ്ങളുടെ ഇളക്കം സുവ്യക്തമാണെന്ന് നിന്റെ മനസ്സിൽ കാണുമ്പോഴെല്ലാം മനസ്സ് ഭയത്തിന് ഉപരിസ്ഥമാണെന്നും ഭയം അതിന് വിധേയമാണെന്നും നിനക്ക് കാണാൻ കഴിയും.

741. ഭയക്കാൻ ഒന്നുമില്ലെന്ന് ന്യായമായി നിനക്കു കാണാൻ കഴിയും. ഏതെങ്കിലും അവസരം മരണഭീതി മനസ്സിൽ ഉദിച്ചാൽ എല്ലാ പതിവുകൾക്കും വിപരീതമായി അവൻ സന്തോഷിച്ച് ആനന്ദതുന്ദിലനാകും. മരണം സമീപത്തെങ്കിൽ, അത് കൂടുതൽ നല്ലതാണ്. നമ്മുടെ ഭവനകവാടത്തിൻ മുമ്പിലെ ഇളകിമറിയുന്ന ചിന്തകൾ എന്തായിരിക്കും? ഞാൻ യാഥാർഥ്യം അനുസ്മരിക്കുമ്പോൾ, എന്റെ മനസ്സ് എത്ര വിവേകമുള്ളതായിരിക്കും.

753. മനസ്സ് ഈ അന്ത്യം അനുസ്മരിക്കുമ്പോഴെല്ലാം ഭയമല്ല, പിന്നെയോ, സന്തോഷമാണ് ഉളവാകുക. മരണത്തെപ്പറ്റി ഓർക്കുമ്പോഴുള്ള സന്തോഷത്താൽ ചിന്ത മുകളിലേക്ക് ഉയരുന്നു. അത് അപ്രകാരമാണെങ്കിൽ, എന്തു നന്മയാണ് പിന്നെ കുറവുള്ളത്? നിന്റെ മനസ്സിന്റെ ചലനങ്ങൾ, സുവ്യക്തമായ അവസ്ഥ എപ്പോഴും ഉണ്ടാക്കണമെന്നില്ല.

761. മരണഭീതിയിൽ നിന്ന് ഒരു ഭീകരനാഴിക സംജാതമാകാം. സമയാസമയങ്ങളിൽ കൃപയിൽനിന്ന് ഗ്രഹണശക്തിക്ക് കുഴച്ചിൽ സംഭവിക്കാറുണ്ട്. എങ്കിലും കർത്താവിനോടുള്ള സ്നേഹം അതിൽ വിജയിക്കുകയും സന്തോഷത്തിനുള്ള സുരക്ഷിതമായ ഉയർത്തൽ മേൽക്കോയ്മ പുലർത്തുകയും ചെയ്യുന്നു. മരണം നമ്മെ ഉടനെ പിടികൂടുമെന്ന ചിന്ത അതിന്മീതേ കടന്നു വരുമ്പോൾ, തന്റെ സ്വപ്നത്തിൽ നിന്ന് സ്വതന്ത്രനായവനെപ്പോലെ ഹൃദയം സന്തോഷത്തിൽ പറന്നുയരുന്നു. ഇത്തരം ഇളക്കങ്ങൾ മനുഷ്യനെ എപ്പോഴും ബാധിക്കാറില്ല; ഈ ഉണർവ് മനസ്സിന്മേൽ എല്ലായിടത്തും സംഭവിക്കാറില്ല. കാരണം മനസ്സ് തന്റെ ചിന്തയിൽ എപ്പോഴും വിവേകവതിയല്ല. അതുകൊണ്ട് ഇരുട്ടിൽ നിന്നാണ് ഭയം ഉദിക്കുന്നതെന്ന് നാം ഗ്രഹിക്കണം. പകൽ ഭയമില്ലാത്തതുപോലെ സത്യത്തിലും ഭയമില്ല.

781. സമസ്ത ഭയവും വിറയലും നിശയും അന്ധകാരവുമായി ബന്ധിതമായിരിക്കുന്നു. സത്യം അറിയുകയും കർത്താവിന്റേതായിട്ടുള്ളത് വീക്ഷിക്കുകയും ചെയ്യുന്ന മനുഷ്യന്റെ ആത്മാവിൽ യാതൊരുത്കണ്ഠയും അവശേഷിക്കുന്നില്ല. പിന്നെയോ, ആശ്ചര്യവും ആത്മവിശ്വാസവും മാത്രം! അവന്റെ ഉത്കണ്ഠ പൂർണമായ ആത്മവിശ്വാസമാണ്. അവൻ ഒരിക്കലും നിശ്ശബ്ദനാകുകയില്ല. അവന്റെ നയനങ്ങൾ എല്ലായിടത്തും ജാഗരൂകമായിരിക്കുന്നതിനാൽ, യാതൊരു പാപവും അവനിൽ പതിക്കുകയില്ല. കർത്താവിൽ ഇടവിടാതുള്ള അവന്റെ ഉറപ്പ്, ഈ ചിന്ത അവനിൽ വർധിപ്പിക്കുന്നു.



793. എന്നാൽ അതിൽ നിന്ന് അൽപ്പം കണ്ണടച്ചാൽ, ശാരീരികനഷ്ടം അവൻ വളർത്തുന്നു. അപ്പോൾ തന്റെ എണ്ണമറ്റ പ്രലോഭനങ്ങളിലൂടെ മരണചിന്ത നമ്മിൽ വിതയ്ക്കുന്നു; ശരീരത്തെപ്പറ്റിയുള്ള ക്ലേശകരമായ ഉത്കണ്ഠയിലൂടെ അതിന്റെ ഓർമ വർധിപ്പിക്കുന്നു. ചിന്ത തെളിഞ്ഞതും ഉചിതമായത് ചിന്തിക്കാൻ കരുതലുള്ളതുമാണെങ്കിൽ, സൂര്യപ്രകാശത്തിൽ സഞ്ചരിക്കുന്നവനെപ്പോലെ, ഭീതിപ്പെടുത്തുന്ന യാതൊന്നും ഉണ്ടായിരിക്കുകയില്ല. കാരണം, ഉചിതമായതിൽ ശ്രദ്ധ ചെലുത്തുന്നവന് മരണവും ഭയഹേതുവല്ല. എന്തുകൊണ്ടെന്നാൽ മറ്റുള്ളവർക്ക് മാത്രമാണ് മരണം മരണമായിരിക്കുന്നത്; വിശുദ്ധർക്ക് അത് നവോന്മേഷം പോലെയാണ്.

807. ഞങ്ങളുടെ മർത്യകുലത്തിന് ജീവൻ നൽകിയ ജീവനുള്ളവനും ജീവദാതാവുമേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിനക്കു സ്തുതി. ഞങ്ങളുടെ മേൽ സദാ നേരവും നിന്റെ കാരുണ്യം. ആമ്മീൻ, ആമ്മീൻ.

# 2

## വീണ്ടും, ഏകാന്തവാസികളെയും മരുഭൂവാസികളെയും താപസ്സരെയും കുറിച്ച് വിശുദ്ധ മാർ അപ്രേമിൽ നിന്നുള്ള പ്രസംഗം

### ലോകത്തെ പരിത്യജിക്കലും അത്യാർത്തിയും; ബിബ്ലിക്കൽ ദൃഷ്ടാന്തങ്ങൾ (1-50)

1. ഭാവിസംഗതികളെ സ്നേഹിക്കുന്നവൻ മാമോൻ നിമിത്തം കളകളോടൊപ്പം കത്തിപ്പോകാതിരിക്കാൻ ദൃശ്യസംഗതികളിൽ ആണ്ടുപോകുന്നില്ല. വിവേകികൾ എല്ലാ വസ്തുക്കളെയും നിന്ദിക്കുന്നു; ലോകത്തെ ഇല്ലായ്മയായി കണക്കാക്കുകയും ചെയ്യുന്നു. പാപത്താൽ മലിനരാകാതിരിക്കാൻ അവർ മരുഭൂമികളിലും പാഴ്നിലങ്ങളിലും അലഞ്ഞു നടക്കുന്നു.

9. സമ്പത്തു തേടുന്ന അത്യാഗ്രഹികളേക്കാൾ ഈ മനുഷ്യർ വളരെ കൂടുതൽ വിജ്ഞാനികളാണ്; അവരുടെ നിക്ഷേപം സ്വർഗത്തിലാകയാൽ, അവർ അവരുടെ സമ്പത്ത് അത്യാഗ്രഹികൾക്കായി അവശേഷിപ്പിക്കുന്നു. പരിപൂർണതയ്ക്കായുള്ള അധ്വാനത്തിൽ നിന്ന് വ്യതിചലിപ്പിക്കുന്ന സമസ്തവും അവർ വെറുക്കുന്നു. എല്ലാം നൽകുന്ന എല്ലാറ്റിന്റെയും കർത്താവിനെ അവർ സ്നേഹിച്ചു.

17. അവർ ഭൗമികസമ്പാദ്യത്തെ സ്നേഹിക്കാത്തതിനാൽ, ശാരീരികമായി സ്വർഗത്തിലേക്ക് കരേറുന്നു. വിവേകികൾ നിലനിൽക്കാത്തവ തീക്ഷ്ണതയാൽ ഉപേക്ഷിക്കാനായിരുന്നു അത്. ശാരീരികമായി ഉന്നതത്തി

ലേക്ക് കരേറിയവർ അത്യാഗ്രഹത്തെ വെറുക്കുകയും സ്വമനസ്സാലെ ദരിദ്രർ ആയിരിക്കുകയും ചെയ്തു. പാപത്താൽ മലിനരാകാതിരിക്കാൻ അവർ ധരയിൽ തങ്ങളുടെ ശരീരങ്ങളെ മൃതമാക്കി.

25. സത്യത്തിന്റെ ത്രാസ്സിൽ നീതി ഇരുവശങ്ങളെയും വച്ചു: അത്യാർത്തിക്കാർ ധരയിൽ ബന്ധിതരായി കിടന്നു; സ്വമനസ്സാലെ ദരിദ്രരായവർ സ്വർഗത്തിലേക്ക് ഉയർന്നു പറന്നു. നോഹയുടെ കാലത്ത് ജീവിച്ച ആ തലമുറ അഴിഞ്ഞാട്ടക്കാരും മാമോൻ പ്രേമികളുമായിരുന്നു; അവർ ദൈവത്തെ പ്രകോപിപ്പിച്ചതിനാൽ ജലപ്രളയം ക്രോധവിധിയിൽ അവരെ കൊന്നുകളഞ്ഞു.

33. എന്നാൽ ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചതിനാൽ, പറുദീസായിലേക്ക് ആനയിക്കപ്പെട്ടു. എഴുതപ്പെട്ടിരിക്കുന്നതുപോലെ, സമ്പാദ്യങ്ങളെ സ്നേഹിച്ച ആഹാബിനെ നായ്ക്കൾ വിഴുങ്ങി. മരുഭൂമിയിലൂടെ അലഞ്ഞു നടന്ന ഏലിയാ, രഥത്തിൽ ആകാശത്തിലേക്ക് കരേറി. സമ്പത്തിനെ സ്നേഹിച്ച ഹേറോദേസിന് മരണത്തിൽ അവന്റെ സമ്പത്ത് ഇല്ലാതായി.

41. എന്നാൽ മരുഭൂമിയിൽ പാർത്ത യോഹന്നാൻ സ്വർഗരാജ്യത്തിൽ വലിയവനായിത്തീർന്നു. വിവേകികൾ ഈ മനുഷ്യരെ നോക്കുകയും അതിശ്രേഷ്ഠമായത്, അതായത്, സ്വർഗത്തിലേക്കു തന്നെ പറക്കുന്നതിന് തന്റെ സഖികളെ അനുവദിക്കുന്ന ജീവിതരീതി, തെരഞ്ഞെടുക്കുകയും ചെയ്യുന്നു. തങ്ങളുടെ ജീവൻ എങ്ങനെ നേടാമെന്ന് അവർ കാണുകയും ലോകത്തിന് മൃതരായി തീരുകയും ചെയ്യുന്നു. അങ്ങനെ ഈ ലോകത്തിന്റെ ഭോഗാസക്തിക്ക് മൃതരായിത്തീർന്ന്, വരാനിരിക്കുന്ന ജീവിതം ദൈവത്തിൽ നിന്ന് സ്വീകരിക്കുന്നതിനാണിത്.

### ഏകാന്തവാസികളുടെ സ്തുത്യർഹ വർണന (51–96)

51. അവരെ നാം പിൻചെല്ലാനും സ്വമേധയായുള്ള ദാരിദ്ര്യത്തിന്റെ ചിറകുകൾകൊണ്ട് പറന്ന് അവരുടെ പക്കൽ എത്തിച്ചേരാനും അവർ നമുക്ക് ശ്രേഷ്ഠമാതൃകയാണ്. യഥാർഥത്തിൽ നമ്മെപ്പോലെ ശരീരം ധരിച്ച മനുഷ്യരാണവർ; എന്നാൽ ദൈവസ്നേഹത്താൽ പ്രേരിതരായി അവർ മൃഗങ്ങളെപ്പോലെ വനാന്തരങ്ങളിലേക്കു കടന്നു. അവർക്ക് ബന്ധുക്കളും കുടുംബവും ഭവനങ്ങളും സമ്പത്തും വസ്തുവകകളും ഉണ്ടായിരുന്നു. എന്നാൽ ഉന്നതരാജ്യം കരസ്ഥമാക്കാൻ അവർ ഇവയെല്ലാം ഇല്ലായ്മയായി കരുതി.

63. പാപത്താൽ മലിനരാകാതിരിക്കാൻ അവർ മരുഭൂമിയിലൂടെ അലഞ്ഞുനടന്നു. സന്തുഷ്ടിയുടെ മണവറയ്ക്ക് യോഗ്യരായി തീരാൻ മൃഗങ്ങളെപ്പോലെ ചുറ്റിനടന്നു. അവർ വിശിഷ്ടഭോജ്യത്തിനു പകരം കാട്ടുകിഴങ്ങുകളും ഇലകളും ഭക്ഷിച്ച് ജീവിച്ചു; ഉന്നതഭവനങ്ങൾക്കു പകരം താഴ്ന്ന ഗുഹകളിൽ പാർത്തു. അവർ പറവകളെപ്പോലെ ഉയർന്നുകയറി, പാറയിടുക്കുകളിൽ പാർത്തു. അവരെപ്പറ്റിയാണ് പ്രവാചകൻ പറഞ്ഞത്: "മലമുകളിൽ നിന്ന് അവർ ഉച്ചത്തിൽ വിളിച്ചുപറയും" (ഏശാ.42,11).



75. അവർ കിടക്കകൾക്കുപകരം താണ തറയിൽ നിവർന്നു കിടന്നു; മാർദവമേറിയ തലയിണയ്ക്കു പകരം കല്ലിന്മേൽ തല വച്ചു. ഭക്ഷണമേശയ്ക്കു പകരം ഭക്ഷ്യവസ്തുവായ പച്ചിലകൾ അവരുടെ കാൽമുട്ടിൽ വച്ചു. അവർ വീഞ്ഞല്ല, വെള്ളമാണ് കുടിക്കുന്നത്. എണ്ണയ്ക്കും തൈലത്തിനും പകരം അവരുടെ ശരീരത്തിൽ പൊടി പിടിച്ചിരിക്കുന്നു. അതേ, മിശിഹായോടുള്ള സ്നേഹത്താൽ അവരുടെ ശരീരം കറുത്തിരുണ്ടിരിക്കുന്നു.

89. അവർ സിൽക്കു വസ്ത്രങ്ങൾക്കു പകരം പരുപരുത്ത തുണി ധരിക്കുകയോ, നഗ്നരായി നടക്കുകയോ ചെയ്യുന്നു. വിലകൂടിയ ചെരിപ്പുകൾക്കു പകരം നഗ്നപാദരായി സഞ്ചരിക്കുന്നു. മനുഷ്യർക്കു പകരം അവർ വന്യമൃഗങ്ങളെ കാണുന്നു; തങ്ങൾ വിട്ടുപേക്ഷിച്ച ബന്ധുക്കൾക്കു പകരം അവരെ സന്ദർശിക്കാൻ മാലാഖമാർ താണിറങ്ങി വരുന്നു.

### ഏകാന്തവാസിയുടെ പ്രാർഥന (97–108)

97. അവരുടെ ശരീരങ്ങൾ ആത്മാവിന്റെ ആലയങ്ങളാണ്; അവരുടെ മനസ്സ് പള്ളിയാണ്. അവരുടെ പ്രാർഥന ശുദ്ധധൂപകലശവും അവരുടെ നെടുവീർപ്പ് കുർബാന പോലെയും അവരുടെ സങ്കീർത്തനാലാപം പെരുന്നാൾ പോലെയുമാണ്. അവരുടെ വിലാപം മുത്തുകളും അവരുടെ സംശുദ്ധത ബറീൽ പോലെയുമാണ്. അവരുടെ കണ്ണീർ വീഴുമ്പോൾ, അവർ ധരയിൽ നിന്ന് നാശനഷ്ടങ്ങൾ ഓടിക്കുന്നു. അവരുടെ അപേക്ഷകൾ ഉയരുമ്പോൾ, ലോകത്തെ നന്മകൾ കൊണ്ട് നിറയ്ക്കുന്നു.

### ഏകാന്തവാസിയുടെ ഉത്കണ്ഠാരാഹിത്യവും പാപരാഹിത്യവും (109 –140)

109. ഓരോ നിമിഷവും പ്രതീക്ഷാനിർഭരരായി കഴിയുന്നതിനാൽ അവരിലാരും തന്റെ ഉപജീവനത്തെപ്പറ്റി ചിന്തിക്കാറില്ല.

അവരുടെ വസ്ത്രം വിശ്വാസമാകയാൽ, അവരിലാരും തന്റെ വസ്ത്രത്തെപ്പറ്റി ചിന്തിക്കാറില്ല.

അവരുടെ നിക്ഷേപം സ്വർഗത്തിലാകയാൽ, അവരിലാരും മാമോനെപ്പറ്റി ചിന്തിക്കാറില്ല.

അവരുടെ പ്രത്യാശ പറുദീസാ മാത്രമാകയാൽ, അവരിലാരും സമ്പാദ്യങ്ങളെപ്പറ്റി ചിന്തിക്കാറില്ല.

അവർക്ക് ഈ ലോകത്തിൽ ഒന്നുമില്ലാത്തതിനാൽ, അവരിലാരും തന്റെ സ്നേഹിതനുമായി കേസ് പറയാറില്ല.

അവരുടെ ഇടയിൽ സ്നേഹം നിലനിൽക്കുന്നതിനാൽ, അവരിലാരും തന്റെ അയൽക്കാരനോട് കലഹിക്കാറില്ല.

121. അവരുടെ ഇടയിൽ പരിപൂർണ ഹൃദയൈക്യം നിലനിൽക്കുന്നതിനാൽ, അവരിലാരും തന്റെ സഖിയെ വെറുക്കുന്നില്ല.

അവർക്ക് നിക്ഷേപങ്ങളോട് ആർത്തി ഇല്ലാത്തതിനാൽ, തന്റെ സ്നേഹിതനോട് അസൂയപ്പെടുന്നില്ല.

അവർ സമ്പത്തിനെപ്രതി കലഹിക്കാത്തതിനാൽ, അവരുടെ ഇടയിൽ ആരും അയൽക്കാരനോട് കോപിക്കുന്നില്ല.

ഭൗമിക വസ്തുക്കളെപ്പറ്റി ചിന്തിക്കാത്തതിനാൽ, ആരും തന്റെ സഹോദരനെതിരെ കോപിക്കുന്നില്ല.

129. ശാരീരികരുടെ ഇടയിൽ അവർ എത്ര ആത്മീയരാണ്! ഭൗമികരുടെ ഇടയിൽ അവർ സ്വർഗീയ മാലാഖമാരെപ്പോലെയാണ്! ഈ ലോകത്തോടും അതിന്റെ നിക്ഷേപങ്ങളോടുമുള്ള സ്നേഹം കൊണ്ട് അവർ തങ്ങളുടെ ശരീരങ്ങളെ ഭാരപ്പെടുത്തുന്നില്ല. മാമോനാൽ വീർപ്പുമുട്ടിക്കപ്പെടാൻ അവർ തങ്ങളുടെ ഇച്ഛയെ അനുവദിക്കുന്നില്ല. അവർ സ്വർണത്തെ ചാണകമായും സമ്പത്തിനെ ഒന്നുമില്ലായ്മയായും പരിഗണിക്കുന്നു. അവർ കാമാസക്തിയെ നിഷ്കാസനം ചെയ്യുകയും ഉപവാസത്തിലൂടെ തങ്ങളുടെ ശരീരങ്ങളെ നിയന്ത്രിക്കുകയും ചെയ്തു.

**സാത്താന്റെ മേൽ ഏകാന്തവാസിയുടെ വിജയം (141–156)**

141. അവർ സാത്താന്റെ തല ചിവിട്ടിമെതിച്ചു; അവൻ അവരെ തന്റെ വലയിൽ പിടികൂടിയില്ല.

പാപത്തിന് അവരുടെ ശരീരത്തിന്മേൽ ആധിപത്യം ഇല്ലാതിരുന്നതിനാൽ, അവർ പാപത്തിന്റെ നുകം ഒടിച്ചുകളഞ്ഞു.

സാത്താന് തന്റെ ആയുധങ്ങളാൽ അവരെ കൊല്ലാൻ കഴിയാഞ്ഞതിനാൽ, അവർ സാത്താനെ കൊന്നു.

അവന്റെ കുരുക്കുകളിൽ ബന്ധിതരാകാഞ്ഞതിനാൽ, അവർ അവനെ ബന്ധിച്ച് പറന്നുകളഞ്ഞു.

149. അവർ അവന്റെ കെണികളെ ഒഴിഞ്ഞു മാറിയതിനാൽ, അവർ പീഡിപ്പിച്ചതു നിമിത്തം അവൻ ഉറക്കെ നിലവിളിച്ചു.

തങ്ങളുടെ അധ്വാനങ്ങളാൽ അവനെ കീറിമുറിച്ചതിനാൽ, അവരുടെ ഇരുമ്പുചീപ്പുകൾ നിമിത്തം അവൻ ഞരങ്ങി.



അവർ തങ്ങളുടെ നിശാജാഗരണങ്ങളാൽ അവനെ തടഞ്ഞതിനാൽ, ഓരോ മണിക്കൂറിലും അവൻ അവരിൽ നിന്ന് പീഡയേറ്റു.

അവനെ ബലഹീനനാക്കി, അവർ ശക്തരായി: അവരുടെ പ്രാർഥനകളാൽ അവൻ ദണ്ഡിക്കപ്പെട്ടു.

**മരുഭൂമിയും ഏകാന്തവാസികളും (157–184)**

157. ഏകാന്തത നിമിത്തം ഭീകരമായ മരുഭൂമി അവർക്ക് അഭയ നഗരമായിത്തീർന്നു. ഇവിടെ അവർ തങ്ങളുടെ കിന്നരങ്ങൾ ഉച്ചത്തിൽ പാടുന്നു; ഇവിടെ അവർ ഉപദ്രവങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുന്നു. മരുഭൂമിയിൽ നിന്ന് ഏകാന്തത വിട്ടുമാറി; എന്തുകൊണ്ടെന്നാൽ സ്വർഗരാജ്യസുതർ അതിൽ പാർക്കുന്നു. അവരുടെ വായുടെ സങ്കീർത്തനാലപ ശബ്ദത്താൽ, അതൊരു മഹാനഗരമായിത്തീർന്നു.

165. അവരിലൊരാൾ പാർക്കുന്നിടത്തെല്ലാം അവർക്കുചുറ്റും ശാന്തികളിയാടുന്നു. കാരണം, ദൈവത്തെ സ്നേഹിക്കുന്നവരുടെ പക്കലേക്ക് ഒരു പറ്റം മാലാഖമാർ വന്നിറങ്ങുന്നു. ശാരീരിക ദർശനത്തിൽ അവൻ ഏകനായി പാർക്കുന്നു; എന്നാൽ അവന്റെ ഹൃദയത്തിൽ അവൻ അത്യുന്നതന്റെ മക്കളുടെ സമൂഹവുമായി രഹസ്യത്തിൽ ബന്ധിതനായിരിക്കുന്നു.

173. ചിലപ്പോൾ രണ്ടുപേർ ഒന്നിച്ചു താമസിക്കുന്നു; അവിടെ കൂടുതൽ സ്നേഹമുണ്ട്. അവർ ശാരീരികമായി രണ്ടാണെങ്കിലും അവർക്ക് ഏക ഇച്ഛയാണ്. ചിലപ്പോൾ മൂന്നു പേരുണ്ട്; അവിടെ ഹൃദയൈക്യം നിലനിൽക്കുന്നു. കാരണം, അവിടെ വിഭജനമോ, വഞ്ചനയോ ഇല്ല. പ്രത്യുത സ്നേഹവും സമാധാനവും മാത്രം! മറ്റിടങ്ങളിൽ നാലുപേരുണ്ട്; പരിശുദ്ധാത്മാവ് അവരോടൊത്തു വസിക്കുന്നു. കാരണം, അവർ ഒരേയൊരു ശരീരവും ഒരേയൊരു സംശുദ്ധ ദൈവാലയവുമാണ്.

**ഏകാന്തവാസിയുടെ സ്വമേധയായുള്ള ക്ലേശങ്ങളും ദാരിദ്ര്യവും (185–242)**

185. നമ്മുടെ കർത്താവ് തന്റെ സുവിശേഷത്തിൽ പഠിപ്പിച്ച കൽപ്പനകളുടെ പൂർത്തീകരണം അവരിൽ ദൃശ്യമാണ്: തന്റെ ആത്മാവിനെ കണ്ടെത്താനായി തേടുന്നവൻ, ക്ലേശങ്ങളുടെ ഇടയിൽ ഇവിടെ നഷ്ടപ്പെടുത്തും. തങ്ങളുടെ ശരീരങ്ങളെ സ്നേഹിക്കാത്തതുകൊണ്ടല്ല അവർ അവയെ വളരെയധികം ക്ലേശിപ്പിക്കുന്നത്, പിന്നെയോ, അതിനെ മഹത്വത്തോടെ ഏദനിൽ എത്തിക്കാൻ വേണ്ടിയാണ്.

193. ചിലർ തണുപ്പുകാലത്തും ചൂടുകാലത്തും വിവിധ വൈപരീത്യങ്ങളുടെ ഭാരം വഹിക്കുന്നു. തണുപ്പുകാലത്ത് തണുപ്പും മഞ്ഞും, ചൂടുകാലത്ത് അഗ്നിസമാനമായ ചൂടും. ഒരു സംരക്ഷിത മേൽക്കൂരയും തേടു

ന്നില്ലെന്ന് ഒരാൾ തീരുമാനിക്കുന്നു; എല്ലാ പ്രതികൂല കാലാവസ്ഥയും നേരിടാൻ ധൈര്യമായി അവൻ തയാറാകുന്നു.

201. മനുഷ്യരെ മേലിൽ കാണുകയില്ലെന്ന് മറ്റൊരാൾ ശപഥം ചെയ്യുന്നു; തനിച്ചായിരിക്കാൻ അവൻ വിജനമായ മരുഭൂമിയിലേക്ക് ഇറങ്ങിപുറപ്പെടുന്നു. എല്ലാറ്റിൽ നിന്നും സംരക്ഷിക്കപ്പെടാൻ, വിവേകപൂർവകമായ തീരുമാനത്തിൽ അവർ തങ്ങളുടെ വഴി തേടുന്നു. ഇക്കാരണത്താൽ മരുഭൂമിയിൽ തനിച്ചായിരിക്കാൻ അവരിഷ്ടപ്പെട്ടു. കാരണം, തനിച്ചായിരിക്കുമ്പോൾ എല്ലാവിധ തിന്മകളിൽ നിന്നും അവർ സംരക്ഷിതരായിരുന്നു. വാക്കുകൊണ്ടുപോലും അവരിൽ ഒരാളെ മുറിപ്പെടുത്താൻ ആർക്കും അവിടെ സാധ്യമായിരുന്നില്ല.

213. അവരുടെ വായ് നിന്ദാവചനത്തിൽ നിന്ന് വിമുക്തമായിരുന്നു; എല്ലാ നാഴികയിലും അത് സ്തുതികളാൽ നിറഞ്ഞുനിന്നു. അവർ പരിഹാസോക്തികളിൽ നിന്ന് വിമുക്തരായിരുന്നു. അവർ നിരന്തരം സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നു. അവർ പരദൂഷണത്തിൽ നിന്ന് വിമുക്തരായിരുന്നു; അതിനുപകരം സ്തുതികീർത്തനങ്ങളാൽ നിറഞ്ഞിരുന്നു. അവർ ഉപദ്രവകരമായവയിൽ നിന്ന് വിമുക്തരായിരുന്നു; പ്രയോജനപ്രദമായവയ്ക്ക് അവർ സമീപസ്ഥരായിരുന്നു.

221. അവർ തങ്ങളുടെ മുടിയുടെ ഭാരവും വസ്ത്രത്തിന്റെ ഞെരുക്കവുമേ വഹിച്ചിരുന്നുള്ളു. ചിലർ പരുപരുത്ത തുണി ധരിച്ചു; മറ്റുള്ളവർ പുല്ലുകൊണ്ടുണ്ടാക്കിയവയും. അവർ ദിവസം മുഴുവൻ നഗ്നപാദരായി നടക്കുന്നതിനാൽ, അവരുടെ പാദത്തിൽനിന്ന് രക്തം ഒഴുകുന്നു. ശാരീരികമാലിന്യം നിമിത്തം അവരുടെ ശരീരവും ക്ലേശിക്കുന്നു. അവരിലൊരാൾ പോകുന്നിടത്തെല്ലാം അയാൾ കുരിശു നാട്ടുകയും ഇതാ, അവിടെ പള്ളി ഉണ്ടാകുകയും ചെയ്യുന്നു. അവന് എവിടെ സൂര്യൻ അസ്ഥമിക്കുന്നുവോ, അവിടം അവന്റെ വിശ്രമസ്ഥലമാകുന്നു.

233. അവൻ സജ്ജമാക്കുന്നിടത്ത് അവന്റെ മേശ അവന്റെ മുമ്പിൽ കിടക്കുന്നു. കാരണം, അവന്റെ ഭക്ഷണസമയമാകുമ്പോൾ, അവൻ തന്റെ സസ്യങ്ങൾ പറിച്ച് ചവയ്ക്കുന്നു. പറിച്ചെടുക്കുന്ന ഓരോ സസ്യവും വിശ്വാസത്തോടുകൂടെ രുചിക്കുന്നു. അധികം വരുന്നവ അവിടെ ഉപേക്ഷിച്ചിട്ട് തന്റെ വഴിക്കു പോകുന്നു. കാരണം, "നാളയെപ്പറ്റി ഒരിക്കലും ആകുലപ്പെടേണ്ട" എന്ന ആ വചനം അവൻ കേട്ടിരിക്കുന്നു.

### ഏകാന്തവാസിയുടെ രോഗവും മരണവും (243-360)

243. അവർ പീഡനങ്ങൾക്കായി ദാഹിക്കുന്നതിനാൽ, രോഗങ്ങളെ ഭയക്കുന്നില്ല. മരണം അധ്വാനങ്ങളിൽ നിന്നുള്ള വിശ്രമം ആകയാൽ, അവർ



മരണത്തിനു മുമ്പിൽ വിറയ്ക്കുന്നില്ല. ഇവിടെ അവർ തങ്ങളുടെ ജീവിതത്തിൽ മൃതരായിരുന്നതിനാൽ, അവിടെ അവർ ദൈവത്തിൽ ജീവിക്കും. ദൂതൻ ദാനിയേലിനോടു പറഞ്ഞ വാക്ക് അവർ മനസ്സിൽ കൊണ്ടുവരുന്നു: "നീ നിന്റെ അന്ത്യത്തിലേക്കു പോയി, നിന്റെ അധ്വാനത്തിൽ നിന്ന് വിശ്രമിക്കുക" (ദാനി.12,13). അതുകൊണ്ട് മരണം വിശ്രമമാണെന്ന് അവർക്ക് ആത്മവിശ്വാസമുണ്ട്.

253. കാലികമരണം നീതിമാന്മാർ വിശ്രമം എന്ന് അർഥമാക്കുന്നതിനാൽ, അവർ മരണത്തെ നിന്ദിക്കുന്നു. കാരണം, ഒരടിമയെപ്പോലെ മരണം അവർക്ക് വിധേയമായിരിക്കുന്നു. പാതാളത്തിലേക്കിറങ്ങിയ ഏലീശായ്ക്ക് മരണം ഏതു രീതിയിൽ ഉപദ്രവം ചെയ്തു? അവൻ മരണക്കുഴിയിൽ ആയിരിക്കവെ തന്നെ ഒരു മൃതനെ മരണവക്ത്രത്തിൽ നിന്ന് പിടിച്ചെടുത്തു (2രാജാ.13,21).

261. അവർ ശരീരവും ആത്മാവും ദൈവത്തിൽ ഭരമേൽപ്പിച്ചിരിക്കയാൽ, ശാരീരിക ക്ലേശങ്ങളുടെ മുമ്പിൽ നഷ്ടധൈര്യരാകുന്നില്ല. ഒരേകാന്തവാസി രോഗിയാകുമ്പോൾ, അവനെ സന്ദർശിക്കാൻ അവന് സഖികളാരുമില്ല. അവൻ ദൈവത്തിൽ വിശ്വാസം അർപ്പിച്ചിരിക്കയാൽ, അത്യുന്നത ശക്തി അവനെ സന്ദർശിക്കുന്നു. അവന് ആഹാരം തയാറാക്കാനോ, രോഗത്തിൽ അവനെ പരിചരിക്കാനോ ആരുമില്ലാത്തതിനാൽ, പരിശുദ്ധാത്മാവ് അവനെ നവോന്മേഷനാക്കുകയും അവന് ബലവും ശക്തിയും ലഭിക്കുകയും ചെയ്യുന്നു.

273. അവന്റെ അന്ത്യം അടുക്കുകയും മരണദിനം സമീപിക്കുകയും ചെയ്യുമ്പോൾ, അവൻ ഭൗമികമായതിൽ വിശ്വാസം അർപ്പിക്കാഞ്ഞതിനാൽ, അവനെ മാലാഖമാർ സംസ്ക്കരിക്കുന്നു. അവന്റെ അന്ത്യം സംഭവിക്കുന്നിടത്തു തന്നെയാണ് അവന്റെ കല്ലറയും. ചാലിലെ വിത്തുപോലെ, ഉത്ഥാന ദിനത്തിനായി സംരക്ഷിക്കപ്പെട്ട് അവൻ കഴിയുന്നു. സന്ദർഭവശാൽ ഒരു ഗുഹയിൽ അവന്റെ അന്ത്യം സംഭവിച്ചാൽ, ആ ഗുഹ അവന്റെ കല്ലറയായിരിക്കും. അവന്റെ അസ്ഥികളുടെ നിക്ഷേപം അത് ബഹുമാനിക്കും.

285. എന്നാൽ ഒരു പാറയിടുക്കിൽ അവന്റെ അന്ത്യം സംഭവിച്ചാൽ, അവന്റെ അസ്ഥികൾ അവിടെ സംരക്ഷിക്കപ്പെടും; അവന്റെ അസ്ഥികളുടെ നിക്ഷേപത്തെ ബഹുമാനിക്കാൻ മാലാഖമാർ സദാ അവിടേക്കിറങ്ങിവരും. അവർ പരസ്പരം അകന്ന് തനിച്ചായതിനാൽ, അവരിൽ ഓരോരുത്തരും മരിക്കുമ്പോൾ, അവരുടെ അത്ഭുതസഹായങ്ങൾ എണ്ണമറ്റവ ആയിരിക്കും.

297. അവരിൽ ഒരാളുടെ അന്ത്യദിനം ഒരു ഗ്രോട്ടോയിൽ സംഭവിക്കുന്നു. അപ്പോൾ ഉത്ഥാനം വരെ നിലനിൽക്കുന്ന സന്തോഷത്തിന്റെ മണവറ

അവന് അവിടെ ആയിരിക്കും. അവരിൽ മറ്റൊരാൾ തന്റെ ജീവൻ പൂർത്തിയാക്കിയത് കിഴുക്കാംതൂക്കായ പാറയുടെ വിടവിലാണ്. പ്രകാശിക്കുന്ന ബെറിൽ പോലെ അവിടെ അവന്റെ അസ്ഥികൾ സംരക്ഷിക്കപ്പെടുന്നു.

301. മറ്റൊരാൾ പ്രാർത്ഥിക്കാൻ നിൽക്കുമ്പോൾ, അന്ത്യത്തിലെത്തുകയും നിദ്ര പ്രാപിക്കുകയും ചെയ്തു. ഹൃദയത്തിനുള്ളിലെ പ്രാർഥനാ നെടുവീർപ്പുകളോടുകൂടെ അവന്റെ ആത്മാവ് സ്വർഗത്തിലേക്ക് പറന്നുപോയി. മറ്റൊരാളുടെ അന്ത്യം അടുത്ത് അയാളെ കീഴടക്കിയത് അവന്റെ ആരാധനാവസരമാണ്. സ്തുതികളാൽ നിറഞ്ഞ വായോടുകൂടെ തന്റെ അധ്വാനത്തിൽ നിന്നുള്ള വിശ്രമത്തിനായി അവൻ വേർപെട്ടു. മറ്റൊരാൾ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ അന്ത്യം അവനെ കീഴടക്കുകയും അവൻ നിദ്ര പ്രാപിക്കുകയും ചെയ്തു. സസ്യങ്ങളുടെ മേശയിൽ നിന്ന് ജീവന്റെ മേശയിൽ പങ്കെടുക്കാൻ അവൻ ക്ഷണിക്കപ്പെട്ടു.

313. മറ്റൊരാൾ എവിടെയോ ചാരി നിന്നപ്പോഴാണ് അന്ത്യം സംഭവിച്ചത്. ഉത്ഥാനം വരെ അയാളുടെ ജീവനില്ലാത്ത ശരീരം അവിടെ കഴിയുന്നു. വീണ്ടും, മറ്റൊരാൾ വഴിയിലെവിടെയോ തന്റെ ജീവിതം പൂർത്തിയാക്കി. ക്ലേശങ്ങളുടെ വേദനയിൽ നിന്നുള്ള വിടുതലും വിശ്രമവും അവിടെ അയാൾ കണ്ടെത്തി. പ്രത്യാശയിൽ അവർ അധ്വാനങ്ങളിൽ ഏർപ്പെട്ടതിനാൽ, അവരുടെ പ്രത്യാശയിൽ അവർ സംരക്ഷിക്കപ്പെട്ടു. അവരുടെ കണ്ണുകൾ അടയ്ക്കാനോ, അവരുടെ ശരീരങ്ങൾ സംസ്ക്കരിക്കാനോ ആരുമുണ്ടായിരുന്നില്ല.

325. ഒരാൾ തന്റെ തല ഒരു കല്ലിൽ ചായിച്ച്, നിത്യവിശ്രമത്തിന്റെ ഉറക്കം ഉറങ്ങുന്നു. മറ്റൊരാൾ തന്റെ തല മുട്ടിനിടയിൽ വയ്ക്കുകയും അവന്റെ ആത്മാവ് ആ സ്ഥലത്തേക്ക് വേർപെട്ടു പോകുകയും ചെയ്യുന്നു. അവരുടെ ചുറ്റുപാടിൽ കരച്ചിലോ, അവരുടെ സ്ഥലത്ത് വിലാപമോ കേൾക്കാനില്ല. എല്ലായിടത്തു നിന്നും ഉന്നതത്തിലെ മാലാഖമാരുടെ ഗീതങ്ങൾ അവരെ ചുറ്റുന്നു.

333. അവരുടെ മരണത്തിൽ ദുഃഖമില്ല; അവരുടെ വേർപാടിൽ നിലവിളിയുമില്ല. കാരണം, അവരുടെ മരണം വലിയ വിജയമാണ്; അതിനാൽ അവർ ദുഷ്ടശത്രുവിനെ പരാജയപ്പെടുത്തി. അവർ രോഗഗ്രസ്തരാകുമ്പോൾ ദുഃഖമില്ല; അവർ പീഡിപ്പിക്കപ്പെടുമ്പോൾ സങ്കടമില്ല. എന്തുകൊണ്ടെന്നാൽ രോഗം അവരെ ബലപ്പെടുത്തുന്നു. ക്ലേശം തെളിവ് വർദ്ധിപ്പിക്കുന്നു.

341. അവരുടെ വസ്ത്രം വിശ്വാസമാകയാൽ, ശവമഞ്ചത്തിൽ വിലകൂടിയ വസ്ത്രത്താൽ അവർ അലംകൃതരാകുന്നില്ല. അവർ പറുദീസായിൽ വിശ്രമിക്കുന്നതിനാൽ, അവരുടെ കല്ലറകൾ അറിയപ്പെടുന്നില്ല. ബഹുമതിപൂർവം



മഞ്ചലിൽ അവർ വഹിക്കപ്പെടുന്നില്ല; കാരണം നിന്ദ്യമായ പൂഴിയാണ് അവരുടെ വസ്ത്രം. അവരിലൊരാൾ മരിക്കുന്നിടമാണ് അയാളുടെ ശവമഞ്ചം.

349. ശാരീരികാവയവങ്ങളിൽ നിന്ന് അവരിൽ ഒരാളുടെ ആത്മാവ് നീക്കപ്പെടുമ്പോൾ, അത് ജീവന്റെ സംഭരണശാലയിലേക്ക് നേരേ സംവഹിക്കപ്പെടുകയും ഉത്ഥാനംവരെ അവിടെ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. അവരുടെ ശരീരമാകട്ടെ ഉത്ഥാനംവരെ ആ വിജനസ്ഥലത്ത് കാത്തുസൂക്ഷിക്കപ്പെടുന്നു. അവിടെ മാലാഖമാരുടെ ഒരു പാളയമായിത്തീരുന്നു.

355. അവരുടെ അസ്ഥികളുടെ അംശം ഉള്ളിടത്തെല്ലാം മാലാഖമാർ സേവചെയ്യുന്നു. ജയകീർത്തനങ്ങളാൽ അവർ കിരീടം ധരിപ്പിക്കപ്പെടുന്നതിനായി അവരുടെ അസ്ഥികൾക്കു മുമ്പിൽ ശുശ്രൂഷ ചെയ്യാൻ അവരുടെ കല്ലറകളിലേക്ക് മാലാഖമാരുടെ നിരകൾ അയക്കപ്പെടുന്നു.

361. എല്ലാവരുടെയും കപ്പലുകളെ വല്ലാതെ ഇളക്കിമറിക്കുന്ന കടൽ പോലെയാണ് ഈ ലോകമെന്ന് ഈ മനുഷ്യർ കണ്ടു. അതിന്റെ തിരമാലകളാൽ മുങ്ങിപ്പോകാതിരിക്കാൻ അവർ അതിൽ നിന്ന് ഓടിയകന്നു. അവർ വിവേകപൂർവം അതിലൂടെ സഞ്ചരിക്കുകയും അവരുടെ കപ്പൽ തുറമുഖത്ത് എത്തിച്ചേരുകയും ചെയ്തു. (തിരകളെ ഇളക്കുന്ന കാറ്റ് മരുഭൂമിയിലുമുണ്ട്).

369. സമ്പത്തിലൂടെ ലോകം പിടികൂടുന്നതിനാൽ, അവർ ലോകത്തെ പരിപൂർണമായി ഉപേക്ഷിച്ചു. ലോകം മാമോനിൽ മുക്കുന്നതിനാൽ, അവർ അതിനെ നിന്ദിക്കുകയും നിസ്സാരമാക്കുകയും പരിഹസിക്കുകയും ചെയ്തു. സ്വർണം ഒരു നിഗൂഢ കുഴിയാണ്; എന്നാൽ അതിവേഗത്തിൽ അവർ അത് ചാടിക്കടന്നുപോകുന്നു. സമ്പാദ്യങ്ങൾ വിഡ്ഢികളെ വഴിതെറ്റിക്കുന്നതിനാൽ, അവർ യാതൊന്നും സമ്പാദിച്ചില്ല.

377. അത്യാർത്തിയുള്ളവൻ ഭൂസ്വത്തുക്കൾ കവർന്നെടുക്കുന്നതിനാൽ, തങ്ങളുടെ സ്വന്തമായവ അവർ ഉപേക്ഷിച്ച് കടന്നുപോയി. ഹാനികരമായ എല്ലാറ്റിനുമെതിരെ അവർ സത്യമെന്ന ആയുധമെടുത്തു. എല്ലാ തിന്മയ്ക്കുമെതിരെ അവർ വിശ്വാസം സ്വന്തമാക്കി. ലോകം സന്തോഷിക്കുന്നതു കണ്ടതിനാൽ, അവർ സങ്കടത്തെ സ്നേഹിച്ചു.

385. ലോകത്തില വിശിഷ്ടഭോജനം കണ്ടതിനാൽ, തങ്ങളുടെ താൽക്കാലിക ക്ലേശങ്ങളിലൂടെ നിത്യനന്മകൾക്ക് അർഹരാകാൻ അവർ കാട്ടുകിഴങ്ങുകൾ കൊണ്ട് തൃപ്തരായി. ലോകത്തിൽ ആഡംബരഭ്രമം കണ്ടതിനാൽ, അവസാനിക്കാത്ത മഹത്വീകരണത്തിന് അർഹരാകുവാൻ, തങ്ങളുടെ താഴ്മയിലൂടെ അവർ എളിമയെ സ്നേഹിച്ചു.

393. ലോകത്തിൽ ഭോഗാസക്തി കണ്ടതിനാൽ ഉപവാസത്തിലൂടെ

ചിറകുകൾ നേടാനും അവകൊണ്ട് സ്വർഗത്തിലേക്ക് പറന്നുയരാനും അവർ ശുദ്ധമായ ഉപവാസം മുറുകെപ്പിടിച്ചു. ലോകത്തിൽ കാമാസക്തി കണ്ടതിനാൽ, തങ്ങളുടെ ശാരീരികസംശുദ്ധി രാജ്യം അവകാശപ്പെടുത്താൻ തങ്ങളെ അനുവദിക്കുന്നതിന്, അവർ സംശുദ്ധത മുറുകെ പിടിച്ചു.

401. ലോകത്തിൽ ബഹളം കണ്ടതിനാൽ, ദുഷ്ടൻ ഒരു വാക്കാൽ പോലും തങ്ങളുടെ അധ്വാനം വിഫലമാക്കാതിരിക്കാൻ, അവർ നിശ്ശബ്ദ വിശ്രമത്തെ സ്നേഹിച്ചു. ലോകത്തിൽ കൊടിയ വഞ്ചന കണ്ടതിനാൽ ഉത്ഥാനത്തിൽ മുഖപ്രസന്നത അവകാശമാക്കാൻ, സത്യം അവരെ അനുവദിക്കുന്നതിന്, സ്പഷ്ടമായ സത്യത്തെ അവർ മുറുകെ പിടിച്ചു.

409. ലോകത്തിൽ നുണയും കാപട്യവും കണ്ടതിനാൽ, അവർ അകൃത്രിമത്വത്തെ സ്നേഹിച്ചു. തങ്ങളുടെ അകൃത്രിമത്വം തങ്ങളെ സ്വർഗത്തിൽ ഉന്നതസ്ഥാനത്തിനടുത്ത് എത്തിക്കുന്നതിനായിരുന്നു അത്. ലോകത്തിൽ കൗശലം കണ്ടതിനാൽ, അവർ ലാളിത്യത്തെ സ്നേഹിച്ചു. എഴുതപ്പെട്ടിരിക്കുന്നതു പോലെ, അവർ ശിശുക്കളെപ്പോലെ ആയിരുന്നതിനാൽ, കർതൃവചനം അവരിൽ പൂർത്തീകരിക്കപ്പെട്ടു.

417. "ഞാൻ ലോകത്തിന് ക്രൂശിക്കപ്പെട്ടിരിക്കുന്നു; ലോകം അതിന്റെ സന്തോഷങ്ങളോടുകൂടെ എനിക്കും ക്രൂശിക്കപ്പെട്ടിരിക്കുന്നു" എന്ന് തന്റെ ക്ലേശത്തിൽ ശ്ലീഹാ തന്നെപ്പറ്റി പറഞ്ഞ ശ്ലൈഹികവചനം അവർ കേട്ടു (ഗലാ.6,14). അതുകൊണ്ട് എല്ലാ ലൗകിക ദുരാശകളെയും എതിരിടുന്നതിന് അവർ തങ്ങളുടെ ശരീരങ്ങളെ ക്രൂശിച്ചു. എല്ലാത്തരം ഞെരുക്കങ്ങളിലൂടെയും അവർ അവരുടെ ശരീരങ്ങളെ അനുദിനം പീഡിപ്പിച്ചു.

### ഏലിയായുടെയും സ്നാപകന്റെയും ദൃഷ്ടാന്തം (425-433)

425. കൂടാതെ, എന്തുകൊണ്ട് ബഹുമാനിതരാകുമെന്നും എവിടെ വളരെ നിന്ദിതരാകുമെന്നും തങ്ങളുടെ പൂർവികരിൽ നിന്ന് അവർ പഠിക്കുകയും അതിൽ നിന്ന് അവർക്ക് ഉൾക്കാഴ്ച ലഭിക്കുകയും ചെയ്തു. ഏലിയായ്ക്ക് മരുഭൂമിയിൽ യാതൊരുപദ്രവവും ഉണ്ടായില്ല. മനുഷ്യവാസമുള്ളിടത്ത് അവൻ കാലുകുത്തിയപ്പോൾ മുതൽ ഭ്രാന്തിയായ ജസബേൽ അവനെ പീഡിപ്പിച്ചു. യോഹന്നാൻ മരുഭൂമിയിൽ ആയിരുന്നപ്പോൾ, ജനങ്ങൾ അവന്റെ പക്കലേക്ക് ഓടിയെത്തി. എന്നാൽ ജനവാസമുള്ളിടത്ത് എത്തിയപ്പോൾ ഹേറോദേസ് അവന്റെ തലവെട്ടി.

### വീണ്ടും, മരുഭൂവാസ ശ്രേഷ്ഠതകൾ (437-472)

437. അക്കാരണത്താൽ ആപത്തുകൾ നിറഞ്ഞ ലോകത്തെ അവർ ഉപേക്ഷിച്ച്, അതിൽ നിന്ന് പുറപ്പെട്ടുപോയി. തങ്ങളുടെ പ്രതിഫലം ലഭിക്കുന്നതുവരെ അവർ മരുഭൂമിയിൽ പാർത്തു. അവർ പിന്മാറിയ ആ വിജന പ്രദേശത്ത് അവർക്ക് രണ്ടു നേട്ടങ്ങൾ ഉണ്ടായിരുന്നു: അവർ പാപത്തിൽ നിന്നും മനുഷ്യരുടെ അപമാനത്തിൽ നിന്നും സംരക്ഷിതരായി കഴിഞ്ഞു. അവിടെ അവർ അനീതിയിൽ നിന്നും നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന അത്യാർത്തിയിൽ നിന്നും സംരക്ഷിക്കപ്പെട്ടു. അവിടെ അവർ ചതിയിൽ നിന്നും നിന്ദനത്തിൽ നിന്നും അസൂയയിൽ നിന്നും ലാഭേച്ഛയിൽ നിന്നും നിന്ദ്യമായ അഹന്തയിൽ നിന്നും സംരക്ഷിക്കപ്പെട്ടു. അവർ ഉന്നതത്തിലെ മാലാഖമാർക്ക് സഖികളായി തീരുകയും പ്രവൃത്തികളിൽ അവർക്ക് സദൃശ്യരാകുകയും ചെയ്തു.



453. സ്വർഗത്തിലെ മാലാഖമാർ സമ്പാദ്യരഹിതരാണ്. അവർ ദൈവസ്തുതിപ്പുകൾ ആലപിക്കുക മാത്രം ചെയ്യുന്നു. തങ്ങളുടെ ശുശ്രൂഷാസമയങ്ങളിൽ നിന്ന് മാമോനും യാമപ്രാർഥനകളിൽ നിന്ന് ഉത്കണ്ഠയും അവരെ തടയുന്നില്ല. അവരുടെ മനസ്സ് പ്രകാശിതമാകയാൽ, അവർ അലസരായിരിക്കുന്നില്ല. അവശ്യസംഗതികളിൽ അവർ തൽപ്പരർ ആയതിനാൽ, മന്ദത അവരെ സമീപിക്കുന്നില്ല. അവർ അവരുടെ അവയവങ്ങളെ ലോകത്തിന് മൃതമാക്കി; അത് അവർക്ക് യാതൊരു നഷ്ടവും വരുത്തുന്നില്ല.

465. അവർ തങ്ങളുടെ ആശ്രയം ദൈവത്തിൽ വച്ചു; അവരുടെ ഹൃദയം പൂർണമായി അതിൽ വ്യാപരിക്കുന്നു. അവരുടെ ദൃഷ്ടികൾ അവിടെ ഉറപ്പിച്ചിരിക്കുന്നു. അവിടേക്ക് അവർ തങ്ങളുടെ കരങ്ങൾ വിരിച്ചുപിടിക്കുന്നു. അവിടേക്ക് അവർ തങ്ങളുടെ അധ്വാനങ്ങൾ അയക്കുന്നു. അവിടേക്ക് അവരുടെ ബഹുമാന്യ ചവിട്ടടികൾ തിരിഞ്ഞിരിക്കുന്നു. അതുകൊണ്ട്, ഇതാ, അവർ സ്വർഗീയോന്നതങ്ങളിൽ ശ്ലീഹന്മാരോടൊത്ത് പാർക്കും.

### ഏകാന്തജീവിത സംബന്ധമായ മറ്റുചില കാര്യങ്ങൾ (473-500)

473. അവർ പ്രാർഥനയ്ക്കായി സാഷ്ടാംഗപ്രണാമം ചെയ്യുമ്പോൾ, തങ്ങളുടെ കണ്ണീരുകൊണ്ട് തറ നനയ്ക്കുന്നു. അവരുടെ നെടുവീർപ്പുകൾ ഉന്നതത്തിലേക്ക് ഉയരുമ്പോൾ, ഉന്നതത്തിലെ മാലാഖമാർ സന്തോഷിക്കുന്നു. ഒരാൾ ഒരിക്കലും കിടക്കുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്നു; അങ്ങനെ അയാൾ ശ്രേഷ്ഠമായി ജാഗരണം നടത്തുന്നു. ഒരിക്കലും ഇരിക്കയില്ലെന്ന് ഒരാൾ പ്രതിജ്ഞ ചെയ്യുന്നു, അങ്ങനെ അയാൾ സംശുദ്ധതയിൽ നിവർന്നു നിൽക്കുന്നു.

481. ഒരു നിന്ദാവചനവും തന്റെ വായിൽ നിന്ന് വരാൻ അനുവദിക്കുകയില്ലെന്ന് ഒരാൾ പ്രതിജ്ഞ ചെയ്യുന്നു. തിരുലിഖിതവചനങ്ങൾ മാത്രമേ സംസാരിക്കൂ എന്നാണ് മറ്റൊരാളുടെ തീരുമാനം. ശുശ്രൂഷകൾക്കായി അവർ ദീർഘനേരം ചെലവഴിക്കുന്നു; അവരുടെ ശുശ്രൂഷകൾക്ക് അവർ നേരത്തേ

എത്തുന്നു. ദൈവശുശ്രൂഷ മാത്രമാണ് രാപകൽ മുഴുവൻ അവരുടെ ജോലി.

489. ധൂപകലശത്തിനു പകരം അവരുടെ സംശുദ്ധതയാണ് അനുരഞ്ജന സുഗന്ധധൂപം. -അവർക്ക് അവിടെ ധൂപകലശമില്ലല്ലോ-പള്ളിക്കെട്ടിടത്തിനു പകരം അവർ തന്നെ പരിശുദ്ധാത്മാവിന്റെ ആലയമായി തീർന്നു. ബലിപീഠങ്ങൾക്കു പകരം അവരുടെ മനസ്സ് മുന്നോട്ടുവരികയും അതിൽ ബലിയായി അർപ്പിക്കുകയും ചെയ്യുന്നു. ദൈവത്തോടുള്ള അവരുടെ അപേക്ഷ എല്ലാ നാഴികയിലും സ്വീകാര്യമാകുന്നു.

497. എല്ലാവരും മരുഭൂമിയെ ഭയക്കുന്നെങ്കിലും ഇത് അവർക്ക് ശക്തിയേറിയ ഒരഭയസ്ഥാനമാണ്. അവരുടെ അസ്ഥികളിൽ നിന്ന് സൃഷ്ടി മുഴുവൻ സഹായം ഒഴുകുന്നു. അനീതി നടമാടുന്ന മനുഷ്യവാസമുള്ള നാട് അവരുടെ പ്രാർഥനകളാൽ നിലനിൽക്കുന്നു. പാപത്തിൽ ആണ്ടുപോയ ലോകം അവരുടെ പ്രാർഥനകളാൽ സംരക്ഷിക്കപ്പെടുന്നു. തർക്കങ്ങളാൽ കുലുങ്ങുന്ന ഭൂമി അവരുടെ പ്രാർഥനകളാൽ സംരക്ഷിക്കപ്പെടുന്നു. വ്യർഥമായ അന്വേഷണങ്ങളാൽ ക്ലേശിക്കുന്ന നാടിനെ അവരുടെ ജാഗരണം ശാന്തത കൊണ്ടു നിറയ്ക്കുന്നു.

## സമാപനവാക്കുകൾ

509. ഈ ജേതാക്കളുടെ സഖിയാകാൻ യോഗ്യനായവൻ ഭാഗ്യവാൻ. അവരെ സ്നേഹിക്കുകയും അവരുടെ ജീവിതമാതൃക തന്നിൽ പതിക്കുകയും ചെയ്തവൻ ഭാഗ്യവാൻ. അവരോടുകൂടെ ആരംഭിക്കുകയും അവരുടെ അധ്വാനങ്ങളിൽ തന്റെ ഓട്ടം പൂർത്തിയാക്കുകയും ചെയ്തവൻ ഭാഗ്യവാൻ. അവരുടെ ജീവിതമാതൃകയിൽ നിന്ന് വഴുതിമാറാത്തവൻ ഭാഗ്യവാൻ.

517. അവർ തങ്ങളുടെ വാഗ്ദാനങ്ങൾ അവകാശമാക്കുമ്പോൾ, അവരിൽ നിന്നു വേർപെടേണ്ടി വരാത്തവൻ ഭാഗ്യവാൻ. അവരെപ്പോലെ തന്റെ ഓട്ടം ധൈര്യപൂർവം ഓടി പൂർത്തിയാക്കുന്നവൻ ഭാഗ്യവാൻ.

521. എന്റെ കർത്താവേ, അവർ നിന്റെ രാജ്യത്തിൽ നിൽക്കുമ്പോൾ, നിന്റെ സംസർഗത്തിൽ ജീവിക്കുന്നവരെ സ്നേഹിക്കുന്ന ഞങ്ങളെ അവരിൽ നിന്ന് വേർപെടുത്തരുതേ. അവരുടെ വിജയം പ്രഘോഷിക്കപ്പെടാൻ സ്നേഹം നിമിത്തം ഞങ്ങൾ അവരുടെ അധ്വാനങ്ങൾ വിവരിച്ചതിനാൽ, അവസാനിക്കാത്ത ആ സന്തോഷം പ്രാപിക്കാൻ അവരോടൊപ്പം ഞങ്ങളെയും അർഹരാക്കണമെ.

529. പ്രകാശസന്തതികളെ കുറിച്ചുള്ള ഈ വിവരണത്തിൽ സന്തോഷിക്കുന്ന ഞങ്ങളുടെ സമൂഹം മുഴുവൻ അവരുടെ പ്രാർഥനയാൽ ന്യായവിധിദിവസം കരുണ കണ്ടെത്തട്ടെ. ആമ്മീൻ.



# 3

## മലവാസികൾക്കുള്ള മാർ അപ്രേമിന്റെ കത്ത്

### പ്രാരംഭാശംസ

ഏലിയായുടെ സഖികളും സ്നാപക യോഹന്നാന്റെ മാതൃക സ്വീകരിച്ചവരും മലവാസികളുമായ നിങ്ങൾക്ക് ആശംസകളയക്കാൻ സർവാനുരഞ്ജന സ്നേഹം എന്നെ നിർബന്ധിച്ചു. ഞങ്ങളുടെ സ്നേഹലേഖനം പെട്ടെന്ന് നിങ്ങളുടെ പക്കലെത്താനും എന്റെ വാക്കുകൾ കാറ്റിന്റെ ചുമലിലും, മലകളിൽ പാർക്കാനും മരുഭൂമിയിലും വിജനസ്ഥലത്തും താമസിക്കാനും നിങ്ങൾ സ്വീകരിച്ച നിങ്ങളുടെ ഏകാന്തതയെ ബലപ്പെടുത്താനും എല്ലായിടത്തും പറന്നെത്തുന്ന ക്രിസ്തീയ കഴുകന്റെ തോളിലും ഞാൻ അയക്കുന്നു. നിങ്ങൾക്ക് ശാന്തി പകരുന്ന ദൈവത്തോടൊത്തു വ്യാപരിക്കാനും വന്യമൃഗങ്ങളെയും വ്യാളത്തിന്റെ ഗർജനത്തെയും നിന്ദിക്കാനും അണലികളെയും സർപ്പങ്ങളെയും ഭയപ്പെടാതിരിക്കാനും എല്ലായിടത്തേക്കും ഞാൻ സ്നേഹാശംസകൾ അയക്കുന്നു. എന്തുകൊണ്ടെന്നാൽ, സിംഹങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെട്ട ദാനിയേലും തീച്ചൂളയിൽനിന്ന് സ്വതന്ത്രരാക്കപ്പെട്ട ഹനനിയായും സഖികളും നിങ്ങളോടൊത്തുണ്ട് (ദാനി.6,23;1,7;3,12). നിങ്ങൾക്ക് അജയ്യായുധമായ വിശ്വാസവും എല്ലാ ദുഷ്ടശക്തികളെയും വിരട്ടി ഓടിക്കുന്ന പ്രാർഥനയുമുണ്ട്.

### മിശിഹായുടെയും ദാവീദിന്റെയും ദൃഷ്ടാന്തം

മലവാസികളുടെ താമസ്സം എന്താണ്? എന്നു ചേദിക്കുന്ന ചഞ്ചലചിത്തരായ മനുഷ്യരുടെ വാക്കുകൾ കേൾക്കരുതെന്ന് ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. കാരണം, അലസത മൂലവും സ്ഥിരോത്സാഹക്കുറവു മൂലവുമാണ് അവരിതു പറയുന്നത്. എന്റെ സഹോദരരേ, നിങ്ങൾക്ക് മാതൃക കാട്ടിത്തന്ന നിങ്ങളുടെ നാഥനും കർത്താവുമായ മിശിഹായെത്തന്നെ കൂടുതലായി നിങ്ങൾ നോക്കുവിൻ. എന്തുകൊണ്ടെന്നാൽ അവിടുന്ന് ലോകത്തിലേക്കു വന്നപ്പോൾ ഒരു മലമുകളിൽ കയറി പ്രാർഥിക്കുകയും തന്റെ ശിഷ്യരുമൊത്ത് മരുഭൂമിയിൽ പാർക്കുകയും ചെയ്തു. പ്രവാചകന്മാരും രാജാക്കന്മാരും നിങ്ങളുടെ ഈ വേർപാട് കാംക്ഷിച്ചു. അങ്ങനെ ദാവീദിന്റെ പ്രോത്സാഹജനകമായ വാക്കുകൾ നിങ്ങളുടെ കാതുകളിൽ മുഴങ്ങുന്നു: "ഞാൻ ദൂരെ പറന്നുപോയി ഇവിടെ നിന്ന് അകലെ പാർക്കാൻ പ്രാവിൻചിറകുകൾ പോലെ ആരെനിക്ക് ചിറകുകൾ തരും? ഞാൻ ദൂരെ പറന്നുപോയി മരുഭൂമിയിൽ പാർത്ത്, കൊടുങ്കാറ്റിൽ നിന്ന് എന്നെ രക്ഷിക്കുന്നവനെ കാത്തിരിക്കും." (സങ്കീ.50,7f). എന്റെ സഹോദരരേ, മലയിലെ വാസം എത്ര വലുതാണെന്നു കാണുവിൻ. തന്റെ കടമ അനുവദിച്ചിരുന്നെങ്കിൽ, ദാവീദ് താൽപ്പര്യപൂർവം

മരുഭൂമിയിൽ പാർക്കുമായിരുന്നു. ഇസ്രായേൽ അവനെ ആശ്രയിച്ചിരുന്നു; അവൻ കർത്താവിന്റെ യുദ്ധങ്ങൾ നടത്തി. എങ്കിലും കർത്താവിനെ ഒരു മലയിൽ സേവിക്കാനാണ് അവൻ കൂടുതൽ ഇഷ്ടപ്പെട്ടത്. ഇസ്രായേലിന്റെ രക്ഷയെപ്രതി അവൻ മനുഷ്യവാസമുള്ള നാട്ടിൽ പാർത്തു; എന്നാൽ മലയിൽ ഉള്ളവരുടെ കൂടെ ആയിരിക്കാനാണ് അവന്റെ മനസ്സ് അവനെ നിർബന്ധിച്ചത്.

**കർത്താവിന്റെ ഒരു സമാശ്വാസോപമ: മരുഭൂമിയിലെ ആട്**

നമ്മുടെ കർത്താവിന്റെ സുവിശേഷത്തിലെ വചനം നിങ്ങളുടെ സമാശ്വാസത്തിനായി ഞാൻ അവതരിപ്പിക്കട്ടെ: നിങ്ങളിൽ ആരാണ് തനിക്ക് മലയിൽ മൃഗക്കൂട്ടം ഉണ്ടായിരിക്കയും അവയിലൊന്ന് നഷ്ടപ്പെടുകയും ചെയ്താൽ, തൊണ്ണൂറ്റൊമ്പതിനെയും മരുഭൂമിയിലും മലയിലും വിട്ടിട്ട്, നഷ്ടപ്പെട്ടതിനെ കണ്ടുകിട്ടുവോളം തേടിപ്പോകാത്തത്? (ലൂ.15,4). മലയിലുള്ളതിനെ കണ്ടെത്തപ്പെട്ടതെന്നും മലയിൽ നിന്ന് അകന്നതിനെ വഴിതെറ്റിയതെന്നും അവൻ വിളിക്കുന്നതായി ഈ ഉപമ അതിന്റെ സൂചനയോടുകൂടെ ഉന്നം വയ്ക്കുന്നു. അതിനെ കണ്ടെത്തുമ്പോൾ, വഴിതെറ്റാത്ത തൊണ്ണൂറ്റൊമ്പതിനേക്കാൾ കൂടുതലായി അതിനെക്കുറിച്ച അവൻ സന്തോഷിക്കും (മത്താ.18,13). മരുഭൂമിയിലുള്ളവ വഴിതെറ്റിപ്പോയില്ല, അവിടെനിന്ന് വേർപെട്ട് കൂട്ടത്തിൽ നിന്നകന്നതിനെ വഴിതെറ്റി നഷ്ടപ്പെട്ടത് എന്ന് അവൻ പറഞ്ഞത് നിങ്ങൾ കേട്ടല്ലോ. അതുകൊണ്ട്, എന്റെ സഹോദരരേ, നിങ്ങൾ കണ്ടെത്തപ്പെട്ട മലയിൽ നിലനിൽക്കുവിൻ.

**ഏകാന്തവാസികളെപ്പറ്റി സുഭാഷിതങ്ങളും സങ്കീർത്തനങ്ങളും പൗലോസും എന്തു പറയുന്നു?**

നിങ്ങളാണ് കുഴിമുയലുകൾ; നിങ്ങൾ ശരീരബലം കുറഞ്ഞവരാണെങ്കിലും, സോളമൻ പറഞ്ഞതുപോലെ, നിങ്ങൾ ക്രിസ്തുവാകുന്ന പാറമേൽ നിങ്ങളുടെ ഭവനം പണിതു (സുഭാ.30,26). നിങ്ങളെപ്പറ്റി നേരത്തെ തന്നെ ദാവീദ് രാജാവിലൂടെ പ്രവചനമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. അവൻ നിങ്ങളെ കാട്ടാടുകൾ എന്നു വിളിച്ചുകൊണ്ടു പറഞ്ഞു: "ഉന്നതമലകൾ കാട്ടാടുകൾക്കും പാറയിടുക്കുകൾ കുഴിമുയലുകൾക്കും സങ്കേതമാണ്" (സങ്കീ.104,18). ഭാഗ്യവാനായ പൗലോസും നിങ്ങളെ മുൻകൂട്ടി ദർശിച്ച് ആശ്ചര്യഭരിതനായി ഇപ്രകാരം പറഞ്ഞു: "അവർ മലകളിലും ഗുഹകളിലും ഭൂമിയിലെ മാളങ്ങളിലുമായി മരുഭൂമിയിൽ അലഞ്ഞു നടന്നു. അവരെ സ്വന്തമാക്കാനുള്ള യോഗ്യത ലോകത്തിന് ഇല്ലായിരുന്നു" (എബ്രാ. 11,38-.37).

**ഏകാന്തവാസി മരുഭൂമിയിലെ കല്ലുപോലെ എന്ന് ജോബ് 5,23-ൽ നിന്ന്**

നിങ്ങൾ മരുഭൂമിയിലെ കല്ലുകളാണ്. നിങ്ങളെപ്പറ്റി ജേതാവായ ജോബ് ഇപ്രകാരം പറഞ്ഞിരിക്കുന്നു: "മരുഭൂമിയിലെ കല്ലുകളുമായി നീ സഖ്യത്തിലാണ്" (5,23). ബുദ്ധിമാനായ എലീമാസ് പ്രകീർത്തിച്ചുകൊണ്ട് താരതമ്യത്തിന് എടുത്തുകാട്ടാൻ മരുഭൂമിയിലെ കല്ലിന് എന്തു വ്യതിരിക്തതയാണുള്ളത്? അവയെ പണിക്കായി അകത്തേക്ക് ഞെരുക്കി വച്ചിട്ടില്ല; കളിമണ്ണ് തേച്ചുപിടിപ്പിച്ചിട്ടില്ല; തകർക്കുന്ന പണിക്കാരനായ സാത്താന്റെ ഉളികൊണ്ട് വെട്ടിമുറിച്ച് തള്ളിയിട്ടില്ല എന്നിവയാണ് മരുഭൂമിയിലെ കല്ലിന്റെ ശ്രേഷ്ഠത. അവ താഴെ വീണുപോയില്ല; അവ കേടുപറ്റാത്ത രീതിയിൽ തന്നെ നിലനിന്നു. അവയുടെ നേർക്ക് ഉയർന്ന ദുഷ്ടന്റെ ചുറ്റിക അവയെ പൊട്ടിച്ചില്ല. സാത്താന്റെ പണിക്കാർ അവയെ മരുഭൂമിയിൽ നിന്ന് ജനവാസമുള്ള നാട്ടിലേക്ക് ഉരുട്ടി കൊണ്ടുപോയതുമില്ല.



ഇവയാണ് മരുഭൂമിയിലെ കല്ലുകൾ: മനുഷ്യരുടെ തിക്കും തിരക്കും ഉള്ളിടത്ത് സഞ്ചരിക്കാത്ത നീതിമാന്മാർ, അവർക്ക് മരുഭൂമിയും ഗുഹകളും വിജനമായ പാറയിടുക്കുകളും മതിയായവ ആയിരുന്നു. അവരുമായി നിനക്ക് സഖ്യം ഉണ്ടാകും (ജോബ് 5,23). എന്തുകൊണ്ടെന്നാൽ ആകാശമാണ് അവരുടെ മേൽക്കൂര, സൂര്യനും ചന്ദ്രനുമാണ് അവരുടെ വിളക്കുകൾ. "കാട്ടുമൃഗങ്ങൾ നിന്നോട് ഇണക്കം കാട്ടും" (5,23) എന്നത് ജാതികൾ മിശിഹായ്ക്ക് വിധേയമായിരിക്കും എന്നതിന്റെ പ്രവചനമാണ്. "നീ നിന്റെ ഭവനത്തിലേക്ക് തിരികെ വരും, നീ പാപം ചെയ്യുകയില്ല" (5,24). അതായത്, പാപരഹിതനായി നിന്റെ പറുദീസായിൽ. അങ്ങനെ, ജനവാസമുള്ള നാട്ടിലെ കല്ലുകളെ കാലുകൊണ്ട് ചവിട്ടുകയും ദൂരെ എറിയുകയും ചെളികൊണ്ട് പൊതിയുകയും ചെയ്യും; മരുഭൂമിയിലെ കല്ലുകൾ അവയിൽ നിന്ന് സംരക്ഷിതമായിരിക്കും. മലകളിലെ എന്റെ സഹോദരരേ, നിങ്ങളും മരുഭൂമിയിലെ കല്ലുകൾക്കു തുല്യരാണ്. നഗരത്തിലെ ഇടങ്ങളിലുള്ള പാപം പാദങ്ങൾ കൊണ്ട് നിങ്ങളെ ചവിട്ടി മെതിക്കില്ല. നഗരങ്ങളിലെ പാപമാലിന്യം കൊണ്ട് നിങ്ങൾ പൊതിയപ്പെടുകയില്ല.

**മരുഭൂമിയിൽ നെബുക്കദ്നേസറിന്റെ ദൃഷ്ടാന്തം**

നിങ്ങളെപ്പോലെ പ്രായശ്ചിത്തം ചെയ്യാൻ നെബുക്കദ്നേസറും മരുഭൂമിയിലേക്കു പോയി. കാരണം, ജനവാസമുള്ളിടത്തു വച്ചുണ്ടാകുന്ന മുറിവുകൾ മലകളിൽ സൗഖ്യം കണ്ടെത്തുന്നു. ജനവാസമുള്ളിടത്ത് പാപം ചെയ്യുന്നത് മരുഭൂമിയിൽ നീതീകരണം കണ്ടെത്തുന്നു. ആ രാജാവിനെപ്പറ്റി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "അവന് മനുഷ്യമനസ്സ് നീക്കപ്പെട്ട്, മൃഗമനസ്സ് നൽകപ്പെടും" (ദാനി.4,16). അവൻ നാലു കാലിൽ നടക്കുമെന്നല്ല, പിന്നെയോ, വന്യമൃഗങ്ങളോടൊത്ത് ഭൂമിയിലെ പുല്ലിൽ കഴിയാൻ അവന് ഒരു ഹൃദയം നൽകപ്പെടുമെന്നത്രേ (4,15). അവന് ആനക്കൊമ്പുകൊണ്ടുള്ള കട്ടിൽ ലഭിച്ചെങ്കിലും, അവൻ ദൈവത്തിൽ വിശ്വസിച്ചില്ല. തന്റെ സൃഷ്ടാവിനെ നിഷേധിക്കുകയും അഹങ്കാരപ്രമത്തനാകുകയും ചെയ്തു. അതുകൊണ്ട് തനിക്ക് ഇഷ്ടമുള്ളവന് നൽകാൻ അത്യുന്നതന് രാജാക്ക

ന്മാരുടെമേൽ അധികാരം ഉണ്ടെന്ന് ഗ്രഹിക്കുന്നതുവരെ അവൻ വിനീതനാക്കപ്പെട്ട്, താണിറങ്ങിവന്ന് മലയിൽ പുല്ലിന്മേൽ കിടക്കണം (4,32; 25.17).

അവന്റെ രോമം കഴുകന്റെ തൂവലുകൾ പോലെയും അവന്റെ നഖം പക്ഷിയുടെ നഖം പോലെയും വളർന്നതിനാൽ (ദാനി.4,33), അവന് തന്റെ സ്രഷ്ടാവിനെ തിരിച്ചറിയാൻ കഴിയുമായിരുന്നു. എന്നിട്ട് അവന്റെ അനുതാപത്തിന് സ്ഥിരീകരണവും അവന്റെ പ്രാർഥനയ്ക്ക് വിശ്വാസവും ഉണ്ടാകണമായിരുന്നു. അവന്റെ പ്രഭുക്കന്മാർ അവനെതേടി വരണമായിരുന്നു(4,36). പറുദീസായിൽ നിന്ന് പുറത്തു പോകേണ്ടിവരികയും മൃഗങ്ങളോടൊത്തു പാർക്കുകയും സസ്യങ്ങൾ ഭുജിക്കുകയും കാട്ടുകഴുതകളോടൊത്ത് ജീവിക്കുകയും ചെയ്ത ആദത്തിന് അവൻ തുല്യനായി. ദൈവം ആ രാജാവിനെ എവിടേക്ക് പുറന്തള്ളിയെന്ന് യഥാർഥത്തിൽ നിങ്ങൾക്കറിയാമല്ലോ. അവന്റെ പാപങ്ങൾ മരുഭൂമിയിലും മൃഗങ്ങളോടൊത്തും അപ്രത്യക്ഷമായി.

ദൈവത്തെ രമ്യപ്പെടുത്താൻ നിങ്ങളും അവനെപ്പോലെ മരുഭൂമിയിലേക്ക് ബദ്ധപ്പെട്ടു പോകുകയും പുൽപ്പുറത്തു കിടക്കുകയും ചെയ്തു. അതിനാൽ നിങ്ങൾ അവിടെനിന്ന് പറുദീസായിലേക്ക് കടക്കുകയും ഏദന്റെ മഹത്വം നിങ്ങൾക്ക് തിരികെ ലഭിക്കുകയും ചെയ്യും. പ്രഭുക്കൾക്കു പകരം സ്വർഗീയ ദൂതന്മാർ നിങ്ങളെ തേടും; നിങ്ങളുടെ സമ്പത്തിനു പകരം നിങ്ങൾക്ക് സ്വർഗത്തിൽ നിക്ഷേപം ലഭിക്കുകയും ചെയ്യും. എന്റെ സഹോദരരേ, ആ രാജാവിന് മരുഭൂമിയിൽ തന്റെ സുബോധം തിരികെ കിട്ടിയതു പോലെയാണ് നിങ്ങൾക്കും. ആദത്തിന്റെ പാപം നിമിത്തം ഏത് മഹത്വത്തിൽ നിന്നാണ് നിപതിച്ചതെന്നും ഏത് അധഃപതനത്തിലാണ് എത്തിച്ചേർന്നതെന്നും ചിന്തിക്കുക.

മാലാഖമാരുമായുള്ള സഖിത്വത്തിനു പകരം മൃഗങ്ങളുമായുള്ള സംസർഗത്തിൽ നിങ്ങൾ എത്തിച്ചേർന്നു. ആത്മീയരുടെ ഭക്ഷണത്തിനു പകരം സസ്യങ്ങൾ കൊണ്ട് നിങ്ങൾ പോഷിപ്പിക്കപ്പെട്ടു. നിങ്ങൾക്കിഷ്ടമാണെങ്കിൽ, സ്രാപ്പേന്മാരുടെ നിരകൾ നിങ്ങളുടെ പക്കലേക്കു വരികയും നിങ്ങളെ പാറയിടുക്കുകളിൽ നിന്ന് പ്രകാശഗോപുരങ്ങളിലേക്ക് ഉയർത്തിനയിക്കുകയും ധരയിലെ സസ്യങ്ങളിൽ നിന്ന് സ്വർഗീയോന്നതങ്ങളിലേക്ക് എടുത്തു മാറ്റുകയും ചെയ്യുമെന്നു ചിന്തിക്കുവിൻ. അവർ നിങ്ങളുടെ ഗുഹകളുടെ പൂട്ടു തകർത്ത് നിങ്ങളുടെ ഒളിസ്ഥലകവാടങ്ങൾ തുറന്ന് അവിടെ നിന്ന് മേഘങ്ങളിൽ പറക്കാൻ നിങ്ങൾക്കിടയാക്കുകയും ചെയ്യും.

**ജോബ് 39-ലെ കാട്ടുകഴുതയും കാട്ടുകാളയും ഏകാന്തവാസിയും**

തന്റെ മനോഹാരിതകൾ കൊണ്ട് ജോബും നിങ്ങളെ അലങ്കരിക്കുകയും നിങ്ങൾ സഞ്ചരിക്കുന്ന ഈ വഴിയുടെ പ്രതീകത്തിന്റെ രുചി അനുഭവിക്കാൻ ഇടയാക്കുകയും ചെയ്യട്ടെ. "ആരാണ് സ്വതന്ത്രനായ കാട്ടുകഴുതയെ സ്വതന്ത്രനാക്കിയതും അവന്റെ മേൽ നിന്ന് നുകം എടുത്തു മാറ്റിയതും" (ജോബ് 39,5). ലോകനുകവും സമ്പത്തിന്റെ അടിമത്തവും നിങ്ങളിൽ നിന്ന് ദൂരെയെറിഞ്ഞ നിങ്ങളാണത്. എന്തുകൊണ്ടെന്നാൽ മരുഭൂസമതലങ്ങളിലാണ് നിങ്ങളുടെ വാസസ്ഥലം; "ഉപ്പുഭൂമിയാണ് നിങ്ങളുടെ ഭവനം" (39,6). നിങ്ങൾ ഭൂസ്വത്തുക്കളുടെ ആധിക്യത്തെ നിന്ദിക്കുന്നു (39,7). നിങ്ങളുടെ ദൃഷ്ടിയിൽ അത് നിന്ദ്യമാണ്, നിങ്ങൾ അവയുടെ നിരവധി വരുമാനം എണ്ണുന്നുമില്ല. കാരണം, നിങ്ങളുടേത് അനുദിനാപ്പമാണ്, നിങ്ങൾ സമ്പത്തെല്ലാം നിരസിക്കുന്നു. നിങ്ങൾ നഗരത്തിലെ ബലിഷ്ഠരുടെ ശബ്ദത്തെ ഭയക്കുന്നില്ല (39,7). കാരണം നികുതി പിരിക്കാൻ നിങ്ങൾക്കു കഴിയില്ല. സമ്പത്തുള്ളവരും ധനവാന്മാരും ബലിഷ്ഠരുടെ ശബ്ദത്തെ ഭയക്കുകയും കള്ളന്മാരുടെ മുമ്പിൽ വിറയ്ക്കുകയും ചെയ്യുന്നു; എന്നാൽ നിങ്ങൾ അങ്ങനെയല്ല.



എല്ലാ പുല്ലും ചവിട്ടി മെതിക്കുകയും എല്ലാ മുന്തിരിത്തോട്ടങ്ങളിലും വയലുകളിലും മേയുകയും ചെയ്യുന്ന കാട്ടുകഴുതകളുമാണ് നിങ്ങൾ. നിങ്ങളെ തീറ്റിപ്പോറ്റുന്ന ദൈവിക കൃപയിലൂടെ എല്ലാ കളപ്പുരകളിലും ഭണ്ഡാരങ്ങളിലും നിന്ന് നിങ്ങൾ ഭക്ഷിക്കുവിൻ. പ്രവാചക വചനാനുസൃതം സഹോദരന്മാർ ലോകത്തിലെ എല്ലാ സമൃദ്ധഭോജനങ്ങളെയും കാലുകൊണ്ട് ചവിട്ടി മെതിക്കുന്നതിനാൽ, "അത് എല്ലാ പുല്ലും ചവിട്ടി മെതിക്കുന്നു" എന്ന ആ വചനം അന്വർഥമായിരിക്കുന്നു (39,8). കാരണം, നിങ്ങളുടെ ആത്മാക്കൾ എല്ലാ ഭക്ഷണത്തെയും വെറുത്തു (സങ്കീ. 107,18). വിവേകി ഭൂസ്വത്തിന്റെ സമൃദ്ധിയെ പുച്ഛിച്ചുതള്ളുന്നു (ജോബ് 39,7). ഉപ്പുഭൂമിയിൽ പാർക്കാൻ പോകുകയും ദൈവം അവനെ പരിപാലിക്കുമെന്ന് ആത്മവിശ്വാസം പുലർത്തുകയും ചെയ്യുന്നു. കാരണം, "നിന്നെ സേവിക്കാൻ കാട്ടുപോത്തിനെ പ്രേരിപ്പിക്കാനാകുമോ?" (39,9) എന്ന് ഇവിടെ അവതരിപ്പിച്ച കാട്ടുപോത്തിന്റെ രൂപത്തിൽ അവൻ ലോകത്തോട് ചോദിക്കുന്നു. വേദന നിറഞ്ഞ ലോകമേ, നിന്നെ കേൾക്കാൻ സത്യസന്ധനെ പ്രേരിപ്പിക്കാനാ കുമോ? അഥവാ, "അതിന്റെ കഴുത്തിൽ നിന്റെ നുകം വയ്ക്കാനാകുമോ?" അതായത്, വിശ്വാസിയുടെ കഴുത്തിൽ! "നിന്റെ കൽത്തറയിൽ അവൻ കലപ്പ വഹിക്കുമോ?" (39,10). അതിന് അവനെ കിട്ടില്ല. എന്തുകൊണ്ടെന്നാൽ ദൈവിക കൃപ അവനെ സ്വതന്ത്രനാക്കി, അടമപ്പണി ചെയ്യേണ്ട ആവശ്യം അവനില്ല!

കാരണം, കൽത്തറ ലോകമാണ്. അവിടെ പാർക്കാൻ പോകുന്നവർ കലപ്പപോലെ പിരിമുറുക്കം കാട്ടുന്നു. നിങ്ങൾ സ്വതന്ത്രരാണ്. നിങ്ങൾ ലോകത്തിന്റെ അടിമകളാകരുത്. നിങ്ങൾ സമ്പത്ത് അവകാശമാക്കരുത്. സ്വന്തമാക്കിയാൽ, ബലിഷ്ഠരുടെ സ്വരത്തിനു മുമ്പിൽ നിങ്ങൾ ഭയക്കും. നിങ്ങൾ ലോകത്തെ സേവിക്കരുത്. സേവിച്ചാൽ നിങ്ങൾ അടിമകളാകുകയും പീഡിപ്പിക്കുന്ന നുകം നിങ്ങളുടെ തോളിൽ വയ്ക്കപ്പെടുകയും ചെയ്യും.

എന്നാൽ ദൈവം പറയുന്നു: നുകം കൂടാതെ നിങ്ങളെ ഞാൻ വിട്ടു. യാതൊന്നും കൊണ്ട് നിങ്ങൾ ബന്ധിതരാകരുത്. ബന്ധിതരായാൽ, നിങ്ങൾ കൽത്തറയിലാണ് കെട്ടിവലിക്കപ്പെടുക. കടന്നു പോകാത്തതും അവസാനിക്കാത്തതുമായ കച്ചവടക്കയറിനാൽ നിങ്ങൾ ബന്ധിതരാകും. ഭാരമുള്ള നുകത്താൽ ലോകം നിങ്ങളെ പീഡിപ്പിക്കുകയും മന്ദീഭവിപ്പിക്കുകയും ചെയ്യും. കട്ടിയുള്ള തറയിൽ നിങ്ങളെക്കൊണ്ട് അത് നിലം ഉഴാനിടയാക്കും. പണികളുടെ ആരംഭത്തിന് അവസാനമുണ്ടാകയില്ല, കിരീടത്തിന് അവസാനമുണ്ടാകയില്ല. നീ ഒന്നിനെ അന്ത്യത്തിൽ എത്തിക്കുകയും സ്വസ്തമായിരിക്കാമെന്നു കരുതുകയും ചെയ്യുമ്പോൾ, അസംഖ്യം ഉപദ്രവങ്ങളോടുകൂടെ മറ്റനേകം കാര്യങ്ങൾ ഉദ്ഭവിക്കും. ഒരു പ്രവാഹം പോലെ നിലയ്ക്കാതെ അത് നിപതിക്കും. ഇപ്രകാരമാണ് ലോകത്തിലെ അധ്വാനം. അവസാനിക്കാത്ത ഒന്നിന്റെ പിറകെ ഓടാൻ നീ എങ്ങനെ ഇഷ്ടപ്പെടും? ഒരിക്കലും നിലയ്ക്കാത്ത ഒന്നിനായി നിനക്കെങ്ങനെ അധ്വാനിക്കാനാകും?

**തൃപ്തി വരാത്ത ലോകം**

ധനികനായി, മതിയെന്നു പറയുന്നവനെ, അഥവാ, അവകാശമായി ലഭിച്ചതു മതി എന്നു പറയുന്നവനെ, എപ്പോഴെങ്കിലും നീ കണ്ടിട്ടുണ്ടോ? അതേ, രാജാക്കന്മാർ തൃപ്തരല്ല, ഏകാധിപതികൾക്കു മതിവരില്ല, ന്യായാധിപന്മാർ വീണ്ടും കൽപ്പിക്കുന്നു, മതിയായി എന്ന് ധനികർ ഒരിക്കലും പറയുകയില്ല. ഇവൻ മറ്റവനെ കവരുന്നു; അവരേക്കാൾ കരുതൽ ഇല്ലാത്തവനിൽ നിന്ന് ഇരുവരും കവരുന്നു. ഇവൻ മറ്റവനെ ദരിദ്രനാക്കുന്നു, തങ്ങളേക്കാൾ ഉയർന്നു നിൽക്കുന്നവനെ ഇരുവരും ദരിദ്രനാക്കുന്നു. ഒരാൾ മറ്റൊരാളെ കൊള്ളയടിക്കുന്നു, തങ്ങൾക്കുപരി നിൽക്കുന്നവനെ ഇരുവരും കൊള്ളയടിക്കുന്നു. ഒരാൾ അപരനോട് പ്രതികാരം ചെയ്യുന്നു, ദൈവം അവരോടെല്ലാം പ്രതികാരം ചെയ്യുന്നു. ഒരാൾ മറ്റവനെക്കാൾ ഉയരുന്നു, എല്ലാവർക്കും മുകളിൽ മരണം ഭരണം നടത്തുന്നു. ഒരാൾ മറ്റവനിൽ അസൂയാലുവാകുന്നു, അവരുടെ അന്ത്യം: ഇരുവരും പാതാളത്തിൽ നീണ്ടുനിവർന്നു കിടക്കുന്നു. ഒരാൾ മറ്റവന്റെമേൽ ആധിപത്യം പുലർത്തുന്നു. എല്ലാവരുടെയുംമേൽ ജീർണത ആധിപത്യം പുലർത്തുന്നു. ഭൂസ്വത്തുള്ളവൻ മറ്റവനെ നോക്കുന്നു, സമ്പത്തുള്ളവൻ അത് വർധിപ്പിക്കാൻ നോക്കുന്നു. എപ്പോഴും കൂടുതൽ കൂടുതൽ ഉണ്ടാക്കാൻ ഉന്നം വയ്ക്കുന്നു. കച്ചവടക്കാർക്ക് തൃപ്തി വരുന്നില്ല, കൂട്ടിക്കൂട്ടി വയ്ക്കുന്നവർക്ക് അതിർത്തിവരമ്പില്ല. ഒരു ഭരണാധികാരി അപരനെ സ്ഥാനഭ്രഷ്ടനാക്കുന്നു, ഒരു ന്യായാധിപൻ അപരനെ നീക്കുന്നു. അവരെയെല്ലാം മരണം പുറത്താക്കുന്നു....ഒരാൾ മറ്റൊരാളെ മറിച്ചിടുന്നു, ഏകന്റെ കരത്താൽ എല്ലാവരും മറിഞ്ഞുവീഴുന്നു.

**വീണ്ടും ജോബ് 39-നെ ആധാരമാക്കിയുള്ള ഉപദേശം**

ദൈവമക്കളേ, ലോകസന്തതികളെ വിട്ട് നിങ്ങളോടൊന്നായിരിക്കാൻ



ഞങ്ങൾ ആഗ്രഹിക്കുന്നു. എന്റെ സഹോദരരേ, കച്ചവടവലയിൽ നിങ്ങൾ കുരുക്കിലാകരുത്. ശരിയായ പ്രബോധനം നിങ്ങൾക്ക് എന്ത് അർഥമാക്കുന്നെന്ന് കേൾക്കുവിൻ. “നിന്റെ കൽപ്പനയാലാണോ കഴുകൻ പറന്നുയരുകയും ഉയരമുള്ള പാറയിൽ കൂടു കെട്ടുകയും ചെയ്യുന്നത്?” (ജോബ് 39,27). പാറകളിൽ പാർക്കുന്ന സഹോദരങ്ങളെപ്പറ്റിയാണ് ഇത് പറയപ്പെട്ടിരിക്കുന്നത്. കാരണം, അവരാണ് കഴുകന്മാർ. ഈ വാക്കുകളുടെ അർഥമിതാണ്: നീ നീതിമാന്മാരെ തീറ്റിപ്പോറ്റുകയും അക്കാരണത്താൽ ചെങ്കുത്തായ പാറക്കൂട്ടങ്ങളുടെ തുഞ്ചത്ത് വസിക്കാൻ കയറുകയും ചെയ്യത്തക്കവണ്ണം അവർ നിന്റെ വാക്കോ നിന്റെ വാഗ്ദാനങ്ങളോ വിശ്വസിച്ചുവോ? നീ കൂടുതലായി എന്നിൽ വിശ്വസിക്കുകയും എന്റെ സഹായം പ്രതീക്ഷിക്കുകയും ചെയ്തില്ലേ? അതോ, നിന്നിൽ തന്നെ നീ പ്രതീക്ഷ അർപ്പിച്ചുവോ? എന്ന് ദൈവം ജോബിനോട് ചോദിക്കുന്നു. “അവർ ചെങ്കുത്തായ പാറക്കൂട്ടങ്ങളുടെ തുഞ്ചത്ത് വസിക്കുകയും രാപാർക്കുകയും ചെയ്തു” (ജോബ്,39,28). അതായത്, അവർ ആരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്നു. അതായത്, അവർ പാറക്കൂട്ടങ്ങളുടെ തുഞ്ചത്ത് ജീവിക്കുന്നു. അവർ മരിക്കുന്നതുവരെ. അത് “രാപാർക്കുന്നു” എന്ന് പറയപ്പെടുന്നു. “അവയുടെ ഇരകൾ കൊണ്ട് അവ പോഷിപ്പിക്കപ്പെടുന്നു” (39,29). അവരുടെ ഇര: അവരുടെ പ്രാർഥനകളും ശുശ്രൂഷകളുമാണ് അവരുടെ പോഷണം. അവർ പ്രാർഥന കഴിക്കുന്നവരും അവരുടെ അപ്പം ഉപവാസവുമാണ്. അതാണ് അവരുടെ ഇര. കാരണം, പ്രാർഥന ഇര എന്നു വിളിക്കപ്പെടുന്നു. മറ്റൊരിടത്തും അത് അപ്രകാരം വിളിക്കപ്പെടുന്നു. “അലസന് ഇരയെ പിടികിട്ടുകയില്ല” (സുഭാ.12,27). വേട്ടക്കാരെല്ലാം തന്ത്രപൂർവമാണ് ഇര പിടിക്കുന്നത്. പ്രാർഥന മാത്രം സൂത്രക്കാരന് ഭാഗഭാഗിത്വം നൽകുന്നില്ല. പ്രാർഥനയും ഒരു വലിയ ഇരയാണ്. എന്നാൽ ബോധത്തെ ഏകാഗ്രമാക്കി, ചിതറിയ ചിന്തകൾ നീക്കി, ഒളിച്ചുവച്ച്, അധ്വാനത്തിലൂടെയാണ് അത് ലഭിക്കുക. അപ്പോൾ പ്രാർഥന കൈയിലെത്തും, തന്റെ ഇച്ഛയുടെ വലയിൽ ഇര ഉണ്ടായിരിക്കും.

“അവ രക്തം വലിച്ചുകുടിക്കുന്നു” എന്ന് കഴുകനെപ്പറ്റി പറഞ്ഞത് (ജോബ്, 39,30) ക്രിസ്തുവിന്റെ രക്തത്തെപ്പറ്റിയാണ്. “അതിന്റെ കണ്ണുകൾ വിദൂരത്തിൽ നിരീക്ഷണം നടത്തുന്നു” എന്ന് അവൻ പറയുന്നു (39,29). കാരണം, സത്യസന്ധന്റെ നോട്ടം ഈ ദേശത്തിലേക്കല്ല പോകുന്നത്, അതിനേക്കാൾ കൂടുതൽ ദൂരേക്കാണ്; വരാനിരിക്കുന്ന ലോകത്തിലാണ് അവരുടെ നോട്ടം ഉറപ്പിച്ചിരിക്കുന്നത്. “കൊല്ലപ്പെട്ടത് കൊല്ലപ്പെട്ടു കിടക്കുന്നിടത്ത് അവരുണ്ട് ” (39,30). അവർ പാറമുകളിൽ പാർക്കുന്നെങ്കിലും, തങ്ങളുടെ വിശ്വാസത്തിൽ അവർ സഭാകൂട്ടായ്മയിലാണ്; അതിൽ നിന്ന് അകന്നല്ല എന്ന് അത് പറയുന്നു. “കൊല്ലപ്പെട്ടത് കൊല്ലപ്പെട്ടു കിടക്കുന്നിടത്ത് അവരുണ്ട്.” അതായത്, അവർ മരുഭൂമിയിൽ ആണെങ്കിൽ പോലും, കുർബാന അർപ്പിക്കപ്പെടുന്നിടത്ത് അവർ പങ്കെടുക്കുന്നു. ശാരീരികമായി

അകന്നിരിക്കുന്നതിനാൽ, അവർ സഭാമക്കൾ അല്ലാതാകുന്നില്ല, മറിച്ച് കൂടുതലായി തങ്ങളുടെ വിശ്വാസത്തിൽ അവർ സന്നിഹിതരാണ്.

പാറമുകളിൽ പാർക്കാൻ പുറപ്പെട്ടു പോയവരെ ഈ വാക്കുകൾ കൊണ്ട് അവർ കുർബാനയെപ്പറ്റി ഓർപ്പിക്കുന്നു. അവർക്ക് ഒരുപക്ഷേ വിശ്വാസമില്ലെന്ന് യാതൊരു സംശയവും വച്ചുപുലർത്താതിരിക്കാൻ, അവരുടെ വേർപാട് നല്ലതാണെന്ന് അവരെപ്പറ്റി അവൻ വിളംബരം ചെയ്യുന്നു. കൊല്ലപ്പെട്ടവൻ കൊല്ലപ്പെട്ടു കിടക്കുന്നിടത്തെല്ലാം കഴുകന്മാർ സന്നിഹിതരല്ല. അവർ ഭുജിക്കാത്ത നിരവധി മൃതർ ധരയിലുണ്ട്. മറിച്ച് കുർബാന അർപ്പിക്കുന്നിടത്തെല്ലാം പാറമുകളിലെ സഹോദരന്മാർ സന്നിഹിതരാണ്, അത് അവരെ ഒഴിവാക്കുന്നില്ല.

"അവരുടെ നയനങ്ങൾ വിദൂരതയിലേക്ക് നോക്കുന്നു" എന്നത് എന്താണ്? അടിയിലോ, പിറകിലോ, വശങ്ങളിലോ ഉള്ളത് അവൻ കാണുന്നില്ല. കാരണം, അവന്റെ മനസ്സ് അവന്റെ നോട്ടത്തെ മാത്രം പിൻചെല്ലുന്നു. ഏതിൽ അവന്റെ ദൃഷ്ടി ഉറപ്പിച്ചിരിക്കുകയും അവന്റെ നോട്ടം തിരിഞ്ഞിരിക്കുകയും ചെയ്യുന്നുവോ, അതു മാത്രമേ അവൻ കാണുന്നുള്ളൂ. ഈ ലോകത്തിന് ഉപരിസ്ഥമായി നോക്കുന്നവനും അപ്രകാരം തന്നെ ഈ ലോകത്തിലുള്ളത് കാണുന്നില്ല. അതിന് അവൻ അന്ധനായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ശരിയായി കാണാൻ തന്റെ മുമ്പിലുള്ള കണ്ണാടിച്ചില്ലിൽ അവന്റെ ദൃഷ്ടി ഉറപ്പിച്ചിരിക്കുന്നു. സഭാപ്രബോധനം എപ്രകാരം അറിയിക്കുകയും ഒരുക്കുകയും ശേഖരിക്കുകയും ചെയ്യുന്നെന്ന് കാണുക. അത് തിരുലിഖിതത്തിൽ നിന്ന് അതിന്റെ വെളിച്ചം മനസ്സിലേക്ക് പരത്തുകയും അരിഷ്ടന്റെ ആത്മാവിനെ സന്തോഷിപ്പിക്കുകയും അതിന്റെ പ്രത്യാശയിലൂടെ അവന്റെ കരങ്ങൾ ബലപ്പെടുത്തുകയും ചെയ്യുന്നു.

**മലകളുടെ വിശുദ്ധീകരണ പ്രവർത്തനത്തെപ്പറ്റി തിരുലിഖിതം**

മോശ നാൽപ്പതു ദിവസം മാത്രം സീനായ് മലയിൽ ആയിരുന്നപ്പോൾ, അവന്റെ മുഖം സൂര്യനെപ്പോലെ തിളങ്ങി. അപ്പോൾ ജീവിതത്തിലെ എല്ലാ ദിവസങ്ങളും മലയിൽ ആയിരിക്കുന്ന നിങ്ങൾക്ക് എത്രയധികം ആയിരിക്കും! ഏലിയായും ദൈവത്തോടു സംസാരിക്കാനും ഇസ്രായേലിനെ കുറ്റപ്പെടുത്താനുമുള്ള ആത്മധൈര്യം ഹോറേബ് മലയിൽവച്ച് നേടി. കൊത്തിവിഴുങ്ങുന്ന കാക്ക അവന് അപ്പവും ഇറച്ചിയും എത്തിച്ചു കൊടുക്കത്തക്ക വിധം അവൻ അതിനെ സേവകനാക്കി. മറ്റുള്ളവരുടേത് തട്ടിയെടുക്കുന്ന ജീവി ഏലിയായ്ക്കുവേണ്ടി വേഗത്തിലത് എത്തിച്ചുകൊടുത്തു. ഹാബേൽ ഒരു മലയിൽ ദൈവത്തിന് വെടിപ്പുള്ള അർപ്പണം നടത്തുകയും ദൈവം അതിൽ സംപ്രീതനാകുകയും ചെയ്തു. തന്റെ പുത്രനായ ഇസഹാക്കിനെ ബലി കഴിക്കാൻ ആഗ്രഹിച്ചതിനാൽ അബ്രഹാം മോറിയാ മലയിൽ വച്ച് ദൈവസ്നേഹിതനായി. കാരണം, മല കടിഞ്ഞാണില്ലാത്തവനെ ശിക്ഷണ



വിധേയനാക്കുകയും കഠിനഹൃദയന് അനുതാപവും അനുതാപരഹിതന് വേദനയും നൽകുകയും ചെയ്യുന്നു.

**അമ്പെയ്തുപരിശീലനവും എഴുത്തുപരിശീലനവും**

നഗരത്തിൽ വലിയ ബഹളമുള്ളതിനാലും ശ്രദ്ധ പതറിക്കുന്നതിനാലും അമ്പെയ്ത് പരിശീലിക്കാൻ ആഗ്രഹിക്കുന്നവർ വിജനസ്ഥലത്തേക്കു പോകുന്നത്, എന്റെ സഹോദരരേ, കാണുവിൻ. മനുഷ്യവാസമുള്ളിടത്ത് അവൻ തന്റെ ലക്ഷ്യസ്ഥാനം സ്ഥാപിച്ച് ശ്രദ്ധ കേന്ദ്രീകരിച്ച് വില്ലു കുലയ്ക്കുമ്പോൾ, ലക്ഷ്യം ഉന്നം വയ്ക്കുമ്പോൾ, ആരെങ്കിലും കടന്നുവന്ന് തടസ്സം ഉണ്ടാക്കാൻ ഇടയുണ്ട്. അവൻ രണ്ടാമതും തയാറെടുക്കുമ്പോൾ, ആദ്യത്തെ ഉദ്യമത്തിന്റത്രയും മെച്ചമാകാത്തതിനാൽ, അവന് അരിശം വരികയും അവൻ പരിചയമില്ലാത്തവനാണെന്ന് കാഴ്ചക്കാർ പറയുകയും ചെയ്യും. എന്നാൽ അവൻ വിജനസ്ഥലത്തായിരിക്കുകയും ആരും തന്നെ ശല്യപ്പെടുത്തുന്നില്ല എന്നറിയുകയും ചെയ്യുമ്പോൾ, കൃത്യം തന്റെ ലക്ഷ്യസ്ഥാനത്തു തന്നെ അമ്പെയ്തു പിടിപ്പിക്കുന്നു. അവൻ കൃത്യം ലക്ഷ്യത്തിൽ എത്തുന്നില്ലെങ്കിലും, തനിയെ ആയതിനാൽ, ആരും അവനെ കളിയാക്കുന്നില്ല.

വീണ്ടും, നീ ഒരു കടലാസിൽ ഒരക്ഷരം എഴുതാൻ തുടങ്ങുകയും പേനായിൽ മഷി വരാതിരിക്കുകയും നീ പകുതി മാത്രം എഴുതുകയും ചെയ്യുമ്പോൾ, എഴുതാൻ രണ്ടാമത് ഒന്നുകൂടി ശ്രമിക്കുന്നു. അപ്പോൾ വടിവില്ലാതെയാകും എഴുത്ത്. അതു ശരിപ്പെടുത്താൻ വലിയ ശ്രദ്ധ ആവശ്യമായതിനാൽ, നീ അതങ്ങു കളയുന്നു. നിന്നിൽ ഒരു പ്രാർഥനാവാക്കോ, ഒരു വിജ്ഞാനവാക്കോ രൂപീകൃതമാകുമ്പോഴും ഇപ്രകാരമാണ്. നിന്നെ ആരെങ്കിലും ശല്യപ്പെടുത്തുകയും നീ ആ വാക്ക് മറന്നു പോകാൻ ഇടയാകുകയും ചെയ്യുമ്പോൾ, അതു തിരികെ കിട്ടാൻ നീ എത്രയധികം അധ്വാനിക്കുന്നു. അത് അന്യൂനം വീണ്ടും കണ്ടെത്താൻ നിനക്ക് കഴിയാതെ വരികയും ചെയ്യുന്നു. അങ്ങനെ നിന്റെ സ്വഭാവാനുസൃതം ശ്രേഷ്ഠമായി അതുച്ചരിക്കാൻ നിനക്ക് കഴിയാതെ വരും. അതുകൊണ്ടാണ് വിജ്ഞാനിക്കും പ്രാർഥിക്കുന്നവനും മലയിലെ ഏകാന്തത പ്രയോജനകരമാകുന്നത്. വിജ്ഞാനികൾ ഒതുങ്ങി നിശ്ശബ്ദരായി ജീവിച്ചില്ലെങ്കിൽ, അവരിൽ വിജ്ഞാനത്തിന്റെ ഉറവ തുറക്കപ്പെടുകയില്ല. മുൾച്ചെടിയില്ലാത്ത ഗോതമ്പുസമാനം മലയിലെ ഏകാന്തതയിൽ പ്രാർഥിക്കുന്നവർക്കും അപ്രകാരം തന്നെയാണ്. അവരുടെ പ്രാർഥന മുളച്ചുവരികയും അവരുടെ അപേക്ഷ ഉന്നതത്തിലേക്ക് കയറുകയും ചെയ്യും. അബ്രഹാമിന്റെയും ഹാഗാറിന്റെയും മകനായ ഇശ്മായേലും അപ്രകാരം മരുഭൂമിയിലാണ് അമ്പെയ്ത് അഭ്യസിച്ചത്.

**ഏകാന്തവാസികളെ ഏശായായും ദാവീദും വിളിക്കുന്നു.**

മരുഭൂവാസികളേ, നിങ്ങളെ ബലപ്പെടുത്താൻ ഏശായാ ആവുന്നത്ര

ഉച്ചത്തിൽ കാഹളം മുഴക്കട്ടെ. അവൻ പറയുന്നു: "പാറയുടെ മുകളിൽ ഇരിക്കുന്നവർ സ്തുതിക്കട്ടെ. നിങ്ങളുടെ സ്തുതി ശ്രവിക്കപ്പെടും. മലമുകളിൽ നിന്ന് ആർത്തുവിളിക്കുകയും കർത്താവിന് സ്തുതി പാടുകയും ചെയ്യട്ടെ. ദ്വീപുകളിൽ നിന്ന് മഹത്വം പ്രകീർത്തിക്കട്ടെ" (ഏശാ.42,11ff). ദാവീദും അതുതന്നെ പറയുന്നു: "മലയിലേക്ക് ഞാൻ എന്റെ കണ്ണുകൾ ഉയർത്തും. അവിടെനിന്ന് എന്റെ സഹായകൻ വരും" (സങ്കീ.121,1). ഗോല്യാത്തുമായുള്ള പോരാട്ടത്തിൽ അവരുടെ പ്രാർഥനയിലൂടെ സഹായം ലഭിക്കുമെന്ന്, മലവാസികളെ സത്യമായും അവൻ ഓർത്തു. അതുകൊണ്ട്, പ്രാർഥിക്കുന്നവർക്ക് മല ഒരു സഹായമാണ്. ആഴത്തിൽ പാർക്കുന്നവരും ലോകത്തിൽ വസിക്കുന്നവരും നന്ദികെട്ടവരായിത്തീർന്ന് ദൈവത്തിന് മഹത്വം നൽകാത്തതിനാൽ, ലോകം നിമിത്തം വഴിതെറ്റിപ്പോകാത്ത പാറവാസികൾ അവനെ സ്തുതിക്കട്ടെ.

ദുഷ്ടത നിമിത്തം സോദോമ്യർ ലോത്തിന്റെ മേൽ ചാടിവീഴാൻ തുടങ്ങിയപ്പോൾ, മാലാഖമാർ അവനെ സോദോമിൽ നിന്ന് പുറത്തേക്ക് ആനയിക്കുകയും അഗ്നിയിൽ നിന്ന് രക്ഷിക്കാൻ ദൈവം ആഗ്രഹിക്കുകയും ചെയ്തപ്പോൾ, അവനോട് ഇപ്രകാരം പറഞ്ഞു: "മലയിലേക്ക് ഓടിപ്പോയി നിന്റെ ജീവൻ രക്ഷിക്കുക" (ഉൽപ്പ. 19,17). "സമതലത്തിലെങ്ങും തങ്ങുകയോ, തിരിഞ്ഞു നോക്കുകയോ ചെയ്യരുത്." ദൈവം ഇവിടെ പറഞ്ഞതുപോലെ, ദാവീദും പറഞ്ഞു. അതായത്, തന്റെ ജനവും തന്റെ നീതിമാന്മാരും തിരിഞ്ഞു നോക്കരുതെന്ന് ദൈവം അവരോട് പറഞ്ഞു. കാരണം, ലോകത്തിൽ ഒരേയൊരു നീതിമാൻ മാത്രം മതിയാകും. ഏക നീതിമാനായ ലോത്തിനോടൊത്ത് ദൈവം ഉണ്ടായിരുന്നു. അവനോട് അവിടുന്ന് സംസാരിച്ചു. എന്നാൽ ലോത്തിന്റെ ഭാര്യ അവളുടെ രീതി അനുസരിച്ച് ധിക്കാരി ആയിരുന്നതിനാൽ,-സ്ത്രീ എപ്പോഴും അധിക പ്രസംഗിയാണ്-കാണാനായി തിരിഞ്ഞു നോക്കുകയും അവളെ കാണുന്നവർക്കെല്ലാം അത്ഭുതകാഴ്ചയും ദൈവകൽപ്പന ലംഘിക്കുന്നവർക്ക് ലജ്ജാഹേതുവുമായി ഉപ്പുതൂണായി തീരുകയും ചെയ്തു. സോദോമിൽ നിന്ന് ലോത്തിന്റെ പുറപ്പാട് പിൽക്കാലത്ത് മലകളിലേക്ക് പോകാൻ ആഗ്രഹിക്കുന്നവരുടെ പ്രതീകമായിരുന്നു.

### മിശിഹാ ധരയിലെറിഞ്ഞ അഗ്നി

ലോത്തിനെ എന്നപോലെ മനുഷ്യരെ മലയിലേക്ക് നയിക്കുന്നതിന്, സോദോമിലെപ്പോലെ ധരയിൽ തീയിടാനാണ് നമ്മുടെ കർത്താവ് വന്നത്. അവിടുന്ന് പറയുന്നു: "ഭൂമിയിൽ തീയിടാനാണ് ഞാൻ വന്നിരിക്കുന്നത്" (ലൂ.12,49). ഒരു ഭവനത്തിൽ നിന്ന് അഗ്നിയിലേക്ക് എറിയപ്പെടാൻ പോകുന്നു മനുഷ്യർ ലോകത്തിൽ നിന്ന് പുറപ്പെട്ട് മലകളിലേക്കും സമതലങ്ങളിലേക്കും പാറയിടുക്കുകളിലേക്കും പായുന്നു. തീയിലേക്ക് എറിയപ്പെടാൻ പോകുന്ന ഭവനാധിപനും കണ്ണിൽ കണ്ടതെല്ലാം മറ്റൊരു ഭവനത്തിലേക്ക് മാറ്റുന്നതിന്



തികച്ചും സംഭീതനായി ധൃതിപ്പെടുന്നു. അതുപോലെ ദൈവവചനവും ഒരഗ്നിയാണ്. അത് ധരയിൽ നിപതിച്ചു. മനുഷ്യർ തങ്ങളുടെ സമ്പാദ്യങ്ങൾ എടുത്ത്, മറ്റൊരു ഭവനമായ സ്വർഗത്തിലേക്ക് ദാനധർമമാകുന്ന പാതയിലൂടെ വഹിക്കുന്നത് കാണുക. സ്വർഗത്തിലേക്ക് ഉയർത്തപ്പെടാൻ കഴിയാത്ത ധരയിൽ കാണപ്പെടാതിരിക്കാൻ അവർ ധൃതിപ്പെടുന്നു. കാരണം, അഗ്നിയിൽ എറിയപ്പെടാൻ പോകുന്ന ഭവനത്തിൽ അവശേഷിക്കുന്നവ അഗ്നിയിൽ നശിച്ച് ചാരമായിത്തിരുന്നു.

അക്കാരണത്താൽ തങ്ങളുടെ സമ്പത്ത് ദാനധർമങ്ങളിൽ സ്വർഗത്തിലേക്ക് അവർ കയറ്റിവിടുന്നു. അഗ്നിയിൽ കത്തിയമരുന്ന ധരയിൽ ഒന്നും അവശേഷിപ്പിക്കാതിരിക്കാൻ അവർ അവയെ അകറ്റുന്നു. ഒന്നും പിന്നിൽ ഉപേക്ഷിക്കാതിരിക്കുന്നതിനും തീ കത്തുന്നിടത്തുനിന്ന് തന്റെ സമ്പാദ്യം മുഴുവൻ എടുത്തുകൊണ്ടു പോകുന്നതിനും മനസ്സമാധാനത്തോടെ തന്നോടൊപ്പം വഹിക്കുന്നതിനും അവൻ ധൃതിയിൽ എല്ലാം സൂക്ഷ്മപരിശോധന നടത്തുന്നു. അങ്ങനെ അവന് ഒന്നും നഷ്ടപ്പെടുന്നില്ല. തന്റെ സമ്പത്തിനെപ്പറ്റിയുള്ള ഉറപ്പോടുകൂടെ യാത്രയാകുന്നതിനാൽ, അവൻ സന്തോഷിച്ച് ആനന്ദിക്കുന്നു. അങ്ങനെ ദൈവവചനം അഗ്നിയായിത്തീർന്ന് ധരയിൽ നിപതിച്ചു: അതായത്, മനുഷ്യമനസ്സിൽ. വീട് കത്തിപ്പോകുന്ന മനുഷ്യരെപ്പോലെ, അവർ ഓടിയകന്ന് മലയിൽ അഭയം തേടി, ഗുഹകളിലും പാറയിടുക്കുകളിലും ഒളിക്കുന്നു. അവൻ അവർക്ക് സ്വർഗരാജ്യം വാഗ്ദാനം ചെയ്തതിനാൽ, "അത് എന്റെ അസ്ഥികളെ കത്തി ദഹിപ്പിക്കുന്ന അഗ്നി പോലെയായി; അതിനെ അടക്കാൻ ശ്രമിച്ചെങ്കിലും എനിക്കതിന് കഴിഞ്ഞില്ല" എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ, അവരിൽ അവൻ ഒരഗ്നി കത്തിച്ചു.

### ജറമിയായിലെ ദൈവവചനാഗ്നി

പ്രവാചകനായ ജറമിയായുടെ വാക്ക് ഇവിടെ പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. അവൻ പറഞ്ഞു: "എന്റെ വചനം അഗ്നി പോലെയും പാറപിളർക്കുന്ന കൂടം പോലെയും പുറപ്പെടുന്നു" (23,29). കാരണം, മനുഷ്യർക്ക് ശിലസമാനഹൃദയം ഉണ്ടായിരുന്നു; കൂടം കൊണ്ടെന്നപോലെ അവരുടെ കഠിനഹൃദയം കർതൃവചനത്താൽ പിളർക്കപ്പെട്ടു. "എന്നിൽ നിന്ന് അകന്നുപോയ അവരുടെ അവിശ്വസ്ത ഹൃദയം ഞാൻ തകർത്തു" (എസ.6,9). അങ്ങനെ അവിടുത്തെ വചനത്താൽ അവരുടെ ഹൃദയകാഠിന്യം തകർക്കപ്പെടുകയും വചനത്തിൽ നിന്നൊഴുകിയ സത്യദൈവാരാധന ഗ്രഹിക്കാൻ അതിൽ ഇടമുണ്ടാകുകയും ചെയ്തു. "ഇതാ, എന്റെ വചനം അഗ്നിപോലെ പുറപ്പെടുന്നു." എന്തു ചെയ്യാൻ? അവരുടെ ദുശ്ശാഠ്യ ഹൃദയവയലിൽ നിന്ന് വിജാതിയ കുറ്റിച്ചെടികൾ കത്തിച്ചുകളയാൻ മാത്രം! കൂടം പോലെ പാറപിളർക്കുന്നു. എന്തിനുവേണ്ടി? കൈകളാൽ സംഭവിക്കാത്ത ഒരു ച്ഛേദനത്താൽ അവരുടെ കഠിനഹൃദയം മുറിക്കാൻ. അങ്ങനെ: തടികൊണ്ടുള്ള വിഗ്ര

ഹങ്ങൾ ഉണ്ടായിരുന്ന കാലത്തിനെതിരെ അവൻ പറഞ്ഞു: "അവയെ കത്തിക്കാൻ എന്റെ വചനം അഗ്നിപോലെ പുറപ്പെടുന്നു." കല്ലുവിഗ്രഹങ്ങൾക്കെതിരെ അവൻ പറഞ്ഞു: "കൂടം കല്ലു പിളർക്കുന്നതുപോലെ." അവിശ്വാസിയുടെ മനസ്സിൽ അവന്റെ വചനം ആഴ്ന്നിറങ്ങി അതിൽ നിഗൂഢമായി അതിലെ വിഗ്രഹങ്ങൾ കത്തിക്കുകയും തകർക്കുകയും ചെയ്തു കഴിയുമ്പോൾ, അവർ തങ്ങളുടെ സ്വന്തം കൈകൾ കൊണ്ട് അഗ്നിയും കൂടവും എടുത്ത് ദൃശ്യമാംവിധം അവരുടെ ദേവന്മാരെ കത്തിക്കുകയും തകർക്കുകയും ചെയ്യും.

വീണ്ടും, നമ്മുടെ കർത്താവ് പറഞ്ഞു: "ഭൂമിയിൽ തീയിടാൻ ഞാൻ വന്നിരിക്കുന്നു" (ലൂ.12,49). വിഗ്രഹങ്ങളെ കത്തിക്കാൻ ഞാൻ വന്നിരിക്കുന്നു. ധരയെ പാദത്തിൻ കീഴമർത്താൻ ഉയർന്ന,... കർത്താവിന്റെ മുമ്പിലുള്ള, സജീവവും ബുദ്ധിപൂർവകവുമായ പ്രബോധനത്താൽ ധരയെ കീഴടക്കിയ മിശിഹായുടെ ശക്തിയുടെ ഗാംഭീര്യത്തിന്റെ മുമ്പിലുള്ള, ഭയത്താൽ അവ പാറഗുഹകളിലും ഭൂമിയിലെ മാളങ്ങളിലും ഒളിക്കും.

### മിശിഹായുടെ അഗ്നി; ലോത്തിന് ദൂതന്റെ മുന്നറിയിപ്പ്

അങ്ങനെ ഭൂമിയിൽ തീ എറിയപ്പെട്ടു. അതിൽ നിന്ന് ഓടിപ്പോകാത്തവനെ തീ കത്തിക്കുന്നു. എന്നാൽ വിവേകികളിൽ മിശിഹായുടെ സ്നേഹം ഉജ്ജ്വലിക്കുകയും തങ്ങളുടെ നാഥനായ മിശിഹാ അവരോടു വാഗ്ദാനം ചെയ്തവ അവസാനം അവർക്കു ലഭിക്കുമ്പോൾ, അവരുടെ ചിന്തയെ വിഴുങ്ങുകയും ചെയ്യുന്നു. അവിടുത്തെ വചനം അവരിൽ കത്തിജ്ജ്വലിക്കുന്നതിനാൽ, അവർ തങ്ങളെത്തന്നെ നാടുകടത്തുന്നു. അവർ പാറകളുടെ അടിയിലും ഗുഹകളിലും മരുഭൂമിയിലെ തകർന്ന കോട്ടകളിലും തങ്ങളെത്തന്നെ അടയ്ക്കുന്നതു കാണുക. തീയിൽ നിന്നു രക്ഷപെടുന്ന മനുഷ്യരെപ്പോലെയും ധരയിൽ വീടോ കുടുംബമോ ഒന്നുമില്ലാത്തവരെപ്പോലെയും പാറയിൽ നിന്ന് പുറത്തേക്ക് വന്നവരെപ്പോലെയുമാണവർ. ഇതു ശരിയായിരിക്കുന്നു: അവർ ക്രിസ്തുവാകുന്ന പാറയിൽ നിന്ന് ജനിച്ചവരാണ്. ദൈവത്തെ സ്നേഹിക്കുന്നവരും ഇവിടെ ഈ ധരയിൽ ബന്ധുക്കൾ ഒന്നും ഇല്ലാതിരിക്കുന്നവരുമായ അവർ പാറയുടെ സന്തതികളാണ്.

തിരിഞ്ഞു നോക്കരുതെന്ന് മാലാഖാ ലോത്തിന് മുന്നറിയിപ്പു നൽകിയതു പോലെ, പിറകോട്ട് തിരിയരുതെന്ന് മാലാഖമാരുടെ കർത്താവ് നമുക്ക് മുന്നറിയിപ്പ് നൽകി, ലോത്തിന്റെ ഭാര്യയുടെ ദൃഷ്ടാന്തം കാട്ടിയിരിക്കുന്നു. "ചന്തസ്ഥലത്തായിരിക്കുന്നവൻ തന്റെ സാധനങ്ങൾ എടുക്കാൻ ഭവനത്തിലേക്ക് കടക്കരുത്" (ലൂ.17,31). ലോത്തിന്റെ ഭാര്യയെ ഓർക്കുവിൻ. ലോത്ത് ദൂതന്റെ വാക്ക് നിന്ദിക്കാതിരിക്കയും തിരിയാതിരിക്കുകയും ചെയ്തെങ്കിൽ, ദൂതന്റെ കർത്താവിന്റെ വാക്കിനെ ഭയപ്പെടുക എത്രയധികം ഉചിതമാണ്.



"അവർ ശരിയായ പാതയിലൂടെ മുന്നോട്ട് പോകും" എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ (ഏശാ.57,2) നമുക്കും ശരിയായ പാതയിലൂടെ മുന്നേറാം.

ഇവിടെ നമുക്ക് വീണ്ടും ഒരു കവാടം തുറക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഈ കത്ത് എത്രയും വേഗം അവസാനിപ്പിക്കാൻ നാം ഉദ്ദേശിക്കുന്നതിനാൽ, ഈ വാക്ക് നാം കടത്തിവിടുന്നു. ലോത്തിന്റെ ഭാര്യ ദൈവസേവകന്റെ വാക്ക് നിന്ദിക്കുകയും ആ ശിക്ഷയേൽക്കുകയും ചെയ്തെങ്കിൽ, ദാസന്റെ നാഥനെ നിന്ദിക്കുന്നവനോടുള്ള പ്രതികാരം എത്ര കയ്പ്പേറിയതായിരിക്കും. കാരണം, നമ്മുടെ കർത്താവ് നമുക്കു നൽകിയ കൽപ്പന മറികടക്കരുതെന്നും ലോകത്തിലേക്ക് തിരികെ നോക്കരുതെന്നും അടയാളവും ദൃഷ്ടാന്തവുമായി ലോത്തിന്റെ ഭാര്യയിൽ നിന്നുള്ള തെളിവിലൂടെ അവൻ നമ്മിൽ ഭയം ജനിപ്പിക്കുന്നു.

### കലപ്പയ്ക്ക് വച്ച കൈ സംബന്ധിച്ചുള്ള കർതൃവചനം

നമ്മുടെ കർത്താവ് വീണ്ടും പറയുന്നു: "കലപ്പപ്പിടിയിൽ പിടിച്ചിട്ട് തിരിഞ്ഞു നോക്കുന്നവൻ സ്വർഗരാജ്യത്തിന് യോഗ്യനല്ല" (ലൂ.9,62). കലപ്പപ്പിടി, കലപ്പയുടെ വാൾ എന്നുവിളിക്കപ്പെടുന്നു; "ദൈവവചനം വാൾ ആണ്" (എഫേ.6,17). അതായത്, വലിയ നേട്ടം കിട്ടാൻ, പരീക്ഷണങ്ങളുള്ള മനുഷ്യവാസമുള്ളിടത്ത് നാം പാർക്കണം. കാരണം, ഇച്ഛിക്കാതെ കാണുകയും പാപം ചെയ്യാതെ കാണുകയും ചെയ്യുന്നവരുടെ നേട്ടം വലുതാണ്. അവരുടെ പ്രതിഫലം പോലെ അവരുടെ പോരാട്ടവും വലുതാണ്.

എന്റെ സഹോദരാ, നിനക്കെതിരെ സാത്താൻ ഈ തടസ്സം ഉന്നയിക്കുന്നു. അങ്ങനെ നിന്നെ ഉൾവലിച്ച് കാമാസക്ത നോട്ടത്തിലൂടെ നിന്നെ പരീക്ഷിക്കുകയും നിന്റെ കണ്ണുകളിലും കാതുകളിലും കൂടെ നിനക്ക് പീഡനമേൽപ്പിക്കുകയും നിന്റെ എല്ലാ അവയവങ്ങളിലൂടെയും നിന്നെക്കൊണ്ട് പാപം ചെയ്യിക്കുകയും ചെയ്യാനാണിത്. അവസാനം നീ ലൗകികനായി അവിടേക്ക് പോകുകയും ഇപ്രകാരം പറയുകയും ചെയ്യും: അവരുടെയത്രയും എനിക്കും അനുവദനീയമാണ്. എന്നാൽ നീ എന്തിനാണ് അങ്ങോട്ടു പോകുന്നത്? അഴിഞ്ഞാട്ട സ്ത്രീകളുടെ വഴിപിഴപ്പിക്കുന്ന നോട്ടത്തിനാണോ? അതോ, നടന്ന കാര്യങ്ങളെ പറ്റിയുള്ള മോശമായ സംസാരത്തിൽ ക്ലേശിക്കാനും നിന്റെ കാത് മലിനമാക്കാനുമാണോ? അതിലൂടെ നീ നിനക്കെതിരെ പോരാട്ടം ഇളക്കിവിടുന്നു എന്നുമാത്രം. ഇതിനു നീ മനസ്സായിരിക്കുകയും, ദൈവത്തിൽ നിന്ന്, ചെറിയൊരധ്വാനത്തിലൂടെ വിജയകിരീടം പ്രാപിക്കാൻ ആഗ്രഹമില്ലാതിരിക്കുകയും ചെയ്യുമ്പോൾ, മനുഷ്യവാസമുള്ളിടത്ത് പാർക്കുന്നവരെപ്പോലെ ലോകത്തിന്റെ നിന്ദ്യനോട്ടങ്ങളുടെ സഹനത്തിലൂടെ നീതീകരണം പ്രാപിക്കാൻ ആഗ്രഹിക്കുമ്പോൾ, നീ വഴിയിലായിരിക്കുമ്പോൾ എന്തെങ്കിലും ചെയ്യാനും കൂടുതൽ ആയാസം ഒഴിവാക്കാൻ ദൂരം കുറഞ്ഞ

വഴികളലൂടെ നഗരത്തിൽ നിന്ന് നഗരത്തിലേക്ക് പോകുന്നതിനും നിന്റെ യാത്ര വാഹനമൃഗത്തിന്മേൽ ആയിരിക്കുന്നതിനും എന്തിനാണ് നീ പരിശ്രമിക്കുന്നത്?

**ലോകജീവിതവും പരിപൂർണതയും**

അതുകൊണ്ട്, ഇതുവരെ ആരും കയറിയിട്ടില്ലാത്ത മലയിൽ കയറുക; ആരും സഞ്ചരിച്ചിട്ടില്ലാത്ത സമതലത്തിലേക്ക് ഇറങ്ങുക. അതിൽ ഒരു പ്രയോജനവും ഇല്ലാതിരിക്കുമോ? ചെറിയൊരു പരിശ്രമത്തിലൂടെ അല്ലാതെയും ചടുതലയോടെ ആണെങ്കിലും വിശുദ്ധരുടെ നഗരത്തിൽ ചവിട്ടാൻ സാധിച്ചാൽ, സത്യമായും കുറ്റപ്പെടുത്താനില്ല, ന്യായീകരണം നൽകേണ്ടതുമില്ല. അൽപ്പമാത്രമായി അധ്വാനിച്ചാലും കുറ്റപ്പെടുത്താനാവില്ല.

നീതിമാന്റെ ദർശനം നിനക്ക് പ്രയോജനകരമാകുന്നില്ലെങ്കിൽ, നഗരങ്ങളിലെ പാപികളുടെ നോട്ടം നിന്നെ സഹായിക്കുമോ? സ്വന്തമായി പണിയാത്തവർ നിന്നെ എങ്ങനെ വഴിതെറ്റിക്കാതിരിക്കും? മരുഭൂമിയിലുള്ളവരുടെ ഉപവാസവും അധ്വാനവും വിജയവും കേട്ടിട്ട് നിനക്ക് പ്രയോജനം ഉണ്ടാകുന്നില്ലെങ്കിൽ, ഏതോ ഒരു ചതിയൻ, ഏതോ ഒരു പാപി, നിന്നെ പഠിപ്പിക്കുന്നത് എങ്ങനെ നടക്കും? മറ്റുള്ളവരേക്കാൾ കൂടുതൽ ഉപവസിക്കുന്നതിനും ജാഗരണം ചെയ്യുന്നതിനും പരസ്പരം മത്സരിക്കുന്നവർക്ക് നിന്നെ നന്നാക്കാൻ പറ്റിയില്ലെങ്കിൽ, വയറേ ശരണം എന്നു കരുതുകയും ഉച്ചയ്ക്കും വൈകിട്ടുമുള്ള ഭക്ഷണത്തെപ്പറ്റി മാത്രം ചിന്തിക്കുകയും ചെയ്യുന്നവന് എങ്ങനെ കഴിയും? ധരയിൽ സമ്പാദ്യം ഒന്നുമില്ലാതിരിക്കുകയും തങ്ങൾ കാണുന്ന കാഴ്ച നേർവഴി കാട്ടുകയും ചെയ്യുന്നവർ നിന്നെ ശിക്ഷണവിധേയനാക്കിയില്ലെങ്കിൽ, വസ്ത്രങ്ങൾക്കു മേൽ വസ്ത്രം കുന്നു കൂട്ടുന്നവന് നിന്നെ ശിക്ഷണവിധേയനാക്കാൻ കഴിയുമോ?

എന്റെ സഹോദരാ, എന്നോടു പറയുക. നീ മരുഭൂമിയിൽ പാപത്തെ കീഴമർത്തിയോ? ഇപ്പോൾ മനുഷ്യവാസമുള്ളിടത്ത് വിജയിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ? അഥവാ, മലമുകളിൽ നടത്തേണ്ടിവന്ന പോരാട്ടം സ്ഥിരമാണെന്ന് നീ കരുതുന്നുണ്ടോ? ഉത്കണ്ഠ കൂടാതെ ഒരു ദിവസം മാത്രം ഒരു പ്രാവശ്യംകൂടി കഴിയുക; നിന്റെ മനസ്സ് അലഞ്ഞു തിരിയാതിരിക്കാൻ ഒറ്റ പ്രാർഥനകൂടി നടത്തുക. അതു ചെയ്തു കഴിയുമ്പോൾ, മനുഷ്യവാസമുള്ളിടത്തും വിജയം നേടാൻ നീ ആഗ്രഹിക്കുന്നുവോ? ഇവിടെയും നിശ്ചയമായും നീതിമാന്മാരും സത്യക്രിസ്ത്യാനികളുമുണ്ട്. എന്നാൽ ഇതും വിശ്വസിക്കുക: മലയിൽ വച്ച് നിനക്ക് ഉറപ്പില്ലെങ്കിൽ, നിന്നിൽ പാപത്തിന് കുറവുണ്ടാകുകയില്ല. മറിച്ച് മനുഷ്യവാസമുള്ളിടത്തെ മനുഷ്യർ സുബോധമുള്ളവരാണെങ്കിൽ, അവരുടെ മേൽ പാപത്തിന് ആധിപത്യം ഉണ്ടായിരിക്കുകയില്ല. സത്യപാതയ്ക്കുള്ള തീക്ഷ്ണത എല്ലായിടത്തും ആവശ്യമാണ്. ഒരു ദൈവമനുഷ്യനായി തീരാൻ മല സഹായിക്കുന്നില്ല; കാരണം, ഈ ലോക



വസ്തുക്കളുടെ കാഴ്ചയിൽ നിന്നും നിന്ദ്യഭാഷണത്തിൽ നിന്നും അകന്നിരിക്കുന്നെങ്കിലും നീ കാണാത്തത് നിന്റെ ഉള്ള് നിന്നെ കാട്ടും. നീ മലയിലും മരുഭൂമിയിലും ആയിരിക്കുമ്പോൾ, മനുഷ്യവാസമുള്ള നാട് നിന്നിൽ മറഞ്ഞിരിക്കുന്നു. അതോടൊപ്പം നീ യാത്ര തിരിക്കുകയും പരാജയപ്പെടുകയും ചെയ്യും. അതുകൊണ്ട് ലോകത്തെ ചിന്തയിൽ സ്വന്തമാക്കുന്നത് മതിയാക്കുക. നിന്റെ വാക്കുകൾ കർമപഥത്തിൽ എത്താതിരിക്കട്ടെ.

**ധനവാനായ സന്ന്യാസിയുടെ പീഡനം**

എന്റെ സഹോദരരേ, സോളമന്റെ ഗ്രന്ഥത്തിൽ നിന്ന് ഒരു ഭീകരവാക്കു ഞാൻ കേട്ടു. അത് വേദന വഹിക്കുന്നതും പൂർണമായി ഭ്രമിപ്പിക്കുന്നതും താക്കീതു നൽകുന്നതും മലവാസികളുടെ കൈയിൽ ഒരായുധം നൽകുന്നതുമാണ്. ഉറക്കം തൂങ്ങികളെ ഈ വാക്ക് ലജ്ജിപ്പിക്കുന്നു. അത് ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: "ദീർഘകാലം മരുഭൂമിയിൽ ആയിരുന്നവരെ സമ്പത്ത് നശിപ്പിച്ചു." ഞാൻ ആ വാക്കു കേട്ടപ്പോൾ മലവാസികളെപ്പറ്റിയുള്ള സൂചനയിൽ നിന്ന് വ്യത്യസ്തമായ ഒരർഥം അവതരിപ്പിക്കാൻ പരിശ്രമിച്ചു. ഇത് അവരെപ്പറ്റിയല്ല, മറ്റാരേപ്പറ്റിയോ ആണ് സംസാരിക്കുന്നതെന്ന് ഞാൻ ആ വാക്ക് വലിച്ചുനീട്ടി നോക്കി. എന്നാൽ ഇങ്ങനെ പറയാൻ ആ വാക്ക് നിർബന്ധിച്ചു: എന്നിൽ ഇല്ലാത്തത് എന്നിൽ തേടേണ്ട. നീണ്ടകാലം ഒരു വാസസ്ഥലം കാണാതിരിക്കുകയും പിന്നീട് കറങ്ങിനടന്ന് സമ്പത്ത് സ്വന്തമാക്കുകയും ചെയ്തവരുടെ ജീവിതരീതിയെപ്പറ്റി എനിക്ക് ദുഃഖം തോന്നി.

ആ വാക്ക് എന്റെ കാതുകളിൽ പറഞ്ഞതുപോലെ, ആ സമ്പത്ത് അവരെ നശിപ്പിച്ചു. എന്നാൽ മറ്റുള്ളവർ പരിപൂർണതയിൽ അവസാനിപ്പിച്ചു. അവർ നിലനിൽക്കുകയും നീതിപൂർവം മരിക്കുകയും ചെയ്തു. എന്നാൽ സന്യാസഭവനങ്ങളിൽ കപടസന്യാസികളും പാർത്തു.അവർ കാപട്യപൂർവം നീതിരഹിതമായി സമ്പത്ത് സ്വന്തമാക്കി. അവർ നിമിത്തം സത്യസന്യാസികളും ക്ലേശിക്കേണ്ടിവന്നു. നമ്മുടെ കാലത്ത് മലകളിൽ നുണയരും പാർക്കുന്നു. അവർ നിമിത്തം ആ പ്രത്യാശയിലും ദൈവിക കൃപയിലും കാണപ്പെടുന്നവരും പീഡിപ്പിക്കപ്പെടുന്നു. ജനവാസമുള്ള നാട്ടിൽ ഉപേക്ഷിച്ചവയൊക്കെ അവർ മരുഭൂമിയിൽ നേടിയെടുത്തു. നഗരങ്ങളിൽ സ്വന്തമാക്കാതിരുന്നവ വിജനസ്ഥലങ്ങളിൽ സമ്പാദിച്ചു. നശ്വരസമ്പാദ്യം അവരെ വഴിതെറ്റിച്ചു. അവർ വീണുപോകുകയും വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗീയ സമ്പത്ത് അവരുടെ കൈകളിൽ നിന്ന് വഴുതിപ്പോകുകയും ചെയ്തു. അവർ മരുഭൂമിയിലേക്ക് ധൃതിയിൽ പുറപ്പെട്ടുപോയി, എന്നാൽ അവർക്ക് ലക്ഷ്യം തെറ്റി. അവർ മലയിലേക്ക് ഓടിപ്പോയെങ്കിലും, നാശത്തിൽ നിന്ന് രക്ഷപെട്ടില്ല. അവരുടെ സ്വാതന്ത്ര്യം ആയിരുന്നു അവരുടെ നഷ്ടത്തിന്റെ അടിസ്ഥാനം. അവരോട് ആർക്ക് അനുകമ്പയും കരുണയും തോന്നും? അവരുടെ അത്യാർത്തി മല

യിലേക്ക് അവരെ അനുഗമിച്ചെങ്കിൽ, അവർ നാട്ടിലായിരുന്നെങ്കിൽ, എത്ര യധികം ആകുമായിരുന്നു! അവരുടെ താപസ്സജീവിതം ഭൗമികമാണെങ്കിൽ, അവർ മരുഭൂമിയിൽ പാർക്കേണ്ട ആവശ്യമെന്താണ്? അവർ ഭൂസ്വത്ത് വാങ്ങിക്കൂട്ടുകയും നിലങ്ങൾ പാട്ടത്തിനു നൽകുകയും ചെയ്യുന്നു. അവർ സ്വർഗീയ പ്രത്യാശയെ വഞ്ചനാപരമായി വ്യാഖ്യാനിക്കുകയും അതിനു വേണ്ടി മാമോനിൽ വിശ്വസിക്കുകയും ചെയ്യുന്നു.

എഴുന്നേൽക്കൂ. ലോകത്തിലേക്ക് തിരികെ പോകൂ. അത്യാർത്തിക്കാരനും ദുരാഗ്രഹിയുമേ, മരുഭൂമിയിൽ നിന്ന് കടക്കൂ പുറത്ത്. കാപട്യം നിറഞ്ഞ സന്യാസവസ്ത്രത്തിൽ നിന്റെ വഴിപിഴയ്ക്കലും തെറ്റും മതിയാക്കൂ. നീ ഞങ്ങളുടേതാണ്; ഞങ്ങളേപ്പോലെയാണ്. ഞങ്ങൾക്കെല്ലാവർക്കും ഒന്നിച്ചുള്ളതിനേക്കാൾ സമ്പാദ്യം നീ തട്ടിയെടുത്തു. എഴുന്നേൽക്കൂ. ഞങ്ങളോടൊത്ത് നിന്ദനവും ലജ്ജയും സ്വീകരിക്കൂ. കാരണം, ഞങ്ങളുടെ ഇരട്ടി സ്വർണം നീ സ്വന്തമാക്കി. വിശുദ്ധരുടെ വാസസ്ഥലം നിന്റെ പൊറുതിമൂലം നീ വിരൂപമാക്കരുത്. നീ നിമിത്തം ഏകാന്തവാസികളുടെ അനുദിനാഹാരം കൊള്ളയടിക്കപ്പെടരുത്. മരുഭൂവാസി എന്ന നാമം നിന്ദനത്തിനും വെറുപ്പിനും ദുഷ്ടന്റെ പരിഹാസത്തിനും വിട്ടുകൊടുക്കരുത്. നുണയാ, നീ ലോകത്തിൽ നിന്നാണ്, ലൗകികമായി നീ വ്യാപരിക്കുന്നു, നീ ലോകത്തിലേക്ക് തിരികെ പോകൂ. മരുഭൂമിയിൽ ഇനി തങ്ങരുത്.

നീ നിമിത്തം സഹോദരന്മാരുടെ രക്തം ചിന്തപ്പെട്ടു. നിന്റെ സമ്പത്തു നിമിത്തം നീ ഒറ്റിക്കൊടുക്കുന്ന ഉന്നതഗോപുരമായിരുന്നു. അങ്ങനെ നീ അവരെ കൊല്ലുന്നു. ഒരുപക്ഷേ ജനവാസമുള്ളിടത്ത് നിനക്ക് സ്വന്ത സ്ഥലമുണ്ടാക്കാൻ കഴിഞ്ഞില്ലായിരിക്കാം. എന്നാൽ നിന്റെ നാണക്കേടിന് നീ മരുഭൂമിയിൽ വന്നുചാടി. കള്ളനും ശപ്തനുമായവനേ, വിശുദ്ധ മരുഭൂമിയിൽ നിന്ന് കടക്കൂ പുറത്ത്. അവരുടെ സ്ഥലത്തു നിന്ന് അകലൂക. അവരുടെ സഹായം നീ നിന്ദിക്കുന്നല്ലോ. ദൈവത്തിൽ പ്രത്യാശ വയ്ക്കുകയും അവിടുത്തെ കൃപ നിക്ഷേപമായിരിക്കുകയും ചെയ്യുന്നവർക്കെതിരെ നിന്റെ സമ്പത്തുകൊണ്ട് യുദ്ധത്തിന് മുതിരരുത്. നിന്ദ്യമായ കളയേ, ഗോതമ്പിനിടയിൽ നിന്ന് നിന്റെ വേര് പിഴുതുമാറ്റുക. നാശകരമായ മുൾച്ചെടിയേ, സൈപ്രസിൽ നിന്ന് നിന്റെ ശാഖകൾ വെട്ടിമാറ്റുക. കർഷകന്റെ അനുഗൃഹീത വിത്ത് സമൃദ്ധമായി വളരുന്നതിന്, നിന്റെ തടസ്സപ്പെടുത്തുന്ന കുറ്റിക്കാട് പിഴുതുകളയുക.

o

# 4

# മാർ അപ്രേമിന്റെ മരണപത്രിക

**മാർ അപ്രേം മരണക്കിടക്കയിൽ ന്യായവിധി അനുസ്മരിക്കുന്നു (1–32)**

അപ്രേമായ ഞാൻ മരിക്കുന്നു. എന്നെ അറിയുന്നവർ കുറഞ്ഞപക്ഷം എന്റെ അവസാന വാക്കുകൾ നിമിത്തമെങ്കിലും എന്നെ ഓർക്കുന്നതിന്, എനിക്കുള്ളതിൽ നിന്ന് എല്ലാവർക്കുമായി ഒരു സ്മാരകം അവശേഷിപ്പിക്കുന്നതിന് ഞാൻ ഒരു മരണപത്രിക എഴുതുന്നു. എനിക്കു ഹാ, കഷ്ടം! എന്റെ സമയം പൂർത്തിയായി. എന്റെ വത്സരങ്ങളുടെ ദൈർഘ്യം അവസാനിച്ചു. വസ്ത്രത്തിന്റെ പാവ് ചുരുങ്ങി; ഉടനെ ഊട് ച്ഛേദിക്കപ്പെടും. വിളക്കിലെ എണ്ണ വറ്റി; എന്റെ ദിവസങ്ങളും മണിക്കൂറുകളും അവസാനിച്ചു. കൂലിവേലക്കാരൻ തന്റെ ജോലി തീർത്തു; പരദേശി തന്റെ കാലാവധി തികച്ചു. പീഡകർ എന്റെ ചുറ്റും കൂടി; എന്നെ കൂട്ടിക്കൊണ്ടുപോകുന്നവർ ഇരുവശത്തും. ഞാൻ വിലപിക്കും; ഒരു മനുഷ്യനും എന്നെ ശ്രവിക്കയില്ല. ഞാൻ സഹായത്തിനായി അപേക്ഷിക്കും; ഒരു മനുഷ്യനും എന്നെ രക്ഷിക്കയില്ല. ന്യായവിധി നിമിത്തം അപ്രേമായ എനിക്ക് ഹാ, കഷ്ടം! നീ പുത്രന്റെ ന്യായാസനത്തിൻ മുമ്പാകെ നിൽക്കുകയും നിന്നെ അറിയുന്നവർ നിനക്കു ചുറ്റും ഇടത്തും വലത്തുമായി നിൽക്കുകയും ചെയ്യുമ്പോൾ, അതായിരിക്കും നിന്നെ ലജ്ജിപ്പിക്കുന്ന ഇടം. അവിടെ ലജ്ജിക്കേണ്ടിവരുന്നവന് ഹാ, കഷ്ടം! യേശുവേ, നീ തന്നെ അപ്രേമിനെ വിധിക്കുക. അവന്റെ മേലുള്ള വിധിവാചകം മറ്റാരെയും ഏൽപ്പിക്കരുതേ. എന്തുകൊണ്ടെന്നാൽ ദൈവം വിധിക്കുമ്പോൾ, തന്റെ ന്യായവിധിയിൽ കരുണ കണ്ടെത്താം. രാജാവിന്റെ മുഖം ദർശിക്കാൻ കഴിയുന്നവൻ തെറ്റു ചെയ്താലും മരിക്കയില്ലെന്ന് ബുദ്ധിമാന്മാരിൽ നിന്ന് ഞാൻ കേൾക്കുകയും ജ്ഞാനികളിൽ നിന്ന് പഠിക്കുകയും ചെയ്തിരിക്കുന്നു.

**മാർ അപ്രേമും എഫ്രയിമും (33–50)**

33. ഹോശിയാ എന്നെ വളരെ ഭയപ്പെടുത്തുന്നു; അവൻ എന്നെ ശാസി

ക്കുകയും ലജ്ജിപ്പിക്കുകയും ചെയ്യുന്നു: "എഫ്രേമിനെ നര ബാധിച്ചിരിക്കുന്നു; എന്നിട്ടും ഇപ്പോഴും അവന് നാണവും മാനവുമില്ല" (ഹോശിയാ 7,9). വീണ്ടും, "തന്റെ തോളിൽ നിന്ന് നുകം വലിച്ചെറിഞ്ഞ പശുക്കുട്ടിയെപ്പോലെയാണ് എഫ്രേം" (10,11). ജോസഫിന്റെ മകനായ എഫ്രേമിനെയാണ് ഹോശിയാ ഉദ്ദേശിച്ചതെന്ന് ആരെങ്കിലും പറയാൻ ആഗ്രഹിച്ചാൽ, അപ്രേം എഫ്രേമിൽ നിന്ന് വേർതിരിക്കപ്പെട്ടില്ല എന്നെനിക്കറിയാം. ദാവീദിന്റെ വാക്ക് എനിക്കൽപ്പം സന്തോഷം പകരുന്നു: "എഫ്രേം എന്റെ ശിരസ്സിനെ സംരക്ഷിക്കുന്നു" (സങ്കീ. 108,8). ഞാൻ ആത്മപ്രശംസ ചെയ്യാൻ ആഗ്രഹിക്കുന്നില്ല; അതിനു ദൈവം സാക്ഷി. എന്റെ സഹോദരങ്ങളേ, നിങ്ങളെ അനുശാസിക്കാനും പഠിപ്പിക്കാനും ഉപദേശിക്കാനും ഞാനാഗ്രഹിക്കുന്നു. കുറഞ്ഞ പക്ഷം എന്റെ അന്ത്യവചസ്സുകൾ നിമിത്തമെങ്കിലും എന്നെ അനുസ്മരിക്കുവിൻ.

**പാഷണ്ഡർക്കെതിരെയുള്ള പോരാട്ടദൃഷ്ടാന്തം (51-76)**

51. ഇപ്പോൾ നിങ്ങൾ വന്ന് എന്റെ കണ്ണുകൾ അടയ്ക്കുവിൻ; എന്തുകൊണ്ടെന്നാൽ ഞാൻ മരിക്കുകയാണെന്ന് തീർച്ചയായിരിക്കുന്നു; ഞാൻ വേർപെടുന്നു, ഇനിയും നിങ്ങളോടുകൂടെ പാർക്കുകയില്ലെന്നത് ഉറപ്പായിരിക്കുന്നു. എന്റെ ശിഷ്യരേ, നിങ്ങളുടെ ആയുസ്സാണെ, അപ്രേമിന്റെ തന്നെ ആയുസ്സാണെ, അപ്രേം കയറിയിരിക്കുന്ന കട്ടിലിൽ നിന്ന് ഇനിയും ഇറങ്ങുകയില്ല. ജീവിതക്ലേശവും ജീവിതഭാരവും ഞാൻ വഹിച്ചിട്ടുണ്ട്; എങ്കിലും മരണവേദന താങ്ങാൻ എനിക്കാവുന്നില്ല. നിങ്ങൾക്കായി ഞാൻ ഒരടയാളം സ്ഥാപിക്കുന്നു; നിങ്ങൾ എപ്പോഴും നോക്കി അനുകരിക്കുന്നതിന് ഉത്സാഹിക്കാൻ വേണ്ടി ഞാൻ ഒരു കണ്ണാടി തരുന്നു. ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും ആരെയും ദുഷിച്ചിട്ടില്ല, ധരയിൽ ആയിരുന്നപ്പോൾ മുതൽ ഇന്നുവരെ ഞാൻ ആരോടും കലഹിച്ചിട്ടുമില്ല. എന്നാൽ നുണയരോട് സംഘങ്ങളിൽ നിരന്തരം തർക്കിക്കുമായിരുന്നു. കാരണം, ചെന്നായ് ആലയിൽ നുഴഞ്ഞു കയറുന്നതു കാണുന്ന പട്ടി ഓടിച്ചെന്ന് അതിന്റെ നേരേ കുരച്ചില്ലെങ്കിൽ ആട്ടിടയൻ ചെന്ന് അതിനെ പ്രഹരിക്കുമെന്ന് നിങ്ങൾക്കറിയാം. ജ്ഞാനി ആരെയും ദ്വേഷിക്കുന്നില്ല, ദ്വേഷിക്കുന്നെങ്കിൽ, ഭോഷനെ മാത്രം! ഭോഷൻ ആരെയും സ്നേഹിക്കുന്നില്ല; സ്നേഹിക്കുന്നെങ്കിൽ തന്റെ സഖിയായ ഭോഷനെ മാത്രം!

**അപ്രേം തന്റെ സത്യവിശ്വാസം ഉറപ്പിച്ചു പറയുന്നു (77-100)**

77. സീനായ് മലയിൽ ഇറങ്ങിവരികയും പാറയിൽ നിന്ന് സംസാരിക്കുകയും സൃഷ്ടിയുടെ ഉള്ളറകൾ കിടിലം കൊള്ളത്തക്കവിധം ഏൽ, ഏൽ എന്ന് അട്ടഹസിക്കുകയും, യൂദാസിനാൽ വിൽക്കപ്പെടുകയും ജറുസലേമിൽ വച്ച് ചമ്മട്ടിയടി ഏൽക്കുകയും ചെയ്തവനെ, കവിൾത്തടത്തിൽ അടിയേറ്റ



സർവശക്തനെ, മുഖത്തു തുപ്പലേറ്റ പ്രശോഭിതനെ, അഗ്നിമയങ്ങളായ മൂന്നു നാമങ്ങളെ, ദൈവത്തിന്റെ ഏകശക്തിയെ, മൂന്നാളുകളെ, ഏക ഇച്ഛയെ, ഏക ആംഗ്യത്തെ, സാക്ഷ്യപ്പെടുത്തി ഞാൻ ആണയിട്ടു പറയുന്നു: സഭയിൽ നിന്നും സർവശക്തനായ ദൈവത്തിൽ നിന്നും ഞാൻ വേർപെട്ടിട്ടില്ല.

എന്റെ ബോധത്തിൽ ഞാൻ എപ്പോഴെങ്കിലും പിതാവിനെ പുത്രന് ഉപരിസ്ഥമായി വച്ചെങ്കിൽ, അവിടുന്ന് എന്നോട് കരുണ കാണിക്കാതിരിക്കട്ടെ. പരിശുദ്ധാത്മാവിനെ പിതാവിനെക്കാളും പുത്രനെക്കാളും ഞാൻ ചെറുതാക്കിയെങ്കിൽ, എന്റെ നയനങ്ങൾ ഇരുണ്ടുപോകട്ടെ. ഞാൻ പറയുന്നതുപോലെ ഞാൻ ഏറ്റുപറഞ്ഞിട്ടില്ലെങ്കിൽ, ഞാൻ പുറത്തെ അന്ധകാരത്തിലേക്ക് പോകട്ടെ. ഞാൻ ബാഹ്യമാത്രമായിട്ടാണ് ഏറ്റുപറഞ്ഞതെങ്കിൽ, ഞാൻ ദുഷ്ടരോടൊപ്പം അഗ്നിയിൽ എരിയട്ടെ. വ്യർഥാഭിമാനത്തിനാണ് ഞാനിവ പറയുന്നതെങ്കിൽ, ന്യായവിധിയിൽ എന്റെ കർത്താവ് എന്നെ കേൾക്കാതിരിക്കട്ടെ.

**തന്റെ ദരിദ്രാവസ്ഥയെപ്പറ്റി ഉറപ്പിച്ചുപറയുന്നു (101-106)**

101. എന്റെ ശിഷ്യന്മാരേ, നിങ്ങളുടെ ആയുസ്സാണെ, അപ്രേമിന്റെ ആയുസ്സാണെ, അപ്രേമിന് സമ്പത്തും വടിയും ഭാണ്ഡവുമില്ല. എന്തുകൊണ്ടെന്നാൽ നിങ്ങൾ ഭൂമിയിൽ ഒന്നും സമ്പാദിക്കരുതെന്ന് നമ്മുടെ കർത്താവ് പറയുന്നത് ഞാൻ കേൾക്കുന്നു.

**തന്നെ അനുസ്മരിക്കാൻ നിർദേശിക്കുന്നു (107-116)**

107. എന്റെ സഹോദരരേ, വന്ന് എന്നോട് വിടവാങ്ങി എന്നെ പറഞ്ഞയക്കുവിൻ. എന്റെ വത്സലരേ, നിങ്ങളുടെ പ്രാർഥനകളിലും അപേക്ഷകളിലും എന്നെ ഓർക്കുവിനെന്ന് ഞാൻ നിങ്ങളോട് ആണയിട്ട് പറയുന്നു. എന്തുകൊണ്ടെന്നാൽ എന്റെ ദിവസങ്ങളും മണിക്കൂറുകളും അവസാനിച്ചിരിക്കുന്നു. എന്റെ ശിഷ്യരേ, എന്റെ വാക്കുകൾ ദുർബലപ്പെടുത്തുകയോ, എന്റെ നിർദേശങ്ങൾ തള്ളിക്കളയുകയോ ചെയ്യരുതെന്ന് അഴിവില്ലാത്ത ശപഥത്താൽ ഞാൻ നിങ്ങളോട് ഉറപ്പിച്ചു പറയുന്നു.

**തന്റെ കബറടക്കസ്ഥലത്തേയും ചടങ്ങുകളേയും പറ്റി (117-186)**

117. എന്നെ ബലിപീഠത്തിനു താഴെ സംസ്കരിക്കുന്നവൻ സ്വർഗീയ ബലിപീഠം ദർശിക്കാതിരിക്കട്ടെ. കാരണം, ദുർഗന്ധപൂരിതമായതിനെ വിശുദ്ധ സ്ഥലത്ത് വയ്ക്കുന്നത് ഉചിതമല്ല.

121. എന്നെ പള്ളിക്കകത്ത് സംസ്കരിക്കുന്നവൻ സ്വർഗീയാലയം ദർശിക്കാതിരിക്കട്ടെ. കാരണം, സ്തുതിക്ക് അർഹനല്ലാത്തവന് വ്യർഥസ്തുതി പ്രയോജനപ്രദമല്ല.

125. ഓരോ മനുഷ്യനും നഗ്നനായി കടന്നുചെന്ന് കണക്കു കൊടുക്കണം. തന്നെത്തന്നെ ബഹുമാനിച്ചിട്ടില്ലാത്തവന് ബഹുമതി എന്തിന്? കാരണം, അപ്രകാരം ചെയ്യാത്തവനെ മനുഷ്യരും ബഹുമാനിക്കുന്നില്ല. നിങ്ങൾ നിങ്ങളുടെ കർത്താവിൽ നിന്നു കേട്ടതുപോലെ, എല്ലാം കടന്നുപോകും. അതുകൊണ്ട്, എന്റെ സഹോദരരേ, കണ്ണീരോടുകൂടെ ഞാൻ പറയുന്നു: നിങ്ങൾ വായിക്കുകയും കേൾക്കുകയും ചെയ്തിട്ടുള്ളതുപോലെ, കല്ലുകൊണ്ടുള്ള ആലയം അഴിഞ്ഞുപോകും. ശാരീരികാലയം ന്യായവിസ്താരത്തിനും പ്രതിഫലത്തിനുമായി ഉയിർത്തെഴുന്നേൽക്കും. നമ്മുടെ കർത്താവ് കല്ലിനെ വിധിക്കുന്നില്ല, എന്നാൽ മനുഷ്യരെ അവിടുന്ന് വിധിക്കും.

141. എന്റെ വത്സലസഹോദരങ്ങളും മക്കളുമേ, നിങ്ങൾ എന്നിൽ നിന്നു സ്മാരകമായി ഒന്നും എടുക്കരുതേ. നിങ്ങൾക്ക് ഇപ്പോഴേ ഒരു സ്മാരകമുണ്ട്: അതായത്, നിങ്ങൾ യേശുവിൽ നിന്നു കേട്ടിട്ടുള്ളവ.

145. നിങ്ങൾ അപ്രേമിൽ നിന്ന് എന്തെങ്കിലും എടുക്കുന്നെങ്കിൽ, അപ്രേം കുറ്റപ്പെടുത്തലിന് വിധേയനാകും. എന്റെ കർത്താവ് എന്നോട് പറയും: അവർ എന്നിൽ എന്നതിനേക്കാൾ കൂടുതലായി നിന്നിൽ വിശ്വസിച്ചു. അവർ എന്നിൽ ആശ്രയം വച്ചിരുന്നെങ്കിൽ, നിന്നിൽ നിന്ന് സ്മാരകം തേടുകയില്ലായിരുന്നു.

151. രക്തസാക്ഷികളോടൊപ്പം എന്നെ സംസ്ക്കരിക്കരുതേ. എന്തുകൊണ്ടെന്നാൽ ഞാൻ പാപിയും അയോഗ്യനുമാകുന്നു. അവരുടെ അസ്ഥികളുടെ സാമീപ്യത്തെ എന്റെ കുറ്റങ്ങൾ നിമിത്തം ഞാൻ ഭയപ്പെടുന്നു. കാരണം, വൈക്കോൽ തീയോടടുത്താൽ, അഗ്നി അതിനെ കത്തിക്കുകയും വിഴുങ്ങുകയും ചെയ്യും. അവരോട് അടുത്തിരിക്കുന്നത് ഞാൻ നിരസിക്കുന്നില്ല, പ്രത്യുത, എന്റെ തെറ്റുകൾ എന്നെ ഭയപ്പെടുത്തുന്നു.

159. കാരണം, പ്രവാചകന്മാർ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു: നോഹയും ഇയ്യോബും ദാനിയേലും അവരുടെ ബന്ധുക്കളെ ശ്രവിക്കയില്ല; സഹോദരൻ തന്റെ സഹോദരനെ രക്ഷിക്കയുമില്ല.

163. തന്റെ വിരലുകളിൽ എന്നെ വഹിക്കുന്നവന്റെ കരം ഗേഹാസിയുടേതുപോലെ കുഷ്ഠം പിടിച്ചതാകും. എന്നെ തോളിൽ വഹിച്ച് വേഗം ശ്മശാനത്തിലേക്ക് കൊണ്ടുപോകുക. ഒരയോഗ്യനെപ്പോലെ എന്നെ സംസ്ക്കരിക്കുവിൻ. കാരണം, ഞാൻ എന്റെ ദിനങ്ങൾ നഷ്ടത്തിൽ പാഴാക്കിക്കളഞ്ഞു.

169. നമ്മുടെ കർത്താവിന്റെ മുമ്പിൽ ലജ്ജിക്കേണ്ട എന്നെ എന്തിന് മനുഷ്യർ പ്രകീർത്തിക്കുന്നു? എന്റെ പ്രവൃത്തികൾ നിമിത്തം ലജ്ജിച്ചു നിൽക്കേണ്ട എന്നെ എന്തിന് ഭാഗ്യവാൻ എന്നു വിളിക്കുന്നു?



173. ആരെങ്കിലും എന്റെ കടങ്ങൾ നിങ്ങളെ കാണിച്ചിരുന്നെങ്കിൽ, നിങ്ങൾ എന്റെ മുഖത്ത് തുപ്പുമായിരുന്നു. പാപിയുടെ ഘ്രാണം അവനെ സമീപിക്കുന്നവനെ അസഹ്യപ്പെടുത്തുന്നെങ്കിൽ, അപ്രേമിന്റെ ദുർഗന്ധത്തിൽ നിന്ന് നിങ്ങളെല്ലാവരും ഓടിയകലും.

179. എന്റെമേൽ പട്ടുവസ്ത്രം വയ്ക്കുന്നവൻ ഏറ്റവും പുറത്തുള്ള അന്ധകാരത്തിൽ നിപതിക്കും! എന്റെമേൽ വിശിഷ്ടവസ്ത്രങ്ങൾ വയ്ക്കുന്നവൻ ഗേഹെന്നായിലെ അഗ്നിയിൽ എറിയപ്പെടും. എന്റെ സ്വന്തം അങ്കിയോടും മേലങ്കിയോടും കൂടെ എന്നെ സംസ്ക്കരിക്കുവിൻ. കാരണം, നിന്ദ്യന് അലങ്കാരം ചേരുകയില്ല. കല്ലറയിലേക്ക് എറിയപ്പെട്ട് കിടക്കുന്ന മൃതന് ആഡംബരം കൊണ്ട് എന്തു പ്രയോജനം!

**അപ്രേം പാപം ഏറ്റുപറയുന്നു (187-196)**

187. ഞാൻ പറഞ്ഞതുപോലെ, ഞാൻ ഒരു പാപിയാണ്. എന്നെ ആരും ഭാഗ്യവാൻ എന്ന ്പ്രകീർത്തിക്കാതിരിക്കട്ടെ. കാരണം, എന്റെ ജീവിത വ്യാപാരങ്ങളും ഞാൻ ചെയ്ത ദുഷ്ക്കർമങ്ങളും ദൈവത്തിന് സുസ്പഷ്ടമായിരിക്കുന്നു. അനീതിയാലും കടങ്ങളാലും ഞാൻ മലിനൻ ആയിരിക്കുന്നു. പാപത്താൽ ഞാൻ കളങ്കപൂരിതൻ ആയിരിക്കുന്നു. ഏത് അനീതിയാണ് എന്നിൽ ഇല്ലാത്തത്?ഏത് പാപമാണ് എന്നോട് ഒട്ടിച്ചേരാത്തതായുള്ളത്? ഞാൻ പറഞ്ഞതുപോലെ ദുഷ്ടവും നിന്ദ്യവുമായ എല്ലാ ചിന്തകളും എന്നിലുണ്ട്.

**വാഗ്ദാനം ചെയ്തവ ദാനധർമത്തിന് (197-242)**

197. എഡേസ്സായിലെ എന്റെ സഹോദരരേ, കർത്താക്കന്മാരേ, മക്കളേ, പിതാക്കന്മാരേ, എഴുന്നേൽക്കുവിൻ. നിങ്ങളുടെ സഹോദരനോടൊപ്പം വയ്ക്കാൻ നിങ്ങൾ നേർന്നിട്ടുള്ളവ കൊണ്ടുവരുവിൻ. എന്റെ സഹോദരരേ, നിങ്ങൾ വാഗ്ദാനം ചെയ്തവ എന്റെ മുമ്പിൽ കൊണ്ടുവയ്ക്കുവിൻ. എനിക്ക് അൽപ്പമെങ്കിലും ബോധമുള്ളപ്പോൾ തന്നെ അവയ്ക്ക് വില നിശ്ചയിക്കാൻ ഞാനാഗ്രഹിക്കുന്നു. അതുകൊണ്ട് വെടിപ്പുള്ള വസ്ത്രം വാങ്ങി... ദരിദ്രരുടെയും അരിഷ്ടരുടെയും അഗതികളുടെയും ഇടയിൽ വിതരണം ചെയ്യപ്പെടട്ടെ. അങ്ങനെ അത് നിങ്ങൾക്ക് സഹായവും എനിക്ക് പ്രയോജനവും ആകട്ടെ. കൊടുക്കുന്ന നിങ്ങൾക്ക് പ്രതിസമ്മാനവും ഉപദേശിച്ച എനിക്ക് കൃപയാൽ പ്രതിഫലവും ലഭിക്കട്ടെ.

213. പ്രവൃത്തികളുടെ പ്രതിഫലം ഒന്ന്, വാക്കുകളുടെ പ്രതിഫലം മറ്റൊന്ന്. കാരണം, നിങ്ങൾ കേട്ടിട്ടുള്ളതുപോലെ, എന്റെ വത്സലരേ, കൊടുക്കുന്നവനാണ് വാങ്ങുന്നവനേക്കാൾ വലിയവൻ.

217. എന്റെ സഹോദരരേ, പാപങ്ങളിൽ ദിവസം പാഴാക്കിയ ഞാൻ

അനർഹനാണെങ്കിലും, നിങ്ങൾ കരുതിവച്ച് എന്നെ ബഹുമാനിച്ചതിന് ഞാൻ നിങ്ങൾക്ക് നന്ദി പറയുന്നു.

221. നമ്മുടെ കർത്താവിന്റെ വായ് ശപഥം ചെയ്ത് പറഞ്ഞതുപോലെ, പ്രവാചകനെ ബഹുമാനിക്കുന്നവന് പ്രവാചകന്റെ പ്രതിഫലം കിട്ടും. ഞാൻ പാപിയാണെങ്കിലും, ദൈവത്തിൽ പ്രത്യാശ വച്ചുകൊണ്ട് നിങ്ങൾ എനിക്ക് ഈ ബഹുമാനം തന്നതിനും ദൈവേഷ്ടമനുസരിച്ച് എന്നെ ബഹുമാനിച്ചതിനും, എന്റെ വത്സലരേ, നിങ്ങൾ വാഗ്ദാനം ചെയ്തതിന് ദൈവം നിങ്ങൾക്ക് പ്രതിഫലം നൽകുകയും നിങ്ങളുടെ കാഴ്ചകൾ സ്വീകരിക്കുകയും ചെയ്യട്ടെ. ഞാൻ പ്രവാചകൻ അല്ലെങ്കിലും, പ്രവാചകന്റെ പ്രതിഫലം നിങ്ങൾക്ക് ലഭിക്കും.

233. വിജ്ഞാനികളുടെ മാതാവായ എഡേസ്സായേ, നിന്റെ ഇടം വാഴ്ത്തപ്പെട്ടതാകുന്നു. പുത്രന്റെ സജീവാധരങ്ങളാൽ അവന്റെ ശിഷ്യൻ വഴി നീ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധൻ പ്രത്യക്ഷപ്പെടുന്നതുവരെ ഈ വാഴ്വ് നിന്നിൽ വസിക്കട്ടെ. നേർന്നത് നൽകാതിരിക്കുന്നവൻ ശ്ലീഹന്മാരെ കബളിപ്പിക്കാൻ ആഗ്രഹിക്കുകയും അവരുടെ പാദങ്ങൾക്കു മുമ്പിൽ അപമാനിതനാകുകയും ചെയ്ത ഹനനിയായുടെ മരണം കൈവരിക്കും.

**തന്റെ ശവസംസ്കാരത്തെപ്പറ്റി (243-306)**

243. എന്റെ മുമ്പിൽ തിരി പിടിക്കുന്നവന്റെ പാർശ്വത്തിൽ നിന്ന് തീജ്വാല ഉയരും. കാരണം, തന്റെ ഉള്ളിൽ നിന്നുതന്നെ അഗ്നി വരുന്നവന് തീയുടെ ആവശ്യമെന്ത്? ദൃശ്യാഗ്നി കത്തുമ്പോൾ അവനിൽ അദൃശ്യാഗ്നി കത്തും. എനിക്ക് ബാഹ്യപീഡ ധാരാളം മതി; ആന്തരികപീഡ കൂടി കൂട്ടിച്ചേർക്കരുതേ. എന്റെ സഹോദരരേ, എന്നെക്കുറിച്ചും എന്റെ സഖികളെക്കുറിച്ചും എന്നെപ്പലെയുള്ളവരെ കുറിച്ചും നിങ്ങൾ കണ്ണീർ ചിന്തുവിൻ. എന്തുകൊണ്ടെന്നാൽ പാപങ്ങളിലും പ്രയോജനരഹിതമായ വ്യർഥകാര്യങ്ങളിലും ഞാൻ എന്റെ ദിനങ്ങൾ ചെലവഴിച്ചു.

255. ഞാൻ ചിന്തിക്കാത്ത സമയത്ത് കള്ളൻ എന്നെ പിടികൂടുന്നു. പ്രതീക്ഷിക്കാത്ത മണിക്കൂറിൽ ശത്രു അടുത്തുവന്ന് എന്നെ ബന്ധനസ്ഥനാക്കി പിടിക്കുന്നു. ഞാൻ അറിയാത്ത സ്ഥലത്തേക്ക് അവൻ എന്നെ ഇവിടെ നിന്ന് നയിക്കുന്നു. എന്നെ പീഡിപ്പിക്കുകയോ,വഞ്ചിക്കുകയോ അരുതെന്ന് മരണദൂതാ, നിന്നോട് ഞാൻ ആണയിട്ടു പറയുന്നു. കാരണം, എന്റെ പാപങ്ങൾക്കനുസൃതം എന്നോട് പ്രവർത്തിക്കാൻ നീ ഇച്ഛിച്ചാൽ, കൊടുംഭീതി എന്നെ പിടികൂടും. ഞാൻ ചെയ്തവയെപ്പറ്റി ചിന്തിക്കുമ്പോൾ, എന്റെ മുട്ടുകൾ വിറയ്ക്കുകയും പല്ലുകൾ കൂട്ടിയടിക്കുകയും ചെയ്യുന്നു. എന്റെ പ്രവൃത്തികളെപ്പറ്റി ഓർത്തപ്പോൾ, ഞാൻ പനിപിടിച്ച് വിറച്ചു. കാരണം, എന്റെ



ജീവിതകാലത്ത് ഞാൻ ഒരൊറ്റ സത്കർമം പോലും ചെയ്തിട്ടില്ല. എന്റെ ജനനം മുതൽ ഒരു നല്ല കാര്യവും ഞാൻ ചെയ്തിട്ടില്ല.

273. എന്നോടൊപ്പം സുഗന്ധദ്രവ്യങ്ങൾ വയ്ക്കരുത്. കാരണം, ഈ ബഹുമാനം എനിക്കു ചേരുന്നതല്ല. വിവിധ ധൂപവർഗങ്ങളും എന്നോടൊപ്പം വയ്ക്കരുത്, കാരണം, ബഹുമാനം കൊണ്ട് എനിക്കു പ്രയോജനമില്ല. വിശുദ്ധസ്ഥലത്താണ് സുഗന്ധവർഗങ്ങൾ കത്തിക്കേണ്ടത്. എന്നെ പ്രാർഥനാപൂർവം യാത്രയാക്കുവിൻ. പരിമളധൂപം ദൈവത്തിന് അർപ്പിക്കുവിൻ. എനിക്കു വേണ്ടി സങ്കീർത്തനശ്രേണികൾ സമർപ്പിക്കുവിൻ. ധൂപവർഗങ്ങൾക്കും പരിമളങ്ങൾക്കും പകരം പ്രാർഥനയിൽ എന്നെ ഓർക്കുവിൻ. സൗരഭ്യം ആസ്വദിക്കാൻ കഴിവില്ലാത്ത പരേതന് സുഗന്ധം കൊണ്ട് എന്തു പ്രയോജനം!

285. വിശുദ്ധ സ്ഥലത്ത് കടക്കുന്നവൻ ആസ്വദിക്കാൻ അത് പള്ളിയിൽ കൊണ്ടുപോയി കത്തിക്കുവിൻ. ചീഞ്ഞ ചാണകം പട്ടുതുണികളിൽ കെട്ടരുത്. അവ അതിനുപകരിക്കയില്ല. അതിനെ കുപ്പക്കുഴിയിൽ എറിയുവിൻ. ബഹുമാനം എന്തെന്ന് അതിനറിയില്ല. ധനികനാണ് ധനം യോജിക്കുന്നത്; ദരിദ്രന് കുപ്പക്കുഴിയും. രാജവംശത്തിനു രാജ്യം; പരദേശിക്ക് താഴ്ന്ന സ്ഥിതിയും. നിങ്ങളുടെ കല്ലറകളിൽ എന്നെ അടക്കരുത്, അവയുടെ അലങ്കാരങ്ങൾ എന്നെ സഹായിക്കുകയില്ല.

297. കാരണം, പരദേശികളുടെ കൂടെ സംസ്ക്കരിക്കപ്പെടാൻ ആഗ്രഹിക്കുന്നെന്ന് ഞാൻ ദൈവത്തിന് വാക്കു കൊടുത്തിട്ടുണ്ട്. അവരെപ്പോലെ ഞാനും പരദേശിയാണ്. എന്റെ സഹോദരരേ, അവരോടൊപ്പം എന്നെ സംസ്ക്കരിക്കുവിൻ. എന്തുകൊണ്ടെന്നാൽ ഓരോ പക്ഷിയും അതാതിന്റെ ജാതിയെ സ്നേഹിക്കുന്നു; ഓരോ മനുഷ്യനും തനിക്കു തുല്യനായവനെയും. ഹൃദയം തകർന്ന അനുതാപികളെ സംസ്ക്കരിക്കുന്ന ശ്മശാനത്തിൽ എന്നെ സംസ്ക്കരിക്കുവിൻ. ദൈവസുതൻ ആഗതനാകുമ്പോൾ അവനോടൊപ്പം എന്നെ അവിടുന്ന് ഉയിർപ്പിക്കട്ടെ.

**ന്യായാധിപന്റെ നീതിയും കാരുണ്യവും (307-364)**

307. എന്റെ കർത്താവേ, ഞാൻ എങ്ങനെ ശപഥം ചെയ്തെന്നു കണ്ടാലും: നിന്റെ കാരുണ്യം എന്റെമേൽ ഇറങ്ങിവരട്ടെ. കാരുണ്യവാന്റെ പുത്രാ, നിന്നോട് ഞാൻ അപേക്ഷിക്കുന്നു: എന്റെ കടങ്ങൾക്കനുസൃതം എന്നോട് വർത്തിക്കരുതേ. കാരണം, നീ പാപങ്ങൾ വീക്ഷിക്കുന്നെങ്കിൽ, ആർക്കു നിന്റെ മുമ്പിൽ നിൽക്കാനാകും? നീ വിധിയാളൻ ആകുന്നെങ്കിൽ, വിധിസ്ഥലത്ത് ആരും വിജയിക്കയില്ല. കാരണം, എഴുതപ്പെട്ടിരിക്കുന്നതുപോലെ, എല്ലാ വായും നിശ്ശബ്ദമാകും; എല്ലാ മനുഷ്യരും കടക്കാർ ആയിരിക്കുകയും ചെയ്യും. എന്നാൽ ഞാൻ അതുകൊണ്ട് പ്രത്യാശ വെടിയുന്നില്ല.

തിരുലിഖിതം ഞാൻ ഉദ്ധരിക്കുന്നു എന്നു മാത്രം. ഞാൻ അഗ്നിയിലേക്കു പോകുന്നെങ്കിൽ, അതുകൊണ്ട്, ദയാപരന്റെ പുത്രാ, നിനക്കെന്തുനേട്ടം?

321. നിനക്ക് പതിവായിരിക്കുന്നതുപോലെ കാരുണ്യം പ്രയോഗിക്കുക; ഇതാ, നിന്റെ കൃപ സുപ്രസിദ്ധമാണ്. എങ്കിലും നീ വിധിക്കുന്നെങ്കിൽ, നിന്റെ നീതി അരുളിച്ചെയ്തതുപോലെ ആയിരത്തിൽ ഒന്നോ, പതിനായിരത്തിൽ രണ്ടോ നീതിമാന്മാരെ കണ്ടെത്തുകയില്ല. നീതിരഹിതരോടുകൂടെ നീതിമാന്മാരെയും ദുഷ്ടരോടുകൂടെ നല്ലവരെയും തുല്യരാകത്തക്കവിധം ഞാൻ മനുഷ്യരെ വിധിക്കയില്ലെന്ന് അപ്രേമേ, നീ സമാശ്വസിച്ചാലും! എന്തുകൊണ്ടെന്നാൽ പ്രകാശത്തിന് അന്ധകാരത്തോടു ചേരുക ഒരിക്കലും സാധ്യമല്ല. ഹാബേലും ഘാതകനായ കായേനും എങ്ങനെ ഒരേ തട്ടിൽ നിൽക്കും? അഥവാ, രക്തസാക്ഷികളും പീഡകരും ഒന്നിച്ച് വസിക്കാനുള്ള സാധ്യത എങ്ങനെ ഉണ്ടാകും? ഞാൻ അപ്രകാരം ചെയ്താൽ, അവർ അതിനെതിരെ ഉറക്കെ വിളിച്ചുപറയും.

339. നല്ലവന്റെ പുത്രാ, നല്ലവരെയും ദുഷ്ടരെയും തുല്യരായി പരിഗണിക്കാൻ നീ ആഗ്രഹിക്കുന്നെന്നോ, അതുകൊണ്ട് നിന്നെ സ്വാധീനിക്കാൻ ഞാൻ ഇച്ഛിക്കുന്നെന്നോ അല്ല, പിന്നെയോ, എന്നോടും എന്റെ സഖികളോടും എന്നെപ്പോലെ ഉള്ളവരോടും കരുണ കാണിക്കണമെന്നു മാത്രമാണ് ഞാൻ അപേക്ഷിക്കുന്നത്. ഞാനിതു പറഞ്ഞു, ഞാനിത് പറയുകയും ചെയ്യും. എന്റെ വാക്കിൽ നിന്ന് ഞാൻ പിന്മാറുന്നില്ല: നീ കാരുണ്യം കാട്ടുന്നില്ലെങ്കിൽ, ഒരു മനുഷ്യനും സ്വർഗം ദർശിക്കയില്ല. കാരണം, ശരീരം ധരിച്ചവരിൽ ഒരാൾ മാത്രമേ നിർമലനായുള്ളു.

349. ഞാൻ ഒരു പാപി ആയതിനാലല്ല, അക്കാരണത്താലല്ല ഞാനിതു പറയുന്നത്. എന്റെ സഹോദരരേ, എഴുതപ്പെട്ടവ സത്യമായി ഞാൻ അവതരിപ്പിക്കുന്നു എന്നേയുള്ളു. മരണദൂതൻ എന്നോട് ഇപ്രകാരം പറഞ്ഞു: അപ്രേമേ, നിന്റെ പരിചിന്തനം നിർത്തുക. കാരണം, നിന്റെ തന്ത്രങ്ങൾ നിനക്കുപകരിക്കയില്ല. നിന്നെ വഹിച്ചുകൊണ്ടു പോകുന്നവർ കാത്തുനിൽക്കുകയില്ല. അവൻ കോപിച്ചുകൊണ്ട് എന്നോട് പറഞ്ഞു: നിന്റെ വായടയ്ക്കുക. എല്ലാ മനുഷ്യരും നിന്നെപ്പോലെ നശിച്ചവരല്ല. എല്ലാവരും തന്നെപ്പോലെയാണെന്ന് പാപി കരുതുന്നു; എല്ലാവരും തന്നെപ്പോലെ ആണെന്ന് അന്ധൻ കരുതുന്നു.

### തുടർന്നുള്ള ഉപദേശവും അഭ്യർഥനയും (365-404)

365. എന്റെ സഹോദരരേ, വന്ന് എന്നെ നിവർത്തി കിടത്തുവിൻ. കാരണം, എല്ലാം കഴിഞ്ഞു, ഞാൻ ഇനിയും അധികം വൈകുകയില്ല. പ്രാർഥനകളും സങ്കീർത്തനങ്ങളും കുർബാനകളും കൊണ്ട് എനിക്ക് പാഥേയം ഒരുക്കുവിൻ. എന്റെ സഹോദരരേ, മുപ്പതു ദിവസം തികയുമ്പോൾ എന്റെ



സ്മരണ ആചരിക്കുവിൻ. കാരണം, ജീവിച്ചിരിക്കുന്നവർ പരേതർക്കു നൽകുന്ന സഹായം അവർക്ക് പ്രയോജനപ്രദമാണ്. നിങ്ങൾ വീഞ്ഞ് പാത്രത്തിലും അതേസമയം പാകമാകുന്നത് മുന്തിരിത്തോപ്പിലും കാണുന്നില്ലേ? ജീവനുള്ളത് മുന്തിരിത്തോപ്പിൽ പാകമാകുന്നു, മൃതമായത് പാത്രത്തിൽ ഇളകുന്നു.

377. എന്റെ വത്സലരേ, വയലിലുള്ള ഉള്ളിയോടൊപ്പം വീട്ടിലുള്ളതും ഒരേ സമയം മുളയ്ക്കുന്നു. അതിനാൽ അതിന്റെ രൂക്ഷഗന്ധം രണ്ടിടത്തും ഒരുപോലെ അനുഭവപ്പെടുന്നു. എങ്കിൽ പരേതരെ അനുസ്മരിക്കുന്നത് എത്രയധികമായി അവർക്ക് അനുഭവപ്പെടും! ഒരു ബുദ്ധിമാന് എന്നോട് ഇങ്ങനെ പറയാൻ തോന്നാം: ഇവ പ്രകൃതിയിൽ നിന്നാണ്. ഞാൻ പ്രകൃതിയിൽ വിശ്വസിക്കുന്നില്ല. മറിച്ച്, തിരുലിഖിതത്തിൽ നിന്ന് ഒരു സാക്ഷ്യം നൽകുക. ക്ഷമിക്കുക. നിനക്ക് ഇഷ്ടമാണെങ്കിൽ തിരുലിഖിതത്തിൽ നിന്നുള്ള ദൃഷ്ടാന്തം ഞാൻ അവതരിപ്പിക്കാം.

389. മോശ മൂന്നു തലമുറകൾക്കുശേഷം തന്റെ അനുഗ്രഹ വചസ്സുകളാൽ റൂബേലിന് ജീവൻ സമ്മാനിച്ചു (ആവ.33,6). മൃതർക്ക് സഹായകമല്ലെങ്കിൽ, എന്തിനാണ് അബ്രാമിന്റെ മകൻ അവനെ അനുഗ്രഹിച്ചത്? (പുറ.6,20). മരിച്ചവർക്ക് അനുഭവവേദ്യമാകുന്നില്ലെന്ന് കരുതിയാൽ, ശ്ലീഹാ പറയുന്നത് ശ്രവിക്കുക: മരിച്ചവർ ജീവിക്കുന്നില്ലെങ്കിൽ, അവർക്കു വേണ്ടി ചിലർ സ്നാനപ്പെടുന്നതെന്തിന്? (1കൊറി.15,29).

397. തങ്ങളുടെ ചെയ്തികളിൽ വിജാതിയത്വം കലർന്നവർ യുദ്ധത്തിൽ മരിച്ചുവീണു. മക്കബായരുടെ പുരോഹിതന്മാർ മൃതരുടെ പാപത്തിനു പരിഹാരം ചെയ്തു (2മക്ക.12,40-46). എങ്കിൽ തങ്ങളുടെ വിശുദ്ധ കുർബാനകൾ കൊണ്ടും വാചാപ്രാർഥനകൾ കൊണ്ടും പുത്രന്റെ പുരോഹിതന്മാർക്ക് എത്രയധികമായി പരേതരുടെ കടങ്ങൾ പരിഹരിക്കാൻ കഴിയും!

### ശവസംസ്ക്കാരച്ചടങ്ങുകളിലെ പാപങ്ങൾ (405-428)

405. എന്നാൽ നിങ്ങൾ എന്റെ അനുസ്മരണ ആചരിക്കാൻ എത്തുമ്പോൾ, ദുഷ്ടത പ്രവർത്തിക്കുകയോ, പാപം ചെയ്യുകയോ അരുത്. എന്റെ സഹോദരരേ, വെടിപ്പോടും വിശുദ്ധിയോടും സംശുദ്ധതയോടും കൂടെ മൃതജാഗരണം അനുഷ്ഠിക്കുവിൻ.

409. വ്യഭിചാരത്തേക്കാൾ കഠിനതരമായ മറ്റെത്രയോ പാപങ്ങളുണ്ട്! ഞാൻ എങ്ങനെ കണക്കു കൊടുക്കും? കാരണം, നമ്മുടെ കർത്താവ് എന്നോട് പറയും: അപ്രേമേ, നീ വ്യഭിചാരികളെയും ജാരന്മാരെയും ഒന്നിച്ചുകൂട്ടി. ആ അന്ത്യന്യായവിധിയിൽ ദൈവം അവരെ വിധിക്കും എന്ന് എഴുതപ്പെട്ടിരിക്കുന്നു. ഞാൻ അതേപ്പറ്റി എന്താണ് പറയേണ്ടത്? എന്റെ വത്സലരേ,

എനിക്ക് ഭയങ്കര ഭയമാണ്. അൽപ്പം മുമ്പ് ചുരുക്കി പറഞ്ഞത് ഇപ്പോൾ ഞാൻ വീണ്ടും ആവർത്തിക്കുന്നു: ദൈവം ആരെ വിധിക്കുന്നുവോ, അവൻ ന്യായാസനത്തിങ്കൽ കാരുണ്യം കണ്ടെത്തും. കുഴച്ച മാവിൽ പുളിപ്പ് എന്ന പോലെയാണ് ശരീരത്തിൽ വിഷയാസക്തി. ഇരുമ്പിൽ നിന്ന് അഗ്നി എന്ന തുപോലെ അത് മനുഷ്യനിൽ നിന്ന് ഉത്ഭവിക്കുന്നു. അത് ഉത്ഭവിക്കുമ്പോൾ, അത് അവനെ തിന്നു നശിപ്പിക്കുന്നു.

**അപ്രേം തന്റെ ശിഷ്യരുടെ പക്കലേക്ക് തിരിയുന്നു (429-500)**

429. എന്റെ ശിഷ്യന്മാരേ, സ്തുത്യർഹനായ ഇടയന്റെ അധികാരത്തിലൂടെ നിങ്ങൾ അനുഗൃഹീതരാകട്ടെ. ഞാൻ നോഹയെപ്പോലെ അല്ലെങ്കിലും, നിങ്ങൾ ശേമിനെപ്പോലെയും യാഫെത്തിനെപ്പോലെയും ആകുവിൻ. ഞാൻ മൽക്കിസദേക്കിനെപ്പോലെ അല്ലെങ്കിലും നിങ്ങൾ അബ്രഹാമിനെപ്പോലെ ആകുവിൻ. ഞാൻ ഇസഹാക്കിനെപ്പോലെ അല്ലെങ്കിലും, നിങ്ങൾ വന്ന് യാക്കോബിനെപ്പോലെ അനുഗ്രഹം സ്വീകരിക്കുവിൻ.

437. ഞാൻ മോശയെപ്പോലെ അല്ലെങ്കിലും നിങ്ങൾ നൂന്റെ മകനായ ജോഷ്വായെപ്പോലെ ആകുവിൻ. ഞാൻ ഏലിയായെപ്പോലെ അല്ലെങ്കിലും, നിങ്ങൾ ഏലീശായെപ്പോലെ എന്റെ ചൈതന്യം സ്വീകരിക്കുവിൻ.

441. അത്ഭുത മനുഷ്യനായ ആബാ, മിശിഹാ നിന്റെ സ്മരണയെ മഹത്വപ്പെടുത്തട്ടെ. നീ ദൈവദാസനാണെന്ന് നിന്നെ കാണുന്നവരെല്ലാം തിരിച്ചറിയാൻ നീ മോശയെപ്പോലെ പ്രശോഭിതനാകുകയും നിന്റെ ശോഭ മാലാഖമാരുടേതുപോലെ ആയിരിക്കുകയും ചെയ്യട്ടെ. അബ്രഹാമേ, നീ എന്നോട് ചേർന്നതിനാൽ, അബ്രഹാമിന്റെ ദൈവം നിന്നെ ശ്രവിക്കട്ടെ. നീ വായ് തുറക്കുന്നതിനു മുമ്പ് നിന്റെ കർത്താവ് അതിനെ വിജ്ഞാനം കൊണ്ട് നിറയ്ക്കട്ടെ. എന്തുകൊണ്ടെന്നാൽ "നീ വായ് തുറക്കുക, ഞാൻ അത് നിറയ്ക്കാം"എന്ന് പ്രവാചകൻ പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്.

453. ശെമയോനേ, നീ പ്രാർഥനയിൽ ദൈവത്തെ വിളിച്ചപേക്ഷിക്കുമ്പോൾ, അവൻ നിന്നെ ശ്രവിക്കട്ടെ. നീ ഒരു നഗരത്തിൽ കാലു കുത്തുമ്പോൾ, അവിടുത്തെ പള്ളി ഒരു പാത്രംപോലെ നിറയട്ടെ. മണവാട്ടികളും വ്രതബദ്ധരായ കന്യകകളും നിന്നെ കാണാൻ വരട്ടെ. അവർ നിന്നിൽ നിന്ന് വിജ്ഞാനം ശ്രവിക്കുകയും പ്രയോജനപ്രദമായവ പഠിക്കുകയും ചെയ്യാൻ ഇടവരട്ടെ.

461. നിന്റെ പള്ളിയിലെ കൂട്ടങ്ങൾ നിന്നിൽ സന്തോഷിക്കാൻ ഇടയാകുകയും നിന്നിൽ നിന്ന് പ്രയോജനപ്രദമായവ നേടുകയും ചെയ്യട്ടെ. പാളയത്തിലെ ഭിഷഗ്വരൻ എന്നപോലെ നിന്റെ കീർത്തി സൃഷ്ടി മുഴുവൻ വ്യാപിക്കട്ടെ. വെടിപ്പുള്ളവനും നിഷ്ക്കളങ്കനും നിർമലനുമായ ആഗേൽക്കാരൻ മാറാ, പ്രകൃത്യാ അല്ല, ഇച്ഛാശക്തിയാലത്രേ നീ സരളനായിരിക്കുന്നത്.



അരിഷ്ടത ഉണ്ടായിട്ടും, പ്രതിസമ്മാനം പ്രതീക്ഷിച്ച് നീ എന്നെ അനുഗമിച്ചു. അവൻ നീതിമാന്മാരോടൊപ്പം തന്റെ രാജ്യത്തിൽ നല്ല സമ്മാനം നിനക്ക് നൽകട്ടെ.

473. പോരാളിയും വേട്ടക്കാരനും ഗസീറാക്കാരനുമായ സെനോബേ, നിന്റെ വചനം അഗ്നിസമാനമായിരിക്കട്ടെ. അത് വിജാതിയ മതങ്ങളുടെ കുറ്റിച്ചെടികളെ കത്തിക്കട്ടെ. അഗ്നജ്വാലപോലെ നിന്റെ പ്രസംഗം അബദ്ധപ്രബോധനങ്ങളെ വിഴുങ്ങട്ടെ. ദാവീദിനെപ്പോലെ നീ പോയി ഗോല്യാത്തിനു പകരം തെറ്റിന്റെ സന്തതികളെ ജയിക്കുക. ഒരിക്കലും പരാജയപ്പെടാത്ത സംരക്ഷണവലയം പോലെ നിന്റെ കർത്താവ് നിനക്ക് അകമ്പടി ആയിരിക്കട്ടെ.

485. പൗലോണാ, നിന്റെ അമ്മ ശപിക്കപ്പെട്ടവളാകട്ടെ. നിനക്ക് ജന്മം നൽകിയ ഉദരത്തിനു ദുരിതം! നീ എല്ലാ അബദ്ധപ്രബോധനങ്ങളിലും കടക്കുന്നു; എല്ലാ തർക്കവിതർക്കങ്ങളിലും നീ ഇടപെടുന്നു. ഒരു ധനവാൻ തന്റെ സമ്പത്തിൽ നിന്നെന്നപോലെ നിന്റെ എല്ലാ അധ്വാനങ്ങളിൽ നിന്നും നീ വെറുംകൈയോടെ പുറത്തുപോകും. നീ പരിത്യജിച്ച സ്തംഭം നിന്റെ ശരീരത്തിൽ അടയാളമായിരിക്കും. എന്തുകൊണ്ടെന്നാൽ കുരിശാകുന്ന ഊന്നുവടി ഉപേക്ഷിച്ചിട്ട്, തകർന്ന ഞാങ്ങണയിൽ നീ അഭയം തേടി. നാസ്തികനായ അർവാദ്, നിന്റെ ഓർമ ജീവന്റെ പുസ്തകത്തിൽ നിന്ന് മാഞ്ഞുപോകട്ടെ. എന്തുകൊണ്ടെന്നാൽ നീ മിശിഹായുടെ വീഞ്ഞ് ഉപേക്ഷിച്ചിട്ട് പാപത്തിന്റെ മട്ട് ഊറ്റിക്കുടിച്ചു. നീ ദുഷിച്ച പുത്രൻ, നീ അവനെ ശകാരിച്ചതിന് നിന്നോട് കണക്കു ചോദിക്കും.

**അബദ്ധോപദേശകരുടെ പട്ടിക; അവരുടെ വിഭ്രാന്തി (501-538)**

501. ആരിയർ, എവുണോമിയർ, കത്തറികൾ, ഓഫീത്തർ, മാർസ്യനീത്തർ, മനിക്കേയർ, ബർദൈസാന്യർ, കൂക്കായർ, പൗളീനർ, വിത്താലിയർ, സബാതിയർ, ബൊർബോറിയർ, ശേഷിക്കുന്ന മറ്റ് പാഷണ്ഡികളും നിന്ദ്യമതക്കാരും. ചെന്നായ്ക്കളുടെ ദംശനമേൽക്കാത്ത പെണ്ണാടും പീഡകനായ ഗരുഡന് ഉപദ്രവിക്കാൻ കഴിയാത്ത പരിശുദ്ധ മാടപ്രാവുമായ വിശുദ്ധ സഭയെ തെരഞ്ഞെടുത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. കാരണം, ലഹരിയുള്ള വീഞ്ഞ് കലർത്തി നിറച്ച പാനപാത്രം കർത്താവിന്റെ കൈയിലുണ്ട്. മതത്യാഗികൾ അതു കുടിച്ച് ഉന്മത്തരായി, സഭയിൽ പിളർപ്പുണ്ടാക്കുകയും യേശുവിനെതിരെ ഇറങ്ങിപ്പുറപ്പെടുകയും ചെയ്തു. പേപിടിച്ച പട്ടി സാധിക്കുമെങ്കിൽ തന്റെ യജമാനനെയും കടിക്കും. അതുപോലെ പാഷണ്ഡികളും തങ്ങളുടെ കർത്താവിനെതിരെ ദൈവദൂഷണങ്ങൾ പറഞ്ഞ് കുരയ്ക്കുന്നു.

521. അവരേക്കാൾ ഉയർന്നു നിൽക്കുന്നവന് സ്തുതി. അവന്റെ ഔന്നത്യത്തെ സമീപിക്കാൻ അവർക്കു സാധിക്കുകയില്ല. കാരണം, ദുഷ്ടർക്ക്

സ്വർഗത്തിൽ കയറാൻ എന്തെങ്കിലും സാധ്യത ഉണ്ടായിരുന്നെങ്കിൽ, സ്വർഗീയരുടെ പാവനസ്ഥലത്ത് അവർ കലാപം ഉണ്ടാക്കുമായിരുന്നു. ഒരിക്കൽ അവരുടെ സഹോദരന്മാർ പരിശ്രമിക്കുകയും സ്വർഗത്തിലേക്ക കയറാൻ നോക്കുകയും ചെയ്തു. ദൈവനീതി അവരെ വിധിക്കുകയും അവർ ലജ്ജിച്ച് തല താഴ്ത്തുകയും ചെയ്തു. എന്റെ സഹോദരരേ, ഉന്നതത്തിലെ മാലാഖമാരുടെ സ്ഥലത്ത് കടന്നുകൂടാൻ പരിശ്രമിച്ച ഇവർക്ക് ഈ വിധിയും ശിക്ഷയും ലഭിച്ചെങ്കിൽ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഇടയിൽ പിളർപ്പുണ്ടാക്കാൻ മുതിരുന്നവർ ഏതു വിധിയാലാണ് ശിക്ഷിക്കപ്പെടുക!

**സത്യവിശ്വാസത്തിൽ നിലനിൽക്കണം; പാഷണ്ഡികൾക്കെതിരെ കരുതലുള്ളവരായിരിക്കണം (539-630)**

539. എന്റെ ശിഷ്യരേ, എന്റെ പ്രബോധനത്തിൽ നിങ്ങൾ നിലനിൽക്കണം. എന്റെ വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കരുത്. ദൈവത്തിൽ നിന്നകലുന്നവൻ കായേനെപ്പോലെ ധരയിൽ അലഞ്ഞുതിരിയും. പുത്രനെ പിതാവിനേക്കാൾ ചെറുതാക്കുന്നവൻ ജീവനോടെ ഭൂമിയിൽ താണുപോകും. പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറയുന്നവന് മോചനമില്ല. സഭയിൽ നിന്ന് ഭിന്നിച്ചു മാറുന്നവന്റെ ശരീരത്തിന് ഗേഹാസിക്കെന്നപോലെ കുഷ്ഠം ബാധിക്കും. എന്റെ വിശ്വാസത്തിൽ നിന്ന് അകന്നു മാറുന്നവന്റെ മേൽ യൂദാസിന്റെ കയർ വീഴും. എന്റെ സഹോദരരേ, ദൈവദൂഷണം കൊടിയ തിന്മയാണ്. അതിൽ നിന്ന് ഓടിയകലുവിൻ. കാരണം, ദൈവദൂഷകനും നിന്ദകനും ദൈവത്തിനെതിരെ നിരന്തരം പാപം ചെയ്യുന്നു. നമുക്ക് ശാരീരിക പാപങ്ങൾ വേണ്ടുവോളമുണ്ട്. നമുക്ക് നമ്മുടെ അനീതി വർധിപ്പിക്കാതിരിക്കാം.

557. ദൈവതിരുമുമ്പാകെ എന്റെ പ്രത്യാശയും സമാശ്വാസവും ഇതിൽ മാത്രമാണ്: എന്റെ കർത്താവിനെതിരെ ഞാൻ ഒരിക്കലും ദൂഷണം പറഞ്ഞിട്ടില്ല. എന്റെ വായിൽ നിന്ന് ഒരിക്കലും ദൈവദൂഷണം വന്നിട്ടില്ല. എന്റെ കർത്താവേ, നിന്നെ വെറുത്തവരെ ഞാൻ വെറുത്തു. നിന്റെ ശത്രുക്കളെ ഞാൻ ഒരിക്കലും സ്നേഹിച്ചിട്ടില്ല. നിങ്ങളുടെ ഹൃദയങ്ങളിൽ എന്റെ വാക്കുകൾ രേഖപ്പെടുത്തുകയും എന്നെ ഓർക്കുകയും ചെയ്യുവിൻ.

565. കുഞ്ഞാട്ടിൻ തോൽ ധരിക്കുകയും ഉള്ളിൽ കടിച്ചു കീറുന്ന ചെന്നായ്ക്കൾ ആയിരിക്കുകയും ചെയ്യുന്ന ദുഷ്ടമനുഷ്യർ എനിക്കുശേഷം നിങ്ങളുടെ പക്കലേക്കു വരും. അവരുടെ വായിലെ വാക്കുകൾ മധുരമുള്ളതായിരിക്കും. എന്നാൽ അവരുടെ ഹൃദയചിന്തകൾ കയ്പേറിയവ ആയിരിക്കും. അവർ ബാഹ്യമായി നല്ല മനുഷ്യരുടെ വേഷം ധരിക്കുന്നു. എന്നാൽ അവർ സാത്താനെപ്പോലെ ഉള്ളവരാണ്. അവരിൽ നിന്ന് ഓടിയകലുവിൻ. അവരെ നിങ്ങൾ സമീപിക്കരുത്.



575. കാരണം, രാജാവ് നിന്ദിക്കപ്പെടുന്നിടത്ത് കാണപ്പെടുന്നവൻ വധിക്കപ്പെടുമെന്ന് നിങ്ങൾക്കറിയാമല്ലോ. അവനും ന്യായാസനത്തിൽ വരികയും നിയമാനുസൃതം ചോദ്യം ചെയ്യപ്പെടുകയും ചെയ്യും. രാജാവിനെ നിന്ദിക്കാതിരുന്നതിനാൽ, ശിക്ഷാർഹൻ അല്ലെങ്കിലും, രാജനിന്ദ തടയാഞ്ഞത് എന്തുകൊണ്ട് എന്നതിന് അവൻ വിധിക്കപ്പെടും. പാഷണ്ഡികളുടെ സമൂഹത്തിൽ ഇരിക്കരുത്. വിശ്വാസധ്വംസകരുടെ ഇടയിലേക്ക് കടക്കുകയുമരുത്. വിശ്വാസധ്വംസകരുടെ കൂടെ എന്നതിനേക്കാൾ പിശാചിനോടൊത്ത് പാർക്കുന്നതാണ് ഭേദം.

585. യേശുവിന്റെ മുമ്പിൽ പിടിച്ചുനിൽക്കാൻ കഴിയാത്തതിനാൽ, നീ സാത്താനോട് ശപഥപൂർവം പറയുമ്പോൾ, അവൻ ഓടിപ്പോകുന്നു. എന്നാൽ ഒരു വിശ്വാസത്യാഗിയോട് നീ പതിനായിരം പ്രാവശ്യം ശപഥപൂർവം പറഞ്ഞാലും, അവൻ തന്റെ വിദ്വേഷത്തിൽ നിന്ന് പിന്മാറുകയോ, തന്റെ വിഭ്രാന്തി കൈവിടുകയോ ഇല്ല. പാഷണ്ഡികളെ അനുഗമിക്കുന്നവരെ നേടാൻ ശ്രമിക്കുന്നതിലും ഭേദം പിശാചുബാധിതരെ ഗുണദോഷിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ എന്റെ കർത്താവേ, നീ ദൈവപുത്രനാകുന്നു എന്ന് പിശാചുക്കൾ പ്രഖ്യാപിച്ച് ഏറ്റുപറഞ്ഞു. എന്നാൽ അവൻ ദൈവപുത്രനല്ലെന്ന് വിശ്വാസത്യാഗികൾ ഏതു നേരവും തർക്കിക്കുന്നു.

597. അവരിലുള്ള പിശാച് ഏറ്റുപറയുന്നു, എന്നാൽ അവരോ തർക്കിച്ചുകൊണ്ടു നിൽക്കുന്നു. പ്ലത്താനോസ് മരം പാറമേൽ വളരുമെങ്കിൽ, വിശ്വാസത്യാഗിയെ പഠിപ്പിക്കുക സാധ്യമാകും. ഒരുപക്ഷേ, എഴുതപ്പെട്ടിരിക്കുന്നതു പോലെ, കുന്ന് താണ് സമതലമായേക്കാം; പ്രവാചകവചനം നിറവേറിയേക്കാം. അങ്ങനെ വിശ്വാസത്യാഗി ശിക്ഷണവിധേയനാകുക സംഭവിച്ചേക്കാം. കാക്ക വെളുക്കുക സാധ്യമെങ്കിൽ, ദുഷ്ടൻ നീതിമാനായേക്കാം.

609. ഒരുപക്ഷേ ഹേമന്തത്തിൽ മഞ്ഞുവീണ് കാക്കയുടെ ചിറക് അൽപ്പസമയത്തേക്ക് വെളുത്തേക്കാം. അതുപോലെ, ഒരുപക്ഷേ ദുഷ്ടർ ന്യായവിധിസ്വരം കേട്ട് പീഡനം ഭയന്ന്, തങ്ങൾ ചെയ്തവയെപ്പറ്റി അനുതപിച്ച് തങ്ങളുടെ ചെയ്തികളിൽ നിന്ന് അകലുകയും തങ്ങളുടെ പ്രവൃത്തികളിൽ നിന്ന് പിന്മാറുകയും ചെയ്തേക്കാം.

619. എന്റെ ശിഷ്യന്മാരേ, എന്റെ നിർദേശങ്ങൾ ശ്രവിക്കുവിൻ; എന്റെ വിശ്വാസത്തിൽ നിന്ന് വഴുതി മാറാതിരിക്കുവിൻ. സൃഷ്ടിയിൽ കലാപങ്ങളും അമ്പരപ്പും ഉണ്ടാകുന്നത് കാണുമ്പോൾ, നിങ്ങളുടെ സത്യം സംരക്ഷിക്കുകയും നിങ്ങളുടെ വിശ്വാസത്തിൽ ഉറപ്പുള്ളവർ ആയിരിക്കുകയും ചെയ്യുവിൻ. എഴുതപ്പെട്ടതു മുഴുവൻ സംഭവിക്കും. ഓരോ വാക്കും നിറവേറും. നമ്മുടെ കർത്താവ് ശപഥം ചെയ്തു പറഞ്ഞിട്ടുള്ളതു പോലെ, ആകാശവും ഭൂമിയും കടന്നു പോകും; എന്നാൽ നിയമത്തിലെ ചെറിയ അക്ഷരം പോലും

കടന്നുപോകുകയില്ല. നിങ്ങൾക്ക് അറിയാവുന്നതുപോലെ, അവിടുന്ന വ്യാജം പറയുകയില്ല.

* * * * * * * * * *

**മോശയും ഫറവോയും തമ്മിലുള്ള പോരാട്ടം (631-834)**

631. അംറാമിന്റെ മകനായ മോശയുടെ കാലത്ത് മന്ത്രവാദികൾ അവനെതിരെ ഉയർന്നു. അവരുടെ വായ് തന്നെ സാക്ഷ്യപ്പെടുത്തുന്നതുപോലെ, ദൈവകരം വിജയിച്ചു. ദൈവികനീതി നിഷേധികളെ കുരുക്കൾ കൊണ്ടും വ്രണങ്ങൾ കൊണ്ടും പ്രഹരിച്ചു. അവരുടെ സ്വന്ത ഇഷ്ടപ്രകാരമല്ല, നിർബന്ധത്താൽ അവർ സത്യം പറഞ്ഞു. ഒരുപക്ഷേ മാനസ്സാന്തരപ്പെട്ടേക്കില്ലേ എന്നു കരുതി, നുണയ്ക്കെതിരെ ദീർഘക്ഷമയോടിരിക്കുക സത്യത്തിന് പതിവാണ്. തന്റെ സംഗതി തുറന്നുകാട്ടിയെന്നും പിടിച്ചുനിൽക്കാൻ പറ്റില്ലെന്നും നുണ മനസ്സിലാക്കുമ്പോൾ, അത് സത്യം നിഷേധിക്കും. ജനത്തെ വിടുവിക്കാൻ മോശ അയക്കപ്പെട്ടപ്പോൾ, അവൻ ഫറവോയുടെ പക്കലെത്തി അവനോട് സംസാരിച്ചു. ഫറവോ അവനെ ശ്രവിച്ച് രോഷാകുലനാകുകയും വിവേകശൂന്യൻ ആകുകയും ചെയ്തു. ദൈവത്തിനും മോശയ്ക്കുമെതിരെ അവൻ നിന്ദാവചനങ്ങളുച്ചരിച്ചു.

649. ഈ വാർത്ത നഗരം മുഴുവൻ പരന്നു. ഇത് ദൈവകൽപ്പന ആണെന്നും ഇത് അവഗണിക്കാൻ ആവില്ലെന്നും നാട്ടുപ്രമാണിമാർ മനസ്സിലാക്കി. മോശയെ ആവരണം ചെയ്തിരുന്ന ശോഭയ്ക്കു മുമ്പിൽ ഫറവോ വിറച്ചു. തന്റെ കർത്താവിനെ കാണുമ്പോൾ അവനു മുമ്പിൽഏതവനാണ് ഭയക്കാത്തത്? അഥവാ, തന്റെ ദൈവത്തെ കാണുമ്പോൾ അവനു മുമ്പിൽ ഏതു മനുഷ്യനാണ് വിറയ്ക്കാത്തത്? ഈ രീതിയിൽ മോശയ്ക്കും അവന്റെ ദൈവത്തിനും മുമ്പിൽ ഫറവോ വിറച്ചു.

661. ഒരു നവാത്ഭുതം കാണാൻ അവൻ ഈജിപ്തിലെ മന്ത്രവാദികളെ ഒന്നിച്ചുകൂട്ടി. എന്തുകൊണ്ടെന്നാൽ അവന്റെ മുഖഭാവം അഗ്നിമയനും ആത്മീയനുമായ മാലാഖയ്ക്ക് തുല്യമായിരുന്നു. അവൻ സൂര്യനേക്കാൾ ശോഭാമയനായി. അവൻ മിന്നലിനെ കടത്തിവെട്ടി. അവനെ നോക്കിയവർ അവനെ ഒരു ദൈവമായി കരുതി. അവർ ഒരു ശബ്ദം കേട്ടു. അവൻ വിക്കി വിക്കി പറഞ്ഞതിനാൽ അവർ അവനെ കളിയാക്കി. ഒരുവൻ അവനെ ഒരു സ്വർഗീയനായി കരുതി. മറ്റൊരുവൻ അവനെ ശൂന്യനെന്നു വിളിച്ചു. അവൻ എന്തെങ്കിലും ആയിരുന്നെങ്കിൽ, അവൻ ആദ്യം തന്നെത്തന്നെ സഹായിക്കുമായിരുന്നു.

673. നിങ്ങൾ കേട്ടിരിക്കുന്നതുപോലെ, മോശയ്ക്ക് നാട്ടുഭാഷ വശമായിരുന്നു. അവൻ ഫറവോന്റെ ഭവനത്തിൽ ഈജിപ്തുകാരുടെ എല്ലാ വിജ്ഞാനത്തിലും അഭ്യസിപ്പിക്കപ്പെട്ടിരുന്നു. അവനെപ്പറ്റി സ്പഷ്ടമായി



പറയുമ്പോൾ ശ്ലീഹായും നമുക്ക് ഇത് നൽകുന്നു. മോശയ്ക്ക് അറിയാമായിരുന്നു എന്നതിന് പുറമേ അവനിൽ വസിച്ചതും ആദം മുതലുള്ളവ അവനു വെളിപ്പെടുത്തിയതുമായ പരിശുദ്ധാത്മാവ്, എന്തു പദ്ധതിയാണ് അവനെതിരെ ആസൂത്രണം ചെയ്യാൻ പോകുന്നതെന്ന് അവന് വെളിപ്പെടുത്തി പറഞ്ഞിരുന്നു.

685. അങ്ങനെ ഫറവോ തന്റെ മന്ത്രവാദികളെ വിളിച്ചുകൂട്ടി; അവരും അവരുടെ ശിഷ്യരും ഒന്നിച്ചുകൂടി. മോശയെ സംബന്ധിച്ച് അവർ നടപ്പാക്കേണ്ടതിനെ കുറിച്ച് അവൻ അവരോട് സംസാരിക്കാൻ തുടങ്ങി: നിങ്ങളുടെ കഴിവ് എന്നെ കാണിക്കാനുള്ള സമയവും നാഴികയുമാണിത്. യുദ്ധം പൊട്ടിപ്പുറപ്പെടുമ്പോൾ പട്ടാളക്കാർക്ക് കൽപ്പന ലഭിക്കുന്നു. ദുരിതം ഉണ്ടാകുമ്പോൾ വൈദ്യന്മാരെ തേടുന്നു. ഒരു വിക്കൻ നമ്മെ നിന്ദിച്ചു എന്ന് നാം സൃഷ്ടി മുഴുവൻ ചിരിക്കു വക നൽകാതിരിക്കട്ടെ. ഒരിക്കൽ നാം വിജയിക്കുന്നതുവരെ പോരാട്ടത്തിന് ഒരുങ്ങുവിൻ. നാം ജയിക്കുന്നതുവരെ പൗരുഷമായി പോരാടുവിൻ.

701. ലോകം മുഴുവൻ നമ്മെ ശ്രദ്ധിക്കുകയും നാം മഹാപോരാളികളാണെന്ന് കരുതുകയും ചെയ്യുന്നു. തങ്ങളുടെ യുദ്ധത്തിൽ സഹായത്തിനായി ഭൂമിയിലെ രാജാക്കന്മാർ നമ്മെ കൂലിക്ക് വിളിക്കുന്നു. എന്നാൽ ഒരു വിക്കൻ നമ്മെ നിന്ദിക്കുന്നതായി അവർ കാണാൻ ഇടവന്നാൽ, അവനേക്കാൾ കൂടുതലായി അവർ നമ്മെ പരിഹസിക്കാൻ തുടങ്ങും. നമ്മുടെ ജനത്തിനെതിരെ എപ്പോഴും ഉയരുന്നവർ കേട്ട് വിറയ്ക്കാൻ, നമ്മുടെ നാമം നിത്യമായി നിലനിൽക്കാൻ, പ്രശസ്തരായ മനുഷ്യരായി പോരാട്ടത്തിന് പുറപ്പെടുവിൻ. ഞാൻ നിങ്ങളുടെ രാജാവാണെങ്കിലും, നിങ്ങളേക്കാൾ കൂടുതൽ ഞാൻ സന്തോഷിക്കുന്നില്ല. കാരണം, ബഹുമാനം ആണെങ്കിൽ അത് നമ്മുടേതാണ്, അപമാനമാണെങ്കിൽ അതും പരസ്പരമുള്ളതാണ്.

717. കുടിച്ചു പൂസായ ആളുകളെപ്പോലെ മന്ത്രവാദികളുടെ മുഖം ചെമന്നു. അവർ ഈജിപ്തു രാജാവായ ഫറവോന്റെ മുമ്പാകെ ഇപ്രകാരം ഉറപ്പായി വാഗ്ദാനം ചെയ്തു: ഈജിപ്തിന്റെ മുകളിൽ പ്രഭാതം ഉദിക്കുന്നതിനു മുമ്പ് അംറാമിന്റെ മകന്റെ ആത്മാവ് വേർപെട്ടിരിക്കും. മോശ മറിഞ്ഞുവീണ് പൊട്ടിത്തകർന്ന് ചത്തെന്ന് നിദ്രയിൽ തന്നെ നിനക്ക് കേൾക്കാൻ കഴിയും. ഇത് ഞങ്ങൾക്ക് പരിഗണനാർഹ വിഷയമേയല്ല. ഇതൊരു കുട്ടിക്കളി മാത്രം. നീ പോയി ശാന്തമായി കിടന്നുറങ്ങിയാലും. എന്തുകൊണ്ടെന്നാൽ അവന്റെ മരണസമയം അടുത്തിരിക്കുന്നു. അവൻ ഇന്നു മാത്രമേയുള്ളു. അവൻ രണ്ടാമതൊരു ദിനംകൂടി ജീവിക്കയില്ല. കേൾവികേട്ട മന്ത്രവാദികൾ ഫറവോനെ വിട്ടുപോയി. താൻ കേട്ടതിൽ രാജാവ് ആശ്രയിക്കുകയും അവരെ വിശ്വസിക്കുകയും ചെയ്തു. അവന്റെ കണ്ണുകളിൽ നിന്ന് നിദ്ര അകന്നുപോയി. കാരണം ഉഷകാലത്തിൽ അവൻ സമ്പൂർണമായ അസ്വസ്തത

പ്രതീക്ഷിച്ചു. അവന് അൽപ്പം കണ്ണടഞ്ഞ് വന്നപ്പോൾ, സ്വപ്നത്തിൽ താഴെ പ്പറയുന്നത് അവൻ കണ്ടു. മന്ത്രവാദികൾ തങ്ങളുടെ പിശാചുക്കളെ വിളിച്ച് മോശയുടെ പക്കലേക്ക് അയച്ചു.

741. അവർ നീതിമാന്റെ പക്കൽ എത്താനായി കടന്നുപോയി. എന്നാൽ കൃപ അവരെ പറപ്പിച്ചു. അഗ്നിയെ ചുഴലിക്കാറ്റെന്നപോലെ അവന്റെ പ്രാർഥന പിശാചുക്കളെ ചിതറിച്ചു. കാറ്റ് പുകയെ എന്നപോലെ നീതി അവരെ ചിത റിച്ചു. പരാജിതരായ സൈന്യനിര പോലെ അവരെല്ലാം പറന്നുപോയി. കട ന്നുവന്ന പാറാവുകാരന്റെ സ്വരം കേട്ട കള്ളനെപ്പോലെ ആയിരുന്നു അവർ: സ്വരം കേട്ട മാത്രയിൽ അവർ പറന്ന് സ്വയരക്ഷയ്ക്കായി നാലുപാടും പിരി ഞ്ഞുപോയി.

753. പ്രകാശത്തിന്റെ മുമ്പിൽ അന്ധകാരമെന്നതുപോലെ, ദുഷ്ടർ അവനിൽ നിന്ന് പറന്ന് അകന്നുപോയി. തങ്ങളെ കടമമെടുത്തവരുടെ പക്ക ലേക്ക് അവർ ഓടിക്കിതച്ചെത്തി. അവർ അവരോട് ഇപ്രകാരം പറഞ്ഞു: ഈ മനുഷ്യനെ ഞങ്ങൾക്ക് കടന്നാക്രമിക്കാനാവില്ല. കാരണം, അവൻ നിൽക്കുന്ന സ്ഥലത്തിന്റെ അടുത്തുപോലും എത്താൻ അവൻ ഞങ്ങളെ ഒരിക്കലും അനുവദിക്കുന്നില്ല.

761. പ്രഭാതമായി, പ്രകാശമുദിച്ചു. മോശ എന്ന മനുഷ്യനോട് ചെയ്യാൻ പോകുന്നെന്ന് മന്ത്രവാദികൾ വാഗ്ദാനം ചെയ്തതിനെപ്പറ്റി കേൾക്കാൻ ഫറവോ കാത്തിരുന്നു. സമയം കുറേ കടന്നിട്ടും ആരുംവന്ന് വിവരം അറി യിക്കാഞ്ഞതിനാൽ, ഫറവോ അവരെ ആളയച്ചു വരുത്തി ചോദിച്ചു:

769. അവൻ രണ്ടാം ദിവസം ജീവിച്ചിരിക്കയില്ലെന്ന് നിങ്ങൾ പറഞ്ഞത് എന്തുകൊണ്ട്, എന്തു കാരണത്താലത് നടന്നില്ല? ആ വിഡ്ഢികൾ ഇപ്ര കാരം പറഞ്ഞു: ഞങ്ങളോട് അൽപ്പം ക്ഷമിക്കുക. ഈ മനുഷ്യനെപ്പറ്റി മുൻകൂറായി ഒന്നും ചിന്തിക്കേണ്ട. ഓ, രാജാവേ, ധൃതിപിടിച്ച് ഞങ്ങൾക്ക് ആജ്ഞ നിർവഹിക്കാനാവില്ല. ദിവസവും അത് അനുവദിക്കുന്നില്ല. കാരണം ഇന്ന് വെളുത്തവാവാണ്. ചന്ദ്രൻ ക്ഷയിക്കാൻ തുടങ്ങുമ്പോൾ ചന്ദ്രനെ പ്പോലെ അവന്റെ ജീവനും ക്ഷയിക്കും.

781. അവരെപ്പോലെ അവനും വഴിതെറ്റിയതിനാൽ, ആ വിഡ്ഢി അതു കേട്ട് വിശ്വസിച്ചു. പറയപ്പെട്ട സമയം തികയുന്നതുവരെ അവർ മോശയ്ക്കെ തിരെ ഒഴികഴിവുകൾ പറഞ്ഞുകൊണ്ടിരുന്നു. അവർ മുടികൊണ്ടും തുണി കൊണ്ടും മോശയുടെ രൂപം ഉണ്ടാക്കി ഒരു കല്ലറയുടെ അരികിൽ വച്ചു. അതിനെതിരെ പിശാചുക്കളെ കൂലിക്കെടുത്തു. അവ പൈശാചിക സൈന്യനിരയുടെ തലവന്മാരും ഇടത്തുവശത്തെ സൈന്യത്തിന്റെ തലവ ന്മാരും അവരുടെയെല്ലാം തലവന്മാരുമായ അശുദ്ധാത്മാക്കളും അർക്കോ ന്തരുമായിരുന്നു.



793. മോശ മരിക്കാനായി അവനെ ചവിട്ടി മെതിക്കുമെന്ന് അവർ ഓ രോരുത്തരും വീമ്പടിച്ചു. സൈന്യനിര മുഴുവൻ പുറപ്പെട്ട് ഏകയോഗമായി മുന്നോട്ടുനീങ്ങി. അവനിൽ നിന്ന് അൽപ്പം അകലെവച്ച് അവർ തലയു യർത്തി, ഏലീശായുടെ നാളുകളിലേതുപോലെ അവനുചുറ്റും നിൽക്കുന്ന മാലാഖമാരെ കണ്ടു. അവനെ സമീപിക്കാൻ കഴിയാത്തതുകൊണ്ട് അവ നിലവിളിച്ചുകൊണ്ട് അവിടെ നിന്ന് പറന്നുപോയി. നീതി അവരെ ചിത റിച്ചു, കൃപ അവരെ ചിതറിച്ചു.

805. മോശയെ കീഴടക്കാൻ കഴിയാഞ്ഞതിനാൽ, അവർ ലജ്ജിച്ച് തിരി കെ പോയി. സംഭവിച്ചതു കണ്ട മന്ത്രവാദികളെ ഭയം പിടികൂടി. ലജ്ജിക്കേ ണ്ടതിനായി നുണയർ ഒരുപായം ആസൂത്രണം ചെയ്തു. ദുഷ്ടർ വീഞ്ഞെ ടുത്തു വച്ചിട്ട് സർപ്പങ്ങളെയും വ്യാളങ്ങളെയും വിളിച്ചുവരുത്തി. അവ വന്ന് തങ്ങളുടെ വിഷം വീഞ്ഞിൽ വമിച്ചു. മോശ അറിയാതെ അതു കുടിക്കുന്ന തിന് അവർ ആ വീഞ്ഞെടുത്ത് നൽകി. ഈജിപ്തുരാജാവ് കൊടുത്തയച്ച വീഞ്ഞെടുത്ത് കുടിക്ക്! ഇന്ന് നീണ്ട സമയത്തിനുശേഷം രാജാവ് നിന്നെ ബഹുമാനിക്കാൻ തുടങ്ങിയിരിക്കുന്നു. അത് വളരെ പഴക്കമുള്ളതിനാലാണ് കലങ്ങിയും കറുത്തും ഇരിക്കുന്നത്. എന്നാൽ മോശ അതു സൂക്ഷിച്ചു നോക്കി ഉള്ളിൽ അവരെപ്പറ്റി ഊറിച്ചിരിച്ചതേയുള്ളു. അവർ അവനു നൽകിയ വീഞ്ഞെടുത്ത് അവൻ കുടിച്ചു. അവന് യാതൊരുപദ്രവവും സംഭവിച്ചില്ല. അവരുടെ സൂത്രങ്ങളും ഉപജാപങ്ങളും അവൻ മനസ്സിലാക്കിയില്ലെന്ന് അവർ കരുതിയതിനാൽ, ആ നിഷ്ക്കളങ്കൻ അവരോടു പറഞ്ഞു: എനിക്ക് അത് കൊടുത്തയച്ചവൻ മാരകമായ സർപ്പവിഷം കലർന്ന വീഞ്ഞ് കൊടുത്തയ ച്ചിരിക്കാമെന്ന് ഞാൻ സംശയിക്കുന്നു.

* * * * * * * * * *

**അപ്രേം മുന്തിരിവള്ളിയുടെ ദർശനം വിവരിക്കുന്നു (835-884)**

835. ഇതാ, മരണദൂതൻ അടുത്തുവരുന്നു. അപ്രേമേ, നിന്റെ തത്വോ പദേശങ്ങൾ നിർത്തൂ. എന്റെ കർത്താവായ യേശുവേ, ഒരാൾ തന്റെ സ്നേഹി തനോട് ശപഥപൂർവം പറയുന്നതുപോലെ, ഞാൻ നിന്നോട് ശപഥപൂർവം അപേക്ഷിക്കുന്നു: നീ പ്രത്യക്ഷപ്പെടുമ്പോൾ, എന്നെ ഇടത്തുവശത്തു നിർത്ത രുതേ.

841. നിങ്ങളാണെ, ഞാൻ ഇപ്പോൾ പറഞ്ഞത് നുണയല്ല: ഞാൻ ഒരു കൊച്ചുകുട്ടിയായി എന്റെ അമ്മയുടെ മടിയിൽ കിടന്നപ്പോൾ, സ്വപ്നത്തി ലെന്നപോലെ ഞാൻ ഒരു കാര്യം കണ്ടു; അത് പിന്നീട് യാഥാർഥ്യമായി ഭവിച്ചു. എന്റെ നാവിൽ നിന്ന് ഒരു മുന്തിരിവള്ളി മുളച്ചുവളർന്ന് ആകാശം മുട്ടെയെത്തി. അത് അനന്തമായി ഫലങ്ങളും എണ്ണമറ്റ ഇലകളും നൽകി.

അത് വിസ്തൃതമായി വളർന്നു വ്യാപിച്ചു; അത് ചുറ്റുപാടും ചുറ്റിവളർന്നു; അത് സൃഷ്ടി മുഴുവൻ വ്യാപിച്ചു; അതിന് കുറവു വരാതെ അതിൽ നിന്ന് ഫലം പറിച്ചു. എത്രയും പറിക്കുന്നുവോ, അത്രയധികമായി മുന്തിരിങ്ങാ കായിച്ചു.

857. ഈ മുന്തിരിങ്ങാകൾ പ്രസംഗങ്ങളും ഈ ഇലകൾ ഗീതങ്ങളുമായിരുന്നു; ദാതാവ് ദൈവമായിരുന്നു; അവന്റെ കൃപയ്ക്ക് അവന് സ്തുതി. കാരണം, തന്റെ ഹിതാനുസൃതം തന്റെ നിക്ഷേപത്തിൽ നിന്ന് അവൻ എനിക്കു തന്നു. എന്റെ പരിചിതരേ, സമാധാനത്തിൽ വസിക്കുവിൻ; എന്റെ വത്സലരേ, എനിക്കുവേണ്ടി പ്രാർഥിക്കുവിൻ. കാരണം, വ്യാപാരി തന്റെ നാട്ടിലേക്ക് പുറപ്പെടാനുള്ള സമയം അടുത്തിരിക്കുന്നു. എനിക്കു ദുരിതം! എന്തുകൊണ്ടെന്നാൽ, എന്റെ വസ്തുവകകൾ നഷ്ടപ്പെട്ടിരിക്കുന്നു. എന്റെ നിക്ഷേപങ്ങളെല്ലാം ചിതറിപ്പോയി.

869. നല്ലവരെപ്പറ്റി ആരും കരയേണ്ടതില്ല; കാരണം, ജീവനിലേക്കായിട്ടാണ് അവർ പാതാളത്തിലേക്ക് കടക്കുന്നത്. എന്റെ സഹോദരരേ, എന്നെ പ്രതിയും എന്റെ സഖികളെ പ്രതിയും എന്നെപ്പോലെ ഉള്ളവരെപ്രതിയും കണ്ണീരൊഴുക്കുവിൻ. എന്തെന്നാൽ, ഞങ്ങളുടെ ദിവസങ്ങളും സമയവും പ്രയോജനരഹിതമായും വ്യർഥമായും ഞങ്ങൾ ചെലവഴിച്ചു. നാട് സമാധാനത്തിലും നാട്ടുവാസികൾ ശാന്തിയിലും കഴിയട്ടെ. സഭകളിൽ സമാധാനം പുലരട്ടെ. ദുഷ്ടരിലൂടെയുള്ള പീഡനം അവസാനിക്കട്ടെ. ദുഷ്ടർ നീതിമാന്മാരായി തീരുകയും പാപികൾ അനുതാപികൾ ആയിത്തീരുകയും ചെയ്യട്ടെ. ആത്മാവിനെ ശരീരത്തിൽ നിന്ന് വേർപെടുത്തി ഉത്ഥാനം വരെയുള്ള ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുന്ന മരണദൂതാ, സമാധാനം നിന്നോടുകൂടെ.

**ലാംപ്രൊത്താത്തെ വിവരണം (885-950)**

885. അപ്രേമിന്റെ ഈ വാക്കുകൾ നിമിത്തം ജനം മുഴുവൻ കരഞ്ഞു. എന്നാൽ ഒരുയർന്ന മിലിറ്ററി ഉദ്യോഗസ്ഥനും എഡേസ്സാ മുഴുവന്റെയും ഭരണാധികാരിയുമായ ഒരാളുടെ മകളായ ലാംപ്രൊത്താത്തെ എന്നു പേരുള്ള ഒരു പെൺകുട്ടി അവിടെ ഉണ്ടായിരുന്നു. ദുഃഖപൂരിതസ്വരത്തിൽ തേങ്ങിക്കൊണ്ട് അവൾ പറഞ്ഞു: എഡേസ്സായ്ക്ക് ഹാ,കഷ്ടം! എന്തുകൊണ്ടെന്നാൽ ഇന്ന് കോട്ടയ്ക്ക് വിള്ളലുണ്ടായി. സുപ്രസിദ്ധ നഗരത്തിന്റെ സൂര്യൻ ഇന്ന് ഇരുണ്ടുപോയി. അവൾ സ്ത്രീപുരുഷന്മാരെ ഇരുവശങ്ങളിലേക്കും മാറ്റി മുന്നോട്ട് കടന്ന് നെഞ്ചത്തടിച്ചു. അതീവദുഃഖത്താൽ കരഞ്ഞുകൊണ്ട് ബാലിക പറഞ്ഞു: തന്റെ തിരുഹിതപ്രകാരം നിന്നിൽ വസിക്കുകയും തനിക്കിഷ്ടമായ പ്രകാരം നിന്നിലൂടെ സംസാരിക്കുകയും ചെയ്തവനാൽ, ഞാൻ കാംക്ഷിക്കുന്നതു പോലെയും ഞാൻ അപേക്ഷിക്കുന്നതു പോലെയും ഞാൻ ഒരു പുതിയ ശവപ്പെട്ടി ഉണ്ടാക്കാൻ എന്നോട് കൽപ്പിച്ചാലും. ഞാൻ എനിക്കു



വേണ്ടിക്കൂടി മറ്റൊന്ന് ഉണ്ടാക്കുകയും നിന്റെ പാദാന്തികത്തിൽ അത് വയ്ക്കുകയും ചെയ്യും. അങ്ങനെ നിന്റെ കൂടെ പാതാളത്തിലേക്കു പോയാൽ, നീ രാജ്യത്തിൽ എത്തുമ്പോൾ എന്നെ പിന്നിൽ ഉപേക്ഷിക്കുകയില്ല.

909. പെൺകുട്ടീ, എന്നിൽ നിന്ന് ദൂരെപ്പോകൂ. നമ്മുടെ കർത്താവ് നിന്റെ ഓർമ വലുതാക്കട്ടെ. നിന്റെ വാക്കുകൾ അതിപ്രശംസയാണ്. അമ്പരപ്പിക്കുന്നതാണ് നിന്റെ യാചന. നിനക്ക് വിലാപം ഉചിതമായിരിക്കെ എത്ര സ്പഷ്ടമാണ് നിന്റെ വിളിക്കൽ. നിന്റെ ഇഷ്ടം ചെയ്യാൻ പാടില്ല. നിന്റെ ശപഥത്തിൽ ഞാൻ ഭയപ്പെടുന്നു. ഞാൻ നിന്റെ ഇഷ്ടം നിവർത്തിച്ചാൽ, ഉതപ്പു നിമിത്തം ഞാൻ വീണ്ടും ഭയപ്പെടുന്നു. അവൾ അപ്രേമിന്റെ ഇഷ്ടപുത്രി ആയിരുന്നെന്ന് എന്റെ മരണശേഷം മനുഷ്യർ പറയാൻ ഇടയാകരുത്. പോയി നീ യാചിച്ചതുപോലെ ചെയ്യുക. നിന്റെ സഖികളും നിന്നോടൊപ്പം ചെയ്യട്ടെ.

923. മാർബിൾ കൊണ്ടുള്ള ശവപ്പെട്ടി ഉണ്ടാക്കരുത്. കാരണം, ഞാൻ ആ ബഹുമാനത്തിന് അർഹനല്ല. ഞാൻ ഒരു കാര്യം നിന്നോടും നിന്റെ സഖികളോടും കൽപ്പിക്കുന്നു: പല്ലക്കിൽ ഇരുന്ന് പുരുഷന്മാരെ നുകത്തിൻ കീഴിൽ കെട്ടരുത്. കാരണം, പുരുഷന്റെ ശിരസ്സ് മിശിഹാ ആണെന്ന് ശ്ലീഹാ പറഞ്ഞത് ഞാൻ കേട്ടിരിക്കുന്നു (1കൊറി.11,3).

931. ന്യായാധിപന്റെ മുമ്പിൽ വിവർണരാകാതിരിക്കാൻ, ന്യായവിധി സംഭവിക്കുമെന്ന് നിങ്ങളെല്ലാവരും ഓർത്തുകൊള്ളുവിൻ. കാരണം, എഴുതപ്പെട്ടിരിക്കുന്നത് ഞാൻ കേട്ടിരിക്കുന്നു: "ഓരോരുത്തർക്കും അവനവന്റെ പ്രവൃത്തികൾക്കനുസൃതം പ്രതിഫലം കിട്ടും" (റോമ.2,6).

935. ആ പെൺകുട്ടി സമസ്ത സമൂഹത്തിന്റെയും മുമ്പാകെ പറഞ്ഞു: യൗവനം മുതൽ വാർധക്യംവരെ നീ സേവിച്ച ദൈവത്തിന്റെ നാമത്തിൽ ഞാൻ ശപഥം ചെയ്തു പറയുന്നു, ഞാൻ പല്ലക്കിൽ ഇരിക്കുകയോ, ഒരു പുരുഷൻ എന്നെ വഹിക്കുകയോ ചെയ്കയില്ല. നിന്റെ കൽപ്പനയ്ക്കെതിരെ ഞാൻ ചെയ്താൽ, എന്റെ യുവത്വത്തിന്മേൽ നിന്ദനം പതിക്കട്ടെ. ഞാൻ ഇത് പൊളിവായി പറഞ്ഞതാണെങ്കിൽ, ഞാൻ എല്ലാവരുടെയും മുമ്പാകെ ലജ്ജിതയാകട്ടെ.

945. മരിക്കുന്നതിനു മുമ്പ് വീണ്ടും നിന്നെ അനുഗ്രഹിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവം വന്ന് ആകാശവും ഭൂമിയും നശിപ്പിക്കുന്നതുവരെ കുലീനബഹുമാനം നിന്നിൽ നിന്ന് നിത്യമായി നീങ്ങിപ്പോകുകയില്ല.

# ദൈവജനനിയെപ്പറ്റി മാർ അപ്രേമിന്റെ രണ്ടു പ്രസംഗങ്ങൾ

## പ്രസംഗം – 1

1. ഈറയർക്കുപോലും മറഞ്ഞിരിക്കുന്ന ഇടത്തേക്ക് ദൈവം ഗബ്രിയേലിനെ വിളിക്കുകയും ഏതാണ്ട് താഴെ പറയുന്ന വാക്കുകൾ ഉന്നതത്തിൽ നിന്ന് അഗ്നിമയനോട് പറയുകയും ചെയ്തു:

5. "എന്റെ പുത്രൻ ഭൂമിയിലേക്ക് താണിറങ്ങാൻ ആഗ്രഹിക്കുന്നു. അവിടേക്കു പോയി അവന് ഒരു അരമന ഒരുക്കുക! പാതാളത്തിൽ ക്ലാവു പിടിച്ച നാണയം ശുദ്ധീകരിക്കാൻ സമയമായി. 9. എന്റെ പുത്രൻ അത് ശുദ്ധീകരിക്കുന്നില്ലെങ്കിൽ, അത് ശുദ്ധീകരിക്കാൻ ധരയിൽ ആരും തന്നെയില്ല. ദാവീദിന്റെ പുത്രിയായ മറിയത്തിന്റെ പക്കലേക്കുള്ള വഴിയിലേക്ക് നേരേ താണിറങ്ങുക. 13. ഞാൻ എല്ലാ സ്ത്രീകളെയും പരിശോധിച്ചു. എല്ലാവരെക്കാളും ഞാൻ അവളെ ഇഷ്ടപ്പെട്ടു. അവളെപ്പോലെ പാപരഹിതയും വെടിപ്പുള്ളവളുമായി സമസ്തസ്ത്രീകളുടെയും ഇടയിൽ ആരുമില്ല. 17. അക്കാരണത്താൽ എന്റെ വത്സലസുതൻ അവളുടെ ഉദരത്തിൽ നിന്ന് ശാരീരികവസ്ത്രം ധരിക്കും. നിന്റെ മുമ്പിൽ അവൾ ഭയക്കാതിരിക്കാൻ, ആദ്യമായി അവളെ അഭിവാദ്യം ചെയ്യണം."

21. "ഞാൻ നിന്നോട് പറയുന്നത് അവളോട് പറഞ്ഞിട്ട് തിരികെ വരിക! അവളോടു പറയുക: 'സമാധാനം നിന്നോടുകൂടെ. കൃപ നിറഞ്ഞവളേ, നിനക്കു സ്വസ്തി' (ലൂ.1,28). 25. 'എന്റെ കർത്താവ് നിന്നോടുകൂടെ; അവൻ നിന്നിൽ നിന്ന് ഉദിക്കും. രക്ഷകൻ നിന്റെ ഉദരത്തിൽ വസിക്കും. അവൻ എല്ലാ സൃഷ്ടികളെയും രക്ഷിക്കും. സൂര്യൻ നിന്നിൽ നിന്നുദിച്ച് എല്ലാ പ്രകാശഗോളങ്ങളെയും പ്രകാശിപ്പിക്കും. 30. തന്റെ കൽപ്പന ലംഘിച്ചവനും തന്റെ ഛായയുമായ ആദത്തെ അവൻ രക്ഷിക്കും.' നീ അവളുമായി ഒരു ചർച്ചയ്ക്ക് മുതിരേണ്ട. കാരണം, അക്കാര്യത്തിൽ അവൾ നിന്നെ അതിശയിക്കുന്നു."

34. "അവളോട് അധികം വാക്കുകൾ പറയുകയും വേണ്ട. കാരണം, നിന്നേക്കാൾ മെച്ചമായി മറുപടി പറയാൻ അവൾക്കറിയാം. ഒരഗ്നിമയൻ നിന്ന് തന്നോട് സംസാരിക്കുന്നതു കാണുമ്പോൾ അവൾ നിന്റെ മുമ്പിൽ



ഭയക്കാതിരിക്കാൻ, ശാന്തമായും താഴ്മയായും ദാവീദിന്റെ പുത്രിക്ക് നിന്നെത്തന്നെ കാണിക്കുക. അവൾ നിന്റെ മുമ്പിൽ ഭയക്കാതിരിക്കാൻ, ഒരു യുവാവായി പ്രത്യക്ഷപ്പെടേണ്ട, പിന്നെയോ, ഒരു വൃദ്ധനായി കാണപ്പെട്ടാൽ മതി. നീ സക്കറിയായുടെ വായടച്ചതുപോലെ പോയി അവളുടെ വായടയ്ക്കരുത്. നിന്നോട് അവൾ തർക്കിക്കാൻ മുതിർന്നാൽ, രഹസ്യം വെളിപ്പെടുത്തിയിട്ട് പോരുക!"

48. സൃഷ്ടികൾക്ക് സമ്പൂർണ സമാധാനം നൽകുന്ന ഈ ദൈവിക ശാസ്സന ഈറയൻ സ്വീകരിച്ചു. അവൻ അഗ്നിമയന്മാരുടെ നിരകൾക്കിടയിലൂടെ പറന്നു; അവൻ അവരുടെ നിരകളിൽ തങ്ങിയില്ല. ജ്വാല ധരിച്ചവരുടെയും പ്രകാശസന്തതികളുടെയും ഇടങ്ങളിലൂടെ അവൻ കടന്നുപോയി.

54. വൃദ്ധനായി കാണപ്പെടാൻ അവൻ തന്റെ തലയിൽ വെളുത്ത രോമം പറ്റിപ്പിടിപ്പിച്ചു. ദാവീദുപുത്രി ദൈവതിരുമുമ്പാകെ പ്രാർഥനയിൽ നിന്നപ്പോൾ, ഇതാ, ഒരഗ്നിമയൻ പെട്ടെന്ന് അവളുടെ മുമ്പിൽ കടന്നുചെന്നു. അവൻ തന്റെ വായിൽ സമാധാനാശംസ നിറച്ച് അവൾക്ക് നൽകിയിട്ട്, അവളോട് ഇപ്രകാരം സംസാരിക്കാൻ തുടങ്ങി:

62. "കൃപ നിറഞ്ഞവളേ, സ്വസ്തി!എന്റെ കർത്താവ് നിന്നോടുകൂടെ. അവൻ നിന്നിൽ നിന്നുദിക്കും. രക്ഷകൻ നിന്റെ ഉദരത്തിൽ വാസമുറപ്പിക്കും. അവൻ സമസ്ത സൃഷ്ടികളെയും രക്ഷിക്കുകയും ചെയ്യും."

66. മറിയം മാലാഖയോടു പറഞ്ഞു: "ഞാൻ ഒരിക്കലും പുരുഷനെ അറിയാത്തതിനാൽ, ഇതെങ്ങനെ സംഭവിക്കും?" (ലൂ.1,34).

69. മാലാഖ ബാലികയോടു പറഞ്ഞു: "പരിശുദ്ധാത്മാവ് നിന്റെമേൽ ആവസിക്കും. അത്യുന്നതന്റെ ശക്തി നിന്നിൽ വസിക്കും. ഞാൻ നിന്നോട് പറഞ്ഞതനുസരിച്ച്, മൂവരിൽ ഒരാൾ നിന്നിൽ കൂടാരമടിക്കും". 74. നിന്റെ ശരീരമാകുന്ന തന്തുവിൽ നിന്ന് അവൻ തനിക്കായി ഒരു വസ്ത്രം മെനഞ്ഞ് ധരിക്കും."

76. മറിയം മാലാഖയോടു പറഞ്ഞു: "ഇതാ, ഞാൻ കർത്താവിന്റെ ദാസി; നീ പറഞ്ഞതുപോലെ എനിക്കു ഭവിക്കട്ടെ." (ലൂ.1,38). "ദൂതനേ, ഞാൻ നിന്നോട് പറയാൻ ആഗ്രഹിക്കുന്നത് കേൾക്കുക. വിത്തു കൂടാതെ വയൽ കർഷകന് ഫലം നൽകുമോ? അതു സംഭവിക്കുമ്പോൾ, അതു കാണാൻ ഞാൻ ആഗ്രഹിക്കുന്നു. അവന്റെ വരവിൽ സൃഷ്ടി വിറയ്ക്കുമോ? അഗ്നിമയന്മാർ അവനോടൊത്ത് താഴേക്കിറങ്ങുമോ? സൈന്യനിരകൾ അവനോടൊപ്പം വരുമോ? നീ ഇവ എന്നോട് പറയുന്നില്ലെങ്കിൽ, നീ പറഞ്ഞത് ഞാൻ സ്വീകരിക്കുകയില്ല."

89. ഈറയൻ ബാലികയോടു പറഞ്ഞു: "ദാവീദുപുത്രീ, കേൾക്കുക.

ഞാൻ നിന്നോടു പറയാം. ഞാൻ നേരത്തെ നിന്നെ അഭിവാദ്യം ചെയ്തു. നീ ആ ആശംസ കേൾക്കുകയും ചെയ്തു. 93. ഞാൻ പരിശുദ്ധാത്മാവിനെ പ്പറ്റി നിന്നോട് പറഞ്ഞു. പരിശുദ്ധാത്മാവ് നിന്നിൽ നിഗൂഢമായി വസിക്കും. എങ്കിലും ഒരു ശാരീരികനെപ്പറ്റി ഇന്ന് നിന്നോട് പറയാൻ എനിക്കു കഴിയും."

97. "ഇതാ, നിന്റെ ചാർച്ചക്കാരിയും വന്ധ്യയുമായ എലിസബത്ത് തന്റെ വാർധക്യത്തിൽ ഉദരത്തിൽ ഒരു പുത്രനെ വഹിക്കുന്നു. പോയി കാണുക! എലിസബത്തിൽ അപ്രകാരമാണെങ്കിൽ, നീ ദൈവത്തെ ഗർഭം ധരിക്കുകയും മനുഷ്യരക്ഷകൻ നിന്നിൽ നിന്ന് ഉദിക്കുകയും ചെയ്യും."

103. പിതാവിന്റെ സന്ദേശവാഹകൻ അകന്നുപോയി; രാജകുമാരൻ താഴേക്കിറങ്ങാനും, പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, മരണം കടന്നുവന്ന വഴിയിലൂടെ ആദത്തിൽ ജീവൻ പ്രവേശിപ്പിക്കാൻ മറിയ ത്തിന്റെ കാതിലേക്ക് നേരേ പോകാനുമായി പുറപ്പെട്ടു. 109. ആകാശം ആർക്ക് വളരെ ചെറുതായിരിക്കുന്നുവോ, അവൻ കടന്നുവന്ന് മറിയത്തിന്റെ ഉദരത്തിൽ വസിച്ചു. ഉദരത്തിൽ ശിശുക്കളെ രൂപീകരിക്കുന്നവൻ തനിക്കുതന്നെ ഒരു ശരീരം രൂപീകരിക്കാൻ തുടങ്ങി. 113. എല്ലാം കാണുന്നവൻ കാണാനായി തനിക്ക് കണ്ണ് രൂപീകരിക്കാൻ തുടങ്ങി. നാം സംസാരിക്കുന്നതുപോലെ നമ്മോടു സംസാരിക്കാൻ തനിക്ക് ഒരു വായ് നിർമിക്കാൻ തുടങ്ങി.

117. നമ്മുടെ ചിന്തകൾ കാണുന്നതിനും മനസ്സിലാക്കുന്നതിനും അവൻ ഒരു ഹൃദയം തനിക്കായി രൂപീകരിച്ചു. നമ്മുടെ വംശത്തിന്മേൽ തന്റെ കാരുണ്യം വർഷിച്ച ജീവന്റെ നാഥന് സ്തുതി. 121. നമ്മുടെ ബലഹീനത യിൽ അവന് സഹതാപം തോന്നുകയും തന്റെ കരുണയാൽ താണിറങ്ങി വന്ന് നമ്മെ രക്ഷിക്കുകയും ചെയ്തു. അവയവങ്ങൾ വളർന്നതനുസരിച്ച് ഉദരം വീർത്തുവന്നു. അപ്പോൾ ഭാഗ്യവതി എഴുന്നേറ്റ് തന്റെ ഉള്ളിൽ ഇപ്ര കാരം ചിന്തിക്കാൻ തുടങ്ങി:

127. "ഇത് യഥാർഥത്തിൽ ആത്മാവിൽ നിന്നാണോ? മറ്റു സ്ത്രീ കളെപ്പോലെ ഞാൻ ഗർഭിണിയാണ്. ഒരുപക്ഷേ എന്നെ വഴിതെറ്റിച്ച സാത്താ നായിരിക്കുമോ ഇത്? ഞാൻ ഇന്നുതന്നെ പോയി വൃദ്ധ ഗർഭിണിയാണോ എന്ന് കാണാൻ ആഗ്രഹിക്കുന്നു. അത് അപ്രകാരം അല്ലെങ്കിൽ, എന്നെ നിസ്സാരയാക്കുമാറ് പെരുമാറുന്നത് സാത്താനാണ്. എന്നാൽ വൃദ്ധ ഗർഭി ണിയാണെങ്കിൽ, ഞാൻ ഗർഭിണി ആയിരിക്കുന്നത് ദൈവത്താലാണ്.

137. ദൈവത്തെ ഉദരത്തിൽ വഹിച്ചുകൊണ്ട് അവിടേക്ക് പോകാൻ മറിയം എഴുന്നേറ്റു. ഉദരത്തിൽ സിംഹക്കുട്ടിയെ വഹിച്ചുകൊണ്ട് പെണ്ണാട് ഇറങ്ങിത്തിരിച്ചു. 141. മറിയം വൃദ്ധയായ എലിസബത്തിന്റെ വാതിൽക്കൽ എത്തുന്നതിനു മുമ്പുതന്നെ ലേവ്യപുത്രിയുടെ ഉദരത്തിൽ ശിശുവായ യോഹന്നാൻ കുതിച്ചുചാടി. 145. അവൻ തന്റെ കർത്താവിനെ വാതിൽക്കൽ



ദർശിച്ചു. അവൻ തന്റെ അമ്മയെ തൊഴിച്ചുകൊണ്ട് അവളോടു പറ ഞ്ഞു:"ഇതാ, എന്റെ കർത്താവ് വാതിൽക്കൽ നിൽക്കുന്നു. പുറത്തേക്കു പോയി സമാധാനാശംസയാൽ അവനെ സ്വീകരിക്കുക." 149. എലിസബത്ത് ഉടനെ പുറത്തേക്കു പോകുകയും തന്റെ ചാർച്ചക്കാരിയായ മറിയത്തെ കാണു കയും ചെയ്തു. അവൾ അവളെ ഭയഭക്തി ബഹുമാനപുരസ്സരം സ്വീകരിച്ച്, ഇപ്രകാരം പറഞ്ഞു:

153. "ദൈവികഭാരം വഹിക്കുന്ന കപ്പലേ, സ്വാഗതം! രാജാവ് ഇറങ്ങി വസിച്ച കൊട്ടാരമേ, സ്വാഗതം! 157. നീതിയുടെ ചെങ്കോൽ കാണപ്പെടുന്ന ഉദ്യാനമേ, സ്വാഗതം! പ്രതീകങ്ങൾ കാത്തുസൂക്ഷിക്കുന്ന കൂടാരമേ, സ്വാഗതം! 161. ധരയിലെ എല്ലാ സ്ത്രീകളേക്കാളും പ്രൗഢിയേറിയവളേ, സ്വാഗതം! ധരയുടെ സൗന്ദര്യത്തിന്റെ കാമ്യമായ റോസാപ്പുഷ്പമേ, സ്വാഗതം. 165. തന്റെ കർത്താവിന് പാൽ നൽകാൻ ക്ഷണിക്കപ്പെട്ടവളേ, സ്വാഗതം! ലോകത്തിനു മുഴുവനുമുള്ള ജീവൻ കിടക്കുന്ന ഗോതമ്പുമണിയേ, സ്വാഗതം!"

169. "വൃദ്ധനായ ശിശുവുള്ള ബാലികയേ, സ്വാഗതം! കഴുകനായ മിശിഹായെ വഹിക്കുന്ന മാടപ്രാവേ, സ്വാഗതം! 173. തന്റെ നാഥനെ വഹി ക്കുന്നവളും സ്ത്രീകളിൽ ഏറ്റവും സംശുദ്ധ ആയവളുമേ, സ്വാഗതം! ലോകം വിശ്രമിക്കുന്ന തുറമുഖമേ, സ്വാഗതം! 177. രാജാവ് വസിക്കുന്നവളും യൗസേപ്പുമായി വിവാഹനിശ്ചയം നടത്തിയവളുമായവളേ, സ്വാഗതം! സിംഹ ക്കുട്ടിയെ പ്രസവിച്ച പെണ്ണാടേ, സ്വാഗതം! 181. അഗ്നിയിൽ നിന്നുള്ള മുന്തി രിക്കുല തൂങ്ങിക്കിടക്കുന്ന മുന്തിരിച്ചെടിയേ, സ്വാഗതം! ജീവന്റെ പുളിപ്പ് കൂട്ടി ക്കുഴയ്ക്കപ്പെടുന്ന മരത്തൊട്ടിയേ, സ്വാഗതം!"

185. "പിതാവിന്റെ ഫലത്തെ പ്രസവിക്കുന്ന പ്രൗഢിയേ, സ്വാഗതം! നവശിശു തന്നെത്തന്നെ രൂപീകരിച്ച, രൂപീകരിക്കപ്പെട്ടവളേ, സ്വാഗതം! 189. അഗ്നിത്താക്കോൽ വച്ചിരിക്കുന്ന കൊട്ടാരമേ, സ്വാഗതം! സ്വർഗീയോന്നത ങ്ങളേക്കാൾ ഉന്നതമായ ഔന്നത്യമേ, സ്വാഗതം! 193. ഞങ്ങൾക്കു കാണ പ്പെട്ട രണ്ടാംസ്വർഗമേ, സ്വാഗതം! അമ്മാനുവേലിന്റെ അത്ഭുതാവഹയാം മാതാവേ, സ്വാഗതം!"

197. രാജാക്കന്മാരെ ജനിപ്പിക്കുന്നവൻ ജനിക്കാൻ പോകുന്നതിൽ യോഹന്നാൻ ആശ്ചര്യപ്പെട്ടു. തന്റെ നാഥന്റെ മുമ്പിൽ കുതിച്ചുചാടിയ യോഹന്നാൻ തന്റെ അമ്മയുടെ ഉദരത്തിൽ വച്ച് ഏതാണ്ട് താഴെ വരും വിധം ഉച്ചരിച്ചു: 203. "ഗോഗുൽത്തായിൽവച്ച് കൊല്ലപ്പെടേണ്ട കുഞ്ഞാടേ, സ്വാഗതം! ഞങ്ങളുടെ വസ്ത്രം ധരിച്ച ദൈവപുത്രാ, സ്വാഗതം! പാൽ നുക രുന്ന ലോകമല്ലാ, സ്വാഗതം! 209. കരണത്ത് അടികൊണ്ട ലോകവിധിയാളാ, സ്വാഗതം! ഞങ്ങളിൽ ഒരുവനാകാൻ വന്ന മഹനീയനേ, സ്വാഗതം!"

213. "ശരീരം ധരിച്ച അഗ്നിറോസാപ്പുഷ്പമേ, സ്വാഗതം! തിരുഹിത പ്രകാരം ലോകത്തെ പരിപോഷിപ്പിക്കുന്നവനേ, സ്വാഗതം! 217. ഞങ്ങളുടെ രുചിക്ക് സ്വാദു പകരാൻ വന്ന ഉപ്പേ, സ്വാഗതം! സൃഷ്ടിയേക്കാൾ പ്രായ മുള്ള ബാലനേ, സ്വാഗതം! 221. ഞങ്ങളുടെ നാട്ടിലേക്കു വന്ന അനുഗൃഹീത ദിനമേ, സ്വാഗതം! തന്നെ വിളിക്കുന്നവർക്ക് ഉത്തരം നൽകുന്ന ലേവ്യനേ, സ്വാഗതം! 225. ദുഷ്ടന്റെ കിരീടം തകർത്ത രാജാവേ, സ്വാഗതം! ലോകത്തെ പ്രകാശിപ്പിക്കാൻ എത്തിയ പ്രകാശമേ, സ്വാഗതം!"

229. "മാംസളമുന്തിരച്ചെടിയിൽ വളരുന്ന മുന്തിരിക്കുലയേ, സ്വാഗതം! ഈറയർ ശുശ്രൂഷിക്കുന്ന ഈറയനേ, സ്വാഗതം! 233. തന്നത്താൻ ശരീരം ധരിച്ച പിതൃഫലമേ, സ്വാഗതം! നീതിയുടെ പ്രകാശകിരണമേ, സ്വാഗതം! 237. അശുദ്ധരെ വിശുദ്ധീകരിക്കാൻ വന്ന വിശുദ്ധനേ, സ്വാഗതം! നിസ്സാരത യിലേക്ക് താണിറങ്ങിവന്ന ഉന്നതനേ, സ്വാഗതം! 241. വിഭജിതരെ സാന്ത്വന പ്പെടുത്താൻ വന്ന ശാന്തിയേ, സ്വാഗതം! ഗോഗുൽത്തായിൽ കൊല്ലപ്പെടേണ്ട കാളക്കുട്ടിയേ, സ്വാഗതം!"

245. ശിശുവിന്റെ മുമ്പിൽ യോഹന്നാൻ ഇങ്ങനെയൊക്കെ മന്തിച്ചു. അവൻ മാതൃ ഉദരത്തിൽ വച്ച് സ്നാനമേറ്റു. 249. "ഇതാ, ഇന്ന് നിന്റെ അമ്മ യുടെ ഉദരത്തിൽ ഞാൻ നിനക്ക് സ്നാപകനായി. പിന്നീട് യോർദാൻ നദി യിൽ നീയെനിക്ക് ഇത് മടക്കിത്തരണം. 253. നിന്റെ അമ്മയുടെ ഉദരത്തിൽ ഞാൻ രൂപീകരിച്ച നിന്റെ ഈ കൈ പിന്നീട് എന്റെ ശിരസ്സിൽ വയ്ക്കണം. 257. മുപ്പതു വർഷമാണ് എനിക്ക് ഈ ധരയിൽ ജീവിക്കാനുള്ളത്. ഉന്നതരാ ജ്യത്തിൽ നീ എന്നെ കാണുന്നതുവരെ, നീയെന്നെ വീണ്ടും കാണുകയില്ല."

261. ദൈവികാംഗ്യം ഈ വാക്കുകൾ യോഹന്നാനോടുരച്ചു. അവൻ രഹസ്യം മുദ്രവച്ചു. അതിന്റെ നിഗൂഢതാകാര്യം അവൻ വെളിപ്പെടുത്തിയ തുമില്ല. 265. പരിശുദ്ധാത്മാവ് രേഖപ്പെടുത്തിയതുപോലെ വിശുദ്ധ, ഗർഭിണി ആയപ്പോൾ, 'കന്യക ഗർഭിണിയായി' എന്ന വാർത്ത ഇസ്രായേലിൽ പരന്നു.

269. യൗസേപ്പ് അത് കേൾക്കുകയും അവനെ വിസ്മയം പിടികൂടു കയും അവൻ വലിയ ദുഃഖത്തിൽ നിപതിക്കുകയും ചെയ്തു. സർവസ്വത ന്ത്രൻ തന്റെ പണിനിർത്തി, നേരേ സ്വഭവനത്തിലേക്ക് ധൃതിപ്പെട്ടു. 273. അവൻ നടന്നിടങ്ങളിലെല്ലാം ജനങ്ങൾ അവനെ നോക്കി പല്ലിളിക്കുന്നത് അവൻ കണ്ടു. കരഞ്ഞുകൊണ്ട് അവൻ തല താഴ്ത്തി, നിശ്ശബ്ദനായി തന്റെ ഭവനത്തിൽ പ്രവേശിച്ചു.

277. വിശുദ്ധ അവനെതിരെ ചെന്ന് സന്തോഷപൂർവം അവനെ സ്വീക രിച്ചു. കിരണങ്ങളിൽ പ്രശോഭിക്കുന്ന സൂര്യനെപ്പോലെ അവൾ നടന്ന് അവന്റെ മുമ്പിലെത്തി. 281. യൗസേപ്പ് തലയുയർത്തി നോക്കി; അവൾ ഗർഭി



ണിയാണെന്നു കണ്ടു. ഭയത്താലും വിസ്മയത്താലും, അവളോട് എന്തു പറയണമെന്ന് അവന് അറിവില്ലായിരുന്നു. 285. അവളെ ഉപേക്ഷിക്കാൻ ആഗ്ര ഹിച്ചപ്പോൾ അവന്റെ നാവ് വായിൽ വിക്കാൻ തുടങ്ങി. നെടുവീർപ്പോടും ചുടുകണ്ണീരോടും കൂടെ കരഞ്ഞുകൊണ്ട് അവൻ തന്റെ തല താഴ്ത്തി.

289. നീതിമാനും വിനീതനുമായ യൗസേപ്പ് കരയുന്നത് മറിയം കണ്ടു. ശാന്തമായും വിനീതമായും അവൾ അവനോട് സംസാരിക്കാൻ തുടങ്ങി. 293. "എന്റെ നാഥാ, നീ എന്തിനാണ് ദുഃഖിച്ചിരിക്കുന്നതെന്ന് എന്നോട് പറ യുക. നീ എന്താണ് കേട്ടതെന്ന് എന്നോട് പറയുക. ഒരു യാത്ര കഴിഞ്ഞ് ഭവനത്തിലേക്ക് തിരികെ വരുന്നവൻ സന്തോഷഭാവം കാട്ടുന്നു. അവനെ കാണുന്ന അവന്റെ ഭവനാംഗങ്ങൾ സന്തോഷപൂർവം അവനെതിരെ ചെല്ലുന്നു. എനിക്കും നിന്നെ കാണുന്നത് സന്തോഷമാണ്." ഇപ്രകാരം കന്യക നീതിമാനോട് സംസാരിച്ചു.

301. അതീവ സുന്ദരിയായ കന്യകയോട് സംശുദ്ധൻ ഇപ്രകാരം സംസാരിക്കാൻ തുടങ്ങി: "നിന്നെ ഞാൻ വെടിപ്പിൽ സ്വീകരിച്ചു. ബഹു മാനപൂർവം പോറ്റി. എന്നാൽ നിന്റെ ദാമ്പത്യവിശ്വസ്തതയിന്മേൽ ആരും പല്ലിളിക്കുമെന്ന് ഞാനൊരിക്കലും കരുതിയില്ല. സുന്ദരീ, നിന്റെ സംശുദ്ധത കണ്ട പുരോഹിതന്മാർ എന്നെ വിളിച്ച് നിന്നെ എനിക്കു ഭരമേൽപ്പിച്ചു തന്നു കൊണ്ട് എന്നോട് പറഞ്ഞു: "യൗസേപ്പേ, മറിയത്തെ വെടിപ്പിൽ കാത്തു കൊള്ളണം. യൗസേപ്പേ, നോക്കുക. ദൈവത്തിന്റെ മഹാവിശുദ്ധസ്ഥലം നശിക്കാൻ ഇടയാകരുത്."

313. "ഇപ്പോൾ നീ എന്റെ വാക്കു കേൾക്കുക! നിന്റെ കാര്യം പരി ശോധിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സുന്ദരീ, നിനക്ക് ഹാ, കഷ്ടം! നിന്റെ ദാമ്പത്യമഹത്വം എന്ന വിശിഷ്ടരത്നം ആരാണ് കവർന്നെടുത്തു നശിപ്പി ച്ചത്? 317. ഓ, മറിയമേ, എവിടെയാണ് നിന്റെ സൗന്ദര്യം? നിന്റെ വെടിപ്പിന്റെ ശോഭയെവിടെ? മറിയമേ, നിനക്ക് ഹാ, കഷ്ടം! 'നിന്റെ വെടിപ്പും സത്യസ ന്ധതയും കാത്തുസൂക്ഷിക്കുക. നിന്റെ സംശുദ്ധതയുടെ ശക്തിയിൽ നില നിൽക്കുക. ഞാൻ വീണ്ടും വരുന്നതുവരെ നീ സുശിക്ഷിത ആയിരിക്കുക' എന്ന് ഞാൻ നിന്നോട് പറഞ്ഞിട്ടില്ലേ?"

323. നീതിമാനും ശാന്തനുമായ യൗസേപ്പ് കരയുന്നത് മറിയം കണ്ടു. അവനെ തലോടാനായി അവൾ അവനെ സമീപിച്ചു. ദുഃഖം കൊണ്ട് അവൾ കണ്ണീരൊഴുക്കി: "എന്റെ നാഥാ, നീ ദുഃഖിക്കേണ്ടെന്ന് ഞാൻ നിന്നോട് പറ യുന്നു." ഇപ്രകാരം കന്യക നീതിമാനോട് പറഞ്ഞു. 329. "എന്തുകൊണ്ടെ ന്നാൽ ദൈവമായ കർത്താവ് ജീവിക്കുന്നതുപോലെ ഇത് സത്യമാണ് : എന്റെ ജനനദിവസം മുതൽ ലൈംഗിക ബന്ധത്തെപ്പറ്റിയോ, പുരുഷനുമായുള്ള വേഴ്ചയെപ്പറ്റിയോ എനിക്കറിവില്ല. നീ അതേപ്പറ്റി ക്ലേശിക്കേണ്ട. ഞാൻ

കൽപ്പന ലംഘിച്ചിട്ടില്ല. നീ എനിക്കുവേണ്ടി വരനെന്നുള്ള ജോലി ഏറ്റെടുത്തു. എന്നെയാരും സ്പർശിച്ചിട്ടില്ല. എന്നെയാരും അറിഞ്ഞിട്ടില്ല."

337. "സ്വർഗസ്ഥനായ എന്റെ ദൈവം ഇതിനു സാക്ഷി. എന്നെ രൂപീകരിച്ച് സൃഷ്ടിച്ച കർത്താവിനാൽ, എനിക്കു ജീവൻ തന്ന കർത്താവിനാൽ, എനിക്കു സംഭവിച്ചത് എങ്ങനെ എന്നുള്ള വിവരണത്തിൽ യൗസേപ്പേ, ഞാൻ നിന്നോട് നുണ പറയുകയല്ല. 342. ഞാൻ പ്രാർഥനയ്ക്കായി നിൽക്കുമ്പോൾ, ഒരു പ്രകാശദൂതൻ എനിക്കു പ്രത്യക്ഷപ്പെട്ടു. എന്നോട് സംസാരിച്ച ഒരു സ്വരവും ഞാൻ കേട്ടു."

345. " 'മറിയമേ, നിനക്കു സ്വസ്തി. എന്റെ കർത്താവ് നിന്നോടുകൂടെ.' ഞാൻ ഇടംവലം തിരിയുന്നതിനുമുമ്പ് ദൂതദർശനം എനിക്കുണ്ടാകുകയും അവന്റെ മുമ്പിൽ ഞാൻ ഭയന്ന് ഞെട്ടുകയും ചെയ്തു. 349. അവൻ എന്റെ പക്കലേക്കു വന്നപ്പോൾ എന്റെ മുമ്പിൽ അവൻ ഭക്തിപൂർവം മുട്ടുകുത്തി ഇപ്രകാരം പറഞ്ഞു: 'മറിയമേ, നിനക്കു സ്വസ്തി. എന്റെ കർത്താവ് നിന്നോടുകൂടെ. അത്യുന്നതന്റെ ശക്തി നിന്നിൽ വസിക്കും. നീ ശക്തനായ രാജാവിനെ പ്രസവിക്കും. അവന്റെ ആധിപത്യത്തിന് അവസാനമുണ്ടാകയില്ല' (ലൂ.1,33). ഞാൻ ഈ വാക്കുകൾ കേൾക്കുകയും അവന് മറുപടി നൽകുകയും ചെയ്തു: ഇതെങ്ങനെ സംഭവിക്കും?." (ലൂ.1,34)

357. "ഞാൻ കന്യകയാണ്. ആരും എന്നെ അറിഞ്ഞിട്ടില്ല... വൈവാഹികബന്ധം കൂടാതെ എനിക്കെങ്ങനെ പുത്രനുണ്ടാകും?" 361. അവൻ എന്നോടു പറഞ്ഞു: 'കരുണയും കൃപയും നിറഞ്ഞവളേ, ഭയപ്പെടേണ്ട. എന്തുകൊണ്ടെന്നാൽ നിന്റെ ഉദരത്തിൽ നിന്ന് ഉദിക്കുന്ന രാജാവിന്റെ രാജ്യം എന്നേക്കും നിലനിൽക്കും.' ഞാൻ അത്ഭുതപരതന്ത്രയായി നിന്നപ്പോൾ, അവൻ എഴുന്നേറ്റ് എന്റെ പക്കൽ നിന്ന് ഉന്നതത്തിലേക്ക് കയറിപ്പോയി. ഇതാ, ഞാൻ ഗർഭിണിയാണ്. എന്നാൽ വൈവാഹികബന്ധം കൂടാതെയാണെന്ന് ഞാൻ ഉറച്ച ആത്മവിശ്വാസം പുലർത്തുന്നു."

369. യൗസേപ്പ് ഇത് ശ്രവിക്കുകയും അവളിൽ നിന്ന് കേട്ടതിനെപ്പറ്റി അവനെ ഭയം പിടികൂടുകയും ചെയ്തു. "മറിയമേ, നിന്റെ നാവടയ്ക്ക്. ദൈവത്തെ നിന്ദിക്കരുത്. നമ്മുടെ ഭവനത്തിനുള്ള അപമാനം മതിയായി. അതിനോട് നമ്മുടെ നിന്ദനം കൂടി കൂട്ടിച്ചേർക്കരുത്. ദൈവം നിന്റെ ഉദരത്തിൽ വസിക്കുന്നെന്ന് ഞാൻ നിന്നെ വിശ്വസിച്ചാലും, ജനത്തിൽ ആര് നിന്നെ വിശ്വസിക്കും? നിന്റെ ഉദരഫലം ലൈംഗികബന്ധത്തിൽ നിന്ന് ഉണ്ടായതല്ലെന്ന് ആർക്ക് നിന്നെ വിശ്വസിക്കാനാകും? നീ നിമിത്തം എനിക്കു ഹാ, കഷ്ടം! കാരണം, ഭീകരമായത് ഇന്ന് എന്റെ മേൽ നിപതിച്ചിരിക്കുന്നു; നീ നിന്നെത്തന്നെ മലിനയാക്കി. നിന്റെ വായ് സംസാരിച്ചവ നിമിത്തം എനിക്ക് തലച്ചുറ്റൽ ഉണ്ടായിരിക്കുന്നു."



385. "വീണ്ടും, മറിയമേ, ഏതു സ്ത്രീയാണ് എപ്പോഴെങ്കിലും തന്റെ കന്യാത്വത്തിൽ ഗർഭിണി ആയത്? ആരാണ് നിന്നെ ഇതു പഠിപ്പിച്ചത്? മനസ്സിന് അത് ഗ്രഹിക്കാനാവില്ല. 389. നിന്റെ പരപുരുഷനെ വെളിപ്പെടുത്താൻ നിനക്ക് മനസ്സില്ല. അതുകൊണ്ട് നീ ദൂഷണം ദൈവത്തിൽ ആരോപിക്കുന്നു. നീ തുടങ്ങിവച്ച വിവരണം നിർത്തിയിട്ട് നിന്റെ പുരുഷനുമൊത്ത് സമാധാനത്തിൽ പോകുക."

393. നീതിമാനും സുശിക്ഷിതനുമായ യൗസേപ്പ് കരയുന്നതു കണ്ട് മറിയവും കരഞ്ഞു. ദുഃഖത്തോടും വേദനയോടും കൂടെ അവൾ അവനോട് ഇപ്രകാരം പറയാൻ തുടങ്ങി: "ഇല്ല, സ്വർഗസ്ഥനായ കർത്താവാണെ, എന്തു പറയണമെന്ന് എനിക്കറിയില്ല. ഒരു കാര്യം മാത്രം ഞാൻ നിന്നോട് അപേക്ഷിക്കുന്നു: മുറുമുറുക്കാതെ കാത്തിരുന്ന്, ശാന്തമായി എന്റെ വാക്കുകൾ കേൾക്കുക! നീതിമാനായ എന്റെ നാഥൻ യൗസേപ്പേ, ആയമാരെ ഇവിടേക്കു വിളിക്കുക. അവർ അവരുടെ രീതി അനുസരിച്ച് എന്നെ പരിശോധിക്കട്ടെ."

405. "ഇത് നീ വിശ്വസിക്കുന്നില്ലെങ്കിൽ, എനിക്ക് ശാപജലം തരിക (സംഖ്യ 5,19ff.). എന്റെ നാഥാ, എന്നെ ശ്രവിക്കുക. ഞാൻ നിന്നോട് സംസാരിക്കട്ടെ" എന്ന് കന്യക നീതിമാനോട് പറഞ്ഞു. "ഞാൻ പരസ്പർശനമേൽക്കാത്ത കന്യകയാണെന്ന് സ്വർഗസ്ഥനായ എന്റെ ദൈവം സാക്ഷ്യപ്പെടുത്തും. എന്റെ മാതാവിന്റെ ഉദരത്തിൽ നിന്ന് ഞാൻ പുറത്തേക്ക് വന്ന ദിവസത്തിലേതുപോലെ തന്നെ ഞാൻ സംരക്ഷിതയും മുദ്രിതയുമാണ്."

413. "നീ ഉദരഫലത്തെ സംബന്ധിച്ച് ആരായുന്നെങ്കിൽ, വരിക, എഴുതപ്പെട്ടിരിക്കുന്നത് ഞാൻ നിനക്ക് ഉദ്ധരിച്ചുതരാം. ഓ, യൗസേപ്പ്, ആദം ജനിക്കാൻ ധരയുമായി ആര് ബന്ധപ്പെട്ടു. 417. ഇസഹാക്കിന്റെ സ്ഥാനത്ത് ആട്ടിൻ കൊറ്റനെ വഹിച്ച വള്ളിച്ചെടി ആരുമായി ബന്ധപ്പെട്ടു? വീണ്ടും, മരുഭൂമിയിലെ നാളുകളിൽ പാറയിൽ നിന്ന് എങ്ങനെ ജലമൊഴുകി? (സംഖ്യ 33,49; ആവ.32,10). 421. സാംസന്റെ കാലത്ത് കഴുതയുടെ താടിയെല്ല് എങ്ങനെ ജലമൊഴുക്കി? ഓ, എന്റെ നാഥനായ യൗസേപ്പ്, അഹറോന്റെ കാലത്ത് വടി പുഷ്പിച്ചത് നീ കേട്ടിട്ടില്ലേ? അത് ഉണങ്ങിക്കരിഞ്ഞശേഷം വീണ്ടും പൂത്തു തളിർത്തില്ലേ? ഉണ്ടായ പ്രതീകങ്ങളെല്ലാം മിശിഹായുടെ പ്രതീകം ചിത്രീകരിക്കയായിരുന്നു."

429. വെടിപ്പുള്ള യൗസേപ്പ് സർവസുന്ദരിയായ കന്യകയുടെ പക്കലേക്ക് തിരിഞ്ഞ് അവളോട് ഇപ്രകാരം പറഞ്ഞു: "ഈ കാര്യങ്ങളൊന്നും എനിക്കു തെളിവല്ല. കാരണം, അവയുടെ അർഥം എനിക്കറിയില്ല. എന്റെ സ്ഥിതി മഹാ കഷ്ടം! ഞാൻ നാട്ടിൽ നിന്ദാപാത്രമായി. മനുഷ്യർ എന്നെ അപമാനിക്കുമ്പോൾ ഞാനെന്തുചെയ്യും?... 437. ഇസ്രായേൽ ഗോത്രങ്ങൾക്ക്

ഞാൻ എന്തു മറുപടി നൽകും? നിന്റെ യൗവനത്തിൽ നീ സംശുദ്ധ ആയിരുന്നെന്ന് ജനം മുഴുവൻ വിശ്വസിച്ചിരുന്നു."

441. "എല്ലാവരും നിന്റെ സൗന്ദര്യത്തെ പ്രകീർത്തിച്ചിരുന്നു; എല്ലാവരും നിന്റെ ദാമ്പത്യമഹനീയത പ്രഖ്യാപിച്ചിരുന്നു. ഇപ്പോഴാകട്ടെ ഒരു വ്യഭിചാരിണിയെയും വേശ്യയെയും പോലെയാണ് നിന്റെ പ്രശസ്തിയെന്ന് അവർ അടക്കം പറയുന്നു. 445. അടക്കമൊതുക്കത്തിൽ ഞാൻ നിന്നെ സംരക്ഷിക്കുകയും ബഹുമാനപൂർവം പരിപാലിക്കുകയും ചെയ്തു. എന്നാൽ നിന്റെ ദാമ്പത്യ വിശ്വസ്തതയെ പരിഹസിക്കുന്ന മനുഷ്യരുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല."

449. "കഷ്ടം! എന്റെ ഭവനത്തിൽ വ്യഭിചാരം നടക്കാൻ ഇടയാകത്തക്കവിധം എന്തു പാപമാണ് നീ ചെയ്തത്! കഷ്ടം! നീ നിമിത്തം ഞാൻ എത്രമാത്രം ബഹുമാനിതനായിരുന്നു; ഇന്ന് നീ എന്നെ എത്രമാത്രം അപമാനിതനാക്കി! 453. 'അവന്റെ ഭവനം വേശ്യാലയമാണ്' എന്ന് അവർ എന്റെ നേരേ വിരൽ ചൂണ്ടുന്നു. 'ഓ, വിഡ്ഢീ, നീ എന്താണ് ചെയ്തത്?' എന്ന് മറിയമേ, അവർ എന്നോട് പറയുമ്പോൾ ഹാ, കഷ്ടം!"

457. "അവർ എന്റെ കൈകളിൽ നിന്ന് നിന്നെ ആവശ്യപ്പെടുകയും ജനത്തിന്റെ പുരോഹിതന്മാർ നിന്നെ നിന്ദിക്കുകയും ചെയ്യുമ്പോൾ, ഹാ, കഷ്ടം! നീ നിനക്കായി ഉന്നയിച്ച തെളിവ് നിന്റേതായിരുന്നില്ല. തിരുലിഖിതഭാഗം നീ എന്തിനുവേണ്ടി അവതരിപ്പിച്ചു? 461. നിന്റെ ഉദരഫലവും നിന്റെ ജീവനും ആവശ്യപ്പെടുന്നത് തിരുലിഖിതപ്രബോധനമല്ല; പിന്നെയോ, നീയുമായി വ്യഭിചാരം ചെയ്ത് നിന്നെ അപമാനിതയാക്കിയ വ്യക്തിയെ നീ കാണിക്കുകയാണ് ആവശ്യമായിരിക്കുന്നത്."

465. "നിന്റെ വെടിപ്പ് കളഞ്ഞുകുളിക്കാൻ നീ ഇഷ്ടപ്പെട്ടു. എന്റെ പക്കൽ നിന്ന് സമാധാനത്തിൽ അകന്നുപോകൂ. നിന്റെ മേശമേൽ മേലിൽ എനിക്ക് അധികാരം ഉണ്ടായിരിക്കയില്ല. 469. മുൻകാലങ്ങളിൽ ദൈവം ആ അടയാളങ്ങൾ കാണിച്ചെങ്കിൽ, അവ നിനക്കുവേണ്ടി എഴുതപ്പെട്ടവയല്ല; കാരണം, അവ നിന്റെ തലമുറയിൽ നിന്നോ നിന്റെ വംശത്തിൽ നിന്നോ അല്ല."

473. "മരം നിനക്ക് തുല്യമല്ല; നീ അവതരിപ്പിച്ച മറ്റു സംഗതികൾ അതിനേക്കാൾ കുറച്ചുമാണ്. നീ നാട്ടിൽ നിന്ദാവിഷയമായി തീർന്നിരിക്കുന്നു, നീ ഇസ്രായേലിൽ എന്റെ തല താഴ്ത്തിക്കളഞ്ഞു. 481. നിനക്കു തുല്യമായത് വേശ്യയാണ്; പിടിക്കപ്പെടുമ്പോൾ അവൾ കല്ലെറിയപ്പെടുന്നു. നിന്റെ യുവത്വത്തിലെ ഈ കളങ്കത്തിൽ നിന്ന് ദൈവമായ കർത്താവ് എന്നെ വിമുക്തയാക്കട്ടെ."

485. കന്യക യൗസേപ്പിനോട് ഇപ്രകാരം പറഞ്ഞു: "എന്റെ നാഥാ, എന്നെ ശ്രവിക്കുക. നിന്നോട് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നെ



ഒരു വേശ്യയായി കരുതരുതെന്ന് നിന്റെ വെടിപ്പോട് ഞാൻ അപേക്ഷിക്കുന്നു. 489. സ്വർഗസ്ഥനായ ദൈവത്താണെ, ഞാൻ ലൈംഗികസംസർഗം നടത്തിയിട്ടില്ല. വിശുദ്ധ മോശയിലൂടെ ജനത്തെ രക്ഷിച്ച കർത്താവാണെ, സീനായ് മലയിൽ ഇറങ്ങിവന്ന ആ ദൈവികസ്വരത്താണെ എന്റെ ജനനദിനം മുതൽ എനിക്കതു സംഭവിച്ചിട്ടില്ല, ഞാനൊരു പുരുഷനെ അറിഞ്ഞിട്ടില്ല."

497. "ഇസഹാക്കിനെ മരണത്തിൽ നിന്നു രക്ഷിച്ച ആ ദൈവസ്വരത്താണെ, സ്ത്രീകൾ ചെയ്യുന്നതുപോലെ ഞാൻ ലൈംഗികസംസർഗം നടത്തിയിട്ടില്ല. 501. എന്റെ നാഥനായ യൗസേപ്പ്, എന്നെ നുണച്ചിയായി കരുതരുതേ; തകർന്നു പോകാതിരിക്കാൻ എന്റെ യൗവനം സംരക്ഷിക്കുക! ഇതാ, സ്ത്രീകളുടെ സംഗതികൾ അറിയാവുന്ന ആയമാർ അടുത്തുണ്ടല്ലോ. 505. ഞാൻ ഒരു ലൈംഗികസംസർഗവും നടത്തിയിട്ടില്ലെന്ന് അവർ എന്റെ ദാമ്പത്യവിശ്വസ്തതയ്ക്ക് സാക്ഷ്യം നൽകും. എന്റെ സഹായിയായി എന്റെ ദൈവത്തെ അതിനായി ഞാൻ വിളിച്ചപേക്ഷിക്കുന്നു."

509. "അവിടുന്ന് എന്നെ ഇസ്രായേലിൽ കുറ്റവിമുക്തയാക്കുമെന്ന് എനിക്ക് ഉറച്ച പ്രത്യാശയുണ്ട്. എന്റെ ബന്ധുജനത്തിന്റെ ഇടയിൽ ഞാൻ ലജ്ജിക്കേണ്ടി വരികയില്ല. കാരണം, ഞാൻ ധരയിൽ തെറ്റൊന്നും ചെയ്തിട്ടില്ല. 513. 'വൈവാഹികബന്ധം കൂടാതെ കന്യക ഗർഭം ധരിക്കും' എന്ന് ഇതാ, ഏശായാ പ്രവചിച്ചിരിക്കുന്നു. (7,14). പ്രവാചകന്മാർ ചൂണ്ടിക്കാണിച്ച ആൾ ഞാനല്ലെങ്കിൽ:

517. "ഞാൻ ഒരു ഉദരഫലത്തെ വഹിക്കുന്നെന്ന് എനിക്കറിയാമെന്നിരിക്കെ, എനിക്കറിയാൻ പാടില്ലാത്ത അതിന്റെ കാരണം ഏതാണ്? നിന്റെ സ്വസ്തതയ്ക്കും തിരുഹിതപ്രകാരവും ഞാൻ നിന്നോട് ആണയിട്ടു പറയുന്നു: 521. എന്നെയും എന്റെ വാക്കുകളെയും വിശ്വസിക്കുക; നിന്നോടു തന്നെ പൊരുത്തപ്പെടുക. നിന്റെ ചിന്തയിൽ നീ സംശയിക്കരുത്. നിന്റെ ചിന്തകൾ വഴിതെറ്റുകയുമരുത്."

525. യൗസേപ്പ് ഇതുകേട്ട് കരയാൻ തുടങ്ങി; നെടുവീർപ്പിട്ടുകൊണ്ട് അവൻ കണ്ണീരൊഴുക്കി. അവൻ തന്റെ തല കാൽമുട്ടുകൾക്കിടയിൽവച്ചുകൊണ്ട് തന്റെ വാർധക്യത്തെപ്പറ്റി പരിതപിച്ചു. 529. അവൻ ഇപ്രകാരം പറഞ്ഞു: "നീ പറഞ്ഞ ഇരുസംഗതികളും നിമിത്തം ഞാൻ നിന്റെ മുമ്പിൽ ഭയപ്പെടുന്നു. കാരണം, നിന്റെ ഉദരഫലം വ്യഭിചാരത്തിൽ നിന്നും ശിക്ഷണരാഹിത്യത്തിൽ നിന്നും നിന്റെ ഉദരത്തിൽ ഉരുവായതാണെങ്കിൽ, ശിക്ഷണരഹിതയായി വർത്തിച്ച ഒരു ശരീരവുമായി എന്റെ വൈവാഹിക മഹത്വം കൂട്ടിക്കുഴയ്ക്കുക എന്നത് എന്നിൽ നിന്ന് അകന്നുപോകട്ടെ. മറിച്ച്, അത്യുന്നതന്റെ ശക്തി താണിറങ്ങിവന്ന് കന്യകയായ നിന്നിൽ വസിച്ചെ

ങ്കിൽ, രാജാവ് വസിക്കുന്ന കൊട്ടാരത്തെ സമീപിക്കാൻ ഉദ്യമിക്കുന്നത് എന്നിൽ നിന്ന് അകന്നുപോകട്ടെ."

539. നീതിമാന്റെ കരച്ചിലും ദുഃഖവും കന്യക കാണുകയും ദുഃഖിക്കുകയും ചെയ്തു. 541. യൗസേപ്പും മറിയവും കരഞ്ഞു; അവളുടെ ഉദരത്തിലുള്ള കർത്താവ് അതു കേട്ടു. മറിയം തന്റെ കണ്ണുകൾ ഉന്നതത്തിലേക്ക് ഉയർത്തി; മാലാഖമാർ അവിടെ പരിഭ്രമിച്ചു. 545. സൃഷ്ടിയെ മുഴുവൻ തീറ്റിപ്പോറ്റുന്നവൻ തന്റെ മാതാവിന്റെ ഉദരത്തിൽ നിശ്ശബ്ദനായിരുന്നു. പെട്ടെന്ന് ഒരു ദൂതൻ വന്ന് നീതിമാനായ യൗസേപ്പിനോട് ഇപ്രകാരം പറഞ്ഞു: "മറിയത്തെ സിനഗോഗിലേക്ക് കൂട്ടിക്കൊണ്ടുവരിക; ഇതാ, പുരോഹിതർ അവളെ അന്വേഷിക്കുന്നു." യൗസേപ്പ് എഴുന്നേറ്റ് മറിയത്തെ അവിടേക്ക് നയിച്ചു; ജനക്കൂട്ടം അവളെ തിക്കിത്തിരക്കി.

553. അവളുടെ സഖികളായ ഇസ്രായേൽ പുത്രിമാർ ചന്തസ്ഥലങ്ങളിൽ അവളുടെ മുഖത്തു തുപ്പി. അവളുടെ വംശത്തിൽപെട്ട കുലീന വനിതകൾ നിലവിളിയോടുകൂടെ അവളെ നിന്ദിച്ചു. 557. "നിന്റെ കാമ്യമായ സൗന്ദര്യത്തിന് ഹാ, കഷ്ടം! അത് എങ്ങനെ നമ്മുടെ വംശത്തിൽ നിന്ന് അപ്രത്യക്ഷമായി! നിനക്ക് ഹാ, കഷ്ടം! കാരണം, നിന്നിൽ നമ്മുടെ തലമുറ ഇസ്രായേൽ ഗോത്രങ്ങൾക്ക് പരിഹാസപാത്രമായി."

561. "നിന്റെ വെടിപ്പിന് ഹാ, കഷ്ടം! ആരാണ് അത് വിരൂപമാക്കിയത്, ആരാണ് നിന്റെ കന്യാത്വം നശിപ്പിച്ചത്? ഹാ, കഷ്ടം! നിന്നെപ്രതി നമ്മുടെ സ്ത്രീകൾ എത്രമാത്രം സന്തോഷിച്ചു. എന്നാലിപ്പോൾ നിന്റെ വീഴ്ച നിമിത്തം അവർ തങ്ങളുടെ തല കുനിച്ചിരിക്കുന്നു." 565. ചന്തസ്ഥലങ്ങളിൽ ബാലിക നിലവിളിച്ചു. ജനക്കൂട്ടം അവളെ നിന്ദിച്ചു. അവളെ വേശ്യ എന്നു വിളിക്കുന്ന, അവളുടെ സഖികളുടെ സ്വരം മുഴങ്ങി.

569. എല്ലാവരും തന്നെ നിന്ദിക്കുന്നതു കാണുകയും കേൾക്കുകയും ചെയ്തപ്പോൾ, കന്യകയായ മറിയം തന്റെ ഉദരത്തിനെതിരെ സ്വർഗത്തിലേക്ക് തന്റെ കണ്ണുകൾ ഉയർത്തി; തന്റെ ഉദരത്തിൽ വസിച്ച ശിശുവിനോട് ഇപ്രകാരം മന്ത്രിക്കാൻ തുടങ്ങി:"എന്റെ കർത്താവേ, നീ തിരുമനസ്സായതിനാൽ, ഞാൻ നിന്റെ അമ്മയായി; ഈ ക്രോധാവേശം എന്നിൽ നിന്ന് നീങ്ങിക്കിട്ടാൻ, എന്റെ കർത്താവേ, ഞാൻ നിന്നോട് അപേക്ഷിക്കുന്നു."

577. "നിന്ദകരുടെ സ്വരം നിമിത്തം മരണനിഴൽ എന്നെ വലയം ചെയ്യുന്നു. എന്റെ കർത്താവേ, നിന്റെ ദാസിയെ കാണുന്നവരുടെ പരിഹാസത്തിന് എന്നെ പരിത്യജിക്കരുതേ. 581. ഇതാ, എന്റെ കർത്താവേ, മനുഷ്യർ എന്നെ നിന്ദിക്കുന്നു. എങ്കിലും ഞാൻ എന്നിൽ നിന്റെ മഹനീയത വഹിക്കുന്നു. എന്നെ രൂപീകരിച്ച നിന്റെ കാരുണ്യത്താൽ എന്റെ രക്ഷയ്ക്കായി എന്റെ പാതിവ്രത്യം തെളിയിച്ചു കൊടുക്കുക!"



585. അവളുടെ കണ്ണുനീർ അവളുടെ മടിയിൽ പതിച്ചപ്പോൾ, ശിശു കൽപ്പിക്കുകയും അവളുടെ വസ്ത്രം അഗ്നിമയം ആകുകയും അവളുടെ വസ്ത്രത്തിന്റെ അരികിൽ മിന്നൽപിണരുകൾ കാണപ്പെടുകയും എല്ലാവരിലും ഭീതി ഉളവാകുകയും ചെയ്തു. 589. ഉദയസൂര്യനെപ്പോലെ അവളുടെ മുഖം പ്രകാശിച്ചു. ഇസ്രായേൽ പുരോഹിതന്മാർ അവളെ കണ്ട്, അവളിലും അവളുടെ വെടിപ്പിലും അത്ഭുതപരതന്ത്രരായി.

593. ഒരാൾ മറ്റൊരാളോട് പറഞ്ഞു:"ഓ, ഈ ബാലികയുടെ സൗന്ദര്യം! അവളുടെ ആത്മാവ് നിന്ദ്യതയിൽ നിന്ന് സ്വതന്ത്രമാണ്. അതുകൊണ്ടാണ് അവളുടെ മുഖകമലം പ്രകാശിതമായിരിക്കുന്നത്." 597. യൗസേപ്പും മറിയവും അവനോടൊത്ത് പുരോഹിതരെ സമീപിച്ചു. എന്നാൽ അവർ അവളുടെ മുമ്പിൽ വിറച്ചു. അവളോടു സംസാരിക്കാൻ അവർ കഴിവതും പരിശ്രമിച്ചു, എന്നാൽ അവരുടെ നാവുകൾ ഇടറി.

601. അവരെ പിടികൂടിയ ഭീതി നിമിത്തം അവരുടെ വാക്കുകളുടെ ഒച്ചയടങ്ങി. ശാന്തമായും സമാധാനപരമായും അവർ അവളോടു സംസാരിച്ച് ഇപ്രകാരം പറഞ്ഞു: 605. "നിന്റെ അമ്മയ്ക്ക് നിന്നെ ലഭിച്ചത് വാഗ്ദാനപ്രകാരമാണെന്നും മാലിന്യമില്ലാത്ത അർപ്പിതവസ്തുവായി നീ ദൈവാലയത്തിൽ വളർത്തപ്പെട്ടെന്നും നിനക്ക് അറിവുള്ളതാണല്ലോ. 609. തന്റെ മരണാവസരം നിന്റെ അമ്മ ഈ നിർദേശം നൽകി: "മറിയത്തെ വെടിപ്പിൽ സ്വീകരിക്കുക"! ദൈവം അവളുടെ പ്രാർഥന കേൾക്കുകയും അവളുടെ നിലവിളിസ്വരത്തിൽ കാരുണ്യം കാട്ടുകയും ചെയ്തു."

613. "നിന്റെ ശിക്ഷണത്തെയും യൗവനത്തെയും ലേവ്യസുതർ ഭാഗ്യമുള്ളതെന്ന് പ്രകീർത്തിച്ചു. സ്വർഗീയ ഈറയർ നിന്നെ കാംക്ഷിക്കുകയും നിനക്ക് സ്വർഗത്തിൽ നിന്നുള്ള അപ്പം നൽകുകയും ചെയ്തു. 617. ഇപ്പോൾ മറിയമേ, ഞങ്ങളോടു പറയുക: ആരാണ് നിന്നെ വഴിപിഴപ്പിക്കുകയും നിന്നെ നിന്ദിക്കുകയും ചെയ്തത്? ആരാണ് നിന്റെ പക്കലെത്തി നിന്റെ ദാമ്പത്യമഹത്വം കവർന്നെടുക്കുകയും ഞങ്ങളുടെയും എല്ലാവരുടെയും മുമ്പാകെ അത് മറച്ചുവയ്ക്കുകയും ചെയ്തത്?."

621. "നിന്റെ പുരുഷന് നിന്നെ നൽകുന്നതിനും സമാധാനമായി പോകുന്നതിനും അവൻ ആരാണെന്ന് ഞങ്ങളെ കാണിക്കുക." ഇതു കേട്ടപ്പോൾ മറിയം കരയുകയും ദുഃഖാർത്തയായി പുരോഹിതരോട് ഇപ്രകാരം പറയുകയും ചെയ്തു: 625. "ഞാൻ പറയുന്നത് സ്വീകരിക്കണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. എന്നെ വേശ്യയെന്നു വിളിക്കരുതേ. ഞാൻ കന്യകയാണ്. ഒരു പുരുഷനും എന്നെ അറിഞ്ഞിട്ടില്ല. ഞാൻ സംരക്ഷിതയും മുദ്രിതയുമാണ്."

629. "എന്റെ യൗവനകാലം നേർവഴിക്കാണ്. ഒരു പുരുഷനും എന്നെ ഒരിക്കലും അപമാനിച്ചിട്ടില്ല. പുരുഷൻ എന്നെ അറിഞ്ഞിട്ടില്ല എന്നത് അന്വേഷിച്ച് കാണുവിൻ. എന്നോട് കരുണ കാണിച്ച് എന്റെ വാക്ക് അംഗീകരിച്ചാലും! 633. ഒരഗ്നിമയനിലൂടെ ഉന്നതത്തിൽ നിന്ന് ഒരു സമാധാനാശംസ എന്റെ പക്കലേക്ക് വന്നു. ഞാൻ പ്രാർഥിച്ചുകൊണ്ടിരുന്നപ്പോൾ സന്തോഷപൂർവം അവൻ എന്നെ അഭിവാദനം ചെയ്തു."

637. "അവൻ എന്നോട് ഇപ്രകാരം പറഞ്ഞു:'മറിയമേ, നിനക്കു സ്വസ്തി.' അവന്റെ സ്വരം കേട്ട് ഞാൻ ഭയന്നുപോയി. എന്നാൽ അവന്റെ ശാന്തമായ സംസാരത്താൽ അവൻ എന്നെ ശക്തിപ്പെടുത്തി. എനിക്ക് ധൈര്യം പകർന്ന് ഇപ്രകാരം പറഞ്ഞു: അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. പരിശുദ്ധാത്മാവ് നിന്നിൽ വാസമുറപ്പിക്കും. നിന്നിൽ നിന്നു പിറക്കുന്ന പുത്രന്റെ രാജ്യം എന്നേക്കും നിലനിൽക്കും."

645. പുരോഹിതന്മാരും ജനനേതാക്കന്മാരും ഇതുകേട്ട് ആശ്ചര്യഭരിതരായി. അവളുടെ സൗന്ദര്യത്തിൽ അവർ അത്ഭുതപ്പെട്ടു. അവളുടെ വാക്കുകൾ കഠിനവും വിവരണം ജ്ഞാനികളെ കുഴയ്ക്കുന്നതുമായിരുന്നു. അവളുടെ അത്ഭുതം ആർക്ക് അന്വേഷിക്കാൻ കഴിയും! നമ്മുടെ കർത്താവ് തന്റെ സൈന്യങ്ങളിൽ നിന്ന് മറഞ്ഞിരിക്കുന്നു; അതുപോലെ തന്റെ അമ്മയുടെ ഉദരത്തിലും മറഞ്ഞിരുന്നു.

653. ഉന്നതത്തിൽ ഈറയർക്ക് അഗമ്യനായി അവൻ വസിക്കുന്നു. എന്നിട്ടും പൂഴി അവനെ പരിശോധനാവിധേയനാക്കുന്നു. പുരോഹിതർ പറഞ്ഞു: "യൗസേപ്പിനോ, മറ്റാർക്കെങ്കിലുമോ കുറ്റം ആരോപിക്കാതിരിക്കുക. 657. ഇതാ, ഭയത്തോടെ ഞങ്ങൾ നിന്നോടു സംസാരിക്കുന്നു; എന്തുകൊണ്ടെന്നാൽ നിന്റെ പ്രസ്താവനകൾ പൂർണമായും ദൈവത്തിൽ നിന്നാണ്. അവിടുന്ന് നിന്റെ സംഗതി വെളിപ്പെടുത്തും. കാരണം, നിഗൂഢമായവ അവൻ അറിയുന്നു."

661. "ഇതാ, ദൈവം മോശവഴി ഇസ്രായേൽക്കാർക്കു നൽകിയ ശാപജലം: വ്യഭിചരിച്ചവർ അതു കുടിച്ചാൽ അവർക്കു മഹോദരം പിടിപെടുകയും കഠിനമായി വേദനിക്കുകയും അവരുടെ ഇടക്കെട്ട് ശോഷിക്കുകയും ചെയ്യും. അവരെ കാണുന്നവർക്ക് അവർ ഒരു ഭീകരകാഴ്ച ആകുകയും ചെയ്യും. ഇതു കുടിക്കുമ്പോൾ നിനക്ക് ഉപദ്രവം ഒന്നും സംഭവിക്കുന്നില്ലെങ്കിൽ, നീ കുറ്റമറ്റവളായിരിക്കും. 669. ഇത് കുടിക്കുകയോ, കുടിക്കാതിരിക്കുകയോ ചെയ്യുക നിന്റെ കാര്യമാണ്." അപ്പോൾ കന്യക പറഞ്ഞു: "ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ഞാനിത് കുടിക്കുന്നു."

673. "എന്റെ ബന്ധുജനങ്ങളുടെ മുമ്പിൽ ഞാൻ ലജ്ജിക്കുന്നില്ല. കാരണം, ഞാൻ വ്യഭിചരിച്ചിട്ടില്ല. അപമര്യാദയായി വ്യാപരിച്ചിട്ടുമില്ല. ഈ



ശാപജലം എനിക്ക് ഇന്ന് ഇസ്രായേലിൽ ഒരു തെളിവായിരിക്കും. 677. അതിലൂടെ ദൈവം എനിക്ക് ജനക്കൂട്ടത്തിന്റെ മുമ്പിൽ വിജയം നൽകും."

679. ശാപജലം കുടിക്കാൻ വിശുദ്ധ അടുത്തു വന്നപ്പോൾ അവളുടെ കുടുംബത്തിൽ പെട്ട സ്ത്രീകൾ ഭയന്നു വിറയ്ക്കുകയും അത് കുടിക്കരുതെന്ന് അവളെ വിലക്കുകയും ചെയ്തു: "നിന്റെ മോഹനസൗന്ദര്യം നശിക്കാൻ പാടില്ല. നീ മോചനദ്രവ്യം നൽകി രക്ഷപെടുക. നീ ഞങ്ങളുടെ സ്വർണവും ആഭരണങ്ങളും എടുത്ത് പുരോഹിതർക്ക് നൽകിയിട്ട് കടന്നുകളയുക. നിന്റെ കുടുംബത്തിലെ സ്ത്രീകൾ നിന്നെപ്രതി ഭയക്കാതിരിക്കട്ടെ. ജനം നിന്നെ മേലിൽ നിന്ദിക്കയുമില്ല."

689. "നിന്റെ മരണത്തെക്കുറിച്ചും പാതാളത്തിൽ ജീർണിക്കുന്ന നിന്റെ ജീവനെക്കുറിച്ചും ഞങ്ങൾക്ക് നിലവിളിക്കാൻ ഇടയാകാതിരിക്കട്ടെ. നിന്റെ വംശത്തിലെ പുത്രിമാർ അവമതിക്കപ്പെടാതിരിക്കട്ടെ. നീ നിമിത്തം ഞങ്ങളുടെ നാമം നിന്ദിക്കപ്പടാതിരിക്കട്ടെ. 693. മറിയമേ, നിന്നെ അറിഞ്ഞ പുരുഷനെ സ്വീകരിക്കുകയും അങ്ങനെ നിന്റെ വൈവാഹികമാനം കാക്കുകയും ചെയ്തുകൊണ്ട് സമാധാനത്തിൽ പോകുക. ഈ ശാപം കൊണ്ട് നിന്റെ പ്രശോഭിതസൗന്ദര്യം നശിപ്പിക്കരുത്."

697. എന്നാൽ ദൈവജനനിയായ കന്യക ഈ വാക്കുകൾ ശ്രദ്ധിച്ചില്ല; പിന്നെയോ, ഉഷ്ണകാലത്ത് ആടെന്നപോലെ അതു കുടിക്കാനായി അവൾ ധൃതിപ്പെട്ടു. 701. അവളെ കണ്ട സകലരെയും ദുഃഖാർത്താരാക്കിക്കൊണ്ട് അവൾ ശാപജലം സ്വീകരിച്ചു: "ഞങ്ങളുടെ കർത്താവേ, ഈ ബാലികയെ സഹായിക്കണമെ. അവൾക്കു വിജയം നൽകണമെ." 705. അവൾ മലമുകളിൽ കയറി; നിലവിളിച്ചുകൊണ്ട് സ്ത്രീകൾ അവളെ അനുഗമിച്ചു. പാതാളത്തിൽ മൂകമായിപ്പോയ മൃതരെപ്പോലെ... അവളുടെ വംശത്തിൽപെട്ട സ്ത്രീകൾ...

709. അവർ ഇപ്രകാരം പരസ്പരം പറഞ്ഞു: "നമുക്ക് അവളുടെ ശവസംസ്ക്കാരത്തിനുള്ള വസ്ത്രങ്ങൾ തയാറാക്കാം." ഒരാൾ വസ്ത്രങ്ങൾ നൽകി, മറ്റൊരാൾ സുഗന്ധദ്രവ്യങ്ങളും തയാറാക്കിവച്ചു. 713. "ഒരിക്കൽ അസൂയാർഹ ആയിരുന്നവൾ ഇന്ന് ശോഷിച്ചുപോകുമ്പോൾ എങ്ങനെയാണ് മരണവസ്ത്രത്തിൽ പൊതിയുന്നത്? ശരീരം ദ്രവിച്ചുപോകുന്ന ഈ ഗർഭിണിയെ ഏതു കൈകൾ പിടിക്കും!"

717. "ഹാ, കഷ്ടം! ഈ ലോകത്തിൽ നിന്ന് വേർപിരിഞ്ഞപ്പോൾ അവളുടെ അമ്മ അവളെപ്പറ്റി എങ്ങനെയാണ് കരഞ്ഞത്! 'എന്റെ വേർപാടല്ല എന്നെ ദുഃഖിപ്പിക്കുന്നത്, കാരണം എല്ലാ മനുഷ്യരും മരിക്കണം എന്ന് എനിക്കറിയാം. 721. ഇത്ര ചെറുപ്പത്തിലെ ഞാൻ അവശേഷിപ്പിച്ച മറിയമാണ്

എന്നെ ദുഃഖിപ്പിക്കുന്നത്. എങ്കിലും എന്റെ സഹോദരിമാരേ, നിങ്ങളുടെ ജീവനാണെ, നിങ്ങൾ അവളുടെ കാര്യത്തിൽ ശ്രദ്ധിച്ചുകൊള്ളണം.'

725. " 'നിങ്ങളുടെ ഇടയിൽ അവൾ ദുരിതം അനുഭവിക്കാൻ ഇടയാകരുത്. എന്റെ സഹോദരിമാരേ, നിങ്ങളുടെ മക്കളെ വളർത്തുന്നവനാണെ, അവളുടെ കാര്യത്തിൽ ശ്രദ്ധിച്ചുകൊള്ളണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.' 729. ഹാ, കഷ്ടം! ഇന്ന് അവൾ ജീവിച്ചിരിക്കുകയും തന്റെ മകൾ അഭിമുഖീകരിക്കുന്നതു കാണുകയും ചെയ്യുമ്പോൾ അവളുടെ സങ്കടവും വേദനയും വളരെ വലുതാകുമായിരുന്നു. അവളെ ആശ്വസിപ്പിക്കാൻ ആർക്കു കഴിയുമായിരുന്നു!"

733. അവളുടെ ബാല്യത്തെപ്പറ്റി എല്ലാവരും കരഞ്ഞു; എന്നാൽ അവൾ മാലാഖമാരോടൊത്ത് സന്തോഷിച്ചു. ജ്വാലകളുടെ ചിറകുകളിൽ സന്തുഷ്ടിയോടെ അവൾ സംവഹിക്കപ്പെട്ടു. 737. സന്ധ്യയായി; അവൾ താഴേക്കിറങ്ങാൻ തുടങ്ങി. അവളെ ബഹുമാനിക്കാൻ ഈറയർ താഴേക്കിറങ്ങി. പുരോഹിതന്മാർ അതു കാണുകയും അവളെപ്രതി അത്ഭുതപരതന്ത്രരാകുകയും അവൾക്ക് വിളക്കുകൾ തെളിക്കുകയും ചെയ്തു.

741. മേഘങ്ങൾക്കിടയിൽ സൂര്യനെന്നപോലെ, അവളുടെ മുഖശോഭ പ്രകാശിച്ചു. മരണത്തിൽ നിന്ന് തിരികെ എത്തിയവൾ എന്ന രീതിയിൽ ജനക്കൂട്ടം മുഴുവൻ അവൾക്കെതിരെ ഓടിയെത്തി. 745. പുരോഹിതന്മാർ അവളുടെ മുമ്പിൽ മുട്ടുകുത്തി ഭയനിർഭയരായി ഇപ്രകാരം പറഞ്ഞു: "ഈ ബാലികയിൽ നാം കണ്ട ഈ അത്ഭുതം മഹത്തരമാണ്."

749. ശെമയോൻ ജനത്തിന്റെ മുമ്പാകെ ഇപ്രകാരം സംസാരിച്ചു: "എന്റെ സഹോദരരേ, ശ്രവിക്കുവിൻ. ഞാൻ നിങ്ങളോടു പറയാം. ഞാൻ ബാബേൽ നാട്ടിൽ ആയിരുന്നപ്പോൾ, എന്റെ ജനത്തിനുവേണ്ടി പ്രാർഥിക്കുകയും നമ്മുടെ വംശത്തിന്റെ രക്ഷ കാണാൻ ഇടയാക്കണമേയെന്ന് ദൈവത്തോട് അപേക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ, കർത്താവ് വിശുദ്ധസ്ഥലത്ത് എനിക്കു പ്രത്യക്ഷനായി എന്നോട് പറഞ്ഞു: 'ശെമയോനേ, നീ എന്തുകൊണ്ടാണ് ദുഃഖിച്ചിരിക്കുന്നത്? 745. മൃത്യവിന് നിന്നെ സമീപിക്കാനാവില്ല. നീ മിശിഹായെ ശരീരത്തിൽ ദർശിക്കും'."

"ഇതാ, എനിക്ക് 500 വയസ്സായി. ഞാൻ ഈ കാലമത്രയും പ്രതീക്ഷയിൽ കഴിഞ്ഞു. അവനെ കണ്ടിട്ട് സമാധാനത്തിൽ നിദ്ര പ്രാപിക്കാൻ ദൈവം എന്നെ എപ്പോൾ അർഹനാക്കും! മറിയമേ, നിന്നിലൂടെ എന്റെ ആഗ്രഹം സഫലീകൃതമാകും. നിന്റെ പുത്രൻ രക്ഷകനാണെന്ന് ഞാൻ തിരിച്ചറിഞ്ഞിരിക്കുന്നു. 765. ജ്ഞാനികളുടെ ജ്ഞാനം എവിടെ? വിവേകികളുടെ വിവേകം എവിടെ? തങ്ങളുടെ ജ്ഞാനത്തോടൊപ്പം അവർ ലജ്ജിതരായി. നിന്നാൽ ജയം കൈവന്നിരിക്കുന്നു."



769. ജനങ്ങൾ അവളെ എല്ലാ ഭാഗങ്ങളിൽ നിന്നും പുകഴ്ത്തി; അവർ അവളെ ബഹുമാനിച്ച് അവളുടെ മുമ്പിൽ മുട്ടുകുത്തി. എല്ലായിടത്തും ആഹ്ലാദത്തിന്റെയും സന്തോഷത്തിന്റെയും തിരതള്ളൽ! 773. "പ്രകാശത്തിന്റെ വധുവേ, സ്വാഗതം! ഹാനി തട്ടാത്ത വിശുദ്ധ കന്യകയേ, സ്വാഗതം!" എന്ന് അവളോട് എല്ലാ നിരകളും വിളിച്ചുപറഞ്ഞു. 777. "നിനക്ക് വിജയം തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ കാര്യം വെടിപ്പിൽ വിജയിച്ചു. മറിയമേ, വരൂ. നീ വളർന്ന ഉന്നതത്തിലേക്ക് സമാധാനത്തിൽ പോകുക. 781. തന്റെ വ്യാപാരങ്ങളിൽ സംശുദ്ധനായ നിന്റെ പുരുഷൻ യൗസേപ്പിനെ ഓർക്കുക. ഞങ്ങൾ നിന്റെ നേർക്കു ചൊരിഞ്ഞ നിന്ദനങ്ങളും പരിഹാസങ്ങളും നിന്റെ ഹൃദയത്തിൽ നിന്ന് ദൂരെയകറ്റുക."

785. "പ്രകാശത്തിന്റെ പുത്രീ, ഞങ്ങളെ ശപിക്കരുതേ. കാരണം, അറിയാതെയാണ് ഞങ്ങൾ നിന്നോട് പാപം ചെയ്തത്. മാർ യൗസേപ്പിനോടൊത്ത് സ്വാഗതം! എന്തുകൊണ്ടെന്നാൽ നീ കന്യകയാണെന്നും നിന്റെ ശിശു മഹത്വത്തിന്റെ കർത്താവാണെന്നും നിന്നിലൂടെയാണ് ഞങ്ങൾക്ക് രക്ഷ കൈവരുന്നതെന്നും ഞങ്ങൾ ഏറ്റുപറയുന്നു. നിന്റെ ശിശു വലിയവനാണ്. ഈറയർക്കുപോലും കാണാൻ കഴിയാത്തവനെ ആർക്കു പരിശോധിക്കാനാകും! 793. നീയൊരമ്മയാണ്; നിന്റെ ശരീരം അതു കാട്ടുന്നു. നീയൊരു കന്യകയാണ്; ഈറയർ അതു സാക്ഷിക്കുന്നു. ഇതാ, ഞങ്ങളെല്ലാവരും അത് സാക്ഷിക്കുന്നു. നിനക്ക് ഉദരഫലം ഉണ്ടെങ്കിലും നീ കന്യകയാണ്."

797. യൗസേപ്പ് അവളുടെ മുമ്പിൽ ഭക്തിപൂർവം മുട്ടുകുത്തി പാടിക്കൊണ്ട് അവളെ തലോടി:"ദൈവസ്നേഹിതേ, എന്നോടൊത്തു വരിക; നിന്റെ പ്രതിശ്രുതവരന്റെ ഭവനത്തിലേക്കു വരിക. 801. പ്രകാശപുത്രീ, എന്റെ ഭോഷത്തം ക്ഷമിക്കുക. ഞാൻ നിന്നെ സംശയിക്കുന്നത് എന്നിൽ നിന്ന് അകന്നുപോകട്ടെ. നിനക്ക് ഉദരഫലം ഉണ്ടെങ്കിലും നീ കന്യകയാണെന്ന് ലജ്ജാരഹിതമായി ഞാൻ ആണയിട്ടുപറയും."

805. "നിന്റെ ശിശു സൃഷ്ടികളെ വിഗ്രഹങ്ങളുടെ തെറ്റിൽ നിന്ന് വിടുവിക്കും. നിന്നെ ബഹുമാനിക്കുകയും ഉയർത്തുകയും ഇസ്രായേലിൽ നിനക്ക് ഇന്നു വിജയം നൽകുകയും ചെയ്തവന് സ്തുതി." 809. അവർ അവളുടെ പാദങ്ങൾക്ക് മുമ്പിൽ പൂക്കൾ വിതറി; അവൾ വഴിയിൽ വസ്ത്രങ്ങളുടെ മേൽ ചവിട്ടി നടന്നു."സ്വാഗതം" എന്നാശംസിച്ചുകൊണ്ട് അവളെ ബഹുമാനിക്കാൻ ജനക്കൂട്ടം തത്രപ്പെട്ടു.

813. ജനം മുഴുവൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "നിന്നെ നിന്ദിക്കാൻ ആഗ്രഹിച്ച വായ് ശപിക്കപ്പെട്ടതാകട്ടെ. നിന്നെ വ്യഭിചാരിണി എന്നു വിളിക്കുന്നവൻ നിയമപേടക കർത്താവിനാൽ ശപിക്കപ്പെടട്ടെ". 817. മനുഷ്യർ

ജനിക്കുന്നതിന് അനുസരിച്ചുള്ള മാസങ്ങൾ തികഞ്ഞപ്പോൾ, ഉദരഫലങ്ങളെ ഉദരങ്ങളിൽ രൂപീകരിക്കുന്നവനെ മറിയം മുട്ടുകുത്തി പ്രസവിച്ചു.

821. ആകാശം ആർക്കു വളരെ ചെറുതായിരിക്കുന്നുവോ, അവനെ മറിയം ഒരു ഗുഹയിൽ പ്രസവിച്ചു. സൃഷ്ടികളെ താങ്ങുന്ന ശക്തിയെ അവൾ പിള്ളക്കച്ചകൾ കൊണ്ടു പൊതിഞ്ഞു. 825. അവനു സ്തുതിയും നമ്മുടെ മേൽ തന്റെ കാരുണ്യവും! എന്തുകൊണ്ടെന്നാൽ അവന്റെ കൃപ കരുണ നിറഞ്ഞതാണ്. വന്ന് തന്റെ ജനനത്താൽ ഞങ്ങളെ രക്ഷിച്ച ദൈവമേ, നിനക്ക് സ്തുതി.

ദൈവജനനിയെപ്പറ്റിയുള്ള പ്രസംഗം അവസാനിച്ചു.

**അനുബന്ധം**

**ലൈൻ 342 മുതൽ ഒരു കൈയെഴുത്തു പ്രതിയിൽ ഇപ്രകാരം കാണുന്നു.**

1. ദൈവത്തോടുള്ള പ്രാർഥനയ്ക്കും അപേക്ഷയ്ക്കും ഞാൻ നിന്ന പ്പോൾ, ഇതാ, പെട്ടെന്ന് എന്റെ മുമ്പിൽ ഒരഗ്നിമയൻ കടന്നുവരികയും കൃപ നിറഞ്ഞവളേ, സ്വസ്തി, കർത്താവ് നിന്നോടുകൂടെ..എന്ന് സമാധാനാശംസ എനിക്ക് നൽകുകയും ചെയ്തിട്ട് എന്നോട് പറഞ്ഞു: നീ അത്ഭുതാവഹ മായ ഉദരഫലത്തെ ഗർഭം ധരിക്കുകയും ഒരു വിസ്മയനീയ ശിശുവിനെ പ്രസവിക്കുകയും ചെയ്യും. അവന്റെ നാമം അമ്മാനുവേൽ എന്നായിരിക്കും; ദൈവം നമ്മോടുകൂടെ എന്നാണതിന്റെ അർഥം.

13. ഞാൻ മലാഖയോട് മറുപടിയായി പറഞ്ഞു: "ഇതെങ്ങനെ സംഭ വിക്കും? ഞാൻ പുരുഷനെ അറിയുന്നില്ല. ഞാൻ ഒരിക്കലും വൈവാഹിക ബന്ധം പുലർത്തിയിട്ടില്ല." 17. ഈറയൻ പ്രത്യുത്തരമായി പറഞ്ഞു: "പരി ശുദ്ധാത്മാവ് വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. തനിക്ക് തിരുഹിതമാംവിധം അവിടുന്ന് നിന്നിൽ പാർക്കും. നിന്നിൽ നിന്നു ജനിക്കുന്നവൻ അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും" (ലൂ.1,34-35). എനിക്ക് അനുഭവവേദ്യമാകാതെ അവൻ കാതിൽകൂടെ അകത്തു കടക്കു കയും എന്നെ ഭ്രമിപ്പിക്കാതെ ഉദരത്തിൽ വസിക്കുകയും ചെയ്തു.

25. നീതിമാനായ യൗസേപ്പ് ഈ അത്ഭുതവചനം കേട്ടപ്പോൾ സ്ത ബ്ധനാകുകയും എന്തുചെയ്യണമെന്ന് അറിയാതെ സ്തംഭിച്ചിരിക്കുകയും ചെയ്തു. 29. നീതിമാനായ യൗസേപ്പിന് തലചുറ്റുന്ന അനുഭവചിന്തകളു ണ്ടായി. നിർമല കന്യകയെ രഹസ്യമായി ഉപേക്ഷിക്കണമെന്ന് അവൻ ചിന്തിച്ചു (മത്താ.1,19). 33. അവൻ ഈ അവസ്ഥയിലാകുകയും ഈ കാര്യ ങ്ങൾ ചിന്തിക്കുകയും ചെയ്തപ്പോൾ, ദുഃഖത്താലും ചിന്താഭാരത്താലും ഗാഢ നിദ്രയിലമർന്നു.



37. കന്യകയുടെ പുത്രൻ സ്വർഗീയ ഈറയരിൽ ഒരുവനെ ആംഗ്യം കാണിച്ചു; അവൻ പെട്ടെന്ന് താണിറങ്ങിവന്ന് നീതിമാനായ യൗസേപ്പിന്റെ പക്കലെത്തി. ആ ദൂതനിൽ നിന്നുള്ള അഗ്നിയും പ്രകാശവും കൊണ്ട് ഭവനം നിറഞ്ഞു; അവൻ നീതിമാനായ യൗസേപ്പിനോട് സംസാരിച്ച് ഇപ്രകാരം പറഞ്ഞു: 45. "ദാവീദിന്റെ പുത്രനായ യൗസേപ്പേ, നീയുമായി വിവാഹ നിശ്ചയം ചെയ്ത മറിയത്തെ സ്വീകരിക്കാൻ ശങ്കിക്കേണ്ട. എന്തുകൊണ്ടെ ന്നാൽ അവളിൽ നിന്ന് ജനിക്കുന്നവൻ പരിശുദ്ധനും അത്യുന്നതന്റെ പുത്ര നുമാണ്" (മത്താ.1,20).

49. നീതിമാനായ യൗസേപ്പ് ഉണർന്നപ്പോൾ തന്റെ പക്കലേക്കു വരി കയും തന്നോട് സംസാരിക്കുകയും ചെയ്ത മാലാഖയുടെ ദർശനം നിമിത്തം കുലുങ്ങുകയും വിറയ്ക്കുകയും ചെയ്തു. 53. അവളുടെ ഉദരഫലം പരിശു ദ്ധാത്മാവിനാൽ ആണെന്ന് ഇപ്പോൾ അവന് ബോധ്യമാകുകയും അവൻ വിശ്വസിക്കുകയും ചെയ്തു. അത് അത്യുന്നതന്റെ പുത്രനാണെന്ന് സംശയം കൂടാതെ അവൻ വിശ്വസിച്ചു. 57. പ്രവാചകന്മാർ പറഞ്ഞതു പോലെയും അവനെപ്പറ്റി പ്രവചിച്ചതു പോലെയും നീതിമാനായ യൗസേപ്പ് മനസ്സിലാ ക്കുകയും വാഴ്ത്തപ്പെട്ടവളെ ബഹുമാനിക്കുകയും ചെയ്തു.

61. വെടിപ്പുള്ള വിശുദ്ധ കന്യകയേ, നിന്റെ വെടിപ്പിനെ ഞാൻ ആദരി ക്കുന്നു. നിന്നെ തെരഞ്ഞെടുത്തവന് സ്തുതി. അവന് ആകാശം തീരെ ചെറു തായിരിക്കുന്നു. വന്ന് നിന്റെ ഉദരത്തിൽ വസിക്കുകയും നിന്നിൽ നിന്ന് ഉദിക്കുകയും ചെയ്യാൻ അവൻ തിരുഹിതമായി. നിന്റെ വെടിപ്പിനെ ഞാൻ ആദരിക്കുന്നു. എന്തുകൊണ്ടെന്നാൽ അത്യുന്നതന്റെ പുത്രൻ നിന്നിൽ വസിക്കുന്നു.

69. "തന്റെ കാരുണ്യം നമ്മുടെ വംശത്തിന്മേൽ ചൊരിയാൻ തിരുമന സ്സായ കരുണ നിറഞ്ഞ കർത്താവിന് സ്തോത്രം!" നീതിമാനായ യൗസേ പ്പിന് ബോധ്യം വന്ന ആ ദിവസം മുതൽ ഭയത്തോടും വിനയലോടും കൂടെ കന്യകയെ ബഹുമാനിക്കുകയും ഏകജാതനായ വചനമാം ദൈവത്തെ ഏറ്റുപറയുകയും സ്തോത്രം അർപ്പിക്കുകയും ചെയ്തു.

77. എങ്കിലും അവളുടെ ഉദരഫലം വ്യഭിചാരത്തിൽ നിന്നാണ് എന്ന് കന്യകയുടെ ഉദരഫലത്തെപ്രതി യൂദർ അവളെ നിന്ദിക്കാനും അപമാനി ക്കാനും അസൂയ അവരെ പിടികൂടി. 81. പുരോഹിതന്മാരും ജനം മുഴുവനും ഏകകണ്ഠമായി ഒരുമിച്ചെത്തുകയും നീതിമാനായ യൗസേപ്പിനെ വിളിച്ചി റക്കുകയും സൗന്ദര്യപൂർണയും സംശുദ്ധയും വെടിപ്പും വിശുദ്ധിയുമുള്ള വളുമായ കന്യകയുടെ ഉദരഫലത്തെപ്പറ്റി അന്വേഷണം നടത്തുകയും ചെയ്തു.

87. അവൾ കന്യകയാണെന്ന് ബോധ്യം വന്നിട്ടും നിഷേധികൾ അതു വിശ്വസിക്കാതെ ശാപജലം കൊണ്ടുവന്ന് ഭാഗ്യവതിയെ കുടിപ്പിച്ചു. 91. എന്നാൽ അവൾ വെടിപ്പുള്ള കന്യക ആയിരുന്നതിനാൽ, അത് അവൾക്ക് യാതൊരുപദ്രവവും വരുത്തിയില്ല. സന്തോഷത്തോടും പ്രത്യാശയോടുംകൂടെ അവൾ ശാപജലം കുടിച്ചു. "ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ഞാനിതു കുടിക്കുന്നു"എന്നു കന്യക പറഞ്ഞു.

97. കാരണം, ഏതെങ്കിലും മനുഷ്യനുമായി ഇടപഴകിയതായി എനിക്കറിയില്ല. ദാമ്പത്യബന്ധവും എനിക്കുണ്ടായിട്ടില്ല. ഞാൻ കന്യകയാണ്. എന്റെ ജനനം മുതൽ അത് സംരക്ഷിതവുമാണ്. 101. സൃഷ്ടികളുടെ കർത്താവാണെ, ഞാൻ ഒരിക്കലും പുരുഷനെ അറിഞ്ഞിട്ടില്ല.

# 2

**ദൈവജനനിയെപ്പറ്റി മാർ അപ്രേമിന്റെ മറ്റൊരു പ്രസംഗം**

1. എങ്ങനെ ദൈവം താണിറങ്ങിവന്ന് ഉദരത്തിൽ വസിച്ചെന്നും എങ്ങനെ ദൈവികസത്ത ഒരു മനുഷ്യന്റെ വസ്ത്രം സ്വീകരിച്ചെന്നും എങ്ങനെ ഭേദം കൂടാതെ ഉദരത്തിൽ ഒൻപതുമാസം പാർത്തെന്നും എങ്ങനെ മാംസം കൊണ്ടുള്ള ഉദരത്തിന് അഗ്നിയെ വഹിക്കാൻ കഴിഞ്ഞെന്നും എങ്ങനെ നനവുള്ള ഉദരത്തെ കത്തിക്കാതെ അതിൽ ജ്വാലവസിച്ചെന്നുമുള്ള അത്ഭുതം കാണുക, എന്റെ വത്സലരേ, എത്ര വിസ്മയനീയമാണ്.

13. ഹോറേബിൽ മുൾപ്പടർപ്പ് ദൈവത്തെ ജ്വാലയിൽ വഹിച്ചതുപോലെ (പുറ.3,2), മറിയം തന്റെ കന്യാത്വത്തിൽ മിശിഹായെ വഹിച്ചു. 17. ദൈവം പൂർണമായി ചെവിയിൽ നിന്ന് ഉദരത്തിലേക്ക് കടന്നു. എന്റെ ദൈവം വെടിപ്പോടെ മനുഷ്യനായി. അവൻ ഉദരത്തിൽ നിന്ന് സൃഷ്ടിയിലേക്ക് പുറപ്പെട്ടു. കന്യക ദൈവത്തെ ഗർഭം ധരിച്ചു. വന്ധ്യ ബ്രഹ്മചാരിയെ ഗർഭം ധരിച്ചു. വന്ധ്യയുടെ പുത്രൻ കന്യകയുടെ ഉദരഫലത്തിന്റെ മുമ്പിൽ കുതിച്ചുചാടി.

25. ദൈവം മനുഷ്യരുടെ ഇടയിൽ ഒരു നവീനാത്ഭുതം ചെയ്തു. വൈവാഹികബന്ധം കൂടാതെ അവൻ ജനിച്ചു; അവന്റെ മുന്നോടി പ്രകൃതിക്ക് വിരുദ്ധമായും. 29. ആകാശം തന്റെ കൈക്കുമ്പിളിൽ ഒതുക്കുന്ന മിശിഹാ ഒരു കൈക്കുമ്പിളിന്റത്രയും സ്ഥലം പുൽക്കൂട്ടിൽ എടുത്തു. കടലിനെ കൈക്കുമ്പിളിൽ ഒതുക്കുന്നവന്റെ ജനനം ഒരുചെറിയ ഗുഹയിൽ സംഭവിച്ചു. 33. ആകാശം തന്റെ മഹത്വത്താൽ നിറഞ്ഞിരിക്കുന്നു; പുൽക്കൂട് അവിടുത്തെ ശോഭയാലും. അവിടുത്തെ മഹത്വം കാട്ടാൻ മോശ ആവശ്യപ്പെട്ടു.



അവനു കഴിഞ്ഞില്ലെങ്കിലും, അവൻ ആവശ്യപ്പെട്ടതുപോലെ അവൻ ദർശിച്ചു.

37. അവൻ പഴന്തുണികളാൽ ചുറ്റപ്പെട്ട് എപ്രകാരം പുൽക്കൂട്ടിൽ കിടക്കുന്നെന്ന് നമുക്കു ചെന്ന് ഇന്നു കാണാം. ദൈവത്തെ കണ്ടിട്ട് തുടർന്ന് ജീവിക്കാൻ അന്ന് ആർക്കും കഴിഞ്ഞില്ല (പുറ.33,20). 41. ഇന്നാകട്ടെ, അവിടുത്തെ കണ്ടവരെല്ലാം രണ്ടാംമരണത്തിൽ നിന്ന് ജീവിക്കുന്നു.

43. മുൾപ്പടർപ്പിൽ കണ്ട അഗ്നിയിലൂടെ മോശ ഒരു പ്രതീകം വരച്ചുകാട്ടി. പിള്ളക്കച്ചയിലെ അഗ്നിയിൽ മ്ഗൂശേന്മാർ ആ പ്രതീകം പൂർത്തീകരിച്ചു. പാദത്തിൽ നിന്ന് പാദരക്ഷ അഴിച്ചുമാറ്റാൻ മുൾപ്പടർപ്പിൽ നിന്ന് ഒരു ശബ്ദത്തിലൂടെ ദൈവം മോശയോട് പറഞ്ഞു. വിശുദ്ധ സ്ഥലത്തേക്കു വരാനായി നക്ഷത്രം നിശ്ശബ്ദമായി വിദ്വാന്മാരോട് പറഞ്ഞു.

51. ദൈവം ആയിരിക്കുന്നതുപോലെ മോശയ്ക്ക് ദൈവത്തെ കാണാൻ കഴിഞ്ഞില്ല. എന്നാൽ മ്ഗൂശേന്മാർ കടന്നുവരികയും മനുഷ്യനായി തീർന്ന ദൈവത്തെ കാണുകയും ചെയ്തു. 55. പുൽക്കൂട് പാറയിടുക്കിനു തുല്യവും മോശ വിദ്വാന്മാർക്ക് തുല്യവുമാണ്. 57. പ്രവാചക ശിരസ്സായ മോശയുടെ സ്വരവും പേർഷ്യൻ നേതാക്കളായ മ്ഗൂശേന്മാരുടെ സ്വരവും എങ്ങനെ താരതമ്യപ്പെടുത്താനാവും? എന്ന് ഇപ്പോൾ ശ്രോതാവ് ചോദിച്ചാൽ, വിവരമുള്ള ബുദ്ധിമാനായ മർത്യൻഎന്ന നിലയിൽ ഇപ്രകാരം ദൈവത്താൽ ബോധ്യപ്പെടട്ടെ.

63. സമയത്തിനുമുമ്പ് ദൈവം തന്റെ സന്ദേശവാഹകരായി അവരെ തെരഞ്ഞെടുത്തില്ലായിരുന്നെങ്കിൽ, അശുദ്ധകരങ്ങളിൽ നിന്ന് അവിടുന്ന് കാഴ്ചകൾ സ്വീകരിക്കുകയില്ലായിരുന്നു. 67. മോശ പ്രതീകങ്ങൾ രൂപീകരിച്ചു; നമ്മുടെ കർത്താവ് അവ പൂർത്തീകരിച്ചു. 69. ദൈവം മോശയോടു സംസാരിച്ചപ്പോൾ അവന്റെ മുഖം പ്രകാശിച്ചു. ജനത്തിന് അവനെ നേരിട്ട് നോക്കാൻ കഴിയാഞ്ഞതിനാൽ, അവന്റെ മുഖം ഒരാവരണത്താൽ മൂടിയിരുന്നു.

73. നമ്മുടെ കർത്താവ് ശരീരത്തിൽ നിന്ന് വരുന്നതിന്, അവൻ അകത്തു കടന്ന് ശാരീരികവസ്ത്രത്തിൽ തന്നെത്തന്നെ പൊതിയുകയും ഉദിക്കുകയും പുറത്തേക്ക് വരികയും മ്ഗൂശേന്മാർ അവനെ കാണുകയും കാഴ്ചകൾ അർപ്പിക്കുകയും ചെയ്തു. 77. എല്ലാറ്റിന്റെയും കർത്താവ് നമ്മുടെ ധരയിലേക്ക് ഇറങ്ങിയെന്നത് മഹാത്ഭുതമാണ്. ദൈവം മനുഷ്യനായി; പുരാതനൻ ശിശുവായി.

81. കർത്താവ് ദാസനു തുല്യനായി; രാജകുമാരൻ ബുദ്ധിശൂന്യനെപ്പോലെയായി. ഉന്നതപ്രകൃതി താണിറങ്ങിവന്ന് നമ്മുടെ പ്രകൃതിയിൽ കാണ

പ്പെട്ടു. 85. തന്റെ പ്രകൃതിക്ക് അന്യമായിരുന്ന കാര്യം നമുക്കുവേണ്ടി അവൻ സ്വീകരിച്ചു. ദൈവം ജനനത്തിനായി വന്നു എന്നത് കേൾക്കുന്നത് വിസ്മയാവഹമായ സംഗതിയല്ലേ? 89. ഈറയരുടെ നാഥൻ ജനിച്ചു എന്നു കാണുമ്പോൾ, ആരാണ് ആശ്ചര്യഭരിതരാകാത്തത്? വിശകലനം കൂടാതെ വിശ്വസിക്കുകയും അത് സത്യമായും യാഥാർഥ്യമാണെന്ന് അംഗീകരിക്കുകയും ചെയ്യുക.

93. എന്റെ വത്സലരേ, മറിയത്തെ നോക്കുക: എങ്ങനെ ഗബ്രിയേൽ അവളുടെ പക്കലേക്ക് കടന്നു വന്നെന്നും, ഇതെങ്ങനെ സംഭവിക്കുമെന്ന് അവൾ അവനോട് തർക്കിച്ച് സംസാരിച്ചെന്നും ശ്രദ്ധിക്കുക. 97. അത് ദൈവത്തിന് എളുപ്പമാണ്; അവിടുത്തേക്ക് യാതൊന്നും പ്രയാസമുള്ളതല്ല എന്ന് ആത്മാവിന്റെ ശുശ്രൂഷകൻ മറിയത്തോട് പ്രത്യുത്തരിച്ചു (ലൂ.37).

101. താൻ കേട്ടത് അവൾ വിശ്വസിക്കുകയും 'ഇതാ, ഞാൻ കർത്താവിന്റെ ദാസി' എന്ന് പറയുകയും ചെയ്തു (ലൂ.1,38). അവിടുത്തേക്ക് അറിയാവുന്നതുപോലെ, അവിടുന്ന് താണിറങ്ങുകയും തനിക്കിഷ്ടമായതുപോലെ പുറപ്പെട്ടു വരികയും ചെയ്തു. 105. അവൾക്ക് അനുഭവവേദ്യമാകാതെ കടന്ന് അവൻ അവളിൽ വസിച്ചു. വേദന കൂടാതെ അവൾ അവനെ ഗർഭം ധരിച്ചു. ധര മുഴുവൻ അവനാൽ നിറഞ്ഞിരിക്കെ, ആദത്തിന്റെ പഴകിയ രൂപം നവീകരിക്കുന്നതിനുവേണ്ടി തന്റെ മാതൃക നൽകാൻ, ഒരുദരഫലം പോലെ അവൻ അവളുടെ ഉദരത്തിൽ ആയിരിക്കുകയും ചെയ്തു.

111. അതുകൊണ്ട്, ദൈവത്തിന്റെ ജനനത്തെപ്പറ്റി കേൾക്കുമ്പോൾ, നിശ്ശബ്ദതയിൽ ഉറച്ചുനിൽക്കുകയും, ഗബ്രിയേൽ പറഞ്ഞത് നിന്റെ ഉള്ളിൽ പകർത്തുകയും ചെയ്യുക. 115. എന്തുകൊണ്ടെന്നാൽ നമ്മെപ്രതി താണിറങ്ങി വരികയും നമ്മിൽനിന്നു ജനിക്കുകയും ചെയ്ത ആ സ്തുത്യർഹമായ ഔന്നത്യത്തിന് അസാധ്യമായി ഒന്നുമില്ല. 119. മറിയം ഇന്നു നമുക്കുവേണ്ടി ദൈവത്തെ വഹിക്കുന്ന സ്വർഗമായി തീർന്നു. 121. എന്തുകൊണ്ടെന്നാൽ താണിറങ്ങിവന്ന അത്യുന്നത ദൈവത്വം അവളിൽ വാസമുറപ്പിച്ചു. തന്റെ സ്വഭാവത്തിൽ ചെറിയവനാകാതെ, നമ്മെ ഉയർത്താൻ അവിടുന്ന് അവളിൽ ചെറിയവനായി തീർന്നു.

125. തന്റെ വസ്ത്രത്തിലൂടെ നമുക്ക് രക്ഷ കിട്ടാൻ അവൻ അവളിൽ തനിക്കായി ഒരു വസ്ത്രം മെനഞ്ഞു. അവളിൽ പ്രവാചകരുടെയും നീതിമാന്മാരുടെയും സ്വരത്തിന് അന്ത്യം കുറിച്ചു. 129. അവളിൽ നിന്ന് സൂര്യൻ ഉദിച്ചുയരുകയും വിജാതിയത്വത്തിന്റെ അന്ധകാരത്തെ പുറന്തള്ളുകയും ചെയ്തു. മറിയത്തിന്റെ പേരുകൾ നിരവധിയാണ്. അവകൊണ്ട് ഞാൻ അവളെ വിളിക്കുക ഉചിതമാണ്.

133. ശക്തനായ രാജാധിരാജൻ വസിച്ച കൊട്ടാരമാണ് അവൾ. അവൻ



പ്രവേശിച്ചതുപോലെയല്ല അവൻ അവളിൽ നിന്ന് പുറത്തേക്കു വന്നത്. എന്തുകൊണ്ടെന്നാൽ അവൻ അവളിൽ നിന്ന് ഒരു ശരീരം ധരിച്ച് അപ്രകാരം അവളിൽ നിന്ന് പുറത്തേക്കുവന്നു. 137. വീണ്ടും, രാജാധിരാജൻ വസിച്ച നവസ്വർഗമാണവൾ. അവളുടെ ച്ഛായയിൽ രൂപീകൃതമായി പൊതിയപ്പെട്ട്, അവൻ അവളിൽ നിന്നുദിച്ച് സൃഷ്ടിയിലേക്കു പുറപ്പെട്ടു.

141. മുന്തിരിക്കുലയോടു കൂടിയ മുന്തിരിവള്ളിയാണ് അവൾ. പ്രകൃതിയിൽ കാണാത്ത ഒരു ഫലം അവൾ നൽകി. അവന്റെ പ്രകൃതി അവൾക്കു തുല്യമല്ലെങ്കിലും, അവൻ അവളുടെ നിറത്തിൽ പൊതിഞ്ഞ് അവളിൽ നിന്ന് പുറത്തേക്കു വന്നു.

145. ദാഹാർത്തർക്ക് ജീവജലം പുറത്തേക്ക് ഒഴുക്കിയ നീരുറവയാണവൾ. അവളുടെ പാനീയത്തിൽ നിന്ന് രുചിച്ചവർ നൂറുമേനി ഫലം നൽകുന്നു.149. അങ്ങനെ ആദിയിലെ ആദ്യദിവസത്തിനു തുല്യമാണ് ഈ ദിവസം. ആ ദിവസം സൃഷ്ടികൾ സൃഷ്ടിക്കപ്പെട്ടു. എന്നാൽ ആദം നിമിത്തം ശപിക്കപ്പെട്ട ധര ഇതിൽ നവീകരിക്കപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്തു.

155. ആദവും ഹവ്വായും പാപംവഴി സൃഷ്ടിയിൽ മരണം കടത്തിവിട്ടു (റോമ.5,12). 157. എങ്കിലും ധരയുടെ നാഥൻ മറിയത്തിൽ നിന്ന് നമുക്ക് നവജീവൻ പ്രദാനം ചെയ്തു. ദുഷ്ടൻ സർപ്പത്തിലൂടെ തന്റെ വിഷം ഹവ്വായുടെ കാതിലൊഴിച്ചു. 161. നല്ലവൻ തന്റെ കാരുണ്യം താഴ്ത്തി മറിയത്തിന്റെ കാതിൽ നിന്ന് അകത്തുകടന്നു. മരണം കടന്നുവന്ന കവാടത്തിലൂടെ മരണത്തെ കൊന്ന ജീവനും കടന്നുവന്നു.

165. ക്രോബകൾ വഹിക്കുന്നവനെ മറിയത്തിന്റെ കരങ്ങൾ വഹിച്ചു. ആർക്കും ഉൾക്കൊള്ളാൻ കഴിയാത്തവനെ മറിയം ഉൾക്കൊള്ളുകയും വഹിക്കുകയും ചെയ്തു. 169. അഗ്നിമയന്മാരും ആത്മമയന്മാരുമായ ഈറേന്മാർ ആരുടെ മുമ്പിൽ വിറയ്ക്കുന്നുവോ, ആ രാജാവ് ബാലികയുടെ മടിയിൽ കിടക്കുകയും അവൾ അവനെ ശിശുസമാനം മാറോടു ചേർക്കുകയും ചെയ്തു.

173. ആകാശം അവന്റെ മഹത്വത്തിന്റെ സിംഹാസനമാണ്. അവൻ മറിയത്തിന്റെ കാൽമുട്ടുകളിൽ ഇരിക്കുന്നു. ഭൂമി അവന്റെ പാദപീഠമാണ്. ഒരു ശിശുവിനെപ്പോലെ അവൻ അവളുടെമേൽ ഇഴയുന്നു.177. ധരയുടെ അളവ് അവന്റെ കൈക്കുമ്പിളിൽ ഒതുങ്ങും. എന്നാൽ ബാലനെപ്പോലെ അവൻ അതിന്മീതേ നടന്നു. 179. തനിക്ക് നഷ്ടപ്പെട്ട മഹത്വം അവന്റെ ജനനത്തിലൂടെ വീണ്ടും കണ്ടെത്തിയ ആദത്തിനു ഭാഗ്യം!

181. കുശവന് കളിമണ്ണ് എപ്പോഴെങ്കിലും വസ്ത്രമായത് ആരെങ്കിലും കണ്ടിട്ടുണ്ടോ? അഗ്നി പിള്ളക്കച്ചകളിൽ ചുറ്റപ്പെട്ടിരിക്കുന്നത് ആരെങ്കിലും

എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? 185. ആദത്തെപ്രതി ദൈവം ഇവയ്ക്കെല്ലാം വേണ്ടി തന്നെത്തന്നെ താഴ്ത്തി. കൊലപാതകിയായ ദുഷ്ടന്റെ ഉപദേശ പ്രകാരം കൽപ്പന ലംഘിക്കുകയും അതിൽ നിന്ന് സ്വയം ഒഴിവാകുകയും ചെയ്ത തന്റെ സൃഷ്ടിയെപ്രതി ദൈവം തന്നെത്തന്നെ വിനീതനാക്കി. നമ്മെ ഉയർത്താൻ ആ നിയമദാതാവ് തന്നെത്തന്നെ വിനീതനാക്കി.

193. രോഗഗ്രസ്തമായ ലോകം, സൃഷ്ടിയിൽ പ്രത്യക്ഷപ്പെട്ട വൈദ്യ നിലൂടെ സുഖമാകാനായി, ഭൗമികരുടെ പക്കലേക്ക് താണിറങ്ങിവന്ന സ്വർഗീ യ കാരുണ്യത്തിനു സ്തുതി. 197. എല്ലാ സമയത്തും എല്ലാ നാഴികയിലും അനന്തമായി എന്നുമെന്നേക്കും അവനും അവനെ അയച്ച പിതാവിനും സ്തുതി; പരിശുദ്ധാത്മാവിന് കീർത്തനം.

ദൈവജനനിയെപ്പറ്റി ഭാഗ്യവാനായ മാർ അപ്രേം മൽപ്പാൻ പറഞ്ഞ മെമ്രാ അവസാനിച്ചു.*

O

## Bibliography


Edmund Beck, Des heiligen Ephraem des Syrers Sermones-II (csco 311-312/Syr. 134-135), Louvain, 1970;

___________, Des heiligen Ephraem des Syrers Sermones-III (csco 320-321/Syr. 138-139), Louvain, 1972;

___________, Des heiligen Ephraem des Syrers Sermones-IV (csco 334-335/ Syr. 148-149), Louvain,1973.

*___________, Nachtraege zu Ephraem Syrus, (csco 363-364/Syr.159-160), Louvain, 1975, p. 20-42/26-55. (Two Sermons on the Blessed Virgin Mary)




## മാർ അപ്രേമിന്റെ മലയാളത്തിലുള്ള കൃതികൾ

1. ജി. ചേടിയത്ത്, *പറുദീസാഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 118. (OIRSI-249).

2. ............., *കന്യാത്വഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 220. (OIRSI -250).

3. ............., *മനുഷ്യാവതാരഗീതങ്ങൾ*, കോട്ടയം, 2001, പേജ്,168. (OIRSI -251).

4. ............., *ഉൽപ്പത്തിഭാഷ്യം*, കോട്ടയം, 2001, പേജ്, 278. (*ഉൽപ്പത്തിഭാഷ്യം*, പേജ് 11-161; *പുബ്ലിയൂസിനുള്ള കത്ത്*, പേജ്, 162-177; *നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രസംഗം*, പേജ്, 178-241; *ജൂലിയനെതിരെയുള്ള ഗീതങ്ങൾ*, പേജ്, 242-278.) (OIRSI-257).

5. ............., സുവിശേഷഭാഷ്യം (ദിയാതെസ്സറോൺ ഭാഷ്യം), കോട്ടയം,2002, പേജ്, 358 (OIRSI-263).

6. ............., *വിശ്വാസഗീതങ്ങൾ*, കോട്ടയം, 2008, പേജ്,264 (*വിശ്വാസഗീതങ്ങൾ*, പേജ്, 1-205; *വിശ്വാസത്തെപ്പറ്റിയുള്ള പ്രസംഗങ്ങൾ അഥവാ മെമ്രാകൾ*, പേജ് 206-255) (OIRSI-301).

7. ............., *നിസിബിയൻ ഗീതങ്ങൾ*, കോട്ടയം, 2009, പേജ് 232, (OIRSI-309).

8. ............., *സഭാഗീതങ്ങൾ*, കോട്ടയം, 2009, പേജ് 124, (OIRSI-310).

9. ............., *പെസഹാഗീതങ്ങൾ*, കോട്ടയം, 2009, പേജ് 96 (OIRSI-312).

10 ............., *ഉപവാസഗീതങ്ങൾ*, കോട്ടയം, 2009, പേജ് 160 (OIRSI-318).

11. ............., *പ്രസംഗങ്ങൾ (മെമ്രാകൾ), -വാല്യം 1.*, കോട്ടയം, 2010, പേജ് 124, (OIRSI-326).

12. ............., *പ്രസംഗങ്ങൾ, വാല്യം 2.*, കോട്ടയം, 2011, പേജ് 256, (OIRSI-336).

---

Manager, OIRSI Publication, P.B. No.10
Vadavathoor, Kottayam - 686 010

## OIRSI PUBLICATIONS - RECENT BOOKS

317. **Paul Kalluveettil,** *രഹസ്യവും ദാനവും*, 2009, pp. 660, Rs. 350.
318. **G. Chediath**, *മാർ അപ്രേം - ഉപവാസഗീതങ്ങൾ*, 2009, pp. 160, Rs. 75.
319 **G. Chediath**, *സാക്ഷികളുടെ നിര*, 2009, pp. 108, Rs. 50.
320. **Sebastian Chalakkal**, *Resurrection Appearances in Contemporary Christology*, 2009, pp 158, 2009, Rs. 100.
321. **Jacob Kattackal**, *ആഭ്യന്തരഹർമ്യം*, 2009, pp. 96, Rs. 35.
322. **Jacob Kattackal**, *ബൈബിളിലെ നവരസങ്ങൾ.*
323. **S. Kanniyakonil**, *വിവാഹം: ധാർമ്മിക ദൈവശാസ്ത്ര വിചിന്തനങ്ങൾ,* 2010 pp. 220, Rs. 100.
324. **A. Mekkattukunnel** (ed.), *Lamb of God*, 2010, pp .352, Rs. 160. Euro 10
325. **A. Mekkattukunnel**, *ഐക്കൺ*, 2010, pp.168, Rs. 100.
326 **G. Chediath**, *മാർ അപ്രേം-പ്രസംഗങ്ങൾ* (വാല്യം 1), 2010, pp.124, Rs.70.
327 **G. Chediath**, *വി. ഗ്രിഗറി നീസ്സാ-മോശയുടെ ജീവചരിത്രം,* 2010, pp.116, Rs.60.
328 **J. Kattackal**, *St. Sebastian*, 2010, (in print)
329 **J. Puthenveettil** (eds), *പൗരോഹിത്യം: ഉറവിടങ്ങൾ, യാഥാർത്ഥ്യങ്ങൾ, പ്രതീക്ഷകൾ,* 2010, pp.348, Rs.120.
330 **A. Mekkattukunnel,** *എന്റെ ചിറകിൻ കീഴിൽ,* 2010, pp. 2006, Rs. 100.
331. **Dr. Paul Pallath**, *The Catholic Church in India*, 2010, pp. 284, Rs. 100.
332. **Dr. Pauly Maniyattu** (ed.), *മതവും ശാസ്ത്രവും: സത്യത്തിലേക്കുള്ള തീർത്ഥാടനങ്ങൾ*, 2010, pp.246, Rs. 125.
333. **Dr. George Mangatt,** *സുവിശേഷഭാഷ്യം*, 2010, pp. 930, Rs 450.
334. **Dr. Paul Vallarackal,** *Sarvodaya: A Gandhian Vision for the Kingdom of God,* pp. 207, Rs. 170.
335. **Fr. Varghese Kodickal,** *പരിശുദ്ധ ത്രിത്വത്തിലും തിരുകുടുംബത്തിലും. സമഗ്ര ആദ്ധ്യാത്മികത: ഒരു പഠനം*, pp. 384, Rs. 160.
336 **G. Chediath**, *മാർ അപ്രേം-പ്രസംഗങ്ങൾ* (വാല്യം 2), 2011, pp.256, Rs.100.

Manager, OIRSI Publication, P.B. No.10
Vadavathoor, Kottayam - 686 010